# മലയാളപ്പച്ച

## malayala pachcha

റിസേർച്ച് ജേണൽ: ഭാഷ, സാഹിത്യം, സംസ്കാരം

8-ാം ലക്കം



# ഭാഷാശാസ്ത്രം: വഴികളും നോട്ടങ്ങളും


പ്രസാധനം

**മലയാളവിഭാഗം**

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്

2019

# ഭാഷാശാസ്ത്രം:
## വഴികളും നോട്ടങ്ങളും

**മലയാളവിഭാഗം**

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്

പുല്ലൂറ്റ്, കൊടുങ്ങല്ലൂർ

2019

malayala pachcha

Research Journal of language literature and culture

Published in India By

The Head of the Post Graduate Department of Malayalam,

KKTM Govt. College,

Pullut P.O., Thrissur District, Kerala, India. PIN 680663

email: kktmgovtcollegemalayalamdept@gmail.com

Published in February, 2019

ISSN: 2454-292X

RNI No. KDIS3475/16

Typeset using Unicode Malayalam Fonts (smc.org.in)

Cover & book design: Ashokkumar P K

Price:₹250/-

You are free to:
Share — copy and redistribute the material in any medium or format
Adapt — remix, transform, and build upon the material
for any purpose, even commercially.

The licensor cannot revoke these freedoms as long as you follow the license terms.

Under the following terms:

Attribution — You must give appropriate credit, provide a link to the license, and indicate if changes were made. You may do so in any reasonable manner, but not in any way that suggests the licensor endorses you or your use.

No additional restrictions — You may not apply legal terms or technological measures that legally restrict others from doing anything the license permits.

Notices:
You do not have to comply with the license for elements of the material in the public domain or where your use is permitted by an applicable exception or limitation.

No warranties are given. The license may not give you all of the permissions necessary for your intended use.

*Advisory Board*

Dr. P. Pavithran
Professor,
Sree Sankaracharya Sanskrit University, Tirur Centre.

Dr. Sunil P. Elayidam
Associate Professor,
Sree Sankaracharya Sanskrit University, Kaladi.

Dr. P.K. Rajasekharan
Writer,Thiruvananthapuram.

*Managing Editor:*

H.O.D., Department of Malayalam.

*Chief Editor:*

Muhamed Basheer K.K.,
Asst. Professor, Dept. of Malayalam.

*Issue Editor & Internal Reviewer:*

Dr.G.Ushakumari
Asst. Professor, KKTM Govt. College, Pullut.

*Editorial Board:*

Dr. B. Parvathy, H.O.D
Dr. Deepa B.S
Dhanya S.Panikkar
Dr. Saritha K.R.
Dhanya E.J.
Lakshmi S.
Dr.Sangeetha K

*External Review*

Dr.P.Sreekumar,
*Asst. Professor*
*Draveedian University, Kuppam*

## മലയാളപ്പച്ച

റിസേർച്ച് ജേർണൽ

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ് മലയാളവിഭാഗം
2015 ഓഗസ്റ്റ് മുതൽ പ്രസിദ്ധീകരിക്കുന്ന
അർദ്ധവാർഷിക റിസേർച്ച് ജേർണലാണ് മലയാളപ്പച്ച. പകർപ്പവകാശം സ്വതന്ത്രമാക്കിയ മലയാളത്തിലെ ആദ്യത്തെ റിസേർച്ച് ജേർണൽ എന്ന ബഹുമതി ഇതിനുണ്ട്.

തനതുമലയാളലിപിയിൽ, യൂനികോഡ് സങ്കേതത്തിൽ, പൂർണ്ണമായി അച്ചടിക്കുന്നതും ഓഗസ്റ്റ്-ഫെബ്രുവരി മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്നതുമായ ഈ ജേർണലിന്റെ ഉള്ളടക്കം ഭാഷ, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിലെ പുതിയ അന്വേഷണങ്ങളാണ്.

മലയാളപ്പച്ചയിൽ പ്രസിദ്ധീകരിക്കാനാഗ്രഹിക്കുന്ന പ്രബന്ധങ്ങൾ malayalapachcha@gmail.com എന്ന വിലാസത്തിലേയ്ക്ക് word format-ൽ ഇരുപതു പുറത്തിൽ കവിയാതെ തയ്യാറാക്കി അയക്കുക.
റഫറൻസുകൾക്കും പിൻകുറിപ്പുകൾക്കും
MLA സ്റ്റൈൽ സ്വീകരിക്കേണ്ടതാണ്.

# ആമുഖം

മലയാളപ്പച്ച എട്ടാം ലക്കം ഭാഷാശാസ്ത്രവുമായി ബന്ധപ്പെട്ട 17 പ്രബന്ധങ്ങളുടെ സമാഹാരമാണ്. മലയാളവിഭാഗം 2018 നവംബർ 1,2 തീയതികളിലായി നടത്തിയ ഭാഷാശാസ്ത്രം: വഴികളും നോട്ടങ്ങളും എന്ന ദേശീയസെമിനാറിൽ അവതരിപ്പിക്കപ്പെട്ട ഇരുപതോളം പ്രബന്ധങ്ങളിൽ നിന്നും പിയർ റിവ്യൂ നടത്തി തെരഞ്ഞെടുത്തവയാണ് ഇവയിലേറെയും. കൂടാതെ വിദഗ്ധരിൽ നിന്നും സ്വീകരിച്ച ചില പ്രബന്ധങ്ങളും കൂട്ടിച്ചേർത്തിട്ടുണ്ട്. ഈ ലക്കം പിയർ റിവ്യൂ നടത്തുകയും, വേണ്ട നിർദ്ദേശങ്ങൾ തന്ന് പ്രബന്ധങ്ങൾ പരിഷ്കരിക്കുകയും അത് വിശദവും സുതാര്യവുമായ റിപ്പോർട്ടിലൂടെ വെളിപ്പെടുത്തുകയും ചെയ്തത് കുപ്പം ദ്രാവിഡ സർവകലാശാലയിലെ ഭാഷാശാസ്ത്രവിഭാഗം പ്രൊഫസർ ഡോ. പി. ശ്രീകുമാർ ആണ്. അദ്ദേഹത്തോട് അങ്ങേയറ്റത്തെ നന്ദിയും സ്നേഹവും അറിയിക്കുന്നു. ഭാഷാശാസ്ത്രത്തിന്റെ ഉള്ളടക്കത്തിൽ നിന്നുകൊണ്ട് വിവിധ സമീപനങ്ങളെയും വിശകലനമാതൃകകളെയും പരിചയപ്പെടുത്തി പുതിയ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പ്രചോദകമാകുന്ന മട്ടിൽ അവതരിപ്പിക്കുകയാണ് ഈ ജേണലിന്റെ ഉദ്ദേശ്യം. പഠനങ്ങൾ സമയബന്ധിതമായി എഴുതി അയച്ചു തന്ന എല്ലാ ലേഖകരോടുമുള്ള സ്നേഹാദരങ്ങൾ അറിയിക്കുന്നു. പ്രബന്ധങ്ങൾ പ്രൂഫ് തിരുത്താനും ക്രമീകരിക്കാനും സഹായസഹകരണങ്ങൾ നൽകിയ സഹപ്രവർത്തകരോടും വിദ്യാർത്ഥികളോടും അകൈതവമായ നന്ദി. ഭാഷാപഠിതാക്കൾക്ക് പ്രയോജനപ്പെടുമെന്ന പ്രതീക്ഷയോടെ ഈ ലക്കം കൂടുതൽ വായനക്കും വിശകലനത്തിനുമായി സമർപ്പിക്കുന്നു.

ഡോ. ജി. ഉഷാകുമാരി
*ഇഷ്യൂ എഡിറ്റർ*

# ഉള്ളടക്കം

ഭാഷാശാസ്ത്രം : പുതിയ പരിപ്രേക്ഷ്യങ്ങൾ
ഡോ. സി. രാജേന്ദ്രൻ 11

സംസാരിക്കുന്ന ജീവിവംശം
ഡോ. ടി.ബി.വേണുഗോപാലപ്പണിക്കർ 20

Chomsky's Universal Grammar
Dr. K.N. Anandan 33

അർത്ഥത്തിന്റെ 'മേൽ'നോട്ടം:ധൈഷണിക അർത്ഥവിചാരം
ഡോ.പി.എം. ഗിരീഷ് 42

ഭാഷാശാസ്ത്രം വ്യാകരണത്തെ നോക്കുമ്പോൾ
ഡോ. സി.ജെ. ജോർജ്ജ് 52

ഭാഷാവിജ്ഞാനവും വായനയുടെ വൈവിധ്യവും
ലകാനിയൻ സമീപനം
ഡോ. സെബാസ്റ്റ്യൻ വട്ടമറ്റം 67

മാപ്പിള സ്ത്രീസ്വത്വനിർമിതിയും ഭാഷാമനോഭാവവും
ഡോ. ജമീൽ അഹമ്മദ് 84

ഭാഷയുടെ ശ്രീകോവിലും ചവറ്റുകുട്ടയും
ഡോ. ജോസഫ് സ്കറിയ 99

ഭാഷാലിംഗാവബോധം—വ്യവഹാരാപഗ്രഥനം
ഡോ. സീമാ ജെറോം 109

ഭരതനാട്യത്തിലെ ഹസ്താഭിനയവും ധൈഷണികതയും: ഒരാമുഖം
മീനാക്ഷി എസ്. 119

കേരളപാണിനീയവും പ്രയോഗവിജ്ഞാനവും
അൻവർ അലി എൻ. 139

പ്രയോഗവിജ്ഞാനം: സിദ്ധാന്തവും പ്രയോഗവും
ഡോ. സുമി ജോയി ഒലിയപ്പുറം 151

സാഹിത്യവും സങ്കല്പനവും:ധൈഷണികഭാഷാശാസ്ത്ര അപഗ്രഥനം
ശരത് ചന്ദ്രൻ 179

പ്രകാരപ്രത്യയങ്ങളുടെ പ്രയോഗവും പ്രകരണവും ബഷീർ കൃതികളിൽ
വിഷ്ണുപ്രസാദ് സി.ബി. 187

പാരിമാണികങ്ങളുടെ വ്യാപ്തി—ഒരു വാക്യഘടനാ വിശകലനം.
ഡോ. സൗമ്യ പി.എൻ. 211

രാഷ്ട്രാന്തരീയ പരിസരങ്ങളിലെ ഭാഷാസംഘർഷങ്ങളും സാഹിത്യവും
സുചേത് പി.ആർ. 220

ചെട്ടികളുടെ അധിവാസസ്ഥാനങ്ങൾ സ്ഥലനാമങ്ങളിൽ
കലാചന്ദ്രൻ 234

*മലയാളപ്പച്ചയിൽ പ്രസിദ്ധീകരിക്കുന്ന പ്രബന്ധങ്ങളുടെ*
*പൂർണ ഉത്തരവാദിത്തം അതതു ലേഖകരിൽമാത്രം നിക്ഷിപ്തമാണ്*

# ഭാഷാശാസ്ത്രം: പുതിയ പരിപ്രേക്ഷ്യങ്ങൾ

ഡോ. സി. രാജേന്ദ്രൻ,
നിരൂപകൻ

മനുഷ്യഭാഷ എന്ന അദ്ഭുതം എല്ലാ അഗാധമാനങ്ങളോടും കൂടി നോക്കിക്കാണാൻ പലപ്പോഴും നമുക്കു സാധിക്കാതെ പോവുന്നു. അതിപരിചയം സൃഷ്ടിക്കുന്ന അവജ്ഞയായിരിക്കണം അതിനു മുഖ്യകാരണം. ഭാഷയെ ഭൗതികശാസ്ത്രപരവും ചരിത്രപരവും മനശ്ശാസ്ത്രപരവും സാമൂഹികവും ധൈഷണികവും സാംസ്കാരികവും സർഗാത്മകവും ഒക്കെയായ മാനങ്ങളിലൂടെ മനസ്സിലാക്കാൻ നാം നിത്യജീവിതത്തിൽ അങ്ങനെ മിനക്കെടാറില്ല. സൗകര്യപൂർവം എടുത്തുപയോഗിക്കാവുന്ന ഒരു ആശയവിനിമയോപാധി എന്ന സാമാന്യബോധത്തിൽക്കവിഞ്ഞ ഒരു പ്രാധാന്യവും നാം ഭാഷക്കു പലപ്പോഴും നല്കാറില്ല. എന്നാൽ ആലോചിക്കുംതോറും സമഷ്ടിചേതനയുടെ സർഗാത്മകതയുടെ പ്രതിഫലനമെന്ന നിലക്കും വിഭവസമൃദ്ധികൊണ്ടും ചരിത്രം അവശേഷിപ്പിച്ചുപോയ സാംസ്കാരികമുദ്രകൾ കൊണ്ടുമെല്ലാം ഭാഷ നമ്മെ അദ്ഭുതപ്പെടുത്താതിരിക്കില്ല. ഭാഷയെ ശാസ്ത്രീയതയോടെ അപഗ്രഥിക്കുന്ന ഭാഷാശാസ്ത്രം നമ്മെ അതിന്റെ സങ്കീർണതകളെ മനസ്സിലാക്കാനും അതിന്റെ വിഭവങ്ങളെ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്താനും സഹായിക്കുന്നു.

സംസ്കൃതഭാഷയ്ക്ക് തന്റെ നാലായിരത്തോളംവരുന്ന സൂത്രങ്ങളെക്കൊണ്ടു ഒരു സമഗ്രമായ വിവരണാത്മകവ്യാകരണം നല്കിയ പാണിനിയെ ഇന്നു ഭാഷാശാസ്ത്രജ്ഞന്മാർ ഭാഷാശാസ്ത്രത്തിന്റെ തന്നെ ഉപജ്ഞാതാവായി പലപ്പോഴും പരിഗണിക്കാറുണ്ട്. പാണിനിയുടെ വ്യാകരണം കേവലം വിവരണാത്മകം മാത്രമല്ല. അതിൽ ഘടനാത്മകവും പ്രജനനാത്മകവും സാമൂഹികഭാഷാശാസ്ത്രാത്മകവും ചരിത്രപരവുമായ തലങ്ങൾ ഉൾച്ചേർന്നിരിക്കുന്നുവെന്ന വസ്തുത ഇന്നു പലപഠനങ്ങളിൽനിന്നും മനസ്സിലാക്കാം. പ്രാചീനഭാരതത്തിൽ വൈദികവാങ്മയത്തെ പരിരക്ഷിക്കാനുള്ള

സന്നാഹങ്ങളിൽ ശിക്ഷ, പ്രാതിശാഖ്യങ്ങൾ എന്നീ ശബ്ദശാസ്ത്രപഠനോപാധികൾ ഉൾപ്പെട്ടിരുന്നതു നിമിത്തം ശബ്ദശാസ്ത്രത്തിൽ അന്നേ ഇന്ത്യ മുൻപന്തിയിലായിരുന്നു; ആധുനികസ്വനവിജ്ഞാനത്തിനു ഊർജമേകിയത് പാശ്ചാത്യരുടെ സംസ്കൃതപഠനമാണ്. വേദാർഥനിർണയത്തിനു വേണ്ടി ഉണ്ടായ നിരുക്തവും ആധുനികഭാഷാശാസ്ത്രത്തിന്റെ വളർച്ചയെ സഹായിച്ചിട്ടുണ്ടെന്നു വേണം പറയാൻ. പാണിനി, കാത്യായനൻ, പതഞ്ജലി, ഭർതൃഹരി തുടങ്ങിയ ചിന്തകർ ഇന്ത്യയിലെ ഭാഷാപഠനത്തെ പുഷ്കലമാക്കിയ കാലത്തുതന്നെ ഗ്രീക്കുചിന്തകന്മാരും ഭാഷയെ ദാർശനികമായി സമീപിച്ചിരുന്നുവെന്നു ചരിത്രം പറയുന്നു.

കേവലം ഔപചാരികമായ ഭാഷാവ്യാകരണപഠനത്തിൽ മാത്രം ഒതുങ്ങിനിന്ന ഭാഷാശാസ്ത്രത്തെ ചരിത്രപരവും താരതമ്യാത്മകവുമായ തലങ്ങളിലേക്കുയർത്താൻ പ്രേരകമായത് ആധുനികയുഗത്തിൽ പാശ്ചാത്യരുടെ സംസ്കൃതഭാഷയെ കണ്ടെത്തലാണ്. സംസ്കൃതവും യൂറോപ്യൻ ഭാഷകളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു പതിനാലാം നൂറ്റാണ്ടുമുതൽക്കുതന്നെ പല പണ്ഡിതന്മാരും സൂചനകൾ നൽകിയിരുന്നുവെങ്കിലും 1786 ൽ സർ വില്ല്യം ജോൺസ് കൽക്കത്തയിൽ ചെയ്തു സുപ്രസിദ്ധമായ പ്രഭാഷണത്തിലൂടെയാണു ലോകം സംസ്കൃതത്തെ ഇന്തോ യൂറോപ്യൻ ഭാഷകളിലൊന്നായി തിരിച്ചറിഞ്ഞതും തുടർന്നു താരതമ്യഭാഷാശാസ്ത്രമെന്ന ഒരു പഠനമേഖല രൂപം കൊണ്ടതും. താരതമ്യഭാഷാശാസ്ത്രത്തിലൂടെയാണു പ്രാചീനഭാഷാഗോത്രങ്ങളിലൊന്നായ ഇന്തോ യൂറോപ്യൻ മൂലഭാഷയുടെ സവിശേഷതകളും ചരിത്രപരമായ പരിണാമങ്ങളുമെല്ലാം ശാസ്ത്രീയപഠനത്തിനു വിധേയമായത്. താരതമ്യഭാഷാശാസ്ത്രത്തിന്റെ ഉൾക്കാഴ്ചകളുപയോഗപ്പെടുത്തിയാണ് ബിഷപ്പ് കാൾഡ്‌വെല്ലിനെപ്പോലെയുള്ള പണ്ഡിതന്മാർ ദ്രാവിഡഭാഷാഗോത്രത്തിന്റെ വംശാവലി തിട്ടപ്പെടുത്തിയത്. മലയാളം സംസ്കൃതത്തിൽനിന്നുണ്ടായതാണെന്ന ധാരണതിരുത്തപ്പെടുന്നതും അതിന്റെ ദ്രാവിഡഗോത്രബന്ധം തിരിച്ചറിയപ്പെടുന്നതും ഇക്കാലത്താണ്. കൂട്ടത്തിൽ ഭാഷാഗോത്രസങ്കല്പം ഒട്ടേറെ തെറ്റിദ്ധാരണകൾക്കും വളംവെച്ചുകൊടുത്തു. ഭാഷാഗോത്രവും വംശഗോത്രവും ഒന്നുതന്നെയാണെന്ന തെറ്റിദ്ധാരണ ആര്യവംശത്തെക്കുറിച്ചുള്ള തെറ്റായ ധാരണകൾക്കും പിൽക്കാലത്തു ഹിറ്റ്‌ലറെപ്പോലുള്ള സ്വേച്ഛാധിപതികളുടെ നേതൃത്വത്തിൽ നടന്ന വംശഹത്യകൾ ക്കും വഴിയൊരുക്കിയതും ചരിത്രത്തിലെ ദുരന്തങ്ങളാണ്. ദ്രാവിഡഗോത്രത്തെ സംബന്ധിച്ച സങ്കല്പങ്ങൾ ദക്ഷിണേന്ത്യയിൽ ഭാഷാചരിത്രത്തെക്കുറിച്ചു വികലമായ ധാരണകൾ സൃഷ്ടിക്കുക മാത്രമല്ല, രാഷ്ട്രീയാവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുകയും ചെയ്തു. താരതമ്യഭാഷാശാസ്ത്രം

കരുതിയിരുന്നതുപോലെ ഭാഷയുടെ എല്ലാഘടനകളെയും മൂലഭാഷയിൽ നിന്നുതന്നെ നിർധാരണം ചെയ്യാൻ ശ്രമിക്കുന്നത് അശാസ്ത്രീയമാണെന്നും വിഭിന്നഭാഷാഗോത്രങ്ങളിൽപെടുന്ന കന്നടം, മറാത്തി പോലുള്ള ഭാഷകൾ പോലും പരസ്പരസംസർഗത്തിലൂടെ പരിണാമവിധേയമാകുമെന്നും ഇന്ന് എല്ലാ ഭാഷാശാസ്ത്രജ്ഞന്മാരും അംഗീകരിക്കുന്നു

ഭാഷാശാസ്ത്രത്തിനു സമൂലമായ പരിവർത്തനം ഉണ്ടായതു ഫെർഡിനാന്റ് ഡി സൊസ്സ്യൂറിന്റെ ഘടനാവാദത്തോടുകൂടിയാണ്. ഭാഷാപഠനത്തിനു ചരിത്രാധിഷ്ഠിതസമീപനം പോരെന്നും ഏകകാലികവും ഘടനാത്മകവുമായ കാഴ്ചപ്പാടിലൂടെ മാത്രമേ ഭാഷയുടെ അന്തർലീനവ്യവസ്ഥയെ സമഗ്രമായി മനസ്സിലാക്കാനാവുള്ളൂവെന്നും സിദ്ധാന്തിച്ച സൊസ്സ്യൂർ ഭാഷയെന്ന വ്യവസ്ഥയെ ഭാഷണങ്ങളിൽനിന്നു വ്യാവർത്തിച്ചു പഠിക്കാൻ നിഷ്കർഷിച്ചു. ഭാഷ ചിഹ്നാത്മകമാണെന്നും ഓരോ ചിഹ്നത്തിലും സൂചകം, സൂചിതം എന്നീ രണ്ടംശങ്ങളുണ്ടെന്നും സിദ്ധാന്തിച്ച സൊസ്സ്യൂർ സൂചകസൂചിതങ്ങൾക്കു തമ്മിൽ തികച്ചും സാങ്കേതികമായ ബന്ധം മാത്രമേയുള്ളുവെന്നു ചൂണ്ടിക്കാട്ടി. സൊസ്സ്യൂറിന്റെ ഘടനാത്മകവ്യാകരണത്തിൽ സ്വനം, പദം തുടങ്ങിയ ഏകകങ്ങളെല്ലാം സംയോജിക്കപ്പെടുന്നത് നിയമങ്ങൾക്കു വിധേയമായാണ്. അതാണ് ഒരു ഭാഷയിൽ അനുവദനീയമായ സ്വനച്ചേരുവ മറ്റൊരു ഭാഷയിൽ കാണാത്തത്. ഘടനാത്മകഭാഷാശാസ്ത്രത്തിൽ വാക്യങ്ങളെ നാമപദസംഹിത, ക്രിയാപദസംഹിത തുടങ്ങിയ ശ്രേണികളിലും നാമവിശേഷണം, നാമം തുടങ്ങിയ ഉപശ്രേണികളിലുമായി വിഭജിച്ച് ഒരു വൃക്ഷത്തിന്റെ മാതൃകയിൽ പ്രതിനിധാനം ചെയ്യുന്നു. വിവരണാത്മകഭാഷാശാസ്ത്രത്തിന്റെ ശക്തനായ വക്താവായി അറിയപ്പെടുന്ന ലിയണർഡ് ബ്ലൂംഫീൽഡ് സൊസ്സ്യൂറിനെക്കാൾ ചരിത്രപരത പുലർത്തിക്കൊണ്ടു ഭാഷയെ സമീപിച്ചുവെങ്കിലും അടിസ്ഥാനപരമായി അദ്ദേഹത്തിന്റെ സമീപനവും ഭാഷയുടെ അടിസ്ഥാനഘടകങ്ങളെ വിവരിക്കുകയും വർഗീകരിക്കുകയും ചെയ്യുകയെന്ന നിലക്കു ഘടനാവാദപരം തന്നെയായിരുന്നു.

അർത്ഥനിരപേക്ഷമായിത്തന്നെ ഭാഷയെ കേവലചിഹ്നങ്ങളുടെ പരിപ്രേക്ഷ്യത്തിൽനിന്നു നോക്കിക്കാണാനാവുമെന്ന ഘടനാവാദത്തിന്റെ അവകാശവാദങ്ങളെ ചോദ്യം ചെയ്ത നോം ചോംസ്കി തന്റെ പ്രജനകവ്യാകരണത്തിലൂടെ അർഥത്തെയും മനുഷ്യന്റെ സർഗാത്മകതയെയും ഭാഷാശാസ്ത്രത്തിലൂടെ തിരിച്ചുപിടിക്കാനാണു ശ്രമിച്ചത്. വസന്തമാസത്തിൽ പാടാൻ കുയിലുകൾക്കുണ്ടാവുന്ന നൈസർഗികപ്രേരണപോലെയുള്ള ഒരു പ്രതിഭാവിശേഷംകൊണ്ടാണ് മനുഷ്യൻ ഭാഷ ഉപയോഗിക്കുന്നതെന്ന

ഭർതൃഹരിയുടെ സിദ്ധാന്തത്തെ അനുസ്മരിപ്പിക്കുമാറ് ഭാഷാശേഷി മനുഷ്യമസ്തിഷ്കത്തിനുള്ള ഒരു നൈസർഗികസിദ്ധിയാണെന്ന ചോംസ്കി വാദിക്കുന്നു. ഭാഷാശേഷി മനുഷ്യന്റെ പരിണാമപ്രക്രിയയിലൂടെ ലഭിച്ച ഒരു സിദ്ധിവിശേഷമാണെന്നും അതു ജനിതകവ്യവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും ചോംസ്കി കരുതുന്നു.കാത്യായനനും പതഞ്ജലിയും മറ്റും ഭാഷാജ്ഞാനത്തെ പ്രയോഗവുമായി വ്യാവർത്തിപ്പിക്കുന്നതുപോലെ ചോംസ്കിയും ഭാഷാശേഷിയെ ഭാഷാപ്രയോഗത്തിൽനിന്നു വേർതിരിച്ചു. ലോകത്തിലെ എല്ലാഭാഷകൾക്കും പൊതുവായൊരു സാർവലൗകിക വ്യാകരണമുണ്ടെന്നും ചോംസ്കി സിദ്ധാന്തിച്ചു. വാക്യാപഗ്രഥനത്തിൽ ഘടനാവാദത്തെ ബഹുദൂരം പിന്നിലാക്കുന്ന അദ്ദേഹം വാക്യങ്ങളുടെ ഉപരിതലഘടന ഗഹനഘടനയുടെ ഒരു സ്വനിമരൂപാന്തരമാണെന്നും അടിത്തട്ടിൽനിന്നു മുകളിലേക്കുള്ള പരാവർത്തനം നടക്കുന്നത് രൂപാന്തരണനിയമങ്ങളിലൂടെയാണെന്നും സമർഥിച്ചു.. ഭാഷാപ്രയോഗത്തിനെ നിർണയിക്കുന്ന സാമൂഹികഘടകങ്ങളെയെല്ലാം മൊത്തത്തിൽ ഭാഷേതരസവിശേഷതകളായിക്കാണുന്ന അദ്ദേഹം സാമൂഹികഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രത്തോട് വലിയ ആഭിമുഖ്യം കാണിക്കുന്നില്ല. എന്നാൽ ഭാഷയുടെ ഘടനയിലെ എല്ലാ അംശങ്ങളെയും ഉൾക്കൊള്ളുന്ന ഒരു സമഗ്രവ്യാകരണം എന്ന സങ്കല്പത്തിൽനിന്ന് അദ്ദേഹം തരിമ്പും പിന്നോട്ടുപോയിട്ടുമില്ല.

പ്രജനകവ്യാകരണം വകഞ്ഞുമാറ്റുന്ന ഭാഷേതരസവിശേഷതകളെയാണ സാമൂഹികഭാഷാശാസ്ത്രം സൂക്ഷ്മപഠനത്തിനെടുക്കുന്നത്. ഒരു വ്യക്തിയുടെ ഭാഷാപ്രയോഗം അയാളുടെ ശേഷിയെ മാത്രം അടിസ്ഥാനപ്പെടുത്തി നിർണയിക്കാനാവില്ലെന്നതാണ് സാമൂഹികഭാഷാശാസ്ത്രത്തിന്റെ നിലപാട്.സാമൂഹികഘടകങ്ങളായ വംശീയത, ദേശീയത, വർഗപരമായ സ്ഥാനം, ലിംഗപദവി, ,മതം, പ്രായം, വിദ്യാഭ്യാസനിലവാരം എന്നിവയെല്ലാം വ്യക്തിയുടെ ഭാഷാപ്രയോഗത്തെ സ്വാധീനിക്കുന്നുണ്ട്. ഭാഷാപ്രയോഗത്തിന്റെ ഈ പ്രധാനതലം അവഗണിച്ചുകൊണ്ടുള്ള ഏതു ഭാഷാശാസ്ത്രപഠനവും അപൂർണമായിരിക്കുമെന്ന സാമൂഹികഭാഷാശാസ്ത്രജ്ഞന്മാർ നമ്മെ ഓർമപ്പെടുത്തുന്നു. ആറു മലയാളിക്കു നൂറു മലയാളം തുടങ്ങിയ ചൊല്ലുകൾ ഭാഷാഭേദങ്ങളെയാണല്ലോ സൂചിപ്പിക്കുന്നത്. ഉപരിവർഗഭാഷയും മധ്യവർഗഭാഷയും തമ്മിലും മധ്യവർഗഭാഷയും അധ:സ്ഥിതഭാഷയും തമ്മിലുമെല്ലാം വ്യത്യാസമുണ്ട്. ചിലഭാഷകൾക്കു രാഷ്ട്രീയവും സാമൂഹികവുമായ കാരണങ്ങൾ കൊണ്ടു പ്രാമാണ്യവും മാന്യതയും ലഭിക്കും, നഷ്ടപ്പെടുകയും ചെയ്യും.മൗര്യരുടെ കാലത്തു ഏറെ സ്വീകാര്യതയുണ്ടായിരുന്ന മാഗധിയെന്ന പ്രാകൃതദേശഭാഷ

പിൽക്കാലത്തു സംസ്കൃതനാടകത്തിൽ കള്ളന്മാരുടെയും സമൂഹത്തിലെ താഴ്ന്ന ശ്രേണിയിൽ പെടുന്നവരുടെയും ഭാഷയായി മാറിയത് മൗര്യരുടെ തിരോധാനത്തിനു ശേഷമുള്ള രാഷ്ട്രീയമാറ്റങ്ങൾ കൊണ്ടാണ്. സമൂഹത്തിലെ താഴ്ന്ന ശ്രേണിയിലുള്ളവർ ഉന്നതശ്രേണിയിലെത്താൻ തങ്ങളുടെ ഭാഷയെ മാനകഭാഷയോട് അടുപ്പിക്കുവാൻ ശ്രമിക്കുമ്പോൾ ഉണ്ടാവുന്ന പിശകുകളും മറ്റും സാമൂഹികഭാഷാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ നമുക്കു വിശ്ലേഷണം ചെയ്യാൻ കഴിയും. ഭാഷാസംസർഗത്തിലൂടെയുണ്ടാവുന്ന മിശ്രഭാഷകളെയും മറ്റും അപഗ്രഥിക്കാനും സാമൂഹികഭാഷാശാസ്ത്രത്തിനു സാധിക്കും.

ഇന്നു മറ്റു പല ശാസ്ത്രങ്ങളെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള പുതുശാഖകൾ കൊണ്ട് ഭാഷാശാസ്ത്രം അനേകം കൈവഴികളായി തിരിഞ്ഞിട്ടുണ്ട്. നരവംശഭാഷാശാസ്ത്രം, ജ്ഞാനാത്മകഭാഷാശാസ്ത്രം, പ്രയോഗാധിഷ്ഠിതഭാഷാശാസ്ത്രം മനശ്ശാസ്ത്രാധിഷ്ഠിതഭാഷാശാസ്ത്രം, നാഡീപഠനാധിഷ്ഠിതഭാഷാശാസ്ത്രം തുടങ്ങിയവ ഇവയിൽ ചിലതു മാത്രമാണ്. അനുക്ഷണമെന്നോണം അന്തർവൈജ്ഞാനികതലങ്ങളിലേക്കു വളർന്നുവികസിക്കുന്ന ആധുനികഭാഷാശാസ്ത്രത്തിന്റെ ഒരു രൂപരേഖ തയ്യാറാക്കുന്നതിനു പോലും അനേകം പേജുകൾ ആവശ്യമായിവരും. ഭാഷയെ സാഹിത്യവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള സാഹിത്യശൈലീപഠനത്തിനു മുൻപു ഏറെ സ്വീകാര്യതയുണ്ടായിരുന്നുവെങ്കിലും ഘടനാവാദാനന്തരസാഹചര്യത്തിൽ അത്തരം പഠനങ്ങളുടെ പ്രസക്തി കുറഞ്ഞുതുടങ്ങിയിരിക്കുന്നു. ഭാഷയെ സാമാന്യബോധത്തിന്റെ ഉപരിപ്ലവമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ടു മാത്രം സമീപിച്ചാൽ പോരെന്നും അതിന്റെ സങ്കീർണതകളെ അപഗ്രഥിക്കാൻ ശാസ്ത്രീയസമീപനം ആവശ്യമാണെന്നും ഭാഷാശാസ്ത്രം നമ്മെ നിരന്തരം ഓർമിപ്പിക്കുന്നു.

ഭാഷാശാസ്ത്രത്തിനു ആഗോളാടിസ്ഥാനത്തിൽ വളരെ സ്വീകാര്യത കിട്ടിക്കൊണ്ടിരിക്കുന്ന ഇന്നത്തെ കാലത്തു പ്രാചീനഭാഷാശാസ്ത്രത്തിന്റെ ഈറ്റില്ലമെന്നു അഭിമാനം കൊള്ളുന്ന ഇന്ത്യയിൽ ഈ വിജ്ഞാനശാഖ ക്ഷയോന്മുഖമായിട്ടുണ്ടെന്നതു സങ്കടകരമാണ്. സ്തുത്യർഹമായി പ്രസിദ്ധീകരിച്ചുവന്ന ഇന്ത്യൻ ലിംഗ്വിസ്റ്റിക്സ് പോലുള്ള പല ഗവേഷണപ്രസിദ്ധീകരണങ്ങളും അന്യം നിന്നു പോയി. യൂണിവേഴ്സിറ്റികളിൽ ഭാഷാശാസ്ത്രവിഭാഗങ്ങൾ പുതിയ നിയമനങ്ങളില്ലാത്തതുകൊണ്ട് അനാഥങ്ങളായി. സ്വാതന്ത്ര്യലബ്ധിക്കു ശേഷം വികസിക്കാൻ സാഹചര്യം ലഭിച്ച പ്രാദേശികഭാഷകളുടെ സമഗ്രവികസനത്തിനു വേണ്ട ആസൂത്രണം നൽകാൻ ഭാഷാശാസ്ത്രത്തിന്റെ വിഭവങ്ങൽ ഉപയോഗപ്പെടുത്താൻ

ആരും ശ്രമിച്ചില്ല.മാതൃഭാഷയുടെയും രണ്ടാം ഭാഷയുടെയും പഠനത്തിനു ഭാഷാശാസ്ത്രത്തിനെ ഉപയോഗിക്കാനും കാര്യമായ ശ്രമമൊന്നും നടന്നില്ല. ലിംഗിസ്റ്റിക്സ് സർവേ ഓഫ് ഇന്ത്യപോലുള്ള സ്ഥാപനങ്ങളുടെയും ഊർജസ്വലത നഷ്ടപ്പെട്ടു . ഇതെല്ലാം കാരണം നമ്മുടെ ഭാഷാപഠനവും ഗവേഷണവും വലിയ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കയാണെന്നു സമ്മതിച്ചേ മതിയാവൂ.

ഭാഷാശാസ്ത്രത്തിന്റെ ഉപദർശനങ്ങളെ സ്വാംശീകരിച്ചു നമുക്കു നിർവഹിക്കാനാവുന്നതും നിർവഹിക്കേണ്ടതുമായ ചില കർത്തവ്യങ്ങളെക്കുറിച്ചു സൂചിപ്പിക്കേണ്ടതുണ്ട്.ആദ്യമായി നമുക്കു ചെയ്യാനാവുന്നത് നമ്മുടെ പരമ്പര്യത്തിൽനിന്നു ലഭിച്ച മികച്ച വ്യാകരണക്ലാസിക് ഗ്രന്ഥങ്ങളുടെ പുതിയ രീതിയിലുള്ള പാരായണവും പഠനവുമാണ് .പാണിനിയെയും പതഞ്ജലിയെയും ഭർതൃഹരിയേയും കുറിച്ചെല്ലാം ആധുനികപഠനങ്ങൾ ഉണ്ടാവുന്നുണ്ടെങ്കിലും ഭാഷാശാസ്ത്രത്തിന്റെ വീക്ഷണത്തിലുള്ള പുതിയ പാരായണങ്ങൾ താരതമ്യേന വിരളമാണ്. മാത്രമല്ല, പ്രക്രിയ വിശദമാക്കുന്ന സിദ്ധാന്തകൗമുദിപോലുള്ള ഗ്രന്ഥങ്ങൾ ഉള്ളപ്പോൾ അപ്രസക്തവിഷയങ്ങൾ ചർച്ച ചെയ്തു കാടുകേറിപ്പോകുന്ന മഹാഭാഷ്യത്തെയും വ്യാകരണത്തിന്റെ അമൂർത്തതലങ്ങളെപ്പറ്റി മാത്രം ആലോചിക്കുന്ന വാക്യപദീയത്തിന്റേയും പ്രസക്തിയെന്തെന്നു പരമ്പരാഗതരീതിയിൽ മാത്രം വ്യാകരണം അഭ്യസിക്കുന്നവർക്കു പലപ്പോഴും മനസ്സിലാകാതെ പോവുന്നു. എന്നാൽ ഫ്രിറ്റ്സ് സ്റ്റാളിനെപ്പോലുള്ള ഒരു ആധുനികഭാഷാശാസ്ത്രജ്ഞൻ പതഞ്ജലിയുടെ ഭാഷ്യത്തിൽനിന്നു എത്ര അനായാസമായാണ് ഭാഷാപഠനത്തിനെയും വ്യാകരണപഠനത്തിന്റെയും രീതിശാസ്ത്രം വായിച്ചെടുക്കുന്നതെന്നു മനസ്സിലാക്കുമ്പോളാണു നാം ആധുനികഭാഷാശാസ്ത്രത്തിന്റെ വെളിച്ചത്തിലുള്ള സാമ്പ്രദായിക വ്യാകരണപഠനത്തിന്റെ അഭിലഷണീയത തിരിച്ചറിയുന്നത്. വ്യാകരണം ഭാഷാപ്രയോഗത്തെയാണ് പിന്തുടരുന്നതെന്നും പ്രയോഗത്തെ സൃഷ്ടിക്കുന്നതു വൈയാകരണനല്ലെന്നും സാമാന്യനിയമങ്ങളെയും അപവാദനിയമങ്ങളെയും ആധാരമാക്കി ശബ്ദപ്രയോഗത്തെ വ്യാഖ്യാനിക്കാനാവുമെന്നുമുള്ള പതഞ്ജലിയുടെ പ്രസ്താവങ്ങളെ ആധുനികഭാഷാശാസ്ത്രത്തിന്റെ കാഴ്ചപ്പാടിലാണു സ്റ്റാളിനെപ്പോലുള്ള പണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നത്. മാധവ് ദേശ്പാണ്ഡെയുടെ പഠനങ്ങളിൽനിന്നു പതഞ്ജലിമഹാഭാഷ്യത്തിൽ അന്തർലീനമായ പ്രാചീനഭാരതത്തിലെ ഭാഷാസംബന്ധിയായ സാമൂഹികമായ നിലപാടുകളെയാണു നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നത്. മലയാളിക്കുവേണ്ടി എഴുതപ്പെട്ടതും ആരും കാര്യമായെടുക്കാത്തതുമായ ഒരു വിശിഷ്ടഗ്രന്ഥമാണ് ലീലാതിലകം. ഈ കൃതിയുടെ സാമൂഹികഭാഷാശാസ്ത്രപരമായ

മൂല്യങ്ങളെ കണ്ടെത്തുന്നതിന് തമിഴ്നാടിൽനിന്നുള്ള ഭാഷശാസ്ത്രപണ്ഡിതാനായ എസ്.വി. ഷണ്മുഖം വരാൻ നമുക്ക കാത്തിരിക്കേണ്ടിവന്നു. കേരളപാണിനീയത്തെയും ലഘുപാണിനീയത്തെയുമെല്ലാം ഭാഷാശാസ്ത്രദൃഷ്ട്യാ അപഗ്രഥിച്ചുകൊണ്ടുള്ള പുതിയ പഠനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണ്.മലയാളം ക്ലാസിക്കൽ ഭാഷാപദവി നേടിക്കഴിഞ്ഞുവെന്നു മേനിനടിക്കാനല്ലതെ ഇത്തരം അടിയന്തരകർത്തവ്യങ്ങളിൽ ശ്രദ്ധപതിപ്പിക്കാൻ ഒന്നും ആർക്കും സമയവും താത്പര്യവുമില്ല. ഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രമുപയോഗിച്ചുകൊണ്ട് ചെയ്തുതീർക്കേണ്ട നിരവധി കാര്യങ്ങളിൽ ഒന്ന് കേരളത്തിലെ ദേശ്യഭാഷാഭേദങ്ങളുടെ നിഘണ്ടുക്കളുടെ നിർമാണമാണ്. മലബാർ ഭാഷ, തൃശ്ശൂർ ഭാഷ, തിരുവിതാംകൂർ ഭാഷ എന്നിങ്ങനെ ഒഴുക്കൻ മട്ടിൽ ഭാഷവൈവിധ്യത്തെ നോക്കിക്കണ്ടതുകൊണ്ടോ ദേശ്യഭാഷാഭേദങ്ങളെ സിനിമാശൈലിയിൽ വികൃതമായി അനുകരിച്ചതുകൊണ്ടോ തീരുന്നതല്ല ഈ വിഷയം. മാനകഭാഷയുടെയും ഇംഗ്ലീഷിന്റെയും അതിപ്രസരത്തിൽ അനുദിനം അനേകം ദേശ്യപദങ്ങളും ശൈലികളും നമുക്ക നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഏറനാട്, കുറുമ്പ്രനാട്,വള്ളുവനാട്, വേണാട്, തുടങ്ങിയ പഴയ ദേശഭാഷായൂണിറ്റുകളെ അടിസ്ഥാനപ്പെടുത്തിയുള്ള ദേശ്യപദനിഘണ്ടുക്കളും, ദേശ്യഭാഷാതിർത്തികളുടെ അങ്കനവുമെല്ലാം നമ്മുടെ ഭാഷയുടെ വിഭവപരിരക്ഷണത്തിനും ഭാവിയിലെ ഭാഷാഗവേഷണത്തിനും അനുപേക്ഷണീയമാണ്. ഈ ദിശയിൽ വി.ഐ. സുബ്രമണ്യം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ നാം കൃതജ്ഞതയോടെ അനുസ്മരിക്കണം.കുഞ്ചുണ്ണിരാജാവിന്റെ ആചാരഭാഷാപഠനം ഒരു ശ്രദ്ധേയപഠനമേഖലക്കു തുടക്കമിട്ടുവെങ്കിലും ആ ദിശയിൽ നമുക്ക ബഹുദൂരം മുന്നോട്ടുപോവേണ്ടതുണ്ട്. ഒഫീറ ഗമിയേലിനെപ്പോലുള്ള വിദേശ ഗവേഷകർ ഭാഷാശൈലിയെക്കുറിച്ചുന്നയിക്കുന്ന മൗലികമായ സംശയങ്ങൾക്കുപോലും കൃത്യമായ ഉത്തരം നല്കാൻ നമുക്ക പലപ്പോഴും കഴിയാറില്ലെന്നതാണ് അനുഭവം. ലിപിവിന്യാസനത്തിന്റെ കാര്യത്തിലും നമ്മുടെ സംശയങ്ങൾ തീരുന്ന മട്ടല്ല.

ഭാഷാശാസ്ത്രാധിഷ്ഠിതമായ ശൈലീപഠനത്തിലും നാം വേണ്ടത്ര മുന്നോട്ടുപോയിട്ടില്ല. ഭാഷാകകൗടിലീയത്തെ ആസ്പദിച്ചുകൊണ്ടുള്ള കെ.എൻ. എഴുത്തച്ഛന്റെ പഠനത്തിനു വേണ്ടത്ര പിന്മുറക്കാർ ഉണ്ടായിട്ടില്ല. പ്രാചീനമലയാളകൃതികൾ, മണിപ്രവാളരചനകൾ എന്നിവയുടെ അപഗ്രഥനത്തിനും ആധുനികസാഹിത്യകൃതികളുടെ വിശകലനത്തിനും ഭാഷാശാസ്ത്രം ഉപയോഗിക്കാവുന്നതാണ്. ഭാഷാശുദ്ധിയിൽ നിഷ്കർഷ കാണിക്കുന്നുവെന്നു ഭാവിക്കുന്ന പല ശൈലീനിർദേശകഗ്രന്ഥങ്ങളും കേവലനിരുക്തിയെ ആധാരമാക്കി വാക്കുകളുടെ സാധുത്വം നിർണയിക്കുന്നുവെന്നു

അവകാശപ്പെടുമ്പോഴും പലപ്പോഴും വലിയപാളിച്ചകൾ സംഭവിക്കുന്നുണ്ടെന്നു വേണുഗോപാലപ്പണിക്കർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ചെലവു ശരിയെന്നും ചിലവു തെറ്റെന്നും നിരുക്തിയുടെ വെളിച്ചത്തിൽ വിധിയെഴുതുന്ന ഭാഷാപണ്ഡിതൻ അതേ നിരുക്തിയുക്തിയിൽ വിളക്കു തെറ്റാണെന്നും വെളക്കാണു ശരിയെന്നും പറയേണ്ടതല്ലേ എന്നാണ് അദ്ദേഹത്തിന്റെ ചോദ്യം[1]. ഇവിടെയെല്ലാം പിഴവുവരുന്നത് ചരിത്രപരമായ ഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രം അനുവർത്തിക്കാത്തതുകൊണ്ടാണെന്നു പറയേണ്ടതില്ലല്ലോ.

നമ്മുടെ സർവതോമുഖമായ സാംസ്കാരികാഭിവൃദ്ധിക്കു ഭാഷാപരിരക്ഷണം അനിവാര്യമാണെന്നും അതിനു ഭാഷാശാസ്ത്രപഠനം അനുപേക്ഷണീയമാണെന്നുമാണ് ഇവിടെ പറയാൻ ശ്രമിച്ചത്. നഷ്ടപ്പെട്ടുപോയ വ്യാകരണപാരമ്പര്യം വീണ്ടെടുക്കുകയും ആധുനികഭാഷാശാസ്ത്രത്തെ ഭാഷാപഠനത്തോട് ഇണക്കിച്ചേർക്കുകയും ഇന്ന് അനുപേക്ഷണീയമായിരിക്കുന്നു.ഈ മേഖലയിൽ പുതുചിന്തകൾക്ക് ഈ സെമിനാർ വഴിയൊരുക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

1 വേണുഗോപാലപ്പണിക്കർ, നോം ചോംസ്കി പേജ് 17

## Bibliography(English)


1. Balasubramanian, G.(Ed.), *Studies in Linguistics*, University of Calicut, 2006.
2. Collinge, N.E., (Ed.), *An Encyclopedia of Language*, Routledge, London1990.
3. Hockett, Charles, F., *A Course in Modern Linguistics*, Oxford and IBH Publishing Co, New Delhi 1970.
4. Kunjunni Raja, K., *Rajasudha*, Madras 1982.
5. Subramoniuam, V.I., *Dialect Survey of Malayalam*, University of Kerala 1974.
6. Verma, S.K. and N. Krishnaswamy, *Modern Linguistics an Introduction*, Oxford University Press, Delhi1994.
7. Wardhaugh, Ronald, *An Introduction to Sociolinguistics*, Basil Blackwell, 1990.

മലയാളം

1. വേണുഗോപാലപ്പണിക്കർ, *നോം ചോംസ്കി,* വിശ്വദർശനപ്രസിദ്ധീകരണം, തൃശ്ശൂർ,1987.
2. വേണുഗോപാലപ്പണിക്കർ, *ഭാഷാർത്ഥം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000
3. ഗുപ്തൻ നായർ, എസ്., (സമ്പാ.) *ഡോ.ഗോദവർമയുടെ പ്രബന്ധങ്ങൾ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997
4. രാജേന്ദ്രൻ.സി., സൊസ്സ്യൂർ: *ഘടനാവാദത്തിന്റെ ആചാര്യൻ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000.
5. ഷണ്മുഖം. എസ്.വി., *ലീലാതിലകം: സാമൂഹികഭാഷാശാസ്ത്രദൃഷ്ടിയിൽ*, വിവ. ടി.ബി. വേണുഗോപാലപ്പണിക്കർ, 2000.

# സംസാരിക്കുന്ന ജീവിവംശം

ഡോ. ടി.ബി.വേണുഗോപാലപ്പണിക്കർ
ഭാഷാശാസ്ത്രകാരൻ, എഴുത്തുകാരൻ

ഭാഷാശാസ്ത്രപണ്ഡിതയായ പ്രൊഫ. ജീൻ അച്ചിൻസൺ 1980-ൽ പ്രസിദ്ധപ്പെടുത്തിയ മനോഭാഷാശാസ്ത്രപാഠപുസ്തകമായ Articulate Mammal എന്ന കൃതിയുടെ പേർ മനസ്സിൽവെച്ചാണ് ഇവിടെ പ്രബന്ധത്തിന് 'സംസാരിക്കുന്ന ജീവിവംശം' എന്ന പേരിട്ടത്. മേല്പറഞ്ഞ പുസ്തകത്തെ ഇവിടെ അനുപദം പിൻതുടരുന്നില്ല.

ഭാഷാശാസ്ത്രം എം.എ. കോഴ്സിനും സമ്മർസ്കൂളിനും മറ്റും ഇന്ത്യയിൽ വിഷയമായി സ്വീകരിക്കുന്ന കാലത്തുതന്നെ ഭാഷാശാസ്ത്രത്തിലെ നവീനത, സമകാലീനഭാഷകളെ ഏകകാലികമായ നോട്ടപ്പാടിൽ വിവരിക്കലാണ് എന്ന ധാരണ പരന്നിരുന്നു. വ്യാകരണസിദ്ധാന്തം ഭാഷാശാസ്ത്രത്തിന്റെ മുഖ്യമായ ഒരു ഭാഗം തന്നെ. വ്യാകരണനിർമ്മിതിക്കാധാരമായ അന്വേഷണതന്ത്രങ്ങളും ആവിഷ്കാരതന്ത്രങ്ങളും പ്രധാനം തന്നെ. പക്ഷേ, അവിടെ നിറുത്താൻ ആവില്ലതാനും. ഘടനാത്മകമായ ഏകകാലികവി വരണത്തിന്റെ ഈ ദശ കഴിഞ്ഞാണ് പ്രജനകഭാഷാശാസ്ത്രത്തിന്റെ വരവ്. 1970 ആയപ്പോഴേക്കും തമിഴിൽ ഇതാരംഭിച്ചുകഴിഞ്ഞു. എന്നാൽ അന്നും ഏറെ പ്രവർത്തനം നടന്നിരുന്നത് ദ്രാവിഡതാരതമ്യമേഖലയിലായിരുന്നു. ഭാഷാഭേദവിജ്ഞാനവും പതുക്കെ സ്ഥാനമുറപ്പിച്ചു തുടങ്ങി. കുഞ്ചുണ്ണിരാജ, എ. ചന്ദ്രശേഖർ എന്നിവർ അന്ന് സാമൂഹികഭാഷാശാസ്ത്രത്തെയും പ്രഭാകരവാര്യർ മനോഭാഷാശാസ്ത്രത്തെയും പരിചയപ്പെടുത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഇങ്ങനെയിരിക്കെത്തന്നെ പല വിഷയങ്ങളിലും പഠിതാക്കൾക്ക് മതിയായ വെളിവു കിട്ടിയിരുന്നില്ല. ഉദാഹരണമായി എന്താണ് ബ്ലൂം ഫീൽഡിനും ചൊംസ്കിക്കും തമ്മിലുള്ള മുഖ്യമായ വ്യത്യസമെന്ന് ഏറെ വിദ്യാർഥികളും ഗ്രഹിച്ചിരുന്നില്ല. തീർച്ചയായും ഇന്നത്തെ ഭാഷാശാസ്ത്ര പാഠപദ്ധതിയും അദ്ധ്യാപനവും കൂടുതൽ

സമ്പുഷ്ടമാണ്. വിജ്ഞാനവിസ്ഫോടനത്തിന്റേതായ ഇക്കാലത്ത് സിലബസ്സിന്റെയും ക്ലാസ്സിന്റെയും പരിമിതികൾ ഉല്ലംഘിക്കാൻ വിദ്യാർഥികളെ സജ്ജരാക്കുന്ന എത്രയോ തുറപ്പുകൾ ഇന്നുണ്ട്. എന്നാൽ പഴയ ചില കെട്ടുപാടുകൾ ഇന്നും തുടരുന്നു. ഉദാഹരണമായി ഭാഷാശാസ്ത്രത്തിനു ചില ന്യായീകരണങ്ങൾ വേണമെന്നും സാമ്പ്രദായികവ്യാകരണവുമായി ഈ വിഷയം എന്തെന്തു രീതിയിൽ വ്യത്യാസപ്പെടുന്നു എന്നും വിവരിക്കേണ്ടിയിരിക്കുന്നുവെന്ന് ചില അദ്ധ്യാപകർ വിശ്വസിക്കുന്നു. ഇംഗ്ലീഷിലെ ഭാഷാശാസ്ത്രപാഠപുസ്തകങ്ങളിൽ പരാമർശിക്കുന്ന സാമ്പ്രദായികത ഗ്രീക്കോ-റോമൻ പാരമ്പര്യത്തിൽപ്പെട്ടതാണ്. നമ്മുടെ സമ്പ്രദായം മറ്റൊന്നാണ്. അതിനുമുണ്ടാകും പരിമിതികൾ. വേറെയാണെന്നു മാത്രം. പഴയ പാരമ്പര്യത്തെ മുഴുവനായി ഉപേക്ഷിക്കയല്ലാ കൊള്ളാവുന്നത് പുതുവ്യാഖ്യാനത്തോടെ കൊള്ളുകയാണ് വേണ്ടതും. തന്റെ കാലത്തെ ഭാഷാശാസ്ത്രത്തിന്റെ പരിമിതികൾ ഉല്ലംഘിക്കാൻ ബ്ലൂംഫീൽഡ് ആശ്രയിച്ചത് ഇന്ത്യൻ പാരമ്പര്യത്തെയാണ്. ചൊംസ്കിയാകട്ടെ പ്രജനകത്വത്തിനു പാണിനിയെയും വിശ്വവ്യാകരണസിദ്ധാന്തത്തിനു ഹംബോൾട്ടിനെയും ശരണീകരിക്കുന്നു. ഒരുകാലത്തു പ്രഭ മങ്ങിപ്പോയ ആശയങ്ങൾ മറ്റൊരു കാലത്തു തെളിഞ്ഞു വരുന്നതിനും ഉദാഹരണങ്ങൾ ഉണ്ട്.




പഴമയെ പുതുവെളിച്ചത്തിൽ പരിശോധിക്കുമ്പോഴേ ഇന്നത്തെ നിലക്ക് ശരിയായ ധാരണ കിട്ടൂ. ഒരു ഉദാഹരണം നോക്കുക : അതു, കാടു എന്നോ അത, കാട എന്നോ എഴുതിക്കാണിച്ചിരുന്ന സ്വരം ഉച്ചരിക്കുക ചുണ്ടുരുട്ടിയല്ല എ-അ ഇവക്കിടയിലുള്ള മട്ടിലാണെന്ന് ജോർജ്മാത്തന്റെ വ്യാകരണത്തിൽ പറയുന്നു(ഖ.19). ഈ പ്രസ്താവത്തിനർഥം പ്രസക്തസ്വരം അർധവിവൃത-കേന്ദ്രസ്വരം ആണെന്ന് ഇന്നു ഗ്രഹിക്കാം. സ്വരസമലംബകത്തിൽ അടയാളപ്പെടുത്താവുന്ന (ə) എന്ന സ്വരം സ്വരസമലംബകമെന്ന പുതിയ പരികരമാണ് പഴയ പ്രസ്താവത്തെ സൂക്ഷ്മമാമായി ഗ്രഹിക്കാൻ തുണ നില്ക്കുന്നത്. സ്വതന്ത്രവും നിരൂപണാത്മകവുമായ ദൃഷ്ടിയോടെ നവീനമായ പരികരങ്ങളാൽ സജ്ജരായ ഭാഷാശാസ്ത്രവിനേയൻമാരാണ് സാംപ്രദായികവ്യാകരണത്തിന്റെ തന്നെയും ശരിയായ പഠിതാക്കൾ.

ഇന്നത്തെ പഴയ പഠിപ്പുകാർക്കും പുതുമ ഉൾക്കൊള്ളാതെ വയ്യാ എന്നു സാരം.

ഭാഷാശാസ്ത്രം വിവരണാത്മകമായിരിക്കെ പഴയ വ്യാകരണം നിർദ്ദേശാത്മകമായിരുന്നു എന്ന പ്രസ്താവവും ഒന്നു പരിശോധിക്കേണ്ടതുണ്ട്. പഴയ വ്യാകരണകൃതികൾ പരിനിഷ്ഠിതസ്വരൂപത്തിന്റെ വിവരണമാണ്. നിലവാരപ്പെടുത്തലിനുള്ള ഊന്നം അതിൽ ഉണ്ട്. ആസൂത്രണത്തിന്റെ ഭാഗമാണത്. നിർദ്ദേശാത്മകത്വം ആസൂത്രണത്തിന്റെ സ്വഭാവമുൾക്കൊള്ളുന്നു. ഭാഷാസ്വരൂപവിവരണമെന്നപോലെ ഭാഷാസൂത്രണസാഹ്യവുമായിരുന്നു പഴയ വ്യാകരണകൃതികൾ. അവയുടെ രചയിതാക്കൾ ശുദ്ധശാസ്ത്ര പദ്ധതിയേക്കാൾ പ്രയുക്തശാസ്ത്രപദ്ധതി അനുസരിച്ചു. ഈ രണ്ടു പദ്ധതികളും തമ്മിലുള്ള വ്യാവർത്തനം കൃത്യമായി ഗ്രഹിക്കാത്തതു കാരണമാണ് പലർക്കും വ്യാകരണസാധുതയും സാമൂഹികമായ സ്വീകാര്യതയും തമ്മിൽ വ്യാവർത്തിപ്പിക്കാൻ സാധിക്കാത്തത്.

ശുദ്ധഭാഷശാസ്ത്രത്തിന് രണ്ടു പരിപ്രേക്ഷ്യങ്ങൾ ഉണ്ട്. ഭാഷ ഒരു ധൈഷണികവ്യവസ്ഥയാണ് എന്നതുകൊണ്ടുണ്ടാകുന്ന നോട്ടപ്പാടാണ് ഒന്ന്. മനുഷ്യബുദ്ധിയിൽ എന്നപോലെ മനുഷ്യസമൂഹത്തിലും ഉള്ളതാണ് ഭാഷ എന്നതുകൊണ്ടുണ്ടാവുന്നതു മറ്റൊന്ന്. ആദ്യത്തെ നിലപാടിൽ നിന്ന് നോക്കിയാൽ മനുഷ്യന്റെ മനോഘടനയിൽ ഉള്ള ഒന്നാണ് ഭാഷ. മനുഷ്യജീവി സമൂഹജീവിയാണ് എന്നത് മനുഷ്യബുദ്ധിയുടെയും മനുഷ്യജൈവസ്ഥിതിയുടെയും സ്വഭാവം തന്നെയാണ്. ഭാഷയുടെ സ്വലക്ഷണങ്ങളെ മനസ്സുവഴിക്കും സമൂഹം വഴിക്കും അന്വേഷിച്ചറിയാം. രണ്ടാളുകൾ ഒരേ ഭാഷ സംസാരിക്കുന്നു എന്നതിന് അർഥം ഇരുവരുടെയും ബുദ്ധിയിൽ നിഹിതമായ ജ്ഞാനവ്യവസ്ഥയുടെ ചില ഭാഗങ്ങൾ സദൃശമാണ് എന്നാണ്. എന്റെ ബുദ്ധിയിൽ സ്പാനിഷ് ഭാഷാസംബന്ധിയായ ഒന്നും പ്രോഗ്രാം ചെയ്തുവെച്ചിട്ടില്ലെങ്കിൽ എനിക്ക് സ്പാനിഷ് പറഞ്ഞു കേട്ടാൽ വെറും മനുഷ്യഭാഷണ-സ്വനപ്രകടനമായിമാത്രം അനുഭവപ്പെടും.

ഭാഷണക്രിയയുമായി ബന്ധപ്പെട്ട് മനുഷ്യബുദ്ധിയിൽ മൂന്ന് കഴിവുകൾ ഉണ്ട്: ശ്രവണശക്തി, പ്രേഷണശക്തി, സർഗശക്തി. കേൾക്കുന്ന ഭാഷണം സർഗശക്തിയിൽ നിഹിതമായ ജ്ഞാനത്തോട്—ഭാഷാലക്ഷണജ്ഞാനത്തോട് ബന്ധപ്പെടുത്തിയാണ് ഗ്രഹണം സാധ്യമാകുന്നത്. അതുപോലെ പറയാനുള്ളത് സർഗശക്തിയിലുള്ള ഭാഷാലക്ഷണജ്ഞാനത്തോട് ബന്ധപ്പെടുത്തി ഭാഷണമാക്കി ശ്രോതാവിന്റെ ചെവിയിലെത്തുന്ന തരംഗങ്ങളായി പ്രേഷണം ചെയ്യും. ഏതേതു ഭാഷാലക്ഷണങ്ങൾ സർഗശക്തിയിൽ പ്രോഗ്രാം ചെയ്തു വച്ചിട്ടുണ്ടോ അതതുലക്ഷണങ്ങളുള്ള ഭാഷയേ

February, 2019 മലയാളപ്പച്ച
Volume 01: No. 08 *malayala pachcha*

ഭാഷകന് ഉപയോഗിക്കാനാവു. കേൾവിക്കാരന്റെ സർഗശക്തിയിൽ ഉള്ളതനുസരിച്ചേ കേൾവിക്കാരന് ഗ്രഹിക്കാനുമാകു. ഭാഷകനിൽ ശ്രുവണശക്തി സുപ്തമായിരിക്കും. ശ്രോതാവിൽ പ്രേഷണശക്തിയും

മൂക-ബധിരന്മാരിൽ സർഗശക്തി ഉന്മിഷത്തായിരിക്കാൻ പ്രയാസമില്ല.




ഭാഷകൻ ശ്രോതാവ്

അവരെ ഭാഷ പഠിപ്പിക്കാം. ഭാഷണക്രിയക്കു പകരം കൈമുദ്രകളും ശ്രുവണത്തിനു പകരം കാഴ്ചയും ഉപയോഗപ്പെടുത്തും.

ഭാഷയുടെ മാനസികമുഖത്തെപ്പറ്റി ആലോചിക്കുമ്പോൾ 4 അടിസ്ഥാനപ്രശ്നങ്ങൾ നേരിടേണ്ടിവരും.

(1) ഭാഷാജ്ഞാനമെന്ന മസ്തിഷ്കധർമ്മത്തിന്റെ, ജ്ഞാനവ്യവസ്ഥയുടെ പ്രകൃതം എന്താണ്?

(2) ഈ ജ്ഞാനവ്യവസ്ഥ ഭാഷകർ എങ്ങനെ സമാർജിക്കുന്നു ?

(3) ഈ വ്യവസ്ഥ ഭാഷണത്തിനും (അഥവാ വിവക്ഷിതത്തിന്റെ ആവിഷ്കാരത്തിനും) ഗ്രഹണത്തിനും എതുവിധമാണ് ഉപയോഗപ്പെടുത്തുന്നത്?

(4) ഭാഷാജ്ഞാനം തലച്ചോറിൽ എവ്വിധമാണ് സംഭരിച്ചു വച്ചിരിക്കുന്നത്?

ആദ്യത്തെ ചോദ്യത്തിനുത്തരം ആരായുന്നതാണ് സാമാന്യഭാഷാശാസ്ത്രം. ഭാഷാസമാർജനത്തെക്കുറിച്ചുള്ള അന്വേഷണമാണ് വികാസോന്മുഖഭാഷാശാസ്ത്രം (Developmental Lingustics). ബുദ്ധിനിഹിതമായ ഭാഷാശേഷി അഥവാ ജ്ഞാനം ഭാഷണ-ഗ്രഹണത്തിനായി എതുവിധം ഉപയോഗിക്കുന്നു എന്നതാണ് മനോഭാഷാശാസ്ത്രത്തിന്റെ വിഷയപരിധി. വികാസോന്മുഖഭാഷാശാസ്ത്രത്തെയും ഇതിന്റെ അതിർത്തിക്കകത്തു പെടുത്താറുണ്ട്. ഭാഷാജ്ഞാനം കേന്ദ്രനാഡീവ്യൂഹമായ മസ്തിഷ്കത്തിൽ എതുവിധം സംഭരിച്ചിരിക്കുന്നു എന്നതാണ് നാഡീയഭാഷാശാസ്ത്രത്തിന്റെ വിഷയം.

1 മുതൽ 4 വരെയുള്ള പ്രശ്നങ്ങൾ ഭൗതികവും ജീവശാസ്ത്രപരവുമായ മേഖലകളിലേക്കു കയറിപ്പോകുന്നു. മനുഷ്യമസ്തിഷ്കത്തിന്റെ സ്വഭാവം

ജീവശാസ്ത്രപരമായി വിവരിക്കാൻ കഴിഞ്ഞാൽ മനശാസ്ത്രം ജീവശാസ്ത്രത്തിന്റെ ഭാഗമായിതീരാം. അപ്പോൾ മനശ്ശാസ്ത്രത്തിന്റെ ഭാഗമായി തീരാവുന്ന വ്യാകരണം ജീവശാസ്ത്രത്തിന്റെ 'ഭാഗമായി' എന്നുവരാം. വ്യാകരണം മനുഷ്യമസ്തിഷ്കത്തിന്റെ ഭാഗമായ ഒരു സവിശേഷ ജ്ഞാനവ്യവസ്ഥയുടെ, ബുദ്ധിപരമായ ഒരു കഴിവിന്റെ, വിവരണമാണല്ലോ. വ്യാകരണം എന്തിനെയാണ് വ്യാകരിക്കുന്നത്, അപഗ്രഥിക്കുന്നത്? ഭാഷാലക്ഷണത്തെയാണ് വ്യാകരിക്കുന്നത്. ഓരോ ഭാഷയുടെയും സ്വലക്ഷണം മറ്റൊരോന്നിൽനിന്നും വ്യത്യസ്തമാണ്. വ്യത്യസ്ത ഭാഷകളുടെ ഇത്തരം ഇതരവ്യാവർത്തകമായ സ്വഭാവങ്ങൾ അനന്തവൈവിധ്യങ്ങൾ ഉള്ളവയാണ് എന്നതത്രേ പ്രത്യക്ഷത്തിലുള്ള അനുഭവം. ഇങ്ങനെയുള്ള വ്യത്യാസങ്ങൾക്കപ്പുറത്ത് മനുഷ്യമസ്തിഷ്കത്തിന്റെ പൊതുശേഷിയുടെ ഭാഗമായി ഒരു വിശ്വവ്യാകരണം ഉണ്ടാകാം, ഉണ്ട്—എന്നു ചൊംസ്കിയൻമാർ കരുതുന്നു.

ഭാഷാലക്ഷണമെന്നത് നിയമാവലിയായി ഭാഷാശാസ്ത്രകാരന്മാർ കാണുന്നു. നിയമം എന്നതിന് സ്വാതന്ത്ര്യനിയന്ത്രണങ്ങളുടെതായ ക്രമം എന്നർത്ഥം. പദക്രമത്തിന് ഉദാഹരണമായി ഓരോ ഭാഷയിലും ഓരോ തരം സ്വാതന്ത്ര്യമാണ്. മലയാള ഭാഷയിൽ 'ജോൺ മേരിയെ കണ്ടു' എന്നോ 'മേരിയെ ജോൺ കണ്ടു ' എന്നോ ആകാം. ഇംഗ്ലീഷിൽ John saw Mary എന്നതിൽ കർതൃ-കർമ്മങ്ങളുടെ സ്ഥാനം മാറ്റിയാൽ കർത്താവ്—കർമ്മമായി തീരും. നമ്മുടെ ഭാഷയിൽ കർമ്മത്വം കുറിക്കാൻ സചേതനങ്ങളിൽ പ്രത്യയം ഉള്ളതുകൊണ്ട് സചേതനകർമ്മം വാക്യത്തിൽ എവിടെ നിന്നാലും കർമ്മത്വം കിട്ടിക്കോളും. പക്ഷേ മുമ്പോട്ടു നീങ്ങി മേരിയെ...എന്നു വാക്യമാരംഭിച്ചാൽ പ്രാധാന്യവിവക്ഷയ്ക്കു വ്യത്യാസം വരാം. ഇതിനപ്പുറം പോയി വാക്യം 'കണ്ടു മേരിയെ ജോൺ', 'കണ്ടു ജോൺ മേരിയെ' എന്നായാലും വാക്യം സാധുതന്നെ. ഊന്നലിലുള്ള വ്യത്യാസം ശ്രദ്ധാർഹമാകുമെന്നു മാത്രം. ഭാവപ്രധാനമായ വാക്യങ്ങളിൽ പദക്രമവ്യതിയാനം വരുത്തിയാണ് അതാവിഷ്കരിക്കുന്നത്. പദക്രമത്തിന് മലയാളത്തിൽ എപ്പോഴും രീതിവൈചിത്ര്യധർമ്മമില്ല, സ്വാതന്ത്ര്യമില്ല. വിശേഷവിശേഷ്യങ്ങൾ അടുത്തടുത്തു വേണം. 'വളരെ നല്ല പുസ്തകം' എന്നത് 'പുസ്തകം വളരെ നല്ല' എന്നും 'പുസ്തകം നല്ല വളരെ' എന്നോ 'നല്ല വളരെ പുസ്തകം' എന്നോ... ഒക്കെ മാറ്റാൻ സ്വാതന്ത്ര്യമില്ല. എന്നാൽ 'പുസ്തകം വളരെ നല്ലത്(ആണ്)' എന്നു മാറ്റാൻ സ്വാതന്ത്ര്യമുണ്ടുതാനും. വ്യാകരണസാധുതാപരമായ ക്രമനിയന്ത്രണം വാക്യത്തിലെ പദവിന്യാസത്തിൽ മാത്രമല്ല ഉള്ളത്. വർണ്ണവിന്യാസപരമായ ക്രമനിന്ത്രണം നോക്കുക : വിള്/വെള്/, കുട/കൊട ഇത്തരം ജോഡികളിൽ

അർത്ഥവ്യത്യാസമില്ല. വിളയും കുടയും വരമൊഴിയും വെളയും കൊടയും വാമൊഴിയുമാണെന്നും മാത്രം. എന്നാൽ രണ്ടാമക്ഷരത്തിൽ അകാര മല്ലെങ്കിൽ ഈ സ്വരവ്യാവർത്തനഭേദഭാവം ഇല്ല. വിളിയും വെളിയും വ്യത്യസ്തം തന്നെ. കുടി-കൊടി ഇവയ്ക്കും വ്യത്യാസമുണ്ട്. ഇങ്ങനെ എല്ലാ അടരിലുമുള്ള സ്വാതന്ത്ര്യ-നിയന്ത്രണങ്ങളുടെതായ ക്രമം കണ്ടെത്തുക വഴിയാണ് ഭാഷാലക്ഷണം ക്രോഡീകരിക്കാൻ സാധിക്കുന്നത്.

ജ്ഞാനനിഷ്ഠമായ ഭാഷാലക്ഷണത്തിന്റെ പ്രവർത്തനം പ്രയോഗ ത്തിൽ മാത്രമല്ല ഗ്രഹണത്തിലും ഉണ്ട് എന്നു വ്യക്തം. 'രാമൻ വസിഷ്ഠനെ ദശരഥനേക്കാൾ ഏറെ ആദരിച്ചിരുന്നു' എന്നതിൽ ശ്ലേഷം ഉണ്ടെന്ന് ശ്രദ്ധിച്ചാൽ മനസ്സിലാകും. ശ്ലിഷ്ടത ഒന്നിലേറെയുള്ള വ്യാഖ്യാന സാദ്ധ്യ തകളാണ്. വ്യത്യസ്തമായ ആകാംക്ഷകളാണ് വ്യാഖ്യാനസാധ്യതകൾക്ക് ആധാരം. ദശരഥൻ അംഗവാക്യത്തിലെ കർമ്മസ്ഥാനത്തായി ഒരു വ്യാഖ്യാനം:'രാമൻ വസിഷ്ഠനെ, ദശരഥനെ ആദരിക്കുന്നതിലേറെ ആദരി ച്ചിരുന്നു'. ദശരഥൻ അംഗവാക്യത്തിലെ കർത്തൃസ്ഥാനത്തും നിൽക്കാം: 'രാമൻ, ദശരഥൻ വസിഷ്ഠനെ ആദരിക്കുന്നതിലേറെ, ആദരിച്ചിരുന്നു'. ഈ കാണിച്ച ശ്ലിഷ്ടത ഒരേ പദത്തിന് (പദരൂപത്തിന്) ഒന്നിലേറെ അർത്ഥമുള്ളതുകൊണ്ടു സംഭവിക്കുന്നതല്ല. ഇങ്ങനെ ഭാഷാലക്ഷണം വ്യാകരിക്കൽ ഗ്രഹണത്തിലും സംഭവിക്കുന്ന കാര്യമാണ്. ഭാഷാലക്ഷണം ഭാഷണാവിഷ്കാരത്തിലെന്ന പോലെ ഗ്രഹണത്തിലും സംഗതമാകുന്നത് ഭാഷാശാസ്ത്രത്തിന്റെ ആലോചനയ്ക്കു വിഷയമാകുന്നു.

ഭാഷാപ്രയോഗത്തിൽ സംഗതമായ മറ്റൊരു വിഷയമാണ് ഭാഷണ ത്തിൽ ഇടപെടുന്ന സ്വനങ്ങളുടെ സ്വഭാവവിവരണം. ഇതാണ് സ്വന വിജ്ഞാനം. വില്വം എന്നതിലെ ആദ്യാക്ഷരത്തിൽ ദന്ത്യോഷ്ഠ്യമായും രണ്ടാമക്ഷരത്തിൽ ദ്വയോഷ്ഠ്യമായും ഉള്ള ഓരോ വ്യഞ്ജനങ്ങളുണ്ട്. രണ്ടിനെയും നാം 'വ'കാരമായി ഗ്രഹിക്കുന്നു. ഇവതമ്മിലുള്ള സൂക്ഷ്മമായ വ്യത്യാസമെന്ത്, അവ ഏതേതു സാഹചര്യങ്ങളിലാണ് മലയാളഭാ ഷയുടെ സ്വാഭാവികോച്ചാരണത്തിൽ സംഭവിക്കുന്നത് എന്നതാണ് സ്വനവിവരണത്തിന്റെ ഒരു മുഖം. ഭാഷാനിഷ്ഠമായ സ്വനവിജ്ഞാനം അഥവാ സ്വനപ്രക്രിയ എന്ന് ഇതിന്റെ പേർ. ഇത്തരം സ്വനങ്ങളുടെ ഭാഷണാവയനിഷ്ഠവും ശ്രവണനിഷ്ഠവും ഭൗതികസ്വഭാവനിഷ്ഠവുമായ വിവരണമാണ് സാമാന്യസ്വനവിജ്ഞാനത്തിൽ നടത്തുന്നത്. ഇത്തരം വിവരണം സാമാന്യഭാഷാശാസ്ത്രപരമായി സംഗതമാണ്. പ്രയുക്തഭാഷാ ശാസ്ത്രപരമായും ഇതിന്നു സാംഗത്യമുണ്ട്. അദ്ധ്യാപനം, ഭാഷണചികിത്സ... എന്നിങ്ങനെയുള്ള രംഗങ്ങളിൽ.

മനുഷ്യശിശു ഏതാണ്ട് പന്ത്രണ്ടുമാസം പ്രായമാകുമ്പോഴാണ് ചുണ്ടു കൊണ്ട് 'മ' എന്ന് കേൾക്കാവുന്ന തരത്തിൽ ശബ്ദിച്ചു തുടങ്ങുക. അതു നാം അമ്മ , അമ്മുമ്മ എന്നൊക്കെ വ്യാഖ്യാനിച്ചു കൊടുക്കും. മറ്റു ഭാഷക്കാർ മാ, മമ്മ എന്നതരത്തിലും. ചില കുട്ടികൾ നാവിൻതുമ്പുപയോഗിക്കുന്ന തരം ഉച്ചാരണങ്ങളാണ് നടത്തുക. അത് അച്ച , അച്ചച്ച, dada എന്ന തരത്തിലോ റ്റാറ്റ എന്നതരത്തിലോ വ്യാഖ്യാനിക്കുന്നത് മുതിർന്നവരാണ്. പതിനെട്ടു മാസം പ്രായമാകുമ്പോൾ ഒറ്റയൊറ്റവാക്കുകൾ പറയും. അപ്പം, പാപ്പം എന്നൊക്കെ മുതിർന്നവർ ഗ്രഹിക്കുന്നതരം ഉച്ചാരണങ്ങൾ. തുടർന്ന് പാപ്പം വേണം എന്നു ഗ്രഹിക്കാവുന്നതരം ഉച്ചാരണങ്ങളായിവരും. വേഗം വേഗം വാക്യത്തിലെത്തും. അപൂർണവും അപക്വവുമായവാക്യങ്ങളുടെ ഘട്ടം വേഗം തരണം ചെയ്യും. രണ്ടു രണ്ടര വയസ്സാകുമ്പോൾ ഒരുമാതിരി ലഘുവാക്യങ്ങൾ പറഞ്ഞു തുടങ്ങും. ഏതു ഭാഷ ഒന്നാം ഭാഷയായ ശിശു ക്കളിലും ഈ വികാസം ഒരേ രീതിയിലാണ് സംഭവിക്കുക. മുതിർന്നവർ തിരുത്തിത്തിരുത്തിയാണ് വ്യാകരണസാധുവായ വാക്യങ്ങളിലേക്ക് ശിശു എത്തുന്നതെന്ന് പറയാൻ സാധ്യമല്ല. പറയുന്നതിന്റെ സത്യസ്ഥി തിയോ സാമൂഹികമായ മാന്യതയോ മുതിർന്നവർ ശ്രദ്ധിക്കാമെങ്കിലും വ്യാകരണം തിരുത്താൻ തക്ക ശ്രദ്ധയോ പ്രാപ്തിയോ ചുറ്റുമുള്ളവർക്കു ണ്ടാകാൻ ഇടയില്ല. എന്നിട്ടും വാമൊഴിയുടെ വ്യാകരണത്തിനു നിരക്കും വിധം ശിശുക്കൾ ഭാഷണം ചെയ്യാൻ ശീലിക്കുന്നു.

ആൾക്കുരങ്ങുകളെ പലതും പഠിപ്പിക്കാം. പക്ഷെ ഭാഷ പഠിപ്പിക്കാ നുള്ള ശ്രമം തോറ്റുപോകുകയാണ് ഉണ്ടായത്. ഭാഷസമാർജനശേഷി മനുഷ്യമസ്തിഷ്കത്തിന്റെ ഒരു സവിശേഷതയാണെന്നും മനുഷ്യനാണ് സംസാരിക്കുന്ന ജീവി എന്നതിനും ഇതുതന്നെയാണ് മതിയായ തെളിവ്.

മനുഷ്യബുദ്ധിയിൽ നിഹിതമായ ഭാഷാജ്ഞാനം, ഭാഷാശേഷി, എങ്ങനെ ഭാഷണമെന്ന ആവിഷ്കാരത്തിനുതകുന്നു എന്നും ശ്രോതാവ് ഭാഷണം ഗ്രഹിക്കുന്നതെവ്വിധമെന്നും മനോഭാഷശാസ്ത്രം അന്വേഷിക്കുന്നു. ഗ്രഹണം എന്നത് കേൾക്കുന്ന ഭാഷണധാരയെ ഭാഷാവർണങ്ങളായും പദങ്ങളായും വാക്യങ്ങളായും വ്യാകരിച്ച് അർത്ഥം ഗ്രഹിക്കലാണ്.

മനുഷ്യമസ്തിഷ്കത്തിൽ ഏതേതു വിധമാണ് ഭാഷാജ്ഞാനം സംഭരിച്ചു വച്ചിരിക്കുന്നത് എന്ന അന്വേഷണമാണ് നാഡീയഭാഷാശാസ്ത്രത്തിന്റെ വിഷയം. പക്ഷേ, ജീവനോടെയിരിക്കുന്ന മനുഷ്യന്റെ തലച്ചോറിൽ പരീ ക്ഷണനിരീക്ഷണങ്ങൾ സാധ്യമല്ല. ഓരോതരം ക്ഷതങ്ങൾ ഭാഷാശേഷി യെയും ആവിഷ്കരണത്തെയും ഏതേതുവിധം ബാധിക്കും എന്നു നിരീക്ഷി ക്കുക സാധ്യമാണ്. മസ്തിഷ്കക്ഷതം നാഡീയഭാഷാശാസ്ത്രാന്വേഷണത്തിൽ

അത്യന്തം പ്രധാനമാണ്. പഴയ കാലത്ത് വ്യാകരണകൃതികൾ വ്യാകരണസാധുവായ സുശബ്ദങ്ങളെയാണ് ഭാഷാലക്ഷണവിവരണത്തിനു ആശ്രയങ്ങളായി കണ്ടത്. ഇന്നാകട്ടെ വ്യാകരണപരമായി സാധുവല്ല എന്ന് തദ്ദേശീയഭാഷകൾക്ക് അനുഭവപ്പെടുന്ന ഭാഷാരൂപങ്ങൾ എങ്ങനെയാണ് അത്തരം ഒരു വിലയിരുത്തലിനു വിധേയമാകുന്നത് എന്ന് അന്വേഷിക്കവഴിയാണ് സാധുതയുടെ ന്യായങ്ങളിലെക്ക് എത്തുന്നത്. വ്യാകാരണപരമായ അസാധുത സാധുതയിലേക്കു നയിക്കുന്നതു പോലെ എവിടെ എന്തൊക്കെ ക്ഷതമേറ്റാൽ ഭാഷാപരവും ഭാഷണപരവുമായ കഴിവുകൾ എവ്വിധമെല്ലാം ബാധിക്കുമെന്ന നിരീക്ഷണം വഴി ഭാഷയും കേന്ദ്രനാഡീവ്യൂഹവുമായുള്ള ബന്ധത്തെക്കുറിച്ച് ഊഹിച്ചറിയും. ഭാഗികമോ പൂർണമോ ആയുള്ള അഭാഷണം എപ്പോഴാണ് ഉണ്ടാകുന്നത് എന്നത് വിപുലമായ ഒരു ഗവേഷണമേഖലയാണ്. ചിലപ്പോൾ ബാധിക്കുക ചിലതരം വ്യാകരണ സംവർഗങ്ങളെയാകാം. ചിലതരം പദങ്ങൾ പറയാനാകുന്നില്ല, ഓർക്കാനാകുന്നില്ല എന്നുവരും. പേരോർക്കുന്നില്ല, എന്നത് ഒരുതരം മസ്തിഷ്കക്ഷതത്തിന്റെ ഫലമാകാം.

മനശ്ശാസ്ത്രം ഭാഷാശാസ്ത്രവുമായി സമ്മേളിക്കുന്ന പുതിയ ഒരു വിജ്ഞാനമേഖലയാണ് ധൈഷണിക ഭാഷാശാസ്ത്രം. ഭാഷയും ചിന്തയും തമ്മിലുള്ള ബന്ധം എന്ത്, ബുദ്ധിവളർച്ചയും അപചയവും ഗ്രഹണശേഷിയിൽ എങ്ങനെ പ്രതിഫലിക്കുന്നു, ബോധപൂർവ്വമായ ധൈഷണികപ്രവർത്തനമായ യുക്തിവിചാരവും ഓർത്തെടുക്കാനുള്ള ശ്രമവും എങ്ങനെ പ്രവർത്തിക്കുന്നു—ഇത്തരം വിചിന്തനങ്ങൾ ഭാഷാലക്ഷണവിചാരണയെപ്പോലെതന്നെ ഈ ശാഖയിൽ സംഗതമാണ്. ഭാഷാലക്ഷണം അഥവാ ഭാഷാ ഘടന പദവാക്യഘടന മാത്രമല്ല ബഹ്വർഥത, മനോബിംബങ്ങൾ, രൂപകത്വം, ലാക്ഷണികപ്രയോഗം എന്നിവയുടെ അന്വേഷണവും ഈ ശാഖയിൽ സംഗതമാണ്. ഭാഷാജ്ഞാനം മാത്രമല്ല ഭാഷയിലൂടെ മനുഷ്യൻ അറിയുന്ന ലോകവും ഭാഷാശേഷിയുടെ ഭാഗമാണ്. ഭാഷ രൂപപ്പെടുന്നതും നിലനില്ക്കുന്നതും ഓരോ സവിശേഷമായ ധൈഷണികപരിസ്ഥിതിയിലാണ് എന്ന് ധൈഷണികഭാഷാശാസ്ത്രകാരന്മാർ വാദിക്കുന്നു. പ്രജനകഭാഷാശാസ്ത്രസിദ്ധാന്തം ഇത്തരം പല മേഖലകളെയും മതിയാംവണ്ണം പരിഗണിക്കുന്നില്ല എന്ന് ഇവർ കുറ്റംചാർത്തുന്നു. ഇവർ ഉന്നയിക്കുന്ന പ്രശ്നങ്ങൾ മിക്കതും അർത്ഥവിചാരത്തിന്റെയും ഭാഷാപ്രയോഗവിജ്ഞാനത്തിന്റെയും പരിധിക്കകത്തു പെട്ടതു മാത്രമാണ് എന്നാണ് പ്രജനകഭാഷാശാസ്ത്രകാരന്മാരുടെ മറുപടി. പുതിയ ഭാഷാശാസ്ത്രശാഖയുടെ പരിചായകങ്ങൾ പലതും 205-16 കാലത്തുമാത്രം പുറത്തു വന്നവയാണ് –അത്ര പുതുത്.

മനുഷ്യഭാഷയെ സമൂഹത്തിൽ തേടുകയാണ് സാമൂഹികഭാഷാശാസ്ത്രത്തിൽ ചെയ്യുന്നത്. ഭാഷയുടെ ഉപയോഗം സമൂഹഘടനയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് ഇവിടെ ചിന്തിക്കുന്നത്. വക്താവിന്റെയും ശ്രോതൃസ്ഥാനത്തുള്ള പ്രേഷിതന്റെയും പ്രായം, ലിംഗം, സാമൂഹികമായ നില, വക്താവുമായുള്ള ബന്ധം എന്നിവ ഭാഷണക്രിയയെയും 'ഭാഷണത്തിനു തിരഞ്ഞെടുക്കുന്ന ഭാഷാഘടനകളെയും നിർണയിക്കുന്നു. സൗഹൃദഭാവം, ഉടമ-ഭൃത്യഭാവം, ഗുരുശിഷ്യഭാവം, പിതൃപുത്രഭാവം... ... ഇങ്ങനെ പലതും ചേർന്നാണ് ഭാഷണത്തിന്റെ പ്രകരണം. പ്രകരണവും വക്തൃമനോഭാവവും ഭാഷണസ്വഭാവത്തിൽ പ്രാഭവം ചെലുത്തും. ഇവയൊക്കെ ഗ്രഹണത്തെയും സ്വാധീനിക്കും. ഘടനയും ഭാഷണധർമ്മവും ഇവയോടു ബന്ധപ്പെട്ടതാണ്. ഭാഷക്കകത്തെ വ്യത്യസ്തതകൾ, വൈജാത്യങ്ങൾ, ഭാഷയോ ഭാഷാഭേദമോ മാറ്റി ഉപയോഗിക്കുന്ന ഭാഷാവ്യതിയാനം, സാമൂഹികം മാത്രമായ (ഘടനാനിഷ്ഠം അല്ലാത്ത) ഉൽകൃഷ്ടാപകൃഷ്ടസങ്കല്പം ഇവയെപ്പറ്റി സാമൂഹികഭാഷാശാസ്ത്രം അന്വേഷിക്കുന്നു.

മലയാളത്തിൽ പൊൻമകനും പൊന്നുമോനും ഉണ്ട്. ഇവ തമ്മിൽ ഏതൊക്കെ വിധത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നത് സാമൂഹിക ഭാഷാശാസ്ത്രമായി ഉത്തരം തേടേണ്ടുന്ന ഒരു പ്രശ്നമാണ്.

കാലം കൊണ്ടുവരുന്ന വിപരിണാമമാണ് നാം ആഗമികം അഥവാ ചരിത്രാത്മകം ആയ ഭാഷാശാസ്ത്രത്തിൽ അന്വേഷിക്കുന്നത്. ജൈവപരമായി ബന്ധപ്പെട്ട ഭാഷകളുടെ മൂലരൂപത്തെപ്പറ്റിയുള്ള ബഹുകാലികമായ അന്വേഷണമാണ് താരതമ്യഭാഷാശാസ്ത്രം. ആഗമികപഠനവും ബഹുകാലികം തന്നെ. .

പദനിരുക്തചിന്ത ബഹുകാലികപഠനത്തിൽ ഒരു മുഖ്യഭാഗം തന്നെയാണ്. കേര(ല/ള)പുത്രനാണ് ചേരമാൻ എന്നറിയണമെങ്കിൽ മകൻ>മാൻ എന്ന മാറ്റം അറിഞ്ഞിരിക്കണം. ഒരു നാട്ടിലെ രാജവംശത്തിൽപ്പെട്ടവരെ ആ നാട്ടിന്റെ പുത്രൻ എന്ന് പറയുന്ന ഏർപ്പാടുണ്ടായിരുന്നു. കൊങ്കണന്മാരുടെ (കൊങ്കണദേശക്കാരുടെ) രാജാവാണ്. കൊങ്കണപുത്ര: ഈ പാരമ്പര്യപ്രകാരമുള്ള കേരളപുത്രന്റെ തമിഴാണ് ചേരമാൻ. 'ഗോപാലൻ'ആയനായിരിക്കെ 'അജപാലൻ' ഇടയനായത് ഇങ്ങനെ എന്നു സംശയം തോന്നാം. ആ 'ഗോ' എന്നറിയുമ്പോൾ ആയന്റെ യുക്തി വ്യക്തം. ആട് പഴന്തമിഴിൽ യാടു എന്നായിരുന്നു എന്നറിയുമ്പോൾ എടയൻ/ഇടയൻ എന്നതിന്റെ യുക്തി തിരിച്ചറിയും.

ചരിത്രപരിണാമം 'ഭാഷകളുടെ കക്ഷ്യാസ്വഭാവത്തിനു മാറ്റം വരുത്തും. സംസ്കൃതത്തിൽ എന്ന പോലെ ഓരോ പദത്തിലും വ്യാകരണധർമ്മ സൂചകമായ പ്രത്യയം ഇഴുകിച്ചേർന്നിരിക്കുന്ന വൈകൃതകക്ഷ്യയിലായിരുന്നു ഇന്തോ -യൂറോപ്യൻ മൂലഭാഷയും എന്നു നമുക്കറിയാം. അതിന്റെ ശാഖോപശാഖയായി മാറി മാറി വന്ന ഇംഗ്ലീഷാകട്ടെ പ്രത്യയവിരളവും പദരൂപവികാരവിരളവുമായ ഒന്നായിത്തീർന്നിരിക്കുന്നു. ഈ ഘടനാസ്വഭാവമുള്ള കക്ഷ്യയത്രേ അപഗ്രഥിതകക്ഷ്യാ. ഈ കക്ഷ്യാമാറ്റം ചരിത്രപരിണാമഫലമാണ്.

പലഭാഷകളിലും പ്രകൃതികൾ പ്രത്യയമായിത്തീർന്നിരിക്കുന്നു. 'അകം'എന്നർത്ഥമായ പ്രകൃതിയായിരുന്നു. ഒരു കാലത്ത് ഇൽ—ദ്രാവിഡ ഭാഷകളിൽ അതു പ്രത്യയമായി ആധാരർത്ഥത്തെ കുറിക്കുന്നു. അതിൽ. പറ്റുക, കുറിക്കുക, കുറയുക ഇവയുമായി ബന്ധപ്പെട്ട പറ്റി'('അവനെപ്പറ്റി'), കുറിച്ച് ('എന്തിനെക്കുറിച്ച്') കുറെ [കുറയ+ഏ]('കുറെ കരഞ്ഞു') എന്നിങ്ങനെ അവ്യയസ്ഥാനത്തേക്കു മാറിയിരിക്കുന്നു. 'കമലത്തേക്കാട്ടിലും അഴകുള്ളമുഖം'എന്നും മറ്റുമുള്ള പഴയപ്രയോഗത്തിൽ 'കാണിക്കുകയാണെങ്കിൽപോലും' എന്നർത്ഥം പറയാവുന്ന കാട്ടിലും വാമൊഴിയിലെ മാറ്റത്തിന്റെ ഫലമായി കാളും എന്നായി. ഇതു വരമൊഴിയിലും കടന്നുകേറി.—ഉം വിട്ട് കാൾ എന്നു താരതമ്യപ്രത്യയമായിമാറി. ഇങ്ങനെ പ്രകൃതിത്വം നഷ്ടമായി കേവലമായ വ്യാകരണധർമ്മം കൈകൊള്ളുന്നതാണ് വ്യാകരണികതാപാദനം എന്ന ചരിത്രപരിണാമം. ചരിത്രാത്മകഭാഷാശാസ്ത്രത്തിന്റെ ഈ അന്വേഷണമാർഗത്തിന് ഇന്നും വളരെ സാംഗത്യമുണ്ട്.<'അവനളവും വലുത്'> അവനോളം വലുത് അളവ്–ഉം ഓളം ഇങ്ങനെ വാമൊഴിമാറ്റങ്ങൾ പലതും കൈക്കൊള്ളുണ്ടതാണ് മലയാളത്തിലെ വരമൊഴി.

താരതമ്യഭാഷാശാസ്ത്രം ഭാഷാകുടുംബങ്ങളെപ്പറ്റിയാണ് ആലോചിക്കുന്നത്. ഒരു മൂലകന്ദമായ മൂലഭാഷ (പ്രാക്ഭാഷ) പരിണാമതരംഗങ്ങൾ പലതും ഉണ്ടായിവന്ന് ശാഖോപശാഖകളായി പിരിഞ്ഞു ഇന്നത്തെ പുത്രികാഭാഷകളായിത്തീരുന്നു എന്നതാണ് ഇതിന്റെ അടിസ്ഥാനസങ്കല്പം. ഇന്ത്യയിൽ വേദഭാഷയുമായിട്ടും പില്ക്കാലത്തെ സംസ്കൃതവുമായിട്ടും ബന്ധപ്പെട്ട ഭാഷകൾ മുതൽ പടിഞ്ഞാറൻ യൂറോപ്പിലെ കെൽത്തിക് തുടങ്ങിയ ഭാഷകളുൾക്കൊള്ളുന്ന വിപുലകുടുംബമായ ഇന്തോ-യൂറോപ്യൻ ഭാഷാകുടുംബമായിരുന്നു ആദ്യകാലത്തെ പണ്ഡിതന്മാരുടെ അന്വേഷണവിഷയം. പിന്നീടാണ് ഇന്ത്യയിൽത്തന്നെ ദ്രാവിഡം തുടങ്ങി മറ്റുചില കുടുംബങ്ങളും ഉണ്ടെന്ന് അറിവായത്. കുടുംബത്തിലെ ശാഖകളെപ്പറ്റിയുള്ള

ആലോചനകൾ നടക്കുന്നതിന്റെ ആദ്യകാലത്തുതന്നെ ഓരോ പരിണാമതരംതരംഗത്തിന്റെയും വ്യാപനമേഖല ഒരേ തരത്തിലായിരിക്കില്ല എന്ന തിരിച്ചറിവുണ്ടായിരുന്നു. സന്നിപതിക്കുന്ന ഏറെ തരംഗങ്ങളുടെ അടിസ്ഥാനത്തിലാണ് ശാഖകളും ഉപശാഖകളും കല്പിക്കുന്നതെന്നേ ഉള്ളൂ. കുടുംബവൃക്ഷത്തിന്റെ ശാഖോപശാഖകൾ എന്ന സങ്കല്പത്തെ തരംഗസിദ്ധാന്തം പരിഷ്കരിക്കുമ്പോളും അനുക്രമപരിണാമത്താൽ ഭാഷകൾ അകന്നകന്നുപോകുന്ന ചിത്രമാണ് നമുക്ക് കിട്ടുന്നത്. ഈ വിവ്രജനത്തിന്റെ മറുവശമായി ഭാഷകൾ പരസ്പരം ചരിത്രപരിണാമഫലമായി സമ്പർക്കത്തിലൂടെ അടുത്തടുത്തുവരുന്ന സംവ്രജനവും സംഭവിക്കും എന്നും പരസ്പരസമാവേശത്തിന്റെ ലക്ഷണങ്ങൾ ഭാഷാകുടുംബത്തിന്റെ അതിരുകളെ ഉല്ലംഘിച്ചു വ്യാപിക്കും എന്നും ഇന്നു നമുക്കറിയാം. ഇങ്ങനെ ഭാഷാകുടുംബത്തിന്റെ അതിരുകൾ ഭേദിച്ചുകൊണ്ട് ഭാഷലക്ഷണവ്യാപനം നടന്നിട്ടുള്ള ഒരു മേഖലയാണ് ഭാഷാക്ഷേത്രം. ദക്ഷിണേഷ്യയാണ് അതിനു ഏറ്റവും നല്ല ഉദാഹരണം. ആദ്യഘട്ടത്തിലെ ഇന്തോ-ആര്യൻ ഭാഷകൾ തന്നെ (വേദഭാഷയും ലൗകികസംസ്കൃതവും) ഈ പ്രവണത പ്രകടിപ്പിച്ചുതുടങ്ങി. ഇന്നത്തെ ഭാഷകൾക്കാകട്ടെ വാക്യരചനാപരമായി വ്യത്യാസത്തെക്കാളേറെ സാമ്യമാണ്. തമിഴിനും ഹിന്ദിക്കും തമ്മിലുള്ള വ്യത്യാസങ്ങൾ വ്യാകരണപരമെന്നതിലും കോശപരമാണ് എന്നതായിത്തീർന്നിരിക്കുന്നു വാസ്തവം.

സംസ്കൃതം: അഹം ബുഭുക്ഷുഃ അസ്മി
ഹിന്ദി: മുഝേ ഭൂഖ് ലഗ്തീ ഹൈ
തമിഴ്: എനക്ക് പശി തോൻറുകിറതു
(എനിക്ക് വിശപ്പു തോന്നുന്നു)

സംസ്കൃതം: ശ്രദ്ധാവാൻ ലഭതേ ജ്ഞാനം

ഹിന്ദി :ശ്രദ്ധാവാൻ കൊ ജ്ഞാൻ മിൽത്തീ

തമിഴ് :ശ്രദ്ധവാനുക്ക് ജ്ഞാനം കിടൈക്കും

(ശ്രദ്ധാവാന് ജ്ഞാനം ലഭിക്കും )

ഈ വാക്യങ്ങൾ ഇംഗ്ലീഷിൽ Iam hungry എന്നും The devoted one gets knowledge എന്നുമാണ്. അതും സംസ്കൃതവും തമ്മിലുള്ള സാദൃശ്യം നോക്കുക. ഹിന്ദി തമിഴ് പോലെയാണെന്നും സംസ്കൃതം പോലെ അല്ലെന്നും ഗ്രഹിക്കുക.

'ഭാഷാദേശീയത, മാതൃഭാഷാസംരക്ഷണ യജ്ഞം, യജമാനഭാഷാതിരസ്കാരം........ഇത്തരം വിഷയങ്ങൾ വരുമ്പോൾ ഭാഷാമനോഭാവത്തിനു

രാഷ്ട്രവിചാരപരമായ മാനം കൈവരും.' ഭാഷാദേശീയത ഇതരഭാഷക്കാരെ വകഞ്ഞുമാറ്റുന്ന തരത്തിലായാൽ രാഷ്ട്രീയസംഘർഷത്തിന് വഴിയാകും. ഭാഷയും മതവിഭാഗങ്ങളും തമ്മിലുള്ള ഐക്യപ്പെടലും പലതരം പ്രശ്നങ്ങൾക്ക് കാരണമാകാം. ഭാഷയ്ക്ക് മതമില്ല ദേശമില്ല എന്നൊക്കെ വാദിച്ചാലും ഭാഷ ഒരു സാമൂഹികപ്രതിഭാസമാകയാൽ ഇത്തരം പ്രശ്നങ്ങൾ അതുമായി ബന്ധപ്പെട്ട് ഉടലെടുക്കും. ഭാഷാഭിമാനവും അന്യഭാഷാവിരോധവും പരസ്പരം ബന്ധപ്പെട്ടതാണ്. സാമൂഹിക-സാമ്പത്തികസാഹചര്യങ്ങൾ ചില അന്യഭാഷകളെ സ്വഭാഷയ്ക്കുമേൽ ആദരണീയമാക്കിയെന്നും വരാം. ചിലപ്പോൾ അത്തരം സമാദൃതഭാഷകളുടെ ആരോഹണം കുഴപ്പം ക്ഷണിച്ചുവരുത്തും. കിഴക്കൻ പാകിസ്ഥാനിൽ ബംഗാളിക്കുമേൽ ഉർദുവിന് സ്ഥാനം നല്കിയതും ശ്രീലങ്കയിൽ തമിഴിനെ അവഗണിച്ചതും അടുത്തകാലത്തെ ഉദാഹരണങ്ങൾ. ഹിന്ദി അടിച്ചേല്പിച്ചതിന്റെ പേരിൽ തമിഴ്നാട്ടിൽ വലിയ കലാപം നടന്നതും ഓർക്കാം.

'ഭാഷകന്മാരുടെ എണ്ണം കുറവായതോ' ഭാഷ ചിലചില പ്രയോഗമേഖലകളിൽ ഒതുങ്ങിപ്പോയതോ ഭാഷകളെ ക്ഷയിപ്പിക്കും. അപ്പോഴാണ് ഭാഷാസംരക്ഷണത്തിന്റെ ആവശ്യകത ഉണ്ടായി വരുന്നത്. ജൂതന്മാർ അവരുടെ പിതൃഭൂമിയിൽനിന്നു പലായനംചെയ്ത് പലേടത്തായി പാർക്കേണ്ടിവന്നപ്പോൾ അവർ അതതു ദേശത്തെ ഭാഷാകൈക്കൊണ്ടു. മതവ്യവഹാരത്തിനു മാത്രം പഴയ ഹിബ്രു തുടർന്നു. ജൂതദേശീയതയുടെ തുടക്കമായപ്പോൾ അവർ ഹിബ്രുവിനെ മാതൃഭാഷയായി കൈക്കൊള്ളുകയും ഇസ്രായേൽ സ്ഥാപിതമായപ്പോൾ എല്ലാ പ്രയോഗമേഖലകളിലും അതിന്റെ പ്രയോഗം വ്യാപിക്കുകയും ചെയ്തു. ഇങ്ങനെ ഒരു പുത്തൻ ഹിബ്രു ഉടലെടുത്തു. വെറും വീട്ടുഭാഷയായി തുടർന്നിരുന്ന കൊങ്കണി ഗോവ എന്ന സംസ്ഥാനം രൂപീകൃതമായതിനെ തുടർന്ന് മറ്റേതൊരു ഇന്ത്യൻ ഭാഷയും പോലെ അംഗീകൃതമായി, വിവിധമേഖലകളിലെ പ്രയോഗത്തിനു സജ്ജമായി.

പ്രയോഗമേഖല ചുരുങ്ങിച്ചുരുങ്ങിവന്നാൽ ന്യൂനപക്ഷഭാഷകൾ ലോപിച്ചുപോകും. ഗൃഹ്യഭാഷയായിപ്പോലും ഉപയോഗിക്കാതെ വരുമ്പോഴാണ് ഭാഷാമൃതി എന്ന് പറയുന്നത്. നഷ്ടപ്രായമായ ആദിവാസി ഭാഷകളുടെ വിവരണാത്മകമായ രേഖകൾ പുരാശേഖരത്തിലേക്കായി സംരക്ഷിച്ചുവക്കാൻ ഇന്നത്തെ പല ഭാഷാശാസ്ത്രവിഭാഗങ്ങളും ശ്രദ്ധിക്കുന്നു. ആസന്നനാശവും പൂർണനാശവും ഭാഷകളെ സംബന്ധിച്ചിടത്തോളം തീരെ സ്വാഗതാർഹമല്ല. ഭാഷ ലോകത്തെ കാണലും അറിയലുമാണ്. അതുകൊണ്ടു മനുഷ്യചരിത്രപ്രവാഹത്തിൽ ഓരോ ഭാഷക്കുമുണ്ട് സ്ഥാനം.

ഈ രീതിയിൽ ചിന്തിച്ചുപോയാൽ ഭാഷാശാസ്ത്രത്തിന്റെ വിഷയപരിധി വികസ്വരമായികൊണ്ടും ഒരു പ്രബന്ധത്തിലോ പ്രഭാഷണത്തിലോ ഉൾക്കൊള്ളിക്കാൻ പറ്റാത്തമട്ടിലുള്ളതും ആണെന്ന് വ്യക്തമാകും. മനോചികിത്സകൻമാർക്കും സ്വാഭാവിക ഭാഷാസംസ്കരണം നടത്തുന്ന സാങ്കേതികവിദഗ്ധന്മാർക്കും ഭാഷാശാസ്ത്രം ഇന്ന് അത്യാവശ്യമായിത്തീർന്നിരിക്കുന്നു. ഭാഷാശാസ്ത്രം സർവംകഷമായ വികാസത്തിലേക്കു കുതിക്കുന്നു.

# Chomsky's Universal Grammar

DR. K.N. ANANDAN
Indian Linguist, ELT specialist and Educational consultant

Noam Chomsky is one of the most influential linguists of modern times. His linguistic philosophy has had a major influence on linguistics, psychology, philosophy and many other disciplines. This unique philosophy asserts that human brain is biologically programmed to learn language, so language faculty is innate. For him, mind works during the course of learning a language. Chomsky's conceptualization of language as a genetic endowment of man has shifted the focus of scientific study from behaviour and its products to mental processes and biological endowment that underlie all human actions. This shift in focus is sometimes referred to as the Cognitive Revolution of the 1950's and 1960's.

The innatist and mentalist views put forward in Chomsky's linguistic theory stand in diametrical opposition to the behaviorist, structuralist and empiricist claims on language and learning which were much in fashion during the first half of the twentieth century. Behaviourism, for example, deals with observable speech behavior. For Chomsky, actual speech behavior or speech performance is only 'the top of a large iceberg of linguistic competence distorted in its shape by many factors irrelevant to linguistics.' According to him the

very expression “behavioral sciences” suggests a fundamental confusion between evidence and subject matter. Psychology is the science of mind; to call psychology a behavioral science is like calling physics a science of meter readings. One uses human behavior as evidence for the laws of the operation of the mind, but to suppose that the laws must be laws of behavior is to suppose that the evidence must be the subject matter.

About 60 years ago Chomsky captured the attention of the academic world with his severe criticism of Skinner’s account of language as verbal behavior. He pointed out that the notion of ‘creativity’ would suffice to reject almost all of Skinner’s ideas of language. Man can create and understand novel sentences that he had never come across before. This would not have been possible if language learning had taken place by virtue of imitation and repetition. The crux of behaviorism is the stimulus- response theory. Chomsky paraded several reasons why this could not handle language; language is ‘stimulus-free’ not ‘stimulus–bound.’ For example, imagine the situation of someone looking at a painting. The stimulus here is the painting which might trigger unpredictable responses. As Vivian Cook has pointed out, had the behavioral claims on language learning been correct, it would be possible to predict the stimulus from a specific response just like predicting the response from a specific stimulus. This kind of prediction might be possible in the cases of animal behavior but not in the cases of human behavior.

Just like behaviorism, structuralism also faced severe criticism with the emergence of Chomsky’s model of linguistics. Till then linguistics had been conceived as a ‘classificatory science,’ a sort of verbal botany which had aimed at the taxonomy of the elements of human languages. It was claimed that the linguistic theory would provide the investigator with

a set of "discovery procedures" which could be used to extract from the language corpus elements like phonemes, morphemes, and so on. Since the focus was on observable facts, structuralism excluded the study of meaning; it was argued that meanings are patterns of behavior determined by stimulus and response which would be subject matter for psychology, not linguistics. Chomsky pointed out that the structuralist methods would not be able to account for several facts of language. For example, consider the sentences,

(1) John is easy to please.

(2) John is eager to please.

These sentences have apparently the same grammatical structure, though the inter relations of the constituents of these structures are not the same. In the first sentence, "John" functions as the direct object of the verb "to please" whereas; in the second sentence "John" functions as the subject of the verb. The first sentence means: "It is easy for someone to please John;" the second sentence has the interpretation, "John is eager that he please someone." The difference in the meaning is caused by the syntax of the underlying deep structures which is not available from the surface word order. This point gets well established by the fact that English allows us to form the noun phrase "John's eagerness to please" from the second but not "John's easiness to please" from the first.

There are several sentences like these that cannot be accounted for within structuralist framework. Let us consider another example:

(3) I like her cooking.

There are no ambiguous words (or morphemes) in sentence (3); it has a very simple superficial grammatical structure. Nevertheless, this sentence is amazingly ambiguous. It can

mean, among other things, 'I like what she cooks,' 'I like the way she cooks,' 'I like the fact that she cooks,' even, 'I like the fact that she is being cooked.' Structuralist assumptions are inadequate to handle such syntactically ambiguous sentences. Chomsky pointed out that that the methods of structural linguistics which had apparently worked so well with phonemes and morphemes did not work very well with sentences. Each language has a finite number of phonemes and a finite though quite large number of morphemes. However, there is no limit to the number of new sentences that can be produced. Not only that; for each sentence, no matter how long, it is always possible to produce a longer one. There is no way within structuralist assumptions to account for the fact that languages have an infinite number of sentences.

The inability of structuralist methods led Chomsky to challenge not only the methods but the goals and even the definition of the subject matter of linguistics given by the structural linguists. The structuralist goal is to provide a taxonomic account of the corpus. Chomsky rejects this view; he argues that the goal of linguistic description should be to construct a theory that would account for the infinite number of sentences of a natural language. The subject matter of linguistics for him is not the "corpus" of utterances but the speaker's innate knowledge of how to produce and understand sentences he had never heard before. Once the conception of the "corpus" as the subject matter is rejected, then the notion of mechanical procedures goes as well. Chomsky argues that no science has a mechanical procedure for discovering the truth anyway. Rather, what happens is that the scientist formulates hypotheses and tests them against evidence. Linguistics is no different: the linguist makes conjectures about linguistic facts and tests them against the evidence provided by native speakers of

February, 2019 മലയാളപ്പച്ച
Volume 01: No. 08 *malayala pachcha*

the language. He has in short a procedure for evaluating rival hypotheses, but no procedure for discovering true theories by mechanically processing evidence.

The notion of innate language is central to Chomskyan revolution. How does this notion grow in the mind of a person? Surely, it is not taught by anyone. It was inquiry in this direction that led Chomsky to propose the Language Acquisition Device (LAD), which eventually was labeled as Universal Grammar (UG). Linguistic theory revolving around the notion of UG evolved after the 1950's. Certain fundamental questions which had been long neglected were taken up seriously. This was not possible earlier. The core idea of language is that language involves "the infinite use of finite means". Earlier it was impossible to deal with this amazing aspect of language. But the new understanding of innateness makes it possible. This has to do with computational processes, sometimes called 'generative' processes. The Chomskyan model of linguistics deals with the contents of UG. His Transformational Generative Grammar (TGG) explores the structure of UG as represented in the human brain.

Chomsky acknowledges that modern linguistics faces a big challenge. On the one hand, it has to provide a truthful account of the complex characteristics of sound and its meaning. At the same time, the theory has to show that beneath the several dissimilarities manifested by different languages they are all similar. This line of inquiry resulted in the insistence on the theory to meet the conditions of descriptive adequacy as well as explanatory adequacy. When the grammar gives an account of the special characteristics of a particular language it satisfies the condition of descriptive adequacy. Such a grammar can tell us what the speaker's knowledge of his language is. Keeping the boundaries of linguistic experience one

can derive particular languages from the initial state of mind which is assumed to be universal. If the theory can provide precise explanation on how this is done it achieves explanatory adequacy. When the theory thrives to meet more and more of descriptive adequacy, it lands up in more and more rule systems that can account for all the diversities and complexities of languages. On the other hand, when it looks for explanatory adequacy all the diversities and complexities of particular languages disappear as all languages can be shown to have the sane structure.

It can be seen that the evolution of Chomskyan model of linguistics over the past 6 decades starting from Syntactic Structures (1957), through the Aspects Model (1965), The Government and Binding (GB) Theory (1980's), Barriers Theory (1986) and the Minimalist Model (1995) has been a natural consequence of the inquiry as to how to make the theory satisfy the requirements of descriptive and explanatory adequacies.

The Chomskyan model of linguistics deals with the contents of UG. His Transformational Generative Grammar (TGG) explores the structure of UG as represented in the human brain and explains how the various modules of UG work. The GB Theory of 1980's assumes that UG has two kinds of sub systems or modules: one is the sub system comprising of rules and the other is that of principles. The sub system of rules has the following components:

i. Lexicon
ii. Syntax
    a. Phrase structure component
    b. Transformational component
iii. PF (Phonetic Form) component
iv. LF (Logical Form) component

The lexicon consists of mental representation of words. The morpho-phonological structure, syntactic features and categorical features of the words will be specified in the lexicon. The Phrase structure component will have rules in conformity with the X-bar Theory. The lexicon and the Phrase structure component together make the base component of grammar. The rules in this component generate structures in which words are inserted as selected by their features. This is how the D- structure is formed. Move $\alpha$ (Move alpha) applies on the D-structure to derive the S- structure. There are other instances of move alpha that apply on the PF component as well as the LF component. The S-structure generated from the Syntactic component gets phonetic realization by virtue of the PF components; the S-structure gets semantic structure by virtue of the LF component. The subsystems of principles are the following:

i. Bounding theory
ii. Government theory
iii. Theta theory
iv. Binding theory
v. Case theory
vi. Control theory

The considerations of Bounding theory decide the boundaries of various constituents of a sentence. This theory imposes constraints on the processes like Move alpha.

The Government theory deals with the relationship between the Head and the other categories that are dependent on the Head. The relationship between the Head and the Complement of a structure comes under the Government theory. Theta theory deals with the assigning of $\theta$ –roles (Thematic roles) like the agent of action, the theme of action and the patient of action to various constituents. Binding theory deals with the

relationship between anaphors, pronominals, referential expressions, variables and their antecedents. Case theory that decides which Cases are assigned to various elements appearing in a certain configuration. What are the situations where abstract Case is assigned and how Case is realized on words are also matters coming under Case theory. Control theory decides the interpretation of the abstract pronominal PRO - the pronoun without phonetic content.

The theory of UG of 1980's is also known as the Principles and Parameters Model. The implicit idea is that the child's innate language system comprises a set of well-defined principles which account for the common properties of all possible human languages and a set of parameters which take care of the differences between any two languages (for example, the Head parameter decides the Verb-Object vs. Object-Verb ordering). In the initial state of language the value of the various parameters will not be specified. Depending on the input the child gets from her speech community the value of each parameter will be fixed in one way or the other. So what exactly do we mean by acquiring a language? It is nothing more than learning how the principles of UG are applied in that language and learning the value of each parameter allowed by UG. We have to bear in mind that each parameter makes certain authentic claims about the speaker's mind and the nature of language acquisition. UG theory proposes precise statements based on specific evidences.

In GB Theory, Chomsky posits a very complex structure for UG. Since the constraints insisted in UG are common for all languages, these could not have been learnt from any speech community. Unless we assume that the innate knowledge is very rich, a human child could not have acquired the language of her speech community in an amazingly short span of time. This innate knowledge is not complete. Otherwise, children growing in different speech communities would not have

acquired different languages. What so ever be the differences between particular languages, the scope of such differences is decided by UG. It is assumed that the components of UG interact with the child's linguistic environment by virtue of which the child gets sufficient evidence to fix the value of each parameter. This happens without the awareness of the learner; it is a sub conscious process for which none of the interventions such as teaching, correcting speech errors and providing explanations on grammar are needed.

# അർത്ഥത്തിന്റെ 'മേൽ'നോട്ടം: ധൈഷണിക അർത്ഥവിചാരം

ഡോ. പി.എം. ഗിരീഷ്
വകുപ്പധ്യക്ഷൻ, മലയാളവിഭാഗം, മദ്രാസ് സർവകലാശാല

## ആമുഖം

വ്യത്യസ്ത അവയവവ്യവസ്ഥയും നാഡീവ്യൂഹവും മസ്തിഷ്കവും ചേർന്നു രൂപപ്പെടുത്തിയ ജീവശാസ്ത്രപരമായ ഉടൽ, ധൈഷണികാർത്ഥവിചാര (Cognitive Semantics)ത്തിന്റെ പ്രധാന പഠനോപാധിയാണ്. ഉടലും ലോകവും തമ്മിലുള്ള സമ്പർക്കവും ഇടപെടലുകളുടെ രീതിഭേദങ്ങളുമാണ് അർത്ഥത്തെ ഉത്പാദിപ്പിക്കുന്നത്. അർത്ഥത്തിന്റെ 'മേൽ' നോട്ടം നിർവ്വഹിക്കുന്നത് ഉടലാകുന്നു. സാമൂഹികവും കായികവുമായ വസ്തുതയാണ് ഉടൽ. ഉടലനുഭവമാണ് ചിന്തയെയും അർത്ഥത്തെയും നിർണ്ണയിക്കുന്നത്. സാമൂഹികവും സാംസ്കാരികവും ഭൗതികവുമായ ചുറ്റുപാടുകളുമായി ഇടപഴകുന്നതിന്റെ ഫലമായി ശരീരം ആർജ്ജിച്ചെടുക്കുന്ന അനുഭവമാണ് ഉടലനുഭവം. അർത്ഥം ഉടലനുഭവമാണ്. മാത്രമല്ല ഭാഷാർജ്ജനസന്ദർഭത്തിൽ പലപ്പോഴും ശരീരവുമായി ബന്ധപ്പെട്ട പദങ്ങളാണ് ശിശുക്കൾ ആദ്യമായി പഠിച്ചെടുക്കുക; ഇപ്രകാരം പോകുന്നു ധൈഷണികാർത്ഥവിചാരചിന്തകൾ.[1]

## ലോകാനുഭവവും സാമാന്യവത്കരണവും

മസ്തിഷ്കത്തിന്റെ ധർമ്മം ജ്ഞാനാർജ്ജനമാണ്. നാഡീകോശങ്ങളിലൂടെയാണ് ജ്ഞാനം ആർജ്ജിക്കുന്നത്. നാഡീകോശങ്ങളുടെ സാകല്യമാണ് മനുഷ്യർ. പതിനായിരംകോടി നാഡീകോശങ്ങൾ മനുഷ്യമസ്തിഷ്കത്തിലുണ്ട്. ഇവയുടെ സഹായത്തോടെയാണ് നാം

1 മാർക്ക് ജോൺസൺ, ജോർജ് ലക്കോഫ്, ഫീൽഡമാൻ, ലങ്ഗാക്കർ എന്നിവരുടെ ചിന്തകൾ

വിവരങ്ങൾ ആർജ്ജിക്കുന്നത്. നമ്മുടെ യുക്തിയും സങ്കല്പനവും ശരീരാധിഷ്ഠിതമാണ്. മസ്തിഷ്കഘടനയാണ് അവ തീരുമാനിക്കുന്നത്. മസ്തിഷ്കത്തിലെ നാഡികളാണ് ഒരു സങ്കല്പനം എപ്രകാരമുൾക്കൊള്ളണമെന്ന് തീരുമാനിക്കുന്നത്. വർഗീകരിക്കാനുള്ള കഴിവ് ധൈഷണികമാണ്. അമീബവരെ ഇക്കാര്യം ചെയ്യുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും അബോധപരമാണ്. ബാഹ്യലോകത്തിന്റെ പ്രതിഫലനമാണോ മനുഷ്യന്റെ സങ്കല്പനവും അർത്ഥവും എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ധൈഷണികാർത്ഥവിജ്ഞാനത്തിന്റെ ഉടൽപൊരുൾ അഥവാ 'എംബോഡീഡ് മീനിങ്' എന്നത്. നമ്മുടെ ശരീരവും തലച്ചോറും രൂപപ്പെടുത്തുന്ന സങ്കല്പനങ്ങൾ ഉടലറിവുകളാണ്. അവ ആവിഷ്കരിക്കുന്നത് ജ്ഞാനമാതൃകകളാണ്. ശരീരം അറിവാണ്. അറിവിന്റെ നിയാമകവും നിദാനവും ശരീരമാണ്. ശരീരസ്വഭാവമാണ് അറിവിന്റെ മാധ്യമമാകുന്നത്. നമ്മുടെ അനുഭവങ്ങൾ മൂർത്തീകരിക്കപ്പെടുന്നത് ശരീരംവഴിയാണ്. ശരീരത്തിന്റെ പ്രകൃതി, നാഡീകോശങ്ങൾ എന്നിവവഴിയാണ് നാം ലോകത്തെ അറിയുന്നത്. ഇതിനെ ധൈഷണികബോധം എന്നു വിളിക്കാം. ഈ ധൈഷണികബോധമാണ് നമ്മുടെ സങ്കല്പനത്തെയും വീക്ഷണത്തെയും നിർണ്ണയിക്കുന്നത്.

ലോകാനുഭവത്തെ എങ്ങനെ മനസ്സിലാക്കുന്നുവെന്നും എങ്ങനെ അനുഭവിക്കുന്നുവെന്നും വ്യക്തമാക്കുകയാണ് വ്യാകരണം; അനുഭവങ്ങളെ സാമാന്യവത്കരിച്ച് അവതരിപ്പിക്കുകയാണ് വ്യാകരണം. അതിനാൽ ലോകബോധത്തിന്റെ സാമാന്യവത്കരണമാണ് വ്യാകരണം. ഒരു ഉദാഹരണം നോക്കുക: കാലുകൾ ഉള്ള ജീവിയുടെ കർമ്മമാണ് ഓടുക എന്ന ക്രിയ. 'ഓടുക' എന്ന ക്രിയയുടെ അർത്ഥം ഓടുന്ന ആൾക്കോ/ 'ജന്തു'വിനോ അനുസൃതമായി വ്യത്യാസപ്പെടുന്നു. മനുഷ്യർ ഓടുന്നതുപോലെയല്ല പട്ടി ഓടുന്നത്. അതുപോലെയല്ല കുതിര ഓടുന്നത്. അതായത് ഒരേപോലെയുള്ള ചലനത്തെയല്ല ഓടുക എന്ന ക്രിയ കാണിക്കുന്നതെന്നർത്ഥം. ഇപ്രകാരം പലതരത്തിലുള്ള ഓട്ടങ്ങളെ/ചലനങ്ങളെ 'ഓടുക' എന്ന ക്രിയയായി സാമാന്യവത്കരിച്ചാണ് നാം ഉപയോഗിക്കുന്നത്. മിക്ക അർത്ഥരൂപങ്ങളും വ്യത്യസ്ത അർത്ഥബോധങ്ങളുമായി പരിഗണനീയമായ തരത്തിൽ പരസ്പരം ബന്ധപ്പെട്ടു നില്ക്കുന്നു. അതൊരു ശൃംഖലപോലെ പ്രവർത്തിക്കുന്നു[2]. നാം ആർജ്ജിച്ചെടുക്കുന്ന അറിവ് ബുദ്ധിയിൽ ഒരുക്കി സൂക്ഷിച്ചുവെയ്ക്കുന്നത്, ഇത്തരം ജ്ഞാനബിംബശൃംഖല (Image schema) കളിലൂടെയാണ്. പരസ്പരം ബന്ധപ്പെട്ട സങ്കല്പനങ്ങളെ കൂട്ടിച്ചേർത്തും അവയെ മുൻകാലസംഭവങ്ങളും അനുഭവങ്ങളുമായി കൂട്ടിച്ചേർത്തും

2. അർത്ഥപഠനത്തിന് സമഗ്രതയിലൂന്നുന്ന സമീപനം കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിലാണ് ലങ്ഗാക്കർ ശ്രദ്ധേയനാകുന്നത്.

നിർത്തുന്നത് ബിംബശൃംഖലകളാണ്. വൈജ്ഞാനികഘടകങ്ങളുടെ ഏകകം ബിംബശൃംഖലയാണ്. മനുഷ്യർ ഉൾക്കൊള്ളുന്ന അനുഭവത്തിന്റെ മാനസികബിംബമാണിത്. ബിംബശൃംഖലകൾ ലളിതമോ സങ്കീർണമോ ആകാം. എങ്ങനെ പെരുമാറണമെന്നതടക്കമുള്ള സാമൂഹികവിഷയങ്ങൾ മസ്തിഷ്കത്തിൽ ബിംബശൃംഖലയുടെ അടിസ്ഥാനത്തിലാണ് നില്ക്കുന്നത്. അനുഭവങ്ങളുടെ എണ്ണം വർധിക്കുന്തോറും ബിംബശൃംഖല സങ്കീർണ്ണമാകുന്നു. വ്യക്തികളുടെ കായികചലനങ്ങളുടെയും അനുഭവങ്ങളുടെയും പ്രതിനിധാനങ്ങൾ എന്ന നിലയ്ക്കാണ് ഇവ ബിംബാത്മകമാകുന്നത്. ആവർത്തനക്രമത്തോടുകൂടിയ ശരീരചലനങ്ങൾ, വസ്തുക്കൾ കൈകാര്യംചെയ്യൽ, വസ്തുക്കളെ നിയന്ത്രണത്തിൽ കൊണ്ടുവരൽ, ഗ്രഹണം എന്നിങ്ങനെയുള്ള വൃത്തികൾവഴിയാണ് നാം അറിവ് ആർജ്ജിക്കുന്നത്. ഇപ്രകാരം ഉടൽ നേരിട്ട് അർത്ഥോത്പാദനത്തിൽ പങ്കെടുക്കുന്നു.

മുന്നുടലും പിന്നുടലും

മനുഷ്യശരീരത്തിന്റെ പ്രധാന പ്രത്യേകത, മുൻഭാഗത്തിൽനിന്നു വ്യത്യസ്തമാണ് പിൻഭാഗമെന്നതാകുന്നു. മനുഷ്യശരീരത്തിന്റെ മുൻഭാഗത്താണ് ജ്ഞാനാർജ്ജനത്തിന്റെ പ്രഥമേന്ദ്രിയമെന്ന് വിശേഷിപ്പിക്കപ്പെടുന്ന കണ്ണ് സ്ഥിതിചെയ്യുന്നത്. മനുഷ്യർ ചലിക്കുന്ന ദിശയിലേക്കാണ് ഇന്ദ്രിയങ്ങൾ ആഞ്ഞുനില്ക്കുന്നത്. അതിനാൽ മുൻഭാഗത്തിന്, പിൻഭാഗത്തേക്കാൾ പ്രാധാന്യം കല്പിക്കപ്പെടുന്നു. ഈ പരിഗണന അർത്ഥത്തിന് സാമൂഹികവും സാംസ്കാരികവുമായ പ്രാധാന്യം നൽകുന്നു. ഭാവി മുമ്പിലാണെന്നും ഭൂതം പിന്നിലാണെന്നും നാം മനസ്സിലാക്കുന്നത് ശരീരത്തിന്റെ അടിസ്ഥാനത്തിലാണ്. ഭാവിയിലേക്ക് നാം ഉറ്റുനോക്കുകയാണ്. മുൻഭാഗവും പിൻഭാഗവും എല്ലാം നാം നില്ക്കുന്നതിന് ആശ്രയിച്ചായിരിക്കും. ജീവശാസ്ത്രപരമായി ശരീരത്തിന്റെ മുൻഭാഗവും പിൻഭാഗവും ഒരുപോലെ പ്രാധാന്യമർഹിക്കുന്നവയാണെങ്കിലും സാമൂഹികതയുടെ അടിസ്ഥാനത്തിൽ അവയ്ക്ക് അർത്ഥഭേദം വരുന്നുണ്ട്. 'കുട്ടികളെ പഠിപ്പിക്കുന്ന കാര്യത്തിൽ ആ അധ്യാപകർ പിന്നിലാണ്/മുന്നിലാണ്'' എന്നെല്ലാം നാം പറയുന്നത് ഈ സാമൂഹികമൂല്യത്തിന്റെ അടിസ്ഥാനത്തിലാണ്. പൊതുവെ, പിൻബഞ്ചുകാർ മോശക്കാരും മുൻബെഞ്ചുകാർ മിടുക്കരുമാണല്ലോ. സദസ്സിന്റെ മുൻനിര വി.ഐ.പി.കൾക്കായി ഒഴിച്ചിടുന്നതും സാധാരണമാണ്. സിനിമാതിയ്യറ്ററിലെ പിൻനിരക്കാരെയും മുൻനിരക്കാരെയും നിശ്ചയിക്കുന്നതിൽ സാമ്പത്തികവും കാരണമാകുന്നു. അതിന്റെ അടിസ്ഥാനത്തിൽ മേൽ-കീഴുകൾ തെളിയുകയും ചെയ്യുന്നു. നാടകത്തിലും സർക്കസ്സിലും മറ്റും ഈ ക്രമം

വീണ്ടും മാറുന്നു. അവിടെ അടുത്തുകാണലും നന്നായി മനസ്സിലാക്കലും മുൻനിരക്കാരായ പണക്കാരുടേതാകുന്നു.പുരോഗമനവും പുരോഗതിയും മുന്നോട്ടുള്ള പോക്കാണ്. മുൻകൂട്ടിക്കാണാനുള്ള കഴിവും നല്ലതാകുന്നു. മുൻ-പിൻ എന്നതിന്റെ ആപേക്ഷികത നിർണയിക്കുന്നത് ശരീരമാകുന്നു. മുകളിൽനിന്ന് നോക്കുന്നതാണ് മേൽനോട്ടം. ഇവിടെ സാമൂഹികശ്രേണീകരണം പദവിയുടെയോ മറ്റോ ആകാം. ഇതിൽ ലിംഗവിവേചനം കടന്നുവരുമ്പോൾ ആൺ/പെൺനോട്ടങ്ങൾ ഉണ്ടാകുന്നു. മുന്നോട്ടുള്ളതെല്ലാം നമുക്ക് നല്ലതാകുന്നു. നേർവഴിയും നേർക്കാഴ്ചയും നേരെ എന്നതും ഓർക്കുക. നേരെചൊവ്വയിലെ ചൊവ്വ എന്നതിന് നേരെ എന്നാണർത്ഥം. ചൊവ്വാകുക എന്നാൽ നേരെയാകുക എന്നാണല്ലോ അർത്ഥം. ചൊവ്വുള്ളത് എന്നാൽ വളവില്ലാത്തത് എന്നാണർത്ഥം. അതായത് നമ്മുടെ സംസ്കാരത്തിലെ ദ്വന്ദ്വപ്രതിയോഗങ്ങളുടെ ഒരു ആവലിതന്നെ ശരീരാധിഷ്ഠിതമായി രൂപപ്പെടുന്നുണ്ടെന്ന് കാണാം. ഇതിൽ പലതും പ്രത്യയശാസ്ത്രപരമായി മാറുന്നു.

### അർത്ഥവും ധൈഷണികവൃത്തിയും

ലോകബോധം ശരീരത്തിൽനിന്ന് ആരംഭിക്കുന്നു. അറിവു പ്രദാനംചെയ്യുന്നത് ശരീരമാണ്. മനുഷ്യശരീരത്തിന്റെ ഏകതാനമായ സ്വഭാവമാണ് സവിശേഷമായൊരു ലോകബോധം മനുഷ്യനു നല്കുന്നത്. അറിവ് ആർജ്ജിക്കുന്നതിനുള്ള മാധ്യമമാണ് ശരീരം. ജ്ഞാനാർജ്ജനം ബിംബാത്മകമാണ്. സവിശേഷാനുഭവങ്ങളുടെ ആവിഷ്കാരമായ ബിംബം, ചില അടിസ്ഥാനതലങ്ങളെ ഉൾക്കൊള്ളുന്നുണ്ടെന്ന് ധൈഷണികഭാഷാശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നുണ്ട്. അർത്ഥത്തെ നിർണയിക്കുന്നത് ലക്ഷകം, ഉപാദാനലക്ഷണ എന്നിങ്ങനെയുള്ള വ്യത്യസ്ത ധൈഷണികവൃത്തികളാണ്. ഉദാഹരണങ്ങൾ നോക്കുക:

1. ഉഷയുടെ വലംകൈയായിരുന്നു ചന്ദ്രിക
2. ദിലീഷ് പോത്തന്റെ പുതിയ പടത്തിലെ നായിക പുതുമുഖമാണ്
3. തലയിരിക്കുമ്പോൾ വാലാടരുത്

ശരീരം പലതരത്തിലുള്ള അവയവങ്ങളാൽ നിർമ്മിതമാണ്. തല (മനുഷ്യ)ശരീരത്തിന്റെ പ്രധാന ഭാഗങ്ങളാണ് തല, കൈ, മുഖം എന്നിവ. ശരീരത്തിന്റെ ചെറിയ അംശങ്ങൾ. എങ്കിലും ഇവ ഓരോന്നും മനുഷ്യശരീരം അഥവാ വ്യക്തിയെന്ന സാകല്യത്തെ സൂചിപ്പിക്കുന്നു. വലംകൈ എന്നത് വിശ്വസ്തൻ/വിശ്വസ്ത അഥവാ പ്രധാന സഹായിയെ കുറിക്കുന്നു. പുതുമുഖം എന്നത് പുതിയ നടനെ/നടിയെക്കുറിക്കുന്നു. ഇപ്രകാരം അംശത്തിൽനിന്ന് സാകല്യത്തിലേക്കുള്ള സൂചനയാണ് ഈ വാക്യങ്ങൾക്ക്

അർത്ഥം പകരുന്നത്. ഇത്തരം ബന്ധത്തെ ഉപാദാനബന്ധം അഥവാ മെറ്റോണമി എന്ന് വിളിക്കുന്നു. മൂന്നാമത്തെ വാക്യം ശ്രദ്ധിക്കുക. ഈ വാക്യത്തിലെ 'വാൽ' അല്പം പ്രശ്നമുണ്ടാക്കുന്നുണ്ട്. കാരണം. 'വാൽ' മനുഷ്യാവയവമല്ല. വാൽ എന്ന പ്രയോഗം ഈ വാക്യത്തിന് ആധാരമായ മറ്റൊരു തലമുണ്ടെന്ന് സൂചിപ്പിക്കുന്നു. 'വാലാട്ടുക' എന്ന പ്രയോഗം മലയാളികളെ സംബന്ധിച്ചിടത്തോളം നായയുമായി ബന്ധപ്പെട്ട സൂചനയാകയാൽ മൃഗലോകമാണ് സ്രോതസ്ഥലം. തലയിരിക്കുമ്പോൾ വാലാടരുത് എന്നത് ലക്ഷ്യതലം. ഇപ്രകാരം സ്രോതസ്ഥലവും ലക്ഷ്യതലവും തമ്മിലുള്ള അടയാളപ്പെടുത്തലിനെ ലക്ഷകം അഥവാ കോൺസ്പചൽ മെറ്റഫർ എന്നു വിളിക്കാം. തല എന്നത് പ്രധാനവ്യക്തിയെയും വാൽ അപ്രധാനവ്യക്തിയെയും സൂചിപ്പിക്കുന്നു. അപ്പോൾ അത് ഉപാദാനബന്ധത്തെ കാണിക്കുന്നു. തലയും വാലും യഥാക്രമം പ്രധാനവ്യക്തി അപ്രധാനവ്യക്തി എന്നിങ്ങനെയുള്ള സാകല്യത്തിലേക്കാണ് നീളുന്നത്.

ഇതിലൂടെ ഉപാദാനലക്ഷണ, ലക്ഷകം എന്നിവയാണ് അർത്ഥത്തെയുണ്ടാക്കുന്നതെന്ന് കണ്ടു. ഇവ രണ്ടും ധൈഷണികവൃത്തികളാണ്. ഇവ രൂപംകൊള്ളുന്നത് നമ്മുടെ അനുഭവങ്ങളിൽനിന്നാണ്. ഈ അനുഭവങ്ങൾ മസ്തിഷ്കത്തിൽ സൂക്ഷിച്ചുവെയ്ക്കുന്നത് ജ്ഞാനബിംബങ്ങളിലൂടെയാണ്. ഓർമയിലാണ് ജ്ഞാനബിംബവ്യവസ്ഥ കുടികൊള്ളുന്നത്. സങ്കല്പനരൂപീകരണത്തിന്റെ അടിസ്ഥാനവും ഇതുതന്നെയാകുന്നു.

ഭൗതികസാഹചര്യങ്ങളിലുള്ള വസ്തുക്കളുമായുള്ള ഇടപെടലുകളിൽനിന്നാണ് നമ്മുടെ അടിസ്ഥാന അനുഭവങ്ങൾ ഉണ്ടാകുന്നത്. അടിസ്ഥാന അനുഭവങ്ങളെ അടിസ്ഥാനതലങ്ങൾ എന്നു പറയാം. സങ്കല്പനത്തിന് ആധാരം അടിസ്ഥാനതലമാകുന്നു. ഈ അടിസ്ഥാനതലം രൂപപ്പെടുന്നത് ശൃംഖലാബന്ധമുള്ള ബിംബങ്ങളിലൂടെയാണ്. അറിവ് ഉത്പാദിപ്പിക്കുന്ന സങ്കല്പനങ്ങളുടെ ആധാരമായ ഈ ബിംബവ്യവസ്ഥയെ ജ്ഞാനബിംബവ്യവസ്ഥ എന്നു വിളിക്കാം. ഇക്കാര്യം ഒരു ഉദാഹരണംകൊണ്ട് വ്യക്തമാക്കാം. 'യാത്ര' എന്നത് നമ്മുടെ അടിസ്ഥാന അനുഭവമാണ്. നടത്തത്തിന്റെ നീട്ടലാണ് യാത്ര. ഇതിനെ നമുക്ക് അടിസ്ഥാനതലം എന്ന് പറയാം. ഈ തലത്തിന്റെ ജ്ഞാനബിംബവ്യവസ്ഥ എങ്ങനെ രൂപംകൊള്ളുന്നു? 'തുടക്കം-പാത-ലക്ഷ്യം' എന്നിങ്ങനെ ബിംബങ്ങളുടെ ശൃംഖലയിലൂടെയാണ് 'യാത്ര' എന്ന അടിസ്ഥാനതലം രൂപപ്പെടുന്നത്. ശരീരഭാഗങ്ങൾ പലതും ഇപ്രകാരം അർത്ഥത്തെ ഉത്പാദിപ്പിക്കുന്ന മണ്ഡലങ്ങളായി മാറുന്നു. തല എന്നതിന് കൊടുക്കുന്ന അർത്ഥം നോക്കുക [3].

3 ശബ്ദതാരാവലി.2010:1016.

1. ജീവികളുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു അവയവം, ജന്തുക്കളുടെ ശരീരത്തിന്റെ മുകളറ്റത്തോ മുന്നറ്റത്തോ ഉള്ളത്.കണ്ണ്, കാത്, വായ്, തുടങ്ങിയവയും മസ്തിഷ്കവും തലയിൽ സ്ഥിതിചെയ്യുന്നു.
2. ( വൃക്ഷങ്ങളുടെയും മറ്റും മുകൾഭാഗം)തലപ്പ്,
3. അറ്റം( വിശേഷിച്ച് മുമ്പിലത്തെ അറ്റം),
4. ഭാഗം, വശം( അഭിമുഖമായി നിൽക്കുന്ന രണ്ടു സംഘങ്ങളെ കുറിക്കുമ്പോഴെന്നപോലെ),
5. വാളിന്റെയും മറ്റും മൂർച്ചയുള്ള വശം,
6. അതിര്.
7. ആദ്യത്തേത്, ഒന്നാമത്തേത്,
8. ആരംഭം, തുടക്കം,
9. മുഖ്യമായത്, പ്രധാനപ്പെട്ടത്,
10. തലമുടി,
11. ബുദ്ധി, തലച്ചോറ്,
12.ആൾ, വ്യക്തി,
13.(നായാട്ട്) അമ്പെയ്യൽ,
14. നാണയത്തിൽ മൂല്യം രേഖപ്പെടുത്തിയിരിക്കുന്നതിന്റെ മറുവശം

1.തലകളയുക(മരിക്കുക)
2.(ചിന്തിച്ച് ക്ലേശിക്കുക),
3. തലകാട്ടുക -മുമ്പിൽ വരിക- പ്രത്യക്ഷപ്പെടുക, മുന്നോട്ടു വരിക, ഇടപെടുക,
2. വ്യക്തമാകുക, വെളിയിലാവുക
3. ചടങ്ങിനുവേണ്ടി മാത്രം പോയി ഉടനെ മടങ്ങുക
4. തലകീഴ്മറിയുക,
5. തലകുത്തിമറിയുക(അഭ്യാസം കാണിക്കുക, 2. പ്രയാസപ്പെടുക)
6. തലകുനിക്കുക(വിധേയത്വം ഭാവിക്കുക, തോൽവി സമ്മതിക്കുക, വണങ്ങുക, 2. ലജ്ജിക്കുക

തലകൊടുക്കുക 1. മുമ്പിട്ടു നില്ക്കുക, ഭാരമേല്ക്കുക,

ഇത്തരത്തിൽ പലതരം അർത്ഥങ്ങൾ തലയുമായി ബന്ധപ്പെട്ട് ശബ്ദതാരാവലിയിൽകൊടുത്തിട്ടുണ്ട്.

ഇപ്രകാരം ശരീരാവയവങ്ങളിൽനിന്ന് സമ്പുഷ്ടമായ നിഘണ്ടു രൂപപ്പെടുന്നുണ്ട്. ഭാഷാർജ്ജനത്തിന്റെ ആദ്യഘട്ടത്തിൽതന്നെ ഇവയിൽ പലതും നാം പഠിച്ചെടുക്കുകയും ചെയ്യുന്നു. ഇവയിൽനിന്നു രൂപംകൊള്ളുന്ന ലക്ഷകങ്ങളുടെ എണ്ണം വളരെക്കൂടുതലാണ്. ശരീരവും മനസ്സും

തത്ത്വചിന്തകർക്കും മനശ്ശാസ്ത്രജ്ഞർക്കും ഭാഷാശാസ്ത്രജ്ഞർക്കും ഒരുപോലെ താത്പര്യമുള്ള മേഖലയായി മാറിയിട്ടുണ്ട്. ഇവയിൽ പലതും വ്യത്യസ്തമായ രീതിയിലാണ് ശരീരത്തെ പരിഗണിച്ചുപോരുന്നത്. ശരീരാവയവങ്ങളിൽ പ്രധാനപ്പെട്ട തലയ്ക്ക് പുറമേ ഹൃദയം, വായ, കൈ, കണ്ണ് എന്നിവയും ധാരാളം ലക്ഷകങ്ങളുടെ ഉറവിടങ്ങളാണ്. ചിലപ്പോൾ ഉപാദാനബന്ധവും കയറിവരുന്നു.

കണ്ണ്- കാണാൻ ഉപകരിക്കുന്ന ഉപകരണം എന്നർത്ഥമാണ് കണ്ണിന് ശബ്ദതാരാവലി(2010:447) കൊടുത്തിരിക്കുന്നത്: കണ്ണിൽനിന്നുണ്ടാകുന്ന പദങ്ങൾ നോക്കുക: കണ്ണടയ്ക്കുക, കണ്ണോടിക്കുക, കണ്ണിറുക്കുക, കണ്ണെഴുതുക, കണ്ണെറിയുക, കണ്ണു നനയുക, കണ്ണുകാണിക്കുക, കണ്ണുതുറക്കുക, കണ്ണിൽ എണ്ണ ഒഴിച്ച് കാത്തിരിക്കുക, കണ്ണുപറ്റുക, കണ്ണുവെയ്ക്കുക, കണ്ണിൽ ചോരയില്ല, കണ്ണുകടി, കണ്ണുതുറക്കുക,കണ്ണുതെളിയുക, കണ്ണുതള്ളിപ്പോകുക, കണ്ണിറുക്കുക, കണ്ണുപൊട്ടൻ, കണ്ണുമറയുക, കണ്ണടയുക, കണ്ണുവെയ്ക്കുക, കണ്ണുവട്ടത്ത്, കണ്ണെടുക്കുക, കണ്ണെറിയൽ, കണ്ണേറ് ദോഷം, കണ്ണോക്കം(നോട്ടം), കണ്ണെത്തുക എന്നിങ്ങനെ ഉപാദനാലക്ഷണയും ലക്ഷകവുംചേർന്ന് ധാരാളം പദങ്ങൾ കണ്ണ് എന്ന ഒറ്റ അവയവത്തിൽ നിന്ന് ഉടലെടുക്കുന്നു. എല്ലാ ലക്ഷകങ്ങളും ഉപാദാനപ്രദാനങ്ങളാണെന്ന് കാണാം. ഹൃദയം എന്ന അവയവത്തെ ധൈര്യം, പ്രണയം, വെറുപ്പ്, ഭയം എന്നീ വികാരങ്ങളുമായി ബന്ധപ്പെടുത്തിപ്പറയാറുണ്ട്. ഹൃദയവുമായി ബന്ധപ്പെട്ട ലക്ഷകങ്ങൾ

1. ഹൃദയം മനുഷ്യനാണ്
2. ഹൃദയം ജീവിയാണ്
3. ഹൃദയം ഒരു വസ്തുവിന്റെ മൂല്യമാണ്
4. ഹൃദയം പാത്രമാണ്

ഇവയിൽനിന്നുമുണ്ടാകുന്ന ഏതാനും പ്രയോഗങ്ങൾ ശ്രദ്ധിക്കുക—ഹൃദയങ്ങൾ ഒന്നായി, തകർന്നുപോയി, പൊട്ടിപ്പോയി, ജ്വലിച്ചു, തുടിച്ചു. ഹൃദയത്തിന്റെ പര്യായമായ ചങ്കും ലക്ഷകങ്ങളായി ഉപയോഗിക്കുന്നുണ്ട്. ചങ്കുപറിച്ചുകൊടുക്കുക, ചങ്കുറപ്പുള്ളവൻ, ചങ്കൂറ്റം, ഹൃദയം പാത്രമാകുന്നു. ശരീരത്തെ മൊത്തത്തിൽ പാത്രമായി നാം കാണുന്നു. ഹൃദയത്തെയും പാത്രമായി കാണുന്നു. അതുകൊണ്ടാണ് ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുക എന്ന പ്രയോഗംകാണുന്നത്.

I am you, you are mine
I locked you in my mind
But the little key was lost

so you will be there always എന്നതിൽ ഹൃദയത്തെ പൂട്ടിവെയ്ക്കാവുന്ന പെട്ടിയായി കാണുകയാണ്. “ദാ പെണ്ണേ നിനക്കായി എന്റെ ഹൃദയത്തിന്റെ സുന്ദരക്കുട്ടപ്പൻ താക്കോൽ” എന്ന് ബഷീർ പ്രേമലേഖനത്തിൽ പറയുന്നത് ഓർക്കുക.

ബലം എന്ന ആശയം

ചലനം മനുഷ്യജീവിതത്തിന്റെ അവിഭാജ്യഘടകമാണ്. എന്താണ് ബലം- ഉന്തലും വലിക്കലുമാണത്. ബലം ഒന്നിനെ ചലിപ്പിക്കുന്നു. 1. വേഗം, ചലനത്തിന്റെ ദിശ എന്നിവയേയോ രണ്ടിനേയും ചേർത്തോ ബലം മാറ്റുന്നു. 2. അത് ഒന്നിന്റെ ആകൃതിയും രൂപവും മാറ്റുന്നു. ബലമെന്നാൽ അനങ്ങാതിരിക്കുന്ന വസ്തുവിനെ അനക്കലാണ്. ചലിക്കുന്ന ഒന്നിന്റെ വേഗം കൂട്ടലാണ്. ദിശമാറ്റലാണ്. കാര്യ-കാരണബന്ധത്തെയുണ്ടാക്കുന്നതാണത്. ബലവുമായി ബന്ധപ്പെട്ടാണ് ബാലൻസ് എന്ന ആശയം ഉണ്ടാകുന്നത്. ബലത്തെ നമുക്ക് രണ്ടായി തിരിക്കാം. നേരിട്ട് പ്രവർത്തിക്കുന്ന ബലം, പരോക്ഷമായി പ്രവർത്തിക്കുന്ന ബലം എന്നിങ്ങനെ. സമ്മർദ്ദവും ബലവും പര്യായപദങ്ങളായി ഉപയോഗിക്കാറുണ്ട്. എങ്കിലും അവ തമ്മിൽ വ്യത്യാസമുണ്ട്. ഒന്നിനെ ഉള്ളിലേക്ക് തള്ളുന്നതാണ് സമ്മർദ്ദം. സാന്ദ്രതയും സ്ഥലവുമായി ബന്ധപ്പെട്ട ഒന്നാണത്. ചെറിയ കുപ്പിയിൽ കൂടുതൽ ചായപ്പൊടി കുത്തിനിറയ്ക്കുന്നത് ഉദാഹരണം. ബലത്തെക്കുറിച്ചുള്ള ഈ അടിസ്ഥാന അറിവാണ് അതുമായി ബന്ധപ്പെട്ട ലക്ഷകത്തെയും ജ്ഞാനമാതൃകയെയും വാർത്തെടുക്കുന്നത്. അതുകൊണ്ടാണവ ഭാഷയിൽ സുലഭമായി കാണുന്നത്.

സൗന്ദര്യം ബലമാണെന്ന ഉടൽലക്ഷകം ധാരാളം കാര്യങ്ങളെ ഉൾക്കൊള്ളുന്നുണ്ട്. സാഹചര്യങ്ങളുമായി ബന്ധപ്പെട്ടാണ് ബലം എന്ന ആശയത്തെ നാം മനസ്സിലാക്കുന്നത്. പരിസ്ഥിതിയുമായി, ശരീരത്തെ എങ്ങനെയെല്ലാം നിയന്ത്രിക്കാമെന്നും അതിനെ എങ്ങനെ വ്യാവർത്തിപ്പിക്കാമെന്നുമൊക്കെ മനസ്സിലാക്കിയാണ് ബലം എന്ന ആശയത്തെ നാം ഉൾക്കൊള്ളുന്നത്. ഗുരുത്വാകർഷണം, പ്രകാശം, ചൂട്, തണുപ്പ് , കാറ്റ്, ശാരീരികപ്രക്രിയകൾ തുടങ്ങിയ ബാഹ്യവും ആന്തരികവുമായ ബലങ്ങളോട് ഇടപെടാനുള്ള ശക്തി നമ്മുടെ ശരീരത്തിനുണ്ട്. അപ്പോൾ സാഹചര്യവുമായുള്ള നിരന്തരസമ്പർക്കത്തിന്റെ ഫലമായി ശരീരത്തിലൂടെ നാം ബലം എന്ന സങ്കല്പത്തെ മനസ്സിലാക്കുന്നു.

‘മെയ് വഴക്കം’എന്ന പ്രയോഗം മലയാളികളുടെ ഉൾക്കരുത്താണ്. ബലവുമായുള്ള പ്രതിപ്രവർത്തനത്തിലൂടെയാണ് നാം എടുക്കാനും

തൊട്ടുക്കാനും ഓടാനും ചാടാനും മറിയാനും ചായകുടിക്കാനും കപ്പ് പിടിക്കാനുമൊക്കെയുള്ള ബലത്തെ വഴക്കിയെടുക്കുന്നത്. വഴക്കം കായികബലത്തിന്റെ വ്യത്യസ്ത പ്രത്യക്ഷീകരണങ്ങളെ കാണിക്കുന്നു.

'ആഗ്രഹങ്ങൾക്കു വഴങ്ങിക്കൊടുത്തുവെന്ന്' പറയുമ്പോൾ ഒരാൾ ചെലുത്തിയ ബലത്തിനനുസരിച്ച് കാര്യങ്ങൾചെയ്തു കൊടുത്തുവെന്നാണർത്ഥം. (ലൈംഗികബന്ധത്തിന് വഴങ്ങിയെന്നർത്ഥത്തിനാണ് പ്രചാരം). ലൈംഗികബന്ധം ബലപരീക്ഷണമാണ്; കായികബലത്തിന് മറ്റൊരു കായികബലം കീഴടങ്ങിനിൽക്കുകയാണിവിടെ. സ്ത്രീകളുടെ അനുവാദമില്ലാതെ അവരെ ആക്രമിച്ചുകീഴടക്കി ശാരീരികബന്ധത്തിൽ ഏർപ്പെടുന്ന പ്രവൃത്തിയാണ് ബലാത്സംഗം. ബലംപ്രയോഗിച്ചുകൊണ്ട് നടത്തുന്ന ലൈംഗികചൂഷണമാണത്[4]. അർത്ഥം ഉടലുമായി ബന്ധപ്പെട്ടാണ് രൂപപ്പെടുന്നതെന്ന വസ്തുതയെ ഇക്കാര്യങ്ങളെല്ലാം സാധൂകരിക്കുന്നു.

ഉപസംഹാരം

ആംഗ്ലോ-അമേരിക്കൻപാരമ്പര്യത്തിൽ ഉൾപ്പെടുന്ന തത്ത്വചിന്തയായ വസ്തുനിഷ്ഠലോകവീക്ഷണത്തെ അടിസ്ഥാനമാക്കി ഉരുവപ്പെട്ട സത്യാധിഷ്ഠിതാർത്ഥവിചാരത്തെ (Truth conditional semantics) എതിർത്തുകൊണ്ട് എഴുപതുകളിൽ നാമ്പിട്ട അർത്ഥപഠനരീതിയാണ് ധൈഷണികാർത്ഥവിചാരം.

1. ഇന്ദ്രിയജ്ഞാനംവഴിയാണ് അറിവ് ആർജ്ജിക്കുന്നത്. ഇന്ദ്രിയാനുഭവങ്ങളിലൂടെ മനസ്സിലെത്തുന്ന വിവരങ്ങൾ ഓർമയിൽ ശേഖരിച്ചുവെയ്ക്കുന്നു. അവ ആവശ്യമായി വരുന്ന സന്ദർഭത്തിൽ ഉപയോഗിക്കുകയും ചെയ്യുന്നു. ഇതിനെ ധൈഷണികത എന്നു വിളിക്കാം. മനുഷ്യന്റെ എല്ലാ വ്യവഹാരങ്ങളും നടക്കുന്നത് ധൈഷണികതയുടെ അടിസ്ഥാനത്തിലാണ്. അർത്ഥമുള്ള വിവരങ്ങളാണ് മനസ്സ് ശ്രദ്ധിക്കുക. ഐന്ദ്രിയാനുഭവങ്ങളുടെ പുറംലോകവും സങ്കല്പനഘടനയും തമ്മിലുള്ള ബന്ധസ്വഭാവം പരിശോധിക്കലാണ് ധൈഷണികാർത്ഥത്തിന്റെ പൊതുസ്വഭാവം. വളരെ യുക്തിയുക്തമായ സമീപനമായിട്ടാണ് ധൈഷണികഭാഷാശാസ്ത്രജ്ഞരുടെ അർത്ഥപഠനം വിശേഷിപ്പിക്കപ്പെടുന്നത്. ലോകബോധം ശരീരത്തിൽനിന്ന് ആരംഭിക്കുന്നു. ഉടലറിവാണ് അർത്ഥത്തിന് അടിസ്ഥാനം. മനുഷ്യശരീരത്തിന്റെ ഏകതാനമായ സ്വഭാവമാണ് സവിശേഷമായൊരു ലോകബോധം മനുഷ്യർക്ക് പകർന്നുനൽകുന്നത്. അർത്ഥം ആർജിക്കുന്നതിന്റെ മാധ്യമായി ശരീരം നില്ക്കുന്നു. ഐന്ദ്രിയാനുഭവങ്ങളിലൂടെ ആർജിക്കുന്ന പുറംലോകവും മസ്തിഷ്കത്തിനകത്തുള്ള സങ്കല്പനഘടനയും തമ്മിലുള്ള ബന്ധമാണ് ധൈഷണികാർത്ഥവിചാരത്തിന്റെ പൊതുസ്വഭാവം.

4 ഗിരീഷ്, പി.എം. 2016. ജോർജ് ലക്കോഫ്, *ഭാഷയുടെ രാഷ്ട്രീയമനസ്സ്*, തിരുവനന്തപുരം, ചിന്ത പബ്ലിഷേഴ്സ്.

## Select Bibliography

2. ഗിരീഷ്, പി.എം. 2016. *ന്യൂറോസൗന്ദര്യശാസ്ത്രം*. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.
3. ഗിരീഷ്, പി.എം. 2012. അറിവും ഭാഷയും ധൈഷണികഭാഷാശാസ്ത്രം: ആമുഖം. തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
4. ഗിരീഷ്, പി.എം. 2009. *'മലയാളത്തിലെ സംപ്രത്യയ വർഗീകരണം ഒരു ധൈഷണികഭാഷാശാസ്ത്രസമീപനം'*. വിജ്ഞാനകൈരളി. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
5. ഗിരീഷ്,പി.എം. 2013. *മലയാളം സ്വത്വവും വിനിമയവും*. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.
6. മുഹമ്മദലി, എൻ.എം. 2012. *ജ്ഞാനാത്മകമനശ്ശാസ്ത്രം*. കോട്ടയം: ഡി.സി.ബുക്സ്.
7. വേണുഗോപാലപ്പണിക്കർ. ടി. ബി. 1999. *വാക്കിന്റെ വഴികൾ*. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.
8. ശ്രീകണ്ഠേശ്വരം, 2010. ശബ്ദതാരാവലി, കോട്ടയം: ഡി. സി. ബുക്സ്.
9. Croft, William, & Cruse, David Alan. 2004. *Cognitive Linguistics*. Cambridge: Cambridge University Press.
10. Crystal, David.2003. *A Dictionary of Lingusitics and Phonetics*. UK: Blackwell Publishing.
11. Langacker, Ronald. 1987. *Foundations of Cognitive Grammar. Vol X* Stanford: StanfordUniversity Press.
12. Langacker, Ronald. 1999. *Grammar and Conceptalization*.Berlin: Mounton de Gruyter.

# ഭാഷാശാസ്ത്രം വ്യാകരണത്തെ നോക്കുമ്പോൾ

## സംജ്ഞകളും വിവക്ഷകളും സംബന്ധിച്ച ചില വിചിന്തനങ്ങൾ

ഡോ. സി.ജെ. ജോർജ്ജ്
അസോസിയേറ്റ് പ്രൊഫസർ, ഡോ. അംബേദ്കർ ഗവ.കോളേജ്, ബാലുശ്ശേരി

കേരളപാണിനീയം, അല്ലെങ്കിൽ മലയാഴ്മയുടെ വ്യാകരണം, അതുമല്ലെങ്കിൽ മറ്റേതെങ്കിലും വ്യാകരണകൃതി ഭാഷാശാസ്ത്രപരമായി വായിക്കുന്നത് വ്യാകരണസെമിനാറുകളിലും ഭാഷാശാസ്ത്രസെമിനാറുകളിലും സാധാരണമാണ്. തിരിച്ചു കണ്ടിട്ടില്ല; ഭാഷാശാസ്ത്രം വ്യാകരണദൃഷ്ടിയിൽ പരിശോധിക്കാൻ ആരും തുനിഞ്ഞുകാണുന്നില്ല. എന്തായാലും വ്യാകരണവും ഭാഷാശാസ്ത്രവും രണ്ടു പഠനമേഖലകളാണ് എന്ന പൂർവ്വധാരണയുണ്ട് ഇപ്പറഞ്ഞ വായനാപരിപാടികളിൽ. രണ്ടു വ്യത്യസ്തവിഷയങ്ങൾ എന്ന പ്രതീതി സൃഷ്ടിക്കുന്ന നമ്മുടെ ബോധനപരിപാടികൾ അതിന് അടിത്തറയൊരുക്കുന്നതുമാണ്. അതേ സമയം, അവയെ വ്യാവർത്തിപ്പിച്ചു മനസ്സിലാക്കാനുള്ള ശ്രമങ്ങൾ അത്രയൊന്നും വ്യക്തത കൈവരിച്ചുകാണുന്നുമില്ല. ഒന്നു പഴയ സമ്പ്രദായമാണ്. അതുകൊണ്ടുതന്നെ അശ്ശാസ്ത്രീയവും—ഇത്തരം ഫോക് ധാരണകളാണ് പൊതുവിൽ പ്രവർത്തനക്ഷമമായിരിക്കുന്നത്. ഭാഷാശാസ്ത്രം പുതിയതും ശാസ്ത്രീയവുമാണെന്ന ധാരണയിൽ അത് ആകാംക്ഷാപൂർത്തി കൈവരിക്കുന്നു. ഇതു മതിയോ? ഭാഷാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വ്യാകരണത്തെ വായിക്കുമ്പോൾ പ്രത്യേകിച്ചും.

വ്യാകരണവും ഭാഷാശാസ്ത്രവും രണ്ടു വിജ്ഞാനധാരകളാണോ, ഇവ രണ്ടും സംഗമിക്കുന്നതിലൂടെ ഉരുത്തിരിയുന്നത് ഇന്റർ ഡിസിപ്ലിനറിയായ പഠനമാണോ, ഇവ രണ്ടു വ്യതിരിക്തവിഷയങ്ങളെങ്കിൽ അതിനെ എങ്ങനെ വ്യാവർത്തിപ്പിക്കാം തുടങ്ങിയ പല ചോദ്യങ്ങൾക്ക് ഉത്തരം തേടാൻ ശ്രമിച്ചുനോക്കേണ്ടതില്ലേ? ഭാഷാശാസ്ത്രപരമായി വ്യാകരണത്തെ നോക്കിക്കാണണമെങ്കിൽ അവ വേറിട്ട രണ്ടു

വിചിന്തനധാരകളായിരിക്കുമല്ലോ. അങ്ങനെ വേറിട്ടുന്നുണ്ടെങ്കിൽ ആ വേർതിരിവ് എന്താണെന്നു കാണേണ്ടതുണ്ട് ഭാഷാപഠനോത്സുകരായ ആളുകളെങ്കിലും. ഭാഷാവിദ്യാർത്ഥികളുടെ പഠനത്തിൽ വലിയ പ്രാധാന്യത്തോടെയും തെളിച്ചത്തോടെയും സമീപിക്കേണ്ട ഒന്നാണ് ഭാഷയെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള ഈ വിജ്ഞാനധാരകൾ. ഭാഷയെന്നാൽ ആശയവിനിമയോപാധി എന്ന ലളിതമായ മനസ്സിലാക്കലിനപ്പുറത്ത് ഭാഷ എന്ന നമ്മുടെ അടിസ്ഥാനപഠനവിഭവത്തെ അടുത്തറിയാനുള്ള വഴികളായി ഈ മേഖലകളിലുള്ള പരിശീലനം മാറിത്തീരേണ്ടതുണ്ട്.

ഭാഷാപഠനത്തിൽ സാഹിത്യജനുസ്സുകളെക്കുറിച്ചുള്ള സാമാന്യപരിചയം ലഭിക്കുന്നതിനപ്പുറത്ത്, ഭാഷ എന്ന പ്രതിഭാസത്തെക്കുറിച്ച് കാര്യമായ ധാരണയുണ്ടാകേണ്ടതില്ല എന്ന അയഞ്ഞ സമീപനമാണ് പൊതുവിൽ കണ്ടുവരുന്നത്. വ്യാകരണപഠനത്തിന്റെയും ഭാഷാപഠനത്തിന്റെയും ഭാഗമായി കേരളപാണിനീയത്തിലും മറ്റുമായി ആവിഷ്കരിക്കപ്പെട്ടിരിക്കുന്ന കുറച്ചുകാര്യങ്ങളെ വ്യാകരണം എന്ന പേരിലും, പ്രഭാകരവാര്യരുടെയും പ്രബോധചന്ദ്രൻനായരുടെയും വേണുഗോപാലപ്പണിക്കരുടെയും ആൻഡ്രൂസുകുട്ടിയുടെയും മറ്റും പരിചയകകൃതികളെ ആശ്രയിച്ച് ചില സങ്കല്പനങ്ങളെ ഭാഷാശാസ്ത്രമെന്ന നിലയിലും പരിചയപ്പെടുവാൻ മാത്രമേ കഴിയുന്നുള്ളു. മുമ്പ് സൂചിപ്പിച്ചതുപോലെ, വ്യാകരണം ഭാഷാനിയമപരിപാലനജാഗ്രതപുലർത്തുന്ന ഒരു പഴയ സമീപനമാണെന്നും ഭാഷാശാസ്ത്രം ഭാഷയുടെ ആധുനികവും ഉദാരവും വസ്തുനിഷ്ഠവുമായ പഠനമാണെന്നും പഠിപ്പിച്ചെടുക്കാനേ പൊതുവിൽ നമ്മുടെ കലാശാലാനിലവാരത്തിലുള്ള ഭാഷാപഠനം സഹായകമാകുന്നുള്ളു. (മലയാളഭാഷാവിദ്യാർത്ഥികളുടെ മനസ്സിലാക്കലുകളെ കണക്കിലെടുത്താണ് ഇങ്ങനെ പറയുന്നത്) വ്യാകരണം ഒരു രാജാധിപത്യവ്യവഹാരമാണ്, ഭാഷാശാസ്ത്രം ഒരു ജനാധിപത്യവ്യവഹാരവും എന്നു പ്രസ്താവിക്കുന്നിടത്തോളമൊക്കെ വിമർശനാത്മകവിചിന്തനം മുന്നേറാറുണ്ട്. എന്നാൽ എന്താണ് അതിന്റെ വിവക്ഷ എന്നു ബോധ്യമില്ലാത്ത ഒരു നിലയിലാണ് നമ്മുടെ ഈ മേഖലകളിലുള്ള പഠനം ഭാഷാവിദ്യാർത്ഥികളിൽ സമർത്ഥരായ ആളുകളെപ്പോലും കൊണ്ടുചെന്നെത്തിക്കുന്നത്. ഭാഷയിലെ അധികാരത്തെക്കുറിച്ച് ജാഗ്രത നടിക്കുമ്പോഴും വ്യാകരണവും ഭാഷാശാസ്ത്രവും തമ്മിലുള്ള അധികാരപരമായ ശ്രേണീകല്പനയെ ഒരു കൗതുകത്തിനുവേണ്ടിപ്പോലും നാം പരിശോധനാവിഷയമാക്കുന്നില്ല, പ്രശ്നവൽക്കരിക്കുന്നുമില്ല.

വ്യാകരണത്തെയും ഭാഷാശാസ്ത്രത്തെയും രണ്ടു സംജ്ഞകളെന്ന നിലയിൽ സാദ്ധ്യമാക്കുന്ന വിഷയഭിന്നതയെയെങ്കിലും മനസ്സിലാക്കാൻ

ഈ മേഖലയിൽ ശ്രദ്ധ പതിച്ചുപോരുന്നവർ ശ്രമിക്കേണ്ടതില്ലേ? അത്തരമൊരു സൂക്ഷ്മവിവേചനത്തിലാണ് ഭാഷാശാസ്ത്രപഠനം ഊട ങ്ങേണ്ടതുതന്നെയെന്നു തോന്നുന്നു. ഈ രണ്ടു സമീപനങ്ങളിലെ പഠനവിഷയം, പഠനരീതി കാര്യങ്ങളിലെ വ്യതിരിക്തതയെക്കുറിച്ച് അന്വേഷിച്ചും വിലയിരുത്തിയുംകൊണ്ടല്ലാതെ ഇവയെ സംബന്ധിച്ച് വ്യക്തത കൈവരുത്താൻ കഴിയില്ല. മലയാളവ്യാകരണ-ഭാഷാശാസ്ത്ര സംവാദങ്ങളിൽ പങ്കുചേരാവുന്ന മട്ടിൽ പഠിതാക്കൾ സജ്ജരാകുന്നതിന് ഇങ്ങനെയൊരു ഊന്നൽ ഈ വിഷയങ്ങളുടെ ബോധനത്തിൽത്തന്നെ രൂപപ്പെടുത്തേണ്ടതുണ്ട്. വ്യാകരണമെന്തെന്നും ഭാഷാശാസ്ത്രമെന്തെന്നും മാത്രമല്ല, വ്യാകരണവും ഭാഷാശാസ്ത്രവും തമ്മിലെന്ത് എന്നും ഗ്രഹിക്കാൻ സാധിക്കണം. എങ്കിൽ മാത്രമേ വ്യാകരണത്തെ ഭാഷാശാസ്ത്രപരമായി വിലയിരുത്തുന്നു എന്നൊക്കെ ഉപരിവിചാരപരമായി പറയുന്നതിൽ കഴമ്പും കാര്യവുമുണ്ടാകൂ.

വ്യാകരണത്തിന്റെയും ഭാഷാശാസ്ത്രത്തിന്റെയും പ്രയോഗങ്ങൾ എന്താണെന്നു നോക്കിയാൽ ഈ രണ്ടു സംജ്ഞകൾ ഊന്നലുകളിൽ ഭിന്നിക്കുമ്പോഴും ഭാഷാപഗ്രഥനമെന്ന വിപുലമായ അർത്ഥത്തിൽ സമാനാർത്ഥകങ്ങളായി പ്രവർത്തിക്കാൻ കെല്പുള്ളവയാണെന്നു കാണാം. ഭാഷാശാസ്ത്രത്തിന്റെ ചരിത്രം പറയുമ്പോൾ വ്യാകരണം കടന്നുവരും. ഭാഷാശാസ്ത്രവിഭാഗ (അംശം, പാർട്ട്) മായി വ്യാകരണത്തെ കാണാമെന്നർത്ഥം. ഇങ്ങനെ ചരിത്രം നോക്കുമ്പോൾ മാത്രമല്ല വ്യാകരണത്തെ ഭാഷാശാസ്ത്രത്തിന്റെ ഒരു ഉപവിഭാഗമായി കാണാറുള്ളത്. ഭാഷാപഠനം എന്ന വിശാലവിവക്ഷയിൽ ഭാഷശാസ്ത്രമെന്ന് ഉപയോഗിക്കുകയും അതിന്റെ ഭാഗമായി വ്യാകരണത്തെ കല്പിക്കുകയും ചെയ്യാൻ പ്രയാസമില്ല. വ്യാകരണപഠനങ്ങൾ എന്ന രാമചന്ദ്രപൈയുടെ പുസ്തകത്തിൽ 'ഭാഷണാംശങ്ങളുടെ രൂപവിശേഷങ്ങൾ അപഗ്രഥിച്ച് ഇന്നിന്ന അർത്ഥങ്ങളിൽ ഇന്നിന്ന രൂപങ്ങൾ വരുമെന്നു വിവരിച്ചുതരുന്ന ഭാഷാശാസ്ത്രവിഭാഗമാണ് വ്യാകരണം' എന്ന വിവരണം ഉദാഹരണം. തൊട്ടുപിന്നാലെ, 'പ്രചാരത്തിലിരിക്കുന്ന പ്രയോഗങ്ങളുടെ വിവരണമാണ് വ്യാകരണം' എന്നു പറയുമ്പോൾ വിവരണാത്മകഭാഷാശാസ്ത്രത്തിന് പൊതുവിൽ പറയാറുള്ള വിവക്ഷകളുമായി സമരസപ്പെടുന്നതും കാണാം.

വ്യാകരണം എന്ന സംജ്ഞയുമായി ചരിത്രപരമായി താരതമ്യപ്പെടുത്തിയാൽ ഭാഷാശാസ്ത്രം നവീനമായ ഒന്നാണ്. എന്നാൽ, ഭാഷാശാസ്ത്രം എന്ന സംജ്ഞ ഉപയോഗിച്ച് നാം മനസ്സിലാക്കാറുള്ള ആധുനികകാലത്തെ ഭാഷാപഠനശാഖകളെ കുറിക്കുമ്പോൾ പലപ്പോഴും വ്യാകരണം എന്ന

സംജ്ഞയും പ്രയോഗിച്ചുകാണാം. ചരിത്രാത്മകവ്യാകരണം, വിവരണാത്മകവ്യാകരണം, പ്രജനകവ്യാകരണം എന്നൊക്കെയുള്ള പ്രയോഗങ്ങൾ ഓർക്കുക. അങ്ങനെയെങ്കിൽ വ്യാകരണത്തിന്റെ ഉപവിഭാഗമായി ഭാഷാശാസ്ത്രത്തെ സങ്കല്പിക്കാം. ഇവ പരസ്പരനിരാസകമായി അതിന്റെ സംജ്ഞാതലത്തിലെങ്കിലും പണ്ഡിതന്മാർ സ്വീകരിച്ചിട്ടില്ല എന്നാണ് ഇതിൽനിന്നു മനസ്സിലാക്കാവുന്നത്. ഇങ്ങനെ, പരസ്പരം ഉള്ളടക്കിയും പരസ്പരപൂരകമായും ഒക്കെ കാണുമ്പോൾ പിന്നെങ്ങനെയാണ് ഇവ രണ്ടു ഗണങ്ങളായിക്കണ്ട് അവയിൽ ഒന്ന് മറ്റതിനെ നോക്കുന്നതായി കല്പിക്കുക? അതിലെന്തു യുക്തിയാണുള്ളത്? ഈ സംശയം ദൂരീകരിക്കുന്നതിനും ഈ സംജ്ഞകളെ അടുത്തറിയുന്നതിനും അവയുടെ പ്രയോഗത്തെയും വിഷയമേഖലകളെയും ഊന്നലുകളെയും ചരിത്രാത്മകതയെയും മുൻനിർത്തുന്ന ഒരു അവലോകനം, വകതിരിച്ചറിയുവാനുള്ള ഒരു ശ്രമം സഹായിച്ചേക്കും.

പ്രാഥമികമായിപ്പറഞ്ഞാൽ, ഇന്ത്യയിലെ വ്യാകരണത്തിനും അതിനു സമാനമായി ഗ്രാമർ എന്നറിയപ്പെടുന്ന യൂറോപ്യൻ ഭാഷാസമീപനത്തിനും വളരെ പ്രാചീനത അവകാശപ്പെടാനുണ്ട്. പരമ്പരാഗതവ്യാകരണം, ട്രഡിഷനൽ ഗ്രാമർ എന്നീ പ്രയോഗങ്ങളിൽ അതു കൂടുതൽ സ്പഷ്ടമായി സൂചിപ്പിച്ചിരിക്കുന്നു. പാരമ്പര്യത്തിന്റെ, ട്രഡിഷന്റെ സൂചനകളിൽ പഴക്കം, പ്രാചീനത എന്നിവയുണ്ടല്ലോ. സംസ്കൃതഭാഷയെ അപഗ്രഥിക്കുന്ന ഇന്ത്യൻ പാരമ്പര്യമാണ് വ്യാകരണത്തിലെ സമ്പന്നമായ ഒരു ധാര. ഗ്രീക്ക്-ലാറ്റിൻ ഭാഷകളെ വിശകലനം ചെയ്യുന്നതിലൂടെ വികസിച്ചുവന്നത് മറ്റൊരു പാരമ്പര്യധാര; യൂറോപ്യൻ പാരമ്പര്യം. വേറെയും ഉണ്ടാകാം. അവ നമ്മുടെ പഠനങ്ങളിൽ കാര്യമായി കടന്നുവരാറില്ല. അതിനാൽ നമുക്കിതു മതി, കാര്യങ്ങൾ മനസ്സിലാക്കാൻ.

പരമ്പരാഗതവ്യാകരണം എന്നതിനു പുറത്ത് മറ്റൊരു പ്രയോഗവും ഉണ്ട്. സാമ്പ്രദായികവ്യാകരണം. കാലങ്ങളായി പരിചയിച്ചുവരുന്ന രീതിയിലുള്ളത്, മട്ടിലുള്ളത് എന്ന സമ്പ്രദായത്തിലെ വിവക്ഷയും പാരമ്പര്യത്തോട് കണ്ണിചേരുന്നതുതന്നെ.

വ്യാകരണത്തെ പരമ്പരാഗതവ്യാകരണം എന്നും സാമ്പ്രദായികവ്യാകരണം എന്നും വിളിക്കേണ്ടിവരുന്നത് അത്തരത്തിലല്ലാത്ത, എന്നുവെച്ചാൽ മറ്റൊരു രീതിയിലുള്ള സമീപനം ഉണ്ടായിവരുമ്പോഴാണ്. (ആധുനികകവിതയുണ്ടാകുമ്പോഴാണ് പ്രാചീനകവിതയുണ്ടാകുന്നത് എന്നു പറയുന്നതുപോലെ. പുതിയ ബസ്റ്റാന്റ് വരുമ്പോൾ പഴയ ബസ്റ്റാന്റ് ഉണ്ടാകുന്നതുപോലെ.) മുമ്പുണ്ടായിരുന്ന വ്യാകരണരീതികളെ പരമ്പരാഗതവ്യാകരണം

എന്നു വിശേഷിപ്പിച്ചത് യൂറോപ്പിലാണ്. ലത്തീൻഭാഷയിലെ വ്യാകരണത്തെയും അതിന്റെ മാതൃകപിടിച്ചു യൂറോപ്യൻഭാഷകളിലുണ്ടായ വ്യാകരണങ്ങളെയും അങ്ങനെ വിശേഷിപ്പിക്കാനുണ്ടായ സാഹചര്യം നവവൈയാകരണന്മാർ എന്നറിയപ്പെട്ടവരുടെ നവീനവ്യാകരണം ഉണ്ടായി എന്നതാണ്.

നവീനവ്യാകരണം ചരിത്രപരമായ സമീപനത്തിലുള്ളതായിരുന്നു. ചരിത്രപരമായ സമീപനത്തിലുള്ള ഭാഷാപഠനത്തെ ചരിത്രാത്മകഭാഷാശാസ്ത്രം അഥവാ ഹിസ്റ്റോറിക്കൽ ലിംഗ്വിസ്റ്റിക്സ് എന്നും (പിൽക്കാലത്ത്) വിശേഷിപ്പിച്ചുവരുന്നു. ചരിത്രപരമായ സമീപനം രീതിശ്ശാസ്ത്രംവെച്ച് താരതമ്യാത്മകവുമായിരുന്നു. താരതമ്യം എല്ലായിടത്തുമുണ്ട്. ഇവിടെ ഭാഷയിലെ രൂപങ്ങൾ തമ്മിലും ഭാഷകളിലെ രൂപങ്ങൾ തമ്മിലുമാണ് താരതമ്യം. ഈ താരതമ്യപരിപാടി നിർവ്വഹിക്കുന്നതെന്ന വിവക്ഷയിൽ താരതമ്യഭാഷാശാസ്ത്രം അഥവാ കമ്പരറ്റിവ് ലിംഗ്വിസ്റ്റിക്സ് എന്നും പ്രയോഗമുണ്ടായി. ഭാഷാശാസ്ത്രം (ലിംഗ്വിസ്റ്റിക്സ്) എന്ന പ്രയോഗം നവീനവ്യാകരണത്തോളം പഴയ കാലത്തേക്ക് കടന്നു ചെല്ലുന്നുണ്ടെന്നർത്ഥം. അവിടെയൊക്കെ വ്യാകരണം എന്ന സംജ്ഞയും പ്രയുക്തമായിക്കാണാം. ഹിസ്റ്റോറിക്കൽ ഗ്രാമർ (ചരിത്രാത്മകവ്യാകരണം), കമ്പരറ്റിവ് ഗ്രാമർ (താരതമ്യാത്മകവ്യാകരണം)എന്നിങ്ങനെ. അപ്പോൾ വ്യാകരണവും ഭാഷാശാസ്ത്രവും (ഗ്രാമറും ലിംഗ്വിസ്റ്റിക്സും) തുല്യവിവക്ഷകളോടെ പ്രവർത്തിക്കുന്നു എന്നു നമുക്കു വിലയിരുത്താം.

താരതമ്യാത്മകവും ചരിത്രപരവുമായ ഭാഷാപഠനത്തിന് അതുവരെയുണ്ടായിരുന്ന ഒരു പരിവേഷമുണ്ടായിരുന്നു. അത് സ്വയം ഒരു ശാസ്ത്രമായി കരുതിയിരുന്നു. എന്നുവെച്ചാൽ, അതിന്റെ വക്താക്കൾ തങ്ങളുടെ താരതമ്യാത്മക-ചരിത്രാത്മകസമീപനം മുമ്പുണ്ടായിരുന്ന വ്യാകരണസമീപനത്തിൽനിന്ന്, സാമ്പ്രദായിക/പരമ്പരാഗതസമീപനത്തിൽനിന്ന് വ്യത്യസ്തമായി ഒരു ശാസ്ത്രീയപദ്ധതിയിലാണ് തങ്ങൾ ഏർപ്പെട്ടിരിക്കുന്നതെന്ന് വിശ്വസിച്ചു. അതോടെ, പഴയത് ശാസ്ത്രീയമല്ലാത്തതായി. ശാസ്ത്രം എന്നത് ആധുനികതയുടെ ഇഴകളിൽ പ്രധാനമാണ്. വസ്തുനിഷ്ഠത, പരീക്ഷണനിരീക്ഷണപരത തുടങ്ങിയവയാണ് ശാസ്ത്രത്തിന്റേതായി പരിഗണിക്കപ്പെട്ട പ്രാഥമികമായ കാര്യങ്ങൾ. ചരിത്രാത്മക- താരതമ്യാത്മകസമീപനങ്ങൾക്ക് വസ്തുനിഷ്ഠതയും (തെളിവുകളുടെ പിൻതുണ), പരിശോധനാക്ഷമതയും ഉണ്ട്. ആന്തരപുനഃസൃഷ്ടിയും ബാഹ്യപുന:സൃഷ്ടിയും തെളിവുകളുടെ പിൻബലത്തിലാണ് നടക്കുന്നതെന്ന് സാരം. ഇതിലൊക്കെ അനുമാനത്തിന്റേതായ വലിയൊരു പങ്കുണ്ടെന്നത് മനസ്സിലാക്കുമ്പോഴും

ചരിത്രാത്മക-താരതമ്യാത്മകസമീപനത്തിന്റെ വസ്തുനിഷ്ഠതാവാദത്തെ അംഗീകരിച്ചുകൊടുക്കാം.

ഇവിടെ മറ്റൊരു ചോദ്യവും ആകാം. വ്യാകരണത്തിനു വസ്തുനിഷ്ഠതയി ല്ലെന്നു പറയാൻ കഴിയുമോ? അവിടെ വസ്തുനിഷ്ഠമായ ഭാഷാവസ്തുതകൾ എടുത്തുകാണിച്ചല്ലേ നിയമങ്ങൾ അവതരിപ്പിക്കുന്നത്. അവ പരിശോ ധനാക്ഷമവുമാണല്ലോ. ആ നിലക്ക്, വ്യാകരണവും ശാസ്ത്രീയമാണെന്നു പറഞ്ഞാൽ തെറ്റല്ലല്ലോ. പക്ഷേ, ഇവിടെ ശാസ്ത്രീയതക്ക് ആധാരമാകുന്നത് ഇപ്പറഞ്ഞ കാര്യങ്ങൾ മാത്രമല്ലെന്നും അതിലുപരി ചില പ്രത്യയശാ സ്ത്രപരമായ കാര്യങ്ങൾകൂടിയാണെന്നതാണ് ശ്രദ്ധേയമായ സംഗതി.

പതിനെട്ട്, പത്തൊമ്പത് നൂറ്റാണ്ടുകളിലൂടെ വികസിച്ചുവന്ന ആധുനി കതാലോകബോധത്തിന് പ്രകൃതിശാസ്ത്ര-ഭൗതികശാസ്ത്രങ്ങളോടൊന്നിച്ച് വളർന്നുവന്ന ശാസ്ത്രീയതയെ സംബന്ധിച്ച ഉൽക്കണ്ഠയും അവകാശാധി കാരമേന്മാബോധവും കൂടെപ്പിറപ്പായിത്തീർന്നിരുന്നു. ചരിത്രമായിരുന്നു മാനവികവിഷയങ്ങളിൽ ഈ ഉൽക്കണ്ഠ ശമിപ്പിച്ചിരുന്നത്. ചരിത്രാത്മ കമായാൽ ഭൗതികശാസ്ത്രങ്ങൾക്ക് സമശീർഷമായ ഒരു ശാസ്ത്രപദവിയി ലേക്ക് കടന്നിരിക്കാൻ മാനവികവിഷയങ്ങൾക്കു കഴിയുമെന്ന ബോധം മാത്രമല്ല, അങ്ങനെയാവേണ്ട തുണ്ടെന്ന ഒരു നിർദ്ദേശാത്മകതതന്നെയും രൂപപ്പെട്ടിരുന്നു. ചരിത്രാത്മക-താരതമ്യാത്മക ഭാഷാപഠനത്തിന്റെ ശാസ്ത്രീയപരിവേഷത്തിൽ ഇതുകൂടിയാണ്, ഈ ബോധ്യംകൂടിയാണ് പ്രവർത്തനക്ഷമമാകുന്നത്. ഹെർമ്മൻ പോൾ എന്ന ചരിത്രാത്മകഭാഷാ ശാസ്ത്രത്തിന്റെ വക്താവ്, ചരിത്രാത്മകമല്ലാത്ത ഭാഷസമീപനങ്ങളെയാകെ അശ്ശാസ്ത്രീയം എന്നു പ്രഖ്യാപി ക്കുന്നതൊക്കെ ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടതാണ്. ശാസ്ത്രീയതാബോധം പ്രസരിപ്പിക്കുന്ന ഈ സമീപനത്തിന്റെ ലോകബോധത്താൽ വശീകൃതനായ ആദ്യത്തെ കേരളീയഭാഷാചിന്തകനാണ് എ. ആർ. രാജരാജവർമ്മ. ഹെർമ്മൻ പോളിനെപ്പോലുള്ളവരുടെ പ്രകടമായ ആശയങ്ങളാൽ പ്രേരിതനായി എന്നല്ല പറയുന്നത്. ചരിത്രാത്മകസമീപനത്തിൽ അലിഞ്ഞുചേർന്ന ശാസ്ത്രീയതാബോധത്തെ ഏറ്റെടുത്തിരുന്നു അദ്ദേഹം എന്നു സൂചിപ്പിക്കുക മാത്രമാണ്. ആധുനികതാപദ്ധതി ജനാധിപത്യപരമായ ഒരു രാഷ്ട്രീ യവശംകൂടിയുള്ളതാണ്. ഇക്കാര്യത്തെ മുൻനിർത്തി കേരളപാണിനി സംസാരിച്ചിരുന്നു എന്നത് ശ്രദ്ധേയമാണ്.

ഒരു നിലയ്ക്ക് ഭാഷാശാസ്ത്രവെളിച്ചത്തിൽ മലയാളവ്യാകരണത്തെ ആദ്യമായി നോക്കിയത് രാജരാജവർമ്മയാണെന്നു പറയാം. ഇവിടെ ഭാഷാശാസ്ത്രം എന്നതിന്റെ വിവക്ഷ ഹിസ്റ്റോറിക്കൽ-കമ്പരറ്റിവ്

ലിംഗ്വിസ്റ്റിക്സ് എന്നാണ്. അങ്ങനെ പറയുമ്പോൾ ഭാഷാശാസ്ത്രം വ്യാകരണത്തെ നോക്കിയതിന്റെ ആദിമലയാളമാതൃക കേരളപാണിനീയമാണ്. മലയാളഭാഷാചിന്താരംഗത്ത് അതുണ്ടാക്കിയ ആഘാതഫലങ്ങളാണ് കഴിഞ്ഞ ഒരു നൂറ്റാണ്ടിലെ മലയാളഭാഷാചിന്ത എന്നു പറയാൻ തോന്നും. അത് ചരിത്രാത്മകചിന്തയുടെയും താരതമ്യാത്മത്മകചിന്തയുടെയും പരമ്പരാഗതമായ സംസ്കൃതവ്യാകരണചിന്തയുടെയും മേളനമായിരുന്നുവെന്നു നമുക്കറിയാം. അതിലേക്കാണ്, പിന്നീട് വന്ന പഠനങ്ങളിലൂടെ യൂറോപ്പിലെ പിൽക്കാല(ആധുനിക)ഭാഷാശാസ്ത്രചിന്തകൾ കൂടിക്കലരുന്നത്. അതിൽ രാജരാജവർമ്മയ്ക്കു പങ്കുചേരാനായില്ല.

കേരളപാണിനീയത്തിന്റെ ചരിത്രാത്മകപ്പതിപ്പ് രാജരാജവർമ്മയുടെ ചിന്തകളിൽ ഉരുത്തിരിയുന്നതിന് അധികം ദൂരെയല്ലാത്ത കാലത്ത്, ദൂരെ യൂറോപ്പിലെ ചരിത്രാത്മകഭാഷാശാസ്ത്രവിജ്ഞാനകേന്ദ്രങ്ങളുടെ പരിസരങ്ങളിലിരുന്ന് പരമ്പരാഗതവ്യാകരണത്തെ നോക്കിയ സൊസ്യൂർ കണ്ടതും സാക്ഷാത്കരിച്ചതും മറ്റൊന്ന്. വ്യാകരണത്തെ ചരിത്രാത്മകമാക്കുന്നതിനെക്കുറിച്ചല്ല, മറിച്ച് ചരിത്രാത്മകസമീപനത്തോട് സലാം പറഞ്ഞ് ഏകകാലികമായ, സെമിയോളജിക്കലായ ഭാഷാചിന്ത വികസിപ്പിക്കാനാണ് അദ്ദേഹത്തിന് യോഗമുണ്ടായത്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകം മുതല്ക്കാണ് ചരിത്രാത്മക-താരതമ്യാത്മക ഭാഷാപഠനത്തിന്റെ ശാസ്ത്രീയതാഭാവത്തെ പിൻതള്ളി ഘടനാവാദപരമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഭാഷാശാസ്ത്രധാരകൾ ഉടലെടുക്കുന്നത്. ഇന്ന് ഭാഷാശാസ്ത്രം എന്നു കേൾക്കുമ്പോൾ മനസ്സിലേക്കു കടന്നുവരുന്ന വിഷയങ്ങൾ അങ്ങനെ കടന്നുവന്നുണ്ടായ വയാണ്. ചരിത്രാത്മകഭാഷാശാസ്ത്രവും ശാസ്ത്രീയമാണെന്ന് അനുവദിച്ചുകൊണ്ടാകാം ഈ പുതുഘട്ടത്തെ ആധുനികഭാഷാശാസ്ത്രമെന്നു വിളിച്ചുപോരുന്നത്. ആധുനികഭാഷാശാസ്ത്രമെന്ന കല്പനയുടെ പരിധിയ്ക്കകത്ത് ചരിത്രാത്മകഭാഷാസമീപനങ്ങൾക്ക് അതിന്റെ വക്താക്കൾ ഇടം അനുവദിക്കുന്നില്ലെന്നാണ് മനസ്സിലാകുന്നത്.

പഴയ, എന്നുവെച്ചാൽ വളരെ പഴക്കമുള്ള വേരുകളോടുകൂടിയ, പരമ്പരാഗത-സാമ്പ്രദായികഭാഷാപഠനത്തിൽനിന്ന്, അതായത് വ്യാകരണരീതിയിൽനിന്ന് വ്യത്യസ്തമായി ആധുനികമായത് എന്ന അർത്ഥത്തിൽ ഗ്രഹിക്കാനുള്ള പ്രവണതയാണ് ആധുനികഭാഷാശാസ്ത്രപഠനസമീപനങ്ങളിൽ പൊതുവെ കാണുന്നത്. വ്യക്തമാക്കാം. ചരിത്രാത്മകസമീപനത്തെ പിൻതള്ളി വന്നതെങ്കിലും, അതിനും മുമ്പത്തെ വ്യാകരണപഠനസമ്പ്രദായത്തോടു വേറിടുന്നതാണെന്ന നിലയിൽ

പൊതുവിൽ ആധുനികഭാഷാശാസ്ത്രത്തെ മനസ്സിലാക്കുന്നു. ആധുനികഭാഷാശാസ്ത്രത്തെ പരിചയപ്പെടുത്തുമ്പോൾ ചരിത്രാത്മക ഭാഷാശാസ്ത്രത്തിൽനിന്നുള്ള വിടുതലും അന്തരവുമല്ല, വ്യാകരണവും ആധുനിക ഭാഷാശാസ്ത്രവും തമ്മിലുള്ള വ്യത്യസ്തതകളാണ് ചർച്ചക്കെടുക്കുന്നത്. ഇവിടെ ആധുനികഭാഷാശാസ്ത്രത്തെത്തന്നെ വിവരണാത്മകഭാഷാശാസ്ത്രമെന്നമട്ടിൽ ചുരുക്കിക്കാണുകയും ചെയ്യും. അതുമാത്രമല്ല, ആധുനികഭാഷാശാസ്ത്രവും വ്യാകരണവും തമ്മിലുള്ള പൊരുത്തങ്ങൾ എന്തെങ്കിലുമുണ്ടോ എന്നുള്ള ചിന്തിക്കാതെ പൊരുത്തക്കേടുകളെ പൊന്തിച്ചുകാണിച്ചു മുന്നോട്ടുപോകുന്നു. വ്യാകരണം വെഴ്സസ് ഭാഷാശാസ്ത്രം എന്നൊരു ഇരട്ടയിൽ കുരുങ്ങി നാം ഇവയെ രണ്ട് വിരുദ്ധപദ്ധതികൾ എന്ന മട്ടിൽ മനസ്സിലുറപ്പിക്കുന്നു. എന്തായാലും ഈ വഴിയിൽ പൊതുവായ ഭാഷാശാസ്ത്രത്തിന്റെയും, അതിന്റെ സങ്കല്പനങ്ങളുപയോഗിച്ച് വിവരിക്കപ്പെടുന്ന സാമൂഹിക-മനശ്ശാസ്ത്ര-ധ്വൈഷണിക-പ്രകരണ ഭാഷാശാസ്ത്രധാരകളുടെയും നോട്ടങ്ങൾ കേരളപാണിനീയത്തിനുശേഷമുള്ള ഭാഷാപഠനത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു.

ഇവിടെ ശ്രദ്ധേയമായ ചില കാര്യങ്ങൾ കൂടിയുണ്ട്. ഭാഷാശാസ്ത്രമെന്ന പ്രയോഗം സാമാന്യമായി സ്വീകരിക്കപ്പെട്ടു. 'ആധുനിക' എന്ന വിശേഷണം ചേർത്താലും ഇല്ലെങ്കിലും ആധുനികഭാഷാശാസ്ത്രമെന്നു മനസ്സിലാക്കുന്ന നിലവന്നു. അത് ശാസ്ത്രീയമാണെന്നും വിവരണാത്മകമാണെന്നും വാമൊഴിയെ പ്രാഥമികമായെടുക്കുന്നതാണെന്നും ഉള്ള ധാരണകൾ അതിന്റെ വിശദാംശങ്ങൾ കൂടാതെ മനസ്സിലാക്കിവരുന്നു. ശരിതെറ്റുകൾ പ്രഖ്യാപിക്കുന്ന, നിർദ്ദേശാത്മകമായ വ്യാകരണം, അതൊന്നും കൂടാതെ ജനങ്ങളുടെ ഭാഷയെ ഉള്ളതു ഉള്ളതുപോലെ പറയുന്നതുമായ ഭാഷാശാസ്ത്രവും എന്ന മട്ടിലാണ് ഇതിന്റെ ഗ്രഹണം നടക്കുന്നത്. വ്യാകരണം ജനാധിപത്യവിരുദ്ധമായ മൂല്യമുള്ളതാണെന്നുള്ള ഒരു ധാരണയും ഉറച്ചു. രാജരാജവർമ്മ പൗരാധിപത്യത്തെക്കുറിച്ചു പറഞ്ഞത് ചരിത്രാത്മകവ്യാകരണ (ഭാഷാശാസ്ത്ര) ത്തെ മുൻനിറുത്തിയായിരുന്നുവെങ്കിലും അത് ആധുനികഭാഷാശാസ്ത്രത്തെ സംബന്ധിച്ചാണെന്നുള്ള തെറ്റദ്ധാരണയും ചില വ്യാകരണചർച്ചകളിൽ പ്രകാശിപ്പിച്ചു കണ്ടിട്ടുണ്ട്. (വ്യാകരണത്തിന്റെ നിർദ്ദേശാത്മകതയിൽ രാജാധിപത്യത്തിന്റെ അധികാരപ്രഭാവം വായിക്കുന്നതിലൊക്കെ ആലങ്കാരികതയാണ് ഉള്ളത്. രാജരാജവർമ്മ പരമ്പരാഗതവ്യാകരണത്തെയും ചരിത്രാത്മകവ്യാകരണത്തെയും വേർതിരിച്ച് മനസ്സിലാക്കാൻ വേണ്ടി ഉപയോഗിച്ച സാദൃശ്യകല്പനയാണത്. അതിനപ്പുറത്ത് വ്യാകരണത്തെ ആകെ ഒരു ഫ്യൂഡൽ പ്രത്യയശാസ്ത്ര ഉപകരണമായും ഭാഷാശാസ്ത്രത്തെ

പൗരാധിപത്യപ്രത്യയശാസ്ത്ര ഉപകരണമായും വിലയിരുത്തുന്നതിൽ കാര്യമില്ല എന്നാണ് ഈ ലേഖകന്റെ വിചാരം).

ആധുനികഭാഷാശാസ്ത്രവും പരമ്പരാഗതവ്യാകരണവും ഏകകാലിക മായ പഠനങ്ങൾ എന്നനിലയിലും ഘടനാപരമായ പരിഗണനകളോടുകൂടി യതെന്ന നിലയിലും ഐക്യപ്പെടുന്നുണ്ടെന്ന വാസ്തവംപോലും മിക്കവാറും ശ്രദ്ധിക്കാതെ പോകുന്നു. മുമ്പ് സൂചിപ്പിച്ചതുപോലെ, ഘടനാവ്യാകരണം, വിവരണാത്മകവ്യാകരണം, രചനാന്തരണ-പ്രജനകവ്യാകരണം എന്നി ങ്ങനെ വ്യാകരണമെന്ന സംജ്ഞ ഭാഷാശാസ്ത്രത്തിന്റെ ആധുനികധാരക ളിൽ ഉപയോഗിക്കപ്പെടുന്നതിന്റെ സാംഗത്യവും, സൊസ്യൂറും ബ്ലൂംഫീൽഡും ഒക്കെ പരമ്പരാഗത വ്യാകരണത്തെയും പാണിനിയെയും ആദരവോടെ കാണുന്നതിന്റെ യുക്തിയും ഒന്നും നമ്മുടെ ശ്രദ്ധയിൽ തെളിഞ്ഞുനിന്നില്ല. ഇതിനൊക്കെ കാരണമായത് നമ്മുടെ ഭാഷാശാസ്ത്ര പഠനത്തിൽ ആധു നികഭാഷാശാസ്ത്രത്തിന്റെ കൈവഴികളെ വേണ്ടത്ര അവധാനതയോടെ അവതരിപ്പിക്കുന്ന പഠനങ്ങൾ ഉണ്ടായില്ല എന്നതാണ്. അവയ്ക്കിടയിലുള്ള അന്തരവും മറ്റും ചർച്ച ചെയ്യപ്പെട്ടില്ല. ഭാഷാപഠനത്തിന്റെ ആധുനിക കാലവികാസത്തെ ഇഴതിരിച്ച് അവതരിപ്പിക്കുന്നതിൽത്തന്നെ നാം വേണ്ടത്ര വിജയിച്ചുവെന്നു പറഞ്ഞുകൂടാ.

പാശ്ചാത്യർ ഇന്ത്യയിലെ സംസ്കൃതഭാഷയെ ശ്രദ്ധിച്ചപ്പോഴാണ് താരതമ്യാത്മകവും ചരിത്രപരവുമായ സമീപനം ഉറവെടുത്തതെന്നും അതിനപ്പുറത്ത് ഇന്ത്യയിലെ വ്യാകരണത്തെ അടുത്തുകണ്ട വേളയിലാണ് ഘടനാവാദപരമായ സമീപനത്തിന് പുനരുജ്ജീവനം സിദ്ധിച്ച് ആധു നികഭാഷാശാസ്ത്രത്തിന്റെ യൂറോപ്യൻധാരകൾ ഉടലെടുത്തതെന്നുമുള്ള വസ്തുതയും നാം ശ്രദ്ധിക്കാറില്ല. അമേരിക്കൻ ധാരയിൽപ്പെട്ടവർ നരവംശ ശാസ്ത്രപരമായ പശ്ചാത്തലത്തിൽ വാമൊഴി മാത്രമുള്ള ജനവിഭാഗങ്ങളെ മുൻനിറുത്തി പഠിച്ചപ്പോൾ സ്വാഭാവികമായി വാമൊഴിയെ പഠിക്കേണ്ടി വരികയായിരുന്നു എന്ന കാര്യവും പൊതുവെ ശ്രദ്ധിക്കാറില്ല. വാമൊഴി അന്യായമൊന്നുമില്ല, അതു പഠനയോഗ്യമാണ് എന്നു വ്യക്തമാക്കുന്ന അമർത്തിപ്പറച്ചിലായേ വിവരണാത്മകരുടെ വാമൊഴിനിഷ്ഠതയെ വാസ്ത വത്തിൽ മനസ്സിലാക്കേണ്ടതുള്ളൂ. ലിഖിതഭാഷ മാത്രം പഠനാർഹമെന്നു കാണുന്ന വീക്ഷണത്തെ മറികടക്കുവാൻ അവർക്കു സാഹചര്യവശാൽ സാധിച്ചു. വാമൊഴിയെ വിവരിക്കാനും അതുവഴി അവയ്ക്ക് ലിഖിതരൂപം കൊടുക്കാനുള്ള ശ്രമവും ആ അന്വേഷണത്തിന്റെ ഭാഗമായിരുന്നു എന്നും ഇവിടെ ഓർക്കണം. പൈക്കിന്റെ വിഖ്യാതമായ സ്വനവിജ്ഞാനഗ്ര ന്ഥത്തിന്റെ പേരിൽത്തന്നെ ഇതുണ്ട്. ഫൊണറ്റിക്സ്—എ ക്രിട്ടിക്കൽ

അനാലിസിസ് ഓഫ് ഫൊണറ്റിക്ക് തിയറി ആന്റ് എ ടെക്നിക്ക് ഫോർ ദ പ്രാക്ടിക്കൽ ഡിസ്ക്രിപ്ഷൻ ഓഫ് സൗണ്ട്സ് (1943). ആധുനികഭാഷാശാസ്ത്രത്തിന്റെ യൂറോപ്യൻധാരകൾക്ക് മാർഗ്ഗദർശകമായ സൊസ്യൂർ പഠനവസ്തുവായി കല്പിച്ചത് വാമൊഴിയായിരുന്നില്ല, മറിച്ച് ലാങ് എന്ന വ്യവസ്ഥയായിരു ന്നുവല്ലോ. അത് വാമൊഴിക്കും വരമൊഴിക്കും അപ്പുറത്താണ്. അമൂർത്തമായ ഭാഷാവ്യവസ്ഥയാണ് അത്.

സൊസ്യൂർ മുന്നോട്ടുവെച്ച ശാസ്ത്രീയതാസങ്കല്പനവും ശ്രദ്ധിക്കേണ്ടതാണ്. ചരിത്രമോ വസ്തുനിഷ്ഠതയോ ആയിരുന്നില്ല അദ്ദേഹത്തിന്റെ ശാസ്ത്രീയതക്ക് ആധാരം. സിമിയോളജിക്കൽ എന്നു വിശേഷിപ്പിക്കുന്ന വ്യവസ്ഥാപരമായ സങ്കല്പനമാണ് ഭാഷ ഉൾപ്പെടെയുള്ള സാംസ്കാരികവിനിമയപ്രതിഭാസങ്ങളെ മനസ്സിലാക്കാൻ ആവശ്യമെന്നും ഭാഷയെ ഭാഷ എന്ന നിലയിൽ മനസ്സിലാക്കാൻ അത്തരമൊരു സമീപനം അനിവാര്യമാണെന്നും അതാണ് ഭാഷയോടുള്ള ശാസ്ത്രീയമായ സമീപനം എന്നും ആയിരുന്നു അദ്ദേഹം കരുതിയത്.

ഇങ്ങനെ ഭാഷാശാസ്ത്രമെന്നതുകൊണ്ടു വിവക്ഷിക്കുന്ന ആധുനികയൂറോപ്യൻ വിജ്ഞാനംതന്നെ ബഹുശാഖിയായ ഒന്നാണെന്ന വാസ്തവം കാണേണ്ടിയിരിക്കുന്നു. ഈ ഭിന്ന ധാരകളോടുകൂടിയ ആധുനികഭാഷാശാസ്ത്രം മൊത്തത്തിൽ വ്യാകരണവുമായി അടിസ്ഥാനപരമായ യോജിപ്പിലാണുള്ളത്. രണ്ടും ഏകകകലികമായ ഭാഷാവിശകലനരീതികൾ മുന്നോട്ടുവെയ്ക്കുന്നു. അതുകൊണ്ടുതന്നെ അവ ഘടനാപരമായ സമീപനത്തെ ഉൾവഹിക്കുന്നു. പിന്നെന്താണ് ഭാഷാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വ്യാകരണത്തിൽ നോക്കാനുണ്ടാവുക. അതു മനസ്സിലാക്കുന്നതിന് വീണ്ടും അവ തമ്മിലുള്ള അടിസ്ഥാനപരമായ ചില പൊരുത്തക്കേടുകൾകൂടി നോക്കുന്നത് നന്നാകും.

വ്യാകരണകാരൻ ഭാഷയെ അപഗ്രഥിക്കുന്നു. ഭാഷാശാസ്ത്രകാരനും ഭാഷയെ അപഗ്രഥിക്കുന്നു. ഭാഷയെ അറിഞ്ഞോ അറിയാതെയോ ഘടനയായി കാണുന്നു എന്നാണിതിനർത്ഥം. വ്യാകരണകാരൻ ലിഖിതഭാഷയെ മുഖ്യമായെടുത്തു പഠിക്കാനും വിവരിക്കാനും (വിവരിക്കുന്നു എന്ന അർത്ഥത്തിൽ അവരെയും വിവരണാത്മകഭാഷാശാസ്ത്രകാരന്മാർ എന്നു വിളിക്കാനാകും; ലിഖിതഭാഷാവിവരണം.) ശ്രമിച്ചതിനാൽ അവർക്ക് ചില എളുപ്പങ്ങളുണ്ടായി. അവർ ശബ്ദങ്ങളെ വർഗ്ഗീകരിക്കാനും അവ വാക്യമാകുമ്പോൾ സംഭവിക്കുന്ന സംസ്കാരപ്രക്രിയകളെന്താണെന്നു മനസ്സിലാക്കാനും ശ്രമിച്ചു. ശബ്ദങ്ങൾ ചേർന്നാണ് പദമുണ്ടാകുന്നത്. അങ്ങനെ ചേരുമ്പോൾ ചില ക്രമങ്ങളുണ്ട്, ചില സംസ്കരണകാര്യങ്ങളുണ്ട് എന്ന് അവർ കണ്ടു.

നാമവും ക്രിയയുമാണ് വാക്യത്തിന്റെ അടിസ്ഥാനഘടനയെ നിർണ്ണയിക്കുന്നത്. അതിൽ പല തരത്തിൽ കൂടിച്ചേരുന്നു. അതിനനനുസൃതമായി ചേർപ്പുകൾ, കൊളുത്തുകൾ ഉണ്ട്. അവ ചേരുന്നതുകൊണ്ടുതന്നെ നാമമേതെന്നും ക്രിയയേതെന്നും വേർതിരിയും. വിശേഷണങ്ങളും നിഷ്പാദനരൂപങ്ങളും മറ്റും. പദങ്ങൾ ചേരുമ്പോഴുണ്ടാകുന്ന പരിണാമം എന്ന നിലയിൽ സന്ധിയും മറ്റും. അന്വയക്രമവും പ്രധാനം. ഇതൊക്കെ വ്യവച്ഛേദിച്ച് വിവരിച്ചാൽ ഒരു ഭാഷയുടെ വ്യാകരണമായി. വ്യാകരണമെന്നാൽ രൂപസിദ്ധിക്രമവും അന്വയസമ്പ്രദായവും വിവരിക്കലാണെന്ന് രാജരാജവർമ്മ. ശബ്ദങ്ങളുടെ ചേർച്ചയുടെ, അതിനാവശ്യമായിവരുന്ന കൊളുത്തുകളുടെ (പ്രത്യയങ്ങളുടെ) പഠനമാണ് മുഖ്യമായും വ്യാകരണം. നാമത്തോടും ധാതുവിനോടും ചേരുന്ന പ്രത്യയങ്ങൾ വിവരിച്ച് വാക്യഘടന(അന്വയക്രമം)യും വിശദീകരിച്ചാൽ അടിസ്ഥാനവ്യാകരണമായി. നാമാധികാരവും ധാത്വധികാരവുമാണ് വ്യാകരണത്തിന്റെ മുഖ്യഭാഗം എന്ന വരുന്നതിനു കാരണം വ്യക്തം. പ്രത്യയങ്ങളുടെ ചേർച്ചയിൽ ഏത് രൂപം ചേരുന്നു, സംഹിതയിൽ വരുന്ന മാറ്റങ്ങളെ നിജപ്പെടുത്തുന്നതെന്ത് എന്നതുപോലുള്ള കാര്യങ്ങളൊക്കെ വിശദമാക്കേണ്ടതും വ്യാകരണത്തിന്റെ ധർമ്മമാണ്. കാരണം അതൊക്കെ വാക്യരചനയിൽ സംഗതമാണ്. വാക്യം ഉണ്ടാക്കുന്ന കലയുടെ വിവരണം പ്രത്യയനിഷ്ഠമായി നിർവ്വഹിക്കുകയാണ് വ്യാകരണകാരൻ ചെയ്യുന്നത് എന്ന ചുരുക്കിപ്പറയാം. ശബ്ദം നിർമ്മിക്കുന്ന ഘടകങ്ങളൊക്കെ വേർതിരിച്ചുപഠിക്കാനുള്ള ശ്രമവും അതിന്റെ ഭാഗമാകാം. അങ്ങനെയാണ് വർണ്ണവിജ്ഞാനം ഉണ്ടാകുന്നത്. (ശിക്ഷാപാരമ്പര്യത്തിൽനിന്ന് ഊർജ്ജം സ്വീകരിച്ച് വർണ്ണവിവരണം നടത്തുന്നിടത്തൊക്കെ വാമൊഴിപരമായ വീക്ഷണവും വ്യാകരണകാരന് സഹായത്തിനെത്തുന്നുണ്ട് എന്നതും മറന്നുകൂട.)

വാക്യത്തെ അപഗ്രഥിച്ച് കാണിക്കുന്ന വ്യാകരണത്തിന്റെ പണിയിലുള്ള വാക്യബോധം വിട്ടുള്ള, എന്നാൽ കുറേ കണിശതകളുള്ള ഒരു പഠനരീതിയാണ് ആധുനികഭാഷാശാസ്ത്രത്തിൽ നാം പൊതുവെ കാണുന്നത്. വാക്യവിചാരമോ വാക്യത്തെ ലക്ഷ്യമാക്കുന്ന തരത്തിലുള്ള അവബോധത്തോടെയുള്ള ആധുനികഭാഷാശാസ്ത്രത്തിൽ സാമാന്യമായി കാണില്ല. ഐ-സി അനാലിസിസ് ഒഴിച്ചുനിർത്തിയാൽ. ഭാഷാശബ്ദങ്ങളെ നിർമ്മിക്കുന്ന സ്വനം, അതിൽ ഘടനാപരമായി സാംഗത്യമുള്ള സ്വനിമം, ചിഹ്നപദവിയുള്ള രൂപങ്ങൾ ഇവയെ വിശദമാക്കുന്ന ജോലിയാണ് സാമാന്യമായ ആധുനികഭാഷാശാസ്ത്രം ഏറ്റെടുക്കുന്നത്. ഭാഷയെ സ്വനം, സ്വനിമം, രൂപിമം എന്നിങ്ങനെ വിവിധ തലങ്ങളുള്ള ഘടനയായി കാണുവാൻ അവർക്കു കഴിയുന്നു.

വാക്യപരിഗണനയിലുള്ള ഈ ഉദാസീനത ഒരു സാമ്പ്രദായിക -പരമ്പരാഗത വ്യാകരണകാരനെ ചൊടിപ്പിക്കും. ഭാഷയുടെ ഭാഷാത്വം കാണാതിരിക്കുന്നു, വാക്യനിർമ്മിതി പരത, പ്രജനകത്വം ഭാഷാശാസ്ത്രത്തിനില്ലെന്ന് അവർക്കു തോന്നിയേക്കും. ഇത്തരം വിപ്രതിപത്തികളുടെ ഒരു രൂപമാണ് എൻ.എൻ. മൂസ്സതിന്റെ വ്യാകരണവിവേകത്തിന് എഴുതിയ അവതാരികയിൽ പ്രൊഫ. കെ. രാമചന്ദ്രൻനായർ പ്രദർശിപ്പിച്ചത്. ഈ പരിമിതികളെ മറികടന്ന് വാക്യഘടനയെ വിശദീകരിക്കാൻ പുറപ്പെട്ട ചോംസ്കിയിൽ വ്യാകരണമെന്ന സംജ്ഞയ്ക്ക് പുതുജീവൻ കിട്ടുന്നതും ശ്രദ്ധേയമാണ്. വ്യാകരണക്കാർക്ക് ഘടനയിലേക്ക് കണ്ണു ചായുമ്പോൾ ഭാഷാശാസ്ത്രജ്ഞന് കമ്പം ഘടകങ്ങളിലേക്കാണ്.

വിവരണാത്മകഭാഷാശാസ്ത്രകാരന്മാരിലൂടെയും, സൊസ്യൂറിയൻപാരമ്പര്യവും യാക്കോബ് സൺ-പ്രാഗ് പാരമ്പര്യവുമൊക്കെ പറയാവുന്ന യൂറോപ്പിലെ വിവിധ പഠനകേന്ദ്രങ്ങളിലായി ഭാഷാശാസ്ത്രകാരന്മാർ നടത്തിയ പഠനങ്ങളിലൂടെയും വികസിച്ചുവന്നത് മുഖ്യമായും സ്വന -സ്വനിമ-രൂപിമപഠനലോകങ്ങളാണ്. ഘടനാപരമായ സങ്കല്പനങ്ങൾ ഉപയോഗിക്കുന്നു എങ്കിലും ഘടകങ്ങളെയാണ് അവ ശ്രദ്ധിക്കുന്നത്. ഘടകങ്ങളെ സിദ്ധാന്തീകരിക്കുന്നു. ഇങ്ങനെ സിദ്ധാന്തിക്കപ്പെട്ടുണ്ടായ അടിസ്ഥാന സങ്കല്പനകളെ വിവരണത്തിനു സ്വീകരിച്ചുകൊണ്ട് മുന്നേറുന്ന ഭാഷാഭേദപഠനങ്ങളും സാമൂഹിക ഭാഷാപഠനങ്ങളും ശിശുഭാഷാപഠനങ്ങളും ശൈലീപഠനങ്ങളും ഒക്കെ ആധുനിക ഭാഷാശാസ്ത്രം എന്ന സംജ്ഞയുടെ വിവക്ഷയിൽ വരുന്നുവെന്നു പറയാം. അതിനപ്പുറത്ത് സൊസ്യൂർ ഇരട്ടകൾ അവതരിപ്പിച്ചുകൊണ്ട് അവതരിപ്പിച്ച അടിസ്ഥാന പരികല്പനകളും ഭാഷാശാസ്ത്രചിന്തകളെ ഉദ്ദീപിപ്പിക്കുന്നു. ഇവയെയെല്ലാം അവലംബിച്ച് പൂർവ്വാശ്രമത്തിലേക്ക് കണ്ണയക്കുകയാണ് വ്യാകരണപുനർവ്വായനക്കാർ ചെയ്യുന്നത്.

ഇങ്ങനെ തിരിഞ്ഞുനോക്കുമ്പോൾ വ്യാകരണകാരന്മാർ ഭാഷാശാസ്ത്രത്തിലെ മിക്കവാറും സങ്കല്പനങ്ങൾ പൂർവ്വവകല്പനം ചെയ്തതായി മനസ്സിലാക്കാൻ ഇടവരും. ലീലാതിലകത്തിലും മലയാഴ്മയുടെ വ്യാകരണത്തിലും ഗുണ്ടർട്ടുവ്യാകരണത്തിലും കേരളപാണിനീയത്തിലുമൊക്കെ സാമാന്യഭാഷാശാസ്ത്രത്തിലെയും സാമൂഹികഭാഷാശാസ്ത്രത്തിലെയും ധൈഷണികഭാഷാശാസ്ത്രത്തിലെയും സൂക്ഷ്മവിവേചനങ്ങളും തിരിച്ചറിവുകളും പ്രവർത്തിച്ചിരുന്നുവെന്നു മനസ്സിലാകും. ചില അപര്യാപ്തതകൾ മനസ്സിലായെന്നും വരും. അങ്ങനെ ചില പുത്തനറിവുകൾ സൃഷ്ടിക്കാനുള്ള ശ്രമമാണ് കേരളപാണിനീയത്തിലേക്ക് ഭാഷാശാസ്ത്രം പരിശീലിച്ചവർ തിരിഞ്ഞുനോക്കുമ്പോൾ നടത്തുന്നത്.

ഇത്തരം നോട്ടങ്ങളുടെ ഭാഗമായി, സൊസ്യൂറിയൻ പരികല്പനയായ ഏകകാലികതയെ സംബന്ധിച്ച ധാരണകൾ മനസ്സിലുറപ്പിച്ച്, വ്യാകരണം എന്നാൽ ഏക കാലികമാണെന്നും അതിൽ ബഹുകാലികമായ സമീപനം തുന്നിച്ചേർക്കുന്നത് അയുക്തമാണെന്നും ഒരാൾക്ക് വാദിക്കാൻ കഴിഞ്ഞേക്കും. ആഗമിക(ബഹുകാലിക) മാർഗ്ഗത്തിലുള്ളതാണ് തന്റെ വ്യാകരണമെന്ന രാജരാജവർമ്മയുടെ ഭാഗികമായി മാത്രം ശരിയാകുന്നതാണ് എന്നൊരു നിരീക്ഷണത്തിനും വകയുണ്ട്. പലതരം സമീപനങ്ങളുടെ കൂടിക്കുഴയലുണ്ട് എന്നതുതന്നെ കാര്യം. അതിനെ സൈദ്ധാന്തികസംവാദമെന്നു വിളിച്ചാൽ ബഹുമതിയായി മാറും. ഭാഷാശാസ്ത്രവും ഭാഷാപഠനസമീപനങ്ങളുടെ ചരിത്രവുമൊക്കെ പഠിക്കുമ്പോഴാണ് ഇങ്ങനെ പലതരം വായനകളുണ്ടാകുന്നത്.

ഇനി, ലാങ് പരോൾ സങ്കല്പനത്തിന്റെ വെളിച്ചത്തിൽ കേരളപാണിനീയത്തെ സമീപിക്കുക. സെമിയോളജിക്കലായ പഠനത്തിന്റെ വസ്തുവായിട്ടുള്ള വ്യവസ്ഥയാണ് ലാങ് എന്ന സങ്കല്പത്തിലുള്ളത്. കേരളപാണിനീയത്തിന്റെ പഠനവസ്തു എന്തായിരുന്നുവെന്ന മിതമായ ചോദ്യമെങ്കിലും ഇതിന്റെ വെളിച്ചത്തിൽ ചോദിക്കാമല്ലോ. കാണപ്പെട്ടതുവെച്ച് അതിന്റെ ഭാഷാവ്യവസ്ഥയിൽ നിരന്ന ചിഹ്നങ്ങളുടെ സാമാന്യസ്വഭാവമെന്താണ് എന്നു ചോദിക്കാം. ആ ഭാഷാവ്യവസ്ഥയിൽ വാമൊഴിഭേദങ്ങൾക്കു സ്ഥാനമുണ്ടായിരുന്നില്ലേ, ഉണ്ടെങ്കിൽ എത്രത്തോളമാണത്, ഏതു സ്പീച്ച് കമ്യൂണിറ്റിയുടെ ഭാഷയാണ് കേരളപാണിനീയത്തിന്റെ പഠനവസ്തുവായി പ്രവർത്തിച്ചത്, അതിലെന്തെല്ലാം പെട്ടു, എന്തെല്ലാം ഒഴിവാക്കപ്പെട്ടു എന്നൊക്കെ പരിശോധിക്കാൻ ഈ ഒരു സങ്കല്പനപരിചയം പ്രേരണ ചെലുത്തിയേക്കാം. അവബോധപരമായി ഇതൊന്നും തോന്നില്ല, തിരിഞ്ഞുകിട്ടില്ല എന്ന് അർത്ഥമാക്കുന്നില്ല.

സ്വനത്തെക്കുറിച്ചും സ്വനിമത്തെക്കുറിച്ചുമുള്ള അറിവ് സംവൃതോകാരചർച്ചയിലൊക്കെ എളുപ്പത്തിൽ ഇടപെടാനും അതിനെ യുക്തിപൂർവ്വകമായ നിഗമനങ്ങളിലേക്ക് എത്താനും സാധിച്ചേക്കും. സ്വനിമവിജ്ഞാനം വർണ്ണവിജ്ഞാനത്തെ സൂക്ഷ്മവത്കരിക്കാനുതകാം. രൂപിമവിജ്ഞാനം പ്രകൃതിപ്രത്യയങ്ങളെ സംബന്ധിച്ച ചർച്ചകളെ ചിട്ടപ്പെടുത്താൻ സഹായിച്ചേക്കാം. ഇപ്പറയുന്നതൊന്നും ഭാഷാശാസ്ത്രവിജ്ഞാനം വ്യാകരണവിഷയങ്ങളിൽ അന്തിമമായ തീർപ്പുണ്ടാക്കാനുതകുന്നതാണ് എന്ന തരത്തിൽ മനസ്സിലാക്കരുത്. പല തരത്തിലുള്ള ആലോചനകളിലേക്കു നയിക്കുന്നു എന്നു കാണുന്നതാകും ശരിയാവുക. ഉദാഹരണത്തിന് സംവൃതോകാരചർച്ച നോക്കുക. അല്ലെങ്കിൽ വർത്സ്യഖരത്തിന്റെ

കാര്യമെടുക്കുക. നമ്മുടെ ഭാഷാശാസ്ത്രജ്ഞർക്ക് ഇക്കാര്യത്തിലൊന്നും ഒരേ നിഗമനത്തിലേക്ക് എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. പക്ഷേ, അതിനെ സംബന്ധിച്ച് കുറേയധികം ആലോചനകൾ നടന്നിട്ടുണ്ട്. അവയെ പരിശോധിച്ചു ചില തീർപ്പുകളിലേക്ക് എത്താനുള്ള ശ്രമങ്ങളും നടന്നിട്ടുണ്ട്. അതുതന്നെ മതിയാകും. അന്വേഷണബുദ്ധിയെ ത്വരിപ്പിക്കലാണ് വ്യാകരണകലയുടെയും അതിന്റെ തുടർച്ചയെന്നനിലയിൽ പരിഗണിക്കാവുന്ന ഭാഷാശാസ്ത്രത്തിന്റെയും മുഖ്യമായ ധർമ്മം എന്നുകണ്ടാൽ.

വിശകലനവസ്തുവിലും സമീപനത്തിലും ഏതാണ്ട് പൊരുത്തമുള്ളതും അക്കാര്യങ്ങളിൽ തുടർബന്ധം കല്പിക്കാവുന്നതും, അതേ സമയം സങ്കല്പനകളിലും പരിചരണരീതികളിലും ഭിന്നതകളുള്ളതുമായ രണ്ടു പഠനമേഖലകൾ എന്ന നിലയിൽ കാണുന്നതിലൊന്നും തരക്കേടില്ല. ഒരു വിശാലവിഷയമേഖലയിലെ അന്തർസംവാദമായി കണ്ടാലും തരക്കേടില്ല. പ്രധാനമായ കാര്യം ഇതാണ്. ഈ സംജ്ഞകളുടെ വിവക്ഷകളെ ചരിത്രപരവും വസ്തുനിഷ്ഠവുമായ ബന്ധങ്ങളെ മുൻനിർത്തി മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്. ഉദാസീനതകളിൽനിന്നുളവാകുന്ന പ്രതീതിനിഷ്ഠധാരണകളെ ആശ്രയിക്കുന്നത് ഒരു നിലയ്ക്കും ശാസ്ത്രീയമല്ല. ശാസ്ത്രീയമെന്നും അശാസ്ത്രീയമെന്നും കല്പിക്കുന്നതിൽപ്പോലും ചില ചരിത്രപരമായ ധാരണകൾ ഉൾച്ചേർന്നിരിക്കുന്നത് കണ്ടേ തീരൂ. തുടക്കത്തിൽ സൂചിപ്പിച്ചിരുന്നപോലെ, വ്യാകരണവീക്ഷണത്തിൽ ഭാഷാശാസ്ത്രത്തെ പരിശോധിക്കാൻ കഴിയാതെ പോകുന്നതിലും ഇത്തരം ധാരണകളുടെ പ്രവർത്തനം നിരീക്ഷിക്കാൻ കഴിയും. പുതിയതു വെളിച്ചമാണെന്നും ഭൂതം വെളിച്ചത്തിൽ തെളിയാവുന്ന ഇരുട്ടുതങ്ങുന്ന മേഖലകളാണെന്നുമുള്ള ഒരബോധധാരണ. സംജ്ഞകളെ ഇത്തരം ധാരണകൾ പൊതിഞ്ഞു കിടക്കുന്നു. അവയ്ക്കുമുണ്ട് അപനിർമ്മിക്കപ്പെടേണ്ട അർത്ഥതലങ്ങൾ.

## അവലംബകൃതികൾ

1. ഗോപിചന്ദ് നാരംഗ് 2013, (വിവർത്തനം–പി. കൃഷ്ണൻ) *ഘടനാവാദവും ഉത്തരഘടനാവാദവും പൗരസ്ത്യകാവ്യശാസ്ത്രവും*, സാഹിത്യ അക്കാദമി, ന്യൂഡൽഹി.
2. ജോർജ്ജ്, സി.ജെ., 1998 *'കേരളപാണിനീയം, ബോധനം, സിദ്ധാന്തം, സംവാദം'* സംസ്കാരകേരളം, പു.12, ല.1, തിരുവനന്തപുരം.
3. ജോർജ്ജ്, സി.ജെ., 2001 *'ഭാഷാശാസ്ത്രം', ചിഹ്നശാസ്ത്രവും ഘടനാവാദവും,* ഡി സി ബുക്സ്, കോട്ടയം.
4. പ്രഭാകരവാര്യർ, കെ.എം., *പൂർവ്വകേരളഭാഷ*, മദിരാശി സർവ്വകലാശാല.
5. മൂസത് എൻ.എൻ., 1987 *വ്യാകരണവിവേകം*, നാഷനൽ ബുക്സ്റ്റാൾ, കോട്ടയം.

6. രാമചന്ദ്രപൈ കെ.വി., 1979 *വ്യാകരണപാഠങ്ങൾ*, ലില്ലി ബുക് സെന്റർ, ചങ്ങനാശ്ശേരി.
7. രാജരാജവർമ്മ, ഏ.ആർ., 2010 *കേരളപാണിനീയം*, ഡി.സി. ബുക്സ്, കോട്ടയം.
8. ഷൺമുഖം, എസ്.വി., 1995 *ലീലാതിലകം സാമൂഹികഭാഷാശാസ്ത്രദൃഷ്ടിയിൽ*, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

# ഭാഷാവിജ്ഞാനവും വായനയുടെ വൈവിധ്യവും: ലകാനിയൻ സമീപനം

ഡോ. സെബാസ്റ്റ്യൻ വട്ടമറ്റം
റിട്ട.പ്രൊഫസർ, ഗണിതവിഭാഗം, എസ്.ബി.കോളേജ്, ചങ്ങനാശ്ശേരി

## ആമുഖം

ഫെർദിനാങ് ദ് സൊസ്യൂർ തുടക്കംകുറിച്ച ഭാഷാസിദ്ധാന്തങ്ങളുപയോഗിച്ച് മനുഷ്യമനസ്സിനെക്കുറിച്ചുള്ള ഫ്രോയിഡിയൻ സിദ്ധാന്തങ്ങളെ അഴിച്ചു പണിയുകയാണ് ഴാക് ലകാൻ ചെയ്തത്. പല കാര്യങ്ങളിലും ഫ്രോയിഡിനെ തിരുത്തുന്നതിനും മറികടക്കുന്നതിനും അദ്ദേഹത്തിനു കഴിയുകയും ചെയ്തു.

ഭാഷാവിജ്ഞാനത്തിൽ റൊളാങ് ബാർത്തും ജൂലിയാ ക്രിസ്റ്റേവയും മിഖയിൽ ബക്തിനും മറ്റും വികസിപ്പിച്ചെടുത്ത പാഠം(text), പാഠപാരസ്പര്യം (intertextuality), സംവാദം(dialogue), വായന തുടങ്ങിയ പരികൽപനകളിലൂടെ സ്വത്വം(ego), സ്വത്വപരിണാമം, പ്രത്യയശാസ്ത്രം(ideology) എന്നിങ്ങനെ മനുഷ്യനെക്കുറിച്ചുള്ള ലകാനിയൻ വിചിന്തനങ്ങളെ കൂടുതൽ തെളിമയുള്ളതാക്കാൻ ശ്രമിക്കുകയാണ് നമുക്കു ചെയ്യേണ്ടത്. ലകാന്റെ വഴിയേ സ്ലവോയ് സിസേക് വികസിപ്പിച്ചെടുത്തതാണ് ഇതിലെ പ്രത്യയശാസ്ത്രവിചാരങ്ങൾ.[1]

## ഭാഗം ഒന്ന്: ഭാഷ, മനുഷ്യൻ, എഴുത്ത്

### 1. വ്യവഹാരം, പാഠം, വായന

ഉദാ: 1. 'ഒരു വൃദ്ധനും പെൺകുട്ടിയും കൈകൾ കോർത്തുപിടിച്ച് റോഡ് ക്രോസുചെയ്യുന്നു.' ഈ സംഭവം കാണുന്ന ഒരാൾക്ക് അതൊരു ദൃശ്യവ്യവഹാര(visual discourse)മാണ്. അതയാൾ വിവരിക്കുമ്പോൾ അതൊരു വാച്യവ്യവഹാര(verbal discourse)മാകുന്നു. അതിന്റെ ലിഖിതരൂപം

ലിഖിതവ്യവഹാര(written discourse)വും. വാച്യ-ലിഖിതവ്യവഹാരങ്ങളെ നമുക്ക പാഠം എന്നുവിളിക്കാം. ഒരു ദൃശ്യവ്യവഹാരത്തെയോ അനുഭവങ്ങളെയോ പാഠരൂപത്തിലാക്കുന്നതാണ് പാഠവൽക്കരണം.

ഉദാ. 1-ലെ സംഭവം കണ്ടയാൾ പറയുന്നു, 'വൃദ്ധൻ പെൺകുട്ടിയെ റോഡു മുറിച്ചുകടക്കാൻ സഹായിക്കുന്നു' എന്ന്. ഇതും ഒരു പാഠമാണ്. അയാളെങ്ങനെയാണ് ഈ പുതിയ പാഠം നിർമ്മിച്ചത്? മുമ്പും സമാനമായ ദൃശ്യവ്യവഹാരങ്ങൾ പാഠരൂപത്തിൽ അയാളുടെ ഓർമ്മയിൽ പതിഞ്ഞിരിക്കണം. അത്തരം പാഠങ്ങളെ നമുക്ക് അനുഭവപാഠങ്ങൾ എന്നു വിളിക്കാം. തന്റെ അനുഭവപാഠങ്ങളും പുതിയ ദൃശ്യവ്യവഹാരവും തമ്മിൽ കൂട്ടിയിണക്കി അയാൾ പുതിയൊരു പാഠം നിമ്മിച്ചിരിക്കുകയാണ്. പാഠങ്ങളുടെ ഇത്തരം കണ്ണിചേർക്കലാണ് പാഠാന്തരസംവാദം. അതും അതിൽനിന്നുണ്ടാകുന്ന പുതിയ പാഠവുമാണ് വായന. അപ്പോൾ, 'വൃദ്ധൻ പെൺകുട്ടിയെ റോഡു മുറിച്ചുകടക്കാൻ സഹായിക്കുന്നു' എന്നതുപോലെ 'പെൺകുട്ടി വൃദ്ധനെ റോഡു മുറിച്ചുകടക്കാൻ സഹായിക്കുന്നു' എന്നതും ഒരേ വ്യവഹാരത്തിന്റെ/പാഠത്തിന്റെ രണ്ടു വായനകളാണ്. ഒന്നിലേറെ വായനകൾക്കുള്ള സാധ്യതയാണ് വായനയുടെ വൈവിധ്യം.

2. പ്രതീകക്രമം

ഉദാ. 2. മത്തായി മറിയാമ്മയെ ചീത്തവിളിക്കുന്നതു കണ്ട കല്യാണി പറയുന്നു, അയാളവളെ ചവിട്ടിത്താഴ്ത്തി എന്ന്. ഇതിലെ 'ചവിട്ടിത്താഴ്ത്തി' എന്ന വാക്ക് കല്യാണിയ്ക്കു മത്തായിയോടു തോന്നിയ വെറുപ്പും രോഷവുമല്ലേ സൂചിപ്പിക്കുന്നത്? ഇങ്ങനെ ഒരു സൂചകം അതുമായി നേരിട്ടു ബന്ധമില്ലാത്ത ഒന്നിനെ സൂചിപ്പിക്കുമ്പോളുണ്ടാകുന്ന ചിഹ്നം (സൂചക-സൂചിത ബന്ധം) ആണു രൂപകം(metaphor). കല്യാണിയുടെ അമൂർത്താനുഭവത്തെ 'ചവിട്ടിത്താഴ്ത്തി' എന്ന സൂചകം മൂർത്തമാക്കുന്നു. ഈ രൂപകം പരികൽപനാരൂപകങ്ങ(conceptual metaphors)ളെന്ന ഗണത്തിൽ പെടുന്നു. രൂപകങ്ങളെക്കുറിച്ചുള്ള ശ്രദ്ധേയമായ ഒരു പഠനമാണ് Metaphors We Live By.[2]

'ചവിട്ടിത്താഴ്ത്തി' എന്ന വാക്ക് കല്യാണി ബോധപൂർവം തിരഞ്ഞെടുത്തതായിരിക്കില്ല. ദേവലോകത്തുനിന്നൊരാൾ വന്ന് മനുഷ്യലോകത്തുള്ള ഒരാളെ ചവിട്ടിത്താഴ്ത്തിയെന്ന കഥയുണ്ടല്ലോ. അതുമായി ബന്ധപ്പെട്ട അനുഭവപാഠങ്ങളും പുതിയ ദൃശ്യവ്യവഹാരവും തമ്മിൽ നടന്ന സംവാദമാവണം ഈ രൂപകത്തിനു വഴിതെളിച്ചത്.

ഇതിഹാസങ്ങളാൽ നിർമ്മിതമായ ദേവലോകങ്ങളെയാണ് ബക്തിൻ ഇതിഹാസലോകം[3] എന്നു വിളിക്കുന്നത്. അവിടുള്ളവരുമായി ബന്ധം

സ്ഥാപിച്ച് നമ്മുടെ നാട്ടിൽ ഭൂസുരന്മാർ മണ്ണിൽ പണിയെടുക്കുന്നവരെ ചവിട്ടിത്താഴ്ത്തിയിരുന്നു. ആ സാംസ്കാരികചരിത്രത്തിന്റെ നീർച്ചാലുകളിലൂടെ ഒഴുകിയെത്തിയ 'ചവിട്ടിത്താഴ്ത്തി' എന്ന വാക്കിൽ പറ്റിപ്പിടിക്കുന്ന പായലിന് നാമറിയാതെതന്നെ നമ്മെ ആഴത്തിൽ സ്പർശിക്കാൻ കഴിയും.

മാവേലിക്കഥകൾ പോലെ പൊതുമനസ്സിലാഴത്തിലാണ്ടുകിടക്കുന്ന ചരിത്രപരമോ അല്ലാത്തതോ ആയ ആഖ്യാനങ്ങളാണ് മിത്തുകൾ. അവയിൽനിന്നു വാക്കുകൾ സവിശേഷമായൊരു പരിവേഷമുൾക്കൊള്ളുന്നു. അതാണ് വാക്കുകളുടെ മിത്തീകരണം. അതു നമ്മുടെ വായനയിലും വ്യവഹാരങ്ങളിലും ചെലുത്തുന്ന അബോധസ്വാധീനമാണ് പ്രത്യയശാസ്ത്രം.[4] അതു നമ്മുടെ ഭാഷണത്തിനു സ്വാഭാവികത പകരുന്നു. നമ്മുടെ നാടിനെക്കുറിച്ചു 'ദൈവത്തിന്റെ സ്വന്തം നാട്' എന്നു പറയുന്നതു വളരെ സ്വാഭാവികമാണെന്നു നമുക്കു തോന്നുന്നു. അതിനു പിന്നിലുള്ള പരശുരാമമിത്തിന്റെയും മറ്റും പ്രത്യയശാസ്ത്രപിൻബലവും രാഷ്ട്രീയവും നാമറിയുന്നുമില്ല.

ഉദാ. 3. 'ഫെമിനിസ്റ്റുകൾ മത്തായിയുടെ കോലം കത്തിക്കുന്നു'— ദൃശ്യവ്യവഹാരം. ഇവിടെ കോലത്തിനു മത്തായിയുടെ രൂപസാദൃശ്യം പോലും ഇല്ലെന്നിരിക്കട്ടെ. എന്നാലും സാക്ഷാൽ മത്തായിതന്നെയാണു കത്തിക്കപ്പെടുന്നതെന്ന പ്രതീതി കാണികൾക്കുണ്ടാകുന്നു. അതായത് സൂചകംതന്നെയാണ് സൂചിതമെന്ന്. ഇത്തരം ചിഹ്നങ്ങളാണു പ്രതീകങ്ങൾ(symbols). 'ചവിട്ടിത്താഴ്ത്തി' എന്ന രൂപകത്തെക്കാൾ പ്രഹരശേഷി ഈ പ്രതീകത്തിനുണ്ടെന്നു വ്യക്തമാണല്ലോ.

ഉദാ. 4. 'മന്ത്രിയുടെ മുന്നിൽ അയാൾ വെറും വാലാട്ടിയാണ്.' ഇവിടെ പട്ടിയെ സൂചിപ്പിക്കുന്ന 'വാലാട്ടി' എന്ന സൂചകം സൂചിതത്തിന്റെ ഒരു അംശമാണല്ലോ. ഇത്തരം ചിഹ്നങ്ങളാണ് അംശകങ്ങൾ(metonymy).

ഉദാ. 5. 'മറിയാമ്മ മത്തായിയെ ചെറ്റ എന്നു വിളിച്ചു.' ഈ പാഠത്തിൽ 'ചെറ്റ' എന്ന ശബ്ദത്തിന് എന്തെങ്കിലും അർത്ഥമുള്ളതായി അവരിലാരും അറിയണമെന്നില്ല. എന്നിട്ടും അതുകേട്ട മത്തായിക്ക് കരണത്തൊരടി കിട്ടിയതുപോലെ തോന്നിക്കാണും. സൂചിതമില്ലാതെതന്നെ വ്യവഹാരങ്ങളിൽ കടന്നുവരുന്ന ഇത്തരം ശബ്ദങ്ങളെയാണ് ലകാൻ ശൂന്യസൂചകങ്ങൾ(empty signifiers) എന്നു വിളിക്കുന്നത്. അവയുടെ പ്രത്യയശാസ്ത്രത്തിനു പിന്നിലുള്ളതു പലപ്പോഴും മിത്തീകരണമായിരിക്കും. 'ചെറ്റ' എന്ന ശൂന്യസൂചകത്തിന്റെ കാര്യത്തിലങ്ങനെയൊന്നുണ്ട്.

കുട്ടനാട്ടിൽ കായൽ നികത്തി നെല്പാടമാക്കുന്നതിന് പണിക്കാർ ചവിട്ടിത്താഴ്ത്തിയിരുന്ന മുളന്തണ്ടുകൾക്കു ചെറ്റ എന്നാണു പറഞ്ഞിരുന്നത്.

മേൽസൂചിപ്പിച്ചതുപോലെ, ചവിട്ടിത്താഴ്ത്തപ്പെട്ടവരാൽ ചവിട്ടിത്താഴ്ത്തപ്പെട്ട 'ചെറ്റ' നിന്ദാ'ഗർഭ'മായ ഒരു ശൂന്യസൂചകമായി മാറി. അധികാര 'ഗർഭ'മായതോ സാമൂഹ്യജീവിതത്തെ നിയന്ത്രിക്കുന്നതോ ആയ ശൂന്യസൂചകങ്ങളാണ് ഗുരുസൂചകങ്ങൾ(master signifiers)[5]

നമ്മുടെ ഭാഷയിൽ 'ഗുരു' എന്ന ശബ്ദംതന്നെ ഒരു ഗുരുസൂചകമാണ്. അറിവു നല്കുന്ന ആൾ മാത്രമല്ല ഗുരു എന്ന് 'ഗുരുഭക്തി', 'ഗുരുകൃപ', 'ഗുരുനിന്ദ', 'ഗു(കു)രുത്തം', 'കുരുത്തക്കേട്' എന്നിത്തരം പദങ്ങൾ തെളിയിക്കുന്നു. ഗുരുസൂചകങ്ങൾ ചിഹ്നങ്ങളുടെയും വ്യവഹാരങ്ങളുടെയും രൂപപ്പെടലിനെ നിർണയിക്കുന്നുമുണ്ട്. 'വിദ്യഅർത്ഥി' യിലും നമ്മുടെ ക്ലാസ്റൂം വ്യവഹാരങ്ങളിലും കോടതിവ്യഹാരങ്ങളിലും 'ഗുരു'സങ്കല്പത്തിന്റെ സ്വാധീനം പ്രകടമാണ്. 'ഗുരു'തരമായ കുറ്റകൃത്യങ്ങളാണല്ലോ കോടതിയിലെത്തുന്നത്.

ചോദ്യംചെയ്യാനാവാത്ത മൂല്യങ്ങളെയും ആദർശങ്ങളെയും സൂചിപ്പിക്കുന്ന ചില ഗുരുസൂചകങ്ങളുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു നമ്മുടെയൊക്കെ നൈരന്തര്യബോധവും അനന്യത(identity)യും.

മനസ്സിൽ ആഴത്തിൽ പതിയുന്ന ദൃശ്യസൂചകങ്ങളാണ് ബിംബങ്ങൾ(images). മനസ്സിനുള്ളിൽ അധികാരത്തിന്റെ പ്രോട്ടോടൈപ്പ് ആയി ഫ്രോയിഡ് ചൂണ്ടിക്കാണിക്കുന്ന പിതൃബിംബം - ലകാനിയൻ പിതൃനാമം - ആണ് ഒരുദാഹരണം. പിതൃനാമത്തിൽ നിന്നുണ്ടാകുന്ന, നാം നിരീക്ഷിക്കപ്പെടുന്നു എന്ന തോന്നലിനെയാണ് ലകാൻ പിതൃനോട്ടം(Gaze) എന്നു വിളിക്കുന്നത്.

അപ്പോൾ രൂപകങ്ങൾ, പ്രതീകങ്ങൾ, മിത്തുകൾ, ബിംബങ്ങൾ, ഗുരുസൂചകങ്ങൾ എന്നിവയ്ക്കെല്ലാം നമ്മുടെ ഭാഷാഘടന(langue)യിലും ഭാഷണ(parole)ത്തിലും നിർണായകമായ പങ്കുണ്ട്. ഇവയുടേതായ മനോമണ്ഡലമാണ് പ്രതീകക്രമം(symbolic order). മനസ്സിനുള്ളിലോ പുറത്തോ എന്നുപോലും നിർണയിക്കാനാവാത്ത പ്രതീകക്രമത്തെ ലകാൻ ഭീമാപരം(big Other) എന്നു വിളിക്കുകയും സമൂഹത്തിന്റെ അലിഖിതഭരണഘടന എന്നു വിശേഷിപ്പിക്കുകയും ചെയ്യുന്നു. ഭീമാപരത്തിലെ അബോധഘടകങ്ങൾ നമ്മുടെ കർമ്മവിചാരങ്ങളിൽ ചെലുത്തുന്ന സ്വാധീനമാണ് പ്രത്യയശാസ്ത്രം.

പ്രതീകക്രമം നമ്മിലുണർത്തുന്ന ഒരു യാഥാർത്ഥ്യബോധമുണ്ട്. അതിനെയാണ് സിസേക് സാമൂഹ്യയാഥാർത്ഥ്യം(Social Reality) എന്നു വിളിക്കുന്നത്.[6] അതാണ് നമ്മുടെ പരസ്യജീവിതത്തിന്റെ

സാമൂഹ്യമാനങ്ങളെ നിയന്ത്രിക്കുന്നത്. 'ദൈവം' പോലെ അർത്ഥസമ്പന്നമായ ഗുരുസൂചകങ്ങളെ സാമൂഹ്യയാഥാർത്ഥ്യം നിയതാർത്ഥമുള്ള പ്രതീകങ്ങളായി ജഡീകരിക്കുന്നു.

3. ഭാവനാതലവും യഥാതഥവും

സൂചകസൂചിതങ്ങൾ തിരിച്ചറിയാൻ തുടങ്ങുന്നതോടെ ഒരു കുട്ടി ഭാഷയിലേക്കു പ്രവേശിക്കുന്നു. തനിക്കു ചുറ്റുമുള്ള ആരെയും എന്തിനെയും സൂചിപ്പിക്കുന്ന ശബ്ദങ്ങൾ അവൾ നിർമ്മിച്ചെടുക്കുന്നു. വിലക്കുകളിലൂടെ തന്നെ നിയന്ത്രിക്കുന്ന പിതൃബിംബവുമായി, തന്റെ കളിപ്പാട്ടങ്ങളെ നിയന്ത്രിച്ചുകൊണ്ട്, അവൾ താദാത്മ്യപ്പെടുന്നു. അങ്ങനെ വികസിക്കുന്ന സാങ്കല്പികലോകത്തെ നിലനിർത്തുന്ന മനോമണ്ഡലമാണ് ഭാവനാതലം(the imaginary).

മനുഷ്യസ്വാതന്ത്ര്യം സൂചകങ്ങളുടെ അനന്തമായ അർത്ഥോല്പാദന സാധ്യതകളുമായി ബന്ധപ്പെട്ടിരിക്കുന്നു. വിലക്കപ്പെടുന്ന സ്വാതന്ത്ര്യത്തെ സ്വകാര്യജീവിതത്തിൽ നാം വീണ്ടെടുക്കുന്നതു മിഥ്യാടന(fantasy)ങ്ങളിലൂടെയാണ്. സാമൂഹ്യജീവിതത്തിൽ സ്വാതന്ത്ര്യത്തിന്റെ സംരക്ഷണത്തിനും വീണ്ടെടുപ്പിനുമുള്ള വഴി തുറക്കുന്നതു കലാസൃഷ്ടികളും. മിഥ്യാടനങ്ങളും കലാസൃഷ്ടികളും ഉറവെടുക്കുന്നത് ഭാവനാതലത്തിലാണ്.

ഒരു കുഞ്ഞ് ഭാഷയിലേക്കു പ്രവേശിക്കുന്നതിനു മുമ്പുള്ള മുലകുടിപ്രായത്തിൽ അമ്മയുടെ അഭിന്നാംശമായിട്ടാണ് സ്വയം അനുഭവിക്കുന്നത്. ഗർഭപാത്രത്തിൽ നിന്നുതന്നെ ആരംഭിക്കുന്ന ഈ അനുഭവത്തെയാണ് ഫ്രോയിഡ് സാഗരാനുഭൂതി(oceanic experience) എന്നു വിളിക്കുന്നത്. ഭാഷയിലൂടെ ആവിഷ്കരിക്കാനാവാത്ത, അവാച്യമായ, ഇത്തരം അനുഭവങ്ങളുടെ മണ്ഡലമാണ് യഥാതഥം(the real). നാം ജീവിക്കുന്നത് ഒരു 'പദാർത്ഥ'ലോകത്തിലാണല്ലോ. ഒരു പദത്തിന്റെയും അർത്ഥമാകാൻ വിസമ്മതിക്കുന്ന 'അപദാർത്ഥ'ലോകത്തെയാണ് യഥാതഥം അടയാളപ്പെടുത്തുന്നത്.

4. ആഗ്രഹം, തൃഷ്ണ, ഴുയിസാങ്സ്

ജീവിതത്തിന് ആവശ്യമായ വസ്തുക്കളാണ് നമ്മൾ ആഗ്രഹിക്കുന്നത്. ആവശ്യം സാധിച്ചുകഴിയുമ്പോൾ ആഗ്രഹം അവസാനിക്കുകയും ചെയ്യുന്നു. എന്നാൽ ആഗ്രഹിക്കുന്ന എന്തും വാക്കുകളായി മനസ്സിൽ തങ്ങുകയും മറ്റു സമാനവസ്തുക്കളെക്കൂടി സൂചിപ്പിക്കുകയും ചെയ്യുന്നു. അതുമൂലം നമ്മുടെ ആഗ്രഹം അവയിലേതിനോ വേണ്ടിയാകുന്നു. എന്തിനുവേണ്ടി

എന്നറിയാതുള്ള ഈ ആഗ്രഹമാണ തൃഷ്ണ(desire). ഉപഭോഗതൃഷ്ണയും തൃഷ്ണയുടെ ഉൽപാദനവും (പരസ്യങ്ങളിലൂടെയുംമറ്റും) ആണ കമ്പോള ദൈവത്തെ നിലനിർത്തുന്നത്.[7]

ആരെ/എന്തിനെ എന്നറിയാതുള്ള ഭയമാണല്ലോ സംത്രാസം.[8] സംത്രാസവും തൃഷ്ണയും ഭാഷയിലൂടെ ആവിഷ്കരിക്കാനാകാത്തതും അതിനാൽ യഥാതഥമാണ്.

ആഗ്രഹം സഫലമാകുമ്പോൾ നമുക്ക് ആനന്ദമുണ്ടാകുന്നു. എന്നാൽ തൃഷ്ണാസാഫല്യത്തിലൂടെയുള്ള അപ്രാപ്യമായ ആനന്ദം ഒരു അഭാവമായി മനസ്സിൽ തങ്ങുന്നു. ശൈശവകാലത്തെ സാഗരാനുഭൂതി പോലുള്ള ആനന്ദ പൂർണതയെ, പരമാനന്ദത്തെ, അതുണർത്തുന്നു. അതാണ് ''ഴയിസാങ്സ്'' (juissance). ആനന്ദത്തിന്നതീതവും അപ്രാപ്യവുമായ ആനന്ദമാണത്. ഴയിസാങ്സും മരണാവേഗവും തമ്മിലുള്ള ബന്ധം വെളിവാക്കുന്ന ഒരുദാഹരണം ഈ പ്രബന്ധത്തിന്റെ അവസാനഭാഗത്തുണ്ട്.

5. കണ്ണാടിഘട്ടവും സ്വത്വവും

ഭാഷയിലേക്കു കടക്കുന്ന ആദ്യനാളുകളിൽ ഒരു കുട്ടി കണ്ണാടിയിൽ നോക്കുമ്പോൾ കാണുന്ന രൂപമാണ താനെന്നു ധരിക്കുന്നു. ഇതാണ കണ്ണാടിഘട്ടം(mirror stage). നാർസിസ്സസിനെ പോലെ ആ രൂപവുമായി കുട്ടി പ്രണയത്തിലാകുന്നു. എന്നും നിലനിൽക്കുന്ന ഇതിന്റെ അബോധ സ്മരണയാണ് ആത്മരതി(narcissism). അംഗീകാരത്തിനും തിരിച്ചറിയ പ്പെടുന്നതിനുമുള്ള തൃഷ്ണയായി അത് അബോധത്തിൽ തുടരുന്നു.

കണ്ണാടിയിൽ കാണുന്നതിൽ നിന്നും മറ്റുള്ളവർ തന്നെക്കുറിച്ചു പറയുന്ന കാര്യങ്ങളിൽ നിന്നും വ്യത്യസ്തയാണ താനെന്ന തിരിച്ചറിവോടെ കുട്ടി കണ്ണാടിഘട്ടത്തെ മറികടക്കുന്നു, പ്രതീകക്രമത്തിലേക്കു പ്രവേശിക്കുന്നു. തനിക്കിഷ്ടപ്പെട്ട മറ്റുള്ളവരുടെ ബിംബങ്ങളോ പാഠരൂങ്ങളോ മനസ്സിൽ പതിയുന്നു. അവയാണ് സ്വത്വമാതൃകകൾ(ego-ideals). അവയുമായി അനുകരണത്തിലൂടെ താദാത്മ്യം പ്രാപിക്കാനുള്ള പരിശ്രമം ജീവിതത്തി ലാകെ തുടരുന്നു. അതാണ് ഒരാളുടെ സ്വത്വം എന്ന 'ഞാൻബോധ'ത്തെ നിർണയിക്കുന്നത്. അതിനാലാണ് സ്വത്വം അപരനിർമ്മിതമാണെന്നു ലകാൻ പറയുന്നത്. ഭാവനാതലത്തിൽ നടക്കുന്ന ആത്മരതിപരമായ മിഥ്യാടനങ്ങളും സ്വത്വനിർമ്മാണത്തിൽ പങ്കുചേരുന്നു. സ്വാഭാവികമായും സ്വത്വം കൂടെക്കൂടെ മാറിക്കൊണ്ടിരിക്കും. മീതേക്കുമീതെ എടുത്തണിയുന്ന വസ്ത്രങ്ങൾ പോലെയാണത്.[9]

6. എഴുത്ത്, വായന, പാഠാന്തരീയത

സാഹിത്യരചനയെയാണിവിടെ എഴുത്ത് എന്നതുകൊണ്ടുദ്ദേശി ക്കുന്നത്. സാഹിത്യകൃതിയെ ഒരു ഉപഭോഗവസ്തുവായി കാണുന്ന

രീതിയായിരുന്ന മുമ്പുണ്ടായിരുന്നത്. സാഹിത്യആ'സ്വാദ'നം, അഭി'രുചി' എന്നിത്തരം പദങ്ങൾ അതിന്റെ 'തിരു'ശേഷിപ്പുകളാണ്. ഈ കാഴ്ചപ്പാടിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ ലകാനിയൻ പരിപ്രേക്ഷ്യത്തിൽ പരിശോധിക്കാം.

അനുഭവപരിധിയിലെത്തുന്ന എന്തിനെയും പാഠവൽക്കരിക്കുന്നവളാണ് മനുഷ്യൻ. താനാര് എന്ന ചോദ്യത്തിനുത്തരമാണ് അവളുടെ സ്വത്വം. താൻകൂടിയുൾപ്പെട്ട ഭാഷാസമൂഹത്തിനു പൊതുവായ പ്രതീകക്രമത്തിലെ പാഠങ്ങളിൽ (പ്രതീകപാഠങ്ങൾ) നിന്നാണ് അവൾ തന്നെത്തന്നെ വായിച്ചെടുക്കുന്നത്. പഴയ പ്രതീകപാഠങ്ങളും പുതിയ അനുഭവപാഠങ്ങളും തമ്മിൽ ബോധാബോധതലങ്ങളിൽ നടക്കുന്ന അനുസ്യൂതസംവാദമാണ് പാഠാന്തരീയത/പാഠപാരസ്പര്യം. ഇതു മനുഷ്യന്റെ സ്വത്വബോധത്തെ നിരന്തരം നവീകരിച്ചുകൊണ്ടിരിക്കുന്നു.

മനുഷ്യന്റെ സ്വത്വബോധവും പ്രവൃത്തികളും തമ്മിൽ പൊരുത്തപ്പെടാറില്ല. അടിച്ചാൽ തിരിച്ചടിക്കരുതെന്നു ബോധതലത്തിലുറപ്പുള്ള ക്രൈസ്തവവിശ്വാസി തിരിച്ചടിക്കുന്നതു വിശ്വാസക്കുറവുകൊണ്ടല്ല, ഭീമാപരത്തിലെ പ്രതീകപാഠങ്ങളുടെയും ഗുരുസൂചകങ്ങളുടെയും അബോധപ്രേരണയാലാണ്. നാമതിനെ മറികടന്നു സ്വതന്ത്രരാകുന്നത് നാം നിർമ്മിക്കുന്ന പുതിയ പാഠങ്ങളായ കലാസാഹിത്യസൃഷ്ടികളിലൂടെയാണ്. സാമൂഹ്യയാഥാർത്ഥ്യങ്ങളുടേതായ അനിവാര്യതളിൽനിന്നു സ്വാതന്ത്ര്യത്തിലേക്കുള്ള കുതിപ്പാണ് എഴുത്ത്.[10] ഭാവനാതലമാണ് അതിന്റെ ഊർജ്ജസ്രോതസ്.

പാഠരൂപത്തിലുള്ള തന്റെ സ്വത്വബോധത്തെ നവീകരിക്കുന്ന പുതിയൊരു പാഠമായിട്ടാണ് സാഹിത്യസൃഷ്ടി അനുവാചകയുടെ കൈകളിലെത്തുന്നത്. ഈ ബാഹ്യപാഠവും തന്നെ താനാക്കുന്ന ആന്തരികപാഠങ്ങളും തമ്മിൽ നടക്കുന്ന സംവാദമാണു വായന. ഭീമാപരം വായനയെയും പരിമിതപ്പെടുത്തുന്നു. പ്രത്യയശാസ്ത്രം, ജീനസ്, വിമർശം എന്നിവയടങ്ങിയ ഒരു സിസ്റ്റം വായനയുടെ അനന്തസാധ്യതകളെ പരിമിതപ്പെത്തുന്നു എന്നു പറയുമ്പോൾ ഇതുതന്നെയാവണം ബാർത്ത് ഉദ്ദേശിക്കുന്നത്.[11]

## ഭാഗം 2: വായനയുടെ വൈവിധ്യം

ഞാൻ വായനയിലേർപ്പെട്ടുമ്പോൾ അതിന്റേതായ ഉദ്ദേശ്യത (intentionality) എന്നെ ഒരു വായനക്കാരന്റേതായ വിചാരപരിസരത്തിൽ പ്രതിഷ്ഠിക്കുന്നു. ബോധപൂർവമോ അല്ലാതെയോ മുൻവായനാനുഭവങ്ങൾ മനസ്സിലുണരുന്നു. ലകാൻപഠനത്തിന്റേതായ വായനാനുഭവങ്ങളുടെ വെളിച്ചത്തിൽ ഞാൻ നടത്തുന്ന മൂന്നു കഥകളുടെ

വായനയാണ് ഇനി വരുന്നത്. അധികമൊന്നും അറിയപ്പെടാത്ത 'സ്വപ്നാടനത്തിന്റെ സ്വകാര്യസാധ്യതകൾ'[12] എന്ന കഥാസമാഹാരത്തിൽ നിന്നെടുത്തതാണ് ഈ കഥകൾ. ഇവയുടെ ഒരു പ്രത്യേകത രചയിതാവു (author)തന്നെ കഥകളിൽ കഥാപാത്രമായി കടന്നുവരുന്നു എന്നതാണ്. ഈ കഥാപാത്രത്തെ നമുക്കു കഥാകൃത്ത് എന്നു വിളിക്കാം.

കഥ 1: പെൺപാദങ്ങളുടെ ഭാവുകത്വപ്രസക്തി

മൂന്നു കഥകളെ ഉൾക്കൊള്ളുന്ന ഒരു കഥാത്രിത്വമാണിത്. തുല്യപ്രാധാന്യമുള്ള മൂന്നു കഥകളെയും നമുക്ക് ഉപകഥകളെന്നു വിളിക്കാം. ഒരു സിനിമാതിയേറ്ററിൽ നടക്കുന്ന ഉച്ചപ്പടമാണ് മൂന്നുപകഥകളുടെയും പശ്ചാത്തലം.

ആദ്യ ഉപകഥയിൽ രണ്ടാൺകുട്ടികളും രണ്ടുപെൺകുട്ടികളും പടം കണ്ടുകൊണ്ടിരിക്കുന്നു. കഥാകൃത്തും സുഹൃത്തുമാണ് ആൺകുട്ടികൾ. ആൺകുട്ടികളുടെ പാദങ്ങൾ മുന്നിലിരിക്കുന്ന പെൺകുട്ടികളുടെ പാദങ്ങളെ തേടിപ്പോകുന്നു. ഇരിപ്പിടങ്ങൾക്കടിയിൽ ആൺപാദങ്ങളും പെൺപാദങ്ങളും തമ്മിൽ, സിനിമ തീരുന്നതുവരെ നടക്കുന്ന രഹസ്യഇടപാടുകൾ യഥാതഥം വിവരിച്ചിരിക്കുന്നു. കഥാകൃത്ത് തന്റെ പാദാനുഭവത്തിന്റെ അവസാനരംഗം വിവരിക്കുന്നതിങ്ങനെ: 'ഉരുമ്മിക്കളിക്കുന്ന പൂച്ചക്കുട്ടികളെപോലുള്ള അവളുടെ പാദങ്ങളിൽനിന്ന് ആത്മഹത്യചെയ്യുംപോലെ എന്റെ മനസ്സ് വിടുവിച്ചെടുത്തു.'(പുറം 32) അയാൾ വിടുവിച്ചെടുത്തത് തന്റെ കാലുകളല്ല, മനസ്സാണ് എന്ന കാര്യം ശ്രദ്ധിക്കുക.

കഥാകൃത്തിന്റെ ഡയറിക്കുറിപ്പിന്റെ രൂപത്തിലാണ് ഈ ഉപകഥയുടെ രചന. അവതരണരീതിയിൽ നിന്നുതന്നെ ഇതു മലയാളസാഹിത്യത്തിലെ റിയലിസ്റ്റിക് കാലത്തെ അടയാളപ്പെടുത്തുന്ന കഥയാണെന്നു വ്യക്തമാണ്.

വർഷങ്ങൾക്കു ശേഷം കഥാകൃത്തുതന്നെ തന്റെ ഡയറിക്കുറിപ്പ് ഒരു ചെറുകഥയായി മാറ്റിയെഴുതിയതാണ് രണ്ടാമത്തെ ഉപകഥ. പക്ഷേ അപ്പോഴേക്കും നമ്മുടെ സാഹിത്യലോകത്ത് ഭാവുകത്വപരമായ വലിയൊരു മാറ്റം സംഭവിച്ചുകഴിഞ്ഞിരുന്നു. ആധുനികതാവാദത്തിന്റെ കാലമായിരുന്നു അതെന്നു കഥയുടെ ശൈലിയിൽനിന്നു കാണാൻ കഴിയും.

ആദ്യ ഉപകഥയിൽ പുരുഷമനസ്സുകൾ അവരുടെ പാദകേളിയിലലിഞ്ഞില്ലാതായെങ്കിൽ ഈ രണ്ടാം കഥയിൽ പാദങ്ങളപ്രസക്തമാകുകയും എല്ലാം ആ പുരുഷമനസ്സുകളിൽ നടക്കുകയും ചെയ്യുന്നു. അതിന്റെ

വർണനയിങ്ങനെ: 'ആകാശത്തിന്റെ തുറസ്സിനുകീഴിൽ ഞങ്ങൾ വന്യമായി ഇണചേർന്നു. രതിയുടെ സുഖസമൃദ്ധിക്കും അസ്തിത്വത്തിന്റെ നരകയാതനകൾക്കും മധ്യേ മേഘച്ചുരുളുകളുടെ ചിറകിലേറി ഏറെദൂരം ഞങ്ങൾ ഒഴുകിനടന്നു.'(പുറം 33)

ആദ്യ ഉപകഥയിൽ കഥാപാത്രങ്ങളുടെ പാദങ്ങൾക്കായിരുന്നല്ലോ, ശരീരങ്ങൾക്കായിരുന്നല്ലോ പ്രാമുഖ്യം. ഇത് അന്നത്തെ റിയലിസ്റ്റിക് സാഹിത്യരചനയുടെ പൊതുസ്വഭാവമായിരുന്നു. ആധുനികതയിൽ ശരീരം തഴയപ്പെടുകയും മനസും അതിന്റെ ആഴങ്ങളും മേൽക്കൈ നേടുകയും ചെയ്തു. അതോടെ സാഹിത്യസൃഷ്ടികൾ കൂടുതൽ ദുരൂഹവുമായി. ആദ്യ കഥയിൽ പാദലീലയ്ക്കു ശേഷം കഥാപാത്രങ്ങൾ സംതൃപ്തരാണ്. കാരണം അന്നൊന്നും ആർക്കും വലിയ ദാർശനികപ്രശ്നങ്ങളുണ്ടായിരുന്നില്ല. എന്നാൽ രണ്ടാമത്തെ കഥയിലെ മാനസലീലയ്ക്കു ശേഷം അവർക്കനു ഭവപ്പെടുന്നത് കടുത്ത നിരാശയാണ്. 'ഭൗതികയാഥാർത്ഥ്യങ്ങളുടെ നിസ്സാരതകളും നൈരന്തര്യങ്ങളും ഞങ്ങളെ കീഴ്പ്പെടുത്തിത്തുടങ്ങി. വിശപ്പും ദാഹവും മൂത്രശങ്കയും കട്ടുറുമ്പുകളെ പോലെ ഞങ്ങളെ അരിച്ചു.'(പുറം 33) ഇതു കഥാകൃത്തിന്റെ വാക്കുകളാണ്.

മുകുന്ദനും കാക്കനാടനും മറ്റും എഴുതാറുള്ള ഒരു മാസികയിൽ ഈ കഥ ചേർക്കുമെന്നു കഥാകൃത്തിന് ഉറപ്പുകിട്ടി. എന്നിട്ടും അടുത്ത ദിവസംതന്നെ അയാളാ കഥ നശിപ്പിച്ചുകളഞ്ഞു. അതിനുള്ള കാരണം അജ്ഞാതമായി രുന്നു എന്നാണയാൾ പറയുന്നത്.

എന്നാൽ നമുക്കത് എന്തുകൊണ്ടെന്ന് ഊഹിക്കാൻ പറ്റും. തികച്ചും റിയലിസ്റ്റിക്കായി കഥയെഴുതിയിരുന്ന തന്റെ മനസിൽ പുതിയ സ്വത്വ മാതൃക(ego-ideal)കളായി കുടിയേറിയിരുന്നു 'മുകുന്ദനും കാക്കനാടനും മറ്റും'. എഴുത്തിന്റെ മാതൃകളിൽ കഥാകൃത്ത് അവരുമായി താദാത്മ്യ പ്പെട്ടിരുന്നു. അതിൽ നിന്നുണർന്നപ്പോൾ തന്റെ രചന തനിക്കുതന്നെ അപരിചിതമായിത്തീർന്നു. മാത്രമല്ല കഥകളെങ്ങനെയായിരിക്കണമെന്ന് അബോധത്തിലാവർത്തിച്ചുകൊണ്ടിരിക്കുന്ന നിരൂപകപിതൃബിംബം മോഡേണിസത്തിലേക്കുള്ള ഈ വഴിമാറ്റത്തെ അംഗീകരിച്ചും കാണില്ല. ഏതു മനുഷ്യന്റെയും മനസിൽ പ്രതീകക്രമവും ഭാവനാതലവും തമ്മിൽ നടക്കുന്ന അപരിഹാര്യമായ വിച്ഛേദത്തെക്കുറിച്ചു ലകാൻ പറയുന്നുണ്ട്.

ഒരു വശത്ത് രചയിതാവ് തന്റേതായ ഭാവനാലോകത്തു സ്വതന്ത്രമായി വിഹരിച്ച് സാഹിത്യസൃഷ്ടി നടത്താനാഗ്രഹിക്കുന്നു. എന്നാലതേസ മയം തന്റെ കാലത്തെ സാഹിത്യപ്രസ്ഥാനത്തിന്റെയും തദനുസൃതമായ

ഭാവുകത്വമെന്ന ഗുരുസൂചകത്തിന്റെയും സ്വാധീനവലയം മറ്റു ദിശകളിലേക്ക് അയാളെ വലിച്ചടുപ്പിക്കുകയും ചെയ്യുന്നു. അതിന് അമിതമായി കീഴടങ്ങുന്നതു മൂലമുണ്ടാകുന്ന കൃത്രിമത്വത്തെ ഭംഗിയായി വെളിപ്പെടുത്തുന്ന ഒരു രൂപകമായി പരിണമിക്കുന്നു ഈ രണ്ടാമത്തെ ഉപകഥ.

കഥാകൃത്തിന്റെ ഒരു പെൺസുഹൃത്താണ് മൂന്നാമത്തെ ഉപകഥ രചിക്കുന്നത്. എഴുത്തിന്റെ നിമിഷങ്ങളിൽ കഥാകൃത്തിന്റെ ഉള്ളിൽ നടക്കുന്ന മറ്റൊരു താദാത്മ്യമാണ് ഇവിടെ തെളിയുന്നത്. ഒന്നും രണ്ടും ഉപകഥകൾ പൊളിച്ചെഴുതി അവൾ പുതിയൊരു കഥനിർമ്മിക്കുന്നു. തിയേറ്റർതന്നെ പശ്ചാത്തലം. പക്ഷേ ഇവിടെ പെൺകുട്ടികൾ രണ്ടും ആൺകുട്ടികളുടെ പുറകിലാണിരിക്കുന്നത്.

ഇരിപ്പിടങ്ങൾക്കിടയിൽ നടക്കുന്ന പാദകേളിയുടെ രീതിയാകെ മാറിയിരിക്കുന്നു. ഒരുത്തിയുടെ പാദങ്ങൾ ആൺപാദങ്ങളെ ചവിട്ടിമെതിക്കുമ്പോൾ മറ്റവളുടെ വലതുപാദം മുന്നിലിരിക്കുന്നവന്റെ വാരിയെല്ലിനു നേരെയാണു തിരിയുന്നത്. അങ്ങനെ ഒന്നാംകഥയിലെ ആൺപാദങ്ങളുടെ സൗമ്യസമീപനത്തിന്റെ സ്ഥാനത്ത് നാമിവിടെ കാണുന്നത് പെൺപാദങ്ങളുടെ കടന്നാക്രമണമാണ്.

ഈ മൂന്നാം ഉപകഥയുടെ കർതൃത്വമേല്ക്കാൻ കഥാകൃത്ത് തയ്യാറല്ല എന്നതു ശ്രദ്ധിക്കുക. അയാളതു തന്റെ പെൺസുഹൃത്തിനെ ഏല്പിച്ചിട്ട് കൈകഴുകി മാറിനില്ക്കുന്നു.

ഈ ഉപകഥയിലൂടെ വെളിപ്പെടുന്നത് നമ്മുടെയീ ഉത്തരാധുനികപശ്ചാത്തലത്തിൽ രൂപപ്പെട്ടുകൊണ്ടിരിക്കുന്ന പെണ്ണെഴുത്ത് വായനക്കാരിൽ സൃഷ്ടിക്കുന്ന വിഭ്രാന്തിയാണ്. ഈ കഥയുടെ ഷോക്കിൽനിന്നു താൻ മുക്തനായത് വളരെക്കഴിഞ്ഞാണ് എന്നു കഥാകൃത്ത് കഥാന്ത്യത്തിൽ പറയുന്നുണ്ട്. ഈ ഷോക്ക് എഴുത്തിന്റെ നേരത്തുണ്ടാകാതിരുന്നത്, മേൽ സൂചിപ്പിച്ച താദാത്മ്യം മൂലമാണ്. അതിൽ നിന്നു പുറത്തുവരുന്നതോടെ പെണ്ണെഴുത്തിന്റെ ചില തീവ്രാവതാരങ്ങളിൽ അന്ധാളിക്കുന്ന വായനക്കാരുടെ പ്രതിനിധിയായി അയാൾ മാറുകയാണു ചെയ്യുന്നത്.

കഥാവസാനം, ഈ മൂന്നാം ഉപകഥ സ്വന്തം പേരിൽ പ്രസിദ്ധീകരിക്കുന്ന കാര്യമോർക്കുമ്പോൾ തനിക്കുണ്ടാകുന്ന ഊരുപേടിയെക്കുറിച്ചു കഥാകൃത്തു പറയുന്നുണ്ട്.(പുറം 37) നമ്മുടെയെല്ലാം ജീവിതം ഊരിനും പേരിനുമിടയ്ക്കുള്ള ഒരു കളിയാണ്. ഊര് നമ്മുടെ ഭാവനാതലമാണ്. അതു നമ്മുടെ സ്വകാര്യബോധ്യങ്ങളുടെയും ഭാവനാസൃഷ്ടികളുടെയും ലോകമാണ്. പേരു സൂചിപ്പിക്കുന്നത് അപരനിർമ്മിതമായ പ്രതീകക്രമത്തിലെ, നമ്മുടെ

അംഗത്വമാണ്. അവിടെ വാക്കുകൾക്കും ചിഹ്നങ്ങൾക്കും അർത്ഥസ്ഥിരതയുണ്ട്. പൊതുമാനദണ്ഡങ്ങൾക്കനുസരിച്ച് നമ്മുടെ ചൊല്ലും ചെയ്തിയും ചിട്ടപ്പെടുത്തേണ്ടിവരും.

മനുഷ്യസഹജമായ ഈ മൗലികവിഘടനം ഏറ്റവുമധികം പ്രതിസന്ധിയിലാക്കുന്നത് കാലാളുകളെയാണ്, എഴുത്തുകാരെയാണ്. കാലാനസൃതമായ ഭാവുകത്വപരിണാമങ്ങൾക്കനുസരിച്ച് എഴുതേണ്ടിവരുന്ന എഴുത്തുകാരുടെ ആത്മസംഘർഷം ഭംഗിയായി ആവിഷ്കരിക്കുന്ന ഈ കഥയുടെ അവസാനഭാഗത്തു കഥാകൃത്തു നടത്തുന്ന കമന്റുകൾ.

കഥ 2: പൊടിമോളുടെ രഹസ്യജീവിതം

പൊടിമോളുടെയൊരു സ്കൂൾമാഷായ സൈമൺസാറാണ് കഥ പറയുന്നത്. സാറിന്റെ നോട്ടത്തിൽ, ഐക്യു കുറഞ്ഞ, അദ്ധ്യാപകരുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ മടിക്കുന്ന, അവരുടെ കണ്ണിൽ പെടാനിഷ്ടപ്പെടാത്ത കുട്ടിയാണ് പൊടിമോൾ. അവളുടെ മാതാപിതാക്കൾ ഉദ്യോഗസ്ഥരാണ്. 'പെൺകുട്ടി ആയിപ്പോയല്ലോ സൈമൺസാറേ, അല്ലെങ്കിൽ സാരമില്ലായിരുന്നു'(പുറം 44) എന്ന് അവളുടെ അച്ഛനൊരിക്കൽ പറഞ്ഞ കാര്യവും സാറ് സാക്ഷ്യപ്പെടുത്തുന്നു.

ഒരു ഇന്റർവെൽസമയത്ത് അവളുടെ ക്ലാസിൽ നിന്നൊരു ബഹളം കേട്ട് അങ്ങോട്ടുചെന്ന സാറ് പുറത്തുനിന്നു കാണുന്നതും കേൾക്കുന്നതുമായ കാര്യങ്ങളാണ് കഥയുടെ കാതലായ ഭാഗം.

ഒരു ഹിന്ദി സിനിമാ നായികയുടെ സ്റ്റൈലിൽ പൊടിമോൾ സഹപാഠികളോടു വാതോരാതെ സംസാരിക്കുന്നു. തന്റെ പൊലിഞ്ഞുപോയ പ്രണയകഥകളാണു വിഷയം. പറഞ്ഞുകഴിഞ്ഞ രണ്ടുകഥകളിലും പ്രസിദ്ധ സിനിമാതാരങ്ങളാണു നായകന്മാർ. അടുത്തതു തന്റെ വർത്തമാനപ്രണയജീവിതം. നീണ്ട പ്രണയരംഗങ്ങൾക്കു ശേഷമാണ് അവൾ തന്റെ രഹസ്യകാമുകന്റെ പേരു വെളിപ്പെടുത്തുന്നത്. ഈ 'മീ റ്റൂ' വെളിപ്പെടുത്തൽ കേട്ടു സാറാകെ ഞെട്ടിപ്പോയി. അവളുടെ ആ കാമുകൻ താൻ തന്നെ!

ഒരു പൂച്ചക്കുട്ടിയെപ്പോലിരുന്ന പൊടിമോളെങ്ങനെയൊരു പൂമ്പാറ്റയായി മാറി? ഇതിനുത്തരത്തിലേക്കു വെളിച്ചംവീശുന്ന സൂചനകൾ കഥയുടെ തുടക്കത്തിൽതന്നെയുണ്ട്. അമ്മയുമച്ഛനും ഉദ്യോഗസ്ഥരായ അവൾക്ക് അവരുടെ സ്നേഹവും പരിചരണവും ആവശ്യത്തിനു കിട്ടിക്കാണില്ല. പെണ്ണായതിൽ കുറ്റമാരോപിക്കുന്ന പിതൃനോട്ടം അവളെയെന്നും പിന്തുടരുന്നു. അദ്ധ്യാപകരുടെ സാന്നിധ്യത്തിലതിന്റെ സാന്ദ്രത കൂടുകയും അവളൊരു പൂച്ചക്കുട്ടിയെ പോലാവുകയും ചെയ്യുന്നു.

ഇന്റർവെൽ സമയത്ത് ആവളാ നോട്ടത്തിനു പുറത്തുകടക്കുകയും ദമിതമോഹങ്ങളുണരുകയും ഭാവനയിലൊരു പൂമ്പാറ്റയെപ്പോലെ പറന്നു നടക്കുകയും ചെയ്യുന്നു. കൂട്ടുകാരികളുടെ പ്രോത്സാഹനം താൽക്കാലിക മായി അവളെ പിതൃനോട്ടത്തിൽ നിന്നു മറച്ചു പിടിക്കുന്നു.

പൊടിമോളെന്തുകൊണ്ട് ഒടുവിൽ തന്റെ കാമുകനായി സ്വന്തം സാറിനെ ചൂണ്ടിക്കാണിക്കുന്നു? ബോധതലത്തിൽ അവൾക്കതൊരു തമാശ ആയിരുന്നെന്നു കരുതാം. എന്നാൽ തമാശകൾക്കു പിന്നിലും ചില അബോധഘടകങ്ങളുണ്ടാവും എന്നാണ് ഫ്രോയിഡിനെ പോലെ ലകാനും പറയുന്നത്. കൂട്ടുകാരികളോട് അവൾ അമ്മയെ പുകഴ്ത്തുന്നുണ്ട്. അബോധതലത്തിൽ പൊടിമോൾ തന്റെ അമ്മയുമായി താദാത്മ്യപ്പെടുന്നു എന്നാണ് അതു കാണിക്കുന്നത്. അങ്ങനെ പിതൃസ്നേഹമാർജിക്കാൻ പിതൃമോഹവിഷയമായ അമ്മയായി അവൾ സ്വയം പരിണമിക്കുന്നു.13

കഥ 3: സ്വപ്നാടനത്തിന്റെ സ്വകാര്യ സാധ്യതകൾ

വിനയൻ രാത്രിയിൽ ഉറക്കത്തിൽ ഒരു കുളത്തിലേക്കു നടക്കുന്നു. അതിലിറങ്ങി മുകൾപ്പരപ്പിൽ നീന്തുന്നു. അപ്പോൾ സീമ അവിടെയെത്തുന്നു. പൂർണനഗ്നയായി അവളും കുളത്തിലിറങ്ങി നീന്തുന്നു. ആഴത്തിലേക്കു നീന്തിപ്പോയ സീമ ജലത്തട്ടിൽ വിശ്രമിക്കുമ്പോൾ വിനയനും ആഴത്തിലേക്കു നീന്തുന്നു. സീമ കയറിപ്പോയശേഷം വീട്ടിലേക്കു നടന്ന വിനയൻ തന്റെ ഉറക്കം തുടരുന്നു. വെള്ളത്തിൽ മുങ്ങിമരിക്കുന്നതായി ദുസ്വപ്നംകണ്ടു ഞെട്ടിയുണരുന്നു. അടുത്തനാളുകളിലും അവരുടെ ഈ സ്വപ്നസഹജീവിതം തുടരുന്നു. എങ്കിലും പകൽസമയത്തു പരസ്പരം കണ്ടുമുട്ടുമ്പോൾ അവർക്കതൊന്നും ഓർത്തെടുക്കാൻ കഴിയുന്നില്ല. ഇതാണു കഥാചുരുക്കം.

ഈ രണ്ടു യുവകഥാപാത്രങ്ങളുടെയും മനോവ്യാപാരങ്ങളിലേക്കു വെളിച്ചംവീശുന്ന സൂചനകൾ ഈ കഥയിലുണ്ട്. വിനയൻ കരയിലെത്തിയപ്പോൾ 'ജലാശയം അവനെ കടക്കണ്ണിട്ടു ക്ഷണിച്ചു. വിവാഹവേദിയിലേക്കു കടന്നു ചെല്ലുന്ന അനുഭൂതിയോടെ അവൻ ജലപ്പരപ്പിലേക്കു നൂണ്ടിറങ്ങി.'(പുറം 163) ഇതിലെ രതിസൂചന വ്യക്തമാണല്ലോ. ഒരിക്കലും നീന്തിയിട്ടില്ലാത്ത അയാൾ ഒരിക്കലെങ്കിലും സമപ്രായക്കാരോടൊപ്പം നീന്താൻ കഴിഞ്ഞാലേ വിവാഹം കഴിക്കൂ എന്നു ശപഥം ചെയ്തിരുന്നത്രേ. ഇതു കാണിക്കുന്നത് അയാളുടെ പ്രതീകക്രമത്തിൽ നീന്തൽ എന്നതു രതിക്രിയക്കുള്ള ദമിതമോഹത്തിന്റെ സൂചകമാണെന്നാണ്.

നീന്തൽ രതിക്രിയയെങ്കിൽ കുളത്തിന്റെ ആഴത്തിലേക്കുള്ള നീന്തൽ രതിനിർവൃതിയാണ്. മനസിൽ ആഴത്തിൽ പതിഞ്ഞ

അപകർഷതാബോധം അതിനു തടസ്സം നില്ക്കുന്നു. അയാൾ മുകൾപ്പരപ്പിലുള്ള നീന്തലിൽ മാത്രം മുഴുകുന്നു.

എന്നാൽ, ആഴത്തിലേക്കു നീന്തിയ സീമ ജലനിരപ്പിലെത്തിയപ്പോൾ വിനയനും അനായാസം അതുപോലെ നീന്താൻ കഴിയുന്നു. ഇതു കാണിക്കുന്നത് അയാളുടെ മനസ്സിൽ സംഭവിച്ച താദാത്മ്യമാണ്. കുട്ടിക്കാലംമുതലേ അയാൾക്കു സീമയെ അറിയാമായിരുന്നു. കൗമാരപ്രായത്തിൽ സീമയ്ക്കു നീന്തലിലുള്ള സാമർത്ഥ്യം അവളോടു വിനയനിൽ കടുത്ത അസൂയ ജനിപ്പിച്ചിരുന്നു എന്നു കഥാകൃത്തു സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആ അസൂയ അവളെ അയാളുടെ മനസിൽ ഒരു സ്വത്വമാതൃകയാക്കിയിരിക്കണം. അതുമായി അബോധതലത്തിൽ നടക്കുന്ന താദാത്മ്യമാണ് അയാളുടെ ആഴനീന്തൽ സാധ്യമാക്കുന്നത്.

ഇരുവരും തമ്മിലുള്ള ഒരു സംഭാഷണശകലം വിനയന്റെ മനോഘടനയിലേക്കു കൂടുതൽ വെളിച്ചംവീശുന്നതാണ്. 'ആണുങ്ങളെ വിവസ്ത്രരായി കണ്ടാൽ' അതു 'സിനിമയിലൊരു ഹൊററർസീൻ കാണുന്നതുപോലെ തോ...' ആണെന്നാണ് അയാൾ പറയുന്നത്. സ്ത്രീകളെ ആണെങ്കിൽ 'ഒരു ഇല്ലായ്മകൂടി തോന്നും' എന്നും.

ഒരു ആണധികാരവ്യസ്ഥിതിയിൽ ആൺപെൺ ഭേദമില്ലാതെ പ്രതീകക്രമത്തിൽ നിലനിൽക്കുന്ന ആണധികാരബിംബമാണു ലകാനു 'ഫാലസ്'(phallus).[14] സ്വന്തം ആണത്തരാഹിത്യം ഫാലസിന്റെ അഭാവസാന്നിധ്യമായിട്ടാണ് വിനയന് അനുഭവപ്പെടുന്നത്. അതുകൊണ്ടാണ് ഇരുവിഭാഗത്തിന്റെയും നഗ്നത വിനയനെ അമ്പരപ്പിക്കുന്നത്.

സീമ പോയശേഷവും വിനയന്റെ മനസിൽ തങ്ങിനില്ക്കുന്ന മോഹമിതാണ്: 'ഉയർന്ന ഭിത്തിയിൽ കയറിനിന്നിട്ട് ഉളിക്കുത്തനോ സമർസാൾട്ടോ നടത്തണം. അപ്പോൾ കുളത്തിന്റെ ജലശരീരം ചിരിക്കുംപോലെ മദിച്ചിളകും. ശേഷിക്കുന്ന വലിയൊരാഗ്രഹമാണത്.' ലകാനിയൻ 'ഴുയിസാങ്സ്'ന്റെ നല്ലൊരാവിഷ്കാരമായിട്ടാണു ഞാനിതു വായിക്കുന്നത്.

ഒന്നാം ഭാഗത്തു സൂചിപ്പിച്ചതുപോലെ ആനന്ദത്തിനതീതവും അപ്രാപ്യവുമായ ആനന്ദമാണ് ഴുയിസാങ്സ്.[15] ഈ ഫ്രെഞ്ച് വാക്കിന്റെ ലൈംഗികധ്വനി ചോർന്നുപോകാതിരിക്കാനാണ് പരിഭാഷകളിൽ പൊതുവേ സമാനപദങ്ങളൊഴിവാക്കപ്പെടുന്നത്. ഴുയിസാങ്സിന്റെ അപ്രാപ്യതയിലേക്കു കുപ്പുകുത്താനുള്ള വെമ്പലാണ് മരണാവേഗം. ലകാന്റെ വാക്കുകളിൽ 'പൂജ്യത്തിൽനിന്നു വീണ്ടും തുടങ്ങാനുള്ള ആവേഗം.' പേടിസ്വപ്നങ്ങൾക്കു പിന്നിലുള്ളത് മരണാവേഗമാണെന്നും അദ്ദേഹം

പറയുന്നുണ്ട്. നീന്തലിനു ശേഷം തിരിച്ചെത്തിയ വിനയൻ കാണുന്ന പേടിസ്വപ്നത്തിൽ നമുക്കിതു കാണാൻ കഴിയും. 'താൻ നിലയില്ലാത്ത വെള്ളത്തിൽപ്പെട്ട് മുങ്ങിമരിക്കാൻ തുടങ്ങുന്നതായിട്ടാണ് അവൻ കണ്ടത്.'

ഇനി നമുക്കു സീമയുടെ കാര്യമെടുക്കാം. അവൾക്കുമുണ്ട് അമർത്തപ്പെട്ട ചില അഭിലാഷങ്ങൾ. നീളൻ പാവാടയും ബ്ലൗസും ധരിച്ചേ അവളുടെ അമ്മയവളെ നീന്താൻ അനുവദിച്ചിരുന്നുള്ളൂ. അതുടക്കി ഒരിക്കൽ അപകടത്തിൽപ്പെട്ടെന്ന കാരണം പറഞ്ഞ് പിന്നീടു കുളത്തിലിറങ്ങാൻപോലും അനുവാദമില്ലാതായി. ആ ബാലമനസ്സിൽ അതുണ്ടാക്കിയ ആഘാതം വെളിവാക്കുന്ന ഒരു വാക്യം കഥയിലുണ്ട്: 'വസ്ത്രം ധരിക്കുമ്പോൾ ശരീരത്തോടൊപ്പം മനസ്സും കൂടെയാണ് അകത്തു കയറുന്നത്.' അങ്ങനെ സീമയുടെ മനസിൽ പെണ്ണെന്ന പേരിൽ നിഷേധിക്കപ്പെടുന്ന സ്വാതന്ത്ര്യനിഷേധങ്ങളെ കൂട്ടിയിണക്കുന്ന ഗുരുസൂചകമാണ് വിവസ്ത്രനീന്തൽ. എന്നാൽ പൊടിമോളുടെ കാര്യത്തിലെന്നവണ്ണം സമൂഹത്തിന്റെ പിതൃനോട്ടത്തിൽ, പകൽവെളിച്ചത്തിൽ, പെടാത്തപ്പോളാണ് സീമ ഭാവനാതലത്തിലേക്കുയരുന്നതും ഇരുളിന്റെ മറവിൽ സ്വാതന്ത്ര്യമനുഭവിക്കുന്നതും.

ഈ കഥ ഇത്രയും കൊണ്ടവസാനിപ്പിക്കാമായിരുന്നെങ്കിലും അതല്ലാ സംഭവിക്കുന്നത്. വിനയനും സീമയും രാത്രികാലങ്ങളിലെ അവരുടെ സഹസ്വപ്നജീവിതം തുടരുന്നു. പകൽസമയത്തവർ കണ്ടുമുട്ടാറുണ്ടെങ്കിലും രാത്രിജീവിതമൊന്നും അവരുടെ ഓർമ്മയിലെത്തുന്നില്ല. 'ചുരിദാറിനുള്ളിലെ അവളുടെ ശരീരഭാഗങ്ങൾ ഒരിഞ്ചെങ്കിലും എപ്പോഴെങ്കിലും താൻ കണ്ടിട്ടുള്ളതായി അവന് ഓർമ്മ വരികയില്ല. അതോർക്കുമ്പോൾ ഇതെഴുതുന്നയാൾക്ക് വല്ലാത്ത ദുഃഖം തോന്നുന്നു.' (പുറം 167)

കഥയിലെ ജലജീവിതരംഗങ്ങളിൽ പ്രതീക്ഷിച്ചതൊന്നും സംഭവിക്കാത്തതിൽ നിരാശപ്പെടുന്ന സാമാന്യവായനക്കാരുടെ പ്രതിനിധിയായി കഥാകൃത്ത് മാറുകയാണിവിടെ. 'ഓർമ്മകളും വികാരവും ഇടങ്കോലിടാത്ത വിനയന്റെ സ്വച്ഛമായ മനോനില' തന്നെ അസൂയപ്പെടുത്തുന്നു എന്നും അതു സെക്ഷ്വൽ ജലസിയാകാമെന്നും അയാൾ സമ്മതിക്കുന്നു. 'ഇത്രയും ഭാഗ്യമുള്ള ഒരു കഥാപാത്രത്തെ സൃഷ്ടിക്കേണ്ട കാര്യമെനിക്കില്ലായിരുന്നു' എന്നുകൂടി കൂട്ടിച്ചേർത്താണയാൾ കഥ അവസാനിപ്പിക്കുന്നത്.

ഇവിടെ കഥാകൃത്ത് രചയിതാവിന്റെ സാമ്പ്രദായിക വേഷമെടുത്തണിയുന്നു, ബാർത്തു പറയുന്നതുപോലെ താൻ മരിച്ചിട്ടില്ലെന്നു സ്ഥാപിക്കാനെന്നവണ്ണം. കഥയവസാനിച്ചെങ്കിലും കഥാകൃത്ത് ഒരു അടിക്കുറിപ്പുമായി വേദിയിൽ തന്നെയുണ്ട്. തന്റെ കഥാപാത്രങ്ങളുടെ കഥാനന്തര ജീവിതത്തെക്കുറിച്ചയാൾ ചില സൂചനകൾ തരുന്നു, സീമയെക്കുറിച്ച

'നമുക്ക' നിരാശതോന്നം എന്ന പറഞ്ഞ് വായനക്കാരെ തന്റെ കൂടെനിർത്താൻ ശ്രമിക്കുന്നു. തന്റെ കഥയുടെ 'മറ്റു വായനകൾ നിരോധിക്കുന്നു.' 'വായനക്കാരും നിരൂപകരും സ്വന്തം കൈയിലിരിപ്പുകൾ'കൊണ്ടു തന്റെ വിശുദ്ധപശുവിനെ തൊട്ട് അശുദ്ധമാക്കരുതെന്നു സൂചിപ്പിക്കുന്നു. 'ഇപ്പോഴത്തെ കഥകളിലെ അശ്ലീലവും ലൈംഗികവിവരണങ്ങളും കണ്ടു മടുത്തെന്നും' അതുകൊണ്ടാണു താനീ ശുദ്ധമായ കഥ എഴുതിയതെന്നും വെളിപ്പെടുത്തുന്നു. 'എന്നിട്ടും ഈ കഥയിൽ അശ്ലീലം കണ്ടെത്തി ചിലർ. വായനക്കാരുടെ മനസു നന്നല്ലെങ്കിൽ എഴുത്തുകാർക്കെന്തു ചെയ്യാൻ കഴിയും' എന്നു വിലപിച്ചാണയാൾ കർട്ടനിടുന്നത്.

ഉത്തരാധുനികഭാവുകത്വപരിണാമവുമായി പൊരുത്തപ്പെടാൻ കഴിയാത്ത ഒരു രചയിതാവിന്റെ രേഖാചിത്രമായിട്ടാണ് ഈ അടിക്കുറിപ്പിലെ കഥാകൃത്തിനെ ഞാൻ കാണുന്നത്. തന്റെ ലോകം, പ്രതീകക്രമവും അതിലെ സംരക്ഷകബിംബങ്ങളും, മാഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്നു. വായനക്കാരുടെ വായനാരീതിയും നിരൂപണശൈലിയും മാറുന്നു. ഈ സാഹചര്യത്തിൽ തന്റെ പുതിയ കഥാസൃഷ്ടിയെക്കുറിച്ചുള്ള ഉൽക്കണ്ഠ അയാളെ പരഭീതി ബാധിതനായ ഒരു ഹിറ്റ്ലറാക്കി മാറ്റുന്നു.[16]

ഉപസംഹാരം

ഈ മൂന്നാമത്തെ കഥാവായനയിൽ ബോധപൂർവം ഞാൻ ലകാനെ പിന്തുടർന്നെങ്കിലും സാഹിത്യകർത്തൃത്വ(literary subjectivity)ത്തെ സംബന്ധിക്കുന്ന ബാർത്തിയൻ വിചാരബാധ[17] തുടക്കം മുതലേ എന്നെ പിടികൂടിയിരുന്നു. എന്നാൽ ഇതിലെ അവസാന കഥയിലെത്തിയപ്പോൾ അതിന്റെ പരിമിതികളെന്നെ വിഷമത്തിലാക്കി. കഥയുടെ മരണപ്പെട്ടെന്നു കരുതിയ രചയിതാവ് ആദ്യം മറ്റൊരു വായനക്കാരനായും പിന്നെ കഥാകൃത്തിന്റെ വേഷത്തിലും കഥാന്ത്യത്തിൽ കടന്നുവന്ന് തന്റെ സൃഷ്ടിയെക്കുറിച്ച് അഭിപ്രായം പറയുന്നു. ഇതുണ്ടാക്കിയ അമ്പരപ്പ് എന്നെ നയിച്ചത് ബാർത്തിന്റെ ഒരു ലകാനിയൻ വായനയിലേക്കാണ്.

സൂക്ഷ്മവായനയിൽ നമുക്കു കാണാനാകും ബാർത്ത് തള്ളിപ്പറഞ്ഞത് മുതലാളിത്ത ആധുനികതയുടെ പ്രത്യയശാസ്ത്രനിർമ്മിതിയായ സ്ഥിരകർത്തൃത്വസങ്കല്പത്തെയും അതിനെ കേന്ദ്രീകരിച്ചുള്ള പാഠപരിചരണത്തെയുമാണെന്ന്. എന്നാൽ ഇന്റർനെറ്റിന്റെയും വിവരനാഗരികതയുടെയും വർത്തമാനാന്തരീക്ഷത്തിൽ ആ കർത്തൃത്വസങ്കല്പം മാഞ്ഞുപൊയ്ക്കൊണ്ടിരിക്കുകയാണ്. കോടിക്കണക്കിനു സ്വയാധികാര നാഡീകേന്ദ്രങ്ങളുടെ പരസ്പരവിവരവിനിമയത്തിൽ നിന്നാണ്

മനുഷ്യനിൽ 'ഞാൻബോധ'മുദിക്കുന്നതെന്ന നാഡീശാസ്ത്രവും തെളിയിച്ചുകൊണ്ടിരിക്കുന്നു[18]. ഇതിനോടെല്ലാം ഒത്തുപോകുന്നതാണ് ലകാന്റെ കർത്തൃത്വവിചാരങ്ങൾ.

എഴുതാൻ തുടങ്ങുമ്പോൾത്തന്നെ, എഴുത്തിന്റെ വ്യാകരണത്തിന്റെ അബോധസ്വാധീനം എഴുത്താളിലുണ്ട്. ആ വ്യാകരണത്തിൽ സൂചകസൂചിതങ്ങളും ചിഹ്നങ്ങളും മാത്രമല്ല ഉള്ളത്.[19] കഥാസന്ദർഭവും എഴുത്തുകാരുടേതായ പ്രതീകക്രമത്തിലെ നിരൂപകഗുരുസൂചകങ്ങളുമെല്ലാം അതിൽപ്പെട്ടും. തന്റെ ഇഷ്ടവായനക്കാരും തന്റെതന്നെ കഥാപാത്രങ്ങളും ആയി എഴുത്തിന്റെ മാത്രകളിൽ അയാൾ മനസിൽ സംവാദത്തിലേർപ്പെട്ടുന്നുമുണ്ട്. ഇതെല്ലാം ചേർന്ന ഒരു അപരമാണ് അയാളെ എഴുത്തിന്റെ രചയിതാവാക്കുന്നത്. ആ സ്വത്വബോധം എഴുത്ത് അവസാനിക്കുന്നതോടെ മാഞ്ഞുപോവുകയും ചെയ്യുന്നു. അപ്പോൾ, ബാർത് പറയുന്നതുപോലെ, രചയിതാവിന്റെ മരണമല്ല, മാഞ്ഞുപോകലാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

## ഗ്രന്ഥസൂചി

1. Slavoj Zizek, *The Sublime Object of Ideology,* Verso, New York, 2002.
2. George Lakoff and Mark Johnsen, *Metaphors We Live By*, The University of Chicago, 2003.
3. Tzvetan Todorov, Mikhail Bakhtin: *The Dialogical Principle,* University of Minesotta, 1984, p.88.
4. സെബാസ്റ്റ്യൻ വട്ടമറ്റം, *പ്രത്യയശാസ്ത്രവും പ്രതീകവിപ്ലവവും,* എൻ. ബി. എസ്., 2017, അദ്ധ്യായം 1
5. സെബാസ്റ്റ്യൻ വട്ടമറ്റം, *ഭാഷയുടെ അബോധസഞ്ചാരങ്ങൾ,* കറന്റ് ബുക്സ്. 2014, പുറം 106
6. Slavoj Zizek, 2002, p.33
7. Sebastian Kappen, *Jesus and Culture*, ISPCK, Delhi, 2002, Chapter 13
8. Jacques Lacan, *The Four Fundamental Concepts of Psychoanalysis,* Norton, p.95
9. Jacques Lacan, *The Seminar of Jacques Lacan, Book II*, Norton, 1988, 2, p. 155
10. മാർക്സ് *മൂലധനം 3-ാം വാല്യ*ത്തിൽ സ്വാതന്ത്ര്യത്തെ നിർവ്വചിക്കുന്നത് അനിവാര്യതയുടെ മറികടക്കലായിട്ടാണ്.
11. Roland Barthes, *S/Z*, Blackwell Publishing , United Kingdom , 200212.
12. ജോണി ജെ. പ്ലാത്തോട്ടം, *സ്വപ്നാടനത്തിന്റെ സ്വകാര്യസാധ്യതകൾ,* ബുക്ക് സൊല്യൂഷൻസ്, കോട്ടയം, 2017
13. Jacques Lacan, *The Seminar Book III: The Psychoses*, W.W. Norton, 1993
14. Jacques Lacan, *The Seminar Book VII,* The Ethics of Psychoanalysis, 1959-1960, Routledge, p.212

15. Jacques Lacan, *The Seminar Book X*, 23 January 1963
16. 'Lost file reveals Hitler's paranoia', The Guardian, 21 March 2005
17. Roland Barthes, *The Death of the Author*
18. V. S. Ramachandran, *Phantoms in The Brain*, Harper Collins, 2016
19. Luke Johnson Ph.D., *Literary Subjectivity: A Lacanian Approach to Authoriality*, 2013. p.9

# മാപ്പിള സ്ത്രീസ്വത്വനിർമിതിയും ഭാഷാമനോഭാവവും

ഡോ. ജമീൽ അഹമ്മദ്
അസി. പ്രൊഫസർ, ഗവ. കോളേജ് മലപ്പുറം

ആമുഖം

ഭാഷയുടെ സാമൂഹികാപഗ്രഥനത്തിലൂടെ (Sociology of Language) ഏറനാടൻ മാപ്പിളമാരുടെ വാമൊഴിയിലെ സവിശേഷതകൾ അപഗ്രഥിച്ച് അവരുടെ മതസ്വത്വത്തെ വിശകലനം ചെയ്യുന്നതിന്റെ ഭാഗമായാണ്, അവരുടെ ഭാഷാമനോഭാവത്തെ അപഗ്രഥനം ചെയ്യാനുള്ള ഈ ശ്രമമുണ്ടാകുന്നത്. ഒരു സമുദായത്തിന്റെ സാമൂഹികസ്വത്വം രൂപപ്പെടുത്തുന്നതിൽ അവരുടെ ഭാഷാമനോഭാവവും (Language attitude) പങ്കുവഹിക്കുന്നുണ്ട്. ഏറനാടൻ മാപ്പിളമാരുടെ വാമൊഴി മലബാറിലെ മാപ്പിളസമുദായത്തിന്റെ പൊതുവായ വാമൊഴിയുടെ ഭാഗംതന്നെയാണ്. അതിനാൽ മലബാറിലെ മുസ്ലിം മാപ്പിളമാരുടെ മതാത്മകസ്വത്വത്തിന്റെ വിശകനത്തിന് മാതൃകയെന്ന രീതിയിലും ഈ അപഗ്രഥനത്തിന് പ്രസക്തിയുണ്ട്. ഒരു ഉപഭാഷാസമൂഹം തങ്ങളുടെ വാമൊഴിയെക്കുറിച്ച് എന്ത് ബോധമാണ് ഉൾക്കൊള്ളുന്നത് എന്ന വിശകലനം സാമൂഹികഭാഷാശാസ്ത്ര വിശകലനത്തിന്റെയും ഭാഗമാണ്.

മാപ്പിളസമൂഹത്തിന്റെ ആഭ്യന്തരഘടന നിർണയിക്കുന്നതിൽ ജാതിസ്വത്വത്തെക്കാൾ ലിംഗസ്വത്വവും മതപരമായ സ്ഥാനഭേദങ്ങളും സാമ്പത്തിക ശ്രേണീകരണങ്ങളുമാണ് പ്രധാന പങ്കുവഹിക്കുന്നത്. അവയിൽ മാപ്പിളസമുദായത്തിലെ ആൺ-പെൺ എന്നീ സാമൂഹിക ചരങ്ങളെയാണ് ഈ അവലോകനത്തിന് സവിശേഷമായി മാനദണ്ഡമാക്കിയിരിക്കുന്നത്. വാമൊഴിയിലെ മതാത്മക ഘടകങ്ങളെക്കുറിച്ച് മാപ്പിളസമുദായത്തിലെ പുരുഷസമൂഹത്തിന്റെയും സ്ത്രീസമൂഹത്തിന്റെയും ബോധങ്ങളെയാണ് താരതമ്യപരമായി ഇവിടെ വിശകലനം ചെയ്യുന്നത്.

ഒരു ഭാഷകസമൂഹത്തിലെ വാമൊഴിയെക്കുറിച്ചുള്ള പഠനം ആ സമൂഹത്തിന്റെ ഘടനയെയും സ്വത്വത്തെയും കുറിച്ചുള്ള പഠനംകൂടിയാണ്. പഠനമേഖലയിൽ ഗവേഷകന്റെ നേരിട്ടുള്ള ഇടപെടലാണ് മണ്ഡലവൃത്തി. ഗവേഷണത്തിനാവശ്യമായ പ്രഥമാകരണ സാമഗ്രികൾ സ്വരൂപിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ ചോദ്യാവലിയെ അടിസ്ഥാനമാക്കിയാണ് ഈ വിശകനത്തിനാവശ്യമായ ദത്തങ്ങൾ സ്വരൂപിച്ചിട്ടുള്ളത്. പഠനമേഖലയായ ഏറനാട്ടു താലൂക്കിലെ വ്യക്തികളുമായി നേരിട്ടുള്ള അഭിമുഖ സംഭാഷണത്തിലൂടെയാണ് ഇവ ശേഖരിച്ചിരിക്കുന്നത്. സമാഹരിക്കപ്പെട്ട ദത്തത്തെ വിശകലനം ചെയ്യുന്നതിനുവേണ്ടി സാംഖികം (Statistics) ഉപയോഗിച്ചിരിക്കുന്നു. സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാമൂഹിക ശ്രേണിയിലും വ്യത്യാസം പുലർത്തുന്ന സ്ത്രീകളെയും പുരുഷൻമാരെയും പ്രാതിനിധ്യസ്വഭാവം മുൻനിറുത്തി സാംപ്ലിങ് രീതിയിലാണ് സർവേക്ക് സമീപിച്ചത്.

## മാപ്പിളസ്വത്വം

ഭാഷ, സംസ്കാരം, ലിംഗഭേദം, വിശ്വാസാചാരങ്ങൾ, ദേശം തുടങ്ങിയവയിലുള്ള വ്യത്യാസങ്ങളാൽ നിർണയിക്കപ്പെടുന്ന വ്യക്തിസത്തയാണ് സ്വത്വം. വ്യക്തിയെ മറ്റൊരു വ്യക്തിയിൽനിന്ന് വേർതിരിക്കുന്ന സവിശേഷതകളുടെ സമുച്ചയം കൂടിയാണ് അത്. സ്വത്വം ആത്മബോധമാണ്. അതിലുപരി താൻ ഉൾപ്പെടുന്ന വിഭാഗത്തിന്റെ വസ്തുനിഷ്ഠമായ ഗുണം തനിക്കുണ്ടെന്ന അറിവുമാണത്. ചരിത്രം, സംസ്കാരം എന്നിവയുടെ തുടർച്ചയുള്ള ഒരു വിഭാഗത്തിലെ അംഗമാണ് താൻ എന്ന ബോധം നഷ്ടപ്പെടുകയും ചരിത്രപരമായ തന്റെ സ്വത്വത്തെ വിശ്വസിക്കാതിരിക്കുകയും ചെയ്യുമ്പോഴാണ് സ്വത്വപ്രതിസന്ധിയുണ്ടാകുന്നത്. ഒരു സമൂഹത്തിന്റെ സ്വത്വം രൂപപ്പെടുത്തുന്നതിൽ അവരുടെ ഭാഷയ്ക്ക് വലിയ പങ്കുണ്ട്. സമുദായത്തിന്റെ വാമൊഴി അതിന്റെ ഘടന നിർണയിക്കുകമാത്രമല്ല, ആ സവിശേഷഘടനയെ വെളിപ്പെടുത്തുകയും മറച്ചുവെക്കുകയും ചെയ്യാനുള്ള ഉപകരണമായി മാറുകയും ചെയ്യുന്നു. മാപ്പിള എന്ന സമുദായഘടന രൂപപ്പെട്ടതിൽ തന്നെ മതത്തിന്റെ ചരിത്രപരമായ ഇടപെടലുകളുണ്ട്. അതുകൊണ്ടുതന്നെയാണ് മാപ്പിളസമുദായം ഇത്രയും മതാത്മകമായത്. മാപ്പിള സ്വത്വരൂപീകരണത്തിന്റെ പല അടരുകളും നിർണയിക്കുന്നത് അവരുടെ മതമാണ്.

## മാപ്പിളമാരിലെ സ്ത്രീപുരുഷ സമീപനങ്ങൾ

സ്ത്രീക്കും പുരുഷനും വ്യത്യസ്തമായ വ്യവഹാരമേഖലകൾ നിർണയിച്ചുകൊടുക്കുന്ന പാരമ്പര്യമതചിന്തകളുടെ സ്വാധീനം മാപ്പിള

സമൂഹഘടനയിലും ദൃശ്യമാണ്. പുരുഷൻ പൊതുരംഗത്തും കുടുംബത്തിലും അധികാരശ്രേണിയിൽ പൊതുവെ മേലെനിൽക്കുന്നു. തീരുമാനവും സാമ്പത്തിക ക്രയവിക്രയവും പുരുഷൻ നിയന്ത്രിക്കുന്ന പിതൃരധികാരസമൂഹഘടനയാണ് ഏറക്കുറെ മാപ്പിളസമുദായത്തിലുമുള്ളത്. അതോടൊപ്പം അതേ മതപ്രമാണങ്ങൾ ഉപയോഗപ്പെടുത്തിത്തന്നെ അവളുടെ രാഷ്ട്രീയപ്രവർത്തനം, രാഷ്ട്രീയാധികാരം, പൊതുവിദ്യാഭ്യാസം എന്നിവയെ ഏതാണ്ടെല്ലാ മാപ്പിള വിഭാഗങ്ങളും പ്രോത്സാഹിപ്പിക്കുകയും പിന്തുണക്കുകയും ചെയ്യുന്നു. എങ്കിൽപോലും പാരമ്പര്യനിഷ്ഠമായ മതവിശ്വാസത്തിൽ ഉറച്ചുനില്ക്കുന്ന ഒരു സമൂഹഘടന എന്ന നിലയിൽ മാപ്പിളമാരുടെയും പൊതു സാമൂഹിക വ്യവഹാരങ്ങളിൽ പുരുഷനാണ് മേൽക്കൈ.

അതോടൊപ്പം പൊതു വ്യവഹാരങ്ങളിലെ മാപ്പിളസ്ത്രീ ഇപ്പോഴും അടിച്ചമർത്തപ്പെട്ടവളായും മതത്തിന്റെ അകത്തളങ്ങളിൽ ബന്ധിക്കപ്പെട്ടവളുമായാണ് പൊതുവെ ചിത്രീകരിക്കപ്പെടുന്നത്. മതാത്മക പുരുഷാധിപത്യത്തിന്റെ തടവറയിൽ പുറംലോകം കാണാതെയും പരിഷ്കരിക്കപ്പെടാതെയും പീഡനമനുഭവിക്കുന്ന മുസ്ലിം സ്ത്രീ നവോത്ഥാനത്തിന്റെ ആനുകൂല്യങ്ങളൊന്നും അനുഭവിക്കാതെ അറിവുകേടിന്റെയും ആവിഷ്കാരനിഷേധത്തിന്റെയും പർദക്കുള്ളിൽ എരിഞ്ഞുതീരുന്നവളായി സിനിമകളിലും നാടകങ്ങളിലും സാഹിത്യത്തിലുമൊക്കെ ചിത്രീകരിക്കപ്പെടുന്നു. വമ്പിച്ച സ്വീകാര്യതയും പിന്തുണയുമാണ് അത്തരം ആഖ്യാനങ്ങൾക്ക് പൊതുസമൂഹത്തിൽനിന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ, അതേ മാപ്പിള സ്ത്രീ മറ്റേതൊരു മതവിഭാഗത്തിലെ സ്ത്രീയെയും പോലെത്തന്നെയാണ് എന്ന യാഥാർഥ്യം അംഗീകരിക്കപ്പെടാതെ പോകുന്നു. മറ്റേതെങ്കിലും മതത്തിലെ സ്ത്രീ അനുഭവിക്കുന്നതിനെക്കാൾ കൂടുതലായ സ്വാതന്ത്ര്യമോ അടിമത്തമോ മുസ്ലിം സ്ത്രീ സവിശേഷമായി അനുഭവിക്കുന്നുണ്ടോ എന്ന അന്വേഷണങ്ങൾ ആധുനികാനന്തര സ്ത്രീവാദത്തിലെ പുതിയ തെളിച്ചമാണ്.

ഈ പ്രശ്നം, മാപ്പിള സ്ത്രീകൾക്കും പുരുഷൻമാർക്കും മാപ്പിള വാമൊഴിയോടുള്ള സമീപനങ്ങളെയും ധാരണകളെയും വിശകലനം ചെയ്ത് അപഗ്രഥിക്കുവാനുള്ള ഒരു ശ്രമമാണ് ഇവിടെ സാധ്യമാക്കുന്നത്.

## മാപ്പിള വാമൊഴിയുടെ സവിശേഷഘടകങ്ങൾ

മാപ്പിള വാമൊഴിയിൽനിന്ന് ശേഖരിച്ച പദങ്ങളുടെ അപഗ്രഥനത്തിലൂടെ ഏറനാടൻ മാപ്പിള വാമൊഴിയിൽ മതാത്മകഘടകങ്ങളുടെ

സ്വാധീനം വളരെ വലുതാണെന്ന് മനസ്സിലാക്കാം. അതിന്റെ അടിസ്ഥാനത്തിലാണ് മണ്ഡലവൃത്തിക്കവേണ്ടിയുള്ള ചോദ്യാവലിയിലെ വസ്തുതകൾ നിരത്തിയിരിക്കുന്നത്. മാപ്പിളമാരുടെ പ്രധാനപ്പെട്ട സാമുദായിക സവിശേഷതകൾ നിയന്ത്രിക്കുന്നത് മതപരമായ ആരാധനാനുഷ്ഠാനങ്ങൾക്കുപുറമെ മതാത്മകമായ ആചാരങ്ങളും അഘോഷങ്ങളുമാണ്. അതുകൂടാതെ, ഭക്ഷണം, ഭാഷ, വേഷം തുടങ്ങിയവയിലും മാപ്പിളമാർ സ്വീകരിച്ച സവിശേഷ സ്വഭാവങ്ങളുണ്ട്. ഇതിൽ ഏതാണ് മാപ്പിള സ്വത്വം നിർണയിക്കുന്നതിൽ കൂടുതൽ പങ്കുവഹിക്കുന്നത് എന്നാണ് ചോദ്യാവലിയിലെ ആദ്യത്തെ ഭാഗം പരിശോധിക്കുന്നത്. അതോടൊപ്പം സാമുദായികമായ സവിശേഷസന്ദർഭങ്ങളിൽ ഒരു മാപ്പിള എന്ന നിലക്ക് ആവേദകരുടെ വ്യക്തിപരമായ പങ്കാളിത്തവും അന്വേഷിക്കുന്നു.

മാപ്പിള വാമൊഴിയെ മാനകമലയാളത്തിൽനിന്നും മറ്റു സാമുദായിക ഭാഷാഭേദങ്ങളിൽനിന്നും വേർതിരിക്കുന്ന പൊതുവായ പ്രത്യേകതകളിൽ പ്രധാനപ്പെട്ടവ ഉച്ചാരണവ്യത്യാസവും അറബിവാക്കുകളുടെ ആധിക്യവും മതപരമായ വാക്കുകളും മാപ്പിളവാമൊഴിയിൽ മാത്രം കാണുന്ന വാക്കുകളുമാണ്. അവയിൽ ഉച്ചാരണവ്യത്യാസമൊഴിച്ച് മറ്റുള്ളവയെല്ലാം പദതലത്തിലെ വ്യത്യസ്തകളാണ്. അവയുടെ പ്രാധാന്യം ഏറിയും കുറഞ്ഞുമിരിക്കും. ആ ഏറ്റക്കുറച്ചിലുകൾ മാപ്പിളമാരുടെ സംസാരസന്ദർഭങ്ങളിൽ എത്ര പ്രകടമാകുന്നു എന്ന് അളക്കാനുള്ള സൂചനയും ചോദ്യാവലിയിലുണ്ട്.

### മാപ്പിളവാമൊഴിയും പൊതുസമൂഹവും

മാപ്പിളമാർ സമുദായത്തിനകത്തുള്ളവരോടും പുറത്തുള്ളവരോടും ഇടപഴകുന്നവരാണെങ്കിലും എല്ലാ ഭാഷണസന്ദർഭങ്ങളിലും മാപ്പിളവാമൊഴിയുപയോഗിക്കുന്നില്ല. ചിലർ വീട്ടിൽ മാത്രം മാപ്പിളവാമൊഴിയുപയോഗിക്കുമ്പോൾ ചിലർ അടുത്ത സുഹൃത്തുക്കളോടാണ് മാപ്പിളവാമൊഴിയിൽ സംസാരിക്കുന്നത്. മാപ്പിളമാരോട് സ്വന്തം വാമൊഴിയിലും അന്യസമുദായക്കാരോടും ഉപഭാഷാവിഭാഗങ്ങളോടും മാനകഭാഷയോടടുത്തുനില്ക്കുന്ന മലയാളത്തിലും സംസാരിക്കുന്നവരുമുണ്ട്. ഏത് ഭാഷകസമൂഹത്തോടും മാപ്പിളഭാഷയിൽ സംസാരിക്കുന്നവരും ഉണ്ട്. വിദ്യാഭ്യാസവും സാമൂഹിക പദവിയും കുറഞ്ഞവരാണ് പൊതുവെ അത്തരക്കാർ. തങ്ങളുടെ ഭാഷ താരതമ്യേന മോശമാണെന്ന ധാരണയും അതിനു പിന്നിലുണ്ട്. തങ്ങളുടെ വാമൊഴിയെക്കാൾ അന്യ സമുദായങ്ങളുടെ വാമൊഴിയാണ് ശുദ്ധമെന്നും തങ്ങളുടെ വാമൊഴി 'പടുഭാഷ'യാണെന്നും മുസ്ലിംസമുദായത്തിലെ ഭൂരിപക്ഷംപേരും വിശ്വസിക്കുന്നുണ്ടെന്ന് ഡോ. പി.എം ഗിരീഷ് മറ്റൊരു

സാമൂഹികഭാഷാശാസ്ത്ര ഗവേഷണത്തിന്റെ ഭാഗമായി കണ്ടെത്തിയിട്ടുണ്ട്. (ഗിരീഷ് 2001 - 70). മതാത്മകശൈലികളും അറബിപദങ്ങളും സവിശേഷമായ ഈണവുമെല്ലാം കൊണ്ട്, അന്യസമുദായത്തിൽപെട്ടവർക്ക് മാപ്പിളവാമൊഴി മനസ്സിലാവുകയില്ല എന്ന മുൻവിധിയാണ് അതിന്റെ പ്രധാന കാരണം. അന്യവിഭാഗക്കാരുമായുള്ള ഭാഷണസന്ദർഭങ്ങളിൽ മാപ്പിളവാമൊഴിയുടെ സവിശേഷതയായ ഭാഷാസ്വഭാവങ്ങളില്ലാതെ സംസാരിക്കാൻ മാപ്പിളമാർ നിർബന്ധിതരാകുന്നതും അതുകൊണ്ടാണ്. അതുമൂലം ഇന്നത്തെ മാപ്പിളമാർ ദ്വിഭാഷിത്വവുമായി ബന്ധപ്പെട്ട ചില ഭാഷാപ്രശ്നങ്ങൾക്കൂടി വഹിക്കുന്നുണ്ട്. ഇത്തരം കാര്യങ്ങളെല്ലാം മുൻനിറുത്തിയാണ് ചോദ്യാവലിയിലെ മൂന്നാംഭാഗം തയ്യാറാക്കിയിരിക്കുന്നത്. ആ വിഷയങ്ങളോട് സ്ത്രീകളുടെയും പുരുഷൻമാരുടെയും പ്രതികരണത്തെ താരതമ്യം ചെയ്തിരിക്കുന്നു.

## മാപ്പിളവാമൊഴിയുടെ നിലനില്പും ഭാവിയും

ഒരു സാമുദായിക ഭാഷാഭേദം എന്ന നിലയിൽ മാപ്പിളവാമൊഴിയുടെ സവിശേഷസ്വഭാവം നിരന്തരം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. ഏറനാടൻ മാപ്പിളമാരുടെ സാമൂഹികാവസ്ഥയിലും സാസ്കാരിക ജീവിതത്തിലും വന്ന മുന്നേറ്റങ്ങൾ ഇത്തരം മാറ്റങ്ങളെ വലിയ അളവിൽ സ്വാധീനിച്ചിട്ടുണ്ട്. പൊതുവായ ഉച്ചാരണം സ്വീകരിക്കുക, അറബിവാക്കുകളും മതപരമായ വാക്കുകകളും പരമാവധി ഇല്ലാതെ സംസാരിക്കുക, മാനകമായതോ ഭൂരിപക്ഷസമൂഹത്തിന്റെയോ ഈണത്തിൽ സംസാരിക്കുക എന്നിവയാണ് മാപ്പിളവാമൊഴിക്കു വന്ന പ്രധാന മാറ്റങ്ങൾ. സാമ്പത്തികമായ പുരോഗതിയും വിദ്യാഭ്യാസമുന്നേറ്റങ്ങളുമാണ് ഇത്തരം മാറ്റങ്ങളുടെ പ്രധാന കാരണം. തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹിക കാര്യങ്ങളുടെ ഭാഗമായി മറ്റു സമുദായങ്ങളോട് കൂടുതലായി ഇടപെടേണ്ടി വന്നതും മാപ്പിളമലയാളത്തിന്റെ മാറ്റത്തിന് കാരണമായി. ടെലിവിഷൻ, സിനിമ, വിവരവിനിമയ മാധ്യമങ്ങൾ എന്നിവയുടെ സാംസ്കാരികമായ സ്വാധീനമായും വാമൊഴിയിലുണ്ടായ ഈ മാറ്റങ്ങളെ കാണണം. അവയോട് മാപ്പിളസമുദായത്തിലെ ആൺ-പെൺ അംഗങ്ങളുടെ പ്രതികരണമാണ് ചോദ്യാവലിയിലെ നാലാം ഭാഗം ഉൾക്കൊള്ളുന്നത്.

## പൊതുധാരണകൾ

80 പുരുഷൻമാരും 80 സ്ത്രീകളുമാണ് ചോദ്യാവലിയോട് പ്രതികരിച്ചത്. നാല്പത് വയസ്സിനും അറുപതു വയസ്സിനും ഇടയിലുള്ളവരാണ് ആവേദകരിൽ അറുപത് ശതമാനവും. വയസ്സേറിയവർ പൊതുവെ

ആവേശപൂർവമാണ് മണ്ഡലവൃത്തിയോട് സഹകരിച്ചത്. പഴയ വാക്കുകൾ പറഞ്ഞുതരാനും സംഭവങ്ങൾ ഓർത്തെടുക്കാനും അവർ താല്പര്യം കാണിച്ചു. ചെറുപ്പക്കാരായ ആവേദകർ മാപ്പിള വാക്കുകളെക്കുറിച്ച് തുറന്നു പറയാൻ പൊതുവെ താല്പര്യം കാണിച്ചില്ല. പല തനത് മാപ്പിളവാക്കുകളുടെയും അർഥംപോലും അവർക്കറിയില്ലായിരുന്നു. ആവേദകരിൽ പുരുഷൻമാരിൽ 90 ശതമാനം പേരും ജനിച്ചതുമുതൽ ഏറനാട്ടിൽ താമസിക്കുന്നവരാണ്. സ്ത്രീകളിൽ 35 ശതമാനം പേർ മറ്റു താലൂക്കുകളിൽനിന്ന് ഏറനാട്ടിലേക്ക് വിവാഹാനന്തരം മാറിത്താമസിച്ചവരാണ്. 90 ശതമാനം പുരുഷൻമാരും 95 ശതമാനം സ്ത്രീകളും വിവാഹിതരാണെങ്കിലും 44 ശതമാനം പുരുഷൻ മാരും 72 ശതമാനം സ്ത്രീകളും കൂട്ടുകുടുംബത്തിലാണ് താമസിക്കുന്നത്. വിവാഹം കഴിഞ്ഞയുടൻ പുതിയ വീട്ടിലേക്ക് താമസംമാറ്റുക എന്ന പതിവ് ഏറനാട്ടിലെ മാപ്പിള മുസ്ലിംകൾക്കിടയിൽ ഇനിയും വ്യാപകമായിട്ടില്ല.

## പൊതുവിദ്യാഭ്യാസം

ആവേദകരിൽ പുരുഷൻമാരിൽ പകുതിപേരും പ്രൈമറി സ്കൂൾ വിദ്യാഭ്യാസം മാത്രം ലഭിച്ചവരാണ്. പ്ലസ്ടു വരെ പഠിച്ചവർ 38 ശതമാനം പേരുണ്ടായിരുന്നു. പെൺ ആവേദകരിൽ 30 ശതമാനം പേരും ബിരുദതലം വരെ പഠിച്ചവരാണ്. പുതുതലമുറ മാപ്പിള പുരുഷൻമാരിൽ ഉന്നതവിദ്യാഭ്യാസം നേടിയവർ സ്ത്രീകളെ അപേക്ഷിച്ച് കുറവാണ് എന്നത് ഒരു വസ്തുതയുമാണ്. മലപ്പുറം ജില്ലയിലെ കോളേജുകളിൽ ആൺകുട്ടികളെക്കാൾ പെൺകുട്ടികളാണ് ചേർന്നു പഠിക്കുന്നത്. എന്നാൽ സ്ത്രീകളിൽ വിദ്യാലയത്തിലേ പോകാത്തവർ 22 ശതമാനം പേരുണ്ടായിരുന്നപ്പോൾ പുരുഷൻമാരിൽ അത് അഞ്ചുശതമാനമേയുള്ളു. വിദ്യാലയത്തിൽ പോകാത്ത മാപ്പിളമാരിൽ മുഴുവൻ പേരും നാൽപ്പത്തിയഞ്ച് വയസ്സിനു മുകളിലുള്ളവരായിരുന്നു. പണ്ടുകാലത്തെക്കാളധികം വിദ്യാഭ്യാസസംവിധാനങ്ങളും സ്ത്രീവിദ്യാഭ്യാസവും മാപ്പിളമാർക്കിടയിലിന്നുണ്ട് എന്നതിന് തെളിവാണിത്.

## തൊഴിലും വരുമാനവും

പുരുഷൻമാരിൽ 55 ശതമാനം പേരും ബിസിനസ്സാണ് തൊഴിലെന്ന് പ്രതികരിച്ചപ്പോൾ 66 ശതമാനം സ്ത്രീകളും തൊഴിൽരഹിതരായിരുന്നു. ഇക്കൂട്ടത്തിൽ വിദ്യാസമ്പന്നകളായ സ്ത്രീകളുമുണ്ട്. സ്ത്രീകൾ തൊഴിലെടുക്കുന്നതിന് ഇപ്പോഴും മാപ്പിളസമുദായത്തിൽ വേണ്ടത്ര അംഗീകാരം ലഭിച്ചിട്ടില്ല എന്ന് ഇത് തെളിയിക്കുന്നു. പുരുഷൻമാർ പലരും വരുമാനം വെളിപ്പെടുത്തുവാൻ വിസമ്മതിക്കുകയും ചെയ്തു. മാപ്പിളമാരുടെ പ്രധാന സാമ്പത്തികസ്രോതസ്സ് ഗൾഫ് പണമാണ്. അതുകൊണ്ടുതന്നെ

പ്രത്യക്ഷത്തിൽ തൊഴിലൊന്നുമില്ലെങ്കിലും ഗൾഫിലുള്ള ബന്ധുക്കളുടെ വരുമാനത്തെ ആശ്രയിച്ച് ജീവിക്കുന്ന ധാരാളമാളുകൾ തങ്ങളുടെ തൊഴിൽ പ്രത്യേകം രേഖപ്പെടുത്തുന്നില്ല. പുരുഷന്മാരുടെ ഈ സുസ്ഥിതിയാണ് ഒരു പരിധിവരെ തൊഴിലെടുക്കുന്നതിൽനിന്ന് സ്ത്രീകളെ തടയുന്ന ഘടകം.

മതബോധവും മതപഠനവും

പുരുഷൻമാരിൽ 38 ശതമാനം പേരും സ്ത്രീകളിൽ 30 ശതമാനം പേരും വളരെയധികം മതവിശ്വാസിയാണെന്ന് രേഖപ്പെടുത്തി. ബാക്കിയുള്ളവരെല്ലാം സാധാരണ വിശ്വാസിയെന്നാണ് പ്രതികരിച്ചത്. കുറച്ചുവിശ്വാസം, വിശ്വാസിയല്ല, നിരീശ്വരവാദിയാണ്, മതവിരുദ്ധനാണ് എന്നീ ചോദ്യങ്ങൾക്ക് ഒരാൾപോലും പ്രതികരിച്ചില്ല. മാപ്പിള എന്ന സാമുദായികസ്വത്വം സ്വീകരിക്കുന്ന ഒരാളുടെ സാമൂഹികജീവിതം സ്വയമേവ മതാത്മകമായിമാറുന്നുവെന്നതിന് ഈ പ്രതികരണങ്ങൾ തെളിവാണ്. ആവേദകരിലെ വിവിധ രാഷ്ട്രീയ വിശ്വാസമുള്ള ആളുകളും തങ്ങൾ മതവിശ്വാസിയാണെന്നുതന്നെയാണ് പ്രതികരിച്ചത്. താൻ മാപ്പിളസമുദായത്തിലെ അംഗമാണെന്ന് നൂറുശതമാനം പുരുഷൻമാരും 98 ശതമാനം സ്ത്രീകളും സമ്മതിച്ചു.

28 ശതമാനം പുരുഷൻമാരും 33 ശതമാനം സ്ത്രീകളും അഞ്ചാംതരം വരെ മദ്റസാവിദ്യാഭ്യാസം നേടിയവരാണ്. 61 ശതമാനം പുരുഷൻമാരും 55 ശതമാനം സ്ത്രീകളും അഞ്ചാം ക്ലാസ്സിനു മുകളിൽ മദ്റസാപഠനം നടത്തിയവരാണ്. സ്ത്രീകളിൽ 10 ശതമാനം പേർ കോളേജ് തലത്തിലും മതവിദ്യാഭ്യാസം നേടിയിട്ടുണ്ട്. അനൗപചാരികമായ മതപഠനം സ്ത്രീപുരുഷൻമാർ ഏറെക്കുറെ ഒരേ അളവിലാണ് നേടിയിരിക്കുന്നത്. സ്ത്രീകൾക്ക് ആരാധനകളനുഷ്ഠിക്കാൻ ചില പള്ളികളിൽ പ്രവേശനം വിലക്കിയിട്ടുകൂടി 25 ശതമാനം സ്ത്രീകളും പള്ളിപ്രസംഗങ്ങളിലൂടെയാണ് മതകാര്യങ്ങൾ മനസ്സിലാക്കുന്നത്. പുരുഷൻമാരുടെ ശതമാനം അതിൽ 33 ആണ്. സ്ത്രീകൾക്ക് പള്ളികളിൽ പ്രവേശനം തടയുന്ന മതവിഭാഗങ്ങൾപോലും അവിടെ നടക്കുന്ന പ്രസംഗങ്ങൾ ശ്രവിക്കുന്നതിന് സ്ത്രീകൾക്ക് വിലക്കേർപ്പെടുത്തിയിട്ടില്ല എന്നതാണ് ഇതിനു കാരണം. മാപ്പിളമാരുടെ മതപരമായ പരിപാടികളുടെയും പള്ളിപ്പരിപാടികളുടെയും അറിയിപ്പുകളിൽ 'സ്ത്രീകൾക്ക് പ്രത്യേക സൗകര്യം' എന്ന അടിക്കുറിപ്പ് ഈ അടുത്തകാലംവരെ ഉണ്ടായിരുന്നു. സ്വലാത്ത്,ദിക്റ്, ദുആ തുടങ്ങിയ പ്രാർഥനാസമ്മേളനങ്ങളിൽ പാരമ്പര്യവാദികളായ മുസ്ലിം സംഘങ്ങൾപോലും സ്ത്രീകൾക്ക് സൗകര്യങ്ങളേർപ്പെടുത്താറുണ്ട്. സ്ത്രീകൾ ഏറ്റവുമധികം മതപഠനത്തെ ആശ്രയിക്കുന്നത് കേട്ടറിവിലൂടെയാണ്.

(66%) ആധുനിക സാങ്കേതികസൗകര്യങ്ങൾ വ്യാപകമായതാകണം അതിനു കാരണം. വയള്, വായന എന്നിവയാണ് മറ്റു അനൗപചാരിക മതപഠനോപാധികൾ.

മാപ്പിളസ്വത്വം

മാപ്പിളമാരുടെ സാമുദായിക സ്വത്വം സവിശേഷമായ രീതിയിൽ പ്രകടമാകുന്ന കാര്യങ്ങളേതെല്ലാമാണ് എന്ന അന്വേഷണത്തോട് ആചാരങ്ങളും ആഘോഷങ്ങളുമാണെന്നാണ് കൂടുതൽ പേരും പ്രതികരിച്ചത്. ആചാരങ്ങളിൽ 70 ശതമാനം പുരുഷൻമാരും കല്യാണമാണ് മാപ്പിളമാരുടെ ആചാരങ്ങളിൽ മാപ്പിളത്തമുള്ളതായി പറഞ്ഞത്. സ്ത്രീകൾ 62 ശതമാനമാണ് കല്യാണത്തെ പിന്തുണച്ചത്. മരണവും ജനനവും മാപ്പിളമാരുടെ പ്രധാന ആചാരാവസരങ്ങളാണെന്നും സ്ത്രീകൾ അഭിപ്രായപ്പെട്ടു. (യഥാക്രമം 62, 50 ശതമാനം). ആഘോഷങ്ങളിൽ 89 ശതമാനം പുരുഷൻമാരും 92 ശതമാനം സ്ത്രീകളും പെരുന്നാളാണ് പ്രധാന ആഘോഷം എന്ന് രേഖപ്പെടുത്തി. പുരുഷൻമാരും സ്ത്രീകളും 36 ശതമാനം പേരാണ് നേർച്ചയെ മാപ്പിളമാരുടെ ആഘോഷമായി കണ്ടത്. 47 ശതമാനം പുരുഷൻമാരും 46 ശതമാനം സ്ത്രീകളും നബിദിനത്തെയും അംഗീകരിച്ചു.

ഭക്ഷണത്തിലെ സാമുദായിക സ്വഭാവങ്ങൾ മാപ്പിളമാരുടെ സവിശേഷതയാണെന്ന് 21 ശതമാനം സ്ത്രീകളേ അഭിപ്രായപ്പെട്ടിട്ടുള്ളൂ എന്നത് ശ്രദ്ധേയമാണ്. എന്നാൽ 47 ശതമാനം പുരുഷൻമാരും ഭക്ഷണം മാപ്പിളമാരുടെ സവിശേഷസംസ്കാരത്തിലുണ്ടെന്നാണ് പ്രതികരിച്ചത്. പത്തിരിയും ഇറച്ചിയുമാണ് മാപ്പിളമാരുടെ തനിഭക്ഷണങ്ങൾ എന്ന് പലരും പറഞ്ഞു. കലത്തപ്പം, തരിക്കഞ്ഞി തുടങ്ങിയ ഭക്ഷണങ്ങളും മാപ്പിളസംസ്കാരത്തിൻറേതാണെന്ന് ചിലർ അഭിപ്രായപ്പെട്ടു

ഭാഷയിലെ തനിമ മാപ്പിളമാരുടെ സ്വത്വത്തിന്റെ ഭാഗമാണെന്ന് 59 ശതമാനം പുരുഷൻമാരും 71 ശതമാനം സ്ത്രീകളും സമ്മതിച്ചു. എന്നാൽ 50 ശതമാനം സ്ത്രീകൾ മാത്രമാണ് വേഷത്തിന്റെ കാര്യത്തിലെ മാപ്പിളത്തനിമയെ അംഗീകരിച്ചത്. 59 ശതമാനം പുരുഷൻമാരും മാപ്പിളവേഷം തനിമയുടെ ഭാഗമാണെന്ന് രേഖപ്പെടുത്തി. കാച്ചിത്തുണി, തട്ടം തുടങ്ങിയ സ്ത്രീവേഷങ്ങളെക്കുറിച്ചും ഇടതുഭാഗത്തേക്ക് മുണ്ടുടുക്കൽ, തലയിൽക്കെട്ട് എന്നീ പുരുഷവേഷങ്ങളെക്കുറിച്ചും ചിലർ പ്രതിപാദിച്ചു. എന്നാൽ ആ വസ്ത്രങ്ങളിൽ പലതും ഇന്ന് മാപ്പിളമാർ ഉപയോഗിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. മാപ്പിളസ്ത്രീയുടെ വേഷവിധാനം ഏറെക്കുറെ മറ്റു മതങ്ങളിലെ

സ്ത്രീവേഷവിധാനത്തോട് ചേർച്ചയുള്ളതായി മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക പശ്ചാത്തലം സ്ത്രീകളുടെ ഈ പ്രതികരണത്തിനു കാരണമാണ്. തല മറയ്ക്കുന്ന വസ്ത്രം, പർദ, എന്നിവ ഒഴികെയുള്ള മറ്റെല്ലാ മുസ്ലിം സ്ത്രീവേഷങ്ങളും പൊതുസ്ത്രീവേഷങ്ങൾ തന്നെയാണ്.

## പൊതുപങ്കാളിത്തം

മാപ്പിളമാരുടെ സാമുദായിക പങ്കാളിത്തത്തെക്കുറിച്ചുള്ള ചോദ്യത്തോട് മണ്ഡലവൃത്തിയോട് സഹകരിച്ചവരുടെ പ്രതികരണം, മാപ്പിളസമുദായത്തിലെ സ്ത്രീപുരുഷ മനോഭാവ വ്യത്യാസത്തെക്കൂടി സൂചിപ്പിക്കുന്നു. 29 ശതമാനം പുരുഷൻമാരും എല്ലാ സാമുദായികകാര്യങ്ങളിലും സജീവമായി പങ്കെടുക്കുന്നവരാണ്. എന്നാൽ സ്ത്രീകൾ ഇതിൽ 8 ശതമാനമേ ഉള്ളൂ. സ്ത്രീകളിൽ 71 ശതമാനം പേരും മതപരമായ കാര്യങ്ങളിൽ മാത്രമാണ് നിഷ്ഠയുള്ളവരാണ് എന്ന് പ്രതികരിച്ചപ്പോൾ 59 ശതമാനം പുരുഷൻമാരേ ആരാധനകളിൽ നിഷ്ഠപുലർത്തുന്നവരായുള്ളൂ. പുരുഷൻമാർ ഏറ്റവുമധികം പങ്കാളിത്തം രേഖപ്പെടുത്തിയത് പൊതുസാമൂഹിക കാര്യങ്ങളിലാണ്. എന്നാൽ അതിൽ സ്ത്രീകളുടെ പങ്കാളിത്തം വെറും 8 ശതമാനമേയുള്ളൂ. മാപ്പിളമാരുടെ മതപരമായ ആചാരങ്ങളിൽ 41 ശതമാനം പുരുഷൻമാരും 45 ശതമാനം സ്ത്രീകളും തൽപരരാണ്.

ആധുനികമായ അതിജീവന ബോധങ്ങളുടെ ഭാഗമായി വിദ്യാഭ്യാസം, തൊഴിൽ, രാഷ്ട്രീയം എന്നീ മേഖലകളിൽ മാപ്പിള പുരുഷന്മാരോടൊപ്പം സ്ത്രീകളുടെയും വമ്പിച്ച മുന്നേറ്റമുണ്ടായിട്ടുണ്ടെങ്കിൽകൂടി മതപരമായ കാര്യങ്ങളിൽ കൂടുതലായി ഇടപെടുന്നതും നേതൃത്വംനൽകുന്നതും ഇപ്പോഴും പുരുഷന്മാരാണ് എന്ന് മനസ്സിലാക്കാം.

## മാപ്പിളവാമൊഴിയുടെ സവിശേഷഘടകങ്ങൾ

മാപ്പിളവാമൊഴിയെക്കുറിച്ചുള്ള ആവേദകരുടെ പ്രതികരണങ്ങളുടെ അവലോകനമാണ് ഇനി:

## പൊതുവായ പ്രത്യേകതകൾ

ഉച്ചാരണത്തിലെ പ്രത്യേകതകളാണ് മാപ്പിള വാമൊഴിയുടെ സവിശേഷതകളിലൊന്ന്. 62 ശതമാനം സ്ത്രീകൾ അത് പ്രധാനമാണെന്ന് പ്രതികരിച്ചപ്പോൾ 35 ശതമാനം പുരുഷൻമാർ ഉച്ചാരണം വളരെ പ്രധാനമാണ് എന്നാണ് രേഖപ്പെടുത്തിയത്. മാപ്പിളവാമൊഴിയിൽ ഉച്ചാരണത്തിൽ തീരെ പ്രാധാന്യമില്ലെന്ന് 9 ശതമാനം സ്ത്രീകളും 17 ശതമാനം പുരുഷൻമാരും രേഖപ്പെടുത്തി. വേറെ സമുദായക്കാരും ഇതുപോലെ

'വികലമായി' മലയാളം ഉച്ചരിക്കുന്നുണ്ടെന്നാണ് അവർ ന്യായീകരിച്ചത്. 'തെക്കൻമാരുടെ സംസാരത്തെ' പലരും എടുത്തുപറയുകയും ചെയ്തു. പുതിയ സിനിമകളിലും മറ്റും തിരുവനന്തപുരത്തെ വാമൊഴിവഴക്കങ്ങൾ കൂടുതലായുപയോഗിക്കുന്നത് മാപ്പിളമാരുടെ ഭാഷാപരമായ അപകർഷതകളെ കുറച്ചിട്ടുണ്ടെന്ന നിഗമനം സാധ്യമാണ്. അക്കാര്യത്തിൽ കൂടുതൽ വാദമുഖങ്ങൾ നിരത്തിയത് പുരുഷൻമാരാണെന്നതും ശ്രദ്ധേയമാണ്.

മാപ്പിളവാമൊഴിയിൽ അറബിവാക്കുകൾ കൂടുതലുള്ളതാണ് മറ്റൊരു സവിശേഷത. 59 ശതമാനം പുരുഷൻമാരും 87 ശതമാനം സ്ത്രീകളും ഈ അഭിപ്രായത്തോട് യോജിച്ചു. 17 ശതമാനം പുരുഷൻമാർ അത് വളരെ പ്രധാനമാണെന്ന് രേഖപ്പെടുത്തിയപ്പോൾ 29 ശതമാനം പേർ അത് അത്ര പ്രധാനമല്ല എന്നാണ് പ്രതികരിച്ചത്. സ്ത്രീകളാകട്ടെ 8 ശതമാനം പേർ അത് വളരെ പ്രധാനമാണെന്നും 17 ശതമാനം പേർ അത് അപ്രധാനമാണെന്നും രേഖപ്പെടുത്തി. മതസൂചകമായ വാക്കുകളുടെ ആധിക്യമാണ് മാപ്പിളവാമൊഴിയെ നിർണയിക്കുന്നത് എന്ന വാദത്തെ 65 ശതമാനം പുരുഷൻമാരും 79 ശതമാനം സ്ത്രീകളും പിന്താങ്ങി. മുപ്പത് ശതമാനം പുരുഷൻമാരും 17 ശതമാനം സ്ത്രീകളും അത് വളരെ പ്രധാനമാണെന്ന് സൂചിപ്പിച്ചു. അഞ്ചിൽ താഴെ ശതമാനം പേർമാത്രമെ അത് പ്രധാനപ്പെട്ടതല്ല എന്ന രേഖപ്പെടുത്തിയുള്ളൂ.

മാപ്പിളവാമൊഴിയിൽ മാത്രം ഉപയോഗിക്കുന്ന തനിപ്പദങ്ങളാണ് മാപ്പിളവാമൊഴിയുടെ സ്വഭാവം നിർണയിക്കുന്നത് എന്ന അഭിപ്രായത്തോട് 71 ശതമാനം പുരുഷൻമാരും 58 ശതമാനം സ്ത്രീകളും യോജിച്ചു. എന്നാൽ അങ്ങനെയില്ലെന്നാണ് 25 ശതമാനം സ്ത്രീകൾ അഭിപ്രായപ്പെട്ടത്. 12 ശതമാനം പുരുഷൻമാരും അതേ അഭിപ്രായക്കാരായിരുന്നു. 12 ശതമാനം പുരുഷൻമാരും 16 ശതമാനം സ്ത്രീകളും അത് വളരെ പ്രധാനമാണെന്നും പറഞ്ഞു. സ്ത്രീകളിലെയും പുരുഷന്മാരിലെയും യുവതലമുറയിൽപെട്ട ചിലർക്ക് തനിപ്പദങ്ങളെന്താണെന്ന് അറിയില്ലായിരുന്നു. പ്രായം കൂടിയ ആവേദകരാകട്ടെ പലരും അത്തരം വാക്കുകൾ ഇപ്പോൾ ഉപയോഗിക്കുന്നില്ല എന്നാണ് അഭിപ്രായപ്പെട്ടത്.

### വാമൊഴിയുടെ വ്യവഹാരതലം

മാപ്പിളവാമൊഴിയിൽ ആവേദകർ ആരോടാണ് സംസാരിക്കാറുള്ളത് എന്ന ചോദ്യത്തിന് 71 ശതമാനം പുരുഷൻമാരും എല്ലാവരോടും എന്ന് ഉത്തരം പറഞ്ഞപ്പോൾ 46 ശതമാനം സ്ത്രീകൾ മാത്രമാണ് എല്ലാവരോടും മാപ്പിളവാമൊഴിയിൽ സംസാരിക്കുന്നത്. ബാക്കിയുള്ള സ്ത്രീകളിൽ 33

ശതമാനവും വീട്ടിൽ മാത്രമാണ് മാപ്പിളവാമൊഴി ഉപയോഗിക്കുന്നത്. 8 ശതമാനം സ്ത്രീകൾ മാപ്പിളമാരോടും അതേ വാമൊഴിയിൽ സംസാരിക്കുമ്പോൾ 21 ശതമാനം പേർ അടുത്ത സുഹൃത്തുക്കളോട് സംസാരിക്കാനും മാപ്പിളവാമൊഴി ഉപയോഗിക്കുന്നു.

പുരുഷൻമാരാകട്ടെ വെറും 18 ശതമാനം പേർ മാത്രമാണ് വീട്ടിൽ മാത്രം മാപ്പിളവാമൊഴി ഉപയോഗിക്കുന്നത്. അത്രയും പേർ മാപ്പിളസമുദായത്തിൽ പെട്ടവരോടും 30 ശതമാനം പേർ അടുത്ത സുഹൃത്തുക്കളോടും മാപ്പിളവാമൊഴിയിൽ സംസാരിക്കുന്നു. പുരുഷൻമാരെക്കാൾ കൂടുതലായി സ്ത്രീകൾ മാപ്പിളവാമൊഴി ഉപയോഗിക്കുന്നതിൽ അപകർഷതയുള്ളവരാണ്.

മാപ്പിളവാമൊഴിയും പൊതുസമൂഹവും

മാപ്പിളമാർ സാമൂഹിക ജീവിതത്തിലും മറ്റും മുസ്ലിംകളല്ലാത്തവരോടും മാപ്പിളമാരല്ലാത്ത മുസ്ലിംകളോടും ഇടപഴകി ജീവിക്കുന്നവരാണ്. ഭാഷാപരമായ പല കലർപ്പുകൾക്കും അത് കാരണമാകുന്നു. അത്തരം വിഷയങ്ങളിൽ ഭാഷകസമൂഹത്തിന്റെ ബോധത്തെ പരിശോധിക്കുന്ന ചോദ്യങ്ങളോടുള്ള പ്രതികരണങ്ങളെ വിലയിരുത്തുന്നു

മാപ്പിളവാമൊഴിയുടെ വ്യാപനം

മാപ്പിളമാരുടെ സംസാരം മറ്റേതെങ്കിലും സമുദായത്തിന്റെ സംസാരഭാഷയെ സ്വാധീനിച്ചിട്ടുണ്ടോ എന്ന അന്വേഷണം പ്രസക്തമാണ്. ഏറനാട്ടിൽ ഭൂരിപക്ഷസമുദായമായ മാപ്പിളമാരുടെ സംസാരഭാഷ സ്വാഭാവികമായും ന്യൂനപക്ഷസമുദായത്തിന്റെ സംസാരഭാഷയെ സ്വാധീനിക്കേണ്ടതുണ്ട്. മാപ്പിളമാരെപ്പോലെ സംസാരിക്കുന്ന മറ്റു സമുദായങ്ങളോ വിഭാഗങ്ങളോ ഉണ്ടോ എന്ന ചോദ്യത്തിന് 53 ശതമാനം പുരുഷൻമാരും 50 ശതമാനം സ്ത്രീകളും ഉണ്ട് എന്ന മറുപടിയാണ് നല്കിയത്. മാപ്പിളമാരെപ്പോലെ സംസാരിക്കുന്നവർ ആരെല്ലാം എന്ന ചോദ്യത്തിന് മാപ്പിളമാരുമായി ഇടപഴകിജീവിക്കുന്ന ആളുകളെയാണ് പുരുഷൻമാർ കൂടുതലായി പറഞ്ഞത്. സ്ത്രീകൾ, അയൽവാസികളാണെന്ന മറുപടിയും നല്കി. സ്ത്രീകളിൽ 13 ശതമാനം പേരും പുരുഷൻമാരിൽ 30 ശതമാനം പേരും കീഴ്ജാതി ഹിന്ദുവിഭാഗങ്ങളാണ് മാപ്പിളമാരെപ്പോലെ സംസാരിക്കുന്നവർ എന്ന് പറഞ്ഞു. കീഴ്ജാതിവിഭാഗത്തിൽപെട്ട ചില കൂട്ടുകാർ 'അള്ളാ' എന്നുവരെ പറയാറുണ്ടെന്ന് ഒരാൾ പ്രതികരിച്ചു. അവരുടെ ഏതെങ്കിലും വാക്കുകൾ നിങ്ങൾ പറയാറുണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്നായിരുന്നു മറുപടി.

മാപ്പിളവാമൊഴിയിൽ സംസാരിക്കുന്ന അന്യ വിഭാഗക്കാരുടെ സംസാരത്തിൽ പ്രകടമാകുന്ന മാപ്പിളത്തനിമ എന്താണെന്ന ചോദ്യത്തിന് 35 ശതമാനം പുരുഷൻമാരും 50 ശതമാനം സ്ത്രീകളും 'മാപ്പിളമാർ മാത്രം പറയുന്ന വാക്കുകൾ പറയുന്നു' എന്നാണ് ഉത്തരം നല്കിയത്. അതിൽ അറബി വാക്കുകൾ വരെയുണ്ടെന്നും ചിലർ അഭിപ്രായപ്പെട്ടു. കീഴ്ജാതിക്കാരുടെ വാമൊഴി മാപ്പിളമാരുടെപോലെ തോന്നാൻ കാരണം ഉച്ചാരണത്തിലെയും ഈണത്തിലെയും സമാനതയാണെന്ന് 18 ശതമാനം പുരുഷൻമാരും 26 ശതമാനം സ്ത്രീകളും പ്രതികരിച്ചു.

### അന്യസമുദായവും മാപ്പിളവാമൊഴിയും

മാപ്പിളമാരല്ലാത്ത വിഭാഗങ്ങൾക്ക് മാപ്പിളവാമൊഴി മനസ്സിലാക്കാൻ പ്രയാസമുണ്ടോ എന്ന കാര്യമായിരുന്നു അടുത്ത അന്വേഷണം. 59 ശതമാനം പുരുഷൻമാരും 67 ശതമാനം സ്ത്രീകളും അത് സമ്മതിക്കുന്നു. അഞ്ചുശതമാനം പുരുഷൻമാരും പത്തുശതമാനം സ്ത്രീകളും അറിയില്ല എന്ന മറുപടിയാണ് നല്കിയത്. ബാക്കിയുള്ളവർ മാപ്പിളവാമൊഴി ആർക്കും മനസ്സിലാക്കാൻ പ്രയാസമില്ല എന്ന അഭിപ്രായക്കാരാണ്.

മാപ്പിളവാമൊഴി മറ്റുള്ള സമുദായക്കാർക്ക് മനസ്സിലാക്കാൻ പ്രയാസമാകുന്നതിന് കാരണമായി കൂടുതൽ പേരും പഞ്ഞത് ഉച്ചാരണത്തിലെയും ഈണത്തിലെയും വ്യത്യസതതയാണ്. (54 ശതമാനം പുരുഷൻമാരും 50 ശതമാനം സ്ത്രീകളും). അറബിവാക്കുകളും മതപരമായ വാക്കുകളും മാപ്പിളമാർ അധികമായി പ്രയോഗിക്കുന്നതാണ് ഈ ദുർഗ്രഹതയ്ക്കു കാരണമെന്ന് 29 ശതമാനം പുരുഷന്മാരും 12 ശതമാനം സ്ത്രീകളും മറുപടിനല്കി. മാപ്പിളമാർ ഉപയോഗിക്കുന്ന വാക്കുകളുടെ അർഥം മറ്റു സമുദായക്കാർക്ക് മനസ്സിലാകാത്തതാണ് ദുർഗ്രഹതയ്ക്കു കാരണമായി 24 ശതമാനം പുരുഷന്മാരും 25 ശതമാനം സ്ത്രീകളും പറഞ്ഞത്. മതാത്മകമായ വാക്കുകളും അറബിവാക്കുകളുമാണ് യഥാർഥത്തിൽ ഈ അർഥശങ്കയുണ്ടാക്കുന്നത്.

### മാപ്പിളവാമൊഴിയുടെ മാറ്റങ്ങൾ

മണ്ഡലവൃത്തിയോട് സഹകരിച്ച എല്ലാ മാപ്പിള പുരുഷന്മാരും മാപ്പിളവാമൊഴിക്ക് മാറ്റങ്ങളുണ്ടായിട്ടുണ്ട് എന്നതിൽ ഏകാഭിപ്രായക്കാരായിരുന്നു. സ്ത്രീകളിൽ 88 ശതമാനം പേർ അവരുമായി യോജിച്ചപ്പോൾ 12 ശതമാനം പേർ അറിയില്ല എന്ന മറുപടിയാണ് നല്കിയത്.

എന്തുരീതിയിലാണ് ആ മാറ്റം അനുഭവപ്പെടുന്നത് എന്ന ചോദ്യം പ്രസക്തമാണ്. മാപ്പിളമാരുടെ ഉച്ചാരണവും ഈണവും മാനകഭാഷയോട് കൂടുതൽ സാമ്യമുള്ളതായി എന്നാണ് ഭൂരിപക്ഷംപേരും അഭിപ്രായപ്പെട്ടത്.

66 ശതമാനം പുരുഷന്മാരും 79 ശതമാനം സ്ത്രീകളും ഇതേ അഭിപ്രായക്കാരായിരുന്നു. അതോടൊപ്പം അറബിവാക്കുകൾ മാപ്പിളവാമൊഴിയിൽ വളരെ കുറഞ്ഞിട്ടുമുണ്ടെന്ന് 41 ശതമാനം പുരുഷന്മാരും 29 ശതമാനം സ്ത്രീകളും പറഞ്ഞു. അത്രതന്നെ അഭിപ്രായം മതപരമായ വാക്കുകളുടെ കുറവിനെക്കുറിച്ചുമുണ്ടായി.

ഇത്തരം മാറ്റങ്ങൾക്കുള്ള കാരണങ്ങൾ അന്വേഷിച്ചു. പുരുഷൻമാരിൽ 95 ശതമാനം പേരും സ്ത്രീകളിൽ 83 ശതമാനം പേരും വിദ്യാഭ്യാസ പുരോഗതിയാണ് കാരണമായി കാണുന്നത്. അതോടൊപ്പം അന്യ സമുദായങ്ങളുമായുള്ള സമ്പർക്കം കൂടുതലായതും സാമ്പത്തികമായ പുരോഗതി കൈവരിച്ചതും മാപ്പിളമാരുടെ സംസാരഭാഷയിൽ മാറ്റങ്ങളുണ്ടാക്കിയെന്ന അഭിപ്രായമുയർന്നു. മാപ്പിളമാർക്ക് രാഷ്ട്രീയമായ സ്വാധീനം കൂടുതലായതാണ് ഈ മാറ്റങ്ങൾക്ക് കാരണം എന്ന അഭിപ്രായം വളരെ കുറഞ്ഞ ശതമാനം പേർ മാത്രമാണ് സമ്മതിച്ചത്. സിനിമയുടെയും ടെലിവിഷന്റെയും സ്വാധീനംകൊണ്ടാണ് ഈ മാറ്റങ്ങളുണ്ടായതെന്ന് 80 ശതമാനം പുരുഷന്മാരും 82 ശതമാനം സ്ത്രീകളും അഭിപ്രായപ്പെട്ടു. മാപ്പിളവാമൊഴിയിൽ സംസാരിക്കാനുള്ള മാപ്പിളമാരുടെ വൈമനസ്യവും അപകർഷതാബോധവുമാണ് മാപ്പിളവാമൊഴിക്ക് മാറ്റങ്ങളുണ്ടാകാൻ കാരണം എന്ന അഭിപ്രായത്തോട് അധികപേരും യോജിച്ചില്ല. എന്നാൽ, 18 ശതമാനം പുരുഷൻമാരും 21 ശതമാനം സ്ത്രീകളും അതിനോട് യോജിപ്പ് പ്രകടിപ്പിച്ചു.

മാപ്പിളവാമൊഴി ഇനിയും നിലനില്ക്കുമോ എന്ന ചോദ്യത്തിന് 30 ശതമാനം പുരുഷൻമാരും 21 ശതമാനം സ്ത്രീകളും നിലനില്ക്കും എന്ന പ്രതീക്ഷയാണ് നല്കിയത്. എന്നാൽ, അതേസമയം അത് മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നുവെന്ന് എല്ലാവരും സമ്മതിക്കുകയും ചെയ്തു. മാപ്പിളവാമൊഴി ഏറെക്കാലം നിലനിൽക്കുകയില്ല എന്ന അഭിപ്രായമായിരുന്നു ഭൂരിപക്ഷം മാപ്പിളമാർക്കും. 71 ശതമാനം പുരുഷന്മാരും 70 ശതമാനം സ്ത്രീകളും ആ അഭിപ്രായത്തോടൊപ്പം നിന്നു. 8 ശതമാനം സ്ത്രീകൾ പക്ഷേ, അറിയില്ല എന്ന മറുപടിയാണ് ഈ ചോദ്യത്തിനും നല്കിയത്.

## വിശകലനങ്ങൾ

1. ഏറനാട് താലൂക്കിലെ മാപ്പിളമാരുടെ സാമുദായികവും സാംസ്കാരികവുമായ കാര്യങ്ങളിൽ സ്ത്രീകളുടെയും പുരുഷൻമാരുടെയും പങ്കാളിത്തമുണ്ടെങ്കിലും മതപരമായകാര്യങ്ങളിൽ പൊതുവെ പുരുഷൻമാർക്കാണ്

മേൽക്കൈയുള്ളത്. പുതിയ തലമുറയിലെ സ്ത്രീക്ക് പൊതുവിദ്യാഭ്യാസവും മതവിദ്യാഭ്യാസവും ലഭിക്കാനുള്ള അനുകൂല സാഹചര്യം ഇപ്പോൾ ധാരാളമുണ്ട്. അതിനാൽ അവയിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ മുന്നിലാണ്. തൊഴിൽ, സാമ്പത്തികസ്വാധീനം, സാമൂഹികപദവി എന്നിവയിൽ സ്ത്രീകളുടെ സാന്നിധ്യം പുരുഷൻമാരെ അപേക്ഷിച്ച് കുറവാണെങ്കിലും സ്വന്തം കർതൃത്വത്തിൽ തന്നെ പൊതു വിഷയങ്ങളിൽ ഇടപെടാനും സ്ഥാനം നേടാനും മാപ്പിളസ്ത്രീകൾക്ക് ഇപ്പോൾ അവസരങ്ങളുണ്ട്.

2. മാപ്പിളമാരിലെ വലിയ വിഭാഗം ആണുങ്ങൾ വിദേശത്തും മറ്റു സംസ്ഥാനങ്ങളിലും തൊഴിലിനുവേണ്ടി പ്രവാസത്തിലാണ്. ഏറനാട്ടിലെ ഏതാണ്ടെല്ലാ കുടുംബത്തിലും ഇത്തരത്തിൽ പ്രവാസജീവിതം നയിക്കുന്ന ആണുങ്ങളുണ്ട്. ഇവിടത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെല്ലാം 80 ശതമാനത്തിലധികം പെൺകുട്ടികളാണെന്ന് സാമാന്യമായ ഒരന്വേഷണത്തിലൂടെ ഗവേഷകൻ മനസ്സിലാക്കി. ഈ മാറ്റം മാപ്പിളമാരുടെ സാമൂഹിക - സാംസ്കാരിക ജീവിതത്തിലും ഭാഷാമനോഭാവത്തിലും പ്രതിഫലിക്കുന്നുണ്ട്. ‘നല്ലഭാഷ’ സംസാരിക്കാൻ ഉമ്മമാർ കുട്ടികളെ നിർബന്ധിക്കുന്നു എന്ന് ഒരു ആവേദകൻ പറയുകയുണ്ടായി. തനി മാപ്പിളപ്പദങ്ങളും മാപ്പിളമാരുടെ ഉച്ചാരണരീതികളും അപകർഷതയായി കരുതുന്നത് പുരുഷന്മാരെക്കാൾ കൂടുതലായി സ്ത്രീകളാണ്. ‘നല്ലഭാഷ’ എന്നത് മാനകഭാഷയോ ഭൂരിപക്ഷസമുദായത്തിന്റെ ഭാഷയോ ആണ്. ഈ അപകർഷത കൂടിവരുന്നതായാണ് അനുഭവം. ഇത് മാപ്പിളവാമൊഴിയുടെ സവിശേഷഘടകങ്ങളിൽ കാര്യമായ മാറ്റങ്ങൾ സൃഷ്ടിക്കും.

3. അന്യ സമുദായങ്ങളുമായി അധികം കലർപ്പുകളനുവദിക്കാതെ വളരുന്ന ഒരു സാമുദായിക സംസ്കാരത്തിലാണ് അവരുടെ ഭാഷാഭേദം ഏറ്റവും വ്യത്യസ്തത പുലർത്തുക. ആധുനികവും ആധുനികാനന്തരവുമായ സാമൂഹികമാറ്റങ്ങൾ മാപ്പിളമുസ്ലിംകളുടെ അടഞ്ഞ സാമുദായിക സ്വഭാവത്തെ തുറക്കുകയും ഒട്ടേറെ ബാഹ്യമായ കലർപ്പുകളുണ്ടാകാൻ നിർബന്ധിക്കുകയും ചെയ്തു. സിനിമ, ടി വി എന്നിവയുടെ സ്വാധീനവും വിദ്യാഭ്യാസമുന്നേറ്റവും സംസാരഭാഷയെ മാനകമാക്കി. ഇത്തരം മാറ്റങ്ങളെല്ലാം ഏറ്റവും കൂടുതൽ ബാധിക്കുക സ്ത്രീകളെയായതിനാൽ മാപ്പിളമാരുടെ വരുംതലമുറകളിൽ സാമുദായികമായ സവിശേഷതകൾ ഇനിയും കുറയുകയാണുണ്ടാവുക.

4. സമകാലിക മാപ്പിള സമുദായത്തെ ചിത്രീകരിക്കുന്ന സിനിമകളിലും നാടകങ്ങളിലും സാഹിത്യരൂപങ്ങളിലും ഇപ്പോഴും പഴയ

മാപ്പിളവാമൊഴിയുടെ തനിസ്വരൂപം ഉപയോഗിക്കുന്നവരായാണ് സ്ത്രീകളെയും പുരുഷന്മാരെയും പലപ്പോഴും അവതരിപ്പിക്കുന്നത്. എന്നാൽ വാമൊഴിയിലും അതിനെക്കുറിച്ചുള്ള ബോധത്തിലും മാപ്പിളമാർക്കും പ്രത്യേകിച്ച് അവരിലെ സ്ത്രീജനങ്ങൾക്കും സംഭവിച്ച മാറ്റങ്ങളെ യാഥാർഥ്യബോധത്തോടുകൂടി സമീപിക്കുന്ന അവതരണങ്ങൾ വളരെ കുറവാണ്.

ഗ്രന്ഥസൂചനകൾ

1. Ball, Martin.J (Ed.),2005,*Clinical Sociolinguistics*. U S A. Malden: Blackwell Publishing
2. Bowen Claire, 2008, *Linguistic Fieldwork a Practical Guide*. New York: Palgrave Macmillan
3. Joseph. John. E, 2004, *Language and Identity. National, Ethnic, Religious*. Basingstoke, New York: Palgrave Macmillan.
4. Omaniyi Tope& Fishman. Joshua A (Ed.), 2006, *Explorations in the Sociology of Language and Religion*. Amsterdam/Philadelphia: John Benjamins Publication Company
5. Sreedhar. M V, Dua. H R & Rajyashree Subbayya K. S, 1984, *Questionnaire Bank for Sociolinguistic Surveys in India*. Mysore : Central Institute of Indian Languages.
6. Stephen Dale F, 1980, *Mappilas of Malabar*. 1498 – 1922. Oxford University Press
7. Young Pauline V, 1996, *Scientific Social Surveys and Research,* New Delhi: Prentice – Hall of India Private Ltd.
8. ഗിരീഷ് പി എം. ഡോ., 2001, *അധികാരവും ഭാഷയും*. പാപ്പിയോൺ. കോഴിക്കോട്
9. ജമീൽ അഹമ്മദ്. ഡോ., 2017, *മലയാള മുസ്ലിം ഭാഷ,* സംസ്കാരം, ചരിത്രം. പ്രതീക്ഷ ബുക്സ്, കോഴിക്കോട്.

# ഭാഷയുടെ ശ്രീകോവിലും ചവറ്റുകുട്ടയും

ഡോ. ജോസഫ് സ്കറിയ
അസി. പ്രൊഫസർ, മലയാളവിഭാഗം, എസ്.ബി. കോളജ്, ചങ്ങനാശ്ശേരി

ഭാഷാപഠനത്തിലെ രണ്ടു വ്യത്യസ്ത സമീപനങ്ങളെ കുറിക്കുന്ന ആലങ്കാരികപ്രയോഗങ്ങളാണ് ശ്രീകോവിലും ചവറ്റുകുട്ടയും. ശ്രീകോവിൽ സാമ്പ്രദായികവ്യാകരണപദ്ധതിയെയും ചവറ്റുകുട്ട പ്രയോഗവിജ്ഞാനപദ്ധതിയെയും കുറിക്കുന്നു. ശരിതെറ്റുകളിലുള്ള ശാഠ്യങ്ങൾ, കടുത്ത ശുദ്ധിബോധം, ഭാഷയുടെ ഘടനയെക്കുറിച്ചുള്ള നിർബന്ധം, പ്രകൃതി-പ്രത്യയ ചേർച്ചയിലെ വ്യവസ്ഥിതത്വം, പ്രകൃതി-പ്രത്യയങ്ങളുടെ രൂപപരിണാമം എന്നിങ്ങനെ കർക്കശമായ നിലപാടാണ് പാരമ്പര്യവ്യാകരണങ്ങൾക്കുള്ളത്. സുവ്യക്തമായ ഒരു നിയമവ്യവസ്ഥ ഭാഷയിലുണ്ടെന്നും അതനുസരിക്കാൻ ഭാഷകന് കഴിയണമെന്നും ഓർമ്മിപ്പിക്കുന്നതാണതിന്റെ രീതി. ഈ സമീപനത്തിന് മേൽക്കൈയും മഹത്വവും ലഭിക്കുന്ന സാഹചര്യം എല്ലായിടത്തുമുണ്ടായിരുന്നു. ചിറകെട്ടി സംരക്ഷിക്കേണ്ട ഒന്നായി ഭാഷയെയും ഭാഷാവ്യാകരണത്തെയും മനസ്സിലാക്കിയവരുമുണ്ട്. അഭ്യൂഹികമെന്നോ ആഗമികമെന്നോ വിളിക്കപ്പെടുന്ന മുഴുവൻ വ്യാകരണങ്ങളെയും സാമ്പ്രദായികം എന്ന ഗണത്തിൽപ്പെടുത്താം. സംസ്കൃതത്തിന്റെ പ്രഭാവവും കൊളോണിയൽഭരണവും കൂടിയായപ്പോൾ ഈ സമ്പ്രദായത്തിന് മലയാളക്കരയിൽ നല്ല അംഗീകാരം കിട്ടി. മറ്റൊരു വിചാരമാതൃകയ്ക്ക് ഇടമുണ്ടാകാത്തവിധം അതു നിലനിർത്തപ്പെടുകയും വാഴ്ത്തപ്പെടുകയും ചെയ്തു. ഇതൊക്കെ മുന്നിൽ കണ്ടാണ് സാമ്പ്രദായിക വ്യാകരണത്തെ ഭാഷയുടെ ശ്രീകോവിൽ എന്നു വാഴ്ത്തുന്നത്.

സംസ്കൃതം, തമിഴ്, യൂറോപ്യൻ ഭാഷകളിലെ വ്യാകരണങ്ങളെ വേണ്ടുംവിധം പ്രയോജനപ്പെടുത്തിക്കൊണ്ടാണ് 1917ൽ കേരളപാണിനീയം (പീഠികയോടെ) പുറത്തിറങ്ങിയത്. മലയാളത്തെ സംബന്ധിച്ച് ഇതൊരു വിപ്ലവാത്മകമായ ഏടായിരുന്നു. ഈ ഗ്രന്ഥത്തിന്റെ ജനാധിപത്യഘടനയിൽ കേരളപാണിനി ഊറ്റംകൊള്ളുകയും ചെയ്തു.

"ഇന്നതുതെറ്റ് ഇന്നതു ശരി എന്നു വിധിക്ക, പുതിയ ആശയങ്ങളെ ആവശ്യംപോലെ ആവിഷ്കരിക്കുന്നതിനു മാർഗമുണ്ടാക്കുക, പഴയ മാമൂലുകളും തറവാട്ടുസ്വത്തുക്കളും രക്ഷിച്ചുപോരുക, നിയമലംഘനങ്ങൾ നിമിത്തം വ്യാകുലീഭാവം വരാതിരിപ്പാൻവേണ്ട ഏർപ്പാടുകൾ ചെയ്ക, ഇതെല്ലാം വ്യാകരണം കൊണ്ടല്ലാതെ സാധിക്കയില്ല. എന്നുവേണ്ട, വ്യാകരണമില്ലാത്ത ഭാഷ രാജാവില്ലാത്ത രാജ്യം പോലെയാകുന്നു. ഭരണത്തിലും തന്ത്രഭേദമുള്ളതുപോലെ അഭ്യൂഹികവ്യാകരണം രാജാധിപത്യത്തിന്റെയും ആഗമികവ്യാകരണം പൗരാധിപത്യത്തിന്റെയും സ്ഥാനം വഹിക്കും[1]".

പുതിയൊരു രാഷ്ട്രീയ സംവിധാനം രൂപപ്പെട്ടുവരുന്ന ഘട്ടത്തിലാണ് മലയാളവ്യാകരണത്തിൽ ഒരു ജനാധിപത്യവഴി തെളിച്ചെടുക്കുന്നതെന്ന അവകാശവാദം ഈ പ്രസ്താവത്തിലൊളിഞ്ഞിരിക്കുന്നുണ്ട്. എന്നാൽ കേരളദേശത്തു രൂപംകൊണ്ട ജനാധിപത്യത്തിൽ രാജാധിപത്യത്തിന്റെ അവശേഷിപ്പുകൾ ധാരാളമുണ്ടെന്നതുകൊണ്ട് മലയാളിയുടെ ഭാഷാവിചാരങ്ങളിലും അതിന്റെ സ്മരണമുണ്ടാവാൻ വഴിയുണ്ട്. എന്തായിരുന്നാലും രാജാധിപത്യത്തിൽനിന്നു ജനാധിപത്യത്തിലേക്കുള്ള സംക്രമണ ഘട്ടമായി എ.ആറിന്റെ വ്യാകരണസപര്യയെ വിലയിരുത്തുന്നതിലും അപകടമില്ല. അതുതന്നെയാണ് ഈ ലേഖനത്തിൽ 'പരമ്പരാഗതം' എന്നയർത്ഥത്തിൽ ശ്രീകോവിൽ എന്നുപയോഗിക്കുന്നതിനുള്ള യുക്തി. അല്ലെങ്കിൽ കഴിഞ്ഞ നൂറുവർഷങ്ങൾകൊണ്ട് കേരളപാണിനീയത്തെ വ്യാകരണ ക്ലാസ്സുകൾ അങ്ങനെയാക്കി മാറ്റിയിട്ടുണ്ട്.

ഭാഷയെ ഒരു വിയുക്തവ്യവഹാരമായോ (isolated discourse) ആശയ വിനിമയോപാധിയായോ മാത്രം പരിഗണിക്കുന്ന സാഹചര്യത്തിൽ ഇത്തരം നിലപാടുകളെ അപാകം എന്നു കരുതേണ്ടതില്ല. ലീലാതിലകം മുതൽ കേരളഭാഷാവ്യാകരണം വരെ പുലർത്തുന്ന സമീപനങ്ങൾ വ്യത്യസ്തമല്ലല്ലോ. സംസ്കൃത-കൊളോണിയൽ ഭാഷാധിനിവേശ സാഹചര്യത്തിൽ മറ്റൊരു മാർഗം തുറന്നുകിട്ടുമെന്നു പ്രതീക്ഷിക്കാനും വയ്യ. എഴുനൂറു വർഷത്തിനുള്ളിൽ സംസ്കൃതത്തിലും ഇംഗ്ലീഷിലും മലയാളത്തിലുമായി എഴുതപ്പെട്ട ഭാഷാവ്യാകരണങ്ങളൊക്കെ സമീപനത്തിൽ പുലർത്തുന്ന സാമ്യം തെളിയിക്കുന്നതു മറ്റൊന്നല്ല. വർണ്ണതലം മുതൽ വാക്യതലംവരെ പ്രകൃതിപ്രത്യയ ബന്ധത്തെ മുൻനിർത്തി നടത്തുന്ന അപഗ്രഥനങ്ങളാണിവ. വാക്യഘടനയിലെത്തുമ്പോൾ അപഗ്രഥനത്തിന്റെ കനം കുറയുകയും ചെയ്യുന്നു. കേരളപാണിനീയത്തിലെ ആകാംക്ഷാധികാരം തന്നെ ഉദാഹരണം. ആഷറിന്റെ മലയാളവ്യാകരണം മാത്രമാണ്

വാക്യഘടനയെ ഗൗരവപൂർവ്വം പരിഗണിച്ചത്. ഭാഷാപഗ്രഥനത്തിൽ വാക്യം നിർണ്ണായക ഏകകമാണെന്ന ചോംസ്കിയൻ ചിന്തയുടെ സ്വാധീനം ആഷറിന്റെ വ്യാകരണത്തിലുണ്ട്. ഇതിനകം, വാക്യത്തിനപ്പുറമുള്ള ഭാഷായൂണിറ്റുകൾ വ്യാകരണപഠനത്തിന്റെ പദ്ധതിയിൽ വരേണ്ടതില്ല എന്നൊരു ധാരണ പ്രബലമായി മാറി.

ഇവിടെ ഓർമ്മിക്കേണ്ട മറ്റൊരുകാര്യംകൂടിയുണ്ട്. ഭാഷയുടെ വ്യാകരണചരിത്രത്തിൽ ലീലാതിലകകാരനെ മാറ്റിനിർത്തിയാൽ അന്തർജ്ഞാനം പ്രകടിപ്പിച്ച രണ്ടു സ്വദേശവൈയാകരണന്മാർ കേരളപാണിനിയും ജോർജ് മാത്തനുമാണ്. ഭാവിവ്യാകരണത്തിന്റെ സാധ്യതകൾ അവശേഷിപ്പിച്ചു എന്നതും സാമാന്യവ്യവഹാരരൂപങ്ങളെ പരിഗണിച്ചു എന്നതും ഭാഷാപ്രയോഗത്തിന്റെ പ്രകരണം പ്രാഥമ്യമുള്ളതാണെന്നു തിരിച്ചറിഞ്ഞു എന്നതുമാണ് ഇവരുടെ പ്രത്യേകതകൾ.

സംഖ്യാവിശേഷണം ചേർന്നാൽ ക്ലീബേ വേണ്ട ബഹുക്കുറി (കേരളപാണിനീയം: കാരിക: 51:4) എന്നിടത്ത് സംഖ്യാവിശേഷണം ചേർന്ന നപുംസകനാമങ്ങളുടെ സ്വഭാവത്തെ പ്രകരണനിഷ്ഠമായി ചിട്ടപ്പെടുത്താനുള്ള താത്പര്യം വ്യക്തമാണ്. മാത്തനാകട്ടെ, "നിർലിംഗനാമം ജീവജന്തുക്കളെ സംബന്ധിച്ചായിരുന്നാൽ, പറയുന്നവന്റെ മനസ്സുപോലെ ഏകസംഖ്യ എങ്കിലും ബഹുസംഖ്യ എങ്കിലും പ്രയോഗിക്കാം"[2] എന്ന് പ്രായോഗികമായ നിലപാടു കൈക്കൊള്ളുന്നു. അനുപ്രയോഗം, പ്രകാരം, നിപാതം, നിഷേധം, സർവനാമം തുടങ്ങിയ വ്യാകരണസംവർഗങ്ങളുടെ വിവരണത്തിലും ഇത്തരം പ്രായോഗിക നിലപാടുകൾ തെളിയുന്നുണ്ട്, എ.ആറിലും മാത്തനിലും.

"അനുപ്രയോഗങ്ങളിൽ മിക്കവയും സ്വതന്ത്രമായി പ്രയോഗിക്കുന്നവയാകയാൽ അനുപ്രയോഗാവസ്ഥയുടെയും സ്വതന്ത്ര പ്രയോഗാവസ്ഥയുടെയും മധ്യേനിന്നുകൊണ്ട് കയ്യാലപ്പുറത്തെ തേങ്ങായുടെ മട്ടിൽ ഏതു വശത്തേയ്ക്കു ചേരുന്നുവെന്നു തീരുമാനിപ്പാൻ പാടില്ലാത്തവയായ ചില ഉദാഹരണങ്ങളും കാണുന്നുണ്ട്. അതിനാൽ ഈ പ്രകരണത്തെ ഇതിലധികം വിസ്തരിക്കുന്നില്ല"[3] എന്ന് അനുപ്രയോഗ ചർച്ചയിലും. "നിപാതങ്ങളുടെ അർത്ഥവിശേഷങ്ങളും പ്രയോഗവൈചിത്ര്യങ്ങളും വ്യാകരണത്തിൽ പ്രതിപാദിക്കേണ്ടുന്ന വിഷയങ്ങളല്ല"[4] എന്നു നിപാതാവ്യയാധികാരത്തിലും പറയുന്നുണ്ട്. ഇവയൊക്കെ വാക്യാന്തരവും പ്രയോഗത്തിന്റെ പ്രകരണത്വത്തിൽ കേന്ദ്രീകരിക്കുന്നതുമായ ഒരു വിശകലനരീതിയിലേക്കാണ് വിരൽ ചൂണ്ടുന്നത്. പൗരാധിപത്യവിചാരം കൂടുതൽ തീക്ഷ്ണമാകുന്നുണ്ടിവിടെ. എന്നാൽ കേരളത്തിലെ അക്കാദമിക് സമൂഹം ഭാഷാവ്യാകരണത്തിനുണ്ടാക്കിയ പട്ടാളച്ചിട്ടകളെ

കണ്ടില്ലെന്നുനടിക്കാനുമാവില്ല. നിയമകാർക്കശ്യമുള്ള ഒരു വ്യവസ്ഥയായി വ്യാകരണത്തെ ജനം ഹൃദയത്തിലേറ്റി. രൂപനിഷ്ഠതയിലൂന്നിയ ഈ പദ്ധതിയെ ശ്രീകോവിലെന്നു വാഴ്ത്താനും പരിക്കുകളില്ലാതെ സംരക്ഷിക്കാനും ചുമതലപ്പെട്ടവരുടെ എണ്ണം പെരുകി. ആ ഉത്തരവാദിത്തം അധികവും ഏറ്റെടുത്തത് ഭാഷാധ്യാപകരാണ്. അതവിടെ നില്ക്കട്ടെ.

കഴിഞ്ഞ ഒരു ശതാബ്ദംകൊണ്ട് പരമ്പരാഗത വ്യാകരണസമീപനം ഭാഷയിൽ വേരുറച്ചു എന്നാണ് പറഞ്ഞുവരുന്നത്. സമാന്തര ഭാഷാന്വേഷണ മാതൃകകൾ വികസിപ്പിച്ചെടുക്കുന്നതിൽ വ്യാകരണ ക്ലാസ്മുറികൾ പാലിച്ച മൗനവും ഗുരുതരമാണ്. ഭാഷയുടെ ചലനസ്വഭാവത്തെയും പരിണാമശേഷിയെയുംകുറിച്ച് പേർത്തും പേർത്തും പറയുന്നുണ്ടെങ്കിലും വ്യാകരണകാര്യത്തിൽ സാമ്പ്രദായികമാർഗമാണ് അക്കാദമിക് ഗവേഷകർക്കുപോലും പഥ്യം.

ഭാഷയുടെ ഘടനാവിശകലനത്തിന് ഒട്ടേറെ പദ്ധതികൾ ഇതിനകം രംഗപ്രവേശം ചെയ്തു. ഫെർഡിനാന്റ് ഡെ സസൂറിൽ തുടങ്ങുന്നു ഈ ജൈത്രയാത്ര. ന്യൂറോ ലിംഗ്വിസ്റ്റിക്സ്, കോഗ്നിറ്റീവ് ലിംഗ്വിസ്റ്റിക്സ്, സൈബർ ലിംഗ്വിസ്റ്റിക്സ്, ഡിസ്കോഴ്സ് അനാലിസിസ് എന്നിവ ഉദാഹരണങ്ങൾ. ഭാഷാപഠനം മനഃശാസ്ത്രപഠന പദ്ധതിയിലൂടെയേ സാധ്യമാകൂ എന്ന് ചോംസ്കിയും പ്രസ്താവിച്ചു. ധൈഷണിക ഭാഷാശാസ്ത്രജ്ഞരാവട്ടെ, വ്യാകരണത്തെ ഒരു സങ്കല്പനമായി തന്നെ മനസ്സിലാക്കാൻ ആവശ്യപ്പെടുന്നു.

"സങ്കല്പനങ്ങളുടെ സഞ്ചയമാണ് വ്യാകരണം. വ്യാകരണമൊരു ധാരണയാണ്. അനുഭവങ്ങളെ വിനിമയം ചെയ്യാനുള്ള ധാരണകളാക്കി മാറ്റുകയാണ് ധൈഷണിക വൃത്തികൾ. ഭാഷാജ്ഞാനവും അപ്രകാരം തന്നെ"[5].

ഭാഷാപ്രയോഗത്തിലുണ്ടായ വിപ്ലവാത്മകപരീക്ഷണങ്ങളും വ്യവഹാര വൈപുല്യവും സാമൂഹ്യപരിണാമത്തിന്റെ വേഗവും കണക്കിലെടുത്താൽ സാമ്പ്രദായികവ്യാകരണത്തിന്റെ ചിട്ടവട്ടങ്ങളിൽ ഒതുക്കി നിർത്തേണ്ടതല്ല ഭാഷാപഠനം എന്നു ബോധ്യമാകും.

ഇന്നതൊക്കെ വ്യാകരണത്തിന്റെ പരിധിയിൽ, ഇന്നതൊക്കെ ഭാഷാശാസ്ത്രത്തിന്റെ പരിധിയിൽ എന്ന മട്ടിലുള്ള അതിരുതിരിക്കൽ റദ്ദു ചെയ്യുകയാണ് ആദ്യവഴി. വിവിധ ഭാഷാപഠനസമീപനങ്ങൾക്ക് ഒന്നിക്കാവുന്ന ഒരു സമ്മേളനമണ്ഡലം (meeting field) രൂപപ്പെടുത്തുക എന്നതിലാണു നവവൈയാകരണന്മാരുടെ ശ്രദ്ധ പതിയേണ്ടത്. പരമ്പരാഗതവ്യാകരണത്തിന്റെയും പ്രയോഗവിജ്ഞാനത്തിന്റെയും സമ്മേളനഭൂമികയിൽ ഭാഷാപഗ്രഥനം കൂടുതൽ ഫലപ്രദമാകും.

വക്താവും അയാൾ ഉൾപ്പെട്ടു നില്ക്കുന്ന ലോകവ്യവസ്ഥയും ശ്രോതാവും ഉൾപ്പെടെ സംവേദനത്തിൽ ഇടപെടുന്ന ആഭ്യന്തരവും ബാഹ്യവുമായ, ഭാഷാപരവും ഭാഷേതരവുമായ സകല ഘടകങ്ങളെയും പ്രയോഗവിജ്ഞാനം പരിഗണിക്കുന്നു. വാക്യപരിനിഷ്ഠവും രൂപാധിഷ്ഠിതവുമായ സാമ്പ്രദായിക വ്യാകരണപദ്ധതികളോടിടഞ്ഞ് രൂപപ്പെട്ടുവന്നതാണ് പ്രയോഗവിജ്ഞാനം. സാമ്പ്രദായികവ്യാകരണത്തിന്റെ ഇച്ഛകൾക്കു വിധേയപ്പെട്ടു നില്ക്കുന്ന പ്രയോഗവിജ്ഞാന മാതൃകയിലാണ് ലെവിൻസൺ വിശ്വസിച്ചത്. എന്നാൽ ഭാഷയുടെയും ഭാഷാപ്രയോഗത്തിന്റെയും നിഗൂഢതലങ്ങൾ വിവരിക്കാൻ പോന്ന പഠനരീതി വികസിപ്പിക്കാൻ പിന്നീടുവന്ന പ്രയോഗവിജ്ഞാനികൾക്കു കഴിഞ്ഞിരിക്കുന്നു.

ഇസ്രായേലിലെ ഭാഷാശാസ്ത്രജ്ഞനായ യേഹോഷ്വ ബാർ-ഹിലൽ ആണ് പ്രയോഗവിജ്ഞാനത്തെ വാക്യവിജ്ഞാനത്തിന്റെ ചവറ്റുകുട്ട എന്നു വിശേഷിപ്പിച്ചത്.[6] വാക്യതലത്തിലൊതുങ്ങിയ അർത്ഥത്തെയും അതിന്റെ കവിഞ്ഞൊഴുകലിനെയും മുൻനിർത്തിയാണ് ഈ പ്രയോഗം. പിന്നീട് ഭാഷാശാസ്ത്രത്തിന്റെ ചവറ്റുകുട്ട, ഭാഷയുടെ ചവറ്റുകുട്ട എന്നെല്ലാം പ്രയോഗവിജ്ഞാനം പരാമർശിക്കപ്പെട്ടു. പ്രയോഗത്തിന്റെ പ്രകരണത്വം, അവ്യാഖ്യേയത, സങ്കീർണ്ണത തുടങ്ങിയവയെ മുൻനിർത്തിയുള്ള നിരീക്ഷണമായി മാത്രം കണ്ടാൽ പോര, ഇത്തരം സങ്കീർണ്ണതകളിൽ അന്തർഭവിക്കുന്ന ഭാഷയുടെ ചരസ്വഭാവം വെളിപ്പെടുത്താനുള്ള സൈദ്ധാന്തികമാർഗ്ഗമായി കൂടി മനസ്സിലാക്കണം.

"Pragmatics is the study of those relations betweeen language and context that are grammaticalised or encoded in the structure of a language"[7] എന്ന ലെവിൻസന്റെ നിർവചനം പ്രയോഗവിജ്ഞാനത്തിന്റെ വ്യാകരണപരവും വ്യാകരണേതരവുമായ സാധ്യതകളിലേക്കു വിരൽചൂണ്ടുന്നു. (interactive linguistic performances), വ്യാകരണവാചികൾ (deixis), ഉക്തികൾ (utterances), വ്യവഹാരചിഹ്നങ്ങൾ (discourse markers), ഭാഷണകൃത്യങ്ങൾ (speach acts), കർതൃത്വം (subjectivity), പൂർവധാരണകൾ (presuppositions) എന്നിവയെ മുൻനിർത്തി പ്രയോഗങ്ങളുടെ പ്രകരണത്തെ വിവരിക്കണം. വ്യാകരണ രൂപങ്ങളുടെ നിരാകരണംകൊണ്ടല്ല, അവയുടെ പ്രകരണനിഷ്ഠധർമ്മങ്ങളെ മുൻനിർത്തിയുള്ള വ്യാഖ്യാനം കൊണ്ടാണ് ഈ പദ്ധതി ശ്രദ്ധേയമാകുന്നത്.[8]

പ്രകരണത്തെ മുൻനിർത്തിയും പ്രയോഗത്തെ മുൻനിർത്തിയും പ്രയോഗവിജ്ഞാനചിന്തകൾ പുരോഗമിച്ചിട്ടുണ്ട്. രണ്ടിടത്തും ഭാഷ പ്രയോഗിക്കപ്പെടുന്ന സന്ദർഭത്തിന്റെ സ്വഭാവത്തിനും അതിന്റെ ആർത്ഥികബന്ധങ്ങൾക്കുമാണ് പ്രാധാന്യം. പ്രയോഗത്തിന്റെ അർത്ഥതലത്തിന്

അമൂർത്തം (abstract), പ്രകരണനിഷ്ഠം (contextual) എന്നിങ്ങനെ രണ്ടു തലങ്ങൾ കല്പിക്കപ്പെടുന്നു. പ്രകരണനിഷ്ഠ അർത്ഥവിചാരത്തിന്റെ അടിസ്ഥാനത്തിൽ മലയാളത്തിലെ പ്രകരണവാചികൾ, ഉക്തികൾ, വ്യവഹാരചിഹ്നങ്ങൾ എന്നിവയുടെ മൂല്യം വിവരിക്കാനാവും.

മലയാളത്തിലെ സർവനാമങ്ങളുടെ കാര്യമെടുക്കുക. മധ്യമപുരുഷ ഏകവചന സർവനാമമായ 'നീ' വ്യക്തിപരാമർശവാചിയാണ് (person deixis). 'നീ'യുടെ പ്രയോഗസന്ദർഭങ്ങൾ ഓരോന്നും പ്രകരണനിഷ്ഠമായി നോക്കിയാൽ വ്യത്യസ്തമാണെന്നു കാണാം. നീ, താൻ, നിങ്ങൾ, ഇങ്ങേര്, ഇയാൾ, അങ്ങ്, അവിടുന്ന് തുടങ്ങിയ രൂപങ്ങളുടെ അർത്ഥവിശേഷങ്ങളെ വ്യത്യസ്തമായി കാണേണ്ടതാണ്. ആർക്കും ആരെയും 'നീ' എന്നു വിളിക്കാം എന്നു വ്യാകരണം പറഞ്ഞേക്കാം. എന്നാൽ സന്ദർഭം മറന്നുള്ള 'നീ' പ്രയോഗം ഉണ്ടാക്കാനിടയുള്ള കുഴപ്പങ്ങളും മലയാളിക്കറിയാം. കഠിനമായ ദേഷ്യവും ഹാർദ്ദമായ സ്നേഹവും ഒരുപോലെ പ്രകടിപ്പിക്കാൻ ഈ രൂപത്തിനു കഴിയുന്നു എന്നത് മലയാളിയുടെ ഭാഷാസംസ്കാരമണ്ഡലത്തിലെ സവിശേഷതയായി മനസ്സിലാക്കണം. അതുകൊണ്ടാണ് പ്രയോഗാർത്ഥത്തെ intended speaker meaning എന്നും വിളിക്കുന്നത്.

സാമാന്യവ്യവഹാരങ്ങളിലെ സവിശേഷ പ്രയോഗമാതൃകകളാണ് ഉക്തികൾ (utterances). 'ഉക്തി' എന്നാൽ പ്രകരണസാധുവായ വാക്യരൂപം എന്നാണർത്ഥം. ഇത് സാമ്പ്രദായികവ്യാകരണത്തിലെ വാക്യം എന്ന സങ്കല്പനത്തോട് ഒത്തുപോകുന്നില്ല. വാക്യത്തിന്റെ ധർമ്മം നിർവഹിക്കാൻ കഴിവുള്ള സംഭാഷണഖണ്ഡങ്ങൾവരെ ഉക്തികൾ എന്ന വിഭജനത്തിനുള്ളിൽപ്പെടും. പൂർവധാരണ (presuppositions) കളിൽനിന്നാണ് ഉക്തികൾ ജനിക്കുന്നത് എന്നതിനാൽ ഭാഷകന്റെ പൂർവധാരണകളെ ഉക്തിയുടെ പ്രകരണത്വം മുൻനിർത്തി വേണം വിവരിക്കാൻ. സമയം എത്രയായി എന്നു പറയാമോ എന്ന ചോദ്യത്തിന് പറയാം എന്നായിരിക്കില്ല 10 മണി 7 മണി എന്നൊക്കെയാവും മറുപടി.

'പൊതുജനം കഴുത' എന്ന ഉക്തിയുടെ പൂർവധാരണ ഒരാളുടെ ജനാധിപത്യത്തോടും രാഷ്ട്രീയാവസ്ഥയോടുമുള്ള കലഹിക്കലിന്റെ സൂചനയാണെന്നു വ്യാഖ്യാനിക്കാം. ഇവ അർത്ഥത്തിന്റെ മുനകളെ മുൻനിർത്തി ചിന്തിച്ചതുകൊണ്ടായില്ല, പ്രകരണത്തിന്റെയും ഭാഷക-ശ്രോതാവ് ബന്ധത്തിന്റെയും സംഭാഷണലക്ഷ്യത്തിന്റെയും അടിസ്ഥാനത്തിലാവണം. ഇത്തരത്തിൽ ഭാഷയിൽ പ്രയോഗിക്കപ്പെടുന്ന ആയിരക്കണക്കിനുള്ള പ്രയോഗങ്ങളുടെ സ്വഭാവം വെളിപ്പെടുത്താൻ വ്യാകരണവും നിഘണ്ടുവും അസമർത്ഥമാകുന്നിടത്ത് പ്രയോഗവിജ്ഞാനത്തിന് സാധ്യതയുണ്ട്.

ഇത്തരം വ്യാകരണകാര്യങ്ങളെ വിവരിക്കാൻ പോന്ന ധൈഷണികസമീപനമാണ് വ്യവഹാരവൈയാകരണന്മാർ (discourse grammarians) മുന്നോട്ടുവയ്ക്കുന്നതെന്നും അതിന് വ്യാകരണത്തിന്റെയും പ്രയോഗകവിജ്ഞാനത്തിന്റെയും ഒരു സമ്മേളനഭൂമിക രൂപീകരിക്കേണ്ടതുണ്ടെന്നും മിറ ഏരിയൽ[9] നിരീക്ഷിച്ചു.

അവൾ പഠിക്കാൻ പോകുന്നില്ല
അവൾ ജയിക്കാൻ പോകുന്നില്ല
ഇന്നു നടക്കാൻ പോകുന്നില്ല
ഇവിടെ വരാൻ പോകുന്നില്ല

തുടങ്ങിയ വാക്യങ്ങളെ വ്യാകരണയുക്തികൾകൊണ്ടല്ല പ്രകരണയുക്തികൾകൊണ്ടാണ് വിശദീകരിക്കേണ്ടത്. നിഘണ്ടു അർത്ഥത്തിനല്ല, വക്താവിന്റെ intended meaningനാണ് ഇവിടെ പ്രാധാന്യം. നിഷേധരൂപങ്ങൾ, ചോദ്യവാചി രൂപങ്ങൾ, സമുച്ചയങ്ങൾ, പൊതുബോധസൂചകങ്ങൾ, പ്രകാരങ്ങൾ, അനുപ്രയോഗങ്ങൾ, ബഹുവചന പ്രത്യയസ്വീകാരം തുടങ്ങിയവയുടെയും പ്രവർത്തനധർമ്മങ്ങൾ വിവരിക്കാൻ വ്യാകരണത്തിന്റെയും പ്രയോഗവിജ്ഞാനത്തിന്റെയും രീതിശാസ്ത്രമാതൃകകളുടെയും ക്രോഡീകരണമുണ്ടാവണം.

"How does pragmatics become code? Where does this grammar/pragmatics interface take place? Does this fact undermine the grammar/pragmatics divide?" എന്ന സന്ദേഹത്തിനു മറുപടിയായി മിറ ഏരിയൽ പറയുന്നത്, "The argument is that pragmatics, together with other extragrammatical triggers, provides the raw materials and impetus for grammar" എന്നാണ്.

ലെവിൻസൺ മുന്നോട്ടുവച്ച വ്യാകരണനിഷ്ഠപ്രയോഗവിജ്ഞാനത്തിന്റെ പുതിയ ചിന്തയായി മിറ ഏരിയലിന്റെ നിരീക്ഷണത്തെ ഇകഴ്ത്തേണ്ടതില്ല. മറിച്ച് ഭാഷണയൂണിറ്റുകളെ വ്യാകരണമാത്രുകളായി പരിഗണിച്ച്, അർത്ഥവിജ്ഞാനംകൊണ്ടോ രൂപവിജ്ഞാനംകൊണ്ടോ വിവരിക്കാനാവാത്ത വ്യാകരണസ്വഭാവത്തെ വിവരിക്കാൻ പ്രയോഗവിജ്ഞാനവും വ്യവഹാരാപഗ്രഥനവും സമർത്ഥിക്കുന്നതെങ്ങനെയെന്ന് തെളിച്ചെഴുത്തു നടത്തുകയാണ് മിറ ഏരിയൽ എന്നു മനസ്സിലാക്കിയാൽ മതി.

വ്യാകരണത്തെ ഭാഷാവ്യവസ്ഥയുടെ വിവരണമെന്നും (competence) പ്രയോഗവിജ്ഞാനത്തെ ഭാഷാപ്രകടനത്തിന്റെ വിവരണമെന്നും (performance) വേർതിരിച്ചുനിർത്താം. ഏതൊരു പ്രയോഗത്തിനും ഒരു ജ്ഞാനവ്യവസ്ഥയും ഒരു പ്രകരണമണ്ഡലവുമുണ്ടാവും. ഇവയെ

ഒന്നിപ്പിക്കുന്ന extra grammatical നിയമങ്ങളുടെ രൂപീകരണത്തിലൂടെയേ പുതിയൊരു വ്യാകരണം ജനിക്കൂ.

"Pragmatics may be defined broadly as the study of the use of language in human communication as determined by the conditions of society" എന്ന മീറയുടെ[10] നിർവചനത്തിന് ഇങ്ങനെയൊരു തലമുണ്ട്.

ഭാഷാർത്ഥത്തിന്റെ അമൂർത്തമായ സംവേദനയുക്തിയെ വിവരിക്കാനുള്ള ക്ലേശം എന്ന ന്യായത്തിലാണ് കേരളപാണിനിയും ജോർജ്ജുമാത്തനും ചില വ്യാകരണസംവർഗങ്ങളുടെ പ്രവർത്തനധർമ്മങ്ങൾ വ്യാകരണാതീതമാകയാൽ അതു വ്യാകരണത്തിൽ വിവരിക്കേണ്ടതല്ല എന്നു പ്രസ്താവിച്ചത്. എന്നാൽ പ്രയോഗവിജ്ഞാനത്തിന്റെ സമീപനം ഈ ക്ലേശത്തെ ലഘൂകരിക്കാൻ പര്യാപ്തമാണ്. ചിഹ്നങ്ങളും (codes) അനുമാനങ്ങളും (inferences) വേർപിരിക്കാനാവാത്തവിധം നെയ്തു ചേർത്തിരിക്കുകയാണ് പ്രസ്താവനകളിൽ. അതുകൊണ്ട് പ്രസ്താവനകൾക്ക് ഒരുതരം സാങ്കര്യ (hybrid) സ്വഭാവമാണുള്ളത്. മറ്റൊരു തരത്തിൽ ആലോചിച്ചാൽ പ്രകരണത്തിന്റെ ആർത്ഥികാനുമാനങ്ങളിൽ നിന്നാണ് ചിഹ്നങ്ങളുടെ പിറവി. ഈ കലർന്നുകിടപ്പിന്റെ രസതന്ത്രം വിവരിക്കാനുള്ള ഉപകരണമാണ് പ്രയോഗവിജ്ഞാനം. ഏതു പ്രയോഗവും അതിന്റെ പൂർവനിർണ്ണീതമായ ചരിത്രബോധം കൊണ്ടല്ല പ്രകരണത്തിന്റെ സമകാലികത, അനുഭവനിഷ്ഠത, ഇടപെടലിന്റെ തത്ത്വം തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് വിലയിരുത്തപ്പെടുന്നത്.

> ഞാൻ പോകാം, എനിക്കു പോകാം, എന്നോടു പോകാം എന്നു പറഞ്ഞു... എനിക്കു പോകണം
> നിനക്കു പോകാം, നീ പോകാം എന്നാണോ പറയുന്നത്, നിനക്കു പോകണം എന്നുണ്ടോ
> അവനു പോകാം, അവൻ പോകാം എന്നു പറഞ്ഞു, അവനു പോകണം എന്നാണാഗ്രഹം

എന്നീ ഖണ്ഡങ്ങൾ പ്രകടിപ്പിക്കുന്ന പ്രത്യയസ്വീകാരയുക്തികൾ ശ്രദ്ധിക്കുക. പ്രകരണം ചിഹ്നങ്ങളെ ആവശ്യപ്പെടുകയാണ്. അവിടെ ഉദ്ദേശ്യമുണ്ട്, ഇച്ഛയുണ്ട്. വാക്യഘടനയ്ക്കുള്ളിലെ കർത്തൃത്വസ്ഥാനത്തിന്റെ സ്വഭാവംകൊണ്ട് നാം നിർമ്മിക്കുന്ന അർത്ഥം വാക്യപര്യവസിതമാണ്. പാഠം എന്ന കുറച്ചുകൂടി വിപുലമായ യൂണിറ്റിൽ ഈ അർത്ഥമണ്ഡലം നിലനിർത്തപ്പെടുകയോ നിരാകരിക്കപ്പെടുകയോ ചെയ്യാം. പാഠത്തിലേക്കെത്തുമ്പോൾ ഉപരിയായ ഒരു കർത്തൃത്വവിചാരം (subjectivity) ഇടപെടുന്നുണ്ട്. ഇവയെക്കൂടി ഉൾക്കൊള്ളുന്ന ഒരു വ്യാകരണപദ്ധതിക്കു മാത്രമേ സമകാലികത അവകാശപ്പെടാനാവൂ. ഇനിയും വെളിപ്പെടുത്തപ്പെടാത്ത

ഭാഷാരഹസ്യങ്ങളെ വെളിപ്പെടുത്താൻ ശേഷിയുള്ള ഒരു സൈദ്ധാന്തിക പദ്ധതിയാണ് നാം വിഭാവന ചെയ്യേണ്ടത്. 21-ാം നൂറ്റാണ്ടിൽനിന്നും വളരുന്ന ഭാഷയുടെ പ്രവർത്തനധർമ്മങ്ങൾ വിവരിക്കാൻ ക്രിസ്തുവിനുമുമ്പ് മൂന്നാം ശതകത്തിലെയോ ക്രിസ്തുവർഷം പതിന്നാലാം ശതകത്തിലെയോ പത്തൊൻപതാം ശതകത്തിലെ തന്നെയോ വ്യാകരണോപകരണങ്ങളെ ആശ്രയിക്കുന്നതിൽ കാര്യമായ പന്തികേടുണ്ട്. ഭാഷയ്ക്ക് സമൂഹത്തിൽനിന്ന് ഒറ്റപ്പെട്ടു നിൽക്കുന്ന അവസ്ഥ ഇല്ലാത്തിടത്തോളം സാമൂഹികവിനിമയങ്ങളിലുണ്ടാകുന്ന പരിവർത്തനങ്ങൾ ഭാഷയെയും പരിവർത്തിപ്പിക്കും. ഈ പരിവർത്തനങ്ങളെ ഉൾക്കൊള്ളാതിരിക്കാൻ വ്യാകരണത്തിനും കഴിയില്ല.

ഒരു ചെറിയ ഉദാഹരണം: അടി എന്ന ധാതുവിൽനിന്ന് അടിക്കുക എന്ന ക്രിയ ജനിക്കും. അടിക്കുക എന്ന ക്രിയയുടെ അർത്ഥം എന്താണ്? അത് തൊട്ടടുത്തു മുമ്പിൽ വരുന്ന നാമരൂപത്തിനനുസരണമായി അർത്ഥവ്യത്യാസം ജനിപ്പിക്കുകയാണ്.

കാറ്റ്, ലോട്ടറി, ഗോൾ, കോപ്പി എന്നീ രൂപങ്ങൾക്ക് അടിച്ചു അനുപ്രയോഗമായി വരുമ്പോഴുണ്ടാകുന്ന മാറ്റങ്ങൾ നോക്കുക. അടിച്ചുവിന്റെ ധാത്വർത്ഥത്തിൽ നിന്നെത്രയോ അകലെയാണതിന്റെ പ്രയോഗാർത്ഥങ്ങൾ.

ഭാഷയിലെ സംവേദനോദ്ദേശ്യങ്ങളുടെ ഗതി ചിലപ്പോൾ നിർണ്ണയനാതീതമാകാറുണ്ട്. അത്രയ്ക്കുണ്ട് ഭാഷകനു തിരിച്ചറിയാനാവാത്ത ഘടനാബന്ധങ്ങളിലൂടെ സഞ്ചരിക്കുന്ന ഭാഷാപ്രയോഗങ്ങളുടെ എണ്ണം. ഒന്നു ശ്രദ്ധിച്ചാലറിയാം, സാമാന്യവ്യവഹാരത്തിലെ നൂറുകണക്കിനു രൂപങ്ങൾ സാമ്പ്രദായികവ്യാകരണ ഗണകല്പനകൾക്കു വെളിയിൽ നില്ക്കുന്നത്.

> അല്ലാ, പിന്നെ, മറ്റേ, നോക്ക്, ദേ, ങാ, ഉവ്വേ, ഉം തുടങ്ങിയവ ഉദാഹരണങ്ങൾ.

ഭാഷാപ്രയോഗത്തിലെ ഓരോ മൂലകത്തിനും വ്യാകരണമൂല്യമുണ്ട്, പ്രകരണമൂല്യമുണ്ട്. പ്രകരണമൂല്യം അനുമാനവുമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് വ്യാകരണം/പ്രയോഗവിജ്ഞാനം എന്ന തരംതിരിവ് സ്വതന്ത്രാന്വേഷണത്തെ തടയുന്നു. 'The Grammar/Prgamatics interface shows an abundance of boundary crossings' എന്ന് ഈ മുറിച്ചുകടക്കലിനെ മിറ ഏരിയൽ വിശദീകരിക്കുന്നുണ്ട്.

ഭാഷണകൃത്യങ്ങൾ (speach acts), വ്യവഹാരചിഹ്നങ്ങൾ (discourse markers), മാനുഷികപ്രകരണം (human contexts), മുൻധാരണകൾ (human contexts) എന്നീ സങ്കല്പനങ്ങളെ മുൻനിർത്തിയും പ്രകരണത്തിന്റെ/പ്രയോഗത്തിന്റെ വ്യാകരണതത്ത്വങ്ങൾ വിവരിച്ചെടുക്കാം. അതോടെ ശ്രീകോവിൽ-ചവറ്റുകുട്ട എന്നീ വിഭജനങ്ങളെ അസാധുവാക്കുന്ന ഒരു ഭാഷാന്വേഷണപദ്ധതി രൂപപ്പെടും.

## കുറിപ്പുകൾ/സഹായകഗ്രന്ഥങ്ങൾ

1. എ.ആർ. രാജരാജവർമ്മ, *കേരളപാണിനീയം* 1917ലെ പതിപ്പിനെഴുതിയ മുഖവുരയിൽ പറയുന്നത്.
2. ജോർജ് മാത്തൻ, *മലയാഴ്മയുടെ വ്യാകരണം*, പുറം 49, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2000, തിരുവനന്തപുരം.
3. എ.ആർ. രാജരാജവർമ്മ, 2001, *കേരളപാണിനീയം*, ഡി.സി. ബുക്സ്, കോട്ടയം, പുറം 229.
4. എ.ആർ. രാജരാജവർമ്മ, 2001, *കേരളപാണിനീയം*, ഡി.സി. ബുക്സ്, കോട്ടയം, പുറം 276.
5. പി.എം. ഗിരീഷ്, *അറിവും ഭാഷയും*, പു. 21, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2012, തിരുവനന്തപുരം.
6. യോഹോഷ്വ-ബാർ-ഹിലാൽ, 1971, *'Out of the pragmatic wastebasket'*, Linguistic Enquiry, , 2:401407.
7. Levinson Stephen 1983, *Pragmatics,* Cambridge University
8. സുമി ജോയി ഓലിയപ്പുറം നടത്തിയ ഗവേഷണപഠനങ്ങൾ പ്രയോഗവിജ്ഞാനത്തിന്റെ സാധ്യതകളിലേക്കു വഴി തുറക്കുന്നുണ്ട്.
9. Mira Ariel, *Pragmatics and Grammar*, 2008, Cambridge.
10. Mey Jacob L, *Pragamatics an Introduction*, 1994, Oxford, Blackbell

# ഭാഷാലിംഗാവബോധം–വ്യവഹാരാപഗ്രഥനം

ഡോ. സീമാ ജെറോം
മലയാള വിഭാഗം, കേരളസർവ്വകലാശാല

ലിംഗാവബോധം, സമൂഹകല്പിതവും നിർമ്മിക്കപ്പെടുന്നതും ആയിരിക്കെ, ആണിന്റെയും പെണ്ണിന്റെയും സ്വത്വസവിശേഷതകളെ വേറിട്ടരീതിയിൽ അടയാളപ്പെടുത്തുന്ന ചിഹ്നങ്ങളായിത്തന്നെ ഭാഷ പ്രയോഗിക്കാനാണ് പൊതുസമൂഹം വ്യക്തിയെ പരിശീലിപ്പിക്കുന്നതും പ്രേരിപ്പിക്കുന്നതും. ഒരേ ഭാഷാസമൂഹത്തിന്റെ ഭാഷണത്തിൽ ലിംഗഭേദം രൂപപ്പെടാൻ ഇടയാക്കുന്ന കാരണങ്ങളെ സാമൂഹ്യശാസ്ത്രവും മനശ്ശാസ്ത്രവും സ്ത്രീവാദവും നരവംശശാസ്ത്രവും വേറിട്ടരീതിയിലാണ് പഠനവിധേയമാക്കിയിട്ടുള്ളതെങ്കിലും വിവിധ ചിന്താപദ്ധതികളുടെ നിരീക്ഷണങ്ങൾ ഏകതാനമായി അംഗീകരിക്കുന്ന ചില വസ്തുതകൾ ഉണ്ട്. മലയാളഭാഷയുടെ വിവിധതരം വ്യവഹാരമണ്ഡലങ്ങളിൽ കേന്ദ്രീകരിച്ചുകൊണ്ട് ഭാഷാപ്രയോക്താക്കളിലെ ലിംഗാവബോധത്തെ നിർണ്ണയിക്കാനുള്ള ശ്രമങ്ങൾ ഫലപ്രദമായതോതിൽ ഇവിടെ ഉണ്ടായിട്ടില്ല. ഭാഷയുടെ ഒരു വ്യവഹാരമണ്ഡലത്തിനും അതിനെ രൂപപ്പെടുത്തുകയോ നിലനിർത്തുകയോ ചെയ്യുന്ന ഭാഷാരാഷ്ട്രീയസങ്കല്പങ്ങളെ മറികടക്കാനും വേണ്ടത്ര കഴിഞ്ഞിട്ടില്ല വ്യവഹാരത്തിന്റെ വിവിധതലങ്ങളെ വ്യവച്ഛേദിച്ച് അപഗ്രഥിക്കുകയാണ് ഭാഷാലിംഗാവബോധത്തെ സാമൂഹികമായും ചരിത്രപരമായും വിശകലനം ചെയ്യാനുള്ള ഉത്തമമാർഗ്ഗം.

### വ്യവഹാരത്തിന്റെ വിവിധമണ്ഡലങ്ങൾ:

മാനവരാശിയുടെ മാനസികവും സാമൂഹികവുമായ പരിവർത്തനങ്ങൾ സാധ്യമാക്കിയ ഏറ്റവും വലിയ നേട്ടം എഴുത്തും വായനയുമാണ്. അതിന്റെ കുറേക്കൂടി വിപുലമായ പരിവർത്തനാത്മകതയാണ് ദൃശ്യശ്രവ്യമാധ്യമങ്ങൾ സാധ്യമാക്കിയത്. സാംസ്കാരികവും പ്രത്യയശാസ്ത്രപരവുമായ

നിരവധി ബോധ്യങ്ങൾ ഉല്പാദിപ്പിക്കാനും വിതരണംചെയ്യാനുമുള്ള സാധ്യത ഈ രണ്ടു വ്യവഹാരമണ്ഡലങ്ങൾക്കുമുണ്ട്. അധികാര രീതി ശാസ്ത്രങ്ങളെ ചിട്ടപ്പെടുത്താൻ ഇവ പര്യാപ്തമാണെങ്കിലും എഴുത്തിന്റെയും അവതരണത്തിന്റെയും എല്ലാത്തരം വ്യവഹാരങ്ങളും എല്ലായ്പ്പോഴും സമൂഹത്തിന്റെ സമസ്ത അടരുകളെയും തുല്യമായി പരിഗണിച്ചുകൊണ്ടല്ല നിലകൊള്ളുന്നത്. ചിലതിനെ മഹത്വവത്കരിക്കുമ്പോൾ ചിലതിനെ നികൃഷ്ടമായി അവഗണിക്കുകയോ ചിലതിനെ നിഷ്കരുണം പിന്തള്ളു കയോ ചെയ്യുന്നു. ഏതുതരം അധികാരകേന്ദ്രങ്ങളും ബോധപൂർവ്വം ഇതു സാധ്യമാക്കുമ്പോൾ മറുവശത്ത് ഭൂരിപക്ഷം അബോധത്തിൽ അതിന്റെ വാഹകരായി മാറുന്നു.

മതം, കല, പ്രത്യയശാസ്ത്രം, വിജ്ഞാനപദ്ധതികൾ എന്നിവ അധി കാരകേന്ദ്രങ്ങളായിരിക്കെ; ഭരണകൂടം, സാഹിത്യം, സിനിമ, മാധ്യമം, ആചാരം, അനുഷ്ഠാനം, വിദ്യാലയം, തൊഴിൽ കേന്ദ്രങ്ങൾ, സംഘടനകൾ, ആരാധനാലയങ്ങൾ തുടങ്ങിയ സംവിധാനങ്ങൾ രൂഢമൂലമാകുന്ന ആശയസംഹിതകളുടെ വ്യവഹാരമണ്ഡലങ്ങളായി നിലകൊള്ളുന്നു. ഇവ ബോധപൂർവ്വം ചിട്ടപ്പെടുത്തുന്ന അവബോധങ്ങളെ ജനസമൂഹങ്ങൾ ഏറ്റെടുത്ത് അബോധത്തിൽ ശീലമാക്കിയെടുക്കുന്നത് നിരന്തരവ്യവഹാര ങ്ങളിലൂടെയാണ്. മേധാവിത്വസ്വഭാവമുള്ളവയുടെ ബലതന്ത്രങ്ങളാൽ ബഹു സ്വരതകൾ തമസ്കരിക്കപ്പെടുകയോ കീഴാളമാക്കപ്പെടുകയോ ചെയ്യുന്ന പ്രവണത മറ്റേതിനെയുംപോലെ ഭാഷയിലെ ലിംഗാവബോധത്തെയും ബാധിച്ചിട്ടുണ്ട്.

"പാഠം പ്രതിനിധാനം ചെയ്യുന്ന കേവലാർത്ഥത്തിനപ്പുറം അതു സാധ്യ മാക്കുന്ന സാംസ്കാരികവും പ്രത്യയശാസ്ത്രപരവുമായ അർത്ഥതലത്തെ തിരിച്ചറിയലാണ് വ്യവഹാരത്തിന്റെ അപഗ്രഥനം" എന്ന് മൈക്കിൾ മക് കാർത്തിയും റൊണാൾഡ് കാർട്ടറും (Michael Mc Carthy & Ronald Carter) ഭാഷ, വ്യവഹാരം എന്ന നിലയിൽ (Language as discourse) എന്ന ഗ്രന്ഥത്തിൽ നിർവ്വചിച്ചിട്ടുണ്ട്. (പുറം. 135; 1994). ഭാഷാഘടകങ്ങൾ ഒറ്റ യൊറ്റയായ് നിൽക്കുമ്പോൾ പ്രകടിപ്പിക്കുന്ന അർത്ഥമല്ല, വ്യവഹാരത്തെ നിർണ്ണയിക്കുന്നത്. ഭാഷണഘടകങ്ങളുടെ പരസ്പരബന്ധവും അവയെ രൂപപ്പെടുത്തുന്ന സാമൂഹിക സാഹചര്യങ്ങളും അതിൽ പ്രധാനമാണ്. പാഠത്തെ പൂർണ്ണമാക്കുന്നതിൽ ഓരോ ഭാഷണഘടകവും നിർവ്വഹിക്കുന്ന പങ്കും അതുപോലെ തന്നെ പ്രധാനമാണ്.

ഭാഷയിലെ ലിംഗാവബോധം ഏതു തരത്തിലുള്ളതാണെന്നും ഭാഷാ വ്യവഹാരത്തിലെ ലിംഗഭേദത്തെ നിർണ്ണയിക്കുന്നതെങ്ങനെയെന്നും

അന്വേഷിക്കുന്നതിനുമുൻപ് കൂടുതൽ പ്രാധാന്യത്തോടെ ശ്രദ്ധയൂന്നേണ്ട മറ്റു ചില വസ്തുതകൾ ഉണ്ട്.

1. ഭാഷയുടെ നിലനില്പിന് കാരണഭൂതരായിരിക്കുന്നവർ ആരെല്ലാം?
2. ഭാഷയെ ജീവസ്സുറ്റതാക്കുന്ന വ്യവഹാരമേഖലകൾ ഏവ?
3. ഭാഷയിൽ ഉത്തമ-അധമബോധങ്ങൾ നിർമ്മിക്കുന്ന ഘടകങ്ങൾ ഏവ?
4. ഭാഷാലിംഗവിവേചനത്തിനു പ്രേരകമായ ഘടകങ്ങൾ ഏവ?
5. ലിംഗവിവേചനം ഊട്ടിയുറപ്പിക്കുന്ന ബലതന്ത്രങ്ങൾ ഏവ? ഇത്തരം നിരീക്ഷണങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ ബോധ്യപ്പെടുന്നത് പരിഷ്കൃതസമൂഹങ്ങളിലെ ജനാധിപത്യപ്രക്രിയയുടെ ഭാഗമായ ഭാഷാവ്യവഹാരങ്ങൾപോലും ജനാധിപത്യപരമല്ലെന്നും നീതിയുക്തമല്ലാത്ത ലിംഗബോധങ്ങൾ നിലനിർത്തുന്നവയാണെന്നുമാണ്.

## മുൻകാല പഠനങ്ങൾ

സാമൂഹ്യഭാഷാ ശാസ്ത്രജ്ഞനായ വില്യം ലാബോവിന്റെ അഭിപ്രായത്തിൽ "പുരുഷനെ അപേക്ഷിച്ച് സ്ത്രീയുടെ ഭാഷ കൂടുതൽ മര്യാദപ്രകടമാക്കുന്നു." (William Labov, p. 101, 1970). "രണ്ടാം തരമെന്നു കരുതപ്പെടുന്ന സാമൂഹിക പദവിമൂലം സ്ത്രീകൾക്കുണ്ടാകുന്ന അപകർഷതാബോധം സ്ത്രീകളുടെ സംഭാഷണത്തിൽ പ്രകടമാണ്." എന്ന് റോബിൻ ലക്കോഫ് നിരീക്ഷിച്ചിട്ടുണ്ട് (Robin Lakoff: 1989, pp. 21-25). വിവിധദേശങ്ങളിലും ഭാഷകളിലും സമൂഹകല്പിതമായ വിവേചനം ആൺപെൺ ഭാഷണത്തിൽ പ്രകടമാണെന്നതിനു തെളിവുകൾ നിരവധി പഠനങ്ങളിലൂടെ ബോധ്യപ്പെട്ടിട്ടുണ്ട്. വടക്കൻ കാലിഫോർണിയയിലെ 'യന്ന'(Yanna) ജനവിഭാഗത്തിന്റെ യന്യുവ(Yanyuwa) ഭാഷയിലെ ലിംഗഭേദത്തെക്കുറിച്ച് എഡ്വേർഡ് സപീർ (Edward Sapir)നടത്തിയ പഠനത്തിൽ, പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതൽ അടച്ച് ഒതുക്കിപ്പിടിച്ചാണ് സംസാരിക്കുന്നതെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.(John Bradley: 2000: p.14). പുരുഷനെ സൃഷ്ടിച്ച ദൈവവും സ്ത്രീയെ സൃഷ്ടിച്ച ദൈവവും വ്യത്യസ്തമാണെന്ന് അവർക്കിടയിൽ പ്രചരിക്കുന്ന മിത്തും ഈ വേർതിരിവിന് ഉപോൽബലകമായിരിക്കാം. ഓസ്ട്രേലിയൻ ഇംഗ്ലീഷിലെ ലിംഗഭേദത്തെക്കുറിച്ച് പഠനം നടത്തിയ, കാലിഫോർണിയ സർവ്വകലാശാലയിലെ സാമൂഹ്യശാസ്ത്ര അദ്ധ്യാപകനായ കാൻഡേസ് വെസ്റ്റ് (Candace West) പറയുന്നത്, 'അപരിചിതർക്കിടയിലുള്ള സംഭാഷണത്തിൽ പുരുഷൻ കൂടുതൽ ഉത്കൃഷ്ടനാണ് എന്നനിലയിൽ ആത്മവിശ്വാസം പ്രകടിപ്പിക്കുമ്പോൾ സ്ത്രീ സ്വാഭാവിക സംഭാഷണത്തിലുള്ളതിനേക്കാൾ മര്യാദ

പ്രകടിപ്പിക്കുന്നുവെന്നാണ്.'(John Bradley: 2000: p.14). പുരുഷനെ സൃഷ്ടിച്ച ദൈവവും സ്ത്രീയെ സൃഷ്ടിച്ച ദൈവവും വ്യത്യസ്തമാണെന്ന് അവർക്കിടയിൽ പ്രചരിക്കുന്ന മിത്തും ഈ വേർതിരിവിന് ഉപോൽബലകമായിരിക്കാം. ഓസ്ട്രേലിയൻ ഇംഗ്ലീഷിലെ ലിംഗഭേദത്തെക്കുറിച്ച് പഠനം നടത്തിയ കാലിഫോർണിയ സർവ്വകലാശാലയിലെ സാമൂഹ്യശാസ്ത്ര അദ്ധ്യാപക നായ കാൻഡേസ് വെസ്റ്റ് (Candace West) പറയുന്നത്, 'അപരിചിതർക്കിടയിലുള്ള സംഭാഷണത്തിൽ പുരുഷൻ കൂടുതൽ ഉത്കൃഷ്ടനാണ് എന്ന നിലയിൽ ആത്മവിശ്വാസം പ്രകടിപ്പിക്കുമ്പോൾ സ്ത്രീ സ്വാഭാവിക സംഭാഷണത്തിലുള്ളതിനേക്കാൾ മര്യാദ പ്രകടിപ്പിക്കുന്നുവെന്നാണ്" ((Candace West: 2000, p.404-409). സമൂഹത്തിലെ ധാർമ്മിക-സദാചാര സങ്കല്പങ്ങളെ സംബന്ധിക്കുന്ന അനൗപചാരിക ഭാഷണങ്ങളിൽ, സ്ത്രീസമൂഹത്തോടുള്ള ഭയം പ്രകടിപ്പിക്കുമ്പോൾ പുരുഷൻ ഭയമില്ലായ്മ പ്രകടിപ്പിക്കുന്നുവെന്നും സാമൂഹ്യഭാഷാശാസ്ത്രജ്ഞയായ ജാനറ്റ് ഹോംസ് നടത്തിയ പഠനത്തിൽ പറയുന്നു (Janet Holmes: 2000, p.102-105). രഹസ്യാത്മകവും വൈയക്തികവുമായ വിഷയങ്ങളിലെ സ്വഭാവമഹിമാപ്രഖ്യാപനങ്ങളിലാണ് ഈ വേർതിരിവ് ഹോംസ് നിരീക്ഷിക്കുന്നത്.

മേല്പറഞ്ഞ പഠനങ്ങളിലെല്ലാം പൊതുവായി കാണുന്ന ലിംഗവിവേചനത്തിന്റെ അടിസ്ഥാനകാരണം അധികാരകേന്ദ്രിതവും പ്രഖ്യാപിതവുമായ സാമൂഹികധാരണകളാണെന്ന് അവയുടെ വിശകലനങ്ങളിലേക്ക് ഇറങ്ങിച്ചെന്നാൽ ബോധ്യപ്പെടും. "കൃത്യമായി നിർണ്ണയിക്കപ്പെട്ട സാംസ്കാരിക നിഷ്കർഷകളിലൂടെ ആണത്തത്തെയും പെണ്ണത്തത്തെയും നിർവചിക്കുന്ന സാമൂഹികാവസ്ഥകൾ, ലിംഗബോധം നിരന്തരം ഊട്ടിയുറപ്പിച്ചുകൊണ്ടേയിരിക്കുന്നു." എന്ന ജൂഡിത് ബട്ലറുടെ നിരീക്ഷണം ഇവയോടെല്ലാം ചേർത്തുവയ്ക്കാവുന്നതുമാണ് (Judith Butler 1990: p. 70-73).

## മലയാളത്തിലെ നിത്യവ്യവഹാരങ്ങൾ

മലയാളഭാഷയുടെ സമകാലിക പരിസരങ്ങളിൽ നിന്നുകൊണ്ട് ലിംഗപരമായ വേർതിരിവുകൾ അന്വേഷിക്കുമ്പോൾ, അഭ്യസ്തസിദ്ധമാകുന്ന മാനകഭാഷയിലേക്കാൾ ഭാഷാഭേദങ്ങളിലാണ് അവ കൂടുതൽ പ്രകടമാകുന്നതെന്ന് മനസ്സിലാകും. ഭാഷണഭേദങ്ങൾ സ്വാഭാവികമായി കൈവരിക്കുന്നതാകയാൽ അവ ശീലമായും വ്യവസ്ഥയായും അനായാസം ആവേദകർ പാലിച്ച് നിലനിർത്തും.മാനകഭാഷ ബോധപൂർവ്വം കരുതലോടെ പ്രയോഗിക്കുന്നവയാകയാൽ, സാമൂഹിക വഴക്കങ്ങളേക്കാൾ ഓരോരുത്തരിലെയും വ്യാകരണയുക്തി മറ്റെല്ലാ ഭേദസ്വഭാവങ്ങളെയും പോലെ ലിംഗഭേദത്തെയും മറികടന്ന് നിൽക്കുന്നു. എന്നിരിക്കിലും, ഔപചാരിക

സംഭാഷണങ്ങളിൽപോലും അധികാരപക്ഷത്ത് സ്വീകാര്യതനേടിയ സ്ത്രീകൾ ഒഴികെയുള്ള ഭൂരിപക്ഷം സ്ത്രീകളും പുരുഷന്മാരെക്കാൾ ഒരു പടി കൂടി കടന്ന മര്യാദ പ്രകടിപ്പിക്കുക പതിവാണ്. ഉദാഹരണമായി, മേലധികാരിയായ സ്ത്രീയോട്, പദവിയിൽ താഴെയുള്ള പുരുഷന്മാർ പ്രകടിപ്പിക്കുന്നതിനേക്കാൾ കൂടുതൽ ഭവ്യത കലർന്ന സംസാരശൈലി മേലധികാരിയായ പുരുഷനോട്, പദവിയിൽ താഴെയുള്ള സ്ത്രീകൾ പ്രകടിപ്പിക്കുന്നതിൽ, ശ്രദ്ധയും ഊന്നലും നല്കിക്കാണാറുണ്ട്. പൊതു ഇടങ്ങളിലെയും കുടുംബസംവിധാനങ്ങളിലെയും ഇപ്പറഞ്ഞ അംഗീകൃതരീതി സാഹിത്യവും സിനിമയും കുറേക്കൂടി പൊലിപ്പിച്ചുകൊണ്ടാണ് ആസ്വാദകരുടെ ബോധത്തിൽ ഉറപ്പിക്കുന്നത്. അതുകൊണ്ടാണ് അല്പം സ്വാതന്ത്ര്യത്തോടെയും ആത്മവിശ്വാസത്തോടെയും ഇടപെടുന്ന സ്ത്രീ, അതേരീതിയിൽ പെരുമാറുന്ന പുരുഷനേക്കാൾ അഹങ്കാരിയായി മുദ്രകുത്തപ്പെടുന്നത്.

ഭാഷ സ്വായത്തമാക്കിത്തുടങ്ങുന്ന ശൈശവത്തിൽ ആൺ-പെൺ ഭേദമെന്യേ എല്ലാ കുഞ്ഞുങ്ങളും സംസാരിക്കുന്നതും വികാരങ്ങൾ പ്രകടിപ്പിക്കുന്നതും ഒരേ രീതിയിലാണെന്നത് നിസ്തർക്കമായ വസ്തുതയാണ്. കുഞ്ഞുങ്ങളോട് മുതിർന്നവർ സംവദിക്കുന്നതും അവരെ പരിഗണിക്കുന്നതും ഒരേ രീതിയിലാകയാലാണ് ശിശുഭാഷയ്ക്ക് ഏകതാനതകൈവരുന്നത്. മുതിർന്നവരുടെ സമീപനങ്ങളിൽ വേർതിരിവു അനുഭവപ്പെട്ടുതുടങ്ങുമ്പോൾ കുടുംബത്തിനകത്തും പുറത്തും നിത്യേന പെരുമാറുന്ന സ്വഭാവരീതികളിലേതുപോലെതന്നെ സംഭാഷണത്തിലും കുട്ടികൾ വ്യത്യസ്തരായിത്തുടങ്ങുന്നു. പിന്നീട്, പതുക്കെയും മൃദുവായും സംസാരിക്കാൻ രക്ഷിതാക്കളും (അദ്ധ്യാപകർപോലും) സമൂഹവും പ്രത്യേകമായി പെൺകുട്ടികളെ പരിശീലിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധരായി മാറുന്നു. അതുമൂലം ബാല്യത്തിൽ നിന്നു കൗമാരത്തിലേക്കു കടക്കുമ്പോഴും തുടർന്നുള്ള വിവിധഘട്ടങ്ങളിലും ശൈലീപരമായ വ്യത്യാസങ്ങൾ സ്ത്രീകളുടെയും പുരുഷന്മാരുടെയും ഭാഷണത്തിൽ കടന്നുവരുന്നു.

ചില സ്വനവ്യതിയാനങ്ങളിലൂടെ സാമൂഹ്യപദവിയെയും ഔപചാരികതയെയും പരിഗണിക്കുന്ന സംഭാഷണം സ്ത്രീകളിൽ കൂടുതലാണ്. ഉദാഹരണമായി വിധായകപ്രകാരം എന്ന വ്യാകരണരൂപത്തിൽ പ്രയോഗിക്കുന്ന ചെയ്യണം, വരണം, പോകണം, പറയണം തുടങ്ങിയവ പുരുഷന്മാരെ അപേക്ഷിച്ച് നിരവധി സ്ത്രീകൾ ചോദ്യാർത്ഥത്തിൽ ചെയ്യാമോ, വരാമോ, പോകാമോ, പറയാമോ എന്നിങ്ങനെ അപേക്ഷാ സ്വരത്തിൽ പറയുന്നത് പതിവുണ്ട്. അണം ചേർത്തുപറയുന്നത് സുനിശ്ചിതത്വത്തെ

സൂചിപ്പിക്കുമ്പോൾ ചോദ്യരൂപം സന്ദേഹത്തെയും ആത്മവിശ്വാസക്കുറവിനെയും പ്രതിഫലിപ്പിക്കുന്നു.

ഔപചാരികവേളകളിൽ പ്രായത്തിലോ പദവിയിലോ ഉയർന്ന പുരുഷന്റെ സാന്നിദ്ധ്യത്തിൽ സ്ത്രീകൂടുതൽ ഋജുവും കൃത്യതയുമാർന്ന സംഭാഷണശൈലി ബോധപൂർവ്വം ഉപയോഗിക്കുന്നു. ചിലപ്പോഴെങ്കിലും സംഭാഷണത്തിൽ കൃത്രിമത്വം കടന്നുവരികയും ചെയ്യും. നേർവിപരീതാവസ്ഥയിൽ ഭൂരിപക്ഷം പുരുഷന്മാരും കുറേക്കൂടി സ്വാതന്ത്ര്യത്തോടെയും സങ്കോചമില്ലാതെയും സംസാരിക്കാറുണ്ട്. ഇത് കൃത്രിമത്വത്തേക്കാൾ സ്വാഭാവികത അനുഭവപ്പെടുത്തുന്നു. സ്ത്രീമനസ്സിൽ അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുന്ന ചില അരുതുകളാണ് അങ്ങനെ ബോധപൂർവ്വം ഇടപെടാൻ സ്ത്രീയെ പ്രേരിപ്പിക്കുന്നത്. ഉദാഹരണമായി പ്രഭാതസവാരിക്കിറങ്ങിയ ഒരു മുതിർന്ന വ്യക്തി സാധാരണമട്ടിൽ എതിർലിംഗത്തിൽപെട്ട പ്രായം കുറഞ്ഞ ഒരാളോട് 'നടത്തം പതിവാണോ' എന്നു കുശലാന്വേഷണം നടത്തി എന്നിരിക്കട്ടെ. അതെ, അഥവാ അല്ല എന്ന ഒറ്റവാക്കിലുള്ള മറുപടിയോ പൂർണ്ണവാക്യത്തിലുള്ള മറുപടിയോ ഈ സന്ദർഭത്തിൽ ഉചിതമാണ്. പൊതുവേ കണ്ടുവരുന്ന പ്രവണത, വക്താവ് സ്ത്രീയാണെങ്കിൽ ഉത്തരം പൂർണ്ണവാക്യത്തിലോ വാചകത്തിലോ ആയിരിക്കും. അതെ, അഥവാ അല്ല എന്ന ഒറ്റവാക്കിലെ മറുപടി ഔപചാരികതയെയോ മര്യാദയെയോ വേണ്ടവണ്ണം പ്രതിദ്ധ്വനിപ്പിക്കുന്നില്ല എന്ന ധാരണ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളെ അലട്ടുന്നുവെന്നു കരുതാം. (എല്ലായ്പ്പോഴും എല്ലാവരും ഇങ്ങനെയാണെന്ന അവകാശവാദത്തിലല്ല ഈ പ്രസ്താവന. ഭൂരിപക്ഷത്തിന്റെ രീതിയാണ് ഇതിൽ അവലംബം).

ലൈംഗികച്ചുവയുള്ളത്, അശ്ലീലം, നിലവാരമില്ലാത്തത് എന്നു പൊതുവേ കണക്കാക്കുന്ന പ്രയോഗങ്ങൾ കൗമാരക്കാരായ ആൺകുട്ടികൾക്കിടയിൽ കൂടുതൽ പ്രചാരത്തിലുള്ളവയാണ്. മുൻകാലങ്ങളിലേക്കാൾ പെൺകുട്ടികൾക്ക് അവ പരിചിതവുമാണ്. സമൂഹമാധ്യമങ്ങൾ വഴിയോ സൗഹൃദങ്ങൾ വഴിയോ പരിചിതമാകുന്നവയാകാം. അത്തരം പദങ്ങൾ അധികവും സ്ത്രീവിരുദ്ധമായതിനാലും പുരുഷപക്ഷത്തുനിന്നുള്ള വ്യവഹാരങ്ങളായി പരിപാലിച്ചുപോരുന്നതിനാലുമാണ് സ്ത്രീകൾക്കിടയിൽ പ്രചാരം കുറവായത്. പുരുഷലൈംഗികതയുടെ മേധാവിത്വമനോഭാവം അവയിൽ പ്രകടവുമാണ്. സമൂഹമാധ്യമങ്ങളിൽ ധൈര്യപൂർവ്വം സ്വാതന്ത്ര്യപ്രഖ്യാപനമോ പ്രതിരോധ ഇടപെടലുകളോ നടത്തുമ്പോൾ, സാമ്പ്രദായിക ലിംഗബോധമുള്ള പുരുഷൻമാർ അശ്ലീലപദപ്രയോഗങ്ങൾ കൊണ്ട് സ്ത്രീകളെ അടച്ചാക്ഷേപിക്കുന്ന പ്രവണത കണ്ടുവരുന്നു. ഇത്തരം

സന്ദർഭങ്ങളിലെ ആൺഭാഷ മാന്യതയുടെ പരിധി ലംഘിക്കുന്നവയും സ്ത്രീകളും തുല്യതാബോധമുള്ള പുരുഷന്മാരും പ്രയോഗിക്കാത്തവയും ആണ്. മറിച്ച്, സ്ത്രീകൾ ഒന്നടങ്കം പുരുഷനെ അസഭ്യം പറഞ്ഞ് ആക്രമിക്കുന്നരീതി പ്രകടമല്ല. എന്നാൽ, ആൺഭാഷയുടെ അധീശത്വശീലങ്ങളെ അനുകരിക്കാൻ ശ്രമിക്കുന്ന ഒറ്റപ്പെട്ട ഭാഷണങ്ങൾ സ്ത്രീപക്ഷത്തു നിന്ന് അപൂർവ്വമായി ഉണ്ടാകുകയും താമസിയാതെ പിൻവാങ്ങുകയും ചെയ്യുന്നത് സമൂഹമാധ്യമങ്ങളിൽ പതിവാണ്.

മാദ്ധ്യമസംസ്കാരത്തിന്റെയും ഉപഭോഗസംസ്കാരത്തിന്റെയും ഭാഗമായി വന്ന, പ്രാദേശികഭേദങ്ങളെ മറികടന്നുനില്ക്കുന്ന ചില പ്രയോഗങ്ങൾ ആണിലും പെണ്ണിലും ഒരുപോലെ കടന്നുവന്നിട്ടുണ്ട്. ഉദാഹരണമായി, ചുരുങ്ങിയ സമയംകൊണ്ട് തിടുക്കത്തിൽ ഒട്ടനവധി കാര്യങ്ങൾ പറയുന്ന രീതി വാർത്താചാനലുകളിലെ റിപ്പോർട്ടിംഗ്, റേഡിയോ ജോക്കി, ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റിംഗ് ഭാഷ എന്നിവയിൽ സാർവത്രികമായുണ്ട്. എന്നാൽ, വിനോദപരിപാടികളിലെ സല്ലാപങ്ങളിൽ സെലിബ്രിറ്റികളായ ആണിനോടും പെണ്ണിനോടും അവതാരകർ ചോദിക്കുന്ന ചോദ്യങ്ങളുടെ തെരഞ്ഞെടുപ്പിൽ ലിംഗപരമായ വേർതിരിവ് പ്രകടമാണ്. ശരീരസൗന്ദര്യം, വിവാഹം, കുടുംബം എന്നിവയ്ക്കപ്പുറമുള്ള സാമൂഹ്യരാഷ്ട്രീയവിഷയങ്ങൾ സ്ത്രീകളേക്കാൾ കൂടുതൽ പുരുഷന്മാരോടു ചർച്ചചെയ്യുന്നതാണ് പതിവ്. അതുപോലെ പരസ്യങ്ങളിൽ മോഡലുകളെ തെരഞ്ഞെടുക്കുന്നതിലും സംഭാഷണം സംവിധാനം ചെയ്യുന്നതിലും ഉല്പന്നങ്ങൾക്കനുസരിച്ച് ആണിനെയും പെണ്ണിനെയും വേർതിരിക്കുന്നതിലും ശക്തി-ദുർബ്ബലം, പൊതു ഇടം-വീടകം എന്നീ ദ്വന്ദ്വങ്ങളെ സംബന്ധിക്കുന്ന സ്ഥാപിതധാരണകളുടെ സ്വാധീനം ഉണ്ടെന്നു മനസ്സിലാക്കാം. വാഹനങ്ങൾ, കെട്ടിടനിർമ്മാണ സാമഗ്രികൾ ഇവയുടെ പരസ്യങ്ങളിൽ പുരുഷനും വീട്ടുപകരണങ്ങൾ, വസ്ത്രം, ആഭരണം എന്നിവയുടേതിൽ സ്ത്രീക്കും പ്രാധാന്യം നൽകിക്കാണുന്നു. 'പെണ്ണിന്റെ അഴക്", പെൺരത്നം തുടങ്ങിയ ഭാഷാപ്രയോഗങ്ങൾ പരസ്യങ്ങളിൽ ആവർത്തിച്ചുപയോഗിക്കുമ്പോൾ സ്ത്രീയുടെ ജീവിതസങ്കല്പങ്ങളെ തികഞ്ഞ സങ്കുചിതത്വത്തിൽ ബോധപൂർവ്വം തളച്ചിടുകയാണ് ചെയ്യുന്നത്. അതേസമയം, ആഭിജാത്യം, കുലീനം, മ്ലേച്ഛം എന്നീ നിലയിലുള്ള ഊതിപ്പെരുപ്പിച്ച ഭാഷാസങ്കല്പങ്ങളെ തകിടംമറിക്കാൻ വർത്തമാനകാല വാർത്താധിഷ്ഠിതപരിപാടികൾക്കും വിജ്ഞാന- വിനോദപരിപാടികൾക്കും കഴിഞ്ഞിട്ടുണ്ട്. സിനിമയുൾപ്പെടെയുള്ള വിനോദമാദ്ധ്യമങ്ങളിലെ സ്ത്രൈണഭാഷ ഇപ്പോഴും 'പരാശ്രിത'യിൽ നിന്നും 'ദുർബ്ബല'യിൽ നിന്നും വേണ്ടത്ര മുക്തി നേടിയിട്ടില്ല.

കേരളത്തിലെ ഉൾപ്രദേശങ്ങളിലും തീരദേശങ്ങളിലും നഗരചേരിപ്രദേശങ്ങളിലും വിവിധ സാമൂഹിക-സാമ്പത്തിക ചുറ്റുപാടുകളിൽ ഉള്ളവരും ഭാഷാഭേദങ്ങളെ മറികടന്നു നിൽക്കുന്ന ഭാഷാസ്വരൂപം പ്രകടിപ്പിക്കുന്ന കാലമാണിത്. എങ്കിലും തൊഴിലാളിവർഗ്ഗം സംസ്കാരശൂന്യമായും പരുഷമായും നിലവാരമില്ലാതെയും സംസാരിക്കുന്നവരാണെന്ന തോന്നൽ ചലച്ചിത്രാവിഷ്കാരങ്ങൾ ഉൾപ്പെടെയുള്ള വിനോദപരിപാടികൾ ഉളവാക്കാറുണ്ട്. അതുപോലെ, ത്രിതലപഞ്ചായത്തുകളിലെ സ്ത്രീപ്രാതിനിധ്യങ്ങളുടെ ഫലമായി ജനകീയപ്രശ്നങ്ങളിൽ ധാരാളം സ്ത്രീകൾ തന്റേടത്തോടെ ഇടപെടാറുണ്ട്. എന്നിട്ടും സിനിമാ സീരിയൽ വ്യവസായങ്ങൾ പരിഭ്രമത്തോടെ സംസാരിക്കുന്ന കുലസ്ത്രീയെയും ധിക്കാരത്തോടെ സംസാരിക്കുന്ന നിഷേധിയെയും മാത്രമേ പരിഗണിച്ചുകാണുന്നുള്ളൂ. അതിനിണങ്ങുന്ന തരത്തിൽ ശബ്ദമുയർത്താതെയും അപരിചിതർക്കു മുന്നിൽ ബുദ്ധിപരമായ മൗനം പാലിച്ചും സ്ത്രൈണഭാഷയെ ചിട്ടപ്പെടുത്താൻ കുടുംബങ്ങളും അതുവഴി സമൂഹവും ഔത്സുക്യം കാട്ടുന്നുണ്ട്.

സ്വത്വത്തിന്റെ ഭാഗമായ സ്വാഭാവികഭാഷ ഒഴിവാക്കി പരിഷ്കൃതം എന്നു തോന്നിപ്പിക്കുന്ന കൃത്രിമഭാഷ പറയുന്ന രീതി കൗമാരക്കാരായ പെൺകുട്ടികൾക്ക്, ആൺകുട്ടികളേക്കാൾ വളരെ കൂടുതലാണ്. ധാർമ്മിക- സദാചാര മൂല്യസങ്കല്പങ്ങളുടെ പേരിലുള്ള വിലക്കുകൾ കേട്ടു വളരുന്നതുമൂലമുള്ള ആത്മവിശ്വാസക്കുറവിനെ മറികടക്കാൻ ശ്രമിക്കുമ്പോഴുണ്ടാകുന്ന സ്വഭാവപരമായ പ്രശ്നമാണിത്. ചെറുപ്പം മുതൽക്കേ ആൺപെൺഭേദമെന്യേ ഇടപെട്ടു വളർന്നുവരുന്ന കുട്ടികൾ ഇത്തരം കൃത്രിമത്വമോ, സങ്കോചമോ ഇല്ലാതെ സ്വാഭാവികമായും ധൈര്യപൂർവ്വവും സംസാരിക്കുന്ന സന്ദർഭങ്ങൾ ധാരാളമുണ്ടുതാനും.

ട്രാൻസ്‌വ്യക്തികൾ

ട്രാൻസ്‌വ്യക്തികളോട് സർക്കാരും ബൗദ്ധികമണ്ഡലങ്ങളും സൗഹാർദ്ദപരമായി ഇടപെടുമ്പോഴും സാമ്പ്രദായികസമൂഹം അകലംപാലിക്കുന്ന രീതി കേരളത്തിന്റെ പൊതുപ്രശ്നമാണ്. ആണ് പെണ്ണായി മാറിയവരേക്കാൾ കുറഞ്ഞ സമൂഹസ്വീകാര്യതയാണ് പെണ്ണ് ആണായി മാറുന്നവർക്ക് നല്കിക്കാണുന്നത്. അതുകൊണ്ടാവാം പെണ്ണിന്റേത് എന്നു കരുതുന്ന സമൂഹകല്പിതഭാഷ ട്രാൻസ്‌വ്യക്തികളിലെ ഭൂരിപക്ഷം തെരഞ്ഞെടുക്കുന്നത്.

സാഹിത്യത്തിന്റെ ഉത്തരാധുനിക ആവിഷ്കാരങ്ങൾ ഒരു പരിധിവരെ ഭാഷാപരമായ ലിംഗവിവേചനത്തെ മറികടക്കുന്ന കർതൃത്വ നിർമ്മിതികൾ നടത്തുന്നത് ആശാവഹമാണ്. പെണ്ണെഴുത്തിന്റെ പ്രാരംഭകാലങ്ങളിലെ നൈരാശ്യംകലർന്ന പ്രതിഷേധഭാഷ പ്രയോഗിക്കുന്ന

February, 2019 മലയാളപ്പച്ച
Volume 01: No. 08 *malayala pachcha*

കഥാപാത്രങ്ങളേക്കാൾ തന്റേടവും സ്വതന്ത്രവ്യക്തിത്വവുമുള്ള സ്വാഭാവികതകലർന്ന കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നതിൽഎഴുത്തുകാരികളും എഴുത്തുകാരന്മാരും ഇന്ന് ഒരുപോലെ ജാഗരൂകരാണ്. മദ്ധ്യ വർഗ്ഗ വായനാസമൂഹത്തേക്കാൾ എണ്ണത്തിൽ മുന്നിട്ടുനിൽക്കുന്നത് സിനിമാ -സീരിയൽ വ്യവസായങ്ങളുടെ പ്രേക്ഷകരായതിനാൽ ലിംഗഭാഷാവിപ്ലവം അനിവാര്യമാകേണ്ടത് ആ മേഖലയിലാണ്. ദൗർഭാഗ്യവശാൽ ആമേഖലയിലെ ലിംഗനീതി ഇന്നും പരിതാപകരമാണ്. ബൗദ്ധികവ്യവഹാരങ്ങളെ നിർവ്വീര്യമാക്കാൻ പോലും അവ പര്യാപ്തമാണ്. മുതിർന്ന എഴുത്തുകാരുടെ ആദ്യകാല രചനകളിൽനിന്ന് പില്ക്കാല രചനകളിലെ ഭാഷാലിംഗബോധത്തിൽ മാറ്റംവന്നത്, സ്ത്രീപക്ഷരചനകൾ രൂപപ്പെടുത്തിയ പെൺവ്യവഹാരത്തിന്റെ അട്ടിമറി ഭൂരിപക്ഷം എഴുത്തുകാരും ഏറ്റെടുത്തതുകൊണ്ടാണ്. നവസിനിമകളിൽ നായികാകഥാപാത്രങ്ങളുടെ ഭാഷാവ്യവഹാരങ്ങളിൽ നേരിയമാറ്റം വന്നെങ്കിലും ഇതരകഥാപാത്രങ്ങളിലേക്ക് അവ വ്യാപിച്ചിട്ടില്ല. ഇത്തരത്തിൽ, ഭാഷണവിവേചനം നിലനിൽക്കുന്നിടത്തോളം കാലം നവോത്ഥാനാധിഷ്ഠിതമായ തുല്യതാസമരങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്താതെ പോകുമെന്ന യാഥാർത്ഥ്യം അക്കാദമിക- സാമൂഹിക മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവർ തിരിച്ചറിയണം. സ്ത്രീപക്ഷവാദപരമായ നിലപാടുകളുള്ള വാരികകൾക്കും സമൂഹമാധ്യമങ്ങൾക്കും അതു സാധിക്കും.

നിർദ്ദേശങ്ങൾ

1. വിവിധകാലങ്ങളിലെ ഭാഷാ- ലിംഗവേർതിരിവുകൾ സമൂഹനിർമ്മിതിയെ എങ്ങനെയെല്ലാം ബാധിച്ചിരുന്നു എന്ന തരത്തിലുള്ള പഠനഗവേഷണങ്ങൾ ശക്തിപ്പെടേണ്ടതുണ്ട്.
2. സാഹിത്യം, കല എന്നിവയുൾപ്പെടുന്ന ലാവണ്യാത്മക മണ്ഡലങ്ങളിൽ സ്ത്രീയുടെയും അരികുവത്കരിക്കപ്പെട്ട എല്ലാത്തരം വ്യക്തികളുടെയും ഭാഷണങ്ങളെ കരുത്തിന്റെ പ്രതിനിധാനങ്ങളാക്കുന്ന ആവിഷ്കാരങ്ങൾ വിപുലമാകേണ്ടതുണ്ട്.
3. മൂല്യബോധം, മതം, സമുദായം, ദേശം, മിത്ത്, പാരമ്പര്യസങ്കല്പങ്ങൾ എന്നിവയുടെ ഇടപെടൽമൂലം ദുർബ്ബലമോ അപകർഷകമോ ആക്കുന്ന സ്ത്രൈണഭാഷയെ ജനാധിപത്യസംവിധാനങ്ങൾകൊണ്ട് മറികടക്കാൻ കഴിയണം.
4. തൊഴിലിടങ്ങൾ, മാധ്യമങ്ങൾ, വിദ്യാലയങ്ങൾ ജനപ്രതിനിധിസഭകൾ എന്നിവ കേന്ദ്രീകരിച്ച് ഭാഷാലിംഗനീതി പാലിക്കപ്പെടാൻ ബോധവത്കരണങ്ങൾ ഉണ്ടാവണം.

## സഹായകഗ്രന്ഥങ്ങൾ

1. പി.എം. ഗിരീഷ്, *ജോർജ്ജ് ലക്കോഫ്: ഭാഷയുടെ രാഷ്ട്രീയ മനസ്സ്*, ചിന്തപബ്ലിഷേഴ്സ്, 2016.
2. Butler Judith , *Gender Trouble, Feminism and the Subversion of Identity,* Routledge, New York, 1990.
3. Jennifer Coates, *Language & Gender*, Blackwell Publishers, Oxford, UK, 2000.
4. Robin Lakoff, *Language and Women's Place*, Harper & Row, New York, 1989.

# ഭരതനാട്യത്തിലെ ഹസ്താഭിനയവും ധൈഷണികതയും: ഒരാമുഖം

മീനാക്ഷി എസ്.
ഗസ്റ്റ് അധ്യാപിക, മലയാളവിഭാഗം, പനമ്പിള്ളി മെമ്മോറിയൽ ഗവ. കോളേജ്, ചാലക്കുടി

നൃത്തത്തിൽ സാഹിത്യം വരുന്നിടത്താണ് അഭിനയത്തിന്റെ സാധ്യത തെളിയുന്നത്. കുറഞ്ഞപക്ഷം സാഹിത്യത്തിന്റെ പശ്ചാത്തലമെങ്കിലും ഉണ്ടായിരിക്കും. സാഹിത്യത്തിന്റെ വ്യാഖ്യാനമാണ് അഭിനയം. അത് പദാർത്ഥ-സഞ്ചാരീ അഭിനയങ്ങളിലൂടെ സാധ്യമാക്കുന്നു. അഭിനയത്തിന്റെ അവിഭാജ്യ അംശമാണ് ഹസ്താഭിനയം. ഹസ്താഭിനയങ്ങളും ശിരസ്സ് മുതൽ പാദംവരെയുള്ള മറ്റ് അംഗോപാംഗങ്ങളും ഒത്തുചേർന്നാണ് അഭിനയപൂർണ്ണതയുണ്ടാക്കുന്നത്; അങ്ങനെയാണ് ആശയം സംവേദനം ചെയ്യുന്നത്. അതിനാൽ അവയൊക്കെതന്നെ ധൈഷണികവ്യാപാരത്തിന്റെ പ്രകടനങ്ങളാണ്. എങ്കിലും ഹസ്താഭിനയമില്ലാതെ പൂർണ്ണമായ ഒരു ആശയാവിഷ്കരണം സാധ്യമല്ല എന്നതിനാൽ ഹസ്താഭിനയം ധൈഷണികതയുടെ ആവിഷ്കാരമാണ്.

## ധൈഷണികത

ഭാഷ സ്വതന്ത്രധൈഷണിക സിദ്ധിയല്ല, വ്യാകരണം സങ്കല്പനമാകുന്നു, ഭാഷയെക്കുറിച്ചുള്ള അറിവ് ഭാഷാപ്രയോഗങ്ങളിൽനിന്നാണ് ഉണ്ടാവുന്നത് (ഗിരീഷ്, 2012: 20) എന്ന പരികല്പനകളുടെ അടിസ്ഥാനത്തിൽ, ഭാഷയെ മനുഷ്യന്റെ ധൈഷണികസിദ്ധിയായി തിരിച്ചറിയുകയും സിദ്ധാന്തവത്കരിക്കുകയും (ഗിരീഷ്, 2012: 7) ചെയ്യുന്ന നവീന ഭാഷാശാസ്ത്ര സമീപനമാണ് ധൈഷണികഭാഷാശാസ്ത്രം. മനസ്സിനെക്കുറിച്ചും തലച്ചോറിനെക്കുറിച്ചും നിലനില്ക്കുന്ന അറിവുകളുടെ അടിസ്ഥാനത്തിൽ ഭാഷയ്ക്ക് ഒരു സിദ്ധാന്തം രൂപീകരിക്കലാണ് ഇതിന്റെ ലക്ഷ്യം. [1]

1. The aim of cognitive linguistics is to build a theory of language that is consistent with current knowledge about the mind and brain. (Sarah F Taub, 2010: 13)

മനുഷ്യൻ തന്റെ ഇന്ദ്രിയങ്ങൾ വഴിയാണ് ചുറ്റുപാടുകളെ അറിയുന്നതും മനസ്സിലാക്കുന്നതും. അതുകൊണ്ടുതന്നെ ആർജ്ജിതമാകുന്ന ലോക സംബന്ധമായ ബോധം ശരീരകേന്ദ്രിതമാണ്. ഇങ്ങനെ ലഭ്യമാകുന്ന അറിവുകൾ ബിംബരൂപത്തിൽ, മുൻകാല അനുഭവങ്ങളോടിണക്കിയും കണ്ണിച്ചേർത്തും, ലളിതമായോ സങ്കീർണ്ണമായോ, സന്ദർഭാനുസരണം ഉപയോഗിക്കത്തക്കവിധത്തിൽ ഓർമ്മയിൽ ശേഖരിക്കപ്പെടുന്നു. ഇതിനെയാണ് ധൈഷണികത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇങ്ങനെ ലോകത്തിലെ ഓരോ വസ്തുവിനെക്കുറിച്ചും ആശയങ്ങളെക്കുറിച്ചും നാം ആർജ്ജിക്കുന്ന അറിവുകളുടെ മാനസികപ്രതിരൂപങ്ങളാണ് സങ്കല്പനങ്ങൾ. അങ്ങനെ നമുക്ക് പരിചിതമായ എല്ലാറ്റിനെക്കുറിച്ചും സങ്കല്പനങ്ങൾ മസ്തിഷ്കത്തിലുണ്ട്. ഇത്തരം സങ്കല്പനങ്ങളാണ് ആദ്യം ഉണ്ടാകുന്നത്. ഇവയെയാണ് ആശയവിനിമയമാധ്യമങ്ങളിലൊന്നായ ഭാഷയിലൂടെ നാം ആവിഷ്കരിക്കാൻ ശ്രമിക്കുന്നത് എന്നാണ് ധൈഷണികഭാഷാശാസ്ത്രത്തിന്റെ കാഴ്ചപ്പാട്. അങ്ങനെ നോക്കുമ്പോൾ ഭാഷാപ്രയോഗങ്ങളുടെ നിയന്ത്രണം ധൈഷണികപ്രക്രിയയുടെ ഫലമാണെന്നുവരുന്നു.

ഭാഷാശാസ്ത്രത്തിന്റെ ശാസ്ത്രീയമായ വിശകലനത്തിനെന്നും വെല്ലുവിളിയുയർത്തിയ അർത്ഥമെന്ന മണ്ഡലത്തെ ഉൾക്കൊള്ളാനും ധൈഷണികഭാഷാശാസ്ത്രത്തിനു കഴിഞ്ഞു. മേല്പറഞ്ഞ കാഴ്ചപ്പാടനുസരിച്ച്, "അർത്ഥനിർമ്മാണവും വിനിമയവും ധൈഷണിക പ്രക്രിയകളാണ്" (ഗിരീഷ്, 2018:254) എന്ന് ധൈഷണികഭാഷാശാസ്ത്രജ്ഞർ വിശദീകരിച്ചു. അർത്ഥവും സങ്കല്പനമാണ് എന്നവർ വിശ്വസിച്ചു. കാരണം ഒരാശയത്തിന്റെ അർത്ഥസംവേദനം നടക്കുന്നത് വ്യക്തിയുടെ മാനസികധാരണകളുടെ, അതായത് അറിവിന്റെ, ജ്ഞാനപശ്ചാത്തലത്തിലാണ്. ഇത് പി എം ഗിരീഷ് രേഖപ്പെടുത്തുന്നുണ്ട്(2012:99,100). കുറേക്കൂടി കൃത്യമായി പറഞ്ഞാൽ, അർത്ഥത്തിന്റെ നിർമ്മാണവും നിയന്ത്രണവും സാധ്യമാകുന്നത്, കണ്ടും കേട്ടും അനുഭവിച്ചും ഒരു വസ്തുവിനെക്കുറിച്ച് വ്യക്തിക്കുണ്ടാവുന്ന മാനസികധാരണകൾ സൃഷ്ടിക്കുന്ന ജ്ഞാന മാതൃകയിലൂടെയാണ് (ഹുസൈൻ ഷാബാസ്, 2018: 378, 380). വ്യക്തിക്കുണ്ടാവുന്ന ജ്ഞാനം സാമൂഹികാനുഭവം കൂടിയാണ്. "വ്യക്തിജ്ഞാനം, സാമൂഹികാനുഭവം എന്നിവ അർത്ഥം മനസ്സിലാക്കുന്നതിൽ പ്രാധാന്യം അർഹിക്കുന്നു"(2018: 388) എന്ന് ഹുസൈൻ ഷാബാസ് കണ്ടെത്തുന്നത് അതുകൊണ്ടാണ്. സാമൂഹികമായി ആർജ്ജിക്കപ്പെടുന്ന അറിവാണ് സംസ്കാരം[2] എന്നും അർത്ഥം ആ അറിവിൽനിന്ന് അവിഭാജ്യമാണ്[3] എന്നും ആർ.എ.

2 Culture is socially acquired knowledge (2017: 73)

3 Semantics is inseparable from the knowledge, a conclusion which is shared by cognitive linguistics (2017:104)

ഹഡ്സൻ അഭിപ്രായപ്പെടുന്നതും ശ്രദ്ധേയമാണ്. ഇത്തരത്തിൽ ഭാഷയുടെ അപസാന്ദർഭീകരണത്തിന് എതിരെ നിൽക്കുകയാണ് ധൈഷണിക ഭാഷാശാസ്ത്രം.

ആർജ്ജിക്കപ്പെടുന്ന അറിവുകളുടെ പ്രത്യക്ഷീകരണമെന്ന നിലയ്ക്ക് വിലയിരുത്തുമ്പോൾ, "ഭാഷാശാസ്ത്രപരമായ കാഴ്ചപ്പാടിൽ 'ഭാഷ' തികച്ചും പരിമിതമായ അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്"(വി.ആർ. സോളി, കെ. ജോയ്പോൾ, 2011:11) എന്ന വാദത്തെ തിരുത്തിക്കൊണ്ട് ആശയ വിനിമയസാധ്യതകളെയെല്ലാം ഉൾക്കൊള്ളുത്തക്കവിധം ധൈഷണിക ഭാഷാശാസ്ത്രത്തിൽ, ഭാഷാശാസ്ത്രത്തിന്റെ പഠനമേഖല വിപുലപ്പെടുന്നു. ആ അർത്ഥത്തിൽ ആശയവിനിമയം സാധ്യമാക്കുന്ന ഭരതനാട്യത്തിലെ ഹസ്താഭിനയവും ധൈഷണികഭാഷാശാസ്ത്ര യുക്തിയുടെ അടിസ്ഥാനത്തിലുള്ള വിശകലനത്തിന് യോഗ്യമാണ്.

### ഭരതനാട്യത്തിലെ ഹസ്താഭിനയവും ധൈഷണികതയും

മൂകമായ ഹസ്താഭിനയം ആശയങ്ങളെ സംവേദനം ചെയ്യുന്നു എന്നതിനാൽ അതിൽ ധൈഷണികത പ്രവർത്തിക്കുക സ്വാഭാവികമാണ്. സാമൂഹികവും ഇന്ദ്രിയാർജ്ജിതവും ഐതിഹ്യങ്ങളും മിത്തുകളും അടങ്ങുന്ന സാംസ്കാരികവുമായ അറിവിന്റെ ജ്ഞാനപശ്ചാത്തലത്തിൽ വിനിമയം ചെയ്യപ്പെടുന്നു. അവയ്ക്ക് പലപ്പോഴും പുതിയ ജ്ഞാനത്തെ ചേർത്തുവെച്ച് ജ്ഞാനമാതൃകീകരണം സാധ്യമാക്കാനും കഴിയും. ഇങ്ങനെ ഉപാദാന ലക്ഷണ, ജ്ഞാനമാതൃക, വസ്തുപശ്ചാത്തലബന്ധം, ഉത്തമദൃഷ്ടാന്തം, വർഗീകരണം, ലക്ഷകം എന്നീ ധൈഷണികവൃത്തികളുടെ ആവിഷ്കാരങ്ങളായി ഹസ്താഭിനയത്തെ തിരിച്ചറിയാം.

### ജ്ഞാനമാതൃക (Frame)

ധൈഷണികഭാഷാശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം അർത്ഥം എന്ന ഭാഷാഘടകവും സങ്കല്പനമാണ്. ഓരോ പദത്തിനും വലുതോ ചെറുതോ ആയ ഓരോ ജ്ഞാനമാതൃക (Frame) ഉണ്ട്. ഓരോ പദത്തേയും വലയം ചെയ്തിരിക്കുന്ന, പൂർവധാരണകളടക്കമുള്ള അറിവിന്റെ ചട്ടക്കൂടാണ് ഇപ്പറഞ്ഞ ജ്ഞാനമാതൃക. അതുകൊണ്ടുതന്നെ അത് അനുഭവസഞ്ചയമായി ഉണ്ടാകുന്ന സങ്കല്പനത്തിലും വ്യക്തിയ്ക്കുള്ള അടിസ്ഥാനജ്ഞാനത്തിലും ഊന്നിനില്ക്കുന്നു. ആന്തരികമായ യുക്തിയും ക്രമവുമുള്ളവയാണ് ജ്ഞാനമാതൃകകൾ (ഗിരീഷ്, 2018: 257). ഒരു കെട്ടിടം എന്നതിലുപരി, ഡോക്ടർ, രോഗി, നേഴ്സ്, ഓപ്പറേഷൻ, സർജറി, തുടങ്ങി പല ഘടകങ്ങളുടേയും കൂട്ടമാണ് ആശുപത്രി. ഇതൊരു ജ്ഞാനമാതൃകയാണ്.

ഈ ജ്ഞാനമാതൃകയെന്ന ധൈഷണികഘടനയാണ് ലോകത്തെ വസ്തുതകളേയും വസ്തുക്കളേയും എങ്ങനെ മനസ്സിലാക്കണമെന്ന് തീരുമാനിക്കുന്നത്. ജ്ഞാനമാതൃകയും വ്യക്തിയുടെ ജ്ഞാനതലവും ചേർന്ന് ജ്ഞാനമാതൃകാർത്ഥവിചാരത്തെ നിർണ്ണയിക്കുന്നു.

മനുഷ്യൻ തന്റെ അനുഭവങ്ങളിലൂടെ ആർജ്ജിക്കുന്ന അറിവുകൾ മസ്തിഷ്കത്തിൽ സൂക്ഷിക്കുന്നത് ബിംബശൃംഖലയായിട്ടാണ്. അനുഭവങ്ങൾ വർദ്ധിക്കുന്ന തോതനുസരിച്ച് ബിംബശൃംഖലയുടെ സങ്കീർണ്ണതയും ഏറിവരും. ഇവയുടെ പ്രത്യക്ഷീകരണമാണ് ലക്ഷകത്തിലും ജ്ഞാനമാതൃകയിലും കാണുന്നത്. കൃത്യമായതും യുക്തിഭദ്രമായതുമായ ജ്ഞാനമാതൃകയ്ക്കകത്താണ് ആശയങ്ങളുടെ അർത്ഥസംവേദനക്ഷ മത നിർണ്ണയിക്കപ്പെടുന്നത്. 'ഭാഷ, ജ്ഞാനമാതൃകയ്ക്ക് പുറത്താണെങ്കിൽ അതിന് അർത്ഥമില്ല' (2016: 63) എന്ന് പി.എം. ഗിരീഷ് പറയുന്നത് അതുകൊണ്ടാണ്. ആശയവിനിമയോപാധിയെന്ന നിലയിൽ ഭാഷയെ സംബന്ധിച്ചിടത്തോളം പ്രധാനമാണ് ജോർജ്ജ് ലക്കോഫ് അവതരിപ്പിച്ച ജ്ഞാനമാതൃക എന്ന സങ്കല്പം. ചിന്തയുടെ ആധാരമായ ജ്ഞാനമാതൃക മിക്കവാറും അബോധപരമാണ്, അത് സാമാന്യരൂപത്തെ രൂപപ്പെടുത്തുന്നു, പ്രതിജനഭിന്നമായ ജ്ഞാനമാതൃക വ്യക്തിക്കനുസരിച്ച് രൂപപ്പെടുന്നു, ഒരു ജ്ഞാനമാതൃകയുടെ ആവർത്തിച്ചുള്ള പ്രയോഗം അതിനെ ഉറപ്പിക്കാൻ കാരണമാ കുന്നു (2016: 64) എന്നിവ ധൈഷണികഭാഷാശാസ്ത്രപ്രകാരമുള്ള ജ്ഞാനമാതൃകയുടെ സവിശേഷതകളാണ്. ഇവ മനുഷ്യമസ്തിഷ്കത്തിൽ സ്ഥിതിചെയ്യുന്നു. നമ്മുടെ വിശ്വാസങ്ങൾ, മൂല്യബോധങ്ങൾ തുടങ്ങിയെല്ലാം ഇത്തരം ജ്ഞാനമാതൃകകളാണ്. എന്നാൽ അവയ്ക്ക് മാറ്റം സംഭവിക്കുന്നില്ല എന്നല്ല അതിനർത്ഥം. പൊതു ഇടങ്ങളിൽനിന്നും വ്യവഹാരങ്ങളിൽനിന്നും ലഭ്യമായ അനുഭവവും ഭാഷാവിഷ്കാരങ്ങളും മസ്തിഷ്കപരിണാമത്തിന് കാരണമാകുന്നു (2016: 76). ഇങ്ങനെ മസ്തിഷ്കവും സമൂഹവും ജ്ഞാനമാതൃകയും പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു എന്ന് മനസ്സിലാക്കാം.

കലാവിഷ്കാരങ്ങളെല്ലാംതന്നെ ആശയവിനിമയോപാധികളാണ്. അവ സൗന്ദര്യാധിഷ്ഠിതമായി കാലത്തിനെ പ്രതിരോധിക്കുന്നു. ഈ പ്രവർത്തനത്തിൽ ജ്ഞാനമാതൃകയ്ക്ക് വ്യക്തമായ പങ്കുണ്ട്. അതുകൊണ്ടാണ് സാംസ്കാരികമായ എന്തും ചരിത്രബദ്ധമാണെന്ന വാദത്തിന്റെ അടിസ്ഥാനത്തിൽ സംസ്കാരപഠിതാക്കൾ പഠനം നടത്തുന്നത്. ഒരു കലാരൂപമെന്ന എന്ന നിലയ്ക്ക് ഭരതനാട്യവും അതിന്റെ ആശയാവിഷ്കരണത്തിന്റെ അവിഭാജ്യഘടകമായ ഹസ്താഭിനയവും ജ്ഞാനമാതൃകയ്ക്ക്

പുറത്തല്ല. അതിന്റെ ആശയാവിഷ്കരണത്തിലും അർത്ഥസംവേദനത്തിലും ജ്ഞാനമാതൃക എന്ന ധൈഷണികവൃത്തി കടന്നുവരുന്നു.

ക്ഷേത്രം, പ്രഭുക്കന്മാരുടെയും തമ്പുരാക്കന്മാരുടെയും മറ്റും ഒത്തുകൂടലുകൾ, രാജകൊട്ടാരങ്ങളിലെ രാജസദസ്സുകൾ എന്നിങ്ങനെ പല സന്ദർഭങ്ങളിൽ, പല പ്രാദേശികവഴക്കങ്ങളോടെ, ലൈംഗികതയുടേയും ഭക്തിയുടേയും വിനോദത്തിന്റെയും അംശങ്ങളോടെ, എന്നാൽ ഒരൊറ്റ സമുദായത്തെ കേന്ദ്രീകരിച്ച് പലതായി നിലനിന്നിരുന്ന 'സദിരാ'ട്ടത്തെ 'ഭാരതനാട്യ'മായി നവീകരിക്കുന്നത് 1930-കളിലാണ്. പുതിയ നാമം, പുതിയഘടന, പുതിയ മാർഗ്ഗം, പുതിയ അവതരണസാഹചര്യങ്ങൾ തുടങ്ങി, കെട്ടിലും മട്ടിലും ഇരുപതാംനൂറ്റാണ്ടിന്റെ സാമൂഹ്യജീവിതത്തിനൊത്ത് മാറിവന്ന കലാരൂപമായിത്തീർന്നു അത്.

ദേവദാസികളുടെ പരമ്പരാഗത വേഷവിധാനങ്ങളും അലങ്കാരങ്ങളും സ്വീകരിച്ചുകൊണ്ടും നർത്തകിയെ ക്ഷേത്രത്തെ അനുസ്മരിപ്പിക്കുന്ന എന്നാൽ ആധുനികമായ വേദിയിൽ ആധുനിക വെളിച്ചത്തിന്റെ കീഴിൽ, വേദിയിലിരിയ്ക്കുന്ന ഗുരുവിന്റെയും വേദിയിൽവെയ്ക്കുന്ന നടരാജവിഗ്രഹത്തിന്റെയും മധ്യത്തിൽ നിർത്തിക്കൊണ്ടും രുഗ്മിണിദേവി പഴമയേയും പുതുമയേയും സമന്വയിപ്പിച്ചു. അതിലൂടെ "പുതുമയിലേയ്ക്ക് പഴമയുടെ പ്രതീതിയും പ്രഭാവങ്ങളും ഇണക്കിച്ചേർത്തുകൊണ്ട്, ചരിത്രം എപ്പോഴും വർത്തമാനത്തിന്റെ അരങ്ങാണെന്ന് അവർ ഉറപ്പിക്കുകയായിരുന്നു" (സുനിൽ പി. ഇളയിടം, 2014:479). നടരാജൻ എന്ന ബിംബത്തിന് മുമ്പ് കിട്ടാത്ത പ്രാധാന്യമാണ് നൃത്തത്തിന്റെ തലത്തിൽ ഇരുപതാംനൂറ്റാണ്ടിൽ ലഭിച്ചത്.[4] സമൂഹികജീവിതത്തിലും ആത്മീയജീവിതത്തിലും നൃത്തത്തിന് വലിയ സ്ഥാനം നല്കുന്ന മറ്റൊരു രാജ്യവുമില്ല എന്ന് അവർ വിശ്വസിച്ചിരുന്നു. "ഭരതനാട്യം, താഴ്ന്ന വികാരങ്ങളെ ഉദ്ദീപിപ്പിക്കുന്നതാണെങ്കിൽ ഭരതനാട്യമേ ചെയ്യേണ്ടതില്ല" (2016:15) എന്നതായിരുന്നു അവരുടെ മതം. അതിനാൽ ശൃംഗാരത്തെ മാംസനിബദ്ധമല്ലാതാക്കിക്കൊണ്ടാണ് അവർ തന്റെ കലാക്ഷേത്രയിൽ ഭരതനാട്യം അഭ്യസിപ്പിച്ചത്. ഭക്തിയിലൂടെയുള്ള ആത്മീയതയിലായിരുന്നു അവരുടെ ഊന്നം. അങ്ങനെയാകുമ്പോൾ മഹാപുരുഷികളുടേയും മനുഷ്യത്വവാദികളുടേയും സന്ദേശവാഹകമാകാൻ കലയ്ക്ക് സാധിക്കുമെന്നും അവർ ഉറപ്പിച്ചിരുന്നു[5].

4 ....despite his deep roots in South Indian religious tradition, Nataraja has never before been asked to play a role quite like the one reserved for him in the 20th century. (Mattew Harp Allen, 2012: 206) One of the greatest and most ancient arts of India is dance as far as I know India aone has given it high place in both national and spiritual life. (Rukminidevi Arundale, 2012: 192) .

5 ...India will become a fit vehicle for the messege of the sages and saviours of humanity. (2012:196)

ശൃംഗാരത്തിനു മാത്രമേ മനുഷ്യ-പരമാത്മ ഐക്യത്തിന് വഴിതെളിക്കാൻ പറ്റൂ[6] എന്ന് വിശ്വസിച്ചെങ്കിലും ബാലസരസ്വതിയും ഭക്തിയേയും ആത്മീയയേയും മുറുകെപ്പിടിച്ചിരുന്നു. വിനോദവികാരാവിഷ്കാരങ്ങൾക്കപ്പുറം അത് ഭക്തിയുടെ സാക്ഷാൽക്കാരമായി. വേശ്യകളായി മാറിയിരുന്ന ദേവദാസീസമൂഹത്തിൽനിന്ന്, ബ്രാഹ്മണവിഭാഗത്തിൽപ്പെട്ട രുഗ്മിണി ദേവി അതിനെ പൊതുവേദിയിൽ എത്തിച്ചതോടെ ഭരതനാട്യത്തിന് 'കുലീനത'യും കൈവന്നു. ഇങ്ങനെ ഇരുപതാംനൂറ്റാണ്ടിൽ മാറിവന്ന മൂല്യസങ്കല്പങ്ങളുടെ ജ്ഞാനമാതൃകയ്ക്കുള്ളിൽ നൃത്തത്തിന്റെ പുതിയൊരു ജ്ഞാനമാതൃകയായി 'ഭരതനാട്യം' അവതരിച്ചു. ദേശീയതയോട് ചേർന്നുനില്ക്കും വിധം 'ദേശഭാവനയുടെ ആട്ടപ്രകാരങ്ങളായി' എന്ന് സുനിൽ പി. ഇളയിടം (2014: 474) രേഖപ്പെടുത്തുന്നത് ഈ അടിസ്ഥാനത്തിലാണ്.

ഭരതനാട്യം എന്ന പുതിയ ജ്ഞാനമാതൃകയുടെ പ്രതിഷ്ഠയിൽ ഹസ്താഭിനയത്തിനും അതിന്റേതായ പങ്കുണ്ടായിട്ടുണ്ട്. ഇരുപതാംനൂറ്റാണ്ടിന്റെ പകുതിയിൽ, ഭാരതനാട്യമാർഗ്ഗത്തിൽ, ആരാധനയുടെ ഭാഗമായി ദേവദാസികൾ ക്ഷേത്രത്തിനകത്ത് അനുഷ്ഠിച്ചിരുന്ന കർമ്മങ്ങളെ അനുകരിച്ചുകൊണ്ട്, പുതിയ ഇനങ്ങൾ പ്രത്യക്ഷപ്പെട്ടു.[7] പുഷ്പാഞ്ജലി, മല്ലാരി തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. ഈ അനുകരണത്തിന് ഹസ്താഭിനയത്തിന്റെ സാധ്യതകളാണ് ഉപയോഗപ്പെടുത്തിയത്. കുംഭാരതി ഉഴിയുക എന്നത് ദേവദാസികളുടെ പ്രധാന അനുഷ്ഠാനമായിരുന്നു. രണ്ടു കൈയ്യിലും അളപത്മം പിടിച്ച് കൈയിന്റെ അറ്റങ്ങൾ കൂട്ടിമുട്ടുംവിധമാക്കി വിഗ്രഹത്തിനുമുന്നിൽ ഉഴിഞ്ഞ് കാണിക്കുന്ന രീതി രംഗത്ത് കൊണ്ടുവന്നത് ഈ അനുഷ്ഠാനത്തിന്റെ അനുകരണമായിട്ടാണ്. പുഷ്പാർച്ചനയ്ക്ക് പുഷ്പപുടഹസ്തവും ദീപാരാധനയ്ക്ക് കപിത്ഥഹസ്തവും ഉപയോഗിച്ച് അവതരിപ്പിക്കുന്നതും ഇത്തരം അനുഷ്ഠാനങ്ങളുടെ അനുകരണമെന്ന നിലയ്ക്കാണ്. അങ്ങനെ രാജസദസ്സുകളിലെ ഇനങ്ങളുടെ വലിയൊരു ശേഖരം ഉൾക്കൊള്ളുന്ന ഭരതനാട്യം പുനരനുഷ്ഠാനവല്ക്കരിക്കപ്പെട്ടു എന്ന് ആൻമേരി ഗസ്റ്റൻ അഭിപ്രായപ്പെടുന്നു(2012: 286).

ഭാരതത്തിന്റെ അതിഭൗതികമായ ആത്മീയതകളോട് കലകളെ പൊതുവേ ചേർത്തുവെയ്ക്കുകകൂടിയായിരുന്നു ഈ പുതിയ ജ്ഞാനമാതൃക. അതുകൊണ്ടുതന്നെ അതിന്റെ അവതരണത്തിലൂടെ എല്ലാവരിലും അത്തരം ആത്മീയചിന്തകൾ ഉണ്ടാക്കണമെന്നും അതാണ് കലയുടെ

6 Shingara stands supreme in emotion. No other emotion is capable of better reflecting the mystic union of the human with the divine. (2012: 200)

7 New pieces of choreography, relating to the introductory portions of many modern dance rituals recalls, the ritual activities of devadasis inside the temple. (2012: 285)

വൈശിഷ്ട്യമെന്നും അവർ വിശ്വസിച്ചു. അത്തരം വിശ്വാസങ്ങൾ ഉൾക്കൊള്ളുന്ന കാണികളെ അത് തൃപ്തിപ്പെടുത്തി. പക്ഷേ, ആ കാരണത്താൽ അതിന്റെ പ്രചാരം കുറഞ്ഞിരുന്നില്ല. കാരണം, ഭാരതത്തിന്റെ മുഖമുദ്രയായി ഭരതനാട്യം ആഗോളതലത്തിൽ പ്രചരിക്കപ്പെട്ടിരുന്നു. അതുകൊണ്ടുതന്നെ അതിഭൗതികമായ ജ്ഞാനമാതൃകാവിഷ്കരണത്തിലൂടെതന്നെ അതിന് വലിയ പ്രചാരം സിദ്ധിച്ചു. വിദേശികൾ വരെ അംഗീകരിക്കുന്നത്, പഠിക്കുന്നത് എന്ന സവിശേഷതകൾ, ആധുനിക യുറോകേന്ദ്രിത ജ്ഞാനമാതൃകയ്ക്ക് ഉൾക്കൊള്ളാവുന്നതായിരുന്നു.

ശിവനും വിഷ്ണുവും മുരുകനും പാർവതിയും വള്ളിയും ദേവയാനിയും ഇന്ദ്രനും കാമദേവനും എല്ലാം ഓരോ ജ്ഞാനമാതൃകയാണ്. കൈയ്യിൽ വഹിക്കുന്ന ആയുധങ്ങളും വസ്തുക്കളും പ്രധാന ഉത്തരവാദിത്ത്വങ്ങളും ആടയാഭരണങ്ങളും ചുറ്റിപ്പറ്റിനില്ക്കുന്ന കഥകളും കുടുംബജീവിതവും സഞ്ചരിക്കുന്ന വാഹനവും ജനനകഥയും പരാക്രമങ്ങളും വിജയങ്ങളും എല്ലാം ചേരുന്നതാണ് ഓരോരുത്തരുടേയും ജ്ഞാനമാതൃക.


ശിവൻ


വിഷ്ണു


കാമദേവൻ


വിഷ്ണുഹസ്തം (ശംഖുചക്രങ്ങൾ)

ശ്രീരഞ്ജിനിവർണ്ണത്തിലെ ആദ്യവരി, 'സ്വാമി നീ മനസ്സലിഞ്ഞ് അനുഗ്രഹിച്ചാലും ദയാകരനായ മുരുകാ' എന്നാണ് അർത്ഥമാക്കുന്നത്. ഈ സാഹിത്യത്തിന്റെ പശ്ചാത്തലത്തിൽ വരുന്ന ആദ്യ അഭിനയത്തിൽ പദാർത്ഥാഭിനയവും തുടർന്ന് സഞ്ചാരീ അഭിനയവുമുണ്ട്. ചിന്തയ്ക്ക് ആധാരം ജ്ഞാനമാതൃകയാണ്. ഈ സാഹിത്യത്തിന്റെ ആവിഷ്കാരം ചിന്തയിൽ നിന്ന് രൂപമെടുക്കുമ്പോൾ അതിൽ ജ്ഞാനമാതൃക കൾ ഇടപെടുക സ്വാഭാവികമാണ്. പദാനുപദാവിഷ്കാരത്തിനുശേഷം പദാർത്ഥാഭിനയത്തിന്റെ തുടർച്ചയിൽ, 'അറുമുഖനേ, നീ മനസ്സലിഞ്ഞ് ദർശനം തന്നാലും' എന്ന് അഭിനയിക്കുന്നു. പിന്നീട് പല അഭിനയങ്ങളിലും ദർശനത്തിനു വേണ്ടിയുള്ള അപേക്ഷ കാണുന്നുണ്ട്. വള്ളി-ദേവയാനി സമേതനായി വന്ന് പദദർശനം തരാനും മറ്റും സാഹിത്യത്തിൽതന്നെ പറയുന്നുണ്ട്. അതായത്, ഇവിടെ സാഹിത്യത്തിൽ നേരിട്ട് പറയാ ത്ത അനുഗ്രഹം, 'ദർശനം' തന്നെയാണെന്നത് ആർത്ഥികതലമായി അവതരിപ്പിച്ചിരിക്കുന്നു. അടുത്ത അഭിനയത്തിൽ ഇത് കുറേക്കൂടി സ്പഷ്ടമാക്കുന്നുമുണ്ട്. മുരുകന്റെ

വാഹനമായ ആ മയിലിന്റെ പുറത്തുകയറി വരാനും ദർശനം നല്കാനും അഭിനയിക്കുന്നു. ദർശനലബ്ധി കാവ്യാർത്ഥംതന്നെ ആയതിനാൽ മയിലിലേറിവരുവാനുള്ള ഓർമ്മപ്പെടുത്തലെന്നപോലെ മയിൽവാഹനനായ മുരുകഹസ്താഭിനയം (ഇടതു-മയൂരം, വലതു-ശിഖരം ഇടതിന് പുറകിൽ) ആവർത്തിക്കപ്പെടുന്നത് ശ്രദ്ധേയമാണ്. കാണുന്നത് വിശ്വസിക്കുക എന്ന യുക്തി ആധുനികതയുടെതാണ്. ഏതെങ്കിലും ഇന്ദ്രിയംവഴി അനുഭവിച്ചറിയുക എന്നതല്ല കണ്ടറിയുക എന്നതാണ് അതിന്റെ ശരി. മറ്റെല്ലാം തോന്നലാകാം എന്നത് വിശ്വസിക്കുന്നു. ദർശനത്തെ മോക്ഷമായി കാണുന്നത് അതുകൊണ്ടാണ്. ഈ യുക്തി ജ്ഞാനമാതൃകയായി പ്രവർത്തിക്കുന്നതുകൊണ്ടാണ് തുടക്കത്തിൽ തന്നെ ദർശനത്തിനായി അപേക്ഷിച്ചു കാണുന്നത്.


മയിൽവാഹനൻ

അടുത്തതായി കാണിക്കുന്ന ഹസ്താഭിനയത്തിൽ, മൂന്ന് ലോകവും ജയിച്ചവൻ എന്ന് വാഴ്ത്തുന്നു. അതിന്റെ വ്യക്തതയ്ക്കായി കോഴിയെ അടയാളപ്പെടുത്തിയ മുരുകന്റെ കൊടി മുകളിൽപ്പറക്കുന്നതായി അവതരിപ്പിക്കുന്നു. ഓരോ രാജ്യവും അവരുടെ വിജയം പ്രഖ്യാപിയ്ക്കുന്നത് അവരുടെ കൊടി പറത്തിക്കൊണ്ടാണ്. ആധുനികതകാലത്തിന്റെ ശീലമാണിത്. കൊടി ഉയർത്തുന്നത് വിജയത്തേയും കൊടി താഴ്ത്തുന്നത് പരാജയത്തേയും സൂചിപ്പിക്കുന്നു. വിജയത്തെക്കുറിച്ചുള്ള ഈ ജ്ഞാനമാ തൃക ഉള്ളിൽക്കിടക്കുന്നതുകാരണമാണ് മൂന്ന് ലോകവും ജയിച്ചവൻ എന്ന ആവിഷ്കാരത്തിൽ മുരുകന്റെ കൊടി ഉയർന്നുപറക്കുന്നതായി ചിത്രീകരിക്കുന്നത്.

കുമാരസംഭവത്തിലെ കഥാംശമാണ് സഞ്ചാരീ അഭിനയമായി ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. അസുരനിഗ്രഹത്തിന് കാലമായതിനാൽ മുരുകന്റെ ജനനത്തിനായി ദേവന്മാർ ശിവനോട് അപേക്ഷിച്ചു. അതുപ്രകാരം കാട്ടിൽ ശിവനെ തപസ്സ് ചെയ്യുന്ന പാർവതിയെ ഒരു ബ്രാഹ്മണബാലന്റെ വേഷത്തിൽ ചെന്നുകണ്ട് അവളുടെ സ്നേഹം ശിവൻ പരീക്ഷിച്ചറിഞ്ഞു. തുടർന്ന് വിവാഹവും ചെയ്തു. ആ അർദ്ധനാരീശ്വരന്മാരിൽ ജനിച്ച മുരുകൻ എല്ലാ ദുഃഖങ്ങളും അകറ്റി മോക്ഷം പ്രദാനം ചെയ്യുന്നു എന്ന് വിശേഷിപ്പിച്ചുകൊണ്ടാണ് ആ അഭിനയം അവസാനിക്കുന്നത്.



കോഴി എന്ന കൊടിയടയാളം

പുരാണകഥകളനുസരിച്ച് ശിവൻ, പാർവതി, അഗ്നി, കാർത്തിക നക്ഷത്രം, ശരവണം എന്ന കാട് തുടങ്ങി ധാരാളം ആളുകൾക്കും സ്ഥലങ്ങൾക്കും മുരുകന്റെ ജനനത്തിൽ പങ്കുള്ളതായിട്ടാണ് കാണുന്നത്. മുരുകന് നൽകുന്ന പര്യായങ്ങളിൽ ആ ഐതിഹ്യങ്ങൾ കാണാൻ കഴിയും. അതെല്ലാം അവഗണിച്ച് കാളിദാസന്റെ കുമാരസംഭവത്തിലെ ഈ ഭാഗം സ്വീകരിച്ചിരിക്കുന്നത് അത് ആ കാലത്തെ ജ്ഞാനമാതൃകകളോട് ഒത്തുപോകുന്നകൊണ്ടാണ്. ശിവന്റെയും പാർവതിയുടേയും പുത്രൻ എന്ന് പറയുമ്പോൾ ആധുനികതയുടെ ഒരു അണുകുടുംബവ്യവസ്ഥക്കുള്ളിൽ അതിന് ഇടം കിട്ടുന്നു. ഒരൊറ്റ പിതൃത്വം ആരോപിക്കലും അക്കാലത്തെ പുരുഷാധിപത്യനിലപാടിന്റെ ആവശ്യകതയുടെ ഭാഗമാണ്. സംസ്കൃതസാഹിത്യത്തിലെ പ്രധാനിയായ കാളിദാസന്റെ സാഹിത്യത്തെ ഉപജീവിക്കുമ്പോൾ ദേശീയതയോടും ചേർന്നുനില്ക്കാൻ കഴിയുന്നു. ‘കർമ്മത്തിന്റെ പൂർത്തീകരണത്തിന് ദേവന്മാരുടെ അപേക്ഷപ്രകാരം’ എന്ന വിലയിരുത്തലിൽ, കാമവും ശൃംഗാരവും പ്രണയവും ഉത്തരവാദിത്വനിർവഹണത്തിന്റെ അനിവാര്യതയായി മനസ്സിലാക്കപ്പെടുന്നു. അപ്പോൾ ‘താഴ്ന്നവികാരം’ ഉദ്ദീപിപ്പിയ്ക്കപ്പെടുന്നുമില്ല.

സഞ്ചാരീ അഭിനയത്തിൽ, ഒരു തുടക്കവും (A start) ഒരു പ്രവൃത്തിയും (A activity) ഒരു പരകോടിസ്ഥിതിയും (A climax) ഒരു സംഗ്രഹവും (A conclusion) ഉണ്ടാകും (2002:25) എന്നാണ് ദിവ്യാഭവാനി സുരേഷ് അഭിപ്രായപ്പെടുന്നത്. ദേവന്മാരുടെ അപേക്ഷയാണ് ഇവിടെ തുടക്കം. തുടർന്നുള്ള സംഭവങ്ങൾ പ്രവൃത്തിയാണ്. വിവാഹം ചെയ്യുന്നതും കുമാരൻ ജനിക്കുന്നതും പരകോടിയാണ്. ആ മുരുകൻ എല്ലാ ദുഃഖങ്ങളും അകറ്റി മോക്ഷംനല്കുന്നു എന്നതാണ് സംഗ്രഹം. സഞ്ചാരീഹസ്താഭിനയവും അതിന് പശ്ചാത്തലമാകുന്ന സാഹിത്യവും ചേർന്ന് ഈ വർണ്ണത്തിന്റെ സ്ഥായിയായ ഭാവത്തെ പ്രകടമാക്കുന്നുണ്ട്. ശിവനെമാത്രം വിചാരിച്ച് അപർണ്ണയായി തപസ്സനുഷ്ഠിച്ച പാർവതിയുടെ കഠിനമായ പ്രണയം കണ്ട് മനസ്സലിഞ്ഞ് ദർശനം നല്കിയവനാണ് ശിവൻ. ആ ബന്ധത്തിന്റെ പവിത്രതയിൽ ജനിച്ചവനാണ് മുരുകൻ. അതിനാൽ ആ കാരുണ്യം മുരുകൻ ഇവിടെ നായികയോടും കാണിക്കണം എന്ന അർത്ഥമാണ് വിനിമയം ചെയ്യപ്പെടുന്നത്. സാഹിത്യവും ഹസ്താഭിനയവും ചേർന്ന് ഇരട്ട

ഉപാദാനലക്ഷണയുടെ സാധ്യതയെ ഇവിടെ വിനിയോഗിക്കുന്നു. ഈ ആശയത്തിന്റെ പൂരണമാണ്, 'എല്ലാ ദുഃഖങ്ങളും അകറ്റുന്നവനേ' എന്ന സംഗ്രഹം. വർണ്ണത്തിന്റെ അന്തരാർത്ഥത്തെ അത് ദ്യോതിപ്പിക്കുന്നു.

ശിവൻ പാർവതിയെ വിവാഹം ചെയ്യുന്നു എന്ന ആശയം, താലികെട്ടും പാണീഗ്രഹണവും കാണിച്ചുകൊണ്ടാണ് അവതരിപ്പിക്കുന്നത്. ഭാരതീയസാഹചര്യത്തിൽ, 'വിവാഹം' എന്ന ജ്ഞാനമാതൃകയിൽ ഇവ രണ്ടും സാംസ്കാരികമായിപ്പെടുന്ന സന്ദർഭത്തിലാണ് ഇത് ആശയവിനിമയം സാധ്യമാക്കുന്നത്. അതുപോലെ ദേവന്മാരെ കാണിക്കുന്നത് മുകളിലേയ്ക്ക് രണ്ടുകൈയ്യും ഉയർത്തിയാണ്. ദേവന്മാർ ആകാശവാസികളാണ് എന്ന അവരെപ്പറ്റിയുള്ള ജ്ഞാനമാതൃകയുടെ ഇടപെടലാണ് ഈ ഹസ്താഭിനയത്തിൽ സംഭവിക്കുന്നത്. ഇങ്ങനെ പദാർത്ഥ-സഞ്ചാരീ ഹസ്താഭിനയങ്ങളുടെ ആവിഷ്കാരത്തിലും അർത്ഥവിനിമയത്തിലും ജ്ഞാനമാതൃക എന്ന ധൈഷണികവൃത്തി പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കാം.

"ജ്ഞാനമാതൃകീകരണം അബോധപരമാകാം"(ഗിരീഷ്, 2018:257) എന്നതിലും, "നല്ലതായാലും കെട്ടതായാലും വികാരങ്ങളെ ആവിഷ്കരിക്കാനും അവയെ മാറ്റാനും ജ്ഞാനമാതൃകീകരണത്തിലൂടെ കഴിയും"(ഗിരീഷ്, 2018: 77) എന്നതിലും, ജ്ഞാനമാതൃകകളെ സൃഷ്ടിക്കാനുമാകും എന്ന ധ്വനിയുണ്ട്. സമൂഹത്തിന്റെ ജീർണ്ണിക്കുന്ന വ്യവസ്ഥകളോട് കലഹിക്കുന്ന മാധ്യമം എന്ന നിലയ്ക്ക് ഭരതനാട്യത്തിന്റെ ആവിഷ്കാരങ്ങളിലും ഇത് സാധ്യമാക്കുമ്പോൾ പുതിയ ജ്ഞാനമാതൃകകൾ കാലാനുസൃതം സൃഷ്ടിയ്ക്കപ്പെടുന്നു. ചന്ദ്രലേഖ എന്ന നൃത്തസംവിധായിക, ലീലാവതി എന്ന ഗണിതശാസ്ത്രഗ്രന്ഥത്തെ നൃത്തശില്പമാക്കി മാറ്റിയപ്പോൾ, മൂർത്തതകളെ പ്രകൃതിയിലെ അമൂർത്തങ്ങളായി അവിഷ്കരിച്ചിരിക്കുന്നു (രാജു വള്ളിക്കുന്നം, 2001: 42). ഇതിൽ ഒരു പുതുജ്ഞാനമാതൃക ഉണ്ടാക്കപ്പെട്ടിരിക്കുന്നു. ഇത്തരം സൃഷ്ടികളിൽ ഹസ്താഭിനയത്തിന് വലിയ സ്ഥാനമുണ്ട്.

ജ്ഞാനമാതൃകീകരണവും ഹസ്താഭിനയം സാധ്യമാക്കുന്നുണ്ട്. ശ്രീരഞ്ജിനിവർണ്ണത്തിൽ മുരുകനെ വർണ്ണിക്കുമ്പോൾ 'ഓം' എന്ന് എഴുതി ധ്യാനത്തിലിരിക്കുന്നതായി അഭിനയിക്കുന്ന ഭാഗമുണ്ട്. അതായത് ഓംകാരമൂർത്തിയായി മുരുകനെ വാഴ്ത്തുന്നു എന്നർത്ഥം. കൈലാസത്തിൽ നിന്നും മാതാപിതാക്കളോട് പിണങ്ങി താപസനായി പഴനിയിലെത്തിയ മുരുകന്റെ കഥ പ്രചാരത്തിലുണ്ട്. എങ്കിലും അടിസ്ഥാനപരമായി ദ്രാവിഡദേവനാണ് മുരുകൻ. സംഘകാലത്തെ ഐന്തിണസങ്കല്പത്തിൽ കുറുഞ്ചിതിണയുടെ ദേവനായി പറയുന്നത് മുരുകനെയാണ്. ഒൻപതാം നൂറ്റാണ്ട് മുതൽക്കുതന്നെ ആര്യാധിനിവേശത്താൽ ആര്യ-ദ്രാവിഡ സങ്കര

സംസ്കാരം ഉണ്ടാവുന്നുണ്ട്. അതിന്റെ ഭാഗമായി പല ദ്രാവിഡദൈവങ്ങളും ആര്യപാരമ്പര്യത്തോട് ഇണങ്ങിയിട്ടുമുണ്ട്. എങ്കിലും കൃത്യമായ ദ്രാവിഡാചാരങ്ങൾ സമാന്തരമായി നിലനില്ക്കുകയും ചെയ്തിരുന്നു. അതുകൊണ്ടാണ് മാടനേയും ചാത്തനേയും വിട്ട് 'ഈഴവ ശിവനെ' പ്രതിഷ്ഠിച്ചുകൊണ്ട് സവർണ്ണഹൈന്ദവതയിലേയ്ക്ക് അവർണ്ണനേയും എത്തിക്കാൻ ശ്രീനാരായണഗുരു മുതിർന്നത്. ആര്യപാരമ്പര്യത്തിന്റെ ഭാഗമാണ് ഓംകാരം. അതേപാരമ്പര്യത്തിന്റേതായ വേദങ്ങൾ, ഭാരതീയവൈജ്ഞാനികമേഖല എന്ന നിലയിൽ ഏറെ സ്വീകാര്യമാകുന്നതും അത് ഭാരതത്തിന്റെ സ്വത്വം എന്ന തരത്തിൽ വിദേശീയർക്കെതിരായി പ്രയോഗിക്കുന്നതും അതിന്റെ തീവ്രത കൂടുന്നതും ഇരുപതാംനൂറ്റാണ്ടിലാണ്. ഈ പറഞ്ഞ ജ്ഞാനമാതൃകയാണ് ഇവിടെയും കടന്നുവരുന്നത്. ആര്യദ്രാവിഡ സമന്വയത്തിന്റെ ചിത്രീകരണമാണ് മുരുകനെ ഓംകാരപ്പൊരുളായി പുകഴ്ത്തുമ്പോൾ സംഭവിക്കുന്നത്. മുരുകനെന്ന പ്രാദേശികദൈവം അതോടെ ഇന്ത്യൻ ദേശീയതയോട് ഉദ്ഗ്രഥിക്കപ്പെടുന്നു. കാർത്തികേയൻ എന്ന സങ്കല്പം ഉത്തര ഭാരതത്തിലുണ്ടെങ്കിലും അതിനപ്പുറമുള്ള പ്രാധാന്യം തമിഴകത്തും പിന്നീട് തമിഴ് നാട്ടിലും മുരുകനുണ്ട്. മുരുകനെന്ന ജ്ഞാനമാതൃക അങ്ങനെ പരിഷ്കരിക്കപ്പെടുന്നു എന്ന് വ്യക്തം. ഇത്തരത്തിൽ അബോധപരമായ ജ്ഞാനമാതൃകീകരണവും ഹസ്താഭിനയത്തിലൂടെ സാധിക്കുന്നു.

കമാസ് രാഗത്തിലെ ജാവലിയിൽ, 'മാരജനക സുകുമാരാ സുന്ദരാ' എന്ന അനുപല്ലവി നിരീക്ഷിക്കാം. 'മാരനെ ജനിപ്പിച്ച സൗകുമാര്യമുള്ളവനേ.. സുന്ദരാ..' എന്നേ ഇതിനർത്ഥമുള്ളൂ. സുകുമാരൻ എന്നത് ഒരു പ്രത്യേകദേവന്റെ പര്യായവുമല്ല. ശ്രീരഞ്ജിനിവർണ്ണത്തിൽ മുരുകനേയും 'സുകുമാരനായി' പുകഴ്ത്തുന്നുണ്ട് (ചിട്ടസ്വര സാഹിത്യത്തിൽ). സൗന്ദര്യദേവനായ കാമദേവനെ ജനിപ്പിച്ചവൻ എന്ന് പറയുമ്പോൾ നായകന്റെ സൗന്ദര്യാതിശയത്തെ അത് കുറിക്കുന്നു. പക്ഷേ, ഹസ്താഭിനയത്തിൽ നായകനെ വിഷ്ണുവായി അവതരിപ്പിക്കുന്നു. 'സുകുമാരാ' എന്ന സംബോധനയിൽ വിഷ്ണു സംബോധന ചെയ്യപ്പെടുന്നു. തുടർന്ന് വിഷ്ണുവിന്റെ വർണ്ണനയാണ് അനുപല്ലവിയിൽ അഭിനയിക്കുന്നതും.

ദൈവങ്ങൾ, വൈകാരികത, കരുണ അർഹിക്കുന്ന സ്ത്രീമാതൃകകൾ ദയാകരന്മാരായ പുരുഷ സങ്കല്പങ്ങൾ, ഒറ്റപ്പെട്ടതും സാന്ദർഭികമായി വരുന്നതുമായ മറ്റ് ധാരാളം ആശയങ്ങൾ എന്നിവയൊക്കെ ഓരോ ജ്ഞാനമാതൃകയാണ്. പുരാണം, ഇതിഹാസം, പ്രാദേശികവും അല്ലാത്തതുമായ മിത്തുകൾ, ഐതിഹ്യങ്ങൾ, വികാരങ്ങളുടെ ജനനം, അവയുടെ വിനിമയം,

ജീവിതമൂല്യങ്ങൾ, വിശ്വാസങ്ങൾ തുടങ്ങി സാമൂഹികവും സാംസ്കാരികവുമായി ഉണ്ടാക്കപ്പെടുന്നതാണ് ജ്ഞാനമാതൃകകൾ ഓരോന്നും. അതുകൊണ്ടുതന്നെ കാലാനുസൃതം ജ്ഞാനമാതൃകീകരണത്തിനും ഹസ്താഭിനയം കാരണമാകുന്നു. ഇങ്ങനെ ഹസ്താഭിനയം ജ്ഞാനമാതൃകയുടെ സൃഷ്ടിയും സ്രഷ്ടാവുമായിത്തീരുന്നു. അതുകൊണ്ടാണ് കലയെ ചരിത്രബദ്ധമായി സംസ്കാരപഠിതാക്കൾ വിലയിരുത്തുന്നത്.

ഉപാദാനലക്ഷണ (Metonymy) :-

"വാച്യാർത്ഥത്തിനു പുറമേ മറ്റൊരാശയംകൂടി സൂചിപ്പിക്കുന്നതാണ് മെറ്റോണമി" (ഗിരീഷ്, 2012: 79). ഭാരതീയരുടെ 'ലക്ഷണ' എന്ന വ്യാപാരവുമായി ഇതിനെ ബന്ധപ്പെടുത്താം. 'നേരം സന്ധ്യയായി' എന്ന് പറയുമ്പോൾ ആ വാച്യാർത്ഥത്തെ അപ്രസക്തമാക്കാതെതന്നെ, വിളക്ക് കൊളുത്താനാണോ പശുവിനെ തൊഴുത്തിൽ കയറ്റാനാണോ കളിച്ച് കയറാനാണോ പഠിക്കാനാണോ ലക്ഷ്യമാക്കുന്നത് എന്ന അർത്ഥവ്യാപനം സംഭവിക്കുന്നു. ഇത് സാംസ്കാരികമായ ജീവിതരീതിയും പ്രത്യക്ഷവല്ക്കരിക്കുന്നു. വാച്യാർത്ഥത്തിൽനിന്ന് പൂർണ്ണമായും ലക്ഷ്യാർത്ഥത്തിലേയ്ക്ക് മാറാതെ, അർത്ഥവ്യാപനം നടത്തിക്കൊണ്ട് ആശയാവിഷ്കാരത്തിനുള്ള ധൈഷണികതയുടെ അടിസ്ഥാനവൃത്തിയായി വിശേഷിപ്പിക്കപ്പെടുന്ന ഉപാദാനലക്ഷണയിലും സംഭവിക്കുന്നത് ഇതുതന്നെയാണ്. ആശയത്തിന്റെ ഒരംശം സൂചിപ്പിച്ചുകൊണ്ട് അത് ആശയസാകല്യത്തെ പ്രതീതമാക്കിയും, ഉല്പന്നംകൊണ്ട് മറ്റൊരു ഉല്പന്നത്തെ സൂചിപ്പിച്ചും, ഉപകരണംകൊണ്ട് ഒരു ആൾക്കൂട്ടത്തെ സൂചിപ്പിച്ചും, സ്ഥാപനംകൊണ്ട് ഉത്തരവാദിത്തങ്ങളേയും സ്ഥലങ്ങളേയും മനസ്സിലാക്കിച്ചും, സംഭവങ്ങളെകൊണ്ട് ഒന്നോ അതിലധികമോ സ്ഥലങ്ങളേയോ ഓർമ്മിപ്പിച്ചും പലതരത്തിൽ ഉപാദാനലക്ഷണ പ്രവർത്തിക്കാമെന്ന് ഉദാഹരണസഹിതം പി.എം. ഗിരീഷ് വ്യക്തമാക്കുന്നുണ്ട്(2012: 82-84). അടിസ്ഥാനപരമായി വ്യക്തിക്കുള്ള ജ്ഞാനം, വിശ്വാസം, ഊഹം, പ്രതീക്ഷ തുടങ്ങിയവയാണ്, ഒന്നിന് മറ്റൊന്നിനോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ, ഉപാദാനലക്ഷണ വഴി ലഭ്യമായ ആശയങ്ങളെ മനസ്സിലാക്കാൻ വ്യക്തിയേയും സമൂഹത്തേയും സഹായിക്കുന്നത് (ഗിരീഷ്, 2012: 84). അപ്പോൾ അനുഭവമാണ് ഉപാദാനലക്ഷണയുടേയും അടിത്തറ. അനുഭവിച്ച് ഉണ്ടാക്കുന്ന സങ്കല്പനത്തിനെ ശക്തമായി ആവിഷ്കരിക്കുകതന്നെയാണ് ഉപാദാനലക്ഷണ എന്ന ധൈഷണികവൃത്തി.

ഓരോ ജ്ഞാനമാതൃകയിൽനിന്നും അതിനെ പ്രത്യക്ഷമാക്കുന്ന തെരഞ്ഞെടുക്കപ്പെട്ട അംശങ്ങളുടെ അവതരണത്തിലൂടെ ഓരോ

ഹസ്താഭിനയവും ആവിഷ്കരിക്കുന്നത്. അത് സാകല്യബോധമുണ്ടാക്കി ആശയത്തെ വിനിമയം ചെയ്യുന്നു. പിടിക്കുന്ന മുദ്ര, അതിന്റെ ആകൃതി, കൈകളുടെ സ്ഥാനം, കൈയ്യിന്റെയും മുദ്രയുടേയും ചലനം എന്നിവയാണ് ആ അംശങ്ങളെ പ്രകടമാക്കുന്നത്. അതിനാൽ മേല്പറഞ്ഞ അംശംസാകല്യ ബന്ധം അതിൽ ശക്തമാണ് എന്നു കാണാം.

ബ്രാഹ്മണനെ തിരിച്ചറിയുന്ന ജ്ഞാനമാതൃകയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന അംശമാണ് പൂണൂൽ. ആ പൂണൂലിനെ അതിന്റെ സ്ഥാനം കൊണ്ട് ആവിഷ്കരിച്ചാണ് ബ്രാഹ്മണൻ എന്ന ആശയം ശ്രീരഞ്ജിനിവർണ്ണത്തിൽ കൊണ്ടുവന്നിരിക്കുന്നത്. ഇവിടെ മൃഗശീർഷം പിടിച്ച് (രണ്ട് കൈയിലും) നെഞ്ചിനുനേരേനിന്ന് ഇടതുകൈ ഇടതു തോളിലേയ്ക്കും വലതുകൈ വലത്തെ അരക്കെട്ടിലേയ്ക്കും ചലിപ്പിച്ച് പൂണൂലിന്റെ ബോധമുണ്ടാക്കുന്നു. ശിഖരം, ഹംസാസ്യം എന്നീ മുദ്രകളും ഇതേ ചലനത്തോടെ ബ്രാഹ്മണസൂചകമായി ഉപയോഗിക്കാറുണ്ട്. മറ്റൊരു വസ്തുവും ഇത്തരത്തിൽ സ്ഥാനം വഹിച്ചുകൊണ്ട് ശരീരത്തിൽ കിടക്കുന്നില്ല എന്നതാണ് ഈ അംശത്തെ ബ്രാഹ്മണൻ എന്ന് ആവിഷ്കരിക്കാൻ യോഗ്യമാക്കുന്നത്. എല്ലാ ദേവതാഹസ്തങ്ങളും ഉപാദാനലക്ഷണയുടെ ആവിഷ്കാരമാണ്. ഇടതുകൈയ്യിൽ ത്രിശൂലവും വലതു കൈയ്യിൽ ശിഖരവും നെറ്റിയോളം ഉയർത്തി ഇരുവശത്തും പിടിച്ചാണ് മുരുകനെ ആവിഷ്കരിക്കുന്നത്. ത്രിശൂലമുദ്രയിലെ വിരലുകൾ ചേർത്തു പിടിക്കുമ്പോൾ അതിനു വേലിന്റെ ആകൃതി ലഭിക്കുന്നു. അഗ്നിദേവനാൽ അനുഗ്രഹിച്ച് നല്കപ്പെട്ട വേൽ എന്ന ആയുധം മറ്റ് ദേവന്മാരിൽനിന്ന് മുരുകനെ വ്യത്യസ്തനായി തിരിച്ചറിയാൻ സാധിക്കുന്ന അംശമാണ്. മുരുകന്റെ ചിഹ്നംതന്നെയാണ്. അമ്പുംവില്ലും യോദ്ധാവായ മുരുകന്റെ ആയുധങ്ങളായി പറയപ്പെടുന്നു. ശിഖരമാണ് വില്ല് പിടിക്കുന്ന വിധത്തിനെ അനുകരിച്ചുകൊണ്ട് ഉപയോഗിക്കാറുള്ളത്. വേൽ എന്നത് അമ്പ് ആണ്. ആ അർത്ഥത്തിൽ വലതുകൈയ്യിലെ ശിഖരം വില്ലിനെ ഉദ്ദേശിക്കുന്നു. എന്നാൽ വലതുകൈയ്യിൽ ദണ്ഡ് പിടിച്ച് നിൽക്കുന്ന ദണ്ഡായുധപാണിയായ മുരുകനും പ്രസിദ്ധമാണ്. പഴനിമല മുരുകൻ തന്നെ ഉദാഹരണമാണ്. ദണ്ഡു പിടിക്കുന്ന ചേഷ്ടയും ശിഖരംകൊണ്ട് സമ്മതമാണ്. ഇങ്ങനെ അമ്പും വില്ലും എന്ന് കരുതിയാലും ശൂലവും ദണ്ഡും എന്ന് കരുതിയാലും അവ മുരുകനെ സക്ഷാല്ക്കരിക്കുന്ന പ്രസിദ്ധമായ അംശങ്ങൾതന്നെയാണ് എന്ന് വ്യക്തം.

ലക്ഷകം (Metaphor):-

'മെറ്റഫർ' എന്നതിന് 'രൂപകം' എന്നാണ് മലയാളവിവർത്തനം. അത് ഭാഷാപരവും ആലങ്കാരികവും സാദൃശ്യത്തിലധിഷ്ഠിതവുമാണ്.

എന്നാൽ ഈ ധാരണകളെ എതിർത്തുകൊണ്ടാണ് ജോർജ്ജ് ലക്കോഫ് തന്റെ സങ്കല്പനലക്ഷക സിദ്ധാന്തം അവതരിപ്പിക്കുന്നത്. ലക്ഷകങ്ങൾ (Metaphors) മനുഷ്യന്റെ അനുഭവങ്ങളിൽനിന്നാണ് രൂപംകൊള്ളുന്നത് എന്നും അവ സങ്കല്പനത്തിൽ കുടികൊള്ളുന്നു എന്നും ലക്കോഫ് കണ്ടെത്തുന്നു (ഗിരീഷ്, 2012: 61). ആശയങ്ങളെ ഓരോന്നിനേയും


ബ്രാഹ്മണൻ


മുരുകഹസ്തം

ഒറ്റപ്പെട്ടവയായിട്ടല്ല നാം മനസ്സിലാക്കുന്നത്; മറിച്ച് മറ്റ് ആശയങ്ങളോട് ബന്ധപ്പെടുത്തിക്കൊണ്ടാണ്. അതുകൊണ്ടാണ് സങ്കല്പനവ്യവസ്ഥ രൂപപ്പെടുത്തുന്നതിലും (ഗിരീഷ്, 2012: 70) ആശയങ്ങളെ ആവിഷ്കരിക്കുന്നതിലും ലക്ഷകം എന്ന ധൈഷണികവ്യാപാരത്തിന് വലിയ പങ്കുണ്ട് എന്ന് ധൈഷണികഭാഷാശാസ്ത്രം കരുതുന്നത്. സത്യത്തിൽ, ലക്ഷകങ്ങളുടെ സഹായത്തോടെ അല്ലാതെ ചർച്ചചെയ്യാൻ പറ്റാത്ത ചില ആശയങ്ങളുണ്ട് എന്ന് സാറ എഫ് തൌബ് പറയുമ്പോൾ പ്രകടമാകുന്നത് അതിന്റെ പ്രാധാന്യമാണ്.

ഉപാദാനലക്ഷണയിൽനിന്നും വ്യത്യസ്തമായി സ്രോതസ്ഥലം, ലക്ഷ്യതലം എന്നിങ്ങനെ രണ്ട് തലങ്ങളുള്ളവയാണ് ലക്ഷകങ്ങൾ. അവ സത്താപരവും ജ്ഞാനപരവുമായ പാരസ്പര്യത്തിലൂന്നിയാണ് ആശയത്തെ സംവേദനം ചെയ്യുന്നത്. വസ്തുവിന്റെ ഗുണം, ആകൃതി തുടങ്ങിയ ധർമ്മപരമായ ബന്ധം ഉൾക്കൊള്ളുന്ന സത്താപരമായ ജ്ഞാനവും, സ്രോതസ്ഥലത്തിന്റെയും ലക്ഷ്യതലത്തിന്റെയും പാരസ്പര്യത്തെക്കുറിച്ചുള്ള ജ്ഞാനപരമായ ജ്ഞാനവും, തമ്മിൽ ഇണങ്ങിക്കൊണ്ട്, ലക്ഷകത്തിന്റെ സ്രോതലക്ഷ്യതലങ്ങളിലെ അർത്ഥവിനിമയത്തെ നിർണ്ണയിക്കുന്നു. സ്രോതലക്ഷ്യതലങ്ങളുള്ള ഘടനാത്മകലക്ഷകം, സ്ഥലം എന്ന ആശയത്തെ ആവിഷ്കരിക്കുന്ന (മുൻ-പിൻ, മേലേ-കീഴേ, അകം-പുറം) ലക്ഷ്യലക്ഷകങ്ങൾ, ക്രിയ, സംഭവങ്ങൾ തുടങ്ങിയവയെ അവതരിപ്പിക്കുന്ന സത്താപരമായ ലക്ഷകങ്ങൾ എന്നിങ്ങനെ ലക്ഷകങ്ങളെ പലതായി ലക്കോഫ് വിഭജിക്കുന്നുണ്ട്.

അമേരിക്കൻ ചിഹ്നഭാഷയിൽ (American Sign Language), സ്രോതസ്ഥലത്തിന്റെ ചിഹ്നനം നടത്തി ലക്ഷ്യതലാവിഷ്കാരം സഫലമാക്കുന്നു എന്ന് സാറ എഫ് തൌബ് കണ്ടെത്തുന്നുണ്ട്. ചിഹ്നനം ഉപാദാനലക്ഷണയുടെ

ഭാഗമാണ് എങ്കിലും അതിൽ ലക്ഷകത്തിന്റെ രണ്ട് തലങ്ങളും പ്രവർത്തിക്കുന്നു എന്ന് ഇതിൽനിന്നും വ്യക്തമാകുന്നു. ഉദാഹരണത്തിന്, ആശയവിനിമയത്തെ ഒരു അയക്കലായി മനസ്സിലാക്കിക്കൊണ്ടും അതൊരു ലക്ഷകമായി നിലനിർത്തിക്കൊണ്ടും ചിഹ്നഭാഷയിൽ വരുന്ന ധാരാളം ആവിഷ്കാരങ്ങളെ സാറ ഉദാഹരിക്കുന്നുണ്ട്. ഒരു ചിഹ്നഭാഷ എന്ന നിലയ്ക്ക് ഭരതനാട്യത്തിലെ ഹസ്താഭിനയത്തിലും ആശയാവിഷ്കരണത്തിനായി, ഇതുപോലെ, ലക്ഷകങ്ങളെ ഉപയോഗപ്പെടുത്തുന്നുണ്ട്.

പൂമൊട്ട് എന്ന അർത്ഥത്തിൽ മുകുളഹസ്തമാണ് ഭരതനാട്യത്തിൽ ഉപ യോഗിക്കുന്നത്. അഞ്ചു വിരലറ്റങ്ങളും ചേർന്നുണ്ടാക്കുന്ന കൂമ്പിയ രൂപം മുകളിലേക്ക് പിടിക്കുമ്പോൾ പൂമൊട്ടിന്റെ ആകൃതിയെ ആവിഷ്കരിക്കുന്നു. ആ മുദ്രയുടെ അഞ്ചു വിരലുകളെയും പല ദിശയിലേയ്ക്ക് നിവർത്തി അളപത്മമുദ്രയാക്കി വിടർത്തുമ്പോൾ പൂർണ്ണമായും വിരിഞ്ഞതും വൃത്തത്തിലുള്ളതുമായ താമരപ്പൂവിനെ ഓർമ്മിപ്പിക്കുന്നു. അപ്പോൾ പൂമൊട്ട് വിരിഞ്ഞ് പൂവാകുന്നത് ഒരു പൂവ് എന്നനിലയ്ക്ക് രൂപപരമായ പൂർണ്ണവളർച്ചയെ സൂചിപ്പിക്കുന്നു. പ്രകൃതിയിലെ ഈ അനുഭവത്തെ സ്രോതസ്സായി മനസ്സിലാക്കികൊണ്ട് ജനനമെന്ന ലക്ഷ്യത്തെ മുകുള-അളപത്മങ്ങളെക്കൊണ്ട് ഭരതനാട്യം സഫലമായി ആവിഷ്കരിക്കുന്നു. മനുഷ്യരെ സംബന്ധിച്ചിടത്തോളം സ്ത്രീയാണ് ജന്മം നല്കുന്നതെന്നും അവരുടെ ഗർഭപാത്രമാണ് അതിന് ഇടം ഒരുക്കുന്നതെന്നും, അതാകട്ടെ അടിവയറിന്റെ അവിടെയാണ് സ്ഥിതി ചെയ്യുന്നതെന്നും മറ്റൊരു വ്യക്തിയായി ജീവിക്കാനുള്ള ശാരീരികമായ വളർച്ച ഗർഭപാത്രത്തിൽ പൂർണ്ണമാകുന്നു എന്നുമുള്ള അറിവിന്റെ അടിസ്ഥാനത്തിൽ അടിവയറിന്റെ അവിടെയായി വലതുകൈയ്യിൽ മുകുളഹസ്തത്തെ അളപത്മമാക്കി വിടർത്തിക്കൊണ്ട് 'ജനനം' എന്ന ആശയം പ്രകടമാക്കിയിരിക്കുന്നു. ഇങ്ങനെ സ്രോതസ്തലത്തിന്റെ ആവിഷ്കാരത്തിന്റെ സ്ഥാനഭേദത്തോടെ ലക്ഷ്യതലം ആവിഷ്കൃതമാകുന്നു.


ജനനം എന്ന ആശയാവിഷ്കാരം

ശരീരാധിഷ്ഠിതമാണ് എന്നതുകൊണ്ട് ലക്ഷ്യലക്ഷകങ്ങളും ഹസ്താഭിനയങ്ങളിൽ അതിന്റെ ഇടപെടുന്നുണ്ട് എന്ന് നിരീക്ഷിക്കാം. വൈകാരികതയുടെ ഉത്ഭവ-നിക്ഷേപ സ്ഥാനമായി മനസ്സിലാക്കപ്പെടുന്ന ഇടമാണ്

മനസ്സ്. അത് ഭൗതികമായ ഒരവയവമല്ലാത്തതിനാൽ അതിന്റെ ഇടമായി നാം സങ്കല്പിച്ചുവെച്ചിരിക്കുന്നത് നെഞ്ചിന്റെ ഭാഗത്തായിട്ടാണ്. ഇത് സാറയും അമേരിക്കൻ ചിഹ്നഭാഷയെപ്പറ്റി പറയുമ്പോൾ വ്യക്തമാക്കുന്നുണ്ട് . മനുഷ്യനിൽ ജീവൻ അവശേഷിക്കുന്നു എന്ന് അറിയിക്കുന്ന അത്ര പ്രധാനമായ അവയവമാണ് ഹൃദയം. അതുകൊണ്ട് അത്രത്തോളം തന്നെ വിലപ്പെട്ടതായ മനസ്സും ഹൃദയവും ഒന്നായി കാണപ്പെടുന്നു. അതിനാൽ വൈകാരിക ആവിഷ്കാരങ്ങളുടെ ഹസ്താഭിനയങ്ങൾ എല്ലാം നെഞ്ചിനുനേരെ പിടിച്ചുകൊണ്ടാണ് അഭിനയിക്കുന്നത്. മനസ്സിന് സന്തോഷമുണ്ടാക്കുന്നതും സങ്കടമോ അസ്വസ്ഥതയോ വിരഹമോ ഉണ്ടാക്കുന്നതുമായ വികാരങ്ങളുണ്ട്. നമ്മുടെ ശാരീരികമായ അറിവിന്റെ ബോധത്തിൽ നല്ല വികാരങ്ങൾ മുകളിലേയ്ക്കും ചീത്തയും അധമവും ദുഃഖകരവു മായവ താഴേയ്ക്കുമായിട്ടാണ് പ്രദർശിപ്പിക്കുന്നത്. 'സന്തോഷം കൊണ്ടവൻ തുള്ളിച്ചാടി' എന്നും 'സങ്കടംകൊണ്ടവൻ ഇരുന്നു പോയി' എന്നും പറയുന്നതിലും ഈ വികാരങ്ങളാൽ നമ്മൾ പ്രവർത്തിക്കുന്നതിലും നേരത്തേപറഞ്ഞ കാര്യങ്ങൾ നിരീക്ഷിക്കാം. അതിനാൽ നെഞ്ചിന് മുകളിലേക്ക് കാണിക്കുന്നവ നല്ല വികാരങ്ങളും താഴേയ്ക്ക് കാണിക്കുന്നവ മോശപ്പെട്ടവയുമാകുന്നു. അതുപോലെ നെഞ്ചിലേയ്ക്ക് എന്ന രീതിയിലാണ് കൈയ്യിന്റെ ചലനമെങ്കിൽ അത് നമ്മിലേയ്ക്ക് വരുന്ന വികാരങ്ങളേയും, മറിച്ച് ശരീരത്തിൽനിന്നകന്ന് പോകുന്ന ചലനങ്ങൾ മറ്റുള്ളവരിലേയ്ക്ക് പോകുന്ന വികാരങ്ങളേയും കാണിക്കുന്നു.

വർഗീകരണവും ഉത്തമദൃഷ്ടാന്തമാതൃകയും (categorisation and Prototype Theory):-

എല്ലാ കാര്യങ്ങളെയും വർഗീകരിച്ചു മനസ്സിലാക്കുക എന്നത്, സകല ജീവജാലങ്ങളുടേയും എന്നപോലെ, മനുഷ്യന്റെയും പോതുധൈഷണിക വൃത്തികളിൽ ഒന്നാണ്. ഭൗതികമായ കാര്യങ്ങൾ മുതൽ മാനസികമായ കാര്യങ്ങൾവരെ മനുഷ്യൻ വർഗീകരിച്ചാണ് ധൈഷണികതയുടെ ഭാഗമാക്കുന്നത്. പൊതുഘടന, സാമന്യസ്വഭാവം, തുടങ്ങിയ സമാനതകളെ അടിസ്ഥാനമാക്കി, അബോധപൂർവവും സ്വാഭാവികവുമായി വസ്തുക്കളെ ഇനംതിരിക്കുന്ന പ്രക്രിയയാണ് വർഗീകരണം എന്നതായിരുന്നു പരമ്പരാഗതമായ കാഴ്ചപ്പാട്. സാമാന്യവർഗീകരണമെന്ന് ഇതിനെ വിളിക്കുന്നു. ഈ വർഗീകരണധാരണയെ തള്ളിക്കളഞ്ഞുകൊണ്ട്, എൽനോർ റോഷ് അവതരിപ്പിച്ച ഉത്തമദൃഷ്ടാന്തമാതൃക(Prototype) എന്ന സിദ്ധാന്തത്തെ വർഗീകരണത്തിന്റെ മികച്ച മാതൃകയായി, ധൈഷണികഭാഷാശാസ്ത്രകാരനായ ജോർജ്ജ് ലക്കോഫ് ചൂണ്ടിക്കാണിക്കുന്നു. ഒരു വർഗമെന്നു

പറയുമ്പോൾ അതിൽ കുറേ അംഗങ്ങൾ ഉണ്ടാകും. ഉത്തമമാതൃകസിദ്ധാന്തപ്രകാരം ഒരു വർഗത്തിൽ രണ്ട് തരം അംഗങ്ങൾ ഉണ്ടാകും. ഒന്ന്, ആ വർഗത്തിന്റെതായി സങ്കല്പിക്കപ്പെടുന്ന എല്ലാ സവിശേഷതകളും ഉൾക്കൊള്ളുന്ന ഒരംഗം. ആ വർഗത്തെക്കുറിച്ച് ഓർക്കുമ്പോൾ ആദ്യം മനസ്സിൽ വരിക ഈ അംഗമായിരിക്കും. ഈ അംഗമാണ് ഉത്തമമാതൃക. രണ്ട്, ആ വർഗത്തിന്റെ ഏതാനും ലക്ഷ ണങ്ങൾ ഉണ്ടാവുകയും മറ്റ് വർഗങ്ങളിൽപ്പെടുത്താൻ പറ്റാത്തതുമായ അംഗങ്ങളാണ്. ഈ അംഗങ്ങളിൽ വർഗലക്ഷണങ്ങൾ ഏറ്റക്കുറച്ചിലുകളോടെ കാണാനാകും. അതനുസരിച്ച് മധ്യമവും അധമവുമായ അംഗങ്ങൾ വർഗത്തിൽ ഉണ്ടാവുകയും ചെയ്യും. എന്നാൽ ഇതിനപ്പുറം ഒരൊറ്റ അംഗം മാത്രം ഉണ്ടാവുന്ന വർഗങ്ങളും സംഭാവ്യമാണെന്ന് ലക്കോഫ് എതിരഭിപ്രായം ഉന്നയിക്കുന്നുണ്ട്. അതെന്തായാലും, അദ്ദേഹത്തിന്റെ ഉത്തമധൈഷണികമാതൃക എന്ന സിദ്ധാന്തം ഉത്തമമാതൃക എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് രൂപപ്പെടുത്തിയിരിക്കുന്നത്. ഇതുപയോഗിച്ച് സംബന്ധികാവിഭക്തിയുടെ അംഗത്വത്തെ ചൊല്ലിയുള്ള തർക്കത്തിന് പി.എം. ഗിരീഷ് (2012: 49) സാധൂകരണം നല്കുന്നുണ്ട്. അതുപോലെ, ഭരതനാട്യത്തിലെ ഹസ്താഭിനയത്തിൽ വരുന്ന വർഗീകരണങ്ങളിലും ഈ ധൈഷണികതയുടെ പ്രവർത്തനം നിരീക്ഷിക്കാം. ഒരു ദേവനുതന്നെ പല ഹസ്താഭിനയം ഉണ്ടാകുമ്പോൾ അവയെ ഒരു വർഗമായി ഗണിക്കാം. അതിൽ, ആവിഷ്കരണത്തിന് അനുകൂലമായി എല്ലാ ലക്ഷണവും ഉൾക്കൊള്ളുന്ന ഒരംഗമേ ഉണ്ടാകൂ. മറ്റുള്ളവ ഏതാനും ലക്ഷണങ്ങളെ മാത്രം കാണിക്കുന്നവയോ, ആവിഷ്കരണത്തിന് ബദ്ധപ്പാട് ഉണ്ടാക്കുന്നവയോ, ആയിരിക്കും. അവ വസ്തുപശ്ചാത്തലബന്ധത്തിലൂടെയാണ് അർത്ഥവിനിമയം സാധ്യമാക്കുന്നത്.

ഒരേ ആശയം തന്നെ പലവിധത്തിൽ ആവിഷ്കരിക്കുന്ന സാഹചര്യമുള്ളതിനാൽ (ഉദാഹരണം: ദേവഹസ്തങ്ങൾ) അവയെ ഒരു വർഗമായി പരിഗണിക്കാം. അതിൽ ഒരു ഹസ്താഭിനയം മാത്രമാണ് ഉത്തമദൃഷ്ടാന്തമായി ഉണ്ടാവുകയുള്ളൂ. വലതിൽ ശിഖരവും ഇടതിൽ ത്രിശൂലവും പിടിച്ച് കാണിക്കുന്നു. മുരുകഹസ്തവർഗത്തിൽ ഉത്തമ ദൃഷ്ടാന്തമാകുന്നത്. അറുമുഖൻ (മൃഗശീർഷം-ഇടതു്: അളപത്മം-വലതു്), മയിൽവാഹനൻ (മയൂരം-ഇടത്: ശിഖരം-വലത്), കോഴി കൊടിയടയാളമായിട്ടുള്ളവൻ (താംമ്രച്ചൂടം-ഇടത്: അരാളം: വലത്) എന്നിവ വർഗത്തിന്റെ മധ്യമത്തിൽപ്പെടുത്താവുന്നവയാണ്. അവ മുരുകലക്ഷണങ്ങളെ തൃപ്തി പ്പെടുത്തുന്നുണ്ടെങ്കിലും കൈകൊണ്ടു ള്ള ആഖ്യാനങ്ങൾ (detailing) കൂടുന്നതുകൊണ്ടും കഥാപാത്രമായി സ്വയം അവതരിക്കുന്നതായി കാണിക്കാൻ

അപര്യാപ്തമായതുകൊണ്ടും ഇവ ഉത്തമമായി പരിഗണിക്കപ്പെടുന്നില്ല. നൃത്തത്തെ സംബന്ധിച്ചിടത്തോളം പദാർത്ഥസഞ്ചാരീ അഭിനയങ്ങൾക്ക് ഒരുപോലെ പ്രയോജനപ്പെടുന്നതാവണം ഹസ്താഭിനയം. വലതുകയ്യിൽ ത്രിശൂലവും ശിഖരവും മാത്രം പിടിച്ച് മുരുകനെ പരാമർശിക്കുന്ന മുരുകഹസ്തം അധമമാണ്. കാരണം ശിഖരം വില്ലിനെയും ദണ്ഡിനേയും സൂചിപ്പിക്കുന്നു. ത്രിശൂലം അമ്പിന്റെ ആകൃതി യിലുള്ള വേലിനേയും മൂന്ന് അരങ്ങളുള്ള ത്രിശൂലത്തേയും കുറിക്കുന്നു. വില്ലും ത്രിശൂലവും ആയുധമായിട്ടുള്ള പല ദേവന്മാരും ഉണ്ട്. അതിനാൽ ഇവ രണ്ടും വേറെ വേറെ കാണിക്കുമ്പോൾ അവ മുരുകഹസ്തവർഗത്തിന്റെ ലക്ഷണങ്ങളെ പൂർണ്ണമായും ദ്യോതിപ്പിക്കാൻ കഴിയാത്ത അധമദൃഷ്ടാന്തമായിത്തീരുന്നു.


അറുമുഖൻ


ശൂലം മാത്രമേന്തുന്ന മുരുകഹസ്തം


ദണ്ഡ് ഏന്തിയ മുരുകഹസ്തം

വസ്തുപശ്ചാത്തലബന്ധം (Figure–Background organisation):–

ആവശ്യമുള്ളതുമാത്രം കാണുകയും കേൾക്കുകയും ചെയ്യുക എന്നത് മനുഷ്യബുദ്ധിയുടെ പ്രത്യേകതയാണ്. അതിനാൽ ഒരു ദൃശ്യം കാണുമ്പോഴോ, എന്തെങ്കിലും കേൾക്കുമ്പോഴോ, നാം ശ്രദ്ധിക്കുന്ന വസ്തുവോ വസ്തുതയോ ആണ് ‘വസ്തു’. അത് മുഴച്ചു നില്ക്കുന്നു. മറ്റെല്ലാം അതിന്റെ പശ്ചാത്തലമായി മനസ്സിലാക്കപ്പെടുന്നു. ഇതാണ്, വസ്തുപശ്ചാത്തലബന്ധം എന്ന വൈഷണികവ്യാപാരം.

ഭരതനാട്യം ഒരു ദൃശ്യാവിഷ്കാരമാണ്. അതുകൊണ്ട് അവിടെ ശ്രദ്ധിക്കപ്പെടുന്ന ‘വസ്തു’വായ ആംഗികാഭിനയത്തിന്റെ ഒരു പ്രധാനഭാഗമാണ് ഹസ്താഭിനയം. അവയുടെ അർത്ഥം വിനിമയം ചെയ്യപ്പെടുന്നത്, സാഹിത്യത്തിലൂടെയും സംഗീതത്തിലൂടെയും അവതരിപ്പിക്കപ്പെടുന്ന പ്രമേയം എന്ന പശ്ചാത്തലത്തിലാണ്. സാംസ്കാരികമായ മിത്തുകളുടേയും ഐതിഹ്യങ്ങളുടേയും ജ്ഞാനപശ്ചാത്തലത്തിനപ്പുറത്ത് ആഖ്യാനം ചെയ്യപ്പെടുന്ന പ്രമേയപശ്ചാത്തലവും പ്രധാനമാണ്. രണ്ടു വ്യത്യസ്ത അർത്ഥങ്ങൾക്ക് ഒരേ ഹസ്താഭിനയം വരുന്ന സന്ദർഭങ്ങളിൽ, അവയെ രണ്ടായി തിരിച്ചറിയുന്നത് സാഹിത്യം, പ്രമേയം എന്നിവയുടെ പശ്ചാത്തലമുള്ളതുകൊണ്ടാണ്. വാചികാഭിനയം ഇല്ലാതെ ആംഗികാഭിനയം അപൂർണ്ണമാണ് എന്ന് സി.വി. ചന്ദ്രശേഖർ പറയുന്നതും അതു

കൊണ്ടാണ്. വർഗത്തിലെ മധ്യമവും അധമവുമായ ഹസ്താഭിനയങ്ങൾ എന്ന വസ്തുവിന്റെ ആശയസംവേദനത്വം സാധ്യമാകുന്നത് പ്രമേയമെന്ന പശ്ചാത്തലത്തിലാണ്.

ഉപസംഹാരം

ജ്ഞാനമാതൃക, ഉപാദാനലക്ഷണ, ഘടനാത്മകലക്ഷകം, ലക്ഷ്യലക്ഷകം, വർഗീകരണം, ഉത്തമദൃഷ്ടാന്തമാതൃക, വസ്തുപശ്ചാത്തലബന്ധം എന്നിങ്ങനെയുള്ള ധൈഷണികവൃത്തികളുടെ ആവിഷ്കാരമാണ് ഭരതനാട്യത്തിലെ ഹസ്താഭിനയം എന്ന് മനസ്സിലാക്കാം. അതുകൊണ്ടുതന്നെ ഭരതനാട്യത്തിലെ ഹസ്താഭിനയം ധൈഷണികതയുടെ ആവിഷ്കരങ്ങളാണ്. ഏതൊരു ആശയാവിഷ്കാരവും ധൈഷണികവൃത്തിയാണ് എന്ന് ഇതിൽനിന്നും മനസിലാക്കാം.

## ഗ്രന്ഥസൂചി

1. ഗിരീഷ്, പി.എം. 2012. *അറിവും ഭാഷയും - ധൈഷണികഭാഷാശാസ്ത്രം: ആമുഖം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
2. ഗിരീഷ്, പി.എം. 2016. *ജോർജ്ജ് ലക്കോഫ് ഭാഷയുടെ രാഷ്ട്രീയ മനസ്സ്* . തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.
3. ഗിരീഷ്, പി.എം (സമ്പാദനവും പഠനവും). 2018. *ഭാഷാശാസ്ത്രം ചോംസ്കിക്കുമപ്പുറം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
4. നാരായണപിഷാരോടി, കെ. പി. (ഡോ). (വിവ). 2014. *നാട്യശാസ്ത്രം ഭാഗം 1, ഭാഗം 2.* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.
5. പ്രഭാകരൻ, എ.(വിവ.). 2016. *നൃത്തയാത്ര: ധനഞ്ജയന്റെ കലയും ജീവിതവും.* അഡയാർ: ഭരതകലാഞ്ജലി.
6. പ്രഭാകരൻ, പ്രയാർ, 2018. *ഭരതമുനിയുടെ നാട്യശാസ്ത്രത്തിലൂടെ.* മാവേലിക്കര: ഫേബിയൻ ബുക്ക്സ്.
7. രാജു, വള്ളിക്കുന്നം, 2001. *അഭിനയത്തിന്റെ അർത്ഥങ്ങൾ.* കോട്ടയം: ഗോവിന്ദം ഇൻറർനാഷണൽ സെന്റർ ഫോർ ആർട്ട് റൈറ്റിങ്ങ്സ് കൾച്ചർ (ജി.ഐ.സി.എ. ഡബ്ലിയൂ.സി).
8. സുനിൽ, പി. ഇളയിടം. 2014. *'ദേശഭാവനയുടെ ആട്ടപ്രകാരങ്ങൾ: ദേശീയാധുനികതയും ഭരതനാട്യത്തിന്റെ രംഗജീവിതവും'.* ഷാജി ജേക്കബ് (എഡി). സാംസ്കാരികവിമർശനവും മലയാളഭാവനയും . തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
9. Arudra, Dr. 'Varnam'. Sruti Magazine. April 1991. Issue 79. Chennai: Sruti Foundation.
10. Arudra, Dr. 'Varnam (continues)'. Sruti Magazine. May 1991. Issue 80. Chennai: Sruti Foundation.
11. Hudson, R.A. 2017. *Sociolinguistics.* New York: Cambridge University Press.
12. Lekshmi, Viswanathan. 2014. *Woen of Pride: The Devadasi Heritage.* New Delhi: Roli books Pvt.Ltd.

13. Manomohan, Ghosh (Tr). 1975. *Nandikeswara's Abhinayadarpana*. Calcutta: Sathya Bhattacherjee for the Manisha Grandhalaya. Pvt.Ltd.

14. Sarah, F.Taub. 2010. *The language from the body: Iconicity and Metaphor in American Sign Language*. New York: Cambridge University Press.

15. Soneji, Davesh (Ed). 2012. *Bharathanatyam A Reader*. New Delhi: Oxford University Press.

16. Vidya, Bhavani. Suresh. 2002. *Adavus and Sancharis in Bharathanatyam*. Chennai: Skanda Publication.

## വെബ്ലിയോഗ്രഫി

1. Coomaaraswami, Ananda. K, Gopala Kristnayya Duggirala (Tr). 11/6/2018. 5:32pm. The Mirror of Gesture–Being Abhinaya Darpana of Nandikeswara. archive.org/stream/cu31924012568535#page/n21/mode/2up.

2. Padma, Subramanyam (edited). 22/7/2018. 9:34am. Dances of India.pdf. http//prakashan.vivekanandakendra.org/sites/default/files/Dances%20of%20India.pdf.

3. 'Eyes of Change'. 3/7/18. 12:45pm. thehindu.com/todays-paper/tp-features/tp-fridayreview/eyes-of-change/article14951087.ece.

4. 'Reviving the dance of devadasis'. 3/7/2018. 12: 57pm. archive.indianexpress.com/reviving-the-dance-of-devadadis/900179/2.

## Videos

10. http://myoutube.com/watch%3Fv.

11. Kalakshethra Bani vol 3-Varnam & Keerthanam (DVD). Chennai: Kalakriya.

12. III Year BFA Bharathanatyam Study Material (DVD). Thiruchirappalli: Kalaikaviri College of Fine Arts.

# കേരളപാണിനീയവും പ്രയോഗവിജ്ഞാനവും

അൻവർ അലി എൻ.
എം.എ., മലയാളം, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.

## ആമുഖം

തകഴിയുടെ ഭാര്യയായിരുന്ന കാത്ത അന്തരിച്ചപ്പോൾ മലയാള മനോരമ ആ വാർത്തയ്ക്ക് കൊടുത്ത തലവാചകം 'തകഴിയെ കാത്ത വിളക്കണഞ്ഞു' എന്നായിരുന്നു.പിണറായി വിജയൻ ആദ്യമായി സി.പി.ഐ. (എം.) സംസ്ഥാന സെക്രട്ടറി ആയപ്പോൾ 'ഇടിമിന്നൽ പിണറായി' എന്നാണ് മനോരമ തലക്കെട്ടെഴുതിയത്. ഈ രണ്ടു വാചകങ്ങളേയും സാമ്പ്രദായിക വ്യാകരണബോധ്യങ്ങൾ വെച്ച് വിശകലനം ചെയ്താൽ നമ്മുടെ 'അടപ്പ് തെറിക്കും'. ആദ്യ വാചകത്തിലെ കാത്ത പേരെച്ചമാണോ നാമമാണോ എന്നന്വേഷിച്ച് പോയാൽ നാം എവിടേയും എത്തിച്ചേരാൻ പോകുന്നില്ല. ഇവിടെയാണ് പ്രയോഗവിജ്ഞാനത്തിന്റെ പ്രാധാന്യം. ഈ വാചകങ്ങളുടെ അർത്ഥസംവേദനം സംഭവിക്കുന്നത് സവിശേഷ പ്രകരണ(Context)ത്തിനകത്താണ്. കാത്ത, പിണറായി എന്നീ വാക്കുകളെ അവയുടെ വ്യാകരണവർഗ്ഗങ്ങളെ അതിനെ നിർണയിക്കുന്ന രൂപാർത്ഥങ്ങളെ മുൻനിർത്തിമാത്രം മനസ്സിലാക്കാൻ കഴിയില്ല. അവയുടെ പ്രയോഗ സന്ദർഭമാണ് പ്രധാനം. ഇങ്ങനെ കേരളപാണിനീയത്തിലെ ചില വ്യാകരണചർച്ചകളെ പ്രയോഗവിജ്ഞാനത്തിന്റെ വെളിച്ചത്തിൽ നോക്കിക്കാണാനും പ്രശ്നവൽകരിക്കാനുമുള്ള ശ്രമമാണ് ഈ പ്രബന്ധം.

## പ്രയോഗവിജ്ഞാനവും വ്യാകരണവും

ഇരുപതാം നൂറ്റാണ്ടിന്റെ അവസാന രണ്ടുദശകങ്ങളിലാണ് പ്രയോഗവിജ്ഞാനം എന്ന പഠനശാഖയുടെ പ്രഭവവും വികാസവും. ജോർജ്ജ് ലക്കോഫ്, ജോൺ റോബർട്ട് റോസ്റ്റ് എന്നിവരാണ് ഈ രീതിയിലുള്ള ചിന്തകൾക്ക് തുടക്കം കുറിച്ചത്. പ്രയോക്താക്കളേയും

പ്രയോഗസന്ദർഭത്തേയും ഭാഷാപഠനത്തിന്റെ കേന്ദ്രത്തിൽ പ്രതിഷ്ഠിക്കുകയായിരുന്നു പ്രയോഗവിജ്ഞാനം. അർത്ഥവിജ്ഞാനം പൊതുവെ ഇടപെടാൻ മടിച്ച മണ്ഡലങ്ങളിലാണ് പ്രയോഗവിജ്ഞാനം ആദ്യം ഇടപെട്ടത്. അതുകൊണ്ടുതന്നെ അർത്ഥവിജ്ഞാനത്തിന്റെ ചവറ്റുകൊട്ട എന്ന് ആദ്യകാലത്ത് പ്രയോഗവിജ്ഞാനം വിമർശിക്കപ്പെട്ടിരുന്നു. ഭാഷകർ/എഴുത്തുകാർ സംവേദനം ചെയ്യുന്ന ശ്രോതാക്കൾ/വായനക്കാർ വായിച്ചെടുക്കുന്ന അർത്ഥത്തിന്റെ പഠനമാണ് പ്രയോഗവിജ്ഞാനം. അതിനാൽ വാക്കുകളും പദസംഹിതകളും അവയിൽ തന്നെ എന്തർത്ഥമാക്കുന്നു എന്നതിനേക്കാൾ തങ്ങളുടെ ഉക്തി (Utterance)യിലൂടെ ഭാഷകർ എന്താണ് അർത്ഥമാക്കുന്നത് എന്നതിന്റെ അപഗ്രഥനത്തിലാണ് പ്രയോഗ വിജ്ഞാനം ശ്രദ്ധിക്കുന്നത്. അങ്ങനെയാണെങ്കിൽ പ്രയോഗ വിജ്ഞാനം വാക്യാർത്ഥത്തിന്റെ പഠനമാകുന്നു (1983:3). ഒരു പ്രത്യേക പ്രകരണത്തിൽ ഭാഷകർ എന്താണ് അർത്ഥമാക്കുന്നതെന്നും അവരുടെ സംഭാഷണരീതിയെ പ്രകരണം എങ്ങനെയെല്ലാമാണ് സ്വാധീനിക്കുന്നതെന്നും അന്വേഷിക്കേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ ആരോടാണ് സംഭാഷണം നടത്തുന്നത്, എവിടെ വച്ചാണ്, എപ്പോഴാണ് സംഭാഷണം നടക്കുന്നത്, ചുറ്റുപാട് എന്താണ് എന്നിവയെല്ലാം അനുസരിച്ച് സംഭാഷണത്തെ ഭാഷകർ എങ്ങനെയെല്ലാം ക്രമീകരിക്കുന്നു എന്നതുകൂടി പരിഗണിക്കേണ്ടതുണ്ട്. അപ്പോൾ പ്രയോഗവിജ്ഞാനം പ്രകരണാർത്ഥ പഠനമാകുന്നു (1983:6). ഭാഷകരും, ശ്രോതാക്കളും തമ്മിലുള്ള ബന്ധവും ഇവിടെ നിർണായകമാണ്. ഇങ്ങനെ പ്രയോക്താക്കൾക്കും പ്രകരണത്തിനും പ്രാധാന്യം നൽകിക്കൊണ്ട് ഭാഷയെ അപഗ്രഥിക്കുകയാണ് പ്രയോഗവിജ്ഞാനം ചെയ്യുന്നത്.

നിയതമായ വ്യാകരണപഠനങ്ങൾക്ക് പലപ്പോഴും ഭാഷയുടെ അനന്തമായ പ്രയോഗസാധ്യതകളെ കണ്ടെത്താൻ സാധിക്കാറില്ല. ചോംസ്കി നിർദ്ദേശിച്ച വ്യാകരണ പര്യാപ്തികൾ കേരളപാണിനീയത്തിൽ എത്രത്തോളമുണ്ടെന്ന ചർച്ചക്കിടയിൽ ഡോ.സ്കറിയ സക്കറിയ ചൂണ്ടിക്കാട്ടുന്ന ഒരു കാര്യം ശ്രദ്ധേയമാണ്. 'കേരളപാണിനീയം കുറേക്കൂടി ഇന്നത്തെ ഭാഷയോട് അടുത്തു വരുന്നുണ്ടെങ്കിലും മലയാളിയുടെ അനുദിന ഭാഷാനുഭവത്തിന്റെ മേഖലകളിൽ നിന്ന് ഏറെ അകലെയാണ്. മലയാള നോവലുകളിലെ ഭാഷ, പത്രഭാഷ, ചലച്ചിത്ര ഭാഷ, പ്രാദേശികഭാഷകൾ എന്നിവയൊന്നും മലയാള വ്യാകരണഗ്രന്ഥങ്ങളുടെ നിരീക്ഷണ മണ്ഡലത്തിലില്ല (2005:). ഈ അനുദിന ഭാഷാനുഭവത്തെയാണ് പ്രയോഗവിജ്ഞാനം അഭിസംബോധന ചെയ്യുന്നത്. അത് നമ്മുടെ വ്യാകരണത്തെ പലപ്പോഴും അതിലംഘിക്കും. ഉദാഹരണത്തിന് 'നീ' എന്ന സർവനാമത്തിന്റെ

പ്രയോഗം എടുക്കാം. അതിന്റെ പ്രയോഗം വ്യാകരണസാധുതയെ മാത്രം അല്ല ആശ്രയിച്ചിരിക്കുന്നത്. വ്യാകരണപരമായി ആരെയും നീ എന്ന് അഭിസംബോധന ചെയ്യാമെന്നിരിക്കെ നമ്മുടെ വഴക്കങ്ങൾ അത് അനുവദിക്കുന്നില്ല. പ്രയോഗവിജ്ഞാനത്തിന്റെ നോട്ടം അങ്ങനെ വ്യാകരണപഠനത്തിന്റെ എല്ലുകകൾക്കപ്പുറം നിന്നിരുന്ന ചില മണ്ഡലങ്ങളെ അതിലേക്ക് കൂട്ടിയിണക്കാൻ സഹായകമാവും.

കേരളപാണിനീയത്തിലേക്ക്

കേരളപാണിനീയത്തിലെ 33-ാം കാരിക

'നാമാദിയാം വിഭാഗത്തി-
നെല്ലാമർത്ഥം നിയാമകം'

എന്നു പ്രസ്താവിക്കുന്നു. തുടർന്ന് ഏ.ആർ. തന്നെ അതിനെ വിശദീകരിക്കുന്നത് ഇങ്ങനെയാണ്. 'ഇവിടെ നാമം, കൃതി, ഭേദകം ഇങ്ങനെയെല്ലാം വിഭജിച്ചിരിക്കുന്നത് അതാതു പദങ്ങളുടെ അർത്ഥത്തിനുള്ള സ്വഭാവം അടിസ്ഥാനപ്പെടുത്തിയാണ്. അല്ലാതെ, ഇന്ന ശബ്ദം ഇന്ന വിഭാഗത്തിൽപെട്ടതാണെന്നുള്ള വിഭാഗരീതിയിലല്ല' (2005:112). എന്നാൽ തൊട്ടടുത്ത കാരിക

'നാമവും കൃതിയും തമ്മിൽ
ഭേദം രൂപനിബന്ധനം
ഭേദകം കൃതിയും തമ്മിൽ
രൂപസാമ്യവുമുണ്ടിഹ' (2005:112)

എന്നാണ് പറയുന്നത്. നാമവും കൃതിയും തമ്മിലുള്ള വ്യത്യാസം രൂപാവലീവിഷയത്തിലാണെന്നും ഭേദകത്തിന് രൂപഭേദം ഏറെയില്ലെന്നും അഥവാ ഉണ്ടെങ്കിൽ അത് കൃതികൾക്ക് തുല്യമായിട്ടാണെന്നും ഏ.ആർ. വ്യക്തമാക്കുന്നു. ധാത്വാധികാരത്തിൽ ഈ പ്രശ്നത്തിന് ഏ.ആർ. പരിഹാരം നിർദ്ദേശിക്കുന്നുണ്ട്. രൂപത്തിൽ തട്ടുന്നതായ അർത്ഥഭേദമേ വ്യാകരണത്തിന് സാക്ഷാദ്വിഷയമാകൂ എന്നതാണ് ഏ.ആറിന്റെ വിധി. രൂപമോ അർത്ഥമോ എന്ന സന്ദേഹം കേരളപാണീനിയത്തിലെ വ്യാകരണചർച്ചകളിൽ പലയിടത്തും കാണാം. രൂപവും അർത്ഥവും തമ്മിലുള്ള പൊരുത്തത്തിന്റെ നിഷ്ഠയെ പലപ്പോഴും പ്രയോഗം വെല്ലുവിളിക്കുന്നു. അതുകൊണ്ട് പ്രയോഗം കൂടി അവിടെ പ്രസക്തമാകുന്നു. കേരളപാണിനീയത്തിലെ ഭേദകം, കേവല-പ്രയോജക ക്രിയ, വിഭക്തി-കാരകബന്ധം, പ്രകാരം എന്നീ ചർച്ചകളിൽ ഇതെങ്ങനെ പ്രത്യക്ഷീകരിക്കുന്നു എന്ന അന്വേഷണമാണ് ഇവിടെ. ഭേദകത്തിനും വിഭക്തി കാരകബന്ധത്തിനും സി.എൽ,. ആന്റണി നടത്തിയിട്ടുള്ള വിമർശനത്തെ കൂടി പരിഗണിച്ചിട്ടുണ്ട്.

ഭേദകങ്ങൾ :

അർത്ഥത്തെ നിയാമകമാക്കിക്കൊണ്ട് കേരളപാണിനി ഭേദകത്തെ ഏഴായി തരംതിരിക്കുന്നു. 1) ശുദ്ധം (നൽ, പൊൻ, വൻ തുടങ്ങിയവ), 2) സാർവനാമികം (അ, ഇ, എ), 3) സാംഖ്യം (ഒരു, ഇരു), 4) വിഭാവകം (സമർത്ഥനായ, സമർത്ഥയായ), 5) പാരിമാണികം (നാഴി, എത്ര), 6) നാമാംഗജം (കെട്ടിയ, വെളുത്ത), 7) ക്രിയാംഗജം (ഉറക്കെ, മുറുകി) ഇവിടെ ക്രിയാംഗജം ക്രിയാവിശേഷവും മറ്റെല്ലാം നാമവിശേഷണങ്ങളുമാണ്. എന്നാൽ, ഒരു വ്യാകരണസംവർഗത്തെ അർത്ഥത്തിന്റേയും രൂപത്തിന്റേയും അടിസ്ഥാനത്തിൽ വേണം നിർണയിക്കാൻ എന്നു പറയുന്ന രീതി സി.എൽ. ആന്റണി മറ്റൊരു വിധത്തിൽ ഭേദകങ്ങളെ തരംതിരിക്കുന്നു. ശുദ്ധം (പെരിയ, പുതിയ, പഴയ, കുറിയ, ചെറിയ തുടങ്ങി 14 എണ്ണം), വിവേചകം (ആ ഈ എന്നിങ്ങനെ 2), സാംഖ്യം (ഒരു) എന്നിങ്ങനെ പതിനേഴ് നാമവിശേഷണങ്ങളെയേ അദ്ദേഹം ഭേദകങ്ങളായി കാണുന്നുള്ളൂ. മുപ്പതിൽ കുറയാത്ത ക്രിയാവിശേഷണങ്ങളുമുണ്ടെന്നാണ് സി.എൽ. ആന്റണിയുടെ വാദം.

ഭാഷയുടെ അനന്തമായ പ്രയോഗസാധ്യതകളിലേക്കു നോക്കുമ്പോൾ, സി.എൽ.ആന്റണി ചൂണ്ടിക്കാണിക്കുന്ന എണ്ണംപറഞ്ഞ ഭേദകങ്ങൾ പരിമിതമാണെന്ന് നേരേ കാണാവുന്നതേ ഉള്ളൂ. കേരളപാണിനീയത്തിലെ ഉദാഹരണങ്ങൾക്കെല്ലാം അതാത് പ്രയോഗസന്ദർഭങ്ങളിൽ വിശേഷണാർത്ഥം കൈവരുന്നുണ്ട്. എന്നാൽ കേവലമായ അർത്ഥത്തെ നിയാമകമാക്കുന്ന ഈ പരികല്പന കൊണ്ട് ഭാഷയുടെ അപരിമേയമായ പ്രയോഗസാധ്യതകളെ അഭിസംബോധന ചെയ്യാൻ പറ്റുമോ എന്നത് സംശയമാണ്.

ഉദാഹരണം 1:-

ജോൺസ് ആറ്റം കുടയുടെ പരസ്യവാചകം:
'ലോകത്തിലെ ഏറ്റവും വലിയ ചെറിയ കുട'

ഈ പരസ്യവാചകത്തിൽ ഏറ്റവും വലിയ ചെറിയ എന്നിങ്ങനെ മൂന്ന് ഭേദകങ്ങൾ ചേർത്ത് പ്രയോഗിച്ചിരിക്കുന്നു. ഇവയിൽ ഓരോന്നും പ്രത്യേകം പ്രത്യേകമായല്ല ഒരുമിച്ചു ചേർന്നാണ് കുടയെ വിശേഷിപ്പിക്കുന്നത്. വിപണിയിലെ ഇതര ഉത്പന്നങ്ങളിൽ നിന്നും പ്രസ്തുത കുടയ്ക്കുള്ള വ്യതിരിക്തത തെളിയിക്കുകയാണ് ഈ പ്രയോഗം ചെയ്യുന്നത്. അതുകൊണ്ട് അവ ഓരോന്നിന്റെയും കേവലാർത്ഥമല്ല, സവിശേഷമായ പ്രയോഗരീതിയും വിപണിയുടേയും പരസ്യത്തിന്റെയും പ്രകരണവുമാണ് ഭേദകത്വത്തിനു നിദാനം. ഏറ്റവും വലിയ എന്നിവയെ ഭേദകവിശേഷണങ്ങളായി

കണ്ടാലും ഈ പ്രയോഗത്തിന്റെ സവിശേഷത മനസ്സിലാക്കാൻ പറ്റില്ല. സവിശേഷമായ പ്രകരണത്തിനകത്തു നിന്നേ ഈ മൂന്ന വാക്കുകളും ചേർന്ന നിർമ്മിക്കുന്ന ഭേദകത്വത്തെ മനസ്സിലാക്കാൻ സാധിക്കൂ.

ഉദാഹരണം 2:-

വിഷയം മാറിപഠിച്ച് പരീക്ഷയെഴുതിയ സുഹൃത്തിനോട് പരീക്ഷയെ കുറിച്ച് ചോദിച്ചപ്പോൾ:

സുഹൃത്ത് (*പ്രത്യേക ഈണത്തിൽ*) 'ഉജ്ജ്വല പരീക്ഷയായിരുന്നു'.

ഇവിടെ ഉജ്ജ്വലം എന്ന വാക്ക് പരീക്ഷയെ വിശേഷിപ്പിക്കുകയാണെന്നതിൽ സംശയമില്ല. എന്നാൽ, അതിന്റെ കേവലമായ അർത്ഥത്തിലല്ല ആ വാക്ക് ഇവിടെ പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. ഗുണവാചിയായ വാക്കിന്റെ വിരുദ്ധാർത്ഥത്തിലാണ് ഇവിടെ ഭേദകത്വം ഉണ്ടാകുന്നത്. ഉക്തി (Utterance) നിർമ്മിക്കുന്ന സവിശേഷാർത്ഥമാണത്. നന്നായി, നല്ലത് തുടങ്ങിയ ഗുണവാചികളായ വാക്കുകളും ഇങ്ങനെ വിരുദ്ധാർത്ഥത്തിൽ വിശേഷണങ്ങളായി ഉപയോഗിക്കാറുണ്ട്.

ഉദാഹരണം 3 :-

1. സിനിമ കാണാൻ പോയ സുഹൃത്ത് സിനിമയെ കുറിച്ച് അറിയിച്ച അഭിപ്രായം.
   'മൂഞ്ചിയ പടം അളിയാ'
2. പുതിയ ബൈക്കിൽ യാത്ര പോയ സുഹൃത്തിനോട് യാത്രയെ കുറിച്ച് ചോദിച്ചപ്പോൾ
   'പൊളി ട്രിപ്പായിരുന്നു'.
3. കോളേജിലെ പങ്കെടുക്കാൻ പറ്റാതിരുന്ന പരിപാടിയെക്കുറിച്ച് പങ്കെടുത്ത സുഹൃത്തിനോട് ചോദിച്ചപ്പോൾ:-
   'പരിപാടി തകർത്തു'

കിടു, കിടുക്കി, കിടുക്കൻ, കിടുക്കാച്ചി, പൊളി, പൊളിച്ച, പൊളിച്ചു, തകർത്തു, തിമിർത്തു, മൂഞ്ചി, മൂഞ്ചിയ, അടിപൊളി തുടങ്ങി നിരവധി പ്രയോഗങ്ങൾ ഇന്ന് സാമാന്യമായി വിശേഷണാർത്ഥത്തിൽ പ്രയോഗിച്ച് കാണാം. ഇവയിൽ ചില വാക്കുകൾ വ്യാകരണപരമായി മറ്റു സംവർഗ്ഗങ്ങളിൽപെട്ടവയും അത്തരം പ്രയോഗരീതികൾ ഉള്ളവയുമാണ്. തകർത്തു, പൊളിച്ചു എന്നിവയൊക്കെ പൂർണക്രിയകളാണ്. വണ്ടി തകർത്തു, കെട്ടിടംപൊളിച്ചു എന്നിങ്ങനെ അവയ്ക്ക് ഭിന്നപ്രയോഗങ്ങളുമുണ്ട്. എന്നാൽ പരിപാടി തകർത്തു, യാത്ര പൊളിച്ചു എന്നൊക്കെ പറയുമ്പോൾ ഈ ക്രിയാർത്ഥമല്ല അവയ്ക്കു കൈവരുന്നത്. മറിച്ച് വിശേഷണാർത്ഥമാണ്.

ഇനിയും ചില പദങ്ങൾ രൂപപരമായി ചില പ്രത്യേക വ്യാകരണ സംവർഗ്ഗങ്ങളാണെന്ന തോന്നിക്കുമെങ്കിലും അവയ്ക്ക് അത്തരം പ്രയോഗങ്ങളില്ല. കിടു, കിടുക്കൻ എന്നിവ നാമ രൂപപരമായി നാമമെന്നും മൂഞ്ചി ക്രിയയെന്നും തോന്നിക്കുമെങ്കിലും അത്തരം പ്രയോഗങ്ങൾ നിലവിലില്ല. ഇവയൊക്കെ സവിശേഷ പ്രയോഗരീതിക്കൊണ്ട് ഭേദകത്വം കൈവരിക്കുന്നു. ഇവ സംഭാഷണ മുന (conversation implications)കളാണ്. ഉക്തിയുടെ പൊരുളാണ് സംഭാഷണമുനകൾ. അവ ഉക്തിയുടെ സാഹചര്യവുമായി ബന്ധപ്പെട്ടു നിൽക്കുന്നു.

ഉദാഹരണം 4:-

1) കളിയാക്കി കൊന്നു

2)ചിരിച്ചു മരിച്ചു

3) പട്ടിപ്പണിയായിരുന്നു

(1) ലെ'കൊന്നു'വും, (2) 'മരിച്ചു' വും വ്യാകരണപരമായി പൂർണക്രിയകളാണ്. ഇവിടെ അവ മറ്റൊരു ക്രിയയെ വിശേഷിപ്പിക്കുന്ന പ്രയോഗങ്ങളാണ്. (3) ലെ പട്ടി വ്യാകരണപരമായി നാമമാണ്. എന്നാൽ സവിശേഷപ്രയോഗസന്ദർഭത്തിൽ അതിന് വിശേഷണാർത്ഥം കൈവരുന്നു. ഇവയും സംഭാഷണമുനകൾ തന്നെ.

ഉദാഹരണം 5:-

ട്രോളുകളിലെ 'ലെ' (ലെ ചങ്ക്, ലെ കുമ്മൻ, ലെ പിണു)

സർവനാമങ്ങളെ ഏ.ആർ ഭേദകങ്ങളായി പരിഗണിക്കുന്നുണ്ട്. ആ, ഈ തുടങ്ങിയവയെ വിവേചകങ്ങൾ എന്ന് സി.എൽ. ആന്റണി സ്ഥാനപ്പെടുത്തുന്നു. ഇവയെല്ലാം പ്രകരണവാചി (Diexs)കൾ ആണ്. ഭാഷാരൂപങ്ങളിലൂടെ ചൂണ്ടിക്കാട്ടുക എന്നാണതിനർത്ഥം. ഒരു സവിശേഷ പ്രകരണമാണ് അവയുടെ പ്രവർത്തനത്തെ നിർണയയിക്കുന്നത്. ട്രോളുകളിലെ 'ലെ' എന്ന പ്രയോഗം ഇത്തരത്തിൽ പ്രകരണവാചികളാണ്. ആ, ഈ എന്ന വിവേചകങ്ങളെ പോലെ അതിനും ഭേദകത്വം ഉണ്ട്.

### കേവല പ്രയോജക ക്രിയകൾ

ക്രിയകളെ അവയുടെ വ്യാപാരത്തിന്റെ അടിസ്ഥാനത്തിൽ കേവലം, പ്രയോജകം, എന്ന് കേരളപാണിനീയം വേർതിരിക്കുന്നു. സ്വപ്രേരണയാൽ ചെയ്യുന്ന ക്രിയയാണ് കേവലക്രിയ (ഓടുക, നില്ക്ക, കാണുക, തിന്നുക). പരപ്രേരണയാൽ ചെയ്യുന്ന ക്രിയകളാണ് പ്രയോജക ക്രിയകൾ (ഓടിക്ക, നിർത്തുക, കാണിക്ക, തീറ്റുക). ഇവിടെ അർത്ഥമാണ് പ്രധാനമെങ്കിലും രൂപത്തെ മുൻനിർത്തിയാണ് ഏ.ആർ. അവയെ വിശദീകരിക്കുന്നത്. തുടർന്ന് കേവലക്രിയയെ കാരിതം, അകാരിതം എന്നു വിഭജിക്കുന്നിടത്ത്

രൂപം മാത്രമാണ് നിയാമകം. പ്രയോജകക്രിയകൾ മിക്കതും കാരിതങ്ങളായതാവാം ഇതിനു കാരണം. രൂപത്തേയും കേവലമായ അർത്ഥത്തേയും മുൻനിർത്തിയാണ് ഏ.ആർ. ഈ വിഭജനം നടത്തുന്നത്. എന്നാൽ, കേവല പ്രയോജക ക്രിയകളിൽ പ്രയോക്താക്കൾക്ക് നിർണായക സ്ഥാനമുണ്ട്.

ഉദാഹരണം 6:-

*(ഒരു ഫോൺ സംഭാഷണം)*

സുഹൃത്ത് : 'ടാ, ഞാൻ little miss sunshine' ന്നൊരു സിനിമ കണ്ടു. ഗംഭീരം.

ഞാൻ : നീയെങ്ങനെ കണ്ട്

സുഹൃത്ത് : ലൂക്കോച്ചൻ പറഞ്ഞിട്ട് കണ്ടതാ.

കാണുക എന്ന ക്രിയയെ ഒറ്റയ്ക്കെടുത്താൽ അത് കേവല ക്രിയയാണെന്ന് തോന്നും. എന്നാൽ, ഇവിടെ പ്രയോക്താവിനെ സംബന്ധിച്ചിടത്തോളം അത് പരപ്രേരണയാൽ ചെയ്യുന്ന ക്രിയയാണ്. അയാൾ പ്രയോജക കർത്താവാണ് പ്രയോക്താവിന്റെ സ്ഥാനമാണ് കേവല പ്രയോജകഭേദത്തെ നിർണയിക്കുന്നത്.

ഉദാഹരണം 7:-

1) സമരക്കാർ റോഡ് തടഞ്ഞു

2) നേതാവിന്റെ അഹ്വാനപ്രകാരം സമരക്കാർ റോഡ് തടഞ്ഞു.

1-ലെ തടഞ്ഞു എന്ന ക്രിയ നിസ്സംശയമായും കേവലക്രിയ തന്നെയാണ്. എന്നാൽ 2-ലെ തടയൽ പരപ്രേരണയാൽ സംഭവിക്കുന്നതാണ്. ഇവിടെയും പ്രയോക്താവിന്റെ സ്ഥാനമാണ് പ്രധാനം.

ഉദാഹരണം 8:-

ഞാൻ കുട്ടിയെ ഉറക്കി

ഇവിടെ രണ്ട് പ്രയോക്താക്കൾ—ഞാൻ, കുട്ടി—ഉണ്ട്. ഇവ യഥാക്രമം പ്രയോജക കർത്താവും പ്രയോജ്യകർത്താവുമാണ്. രണ്ട് തരം കാരക ബന്ധങ്ങളും ഈ വാചകത്തിലുണ്ട്. കർതൃകാരവും (പ്രയോജകർത്താവും ക്രിയയും തമ്മിലുള്ള ബന്ധം) കർമകാരകവും (പ്രയോജ്യകർത്താവും ക്രിയയും തമ്മിലുള്ളബന്ധം). കർതൃകാരകത്തിൽ (നിർദ്ദേശിക രൂപം) ക്രിയ കേവലമാണ്. സ്വപ്രേരണയാലാണ് ഉറക്കുന്നത്. കർമകാരകത്തിലാണ് ക്രിയ പ്രയോജകമാകുന്നത്. പ്രയോജക കർത്താവിന്റെ പ്രേരണയാലാണ് ഉറങ്ങുന്നത്. കേവല പ്രയോജക നിർണയനത്തിൽ കാരകബന്ധം നിർണായകമാണ്. കാരകബന്ധമാണ് പ്രയോക്താവിന്റെ സ്ഥാനം വെളിവാക്കുന്നത്.

സൂക്ഷ്മമായി നിരീക്ഷിച്ചാൽ, രണ്ടു തരം ക്രിയാവ്യാപാരങ്ങൾ ഇവിടെ നടക്കുന്നുണ്ട്. ഒന്ന് പ്രയോജകകർത്താവ് ചെയ്യുന്ന പ്രേരണ, മറ്റൊന്ന് പ്രയോജ്യ കർത്താവ് ചെയ്യുന്ന ക്രിയ (പ്രയോജകക്രിയ). മിക്കപ്പോഴും ഈ പ്രേരണയും പ്രയോജക ക്രിയയും വാക്യത്തിൽ വേറിട്ടു കാണില്ല. ചിലപ്പോൾ കാണാം.

ഉദാഹരണം 9 :-

1) ഞാൻ കുട്ടിയെ പാട്ടുപാടി ഉറക്കി

2) ഞാൻ പട്ടിയെ കല്ലെറിഞ്ഞ് ഓടിച്ചു.

ഇവിടെ പാട്ടു പാടി, കല്ലെറിഞ്ഞ് എന്നീ കേവലക്രിയകൾ പ്രയോജക കർത്താവ് ചെയ്യുന്ന പ്രേരണയാണ്. ഈ പ്രേരണ കൊണ്ട് സാധ്യമാക്കുന്ന ക്രിയയാണ് പ്രയോജക ക്രിയ. 'പ്രേരിപ്പിച്ചു' എന്ന ക്രിയാരൂപം ശ്രദ്ധിച്ചാൽ ഇത് പെട്ടെന്ന് മനസ്സിലാകും.

ഉദാഹരണം 10 :-

1) ഞാൻ അവനെ പ്രേരിപ്പിച്ചു

ഇവിടെ പ്രേരിപ്പിച്ചു എന്നത് രൂപപരമായി പ്രയോജകക്രിയയാണെന്ന് തോന്നുമെങ്കിലും അങ്ങനെയല്ല എന്ന് നേരേ തന്നെ കാണാവുന്നതാണ്. പ്രേരണ കൊണ്ട് ഇവിടെ ക്രിയയൊന്നും നടക്കുന്നില്ല. പ്രേരിപ്പിക്കുക എന്നത് കർത്താവ് ചെയ്യുന്ന കേവല ക്രിയയാണ്. പ്രേരിപ്പിക്കുക എന്ന ക്രിയയ്ക്ക് പ്രയോജകരൂപം ഇല്ല എന്ന സി.വി. വാസുദേവഭട്ടതിരിയുടെ നിരീക്ഷണം ഇവിടെ പ്രസക്തമാണ് (1995:108)

2) ഞാൻ അവനെ പാട്ടു പാടാൻ പ്രേരിപ്പിച്ചു.

ഇവിടെ പ്രേരണകൊണ്ട് ഒരു ക്രിയാസാധ്യത (പാട്ട് പാടിയിട്ടില്ല) നിലവിൽ വരുന്നു. ഈ പാട്ട് പാടലാണ് പ്രയോജകക്രിയ. എന്നാൽ അത് പ്രയോജകമാകണമെങ്കിൽ

3) എന്റെ പ്രേരണയാൽ അവൻ പാട്ടു പാടി എന്നാവണം. ഇവിടെ പാടി ആണ് പ്രയോജകക്രിയ.

പ്രയോജ്യകർത്താവ് നിർദ്ദേശികാരൂപത്തിലാണെങ്കിൽ (പ്രയോജക ക്രിയ കർതൃകാരകത്തിലാണെങ്കിൽ) പ്രേരണ വേറിട്ടുതന്നെ കാണിക്കണം (ഉദാഹരണം 6 നോക്കുക)

ഉദാഹരണം 11:-

'അമ്മ പറഞ്ഞതനുസരിച്ച് ഞാൻ കുട്ടിയെ ഉറക്കി'.

ഇവിടെ അമ്മ പ്രയോജക കർത്താവും, ഞാൻ പ്രയോജ്യകർത്താവും,

കുട്ടി കർമ്മവുമാകുന്നു. അമ്മയുടെ പറച്ചിൽ പ്രേരണയാണ്. ഈ പ്രേരണ യനുസരിച്ചാണ് ഞാൻ (പ്രയോജ്യകർത്താവ്) ഉറക്കുന്നത്. അതുകൊണ്ട് ഉറക്കുക തന്നെ പ്രയോജകക്രിയയാണ് (പാട്ടുപാടി ഉറക്കി എന്നാക്കി യാൽ വേഗം മനസ്സിലാവും). ഇത് മറ്റൊരു പ്രേരണയാകുന്നു. അതനുസരിച്ച് കുട്ടി ഉറങ്ങുന്നു. അതും പ്രയോജകക്രിയ തന്നെ.

ക്രിയയുടെ കേവല പ്രയോജകഭേദം പ്രയോക്താക്കളേയും അവരുടെ സ്ഥാനത്തേയും ക്രിയയുമായി അവർ പുലർത്തുന്ന ബന്ധത്തേയും ആശ്ര യിച്ചിരിക്കുന്നു.

## വിഭക്തി സംജ്ഞകളും കാരകബന്ധവും

മുൻഗാമികളായ വൈയാകരണൻമാരിൽ നിന്നും വ്യത്യസ്തമായി വിഭക്തികൾക്ക് ഏ.ആർ. പുതിയ പേരുകൾ നിർദ്ദേശിക്കുന്നു. പ്രഥമ, ദ്വിതീയ, തൃതീയ തുടങ്ങിയ സംസ്കൃതസംജ്ഞകൾക്കു പകരം നിർദ്ദേശിക, പ്രതിഗ്രാഹിക, സംയോജിക, ഉദ്ദേശിക, പ്രയോജിക, സംബന്ധിക, ആധാരിക എന്നിങ്ങനെയാണ് ഏ.ആർ. മലയാള വിഭക്തികൾക്ക് പേര് നൽകുന്നത്. ഈ നാമകരണം അർത്ഥത്തെ ആധാരമാക്കിയുള്ള താണെന്ന് ഏ.ആർ. തന്നെ വ്യക്താമാക്കുന്നുണ്ട്. ഈ പേരുമാറ്റത്തിന് ഏ.ആർ. ഉന്നയിക്കുന്ന പ്രധാന കാരണം സംസ്കൃതത്തിൽ ഒരു രൂപത്തിനു തന്നെ പല അർത്ഥങ്ങൾ കാണാം. എന്നാൽ മലയാളത്തിൽ രൂപഭേദം അർത്ഥഭേദം ഉണ്ടാക്കുന്നു എന്നതാണ്. കപ്പൽ കണ്ണിൽ നിന്നകന്നു, കപ്പൽ പണിതു കടലിറക്കി, കപ്പൽ കയറി പോകണം എന്നിങ്ങനെ മൂന്ന് വാചകങ്ങളിൽ നിർദ്ദേശികാ രൂപത്തിന് യഥാക്രമം നിർദ്ദേശിക, പ്രതിഗ്രാഹിക, ആധാരിക എന്നിങ്ങനെയാണ് അർത്ഥം വരുന്നതെ ന്ന് ചൂണ്ടിക്കാണിക്കുന്ന സി.എൽ.ആന്റണി ഏ.ആറിന്റെ വാദത്തെ എതിർക്കുന്നു.

ഇവിടെയാണ് ഉക്തിക്ക് ആവശ്യമായ പൂർവധാരണകൾ (Pre -supposition) പ്രധാനമാകുന്നത്. ഉക്തിയുടെ സംവേദനത്തിൽ ചില പൂർവധാരണകൾ അനിവാര്യമാണ്. ഉക്തിയുടെ സന്ദർഭത്തെ കുറിച്ച് വക്താവിനും ശ്രോതാവിനും ഒരു പോലെയുള്ള ധാരണകളാണവ. മേൽപറഞ്ഞ മൂന്ന് വാക്യങ്ങളിലേയും കാരകബന്ധം വേർതിരിച്ച മനസ്സിലാക്കാനാവുന്നത് പൂർവധാരണകളുടെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് കാരകബന്ധത്തെ വിഭക്തി രൂപത്തെ മുൻനിർത്തിയല്ല പ്രകരണത്തെ മുൻനിർത്തി വേണം മനസ്സിലാക്കാൻ.

ഉദാഹരണം 12:-

1) ഞാൻ രാവിലെ വണ്ടികയറി

2) എന്റെ കൈയിൽ നിന്നും വീണ മൊബൈലിൽ വണ്ടികയറി

ഇവിടെ (1) ൽ വണ്ടിയിൽ കയറി എന്നാണ് പ്രയോക്താവ് അർത്ഥമാക്കുന്നത്. ആധാരിക വിഭക്തി. അധികരണ കാരകം. ഈ ബന്ധം ഉക്തിക്ക് അനിവാര്യമായ പൂർവധാരണ (ഇവിടെ യാത്രയെ സംബന്ധിച്ചത്) യിലൂടെയാണ്. (2) ൽ നിർദ്ദേശിക തന്നെ. കർതൃകാരകം.ഇവിടെയും പൂർവബോധമാണ് കാരകബന്ധത്തെ സംവേദനം ചെയ്യുന്നത്.

പ്രകാരം :–

ഒരു ധാതു തനിക്കുള്ള അർത്ഥത്തെ വെളിവാക്കുന്ന മട്ടിനെയാണ് പ്രകാരം എന്നു പറയുന്നത്. കേരളപാണിനീയത്തിൽ നിയോജകം, വിധായകം, അനുജ്ഞായകം എന്നീ മൂന്ന് പ്രകാരങ്ങളെ കുറിച്ചേ ഏ.ആർ. പറയുന്നുള്ളു.പിന്നീട് ആശംസ, ആശിസ്സ് എന്നിങ്ങനെ രണ്ട് പ്രകാരങ്ങളെ കുറിച്ച് കൂടി സൂചിപ്പിക്കുന്നു. സി.വി. വാസുദേവ ഭട്ടതിരിയെ പോലുള്ള വൈയാകരണർ ഇവ കൂടാതെ മറ്റു പ്രകാരങ്ങളെ കുറിച്ച് കൂടി പറയുന്നുണ്ട്. എന്ത് തന്നെയായാലും ഇവയോരോന്നും ഓരോ ഭാഷണക്രിയകളാണ് (speech acts). ഭാഷകർ തങ്ങളുടെ ഉക്തി കൊണ്ട് സവിശേഷമായൊരു ക്രിയ ചെയ്യുന്നതിനാണ് ഭാഷകക്രിയകൾ എന്നു പറയുന്നത്. യഥാക്രമം നിയോഗിക്കൽ, വിധിക്കൽ, അനുവാദം നല്കൽ എന്നീ ക്രിയകളാണ് ഈ പ്രകാരങ്ങളിലൂടെ സാധ്യമാകുന്നത്. അതുകൊണ്ട് തന്നെ, പ്രയോക്താക്കൾക്കും, പ്രയോഗസന്ദർഭത്തിനു മാണ് ഇവിടെ പ്രാധാന്യം. പ്രയോക്താക്കൾ തമ്മിലുള്ള ബന്ധവും അടുപ്പവും തൊഴിൽപരമോ അല്ലാത്തതോ ആയ മേലുകീഴുകളും ഭാഷണവൃത്തികളെ സ്വാധീനിക്കും. ഏ.ആർ. നൽകുന്ന നിയോജകം -അട്ടേ, വിധായകം -അണം, അനുജ്ഞായകം-ആം എന്നിങ്ങനെയുള്ള രൂപപരമായ വിഭജനം അതുകൊണ്ട് തന്നെ പ്രയോഗത്തിൽ അസ്ഥിരമാകും.

ഉദാഹരണം 13:-

1) അമ്മ: അവന് ഒരു ജോലി നോക്കണമെന്ന്
അച്ഛൻ : നോക്കട്ടെ (അനുജ്ഞായകം)

2) അച്ഛൻ: എനിക്ക് പകരം നാളത്തെ ചടങ്ങിന് ഇവൻ പോകട്ടെ (നിയോജകം)

3) അച്ഛൻ: അവൻ എഞ്ചിനീയറിംഗ് പഠിക്കട്ടെ (വിധായകം)

ഇങ്ങനെ 'അട്ടെ' എന്ന പ്രത്യയം തന്നെ മൂന്നു പ്രകാരത്തിലും വരാം.

ഉദാഹരണം 14 :-

1) സുഹൃത്ത് 1 : നമുക്ക് നിലമ്പൂർ പൂവണ്ടേ ?
   സുഹൃത്ത് 2 : പിന്നെ പോണ്ടേ ? (അനുജ്ഞായകം)
2) സുഹൃത്ത് 1 : നമുക്ക് കഴിച്ചാലോ
   സുഹൃത്ത് 2 : കഴിക്കാലോ (അനുജ്ഞായകം)
3) സുഹൃത്ത് 1 : ഞാൻ നാളെ വന്നാ മതിയോ?
   സുഹൃത്ത് 2 : മതി (അനുജ്ഞായകം)

ഇങ്ങനെ വിവിധങ്ങളായ ഉക്തികളിലൂടെ അനുവാദം നൽകുക എന്ന ഭാഷണക്രിയ നടത്താം.

ഉദാഹരണം 15:-

1) അമ്മ (മകനോട്) : നീ ഇതുവരെ ഭക്ഷണം കഴിച്ചില്ലെ ?
   (ഇവിടെ ഭക്ഷണം കഴിക്കാൻ വിധിക്കുകയാണ്)
2) ഭർത്താവ് (ഭാര്യയോട്) : ഷർട്ടെവിടെ?
   (ഷർട്ടിനായി ആവശ്യം ഉന്നയിക്കുന്നു- വിധായകം)

ഇങ്ങനെ വിഭിന്നങ്ങളായ ഉക്തികൾ കൊണ്ട് സാധ്യമാകുന്ന ഭാഷണ ക്രിയകളാണ് ഓരോ പ്രകാരവും.

ഉപസംഹാരം

പ്രയോഗവിജ്ഞാനം ഊന്നുന്നത് ഭാഷയുടെ അനന്തമായ പ്രയോഗ സാധ്യതകളിലാണ്. പ്രയോഗവിജ്ഞാനത്തെ വ്യാകരണത്തിലേക്ക് ഉൾച്ചേർക്കുമ്പോൾ ഭാഷാ ശാസ്ത്രത്തിന്റെ വിവരണാത്മകതയും വ്യാകരണത്തിന്റെ നിർദ്ദേശാത്മകയും തമ്മിലുള്ള സംഘർഷം സ്വാഭാവികമായും ഉണ്ടാവാം. എന്നാൽ വ്യാകരണത്തിന്റെ നിർദ്ദേശാത്മകത്വം ഇന്ന് ചോദ്യം ചെയ്യപ്പെടുന്നുണ്ട്.വ്യാകരണസംവർഗങ്ങൾക്കപ്പുറത്തേക്ക് ഭാഷയുടെ പ്രയോഗത്തിലേക്ക് ആഗോളതലത്തിലുള്ള വ്യാകരണപഠനങ്ങൾ വികസിച്ചു തുടങ്ങിയിട്ടുണ്ട്. പ്രയോഗവ്യാകരണവും(pragmatic grammer) ധൈഷണിക വ്യാകരണവും (Cognitive grammer) ഇത്തരം വികാസങ്ങളാണ്. മലയാളത്തിന്റെ സംശ്ലിഷ്ടസ്വഭാവം വെല്ലുവിളിയാണെങ്കിലും (അത് രൂപത്തിലേക്കു നോക്കാൻ നിർബന്ധിക്കും) ഇത്തരം പഠനങ്ങൾക്കേ അനുദിന ഭാഷാനുഭവത്തെ വ്യാകരണപഠനത്തിലേക്ക് ഉൾച്ചേർക്കാനാവൂ.

ഗ്രന്ഥസൂചി :

1. ആന്റണി, സി.എൽ., 2001 *കേരളപാണിനീയഭാഷ്യം*, ഡിസി ബുക്സ്, കോട്ടയം.

2. വാസുദേവഭട്ടതിരി, സി.വി., 1995 *മലയാള വ്യാകരണം പ്രയോഗത്തിൽ*, കറന്റ് ബുക്സ്, തൃശ്ശൂർ.

3. രാജരാജവർമ്മ, ഏ.ആർ., 2005 *കേരളപാണിനീയം*, ഡിസി ബുക്സ്, തൃശ്ശൂർ.

4. സുമി ജോയി ഒലിയാപുറം, 2016 *മലയാളവഴക്കങ്ങൾ: നവീന മലയാള ത്തിന്റെ സാംസ്കാരിക പഠനം* (അപ്രകാശിത ഗവേഷണപ്രബന്ധം), എസ്ബി കോളേജ്, ചങ്ങനാശ്ശേരി.

5. സ്കറിയ സക്കറിയ 2005, '*മലയാള വ്യാകരണത്തിലെ രാജരാജ മാർഗ്ഗം*' (ആമുഖം) *കേരളപാണിനീയം,* ഡി.സി.ബുക്സ്, കോട്ടയം.

6. Levinson, Stephen C., 1983, *Pragatics*, Cambridge University Press, UK.

7. Yule, George, 1985, *The Study of Language*, Cambridge University Press, UK

8. മലയാള മനോരമ ദിനപത്രം 2011 ജൂൺ 1

9. മലയാള മനോരമ ദിനപത്രം 2002 മാർച്ച് 25

# പ്രയോഗവിജ്ഞാനം: സിദ്ധാന്തവും പ്രയോഗവും
## (പ്രകരണവാചികൾ മുൻനിർത്തിയുള്ള പഠനം)

ഡോ. സുമി ജോയി ഒലിയപ്പുറം
അസി.പ്രൊഫ. മഹാരാജാസ് കോളേജ്, എറണാകുളം

ഭാഷാശാസ്ത്രത്തിലെ വികസ്വരപഠനശാഖകളിലൊന്നാണ് ഇന്ന് പ്രയോഗവിജ്ഞാനം. പ്രകരണകേന്ദ്രീകൃതമായ പഠനരീതിയാണ് പ്രയോഗവിജ്ഞാനത്തിന്റെ സവിശേഷത. പഠനമേഖലയുടെ സ്വഭാവത്തിൽ വൈജാത്യം പ്രകടമാക്കുന്നതാണ് പ്രയോഗവിജ്ഞാനം; രീതിശാസ്ത്രത്തിലുമുണ്ട് വൈജാത്യഭംഗി. എങ്കിലും പ്രയോക്താക്കളും ചിഹ്നങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനമാണ് പ്രയോഗവിജ്ഞാനമെന്ന ആദ്യനിർവചനം[1] ഇന്നും സംഗതമാണ്. ഭാഷയെ നിശ്ചലമായ വ്യവസ്ഥ എന്ന നിലയിൽ കണ്ടുകൊണ്ടുള്ള പഠനങ്ങൾക്കല്ല പ്രയോഗവിജ്ഞാനത്തിൽ സ്ഥാനമുള്ളത്. അതുപോലെ തന്നെ ഭാഷയെ ആശയവിനിമയപ്രക്രിയയുടെ അന്തിമോല്പന്നമെന്ന നിലയിൽ വീക്ഷിച്ചുകൊണ്ടുള്ള സമീപനരീതികൾക്കും പ്രയോഗവിജ്ഞാനം ഇടം നൽകുന്നില്ല. ഭാഷാരൂപങ്ങൾക്കും സന്ദേശങ്ങൾക്കും പ്രയോക്താക്കളുമായുള്ള ബന്ധം ചലനാത്മകമായി മനസ്സിലാക്കാനാണ് പ്രയോഗവിജ്ഞാനം ഉദ്യമിക്കുന്നത്. വാക്കുകളും പദസംഹിതകളും അവയിൽത്തന്നെ അർത്ഥമാക്കുന്നതിലും അധികം കാര്യങ്ങൾ, പ്രയോക്താക്കൾ എങ്ങനെ തങ്ങളുടെ ഉക്തിയിലൂടെ (utterance)[2] വിനിമയം ചെയ്യുന്നു, തങ്ങൾക്കു യുക്തമായ രീതിയിൽ ഉക്തികളെ പ്രയോക്താക്കൾ എങ്ങനെ വ്യാഖ്യാനിച്ചെടുക്കുന്നു, പല രീതികൾ സാധ്യമായിരിക്കെ ഒരു പ്രത്യേകരീതിയിൽ പ്രയോക്താക്കൾ എന്തുകൊണ്ട് സംസാരിക്കുന്നു, പലതരം വ്യാഖ്യാനങ്ങൾ സാധ്യമായിരിക്കെ ഒരു പ്രത്യേകവ്യാഖ്യാനത്തിലേക്ക് പ്രയോക്താക്കൾ എങ്ങനെ എത്തിച്ചേരുന്നു, പ്രകരണഘടകങ്ങൾ സംബന്ധമായ പ്രയോക്താക്കളുടെ

കാഴ്ചപ്പാടുകൾ ഉക്തികളുടെ ഉല്പാദനത്തിലും വ്യാഖ്യാനത്തിലും എങ്ങനെ നിർണായകമാകുന്നു എന്നിവയൊക്കെ പരിഗണിക്കുകയും അന്വേഷണ വിധേയമാക്കുകയും ചെയ്യുന്ന ഭാഷാശാസ്ത്രപഠനശാഖയാണ് പ്രയോഗവിജ്ഞാനം. സംവേദനം സംബന്ധമായ ചിഹ്നശാസ്ത്രപരമായ കാഴ്ചപ്പാടുകൾ അന്ധമായി പ്രയോഗവിജ്ഞാനം പിന്തുടരുന്നില്ല.[3] അതിനാൽത്തന്നെ സംവേദനപ്രക്രിയയെ വെറും യാന്ത്രികമായ സങ്കേതന-വിസങ്കേതന പ്രക്രിയയായി വിശദീകരിക്കുന്നത് ഉചിതമായി പ്രയോഗവിജ്ഞാനം കരുതുന്നില്ല. ഒരു പ്രത്യേക സങ്കേതം ഉപയോഗിക്കുമ്പോൾത്തന്നെ, സങ്കേതത്തിൽ മാത്രം പരിമിതപ്പെടാതെ ലോകബോധത്തിന്റെയും പ്രകരണജ്ഞാനത്തിന്റെയും ബലത്തിൽ പ്രയോക്താക്കൾ പരസ്പരം വിനിമയം നടത്തുന്നുവെന്ന കാഴ്ചപ്പാടിനാണ് പ്രയോഗവിജ്ഞാനം പ്രാമുഖ്യം നല്കുന്നത്.

### പ്രകരണസൂചകത്വം (deixis)[4]

സാധാരണ സംഭാഷണങ്ങളിലുടനീളം ആവർത്തിച്ച് കടന്നുവരുന്ന ചില വാക്കുകളുണ്ട്. പ്രകരണസൂചകത്വം (deixis) എന്ന പൊതുതലക്കെട്ടിനു കീഴിലായി പ്രയോഗവിജ്ഞാനം സൂക്ഷ്മാപഗ്രഥനത്തിനു വിധേയമാക്കുന്ന പ്രകരണസൂചനാവാചികൾ എന്ന ഇനത്തിൽ പെടുന്നവയാണിവ. പ്രകരണസൂചകത്വം എങ്ങനെ പ്രകരണസൂചനാവാചികളിലൂടെ കൈമാറാൻ കഴിയുന്നു എന്നതു സംബന്ധമായ അന്വേഷണമാണ് ഈ പ്രബന്ധത്തിന്റെ ഉള്ളടക്കം.

### പ്രകരണസൂചനാവാചികൾ

പ്രകരണസൂചനാവാചികൾ പ്രധാനമായും മൂന്നുഗണത്തിൽ ഉൾപ്പെടുന്നു എന്നാണ് പ്രയോഗവിജ്ഞാനം കരുതുന്നത്.[5] സംഭാഷണത്തിൽ പങ്കെടുക്കുന്ന/പരാമർശിക്കപ്പെടുന്ന വ്യക്തികളെ സൂചിപ്പിക്കാനുദ്ദേശിക്കുന്ന വ്യക്തിവാചികൾ

ഞാൻ, എനിക്ക്, എന്റെ, നാം, നമ്മുടെ, ഞങ്ങൾ, നീ, നിനക്ക്, നിങ്ങളുടെ, താങ്കളുടെ, തനിക്ക്, തന്റെ, നിന്റെ, അവൻ, അവൾ, ഇവൾ, ഇവൻ, അവർ, ചിലർ, പലർ, ആരോ, വല്ല, എല്ലാ, ഇന്ന, ഒരു

(1) സംഭാഷണം നടക്കുന്ന/സംഭാഷണത്തിൽ പരാമർശിക്കപ്പെടുന്ന ഇടത്തെ സൂചിപ്പിക്കുന്ന സ്ഥലവാചികൾ ഇവിടെ, അവിടെ, ഇങ്ങ്, അങ്ങ്, എങ്ങും, എവിടെയും (ചുട്ടെഴുത്തുകൾക്കുശേഷം കടന്നുവരുന്ന സ്ഥലവാചികൾ ഉദാ:- ഈ സ്ഥലം)

(2) സംഭാഷണം നടക്കുന്ന/സംഭാഷണത്തിൽ സൂചിപ്പിക്കപ്പെടുന്ന കാലം/

സമയം എന്നിവയെ കുറിക്കുന്ന സമയവാചികൾ/കാലവാചികൾ ഇപ്പോൾ, ഈ സമയം, ഈ നിമിഷം, ഈ ദിവസം-

(ചുട്ടെഴുത്തുകൾക്കുശേഷം കടന്നുവരുന്ന സമയകാലവാചികൾ ഉദാ:-ഈ മാസം).

ഒരേ പ്രകരണം പങ്കിടുന്ന/പ്രകരണത്തെക്കുറിച്ച് ബോധ്യമുള്ള ഭാഷാ പ്രയോക്താക്കളെ ആശ്രയിച്ചുമാത്രമേ ഇത്തരം ഭാഷാരൂപങ്ങളുടെ പൊരുൾ നിർണയിക്കാനാവൂ. പ്രകരണനിഷ്ഠമായ പ്രത്യേകാറിവുകളുടെ സഹായത്തോടെ മാത്രം നിശ്ചയിക്കാനാവുന്ന പൊരുളാണ് ഇത്തരം പദങ്ങളുടെ പ്രത്യേകത.[6] ഒരു പ്രത്യേകാർത്ഥം ഇത്തരം പദങ്ങൾക്ക് ഇല്ല. അതായത് ഏതു പ്രകരണത്തിലും മാറ്റമില്ലാതെ നിലനിൽക്കുന്ന ഒരർത്ഥം പ്രകരണവാചികൾക്കില്ല. ആളും ഇടവും കാലവും മാറുന്നതിനനുസരിച്ച് പ്രകരണവാചികളുടെ പൊരുളും മാറിക്കൊണ്ടേയിരിക്കും.

ജർമ്മൻ തത്ത്വചിന്തകനായ കാൾ ബ്യൂളർ (Karl Buhler) 'ഞാൻ' എന്ന വാക്കിന്റെ അസന്ദിഗ്ധാർത്ഥത്തെക്കുറിച്ച് ഏറെ വൈഷമ്യത്തോടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.[7] എന്തെന്നാൽ സന്ദിഗ്ധത തീരെയില്ലാത്ത പരാമർശനരീതികൾ ഭാഷയിലൂടെ സാധ്യമാകണമെന്ന് പ്രതീക്ഷിക്കുന്നവരും വാശിപിടിക്കുന്നവരുമാണ് തർക്കശാസ്ത്രജ്ഞർ. അതിനാൽ സന്ദിഗ്ധമായ പരാമർശനം സാധ്യമാക്കുന്ന ഞാൻ, നീ തുടങ്ങിയ വാക്കുകളെ ഭാഷയിൽ നിന്നു തന്നെ തുരത്തണം എന്നുപോലും ചിലർ വാശിപിടിച്ചിരുന്നു(Me-y, 1994:90).[8]

റഷ്യൻ-ജർമ്മൻ ഭാഷാശാസ്ത്രജ്ഞനായ റോമൻ യാക്കോബ്സക്ഷൺ ഇത്തരം പ്രകരണസൂചനാവാചികളെ വ്യതിയാനകാരികൾ (Shifters)[9] എന്നാണ് വിളിക്കുന്നത്. പ്രകരണത്തിനനുസരിച്ച് പരാമർശക വ്യക്തിക്ക് മാറ്റമുണ്ടാകും എന്ന അടിസ്ഥാനവസ്തുത ബലപ്പെടുത്താനായാണ് അദ്ദേഹം ഇത്തരം വാക്കുകളെ വ്യതിയാനകാരികൾ എന്നു വിളിക്കുന്നത്. ഒരേ പ്രകരണം പങ്കിടുന്ന ഭാഷാപ്രയോക്താക്കളെ ആശ്രയിച്ചുമാത്രമേ ഇത്തരം ഭാഷാരൂപങ്ങളുടെ പൊരുൾ നിർണയിക്കാനാവൂ. മുഖാഭിമുഖ സംഭാഷണങ്ങളിലാണ് പ്രകരണസൂചനാവാചികൾ കൂടുതലായി ഉപയോഗിക്കുന്നത്.[10]

വ്യക്തിസൂചനാവാചികൾ

ഞാൻ, നീ തുടങ്ങിയ വ്യക്തി സൂചനാവാചികളുടെ രൂപത്തിലുള്ള ലാളിത്യം മൂലം, പ്രയോഗത്തിൽ അവ സൃഷ്ടിക്കാറുള്ള സങ്കീർണതകൾ പലപ്പോഴും തിരിച്ചറിയാറില്ല. മുഖാഭിമുഖ സംഭാഷണത്തിൽ പങ്കെടുക്കുന്നവർ സംഭാഷണത്തിലുടനീളം ഊഴമനുസരിച്ച് ഞാനിൽ നിന്ന് നീയിലേക്കും നീയിൽനിന്ന് ഞാനിലേക്കും നിരന്തരം

മാറിക്കൊണ്ടിരിക്കും. യാതൊരു സംഘർഷവുമില്ലാതെ നിർവ്വഹിക്കപ്പെടുന്ന ഈ മാറ്റപ്രക്രിയ സംഭാഷണങ്ങളുടെ സജീവ മുഖമുദ്രയാണ്.[11]

വ്യക്തിവാചികൾ പ്രധാനമായും മൂന്ന് ഉപവിഭാഗങ്ങളിൽപ്പെടുന്നു.[12] വക്തൃസൂചകങ്ങൾ, ശ്രോതൃസൂചകങ്ങൾ, പരസൂചകങ്ങൾ ഇവയെ സാമാന്യമായി വിശദീകരിക്കാനാണ് ഇനി ഉദ്യമിക്കുന്നത്.

(1) വക്തൃസൂചകവാചികൾ
ഉദാ: ഉത്തമപുരുഷ സർവനാമങ്ങൾ-വക്താവിനെ സൂചിപ്പിക്കുന്ന സർവനാമങ്ങളാണിവ.

(2) ശ്രോതൃസൂചകവാചികൾ
ഉദാ: പ്രഥപുരുഷ സർവനാമങ്ങൾ-വക്താവ് ആരോട് സംസാരിക്കുന്നുവോ അയാളെ കുറിക്കുന്ന സർവനാമങ്ങളാണിവ.

(3)പരസൂചകവാചികൾ-വക്താവ് ആരെക്കുറിച്ച് സംസാരിക്കുന്നുവോ അയാളെ കുറിക്കുന്നു.

ചില ഭാഷകളിൽ സർവനാമങ്ങളുടെ പ്രയോഗത്തിലൂടെ സാമൂഹ്യപദവികൂടി സൂചിപ്പിക്കപ്പെടുന്നു. വ്യക്തിസൂചകധർമത്തിനു പുറമേ സാമൂഹ്യപദവിപരമായ സ്ഥാനത്തെക്കൂടി ആവിഷ്കരിക്കാൻ അത്തരം ഭാഷകളിൽ സർവനാമങ്ങൾ പ്രയോജനപ്പെടുന്നുണ്ട്. അതുവഴി ഭാഷാപ്രയോക്താക്കൾക്കിടയിലെ അടുപ്പം/അകലം എന്നീ സങ്കല്പനങ്ങളെയും ആവിഷ്കരിക്കാൻ സർവനാമങ്ങൾ പ്രയോജനപ്പെടുന്നുണ്ട്. സർവനാമങ്ങളുടെ അത്തരം സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന ഭാഷയാണ് മലയാളം. ആദരവ്, അനാദരവ്, വക്താവിനോടുള്ള/ശ്രോതാവിനോടുള്ള അടുപ്പം, വക്താവിനോടുള്ള/ശ്രോതാവിനോടുള്ള അടുപ്പക്കുറവ് തുടങ്ങിയവ സർവനാമങ്ങളുടെ പ്രയോഗത്തിലൂടെ പലപ്പോഴും സൂചിപ്പിക്കപ്പെടുന്നുണ്ട്.[13] സംബോധനാപദങ്ങളുടെ പ്രയോഗത്തിലും ഈ ഘടകങ്ങൾ നിർണായകമാകാറുണ്ട്. ഏത് വിളിരൂപമാണ് പ്രയോഗിക്കേണ്ടതെന്ന് തീരുമാനിക്കുന്നതിൽ പ്രകരണത്തിന്റെ പങ്ക് പ്രധാനമാണ്; വക്തൃമനോഭാവവും സംബോധനയിലൂടെ ആവിഷ്കരിക്കപ്പെടുന്നുണ്ട്. പ്രയോഗവിജ്ഞാനത്തിൽ ചില പ്രയോഗവൈജ്ഞാനികർ സർവനാമങ്ങളുടെ ഇത്തരം പ്രയോഗസാധ്യതകൾ 'സാമൂഹ്യ പ്രകരണവാചികൾ' എന്ന പ്രത്യേക തലക്കെട്ടിൽ ഉൾപ്പെടുത്തി പഠിക്കുന്നു. ആദ്യകാല പ്രയോഗവൈജ്ഞാനികനായ ലെവിൻസക്ഷ ഈ വിഭാഗം വ്യക്തിവാചികൾക്ക് പ്രത്യേക ശ്രദ്ധ നൽകി പഠിച്ചിട്ടുള്ളത് ഉദാഹരണമാണ് (കാണുക Levinson, 1983: 8994).[14]

ഏ.ആർ. സംബോധനയെ ഏഴ് വിഭക്തികൾക്കു പുറമെ ഭാഷയിലുള്ള വിഭക്തിയായയാണ് നിർവചിച്ചിരിക്കുന്നത്. “സംബോധനം എന്നാൽ ശ്രോതാവിനെ അഭിമുഖീകരിക്കുക; ആ അർത്ഥം കുറിക്കുന്ന വിഭക്തി സംബോധന' (രാജരാജവർമ്മ, ഏ.ആർ. 1996:150) ഏ.ആറിന്റെ കാഴ്ചപ്പാടിൽ അഭിമുഖീകരണം മാത്രമാണ് സംബോധനയുടെ ലക്ഷ്യം. എന്നാൽ, വക്തൃ മനോഭാവങ്ങൾ പ്രകടിപ്പിക്കാനുള്ള ഉപായങ്ങളായി സംബോധന മാറുന്നുണ്ട്. ഇഷ്ടം, സ്നേഹം, വെറുപ്പ്, ഉദാസീനത, അപ്രിയം, ബഹുമാനം ഇങ്ങനെ ഒട്ടനവധി മനോഭാവങ്ങൾ പ്രകരണത്തിനനുസരിച്ച് സംബോധനയിൽ നിഴലിക്കുന്നുണ്ട്. അതുപോലെ തന്നെ സംബോധനയുടെ പൊരുൾ നിർണയിക്കുന്നതിൽ ശ്രോതൃമനോഭാവത്തിനും പങ്കുണ്ട്. സംബോധനാപദങ്ങളിൽ പൊരുൾ നിർണയിക്കുന്നതിൽ വിശാലമായ ലോകത്തിനുള്ള പങ്ക് തിരിച്ചറിഞ്ഞതുകൊണ്ടാണ് ഡോ. ഉഷാ നമ്പൂതിരിപ്പാട് ഇങ്ങനെ എഴുതിയത്. “ഓരോ സംബുദ്ധിയുടെയും സാമൂഹികപ്രസക്തിക്ക് അവസാനമില്ല. അത് മാറിക്കൊണ്ടിരിക്കുകയും ചെയ്യും. ഓരോ ചെറിയ മാറ്റവും പ്രസക്തമാണുതാനും' (ഉഷ നമ്പൂതിരിപ്പാട്, 1990:12). സംബോധനാപദങ്ങളുടെ പ്രയോഗാർത്ഥം പരിശോധിക്കാനാണിനിമുതിരുന്നത്.[15]

‘ലാൽസലാം’ എന്ന മലയാള സിനിമയിൽ ഭാര്യാഭർത്താക്കന്മാർ പരസ്പരം ഉപയോഗിക്കുന്ന സംബോധനാരീതികൾ പ്രകരണത്തിനനുസരിച്ച് ഭേദപ്പെടുന്നു.[16] പ്രകരണത്തിന്റെ ഔപചാരികത, അനൗപചാരികത, പരസ്പരമുള്ള അടുപ്പം/അകലം എന്നിവയ്ക്കനുസരിച്ച് സംബോധനാരീതികളിലും മാറ്റമുണ്ടാകുന്നു.

ഉദാഹരണം 1

‘എന്നാൽ ചേട്ടൻ കിടന്നോളൂ’
‘സേതു പൊയ്ക്കോളൂ’

(ലാൽസലാം (1990) - മലയാളം സിനിമ)

പരസ്പരം പ്രേമബന്ധിതരായിക്കഴിഞ്ഞതിനുശേഷമുള്ള വേളകളിൽ, അനൗപചാരിക സന്ദർഭങ്ങളിൽ (വീട്ടകം പോലുള്ള സ്വകാര്യയിടങ്ങളിൽ) അവർ പരസ്പരം സംബോധന ചെയ്യുന്ന രീതിയാണ് ഉദാഹരണം1-ൽ കാണുന്നത്. ചേട്ടനെന്ന ഈ വിളി ഭാര്യയായതിനുശേഷവും സേതുലക്ഷ്മി തുടരുന്നു. ഔപചാരിക വേളകളിലാകട്ടെ ഇവർ പരസ്പരം സഖാവെന്ന സംബോധനാരീതി നിലനിർത്തുന്നു; മന്ത്രിമാരായതിനുശേഷം പൊതുഇടങ്ങളിൽവച്ച് പരസ്പരം സംബോധനചെയ്യാൻ മിനിസ്റ്ററെന്നോ സഖാവെന്നോ (പാർട്ടിയോഗങ്ങളിൽ) ഉള്ള പ്രയോഗങ്ങളാണ്

ഇവർ ഉപയോഗിക്കുന്നത്. തെറ്റിദ്ധാരണയും വാശിയും മൂലം ഒരിടത്ത് പാർപ്പു തുടങ്ങിയതിനുശേഷം ഇവരുടെ സംബോധനാരീതികൾ കൂടുതൽ ഔപചാരികമാനം പുലർത്തുന്നവയായി മാറുന്നുണ്ട്. ഒരിക്കൽ പാർട്ടി മീറ്റിംഗിനിടയിൽ ഭർത്താവ് 'സേതു' എന്നു വിളിച്ചതിനെ ഭാര്യ പരസ്യമായി തിരുത്തുന്നതിലൂടെ അക്കാര്യമാണ് വെളിവാകുന്നത്. ഉദാഹരണം 2 കാണുക.

ഉദാഹരണം 2

സേതു ലക്ഷ്മി: 'പച്ചക്കള്ളമാണ് മിനിസ്റ്റർ പറയുന്നത്. നിങ്ങളുടെ തോന്ന്യാസത്തിന് കൂട്ടുനില്ക്കുന്ന ഒരാളെപ്പിടിച്ച് മുതലാളിയാക്കി. കള്ളക്കാശിന്റെ അഹങ്കാരത്തിൽ അയാൾ കാണിക്കുന്ന തെമ്മാടിത്തരങ്ങളെയൊക്കെ ന്യായീകരിച്ച് സംസാരിക്കാൻ മിനിസ്റ്റർക്ക് നാണമില്ലേ?'

ടി.ഡി. ആന്റണി: 'സേതു...'

സേതുലക്ഷ്മി: 'നോ മിനിസ്റ്റർ സേതുലക്ഷ്മി അല്ലെങ്കിൽ സഖാവ് സേതുലക്ഷ്മി. ഞാൻ നിങ്ങളെ മിനിസ്റ്റർ എന്നാണ് സംബോധന ചെയ്തത്.'

(ലാൽസലാം (1990) - മലയാള സിനിമ)

2.5.5.2 ഇവിടെ സംഭാഷണം നടക്കുന്ന സ്ഥലം ഏതാണെന്ന് ഓർമ്മിപ്പിക്കുക മാത്രമല്ല മിനിസ്റ്റർ സേതുലക്ഷ്മി ചെയ്യുന്നത്. നമ്മൾ തമ്മിലുള്ള ബന്ധം തികച്ചും ഔപചാരികം മാത്രമായി പരിണമിച്ചിരിക്കുന്നു എന്ന് പരസ്യമായി ഭർത്താവിനെ ഓർമ്മിപ്പിക്കുക കൂടിയാണ്. ഭർത്താവെന്ന നിലയിലുള്ള അധികാരവും സ്വാതന്ത്ര്യവും ഇനി തന്റെയടുത്ത് എടുക്കേതില്ലെന്ന ശക്തമായ താക്കീതുകൂടിയാണ് സേതുലക്ഷ്മിയുടെ വാക്കുകൾ. സേതുലക്ഷ്മിയുടെ വാക്കുകളിലെ ശക്തമായ താക്കീത് തിരിച്ചറിയുന്നതുകൊണ്ടുകൂടിയാണ്, മന്ത്രിപതിമാർക്കിടയിലെ കലഹം അനുരഞ്ജന ചർച്ചകളിലൂടെ പരിഹരിക്കാൻ മുന്നിട്ടിറങ്ങുന്ന സുഹൃത്ത് സ്റ്റീഫൻ നെട്ടൂരാനോട് ഇങ്ങനെ ആന്റണി പറയുന്നത്: 'എന്റെ ഭാര്യയെ സേതുന്ന് വിളിച്ചപ്പോൾ എന്തോന്ന് വിളി കേൾക്കുന്നതിനു പകരം മിനിസ്റ്റർ സേതുലക്ഷ്മിയെന്നോ സഖാവ് സേതുലക്ഷ്മിയെന്നോ വിളിക്കണമെന്നുള്ള അഹങ്കാരം എന്റെ മുഖത്ത് വലിച്ചെറിഞ്ഞവളാ അവൾ'(ലാൽസലാം (1990)-മലയാളസിനിമ). സ്വന്തം ഭാര്യയെ ഏതു ഇടത്തിൽവച്ചും സേതു എന്നോ അവൾ എന്നോ വിളിക്കുകയോ വിശേഷിപ്പിക്കുകയോ ചെയ്യാമെന്ന ബോധ്യം മിനിസ്റ്റർ ആന്റണിക്കുണ്ടെന്നു ഇതു കാണിക്കുന്നു. എന്നാൽ, അനുരഞ്ജനത്തിനു ശ്രമിക്കുന്ന സ്റ്റീഫൻ നെട്ടൂരാൻ, സേതുവിന്റെ താക്കീതിനെ സംഭാഷണ

ച്ചുറ്റുപാടുകൂടി പരിഗണിച്ചുകൊണ്ട് വിലയിരുത്തണമെന്ന് ആവശ്യപ്പെട്ടു ന്നുണ്ട്. മിനിസ്റ്റർ ആന്റണിയെ തിരുത്തുന്ന നെട്ടൂരാന്റെ ഉക്തി കാണുക.

ഉദാഹരണം 3

സ്റ്റീഫൻ നെട്ടൂരാൻ: 'അതു പറയരുത് ഒരു കമ്മറ്റി കൂടുമ്പോഴാ അത്.'

(ലാൽസലാം (1990) - മലയാള സിനിമ)

ഒരു കമ്മറ്റിക്കുള്ളിൽ പാലിക്കേണ്ട സാമാന്യമര്യാദ ഓർമ്മിപ്പിക്കുക മാത്രമാണ് സേതുലക്ഷ്മി ചെയ്തതെന്ന് വാദിക്കുകയാണ് ഇവിടെ നെട്ടൂരാൻ. അതിനാൽ പരസ്പരം പൊരുത്തപ്പെട്ട് പഴയപോലുള്ള സ്നേഹബന്ധം വീണ്ടെടുക്കണമെന്ന് സ്റ്റീഫൻ ആന്റണിയോട് ആവശ്യപ്പെടുന്നു. ഭാര്യാഭർത്തൃബന്ധത്തിൽ പൊതു ഇടത്തിന്റെ ഇടപെടൽ എത്രത്തോളമാകാമെന്ന പ്രശ്നം ഈ സിനിമ ഉന്നയിക്കുന്നുണ്ട്. സ്വകാര്യയിടമായ ഗൃഹത്തിനുള്ളിൽ സാമ്പ്രദായികമായി ഭാര്യമാർ പ്രദർശിപ്പിക്കണമെന്ന് മലയാളി പുരുഷന്മാർ പൊതുവെ കരുതുന്ന വിധേയത്വവും അനുസരണാമനോഭാവവും, പൊതുസമൂഹത്തിനുള്ളിൽ ശ്രദ്ധേയമായ ഉന്നതസ്ഥാനം വഹിക്കുന്ന ഒരു ഭാര്യ പൊതുയിടത്തിലും പരസ്യമായി പ്രകടിപ്പിക്കേതുണ്ടോ എന്ന ചോദ്യം ഒരുദാഹരണമാണ്. ഭാര്യാഭർത്തൃബന്ധത്തിൽ നിലനിൽക്കുന്ന അധികാരമനോഭാവം, സിനിമയിൽ പലപ്പോഴും അടയാളപ്പെടുത്തപ്പെടുന്നത് സംബോധനാപദങ്ങളിലൂടെയും സർവനാമങ്ങളിലൂടെയുമാണ്.

ഉദാഹരണം 4

ആന്റണി: 'കുടുംബ ജീവിതത്തിന്റെ പ്രോട്ടോക്കോളിൽ ഭർത്താവിനാടീ സീനിയോറിട്ടി. എന്നോട് തർക്കുത്തരം പറയാൻ വന്നാൽ നീ ഏതു കോപ്പിലെ മന്ത്രിയായാലും ചവിട്ടിപ്പുറത്താക്കും ഞാൻ. പോടീ പോലീസുമന്ത്രീ—നീ പോയാൽ എനിക്കു പുല്ലാ.'

(ലാൽസലാം (1990) - മലയാള സിനിമ)

'എടീ', 'നീ', 'കോപ്പിലെ മന്ത്രി', 'പോടീ', 'പോലീസുമന്ത്രി' തുടങ്ങിയ പ്രയോഗങ്ങൾ ഉദാഹരണം 4-ലെ സംഭാഷണഭാഗത്തു കാണാം. പ്രയോക്താവിന്റെ മനോഭാവം ആവിഷ്കരിക്കുന്ന പദങ്ങൾ കൂടിയാണ് ഈ സംബോധനാപദങ്ങളും സംബോധനാപരമായി പ്രയോഗിക്കപ്പെടുന്ന സർവനാമങ്ങളും. 'ഏതു കോപ്പിലെ മന്ത്രി' എന്ന പ്രയോഗത്തിൽ അനാദരവ് ആവിഷ്കൃതമാകുന്നു. അധികാരനിലയിൽ ഭർത്താവെന്ന നിലയിൽ തനിക്കുള്ള ഉയർന്ന സ്ഥാനത്തെ സൂചിപ്പിക്കാൻ ആന്റണി

എടീ, നീ തുടങ്ങിയ പദങ്ങളെ പ്രയോജനപ്പെടുത്തിയിരിക്കുകയാണ്. ആഭ്യന്തരമന്ത്രിയെന്നല്ല പോലീസുമന്ത്രിയെന്നാണ് ആന്റണി ഉപയോഗിച്ചിരിക്കുന്നത്. വിലകുറഞ്ഞ സ്ഥാനം വഹിക്കുന്ന ഒരാളെന്ന രീതിയിൽ മിനിസ്റ്റർ സേതുലക്ഷ്മിയെ അടയാളപ്പെടുത്താനാണ് പോലീസുമന്ത്രി എന്നു പ്രയോഗിച്ചിരിക്കുന്നത്. കുറച്ചു പോലീസുകാരുടെ കാര്യം നോക്കുന്ന മന്ത്രിയെന്ന അർത്ഥം (കേരള സമൂഹത്തിന്റെ ആഭ്യന്തരപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നില്ല എന്ന അധികാർഥവും) ആ പ്രയോഗത്തിന്. അതിനാൽ ഈ പ്രയോഗരൂപങ്ങളൊന്നും വെറും സർവനാമങ്ങളോ സംബോധനാപദങ്ങളോ പരാമർശകരൂപങ്ങളോ അല്ല,വക്തൃമനോഭാവം കൂടി ആവിഷ്കരിക്കുന്ന ഭാഷാപദങ്ങൾ ആണ്. പറയപ്പെടുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ സംവേദനം ചെയ്യാൻ വ്യക്തിവാചികൾ വഴി കഴിയുമെന്ന് തെളിയിക്കുന്ന ഉദാഹരണമാണ് 4 എന്ന് ചുരുക്കം.

ഉദാഹരണം 5

മിനിസ്റ്റർ ടി.ഡി. ആന്റണി: (*മരണക്കിടക്കയിലാണ് മന്ത്രി*) 'മിനിസ്റ്റർ സേതുവാണോ സഖാവ് സേതുവാണോ'

സേതുലക്ഷ്മി: (*തേങ്ങിക്കരഞ്ഞുകൊണ്ട്*) 'ഞാനിനി ചേട്ടനെ വിട്ട് ഒരിടത്തും പോകില്ല.' (ലാൽസലാം (1990) - മലയാള സിനിമ)

വാഹനാപകടത്തിനുശേഷം അത്യാസന്ന നിലയിൽ ആശുപത്രിയിൽക്കഴിയുന്ന ഭർത്താവിനെ കാണുവാൻ സേതുലക്ഷ്മി വന്നപ്പോൾ, അവർക്കിടയിൽ നടന്ന സംഭാഷണമാണ് ഉദാഹരണം 5-ൽ കൊടുത്തിരിക്കുന്നത്. തന്റെ അരികിലിരുന്ന് കരഞ്ഞുകൊണ്ടിരിക്കുന്ന സേതുലക്ഷ്മിയോടായാണ് ആന്റണി അങ്ങനെ ചോദിക്കുന്നത്. പരസ്യമായി തന്നെ തിരുത്താൻ ശ്രമിച്ച് (സേതു എന്ന് വിളിച്ചതിനെ) ഭർത്താവെന്ന നിലയിൽ തന്നെ അപമാനിക്കാൻ തുനിഞ്ഞ പഴയ സംഭവം താൻ മറന്നിട്ടില്ലെന്ന് ഓർമ്മിപ്പിക്കുക കൂടിയാണ് ആന്റണി. എന്നാൽ, സേതുലക്ഷ്മിയാകട്ടെ ആന്റണിയുടെ ചോദ്യത്തിന് പ്രത്യക്ഷ മറുപടി നൽകുന്നില്ല. ഞാനിനി ചേട്ടനെ വിട്ട് ഒരിടത്തും പോകുകയില്ല എന്നാണ് പറയുന്നത്. ഭാര്യയായ സേതുവായാണ് താൻ അരികെ ഇരിക്കുന്നതെന്ന് അറിയിക്കുകയാണ് പ്രസ്തുത മറുപടിയിലൂടെ സേതു. ചേട്ടൻ എന്ന അഭിസംബോധനാരീതിയിലൂടെ തന്റെ മനോഭാവത്തിൽ വന്ന മാറ്റവും വിധേയത്വഭാവവും അടിവരയിട്ടു പ്രഖ്യാപിക്കാൻ ശ്രമിക്കുകയാണ് സേതുലക്ഷ്മി.

കാമുകീകാമുകരായിരുന്ന കാലത്തെ സംബോധനാരീതിയിലേക്ക്

മടങ്ങിപ്പോകുന്ന മിനിസ്റ്റർ സേതുലക്ഷ്മി ശ്രോതാവിനോടുള്ള തന്റെ സമീപനരീതിയിൽ വന്ന മാറ്റം കൂടിയാണ് ആവിഷ്കരിക്കാൻ ശ്രമിക്കുന്നത്. വെറും സംബോധനാപദമല്ല ചേട്ടൻ എന്ന് ചുരുക്കം. വാക്കുകളിലൂടെ പറയപ്പെടുന്നതിലും അധികം കാര്യങ്ങൾ സംവേദനം ചെയ്യാൻ വ്യക്തിവാചികൾക്ക് കഴിയുമെന്ന് ഒരിക്കൽക്കൂടി വെളിവാകുകയാണ്.

വ്യക്തിവാചികൾ വഴി കൈമാറ്റം ചെയ്യപ്പെടുന്ന ഇത്തരം അധികാർഥങ്ങൾ ശ്രോതാക്കൾ വളരെപ്പെട്ടെന്ന് തിരിച്ചറിയുക തന്നെ ചെയ്യും. മാത്രമല്ല അവരതിനോട് അനുകൂലമായോ പ്രതികൂലമായോ പ്രതികരിക്കുകയും ചെയ്യും. അത്തരം ചില ഉദാഹരണങ്ങൾ കാണുക.

ഉദാഹരണം 6

ഡാഷ് ബോർഡിൽ ഇരുന്ന ഒരു മുഷിഞ്ഞ ചുവന്ന തോർത്ത് എടുത്തു പ്രഭ ജ്യോതികയുടെ മടിയിലേക്ക് ഇട്ടു.

'നീയാ ഗ്ലാസ്സൊന്നു തുടച്ചേ... മുമ്പോട്ടുള്ള വഴി കാണേണ്ടത് എന്റെ മാത്രം ആവശ്യമല്ല. നിന്റേതു കൂടിയാ...'

നീ എന്ന വിളി! വീണ്ടും ജ്യോതികയുടെ മിഴികൾ എരിഞ്ഞു.

(മഹാപ്രഭ (നോവൽ) കെ.വി. അനൂപ്, 2014 ഡിസംബർ 24-മനോരമ ആഴ്ചപ്പതിപ്പ്)

ഉദാഹരണം 7

'ഒരു ടിപ്പിക്കൽ കാമുകീ-കാമുക ബന്ധമൊന്നും ഞങ്ങൾക്കിടയിൽ രൂപപ്പെട്ടില്ല. അദ്ദേഹത്തിന്റേത് പ്രത്യേക പ്രകൃതമാണ്. പരിചയപ്പെടുന്ന ഒരാളുടെ മനസ്സിലേക്ക് ഇടിച്ച് കയറും. ആദ്യമായി ഞങ്ങൾ സ്വകാര്യമായി നേർക്കുനേർ കണ്ട ദിവസം. അന്ന് എനിക്കൊപ്പം കാര്യവട്ടം ഹോസ്റ്റലിലെ കൂട്ടുകാരി സുഷമയും ഉണ്ട്. ഞങ്ങൾ ഫൈൻ ആർട്സ് കോളേജിന്റെ മുന്നിൽ നിന്ന് നടക്കാൻ തുടങ്ങി. കുറച്ചുദൂരം നടന്നപ്പോൾ പെട്ടെന്ന് ചോദിക്കുകയാണ്. 'നിനക്ക് ദാഹിക്കുന്നോ? നിനക്ക് വെള്ളം വേണോ' നീ എന്ന് വിളിക്കാനുള്ളൊരു സ്വാതന്ത്ര്യമങ്ങ് കൈയേറുകയാണ്. ഒരു ഫോർമാലിറ്റിയുമില്ല. പക്ഷേ, ശബ്ദത്തിൽ വല്ലാത്തൊരു അടുപ്പം നിറഞ്ഞുകിടപ്പുണ്ട്.'

(പൊരിവെയിലിൽ ആ സ്നേഹത്തണലിൽ (ഓർമ്മ)-സുലേഖ (ജി. കാർത്തികേയന്റെ ഭാര്യ) 2015 ഏപ്രിൽ 1-15 ഗൃഹലക്ഷ്മി)

ഉദാഹരണം 6-ലും, 7-ലും 'നീ' എന്ന സംബോധനാരീതിയോടുള്ള രു വ്യത്യസ്ത പ്രതികരണങ്ങളാണ് ഉള്ളത്. ആദ്യമായി കാണുന്ന ജ്യോതികയോട് നീ എന്നു വിളിച്ചുകൊണ്ട് ആംബുലൻസിന്റെ ഗ്ലാസ് തുടയ്ക്കാൻ

പ്രഭ ആവശ്യപ്പെടുന്നു. പരിചയമില്ലാത്തവർക്കിടയിൽ പ്രയോഗിക്കപ്പെടുമ്പോൾ അനാദരവിന്റെ അധികാർത്ഥം കൂടി നീയ്ക്ക് സൂക്ഷിച്ചില്ലെങ്കിൽ ലഭ്യമായെന്നു വരും[17] എന്ന് ഈ ഉദാഹരണം (6) കാണിക്കുന്നു. തമ്മിൽ പരിചയപ്പെട്ടിട്ട് ഏതാനും നിമിഷം മാത്രമേ ജ്യോതികയും പ്രഭുവും തമ്മിൽ ആയിട്ടുള്ളൂ. ജ്യോതികയെക്കൊണ്ട് ഗ്ലാസ് തുടപ്പിക്കാൻ ശ്രമിക്കുക മാത്രമല്ല പ്രഭ ചെയ്യുന്നത്. അധികാര സ്വരത്തിൽ ആജ്ഞാപിച്ചുകൊണ്ട് പ്രസ്തുത കൃത്യം ചെയ്യാൻ പ്രേരിപ്പിക്കുകയാണ്. പ്രായമായ തന്റെ അച്ഛന്റെകൂടി മുന്നിൽവച്ച് പ്രഭ നടത്തുന്ന സംബോധനാരീതി ജ്യോതികയിൽ അമർഷവും ദേഷ്യവുമാണ് ഉണ്ടാക്കുന്നത്. വേറെ നിവർത്തിയില്ലാത്തതുകൊണ്ട് (യാത്ര ചെയ്തിരുന്ന ബസ്സ് അപരിചിതമായ ഇടത്തിൽവച്ച് അസമയത്ത് കേടായി. അപ്പോൾ രക്ഷയായത് പ്രഭ ഓടിക്കുന്ന ഈ ആംബുലൻസാണ്) ഇറങ്ങിപ്പോകാനും കഴിയില്ല. അതുകൊണ്ടാണ് ജ്യോതിക ഒന്നും പറയാതെ 'മിഴികൾ മാത്രം എരിയിക്കുന്നത്.'

ഉദാഹരണം 7-ൽ പരേതനായ മന്ത്രി (സ്പീക്കർ) കാർത്തികേയനുമായുള്ള തന്റെ പ്രണയബന്ധത്തെ അനുസ്മരിക്കുകയാണ് അദ്ദേഹത്തിന്റെ വിധവയായ സുലേഖ ടീച്ചർ. ആദ്യമായി സ്വകാര്യമായി നേർക്കുനേർ കദിവസം അദ്ദേഹം നീ എന്നു വിളിച്ചതിനെക്കുറിച്ചാണ് ടീച്ചർ പറയുന്നത്. ഉദാഹരണം 6-ൽ നീ എന്നു വിളിച്ചുകൊണ്ട് ഗ്ലാസ്സ് തുടയ്ക്കുക എന്ന അല്പം ശ്രമകരമായ കൃത്യമാണ് പ്രഭ ചെയ്യാൻ ആവശ്യപ്പെടുന്നത്. എന്നാൽ, ഉദാഹരണം 7-ൽ നീ എന്നു വിളിച്ചുകൊണ്ട് 'ദാഹിക്കുന്നോ വെള്ളം വേണോ' എന്ന അന്വേഷണമാണ് ജി. കാർത്തികേയൻ സുലേഖയോട് നടത്തുന്നത്. സുലേഖയിൽ തനിക്കുള്ള പ്രത്യേക കരുതലിനെ ഓർമ്മിപ്പിക്കുന്ന അന്വേഷണമാണിത്. ശ്രോതാവിനു ഗുണകരമായ കൃത്യം നിർവ്വഹിക്കുന്നതിന്റെ ഭാഗമായി നടത്തപ്പെട്ടതു കൊണ്ട്'നീ' എന്നതിലെ അനാദരവു സൂചന മയപ്പെട്ടിട്ടുണ്ട്. പരസ്പരം പറയപ്പെടാത്ത അനുരാഗം കൊണ്ടുനടക്കുന്നവർ കൂടിയാണവർ. മാത്രവുമല്ല നീ എന്നു വിളിക്കാനുള്ള സ്വാതന്ത്ര്യം കാർത്തികേയൻ കൈയേറുകയാണെന്നത് സുഖകരമായ സന്തോഷത്തോടെയാണ് ടീച്ചർ അനുസ്മരിക്കുന്നത്. ശബ്ദത്തിൽ വല്ലാത്തൊരു അടുപ്പം നിറഞ്ഞുകിടക്കുന്നതും ടീച്ചർ തിരിച്ചറിയുന്നുണ്ടല്ലോ. ഉദാഹരണം 6-ൽ 'നീ' എന്ന വിളിയിലൂടെ വക്താവിന്റെ ധാർഷ്ട്യമാണ് ശ്രോതാവ് തിരിച്ചറിയുന്നതെങ്കിൽ, ഉദാഹരണം 7-ലെ 'നീ' എന്ന വിളിയിലൂടെ പ്രണയാധിക്യത്തിന്റെ തിരിച്ചറിവാണ് ശ്രോതാവ് അനുഭവിക്കുന്നത്. ഒരേ സംബോധനാരീതി വ്യത്യസ്തപ്രകരണങ്ങളിൽ വ്യത്യസ്താർഥങ്ങൾ കൈമാറുന്നതിന്റെ തെളിവു കൂടിയാണിവ. പറയപ്പെടുന്നതിനേക്കാൾ അധികം കാര്യങ്ങൾ കൈമാറാൻ സംബോധനാരീതിയിലൂടെ

വക്താക്കൾ ശ്രമിക്കുന്നതിന്റെ നേർസാക്ഷ്യങ്ങൾ കൂടിയാണവ. അവയുടെ അർത്ഥം നിർണയിക്കുന്നതിൽ ശ്രോതാവിന്റെ മനോഭാവങ്ങൾക്കും പങ്ക്. മാത്രമല്ല, എ.ആർ. പ്രഥമവ്യാകരണത്തിൽ 'നീ'യുടെ പ്രയോഗ ക്രമത്തെക്കുറിച്ച് സൂചിപ്പിച്ചത് ഈ ഉദാഹരണങ്ങളുടെ വെളിച്ചത്തിൽ പുനഃപരിശോധിക്കുന്നതും ഉചിതമായിരിക്കും. 'നീ ഇത് ആരോടു നാം സംസാരിക്കുന്നുവോ അയാളിനെ സദാ കുറിക്കുന്നു. ഇതിനും ആൾഭേദ മില്ല. ആരെ ഉദ്ദേശിച്ചും ഇതിനെ ഉപയോഗിക്കാം.'(പ്രഥമവ്യാകരണം)

പരസ്യവാചകങ്ങളിൽ നിങ്ങൾ, നിങ്ങളുടെ, നിങ്ങൾക്ക്, നമുക്ക് തുടങ്ങിയ സർവനാമങ്ങൾ വർദ്ധമാനമായ തോതിൽ പ്രയോഗിക്കപ്പെട്ടു വരുന്നു. പരസ്യദാതാവ് ഉപഭോക്താവിനോട് (വായനക്കാരനോട്) നേർമുഖഭാഷണം നടത്തുന്നു എന്ന പ്രതീതി ഉളവാക്കാൻ അത്തരം സംബോധനാരീതികൾ കൊണ്ട് കഴിയുന്നുണ്ട്. മറ്റൊരാളുടെ സുഖദുഃ ഖങ്ങളിൽ തല്പരനായ ഒരജ്ഞാത സുമനസ്സ് ഇത്തരം പ്രയോഗങ്ങളുടെ പിന്നാമ്പുറത്ത് ഉണ്ടെന്ന തോന്നൽ ജനിപ്പിച്ചുകൊണ്ടാണ് ഇവ സജീ വമാകുന്നത്.

ഉദാഹരണം 8

ഫെഡറൽ ബാങ്കിന്റെ ഹോം ലോൺ/കാർ ലോൺ സംബന്ധമായ പരസ്യമാണ് ഉദാഹരണം 8-ൽ നൽകിയിരിക്കുന്നത്. 'വീട് എന്ന സ്വപ്നം പ്രിയപ്പെട്ടതാണെന്ന് ഞങ്ങൾ അറിയുന്നു' എന്നാണ് ആ പരസ്യവാചക ത്തിലുള്ളത്. മറ്റൊരാളുടെ പ്രശ്നങ്ങൾ/സ്വപ്നങ്ങൾ അവരറിയാതെ തന്നെ തിരിച്ചറിയുന്ന ഒരു കൂട്ടം നല്ല മനുഷ്യരുടെ കൂട്ടായ്മയാണ് ബാങ്ക് എന്നാണ് പരസ്യം പറയാൻ ശ്രമിക്കുന്നത്. അത്തരം നന്മയുള്ളവരാൽ നടത്ത പ്പെടുന്ന പ്രസ്ഥാനമാണ് ബാങ്ക് എന്ന് പരോക്ഷമായി സ്ഥാപിക്കാൻ ശ്രമിക്കുക വഴി ബാങ്കിന്റെ പൊതു സ്വീകാര്യതയെ ഉറപ്പിക്കാനാണ് പരസ്യം ഉദ്യമിക്കുന്നത്. ഇക്കാര്യം ആവിഷ്കരിക്കുന്നതിൽ 'ഞങ്ങൾ' എന്ന സർവനാമം വഹിക്കുന്ന പങ്ക് വലുതാണ്. ബാങ്കിന് മനുഷ്യമുഖം നൽകാനും സജീവമായ സാന്നിധ്യമെന്ന നിലയിൽ ജനമനസ്സിൽ ഉറപ്പിക്കാനും 'ഞങ്ങൾ' എന്ന സർവ്വനാമപ്രയോഗം കൊണ്ട് പരസ്യ ത്തിന് കഴിയുന്നുണ്ട്.

ഉദാഹരണം 9

'നിങ്ങളുടെ വിലപ്പെട്ട സ്വപ്നങ്ങൾ വീട്ടിലേക്ക് കൊണ്ടുവരുന്നതിൽപ്പരം ആനന്ദം മറ്റൊന്നില്ല' എന്നാണ് അടുത്ത പരസ്യവാചകം പറയുന്നത്.

പ്രസ്തുത പരസ്യവാചകത്തിൽ ആർക്കാണ് ആനന്ദമെന്നത് സന്ദിഗ്ധമായാണ് പ്രയോഗിച്ചിരിക്കുന്നത്. സ്വപ്നം വീട്ടിലേക്ക് കൊണ്ടുവരുന്നവർക്കോ കൊണ്ടുവരാൻ സഹായിക്കുന്നവർക്കോ ഭാഷാപ്രയോക്താവിന് ഉചിതം പോലെ രണ്ട് രീതിയിലും വ്യാഖ്യാനിക്കാൻ വാക്യഘടന സഹായകമാകുന്നുണ്ട്. നിങ്ങൾ എന്നു പ്രയോഗിക്കുക വഴി ഉപഭോക്താവിനെ നേരിട്ടഭിസംബോധന ചെയ്യുകയാണെന്ന പ്രതീതി സൃഷ്ടിക്കാൻ കഴിയുന്നുണ്ട്.

ഉപഭോക്താക്കളെ നേരിട്ട് വിളിച്ച് സംസാരിക്കാനിഷ്ടപ്പെടുന്ന, അവരുടെ സ്വപ്നങ്ങൾ തിരിച്ചറിയുന്ന സുമനസ്സുകളുടെ കൂട്ടായ്മയായി ഫെഡറൽ ബാങ്കിനെ അവതരിപ്പിക്കാൻ തന്മൂലം കഴിയുന്നുമുണ്ട്. 'നിങ്ങൾ' എന്ന സർവനാമത്തിന് രണ്ടുതരം പ്രയോഗങ്ങൾ സാധ്യമാണ്. ഒന്ന് പ്രകരണസൂചകത്വപരമായ പ്രയോഗമാണ്. രണ്ടാമത്തേത് വിശേഷിച്ചാരേയും സൂചിപ്പിക്കാതെ സാമാന്യാർഥത്തിലുള്ള പ്രയോഗം. നേർമുഖ സംഭാഷണങ്ങളിൽ മിക്കപ്പോഴും നീ/നിങ്ങൾ എന്നിവ വിശേഷിച്ചൊരു വ്യക്തിയെ/ വ്യക്തികളെ സൂചിപ്പിക്കാനുദ്ദേശിച്ച് പ്രയോഗിക്കപ്പെടുന്നവയാണ്. ഉദാഹരണമായി നേർമുഖ സംഭാഷണങ്ങളിലെ, 'നിങ്ങൾ വരുന്നോ', 'നീ പോയോ' എന്നൊക്കെയുള്ള പ്രയോഗങ്ങൾ വിശേഷിച്ചൊരു വ്യക്തിയെ ഉദ്ദേശിച്ചുകൊണ്ട്/സൂചിപ്പിച്ചുകൊണ്ട് നടത്തപ്പെടുന്നവയാണ്. എന്നാൽ, ഉദാഹരണം 9-ലെ 'നിങ്ങളുടെ വിലപ്പെട്ട സ്വപ്നങ്ങൾ' എന്നത് അത്തരം അർഥത്തിൽ പ്രയോഗിക്കപ്പെട്ട ഒന്നല്ല. പരസ്യം വായിക്കുന്ന ആരെയും( പ്രത്യേകിച്ച് ആവശ്യമുള്ള ഉപഭോക്താക്കളെ) അഭിസംബോധന ചെയ്യാൻ ഉപയുക്തമായ പ്രയോഗമാണ് ഇവിടത്തെ 'നിങ്ങൾ' എന്നത്. എന്നാൽ, ഓരോ വ്യക്തിയേയും പ്രത്യേകം അഭിസംബോധന ചെയ്യുന്ന സംവേദന തന്ത്രമാണ് ഇവിടെ കാണുന്നത്. പ്രയോഗാനുഭവത്തിൽ ഈ രണ്ടുതരം അർഥങ്ങളുടെയും കലർപ്പാണ് വായനക്കാർക്ക് അനുഭവവേദ്യമാകുക. അതായത് നിങ്ങൾ എന്നതിലൂടെ, തന്നെ വിശേഷിച്ച് അഭിസംബോധന ചെയ്യുന്നുണ്ട് എന്ന അർഥപ്രതീതിയും സാമാന്യാർഥത്തിനു പുറമേ വായനക്കാരിൽ ജനിക്കുന്നുണ്ട്; ഉഭയതരം അർഥങ്ങളുടെയും സമ്യക്കായ ചേരുവയിൽ നിന്നു ജനിക്കുന്ന പുതിയൊരു അർഥാനുഭവതലം പ്രദാനം ചെയ്യാൻ പ്രസ്തുത പരസ്യവാചകത്തിനുള്ള ശേഷിയാണ് പരസ്യത്തിന്റെ സാഫല്യത്തിനു കാരണമാകുന്നത്.

ഉദാഹരണം 10

'നിങ്ങളുടെ സ്വന്തം സൂര്യാടിവി'

മലയാളത്തിലെ പ്രമുഖചാനലുകളിലൊന്നായ സൂര്യാടിവിയിൽ

ആവർത്തിച്ച കേൾക്കാറുള്ള പരസ്യവാചകമാണ്. ഉദാഹരണം 10-ൽ കൊടുത്തിട്ടുള്ളത്. നിങ്ങൾക്ക് ടിവിയുണ്ടെന്നും അത് സൂര്യാടിവിയാണെന്നും (പൂർവധാരണവഴി) സ്ഥാപിക്കുന്ന പരസ്യവാചകമാണിത്. ഉപഭോക്താക്കളുമായി നേരിട്ടു സംവദിക്കാനിഷ്ടപ്പെടുന്ന, അവരുടെ സ്വന്തമായി അറിയപ്പെടാനിഷ്ടപ്പെടുന്ന സ്ഥാപനമായി ഒരു സ്വകാര്യ ചാനലിനെ ജനസമക്ഷം അവതരിപ്പിക്കാൻ ഈ പ്രയോഗത്തിലൂടെ കഴിയു. ഈ പരസ്യവാചകത്തിലെ 'നിങ്ങൾ' ഒരു പ്രത്യേക വ്യക്തിയെ ഉദ്ദേശിച്ച് നടത്തപ്പെട്ടവയല്ല. ചാനൽ കാണുന്ന/കാണാനിഷ്ടപ്പെടുന്ന ഏതു പ്രേക്ഷകനും ആ 'നിങ്ങളിൽ ഉൾപ്പെടും'. അതിനാൽത്തന്നെ ഓരോ വ്യക്തിയേയും പ്രത്യേകം അഭിസംബോധന ചെയ്യുന്നതായും അനുഭവപ്പെടും. ഉദാഹരണം 9-ന്റെ അപഗ്രഥനത്തിൽ ചൂണ്ടിക്കാണിച്ചപോലെ രണ്ടുതരം അർഥസാധ്യതകളുടെയും കലർപ്പാണ് ഈ പ്രയോഗവും ശ്രോതാക്കളിൽ ജനിപ്പിക്കുന്നത്.

ഇതിലേതെങ്കിലും ഒരർത്ഥം മാത്രമായി ചുരുക്കി പ്രസ്തുത പ്രയോഗത്തെ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നത് ഭാഷാപ്രയോക്താക്കളുടെ അർഥാനുഭവലോകം ഉചിതമായി കരുതുകയില്ല. അത്തരമൊരു ഉദാഹരണം കുനോക്കുക.

ഉദാഹരണം 11

റിയാലിറ്റി ഷോ അവതാരകയായ മേരിക്കുട്ടിയെ കയറിപ്പിടിച്ചതിന് പിടിയിലായ യുവാവ് പോലീസിനോട് 'എന്നെ വെറുതെവിടണം സാറേ... അവളെന്റെ സ്വന്തമാ...'

പൊലീസ്: 'ഏതു വകുപ്പിലാ അവള് നിനക്കു സ്വന്തമെന്നു പറഞ്ഞത്?'

യുവാവ്: 'ഷോയിൽ ഇടയ്ക്കിടയ്ക്ക് അവൾ പറയാറുണ്ട് നിങ്ങളുടെ സ്വന്തം മേരിക്കുട്ടി എന്ന്.'

(രാജ് വല്ലത്ത്, വാസുപുരം, ഫലിതബിന്ദുക്കൾ 2014 ജൂൺ 14 മനോരമ ആഴ്ചപ്പതിപ്പ്)

ഇവിടെ യുവാവ്, മേരിക്കുട്ടി പ്രയോഗിച്ച 'നിങ്ങൾ' എന്ന സർവ്വനാമത്തിന്റെ പരാമർശക സൂചകസ്ഥാനത്ത് സ്വയം പ്രതിഷ്ഠിക്കുകയാണ്. സാമാന്യാർത്ഥത്തിൽ പ്രയോഗിക്കപ്പെട്ട പ്രസ്തുത 'നിങ്ങളിൽ' പ്രകരണസൂചകത്വപരമായ ഒരു 'നിങ്ങളും' ഉള്ളടങ്ങിക്കിടപ്പുണ്ട് എന്നാണിത് തെളിയിക്കുന്നത്. കൃത്യമായ സൂചകസ്ഥാനമുള്ള സർവ്വനാമമായി മേരിക്കുട്ടിയുടെ 'നിങ്ങളെ' യുവാവ് വ്യാഖ്യാനിക്കുകയാണ്. പ്രയോഗപ്രകരണം യുവാവ് കണക്കിലെടുക്കുന്നില്ല.

പരസ്യങ്ങളിൽ 'നിങ്ങൾ' എന്ന സർവ്വനാമം വ്യാപകമായി പ്രയോഗിക്കപ്പെട്ടുവരുന്നു. പ്രശസ്തരായ വ്യക്തികൾ ഉപഭോക്താക്കളോടു നേരിട്ട് സംഭാഷണം ചെയ്യുന്ന നിലയിലുള്ള പരസ്യങ്ങളിൽ, ഉപഭോക്താവിനോടുള്ള വ്യക്തിപരമായ അടുപ്പവും പരിഗണനയും പ്രകടിപ്പിക്കാനും സ്നേഹബുദ്ധ്യാലുള്ള നിർദ്ദേശങ്ങൾ പ്രശസ്തരായ തങ്ങൾ നൽകുന്നു എന്ന പ്രതീതി ജനിപ്പിക്കാനും 'നിങ്ങൾ' എന്ന അഭിസംബോധന പ്രയോജനപ്പെടുന്നു.

ഉദാഹരണം 12

'നിങ്ങൾക്ക് ഉപയോഗപ്രദമല്ലാത്ത ഗൃഹോപകരണങ്ങളെല്ലാം നല്കി ഉപയോഗമുള്ളത് നേടൂ'

(പ്രസ്റ്റീജ് ഗൃഹോപകരണങ്ങളുടെ പരസ്യവാചകം)

പ്രമുഖ ബോളീവുഡ് ദമ്പതികൾ അഭിഷേക് ബച്ചനും ഐശ്വര്യറായിയും പ്രത്യക്ഷപ്പെടുന്ന പരസ്യമാണിത്. യഥാർഥ പരസ്യദാതാക്കൾ പ്രസ്റ്റീജ് കമ്പനിയാണ്. അവർക്കപ്പുറം മറ്റൊരു അഭിസംബോധകനെ (*ഇവിടെ ഒരുപേർ*) പരസ്യം പ്രത്യക്ഷത്തിൽ അവതരിപ്പിക്കുകയാണ്. പഴയ സാധനം മാറ്റിക്കിട്ടുന്നത് ഏവർക്കും സൗകര്യപ്രദമായ കാര്യമാണെന്ന പൊതുധാരണയുടെ പിൻബലത്തിലാണ് പരസ്യവാചകം ആവിഷ്കരിക്കപ്പെടുന്നത്. ഉപയോഗപ്രദമല്ലാത്ത പഴയ സാധനങ്ങൾ (ഉപയോഗിക്കാൻ പറ്റാത്തവിധം മോശമായ) മാറ്റി വാങ്ങാൻ ആണവർ ആവശ്യപ്പെടുന്നത്. ഉപഭോക്താവിന് ഗുണകരമായ കൃത്യം ചെയ്യാൻ ആവശ്യപ്പെടുന്നതിനാൽ പ്രസ്തുത നിർദ്ദേശം അപമര്യാദകരമായി അനുഭവപ്പെടുകയുമില്ല. ഐശ്വര്യറായിയും അഭിഷേക് ബച്ചനും സംയുക്തമായി നടത്തുന്ന പ്രസ്തുത നിർദ്ദേശം, ഉപഭോക്താവിനെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായ അനുഭവമായി പരിവർത്തിപ്പിക്കാൻ 'നിങ്ങൾ' എന്ന സർവനാമ പ്രയോഗം കൊണ്ട് കഴിയുന്നുണ്ട്.

സർവ്വനാമങ്ങളിൽ ഏറ്റവും വ്യാപകമായി ഉപയോഗിക്കപ്പെടുന്നത് 'ഞാൻ' ആണ്. സംഭാഷണ കർത്താവിനെ കുറിക്കുന്ന എന്ന പ്രാഥമിക ധർമത്തിനപ്പുറം വ്യത്യസ്തമായ പ്രയോഗധർമങ്ങളും ഇവയ്ക്ക് ഉണ്ട്. നേരാജ്ഞകളും നേർനിർദ്ദേശങ്ങളും പൊതുവെ അനാദരവുപരങ്ങളായി കരുതപ്പെടുമല്ലോ. ഉദാഹരണമായി 'നിങ്ങൾ തരണം', 'നിങ്ങൾ ചെയ്യണം' തുടങ്ങിയവ. അതിനാൽ അത്തരം പ്രയോഗരീതികളിൽ കഴിവതും മിതത്വം പുലർത്താൻ ഭാഷാപ്രയോക്തൃലോകം ശ്രദ്ധിക്കാറുണ്ട്. ശ്രോതാക്കളെ മുഷിപ്പിക്കാതെ നിർദ്ദേശങ്ങൾ കൈമാറാൻ ഉത്തമപുരുഷ സർവ്വനാമങ്ങൾ ചില വേളകളിൽ ഉപകരിക്കാറുണ്ട്.

ഉദാഹരണം 13

'ഞാനും വരുന്നു, എന്നെയും കൊണ്ടുപോകണം.'

*(ആറുമാസക്കാരിയെ ഒരുക്കിയതിനുശേഷം ഭർത്താവിനോടായി ഭാര്യ പറഞ്ഞ ഉക്തി. ഭർത്താവ് പുറത്തേക്കു പോകാൻ ഒരുങ്ങുകയായിരുന്നു. അല്പം കൊഞ്ചലോടെ ഉച്ചരിച്ച ഉക്തികളായിരുന്നു ഇവ.)*

കൊച്ചുകുട്ടിയെക്കൂടി പുറത്തേക്ക് കൊണ്ടുപോകണമെന്ന് ആവശ്യപ്പെടുകയായിരുന്നു ഭാര്യ. എന്നാൽ ഉപയോഗിച്ച സർവനാമങ്ങൾ ഞാൻ, എന്നെ എന്നിങ്ങനെയാണ്. അല്പം കൊഞ്ചലോടെ കുഞ്ഞിനെ ഉയർത്തിക്കാട്ടി ഉച്ചരിച്ച പ്രസ്തുത ഉക്തിയുടെ അർത്ഥം പിടികിട്ടുന്നതിൽ ഭർത്താവിന് യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെടുന്നില്ല. അതായത് ആരെ കൊണ്ടുപോകാനാണ് ആവശ്യപ്പെടുന്നത് എന്ന കാര്യം തിരിച്ചറിയാൻ ഭർത്താവിന് ക്ലേശമുണ്ടാകുന്നില്ല. 'കുഞ്ഞിനെക്കൂടി കൊണ്ടുപോകണം' എന്ന കർശനനിർദ്ദേശത്തെക്കാൾ സൗമ്യവും ഹൃദ്യവുമാണ് ഉദാഹരണം 13-ലെ ഉക്തികൾ. പറയുന്നതിലെ കൊഞ്ചലും, നിർദ്ദേശത്തിന്റെ പാരുഷ്യം കുറയ്ക്കാൻ പ്രയോജനപ്പെടുന്നുണ്ട്.

ഉദാഹരണം 14

'എന്നെ കുളിപ്പിക്കുന്നില്ലേ?'

*(ഒരുമാസക്കാരിയായ കുഞ്ഞിനെ ഉദ്ദേശിച്ച് വേലക്കാരിയോടായി വീട്ടമ്മ പറഞ്ഞ ഉക്തി)*

കുഞ്ഞിനെ മടിയിൽക്കിടത്തിക്കൊണ്ട് അല്പം കൊഞ്ചലോടെ വേലക്കാരിച്ചേച്ചിയോടായി ഉച്ചരിക്കപ്പെട്ട ഉക്തിയാണ് ഉദാഹരണം 14-ൽ കൊടുത്തിരിക്കുന്നത്. കുഞ്ഞിനെ കുളിപ്പിക്കാൻ സമയമായെന്ന് പരോക്ഷമായി ഓർമ്മിപ്പിക്കുകയാണ് വീട്ടമ്മ. 'കുട്ടിയെ കുളിപ്പിക്ക്'' എന്ന് പ്രത്യക്ഷത്തിൽ ആവശ്യപ്പെടുന്നതിലും ആദരവുപരമായ പ്രയോഗമാണ് വക്താവ് ഉദാഹരണം 14-ൽ നടത്തിയിരിക്കുന്നത്. സൗഹാർദ്ദപരമായ ബന്ധം തങ്ങൾക്കിടയിൽ ഉണ്ടാവണമെന്ന് ലക്ഷ്യം വയ്ക്കുന്നതുകൊണ്ടുകൂടിയാണ് ഇത്തരം പ്രയോഗം വക്താവ് ശ്രോതാവിനോടായി നടത്തുന്നത്.

ഇത്തരം പ്രയോഗങ്ങളെ പ്രകരണനിഷ്ഠമായിത്തന്നെ വിലയിരുത്തിയാലേ പ്രയോഗമൂല്യം ലഭ്യമാകൂ. എന്തെന്നാൽ, പ്രകരണത്തിൽനിന്നും അടർത്തിമാറ്റി 'എന്നെ കുളിപ്പിക്കൂ' എന്ന ഉക്തിയെ അപഗ്രഥിക്കാൻ ശ്രമിക്കുന്നത് തെറ്റായ വ്യാഖ്യാനങ്ങളിലേക്കേ ഭാഷാപ്രയോക്താക്കളെ കൊണ്ടുചെന്നെത്തിക്കൂ. എന്തെന്നാൽ ആരോ തന്നെ കുളിപ്പിക്കാൻ

ആവശ്യപ്പെടുകയാണെന്ന നിഗമനത്തിലേക്ക് എത്തിച്ചേരാനേ അത്തരം അപഗ്രഥനങ്ങൾ ഉതകൂ. കൊച്ചുകുഞ്ഞുങ്ങളെ അനുകരിക്കും വിധം അല്പം കൊഞ്ചലോടെ പ്രസ്തുത ഉക്തി ഉച്ചരിച്ചത് രണ്ടുമാസക്കാരിയായ കുഞ്ഞിനെ മടിയിൽക്കിടത്തിക്കൊണ്ട് കുഞ്ഞിന്റെ അമ്മയാണെന്നും പതിവായി കുഞ്ഞിനെ കുളിപ്പിച്ചുകൊണ്ടിരിക്കുന്ന സ്ത്രീയോടായാണ് പ്രസ്തുത ഉക്തി നടത്തിയിരിക്കുന്നതെന്നും, കുഞ്ഞിനെ കുളിപ്പിക്കുന്ന പതിവു സമയത്തോടടുത്തായാണ് അമ്മ അങ്ങനെ പറഞ്ഞതെന്നും കണക്കിലെടുക്കുമ്പോൾ ഉക്തിയിലെ 'എന്നെ'യുടെ പരാമർശകസൂച കസ്ഥാനം ഉച്ചരിച്ച അമ്മയിൽനിന്നും കുഞ്ഞിലേക്കു മാറുന്നു. എങ്കിലേ ഉചിതമായ അർത്ഥരൂപീകരണം സാധ്യമാകൂ. ഉദാഹരണം 13,14 എന്നി വയുടെ വെളിച്ചത്തിൽ, കേരളപാണിനി, ഞാൻ എന്ന സർവ്വനാമത്തിന്റെ പ്രയോഗത്തെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുന്നത് ഉചിതമായി രിക്കും. 'ഞാൻ–ഒരാൾ സംസാരിച്ചുകൊണ്ടിരിക്കുന്നു എന്നിരിക്കട്ടെ. അപ്പോൾ അയാൾ തന്നെത്താൻ പേരു പറഞ്ഞു സംസാരിക്കുകയില്ല. ഞാൻ എന്ന പദത്തെ ഉപയോഗിക്കുന്നു. ആകയാൽ ഞാൻ എന്നതു സംസാരിച്ചുകൊണ്ടിരിക്കുന്ന ആളിനെ സദാ കുറിക്കുന്നു. ഇതിന് ആൾഭേ ദമില്ല. ആർക്കും അവനവനെ ഉദ്ദേശിച്ച് ഞാൻ എന്നു പ്രയോഗിക്കാം' (പ്രഥമവ്യാകരണം) കേരളപാണിനി പറഞ്ഞ നിയമക്രമം എപ്പോഴും 'ഞാനി'ന്റെ പ്രയോഗത്തിൽ പാലിക്കപ്പെടണമെന്നില്ല എന്ന് ഈ ഉദാഹരണം തെളിയിക്കുന്നുണ്ട്.

സംഭാഷണശേഷിയില്ലാത്ത കുഞ്ഞിന്റെ കാര്യമായതുകൊണ്ടാണ് അമ്മയ്ക്കിത്തരമൊരു പ്രയോഗം നടത്താനാകുന്നത് എന്ന നിലയിൽ സമീപിക്കുന്നതിലും ഉചിതം പ്രകരണത്തിൽ ചില പ്രത്യേക ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ അമ്മയെ സഹായിക്കുന്ന ഉക്തിയെന്ന നിലയിൽ അമ്മ മനഃപൂർവ്വം അത്തരമൊരു പ്രയോഗം നടത്തുകയായിരുന്നു എന്ന് കരുതുന്നതാണ്. എന്തെന്നാൽ സൗഹാർദ്ദപരമായ രീതിയിൽ നിർദ്ദേശങ്ങൾ കൈമാറാനും ഊഷ്മളമായ മനുഷ്യബന്ധം വേലക്കാ രിച്ചേച്ചിയുമായി സ്ഥാപിച്ചെടുക്കാനും സഹായിക്കുന്ന ഉക്തിയാണ് ഉദാഹരണം 14-ലേത്.

കേരളപാണിനി സൂചിപ്പിച്ചതുപോലെ ആർക്കും അവനവനെ ഉദ്ദേശിച്ച് ഞാൻ എന്നു പ്രയോഗിക്കാം എന്നത് ഒരു കാലത്ത് കേരള സാമൂഹ്യ സാഹചര്യത്തിൽ സംഭാവ്യമായിരുന്നില്ല. ജാതിയിലും സ്ഥാനത്തിലും അധികാരനിലയിലും ഉന്നതസ്ഥാനത്തു നിൽക്കുന്നവരുടെ മുന്നിൽ 'ഞാൻ' എന്ന സർവ്വനാമം ഉപയോഗിച്ചുകൊണ്ട് സംസാരിക്കുന്നത്

ഒരുകാലത്ത് അനുവദനീയമായിരുന്നില്ല.[18] സാമൂഹ്യ പദവി നിർണാ യകരൂപമായിരുന്നു ഞാൻ.

കാട്ടുകുതിര എന്ന മലയാള സിനിമയിൽ ഇതേപ്രശ്നം കടന്നുവരുന്നുണ്ട്. ഇവിടെ ജാതിയിൽ മുൻപന്തിയിൽ നിൽക്കുന്ന കോവിലകത്തെ രാമൻ നായരെ, തെങ്ങുകയറ്റക്കാരൻ (താഴ്ന്ന ജാതിയിൽപ്പെട്ട) താൻ എന്നു വിളിച്ചതാണ് കോലാഹലത്തിന് കാരണമാകുന്നത്.

ഉദാഹരണം 15

കോവിലകത്തെ ആനക്കാരനായ രാമൻ നായർ: 'ആരാത്? രാഘവനല്ലേ. നിൽക്കു അവിടെ. അത്രയ്ക്ക് ധിക്കാരം കൊള്ളില്ലല്ലോ. നീ എന്താ, കളിക്കുന്നോ? എന്താ നീ ധരിച്ചുവച്ചിരിക്കണേ. എത്ര പ്രാവശ്യാന്നു വച്ചിട്ടാ ചതിക്ക്വാ, നീ ആരാ തട്ടാൻ പതികനോ?'

*(ബലമായി രാഘവനെ തടഞ്ഞുനിർത്തുന്നു.)*

രാഘവൻ (*കോപത്തോടെ*): 'തനിക്കിത് എന്തിന്റെ കേടാ'

രാമൻ നായർ: (*ഞെട്ടുന്നു*) 'താനോ?'

രാഘവൻ: 'പിന്നെ ആരാ? ആനയോ?'

രാമൻ നായർ: 'അത്രയ്ക്കങ്ങ് വേണോ രാഘവാ'

രാഘവൻ: 'എന്നെ വിളിച്ചതെന്തിനാന്നു പറ. എനിക്കങ്ങ് പോകണം.'

*(കാട്ടുകുതിര (1990) - മലയാളസിനിമ)*

കോവിലകത്തെ ആനക്കാരൻ രാമൻ നായരും തെങ്ങുകയറ്റക്കാരനായ രാഘവനും തമ്മിൽ നടന്ന സംഭാഷണമാണ് ഉദാഹരണം 15-ൽ കൊടുത്തിരിക്കുന്നത്. തന്റെ അധികാരവും പ്രാമാണിത്വവും പ്രകടിപ്പിക്കാനുതകുന്ന സർവ്വനാമങ്ങളാണ് രാമൻ നായർ ഉപയോഗിക്കുന്നത്. 'നീ' എന്നു പ്രയോഗിക്കുക വഴി അധികാര നിലയിലെ തന്റെ ഉയർന്ന സ്ഥാനവും, ശ്രോതാവിന്റെ താഴ്ന്ന സ്ഥാനവുമാണയാൾ ഇവിടെ അടയാളപ്പെടുത്തുന്നത്. എന്നാൽ, രാഘവൻ, രാമൻ നായരെ 'താൻ' എന്നു വിളിക്കുന്നതോടെ ഈ അധികാരസങ്കല്പംതന്നെയാണ് രാമൻ നായരുടെ മുന്നിൽ തകർന്നു തരിപ്പണമാകുന്നത്. അതുകൊണ്ടാണയാൾ മുഖത്തടിക്കുന്നതുപോലെ നിന്നുപോകുന്നത്. കോവിലകത്തിന്റെ പ്രതാപകാലത്തെന്നപോലെ തമ്പുരാനെന്തുവേണമെന്നു രാഘവൻ തിരിച്ചു ചോദിക്കുമെന്നാകണം രാമൻനായർ പ്രതീക്ഷിക്കുന്നത്. മറ്റൊരു സന്ദർഭം നോക്കുക.

ഉദാഹരണം 16

കൊച്ചുവാവ: 'തമ്പുരാൻ കേട്ടിട്ടുണ്ടോ'

രാമൻ നായർ: 'അയ്യോ! രാമൻ നായർ'

കൊച്ചുവാവ: 'എങ്കി രാമൻ നായർ'

*(കാട്ടുകുതിര (1990) - മലയാളസിനിമ)*

പുതിയ അധികാരനിലകൾ സമൂഹത്തിൽ ഉയർന്നുകഴിഞ്ഞുവെന്ന് രാമൻ നായർക്ക് ബോധ്യം വന്നതിനുശേഷം 'കാട്ടുകുതിര' സിനിമയിൽ നടന്ന സംഭാഷണ ഭാഗത്തുനിന്നെടുത്തിട്ടുള്ള ഉക്തികളാണ് ഉദാഹരണം 16-ൽ കൊടുത്തിട്ടുള്ളത്. പട്ടിണിയും പരിവട്ടവും കൊണ്ട് പൊറുതിമുട്ടുന്ന കോവിലകത്ത്, തമ്പുരാൻ ചമഞ്ഞിരിക്കുന്നതിൽ കാര്യമില്ലെന്ന് രാമൻ നായർക്ക് ബോധ്യമാകുന്നു. ഉദാഹരണം 15-ൽ 'താൻ' എന്നു വിളിച്ചതിന്റെ പേരിൽ രാഘവനുമായി കലഹിക്കാൻ ഒരുമ്പെടുകയാണ് രാമൻ നായർ. എന്നാൽ, ഉദാഹരണം 16-ലാകട്ടെ കൊച്ചുവാവ മുതലാളിയെ, തന്നെ തമ്പുരാൻ എന്നു വിളിക്കുന്നതിൽ നിന്നും വിലക്കുകയാണയാൾ.

നമ്മൾ എന്ന സർവ്വനാമം 'ഞാൻ', 'നീ', 'അവൻ' എന്ന മൂന്നു പുരുഷനേയും ക്രോഡീകരിക്കുന്ന എന്ന് അർഥത്തിൽ വിശേഷമുണ്ടെന്ന് കേരളപാണിനി പറയുന്നുണ്ട് (രാജരാജവർമ്മ, എ.ആർ., 1996: 134).[19] ഈ അർഥവിശേഷംമൂലം വ്യക്തിപരമായ ആവശ്യത്തെ ശ്രോതാക്കൾക്കുകൂടി പങ്കാളിത്തം അല്ലെങ്കിൽ താല്പര്യമുള്ള പൊതുക്കാര്യം എന്ന നിലയിൽ അവതരിപ്പിക്കാൻ 'നമ്മൾ' എന്ന സർവ്വനാമം പലപ്പോഴും പ്രയോജനപ്പെടാറുണ്ട്.

ഉദാഹരണം 17

'എനിക്കൊരു റഫറൻസ് കിട്ടിയിട്ടാണ് വിളിക്കുന്നത്. ...... തസ്ലിം നമുക്ക് ഇമ്മീഡിയറ്റായിട്ട് ഒരു വേക്കൻസി വന്നിരിക്കുകയാണ്. യങ് ടാലന്റ്സിനെയാണ് നമ്മൾ നോക്കിക്കൊണ്ടിരിക്കുന്നത്.'

*(റെഡ് എഫ്.എം. റേഡിയോയിലെ ഹലോ മൈ ഡിയർ റോംഗ് നമ്പേഴ്സ് എന്ന പരിപാടിയിൽ നിന്ന്—2013 സെപ്റ്റംബർ 11)*

റെഡ് എഫ്.എം. റേഡിയോയിലെ ഒരു പരിപാടിയാണ് 'ഹലോ മൈഡിയർ റോംഗ് നമ്പേഴ്സ്'. ആളെപ്പറ്റിക്കാനായി നടത്തുന്ന ഫോൺ കോളുകളാണ് പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സംഭാഷണത്തിന്റെ തുടക്കത്തിൽ എനിക്കെന്നുപയോഗിക്കുന്ന കമ്പനി മേധാവി, സംഭാഷണത്തിന്റെ അഞ്ചോ ആറോ ഊഴം കഴിയുമ്പോഴേക്ക് നമുക്ക്, നമ്മൾ എന്നൊക്കെയാണ് ഉപയോഗിക്കുന്നത്. അപരിചിതത്വത്തിന്റെ മറനീങ്ങി, കൂടുതൽ അടുപ്പം ശ്രോതാവുമായി സ്ഥാപിച്ചെടുക്കാനും കമ്പനിയുടെ ആവശ്യം നിങ്ങളുടെ കൂടിയാണെന്നും, നിങ്ങളെ കമ്പനിയുടെ ഭാഗമായാണ് കമ്പനി കാണുന്നതെന്നുമുള്ള കാര്യം അറിയിക്കാനും പ്രസ്തുത 'നമ്മൾ' പ്രയോഗത്തിലൂടെ കമ്പനി മേധാവി ശ്രമിക്കുന്നുണ്ട്.

അതുപോലെ തന്നെ തനിക്ക് വ്യക്തിപരമായി ലഭിച്ച റഫറൻസ് അനുസരിച്ചാണ് വിളിക്കുന്നതെന്നുള്ള തോന്നൽ ശ്രോതാവിൽ ഉളവാക്കാൻ എനിക്ക് എന്ന സർവ്വനാമം കമ്പനി മേധാവിക്ക് ഉപകാരപ്പെടുന്നുണ്ട്. കമ്പനി മേധാവിയുടെ സവിശേഷ പരിഗണന പതിഞ്ഞ പേരാണ് ശ്രോതാവിന്റേതെന്ന ധാരണയെ ക്കൂട്ടുതലുറപ്പിക്കാൻ 'തസ്ലിം' എന്ന് പേരെടുത്തു വിളിക്കുക വഴിയും കമ്പനി മേധാവി ശ്രമിക്കുന്നുണ്ട്. പറയപ്പെടുന്നതിനേക്കാൾ അധികം കാര്യങ്ങൾ സംവേദനം ചെയ്യപ്പെടുന്നതിൽ സർവനാമങ്ങളുടെയും സംജ്ഞാനാമങ്ങളുടെയും പങ്ക് വ്യക്തമാക്കുന്ന സന്ദർഭങ്ങൾ കൂടിയാണിത്.

ഉദാഹരണം 18

'നമുക്കിനി ഹാളിലേക്ക് കേറാം.'

*(സെമിനാർ തുടങ്ങുന്നതിനുമുമ്പ് വകുപ്പധ്യക്ഷൻ പുറത്തുനില്ക്കുന്നവരോടായി പറഞ്ഞത്)*

'ഇവിടെ വകുപ്പധ്യക്ഷൻ നേരാജ്ഞയുടെ രൂപം സ്വീകരിക്കുന്നില്ല എന്നു കാണാം. പറയുന്ന ആളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് നൽകുന്ന നിർദ്ദേശമാണിത്. അതിനാൽ മറ്റുള്ളവർക്കു നൽകുന്ന കർശന നിർദ്ദേശമെന്ന പ്രതീതി ഇല്ലാതാക്കാൻ കഴിയുന്നുണ്ട്. ശ്രോതാക്കൾ സ്വമനസ്സാലേ ചെയ്യുന്ന/ചെയ്യേണ്ട കാര്യമെന്ന നിലയിൽ പ്രസ്തുത കൃത്യത്തെ അവതരിപ്പിക്കാനും 'നമ്മൾ' പ്രയോഗം ഇവിടെ സഹായകമാകുന്നുണ്ട്.

ഉദാഹരണം 19

'നമ്മുടെയാണോ കാർ.'

*(ബന്ധുവിന്റെ വീട്ടുമുറ്റത്തുകിടക്കുന്ന പുതിയ കാർ കണ്ട് ഒരാൾ ചോദിച്ച ഉക്തിയാണിത്. അടുത്ത ബന്ധുവിന്റെ കാർ ചൂണ്ടിയാണ് അയാൾ പ്രസ്തുത ചോദ്യം ഉന്നയിക്കുന്നത്.)*

നിങ്ങളുടെയാണോ കാർ എന്ന് ചോദിക്കുന്നതിലും ആദരവുപരമായ പ്രയോഗമായതുകൊണ്ടാണ് 'നമ്മുടേ'തെന്ന് തന്നേക്കൂടി ചേർത്തുകൊണ്ട് ചോദിക്കുന്നത്. ശ്രോതാവും വക്താവും തമ്മിൽ സമാനമനോഭാവത്തിന്റെ, ഒരുമയുടെ (വ്യാജ) പ്രതീതി സൃഷ്ടിക്കാൻ ഇത്തരം അന്വേഷണങ്ങൾ കൊണ്ടാവും എന്നതുതന്നെ കാരണം.

കൊച്ചുകുട്ടികൾ ഇത്തരം പ്രയോഗാർഥങ്ങൾ പൊതുവെ ഗ്രഹിച്ചുകാണാറില്ല. അത്തരമൊരു സന്ദർഭം നോക്കുക.

ഉദാഹരണം 20

'നിങ്ങടെയാണോ കപ്പ്?'

*(അടുത്തവീട്ടിലെ നാലുവയസ്സുകാരനായ കുട്ടി, വീട്ടിൽക്കണ്ട പുതിയ കപ്പിനെക്കുറിച്ച് ഉന്നയിച്ച ചോദ്യമാണ് ഉദാഹരണം 20-ൽ കൊടുത്തിരിക്കുന്നത്).*

അടുത്ത വീട്ടിൽക്കാണുന്ന ഏതു പുതിയ സാധനവും കുട്ടി ഇത്തരം നിശിത ചോദ്യങ്ങൾക്ക് വിധേയമാക്കാറുണ്ട്. അകൽച്ചയുടെ, പരസ്പരമുള്ള താല്പര്യക്കുറവിന്റെ ചോദ്യം ചെയ്യലിന്റെ സ്വരലാഞ്ഛന പ്രകടിപ്പിക്കുന്ന അന്വേഷണങ്ങളായി അത്തരം ചോദ്യങ്ങൾ അനുഭവപ്പെട്ടാൽ അത്ഭുതപ്പെടേതില്ല. 'നമ്മുടെയാണോ കപ്പെന്ന്' ചോദിക്കണമെന്ന് പറഞ്ഞുകൊടുത്താൽ കുട്ടി സമ്മതിച്ചുതരുകയുമില്ല. പ്രായോഗികമായി നോക്കുമ്പോൾ കുട്ടിയുടെ ഭാഗം ശരിയാണുതാനും. എന്തെന്നാൽ, അവന്റെയോ അവന്റെ വീട്ടുകാരുടെയോ അല്ലല്ലോ കപ്പ്. പിന്നെന്തിന് അത്തരം സർവ്വനാമം ഉപയോഗിക്കണമെന്നേ കുട്ടി ചിന്തിക്കൂ. സാമൂഹ്യ വളർച്ചയുടെ ഒരു ഘട്ടം കൂടി പിന്നിടുന്നതോടെ മാത്രമേ ഇത്തരം പ്രയോഗാർഥങ്ങൾ കുട്ടികൾ ഗ്രഹിക്കാനാരംഭിക്കൂ.

അവൻ, അവൾ, അത് തുടങ്ങിയ സർവ്വനാമങ്ങൾ മധ്യമപുരുഷ സർവ്വനാമങ്ങളാണെന്ന് കേരള പാണിനി പറയുന്നുണ്ട്. അവയുടെ പ്രയോഗത്തെ വിശദീകരിക്കുമ്പോൾ അവൻ എന്നത് ഒരിക്കൽ പേരു പറഞ്ഞുകഴിഞ്ഞ ഒരു പുരുഷനുപകരം നിൽക്കുന്നു എന്നും അവൾ എന്നത് ഒരിക്കൽ പേരുപറഞ്ഞു കഴിഞ്ഞ സ്ത്രീക്കുപകരം നിൽക്കുന്നുവെന്നും എഴുതുന്നുണ്ട്.[20] ഒരിക്കൽ പറഞ്ഞ പേർ വീണ്ടും ആവർത്തിക്കാതിരിക്കാൻ ഉതകുകയാണ് ഇതിന്റെ ഉപയോഗം എന്നും അദ്ദേഹം പറയുന്നു. അത് എന്ന പദം സാധാരണയായി ജീവനില്ലാത്ത വസ്തുക്കൾക്കുപകരം നിൽക്കുന്നു എന്നും സ്ത്രീപുരുഷഭേദം ഉദ്ദേശിച്ചിട്ടില്ലാത്തപ്പോൾ ജീവനുള്ള വാക്കുകൾക്കു പകരം നിൽക്കുന്നു എന്നും അദ്ദേഹം എഴുതിയിട്ടുണ്ട്. എന്നാൽ, ഈ സർവ്വനാമങ്ങളുടെ പ്രയോഗരീതിയിൽ മലയാളീസമൂഹം പുലർത്തുന്ന സാംസ്കാരിക ചിട്ടകൾ വിശദമായി പരിശോധനാവിധേയമാക്കേതാണ്.[21]

ഉദാഹരണം 21

'ഞാൻ കുമാരൻ കുട്ടി' തല തുവർത്തിക്കൊണ്ട് കുമാരൻ കുട്ടി ആംബുലൻസ് ഡ്രൈവറെ നോക്കി.

'ഇത് എന്റെ മോള് ജ്യോതിക'

'ഓ' ചെറുപ്പക്കാരൻ വല്യ താല്പര്യം കാണിച്ചില്ല.

'ഞങ്ങള് വേണമെങ്കിൽ പുറകിൽ ഇരുന്നോളാമായിരുന്നു' ബാഗ് മടിയിൽവച്ചുകൊണ്ട് കുമാരൻ കുട്ടി ഒന്നുകൂടി ഒതുങ്ങിക്കൂടി.

'ഓ... വേ...'

... ... ...

'തൂങ്ങിച്ചത്ത ഒരു പെണ്ണിന്റെ ശവം കൊണ്ടുപോയിട്ട് വരുന്ന വഴിയാ...

ശവം പൊതിഞ്ഞ പായ പുറകിൽ കിടപ്പുണ്ട്'' കുമാരൻകുട്ടി ചെറുപ്പക്കാരനെ ഒന്നു നോക്കി.

'ആ പായ എനിക്കെന്തിനാണെന്നല്ലേ ചേട്ടൻ ചിന്തിച്ചത്' ചെറുപ്പക്കാരൻ ഒന്നു ചിരിച്ചു.

... ... ...

ചെറുപ്പക്കാരൻ ഉറക്കെ ഒന്നു ചിരിച്ചു. ജ്യോതിക മുഖം ചുളിച്ച് കണ്ണുകൾ താഴ്ത്തി.

'എന്തൊരു മനുഷ്യൻ' എന്നു പിറുപിറുക്കുകയും ചെയ്തു.

'ഇവൾക്ക് എത്ര വയസ്സ്'' ചെറുപ്പക്കാരൻ കുമാരൻകുട്ടിയെ നോക്കി.

'ഇരുപത്''

'അറുപത് ആയില്ലല്ലോ... അവളു പൊറുപൊറുക്കുന്നു. അതാ ചോദിച്ചത്.'

അവൾ എന്ന പ്രയോഗവും ജ്യോതികയ്ക്ക് ഒട്ടും രസിച്ചില്ല.

*(മഹാപ്രഭു (നോവൽ)കെ.വി.അനൂപ്, 2014 ഡിസംബർ 20 മനോരമ ആഴ്ചപ്പതിപ്പ്)*

ഉദാഹരണം 22

ടിനിടോം: 'ആദ്യത്തെ കുട്ടി പിറന്നപ്പോൾ അവൻ (ഗിന്നസ് പക്രു) ലോകത്തിന്റെ നെറുകയിലായിരുന്നു. കുഞ്ഞിന് സുഖമില്ലാതെ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ കഴിയുമ്പോഴും ഞാനവനോട് പറയും സാരമില്ലെടാ, ഒരാഴ്ചയ്ക്കുള്ളിൽ എല്ലാം ശരിയാകും.' ഒരു ദിവസം വെളുപ്പിനെ നാലുമണിക്ക് അവൻ വിളിച്ചു. 'മോള് പോയെടാ' ഞാൻ ഉടൻ തന്നെ അവിടെ ചെന്നു. ജീവിതത്തിൽ നിന്ന് ഞാൻ സെൻസർ ചെയ്തു കളയാൻ ആഗ്രഹിക്കുന്നൊരു ദിവസമാണ് അത്. ഇപ്പോഴും ഇത് പറയണമെന്ന് ആഗ്രഹിച്ചതല്ല.

*(2012 ഡിസംബർ 16-31 വനിത)*

ഉദാഹരണം 23

'വി.എസ്സിന്റെ വാക്കുകൾ തന്നെയാണ് റിപ്പോർട്ടിൽ (സംസ്ഥാന സമ്മേളന റിപ്പോർട്ട്) അദ്ദേഹത്തിനെതിരെ ആയുധങ്ങളാക്കിയത്. ടി.പി. ചന്ദ്രശേഖരനെ ധീരനായ കമ്യൂണിസ്റ്റ് എന്നു വി.എസ്. വിശേഷിപ്പിച്ചു. എസ്. രാമചന്ദ്രൻ പിള്ള പങ്കെടുത്ത റിപ്പോർട്ടിങ്ങിൽ പങ്കെടുക്കാതെ ടി.പി.യുടെ വീട്ടിൽ പോയി. പോകുന്ന വിവരം പാർട്ടിയോട് മറച്ചുവച്ചു. അതേസമയം ആർ.എം.പി. പ്രവർത്തകർ തകർത്ത പ്രവർത്തകരുടെ വീടുകൾ തിരിഞ്ഞുനോക്കിയില്ല. ലാവ്‌ലിൻ കേസിലും കൂടംകുളം സമരത്തിലും പൊളിറ്റ് ബ്യൂറോയുടെ നിലപാടുകൾക്ക് വിരുദ്ധ നിലപാട്

എടുത്തു. പി. കരുണാകരൻ അന്വേഷണക്കമ്മീഷനെ വി.എസ്. അധിക്ഷേപിച്ചു. സംസ്ഥാന സമിതി അംഗമായ എസ്. രാജേന്ദ്രനെ അവൻ, ഇവൻ എന്നൊക്കെയാണ് വിശേഷിപ്പിച്ചത്. കൂടംകുളം യാത്ര വിമർശിച്ച മുതിർന്ന നേതാവിനെ നാലുമക്കൾക്കൊപ്പം ഭാര്യയെ ഭ്രാന്താശുപത്രിയിൽ ആക്കിയ വിദ്വാനാണെന്ന് വി.എസ്. വിമർശിച്ചു. കൂടംകുളം യാത്രയെ എതിർത്ത പൊളിറ്റ് ബ്യൂറോയെ 'ജനറൽ സെക്രട്ടറിയുടെ ബുദ്ധികേടെന്ന്'' വി.എസ്. വിമർശിച്ചു. ഈ സാഹചര്യത്തിൽ വി.എസ്സിനെ പ്രതിപക്ഷസ്ഥാനത്തുനിന്ന് നീക്കം ചെയ്യണമെന്ന് അൻപത്തിനാല് സംസ്ഥാന കമ്മറ്റിയംഗങ്ങളും ആവശ്യപ്പെട്ടതായി റിപ്പോർട്ട് പറയുന്നു.

*(വി.എസ്സിനെ നീക്കാൻ അന്നേ നീക്കം' -ആർ. കൃഷ്ണരാജ്*

*2015 ഫെബ്രുവരി 23, മനോരമ പത്രം)*

ഉദാഹരണം 21,22,23 എന്നിവയിൽ അവൻ, അവൾ എന്നിവയുടെ വ്യത്യസ്ത പ്രകരണങ്ങളിലെ പ്രയോഗങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഉദാഹരണം 21-ൽ ജ്യോതികയ്ക്ക് ചെറുപ്പക്കാരന്റെ 'അവൾ' പ്രയോഗം ഒട്ടും രസിക്കുന്നില്ല. അനാദരവു കലർന്ന പ്രയോഗത്തിലൂടെ ചെറുപ്പക്കാരൻ തന്നെ അപമാനിക്കുന്നതായാണ് ജ്യോതികയ്ക്ക് അനുഭവപ്പെടുന്നത്. അവർ തമ്മിൽ പരിചയപ്പെട്ടിട്ടും അധികമായിട്ടില്ല. നിവർത്തികേടുകൊണ്ട് ചെറുപ്പക്കാരന്റെ ആംബുലൻസിൽ യാത്ര ചെയ്യേണ്ടിവന്നവരാണ് ജ്യോതികയും അച്ഛനും. എന്നാൽ, ഉദാഹരണം 22-ൽ പ്രശസ്ത സിനിമാനടൻ ടിനിടോം, തന്റെ സുഹൃത്ത് ഗിന്നസ് പക്രുവിനെ 'അവൻ' എന്നു വിശേഷിപ്പിക്കുന്നു. അവൻ, അവൻ എന്ന് പ്രസ്തുത അഭിമുഖത്തിലുടനീളം ഈ രണ്ടുപേരും പരസ്പരം പരാമർശിക്കുന്നുണ്ട്. പക്ഷേ, അപമാനത്തിന്റെ യാതൊരുവിധ ലാഞ്ഛനയും പ്രസ്തുത പരാമർശകപദങ്ങളിൽ അവർക്കോ വായനക്കാർക്കോ ദർശിക്കാൻ സാധിക്കുന്നില്ല. എന്നുമാത്രമല്ല അവർ തമ്മിലുള്ള അടുപ്പത്തിന്റെ ആഴക്കൂടുതൽ സ്പഷ്ടമാക്കുന്ന ഭാഷാപ്രയോഗങ്ങളായി അവ വിലയിരുത്തപ്പെടുന്നുമുണ്ട്. ഉദാഹരണം 23-ൽ സി.പി.ഐ.എം. സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ടു എന്നു മനോരമ പറയുന്ന റിപ്പോർട്ടിൽ നിന്നുള്ള ചില ഭാഗങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ സംസ്ഥാനക്കമ്മറ്റി അംഗം എസ്. രാജേന്ദ്രനെ വി.എസ്. അവൻ, ഇവൻ എന്നൊക്കെ വിശേഷിപ്പിച്ചതായി കുറ്റപ്പെടുത്തുന്നു. വി.എസ്. അച്യുതാനന്ദനും അദ്ദേഹത്തിന്റെ മുൻ പേഴ്സണൽ സെക്രട്ടറി എസ്. രാജേന്ദ്രനും തമ്മിലുള്ള ഇപ്പോഴത്തെ ബന്ധം അത്ര സുഖകരമല്ലെന്നുള്ള അറിവിന്റെ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ അവൻ, ഇവൻ പ്രയോഗങ്ങൾ എങ്ങനെ അപമര്യാദകരമായി മാറുന്നുവെന്ന് മനസ്സിലാക്കാനാവും.

February, 2019 മലയാളപ്പച്ച
Volume 01 : No. 08 *malayala pachcha*

പേര് ആവർത്തിക്കാതിരിക്കാൻ സഹായിക്കുക എന്ന ധർമം മാത്രമല്ല ശ്രോതാവിനോടുള്ള വക്താവിനുള്ള അടുപ്പം/അകലം, അനിഷ്ടം, ഇഷ്ടം തുടങ്ങി അനേകം കാര്യങ്ങൾ പ്രകരണാധിഷ്ഠിതമായി ആവിഷ്കരിക്കാനും മധ്യമപുരുഷ സർവ്വനാമങ്ങൾ സഹായകമാകുന്നുണ്ട് എന്ന് ഈ ഉദാഹരണങ്ങൾ തെളിയിക്കുന്നു.

പ്രഥമവ്യാകരണത്തിൽ. ഏ.ആർ. പ്രധാനപ്പെട്ട സർവ്വനാമങ്ങൾ എന്നു വിശേഷിപ്പിച്ചുകൊണ്ട് ഒരു പട്ടിക അവതരിപ്പിക്കുന്നുണ്ട്.22 അവയിൽപ്പെട്ട ആർ, എല്ലാവരും എന്നിവ സംബന്ധമായി ഒന്നു രണ്ടു നിരീക്ഷണങ്ങൾ അവതരിപ്പിക്കാനാണ് ഇനി ശ്രമിക്കുന്നത്.

ഉദാഹരണം 24

'ഇവിടെ വച്ചിരുന്ന കത്രിക ആരാ എടുത്തത്?'

*(കത്രിക മേശപ്പുറത്ത് കാണുന്നില്ല. തൊട്ടപ്പുറത്തെ മുറിയിലെ ബന്ധു കേൾക്കേ വീട്ടമ്മ നടത്തിയ ഉക്തി.)*

ഉദാഹരണം 25

'ഇതാരാ ഇവിടെക്കൊണ്ടുപോയി വച്ചത്?'

*(അച്ഛന്റെ മേശപ്പുറത്ത് ഒരിക്കൽ മകൾ പൂപ്പാത്രം വച്ച് അലങ്കരിക്കുകയുണ്ടായി. അത്തരം അലങ്കാരപ്പണികൾ ഇഷ്ടപ്പെടാത്ത അച്ഛൻ പൂപ്പാത്രം കണ്ട് നടത്തിയ ഉക്തിയാണിത്.)*

ഉദാഹരണം 24-ലും 25-ലും വക്താക്കൾ ചില ചോദ്യങ്ങളാണ് ഉന്നയിക്കുന്നത്. പ്രകരണബദ്ധമായി പരിശോധിക്കുമ്പോൾ വെറും ചോദ്യങ്ങളല്ല, ശക്തമായ കുറ്റാരോപണങ്ങളാണ് വക്താക്കൾ ഉന്നയിക്കുന്നത്. തന്റെ കത്രിക എടുത്തുകൊണ്ടുപോയ ആളോട് തിരികെയത് തരാൻ കൂടിയാണ് ഉദാഹരണം 24 ലെ വക്താവ് ആവശ്യപ്പെടുന്നത്. പ്രത്യക്ഷമായി ആരുടെയും പേരുപയോഗിക്കാതെ തന്നെ പ്രസ്തുത ആവശ്യപ്പെടൽ (കുറ്റപ്പെടുത്തൽ) നിർവ്വഹിക്കാൻ വക്താവിനെ 'ആരാ' എന്ന സർവനാമം സഹായിക്കുന്നുണ്ട്. ഉദാഹരണം 25-ലെ ഉക്തി ഒരച്ഛൻ നടത്തിയതാണ്. തന്റെ മേശപ്പുറത്ത് യാതൊരുവിധ അലങ്കാരയേർപ്പാടുകളും ഇഷ്ടപ്പെടാത്ത അച്ഛൻ പ്രസ്തുത ഉക്തിയിലൂടെ തന്റെ അനിഷ്ടം പ്രകടിപ്പിക്കുകയും പൂപ്പാത്രം എടുത്തുമാറ്റാൻ നിർദ്ദേശിക്കുകയുമായിരുന്നു. ആരെയും പേരെടുത്തു പറയാതെ തന്നെ തന്റെ നീരസം ഉക്തിയിലൂടെ ആവിഷ്കരിക്കാൻ 'ആരാ' എന്ന സർവ്വനാമം സഹായകമാകുന്നുണ്ട്.

'നീ എടുത്തുകൊണ്ടുപോയ കത്രിക താ' എന്നു പറയുന്നതിനേക്കാൾ മര്യാദപരമാണ് ഉദാഹരണം 24-ലെ ഉക്തി. ശ്രോതാവാണ് കത്രിക

എടുത്തതെന്ന് ഉറപ്പില്ലെങ്കിൽ അയാളെ നേരിട്ട് കുറ്റപ്പെടുത്തുന്നത് ഒട്ടും ഉചിതമായ കാര്യമല്ലല്ലോ. ഇനി ശ്രോതാവുതന്നെയാണ് എടുത്തതെന്ന് വക്താവിന് കൃത്യമായി അറിയാമെന്നുതന്നെ കരുതുക. എന്നാലും ചില വേളകളിൽ അത്തരം നേർമുഖഭാഷണരീതികൾ (പ്രത്യേകിച്ച് ശ്രോതാവുമായി അത്ര അടുപ്പമില്ലെങ്കിലോ, അധികാര നിലയിൽ കനത്ത അന്തരം നിലനിൽക്കുമ്പോഴോ) ഒട്ടും അഭിലഷണീയമല്ലെന്നു വന്നേക്കാം. ഇത്തരം വേളകളിൽ ശ്രോതാവിന് അപ്രിയം ഉളവാക്കാത്ത രീതിയിൽ തന്റെ നിരീക്ഷണങ്ങളും ആവശ്യങ്ങളും ആവിഷ്കരിക്കാനും പ്രകടിപ്പിക്കാനും വക്താവിന് ഇത്തരം സർവ്വനാമങ്ങൾ സഹായകരമാകുന്നുണ്ട്.

ഉദാഹരണം 26

'എല്ലാവരും ഇനി ചെരുപ്പൊക്കെ പുറത്തിട്ടിട്ട് സന്തോഷായിട്ട് അകത്തോട്ടു കേറിയാട്ടെ'

*(കല്യാണപ്പെണ്ണിനും ചെറുക്കനും ഒപ്പം ബന്ധുക്കൾ, കല്യാണച്ചടങ്ങുകൾക്കായി പള്ളിക്കകത്തേക്ക് പ്രവേശിക്കാനൊരുങ്ങുമ്പോൾ കപ്യാർ പറഞ്ഞത്.)*

വിശേഷ്യദശയിൽ പ്രയോഗമുണ്ടെന്ന് കേരള പാണിനി ചൂണ്ടിക്കാട്ടിയ എല്ലായിൽ നിന്നായ സർവ്വനാമമാണ് എല്ലാവരും.[22] തികച്ചും വ്യക്തിപരമായി ഓരോരുത്തരും പാലിക്കേ നിർദ്ദേശമാണ് കപ്യാർ ഉദാഹരണം 26-ലൂടെ നൽകിയത്. 'ചെരുപ്പൂരി പുറത്തിട്ടിട്ട് നിങ്ങൾ പള്ളിയകത്ത് പ്രവേശിക്കണം' എന്നോ 'ചെരുപ്പൂരിയിട്ടു മാത്രമേ, നിങ്ങൾ പള്ളിയകത്ത് കയറാവൂ' എന്നോ പറയുന്നതിൽ വ്യാകരണപരമായി യാതൊരുവിധ തകരാറുമില്ല. കടുത്ത ഭാഷയിൽ നല്കപ്പെടുന്ന അത്തരം നിർദ്ദേശങ്ങൾ പൊതുവെ സൗഹൃദാന്തരീക്ഷത്തിൽ മങ്ങലുളവാക്കും. കഴിയുമെങ്കിൽ അത്തരം നേർനിർദ്ദേശങ്ങൾ മയപ്പെടുത്തി അവതരിപ്പിക്കാൻ ഭാഷകർ ശ്രമിക്കാറുണ്ട്. ഇവിടെ വക്താവ് തന്റെ നിർദ്ദേശത്തെ മയപ്പെടുത്താനുദ്ദേശിച്ച് 'എല്ലാവരും' എന്ന സർവ്വനാമത്തെ കൂട്ടുപിടിച്ചിരിക്കുകയാണ്. ഇത് പൊതുവിൽ നൽകുന്ന നിർദ്ദേശമാണെന്നും സ്വന്തം തിരിച്ചറിവിൽ നിന്നുകൊണ്ട് നിർവ്വഹിക്കാൻ സ്വയം സജ്ജരാകണമെന്നും സൂചിപ്പിക്കാൻ ഇവിടെ കപ്യാർ ശ്രമിക്കുന്നു.

പ്രകരണവാചികളുടെ ഭാഷാപ്രയോഗത്തിൽ പുലർത്തേ സൂക്ഷ്മതയും അവയുടെ വ്യാഖ്യാനത്തിൽ പിന്തുടരേ പ്രകരണബോധവും പ്രയോഗവിജ്ഞാനം ഏറെ പ്രാധാന്യത്തോടെ കാണുന്നുണ്ട്. അവയുടെ അർഥരൂപീകരണത്തിൽ പ്രകരണം, വക്താക്കളുടെ ഉദ്ദേശ്യം എന്നിവ നിർണായക സ്വാധീനം ചെലുത്തുന്നുണ്ട്. അതുപോലെ തന്നെ

ഭാഷാപ്രയോക്താക്കൾക്കിടയിലെ ആപേക്ഷികമായ അകലം/അടുപ്പം എന്നിവ ആവിഷ്ക്കരിക്കുന്നതിലും അവ സൂക്ഷ്മത പുലർത്തുന്നുണ്ട്. രൂപത്തിൽ ചെറുതായിരിക്കുമ്പോൾത്തന്നെ പ്രയോഗത്തിൽ അവ ആവിഷ്ക്കരിക്കുന്ന വൈവിധ്യങ്ങളായ ധർമങ്ങൾ ഏറെയാണ്. അതിനാൽത്തന്നെ പറയപ്പെടുന്നതിനേക്കാൾ അധികം കാര്യങ്ങൾ ഭാഷയിലൂടെ സംവേദനം ചെയ്യുന്നതിൽ പ്രമുഖസ്ഥാനം പ്രകരണ സൂചകവാചികൾ ഓരോന്നിനുമുണ്ട്.[23]

## കുറിപ്പുകൾ

1. Charles Morris 1938:30 *Cited in Schitt*, 2002:70

2. പ്രകരണബദ്ധമായ വാക്യമാണ് ഉക്തി. ഒരു പ്രത്യേക പ്രകരണത്തിൽ വെച്ച് ഒരു പ്രത്യേക പ്രയോക്താവിനാൽ ഉച്ചരിക്കപ്പെടുന്നതാണ് ഉക്തി. വാക്യത്തിന്റെ പൂർണ രൂപം ഉക്തിക്ക് ഉണ്ടാകാം ഇല്ലാതിരിക്കാം. സംസാരിക്കുമ്പോൾ പ്രയോക്താക്കൾ ഉല്പാദിപ്പിക്കുന്നത്/പുറപ്പെടുവിക്കുന്നത് വാക്യങ്ങളല്ല; ഉക്തികളാണ് എന്ന് പ്രയോഗവിജ്ഞാനം കരുതുന്നു.

3. Pragmatics questions the validity of the 'code-model' of communication that was developed within the discipline of semiotics.? (Schmitt, 2002:70)

4. deixis എന്ന പദത്തിന് വി.ആർ. പ്രബോധചന്ദ്രൻ നായർ നൽകുന്ന തർജ്ജമ ദൂരസൂചനം എന്നാണ്. പര്യായപദമെന്ന നിലയിൽ Indexicality എന്ന പദവും നല്കുന്നുണ്ട്. Indexicalityക്ക് അദ്ദേഹം അകലസൂചനം എന്ന തർജ്ജമയും നല്കുന്നു. (നോക്കുക. പ്രബോധചന്ദ്രൻ നായർ, വി.ആർ. 2012: 250, 436).

   വക്താക്കളും ശ്രോതാക്കളും പരാമർശിതവ്യക്തികളും വസ്തുക്കളും തമ്മിലുള്ള അകലം/അടുപ്പം എന്നിവ സൂചിപ്പിക്കുന്നതിനോടൊപ്പം അവയെത്തന്നെ സൂചിപ്പിക്കുകയും ചെയ്യുന്ന പദങ്ങളാണ് deixis എന്ന സാങ്കേതിക പദത്തിനു കീഴിൽ ഉൾക്കൊള്ളിക്കാനാവുന്നവ. ഉക്തികളുടെ വക്താവാര്, ശ്രോതാവാര്, ഉക്തി നടക്കുന്ന സമയം, ഉക്തി നടക്കുന്ന സ്ഥലം- ഉക്തിയിലൂടെ പരാമർശിക്കപ്പെടുന്ന വ്യക്തികൾ, സ്ഥലം, സമയം എന്നിവയെല്ലാം സൂചിപ്പിക്കുക (ചൂണ്ടിക്കാട്ടുക) എന്ന ധർമമാണ് അവയ്ക്കുള്ളത്. വിശാലമായി പറഞ്ഞാൽ പ്രകരണസൂചകത്വം നിർവ്വഹിക്കുന്ന പദങ്ങളാണവ. അതിനാൽ പ്രകരണസൂചകത്വം, പ്രകരണവാചികൾ തുടങ്ങിയ തർജ്ജമകളാണ് ഈ പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്.

5. 'Deictic expressions are among the first forms to be spoken by very young children and can be used to indicate people via person deixis (*'e', 'you'*), or location via spatial deixis *('here', 'there')*, or time via temporal deixis ('now', 'then'). All these expressions depend, for their interpretation, on the speaker and hearer sharing the same context.

'Indexical expressions are a particular kind of referential expressions, where the reference is not just 'baldly' semantic, but includes a reference to the particular context in which the semantics is put to work. Indexical expressions are basically pragmatically determined' (Mey, 1994:91)

As the German Psychologist-Philosopher of language, Karl Buhler, expressed it more than fifty years ago,

Everybody can say I, and whoever says it, points to another object than everybody else; one needs as many proper names as there are speakers, in order to map (in the same way as in the case of the nouns) the intersubjective ambiguity of this one word into the unambiguous reference of linguistic symbols (1934: 103; my translation) (Mey, 1994:90)

According to Buhler (and in the spirit of the period), such an 'unambiguous reference' is demanded of language by the logicians. In the same spirit, some of the latter in all sincerity proposed that we should abolish words with 'unclear reference' 'such as 1' or 'you', because there is no way of checking whether they correspond to something 'out there'; as their reference is always shifting (Mey, 1994:90)

'As their reference is always shifting; This is why the Russian-American linguist Roman Jakobson has suggested calling such deictic words shifters' (Mey, 1994:90). ഡോ. വി.ആർ. പ്രബോധചന്ദ്രൻ നായർ ഉപയോഗിക്കുന്ന തർജ്ജമയാണ് ഇവിടെ ഉപയോഗിക്കുന്നത്. 'വ്യതിയാനകാരി' കാണുക, (പ്രബോധചന്ദ്രൻ നായർ, വി.ആർ, 2013: 831)

Indeed, deictic expressions have their most basic uses in face-to face spoken interaction where utterances such as (I) are easily understood by the people present, but may need a translations for someone not right there. (I) 'I. 11' put this here'(Yule, 1988: 9)

6. സംഭാഷണാപഗ്രഥനത്തിന്റെ ഭാഗമായാണ് ഇവയെ പഠിക്കുന്നത്.

7. സാമ്പ്രദായിക വ്യാകരണഗ്രന്ഥങ്ങളിൽ സർവ്വനാമങ്ങൾ എന്ന ശീർഷകത്തിനു കീഴേ വിവരിച്ചുവരുന്നവ തന്നെയാണിവ. പ്രയോഗവിജ്ഞാനപരമായി നോക്കുമ്പോൾ ഇത്തരമൊരു വിഭജനത്തിന് പ്രസക്തിയുണ്ടെന്നു കരുതുന്നു.

സംബോധനാപദങ്ങളും പരാമർശകപദങ്ങളും രണ്ടും രണ്ടാണ്. ഇക്കാര്യം ഡോ. ഉഷ നമ്പൂതിരിപ്പാട് ഇങ്ങനെ വിശദീകരിച്ചിട്ടുണ്ട്. "ഏതു ഗവേഷകനെയും പോലെ സംബോധനാപദങ്ങളെക്കുറിച്ച് പഠിക്കുന്ന ഗവേഷകനും ആദ്യം നേരിടുന്ന പ്രശ്നം സാങ്കേതികപദങ്ങളുടേതാണ്. പ്രത്യക്ഷത്തിൽ വലിയ സങ്കീർണതയൊന്നുമില്ലാത്ത പദങ്ങളെ വ്യക്തമായും സൂക്ഷ്മമായും നിർവചിക്കുകയെന്നത് ശ്രമകരമായ ഒരു ജോലിയായിത്തീരുന്നു. അത്തരം പദങ്ങളുടെ കൂട്ടത്തിൽ പെടുത്താവുന്നവയാണ് സംബോധനാപദങ്ങളും (Address term) പരാമർശക പദങ്ങളും (Reference terms). ബാഹ്യമായി ഇവയ്ക്കു തമ്മിൽ വലിയ വ്യത്യാസമില്ലെന്നു തോന്നാമെങ്കിലും യഥാർഥത്തിൽ ഇവ

രും വ്യത്യസ്തങ്ങളായ സങ്കേതങ്ങളെ (concepts)) യാണ് സൂചിപ്പിക്കുന്നത്. സംബോധിതനോടു നേരിട്ടു സംസാരിക്കുമ്പോൾ സംബോധിതനെക്കുറിച്ച് പറയാൻ ഉപയോഗിക്കുന്ന പദങ്ങളാണ് സംബോധനാരൂപങ്ങൾ, അല്ലെങ്കിൽ സംബോധനാപദങ്ങൾ. വിളിരൂപങ്ങ(Âk\ZhbÂ^g)ളും സംബോധനാപദങ്ങളിൽ ഉൾപ്പെടുന്നു. 'രാമാ നീ എവിടെയായിരുന്നു എന്ന വാക്യത്തിൽ രാമനും നീയും സംബോധനാപദങ്ങളാണ്. ഇവയിൽ ഒന്ന് സംജ്ഞാനാമവും, മറ്റേത് സർവനാമവുമാണല്ലോ- 'രാമാ' എന്നതിൽ 'ആ' സർവനാമവുമാണല്ലോ- 'രാമാ' എന്നതിൽ 'ആ' എന്നത് വിളിരൂപ പ്രത്യയമാണ്. 'നീ' എന്നതിൽ ഇങ്ങനെയൊരു പ്രത്യയമില്ല. സംബോധനാപദങ്ങൾ വിളിരൂപപ്രത്യയം ചേർന്നും ചേരാതെയും വരാം. സംബോധിതനെക്കുറിച്ച് മൂന്നാമതൊരാളോട് പറയാൻ ഉപയോഗിക്കുന്ന പദങ്ങളാണ് പരാമർശകപദങ്ങൾ. ഇവയെ സാധാരണ വിളിരൂപങ്ങളായി ഉപയോഗിക്കാറില്ല. രാമൻ ഇവിടെ വന്നിരുന്നു, അവന് പനിയാണ് എന്നീ വാക്യങ്ങളിലെ രാമനും അവനും പരാമർശകപദങ്ങളാണ്. (ഉഷ നമ്പൂതിരിപ്പാട്, 1990:13).

Social deixis (Levinson, 1983: 89-94). Here we shall restirct the terms (Social deixis) to those aspects of language structure that encode the social identities of participants, or the social relationship between them, or between one of them and persons and entities referred to. (Levinson, 1983: 89)

8. ലാൽസലാം(1990)എന്ന സിനിമയെ അടിസ്ഥാനമാക്കിയാണ് പ്രധാനമായും സംബോധനാരൂപങ്ങളെക്കുറിച്ച് ഈ പ്രബന്ധത്തിൽ പറയുന്നത്.

9. ഇക്കാര്യം പ്രയോഗവിജ്ഞാനം ഗൗരവത്തിൽ കണക്കിലെടുക്കുന്നു.

10. "സംബോധനാപദങ്ങളെക്കുറിച്ച് പഠിക്കാൻ വ്യക്തികൾ തമ്മിലുള്ള ബന്ധം, സംഭാഷണ സന്ദർഭം, സംഭാഷണസ്ഥലം,സ്ത്രീ-പുരുഷ വ്യത്യാസം, ഔപചാരികത, അനൗപചാരികത, ഉപയോഗിക്കുന്ന ഭാഷാഭേദങ്ങൾ തുടങ്ങി നിരവധി ഘടകങ്ങൾ കണക്കിലെടുക്കേിയിരിക്കുന്നു" (ഉഷ നമ്പൂതിരിപ്പാട്, 1990:1415).

11. നമ്പൂതിരിപ്പാട്: 'ഞാൻ വന്നപ്പോൾ താഴെ ഉണ്ടായിരുന്നു. ഇല്ലേ? കണ്ടതുപോലെ തോന്നി.' എന്നു പറഞ്ഞു കവിൾത്തടം കവിഞ്ഞു നീണ്ടിട്ട് ഒരു മന്ദഹാസം ചെയ്തു.
ഇന്ദുലേഖ: 'ഞാൻ അപ്പോൾ താഴത്തില്ല. 'ഞാൻ' എന്നു പറഞ്ഞപ്പോൾ നമ്പൂതിരിപ്പാട് ഒന്നു ഞെട്ടി. ഒരു നായർ സ്ത്രീ തന്നോട് അങ്ങനെ ഇതുവരെ പറഞ്ഞിട്ടില്ലാ.

(ചന്തുമേനോൻ, ഒ. 2014: 148)

12. 'കേരളപാണിനി. '(ഡി) നമ്+കൾ=നമ്മൾ ഇരട്ടബഹുവചനം.
ഇത് 'ഞാൻ', 'നീ', 'അവൻ' എന്ന മൂന്നു പുരുഷന്മാരെയും ക്രോഡീകരിക്കുന്നു എന്ന് അർത്ഥത്തിൽ വിശേഷം' (രാജരാജവർമ്മ, എ,ആർ, 1996: 134).

13. അവൻ: 'ഇത് ഒരിക്കൽ പേരു പറഞ്ഞു കഴിഞ്ഞ ഒരു പുരുഷനു പകരം നിൽക്കുന്നു. ഇതിന്റെ ഉപയോഗം ഒരിക്കൽ പറഞ്ഞ പേര് വീണ്ടും ആവർത്തിക്കാതിരിക്കാൻ ഉതകുകയാകുന്നു' (പ്രഥമവ്യാകരണം എ.ആർ. രാജരാജവർമ്മ.)

അവൾ: 'ഇത് അവൻ എന്നതിനെപ്പോലെ മുമ്പു പേരു പറഞ്ഞു കളിഞ്ഞയാളിനു പകരം നിൽക്കുന്നു. എന്നാൽ, ഒരു സ്ത്രീയെയാണ് പുരുഷനെയല്ല കുറിക്കുന്നത്.'

അത്: 'ഈ പദം സാധാരണയായി ജീവനില്ലാത്ത വസ്തുക്കൾക്കു പകരം നിൽക്കുന്നു. സ്ത്രീപുരുഷഭേദം ഉദ്ദേശിച്ചിട്ടില്ലാത്തപ്പോൾ ജീവനുള്ള വകകൾക്കു പകരം നിൽക്കുന്നു.

ചുരുക്കത്തിൽ ഇവയെല്ലാം നാമങ്ങളെ ആവർത്തിക്കാതിരിപ്പാൻ ഉതകുന്നു' (പ്രഥമ വ്യാകരണം എ.ആർ. രാജരാജവർമ്മ).

14. ഒരു നാമത്തെ ആവർത്തിക്കാതിരിപ്പാനായി ഇപ്രകാരം ഉപയോഗിക്കുന്ന പദത്തെ സർവനാമം എന്നു പറയുന്നു. പ്രധാനപ്പെട്ട സർവ്വനാമങ്ങളെ താഴെ ചേർത്തിരിക്കുന്നു.

ഞാൻ, ഞങ്ങൾ, നാം, നീ, നിങ്ങൾ, താൻ, തങ്ങൾ, അവൻ, അവൾ, അവർ, അത്, അവ, ഇവൻ, ഇവൾ, ഇവർ, ഇവ, എവൻ, ഏവൻ, എവൾ, ഏവൾ, എവർ, ഏവർ, എത്, ഏത്, എവ, ഏവ, ഒന്നു, ഒരുത്തൻ, മറ്റവൻ, മറ്റവൾ, മറ്റവർ, മറ്റത്, മറ്റവ, മറ്റുള്ളവർ, മറ്റുള്ളത്, മറ്റുള്ളവ, യാവൻ, യാവൾ, യാവർ, യാതൊന്ന്, ആർ, എന്ത്, ഒരുവൻ, എല്ലാവരും, പലർ, ചിലർ, എല്ലാം, ഒക്കെ, മിക്കതും, മിക്കവർ (പ്രഥമവ്യാകരണം)

(പ്രഥമവ്യാകരണം എ.ആർ. രാജരാജവർമ്മ).

15. ഒരു നാമത്തെ ആവർത്തിക്കാതിരിപ്പാനായി ഇപ്രകാരം ഉപയോഗിക്കുന്ന പദത്തെ സർവനാമം എന്നു പറയുന്നു. പ്രധാനപ്പെട്ട സർവ്വനാമങ്ങളെ താഴെ ചേർത്തിരിക്കുന്നു.

ഞാൻ, ഞങ്ങൾ, നാം, നീ, നിങ്ങൾ, താൻ, തങ്ങൾ, അവൻ, അവൾ, അവർ, അത്, അവ, ഇവൻ, ഇവൾ, ഇവർ, ഇവ, എവൻ, ഏവൻ, എവൾ, ഏവൾ, എവർ, ഏവർ, എത്, ഏത്, എവ, ഏവ, ഒന്നു, ഒരുത്തൻ, മറ്റവൻ, മറ്റവൾ, മറ്റവർ, മറ്റത്, മറ്റവ, മറ്റുള്ളവർ, മറ്റുള്ളത്, മറ്റുള്ളവ, യാവൻ, യാവൾ, യാവർ, യാതൊന്ന്, ആർ, എന്ത്, ഒരുവൻ, എല്ലാവരും, പലർ, ചിലർ, എല്ലാം, ഒക്കെ, മിക്കതും, മിക്കവർ (പ്രഥമവ്യാകരണം)(പ്രഥമവ്യാകരണം എ.ആർ. രാജരാജവർമ്മ).

16. 'എല്ലാ', 'എല്ലാവും', 'എല്ലാം' എന്ന് 'ഉം' ചേർത്താണു വിശേഷ്യദശയിൽ ഇതിനു പ്രയോഗം. വിശേഷണമാകുമ്പോൾ 'എല്ലാ ജനങ്ങൾ' എന്നുതന്നെ മതി. (രാജരാജവർമ്മ, എ.ആർ., 1996: 136)

'It should not be a surprise to learn that deictic expressions were all to be found in the pragmatic waste basket. Their interpretation depends on the context, the speakers?s intention, and they express relative distance. Given their small size and extremely wide range of possible uses, deictic expressions always communicate much more than is said.' (Yule, 1998: 16).

# സാഹിത്യവും സങ്കല്പനവും: ധൈഷണികഭാഷാശാസ്ത്ര അപഗ്രഥനം

ശരത് ചന്ദ്രൻ
ഗവേഷകൻ, മലയാളവിഭാഗം, മറീന കാമ്പസ്, മദ്രാസ് സർവകലാശാല, ചെന്നൈ

## ആമുഖം

ധൈഷണികഭാഷാശാസ്ത്ര(Cognitive Lingustics)ത്തിന്റെ പരികല്പനകളുടെ അടിസ്ഥാനത്തിൽ പൊതുധൈഷണികവൃത്തികളുടെ ഭാഗമാണ് ഭാഷ. ഭാഷയെക്കുറിച്ചുള്ള അറിവ് ഭാഷാപ്രയോഗങ്ങളിൽ നിന്നാണ് ഉടലെടുക്കുന്നത്. വ്യാകരണം പോലും സങ്കല്പന(Conceptualisation)മാണെന്ന് ധൈഷണികഭാഷാശാസ്ത്രം വാദിക്കുന്നു. ഇത് ലോകത്തെ അറിയുന്നതിനുള്ള ഉപാധിയായും മാറുന്നു. ഭാഷയിലൂടെ ആവിഷ്കരിക്കുന്ന സങ്കല്പനങ്ങളാണ് ധൈഷണികഭാഷാശാസ്ത്രത്തിൽ അർഥത്തെ സൃഷ്ടിക്കുന്നത്. സങ്കല്പനം എന്നാൽ വ്യക്തി തന്റെ ചുറ്റുപാടുമുള്ള കാര്യങ്ങളെ മനസ്സിലാക്കിയെടുക്കുന്ന പ്രക്രിയയാണ്. ഇന്ദ്രിയങ്ങൾ ഉപയോഗിച്ച് തങ്ങളുടെ ചുറ്റുപാടുകളുമായി ബന്ധിപ്പിച്ച് പുതിയ കാര്യങ്ങൾ ഉൾക്കൊള്ളുന്ന നിരവധി ധൈഷണികവൃത്തികളുടെ ഭാഗമായിട്ടു തന്നെയാണ് ഭാഷയെയും കാണുന്നത്. അതായത് ഭാഷ ആർജ്ജിക്കുവാനുള്ള മനുഷ്യമനസ്സിന്റെ കഴിവ് ധൈഷണികവൃത്തിയാണ്. സാഹിത്യത്തിൽ ഉപയോഗിക്കുന്ന ഭാഷയും ഇതിൽനിന്നും ഭിന്നമല്ല. ധൈഷണികഭാഷാശാസ്ത്രത്തിലെ പ്രധാനപ്പെട്ട പൊതുധൈഷണികവൃത്തികളിലൊന്നായി ജോർജ് ലക്കോഫ് അവതരിപ്പിക്കുന്ന സങ്കല്പനലക്ഷകസിദ്ധാന്ത(Conceptual Metaphor)മുപയോഗിച്ച് ചെറുകഥയിലെ ഭാഷയെക്കുറിച്ച് അപഗ്രഥനം ചെയ്യാനാണ് പ്രബന്ധം ശ്രമിക്കുന്നത്. അതിനായി തിരഞ്ഞെടുത്തിരിക്കുന്നത് ഉണ്ണി ആറിന്റെ 'നന്തനാരുടെ ആട്ടിൻകുട്ടി' എന്ന കഥയാണ്. ഇതിലൂടെ ഭാഷാശാസ്ത്രസിദ്ധാന്തങ്ങളുപയോഗിച്ച് സാഹിത്യത്തെ അപഗ്രഥനം

നടത്തുന്നതിനും എഴുത്തുകാരന്റെ ഭാഷയെയും അതിലൂടെ അയാൾ സങ്കല്പനം ചെയ്യുന്ന ജ്ഞാന പശ്ചാത്തലത്തെക്കുറിച്ചും മനസ്സിലാക്കാൻ സാധിക്കുന്നു.

### സങ്കല്പനലക്ഷകങ്ങൾ

മെറ്റഫർ എന്നതിനു സമാനമായി മലയാളത്തിൽ 'രൂപകം', 'സാരൂപ്യക ല്പന' എന്നിങ്ങനെ ഉപയോഗിക്കാറുണ്ട്. ജോർജ് ലക്കോഫ് വ്യക്തമാക്കുന്ന മെറ്റഫറിന് ഒരു അലങ്കാരത്തെക്കാൾ പ്രാധാന്യം കൊടുക്കുന്നുണ്ട്. ഇത് ഭാഷാപരമെന്നതിനേക്കാൾ സങ്കല്പനപരമാണെന്ന് ഡോ.പി.എം.ഗിരീഷ് ചൂണ്ടിക്കാട്ടുന്നു. അദ്ദേഹം, 'രൂപകം', സാരൂപ്യകല്പന' എന്നീ പദങ്ങൾ ഇവിടെ യോജിക്കുകയില്ല എന്നും ചിന്തയുടെ ആവിഷ്കാരം സമ്പൂർണ മാക്കുന്ന ലക്ഷണാവ്യാപാരത്തെ കുറിക്കാൻ ലക്ഷകം എന്ന പദമാണ് ലക്കോഫിന്റെ മെറ്റഫറിന് യോജിക്കുക എന്നും വ്യക്തമാക്കുന്നു (പി.എം. ഗിരീഷ്, 2012: 59-60). ധൈഷണികഭാഷാശാസ്ത്രത്തിന്റെ പ്രധാന പരികല്പ നയായ ലക്ഷകങ്ങൾക്ക് രൂപകത്തെ അപേക്ഷിച്ച് രണ്ട് തലങ്ങളുണ്ടെന്നു കാണാം. സ്രോതസ്ഥലവും (Source Domain) ലക്ഷ്യതലവു (Target Domain) മാണവ. ലക്ഷകത്തിന്റെ വാച്യാർഥത്തിന്റെ ഉറവിടമാണ് സ്രോതസ്ഥലം. ലക്ഷകത്തിൽ ആവിഷ്കരിക്കപ്പെടുന്ന അനുഭവത്തിന്റേതാണ് ലക്ഷ്യതലം. ഇവ തമ്മിലുള്ള അടയാളപ്പെടുത്തലാണ് ലക്ഷകാത്മക ചിന്തയിൽ നടക്കു ന്നത്. ഇത്തരം ലക്ഷകങ്ങൾ മനുഷ്യർ സൃഷ്ടിക്കുന്നത് തങ്ങളുടെ പൂർവാ നുഭവങ്ങളിൽ നിന്നാണ്. കഥയിൽനിന്നും ഒരു ഉദാഹരണമെടുത്ത് ഇത് വ്യക്തമാക്കാം. "അയാളുടെ മുഖത്ത് ഇപ്പോൾ വിടർന്നു പോയേക്കാവുന്ന ഒരു ചിരി ഉണ്ടായിരുന്നു" ( ഉണ്ണി ആർ. 2018, 106) എന്ന പ്രയോഗത്തിലെ വിടരുക എന്ന പദത്തിന്റെ സ്രോതസ്ഥലം ഒരു ചെടിയിലോ ഏതെങ്കിലും സസ്യത്തിലോ ഒരു പുഷ്പം വിടരുന്നതാണ്. ലക്ഷ്യതലമാകട്ടെ അയാളുടെ കൂടിച്ചേർന്നിരിക്കുന്ന ചുണ്ടുകൾ മെല്ലെ വിടർന്ന് ഭംഗിയുള്ള ഒരു ചിരിയായി മാറുന്നതുമാണ്. പൂവിന്റെ ഇതളുകളുമായി ബന്ധിപ്പിച്ചു കൊണ്ട് ചുണ്ടുകളെ കാണുകയും പ്രക്രിയയ്ക്കു ശേഷമുള്ള ഭംഗിയും കാണുന്നവരുടെ മനസ്സിന്റെ ആനന്ദവുമെല്ലാം ഇവിടെ സങ്കല്പനം ചെയ്തിരിക്കുന്നു. ഇവ തമ്മിലുള്ള കൂടിച്ചേരലിലൂടെയാണ് ഇവിടെ അർഥം സൃഷ്ടിക്കുന്നത്. വിടരുക എന്ന ലക്ഷകത്തിന്റെ സ്രോതസ്സ് പ്രകൃതിയായതിനാൽ ഇത് പ്രകൃതില ക്ഷകമാണെന്നു പറയാം. ഇത്തരത്തിൽ ലക്ഷകങ്ങളെ ലക്കോഫ് പല തരത്തിൽ തരംതിരിച്ചിട്ടുണ്ട്. പാത്രലക്ഷകങ്ങൾ(Container Metaphor), സത്താപരമായലക്ഷകങ്ങൾ(Ontological Metaphor), ഘടനാത്മകലക്ഷ കം(Structural Metaphor), ലക്ഷ്യലക്ഷകങ്ങൾ (Orientational Metaphor) എന്നിവയെല്ലാം ഉദാഹരണമാണ്.

അകം-പുറം വിന്യാസക്രമത്തിന്റെ അടിസ്ഥാനത്തിലുള്ള ലക്ഷകങ്ങളാണ് പാത്രലക്ഷകങ്ങൾ. തീവണ്ടി ആഫീസിൽ എന്ന പ്രയോഗം ഇതിനുദാഹരണമാണ്. ക്രിയ, സംഭവങ്ങൾ എന്നിവ ആവിഷ്കരിക്കുന്ന ലക്ഷകങ്ങളാണ് സത്താപരമായലക്ഷകം. "തീവണ്ടികൾ ചിലപ്പോൾ അവിദഗ്ധനായ ഒരു ഡോക്ടറെപ്പോലെ പെരുമാറിയെന്നു വരാം" എന്നത് ഉദാഹരണമാണ്. സ്രോതസ്ഥലം, ലക്ഷ്യതലം എന്നിങ്ങനെ രണ്ടുതലങ്ങളുള്ള ലക്ഷകങ്ങളാണ് ഘടനാത്മകലക്ഷകങ്ങൾ. ലക്ഷ്യലക്ഷകങ്ങളാകട്ടെ സ്ഥലപരമായ ആശയങ്ങളെ അവതരിപ്പിക്കുന്നതാണ്. ഉദാഹരണത്തിന്, "ഞാൻ നിരാശനാണ്" എന്ന പ്രയോഗത്തിൽ നിരാശ എന്നത് താഴ്ന്ന/മോശം അവസ്ഥയായിട്ടാണ് മനസ്സിലാക്കുന്നത്. നേരെ മറിച്ച് സന്തോഷം ഉയർച്ചയും കയറ്റവുമാണ്.

## ബിംബലക്ഷകങ്ങൾ

"ഒരു വസ്തുവിനെ മറ്റൊരു വസ്തുവുമായി ദൃശ്യപരമായി അടയാളപ്പെടുത്തുന്നതിനെയാണ് ജോർജ് ലക്കോഫ് ബിംബലക്ഷകം (Image Metaphor) എന്നുപറയുന്നത്" (പി.എം. ഗിരീഷ്, 2018: 90). ഇത് മുകളിൽ സൂചിപ്പിച്ച സങ്കല്പനലക്ഷകങ്ങളിൽനിന്നും വ്യത്യസ്തമാണ്. ഇതിന്റെ അടിസ്ഥാനമായിട്ടു കാണുന്നത് ദൃശ്യപരതയാണ്. ലോകബോധത്തെ അവതരിപ്പിക്കാനുള്ള കലാതന്ത്രങ്ങളിലൊന്ന് അനുയോജ്യമായ ബിംബലക്ഷകങ്ങൾ ഉപയോഗിക്കുക എന്നതാണ്. ഉപമയുൾപ്പെടെയുള്ള അലങ്കാരങ്ങളെ ബിംബലക്ഷകങ്ങളായി കാണാം. കാരണം ആന്തരികമായ ഗുണങ്ങളുടെ അടിസ്ഥാനത്തിൽ യാഥാസ്ഥിതികമായ ഒരു ബിംബം യാഥാസ്ഥിതികമായ മറ്റൊരു ബിംബവുമായി ബന്ധപ്പെടുന്നതാണ് ബിംബലക്ഷകമെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട് (പി. എം. ഗിരീഷ്, 2018: 91). ഒരു ദൃശ്യവസ്തുവിനെ മറ്റൊരു ദൃശ്യവസ്തുവുമായി ബന്ധിപ്പിക്കുകയാണ് ഇവിടെ ചെയ്യുന്നത്. ഇവ അംശം-സാകല്യം (Part - Whole Relation) എന്ന ബന്ധത്തെ ആവിഷ്കരിക്കുന്ന ഉപാദാനലക്ഷണ (Metonymy) യുടെ സ്വഭാവമാണ് കാണിക്കുന്നത്. ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. "ഒരിക്കലും ഗുഹ വിട്ട് പുറത്തു വരാത്തൊരു ആദിമ മനുഷ്യനെപ്പോലെ തന്റെ ഏകാന്തതയിലത് തണുത്തു കിടക്കും"(105). ഇവിടെ ആദിമ മനുഷ്യൻ 'അംശ' വും ഏകാന്തത 'സാകല്യ'വുമാണ്. തന്റെ ഏകാന്തതയെക്കുറിച്ച് വ്യക്തമാക്കാൻ ശ്രമിക്കുന്ന കഥാകൃത്ത് ഗുഹവിട്ട് ഒരിക്കലും പുറത്തിറങ്ങാത്ത ഒരു ആദിമമനുഷ്യനെ അംശമായി ചിത്രീകരിച്ചുകൊണ്ട് സ്വന്തം ഏകാന്തത അതിൽനിന്നും എത്രയോ വലുതാണ് എന്ന്

വായനക്കാരെക്കൊണ്ട് സങ്കല്പനം ചെയ്യിക്കുന്നു. അതിനായി അദ്ദേഹം സ്വീകരിക്കുന്ന ഉപാധികളിലൊന്നായി ബിംബലക്ഷകം മാറുന്നു.

### 'നന്തനാരുടെ ആട്ടിൻകുട്ടി'യും ലക്ഷകഘടനയും

ഉത്തമപുരുഷനിൽ കഥ പറയുന്ന 'നന്തനാരുടെ ആട്ടിൻകുട്ടി' യിൽ ജീവിതത്തിൽ നിരാശനായി ഒന്നിനും ഉത്സാഹമില്ലാതെ ജീവിതം അവസാനിപ്പിക്കാൻ തീരുമാനിച്ച കഥാപാത്രത്തെയാണ് കാണുക. പല വഴികളും ആലോചിച്ച് ഒടുക്കം തീവണ്ടിയുടെ മുന്നിൽ ചാടി ആത്മഹത്യ ചെയ്യാൻ തീരുമാനിക്കുന്ന അയാൾ ആളൊഴിഞ്ഞ ഒരു റെയിൽവേ സ്റ്റേഷനിൽ രാത്രി കാലത്ത് എത്തിച്ചേരുകയും, തീവണ്ടി കാത്തിരിക്കുന്ന വേളയിൽ ഒരപരിചിതൻ വന്ന് സംസാരിക്കുകയും ചെയ്യുന്നു. ഇയാൾ മരിക്കുന്നതിനായി വന്നതാണെന്ന് അറിഞ്ഞുകൊണ്ടു സംസാരിക്കുന്ന അപരിചിതൻ നന്തനാരുടെ ആട്ടിൻകുട്ടി എന്ന കഥയെക്കുറിച്ച് ചോദിക്കുകയും അതിലെ ആട്ടിൻകുട്ടി താനാണെന്ന് ഓർമിപ്പിക്കുകയും ചെയ്യുന്നു. ഒടുക്കം ട്രയിൻ എത്തുമ്പോൾ അപരിചിതനായ അയാൾ ചാടി ആത്മഹത്യ ചെയ്യുന്നതുമാണ് കഥാസംഗ്രഹം. മുകളിൽ സൂചിപ്പിച്ച തരത്തിലുള്ള നിരവധി ലക്ഷകങ്ങളിലൂടെയുള്ള ആഖ്യാനമാണ് ഉണ്ണി ആർ. ഈ കഥയിൽ നടത്തിയിട്ടുള്ളത്. മറ്റ് പല പൂർവ ധാരണകളുമായി ബന്ധിപ്പിച്ചുകൊണ്ട് തനിക്കു പറയാനുള്ള കാര്യങ്ങൾ പറയുന്ന കഥാകൃത്ത് കഥയ്ക്കു നല്കിയിരിക്കുന്ന പേരു തന്നെ അത്തരത്തിലൊന്നാണ് എന്നത് ശ്രദ്ധേയമാണ്. നന്തരാരുടെ പ്രസിദ്ധമായ ഒരു ചെറുകഥയുമായി ബന്ധിപ്പിച്ചുകൊണ്ട് തന്റെ കഥ പറയുന്നു. കഥയിൽ കടന്നുവരുന്ന പ്രധാന ലക്ഷകങ്ങളെ അപഗ്രഥനം നടത്തുകയാണ് തുടർന്ന് ചെയ്യുന്നത്.

### കഥയിലെ സങ്കല്പനലക്ഷകങ്ങൾ

"ഞാൻ നിരാശനാണ്. ചില നേരങ്ങളിൽ സങ്കടം കൊണ്ട് ഞാൻ കുനിപ്പോവാറുണ്ട്" (105) എന്ന വാചകത്തോടെയാണ് കഥ ആരംഭിക്കുന്നത്. മുമ്പ് സൂചിപ്പിച്ച ലക്ഷ്യലക്ഷകങ്ങൾക്കുള്ള ഉദാഹരണം തന്നെയാണ് ഇത്. സങ്കടം എന്ന വികാരത്തെ ഭാരമുള്ള ഒരു വസ്തുവായി സങ്കല്പനം ചെയ്തുകൊണ്ടും ഈ വാചകത്തെ കാണാവുന്നതാണ്. സദാസമയം കായികമായ ഭാരംപേറിനടക്കുകയും ഒടുക്കം ക്ഷീണിച്ചവശനായി കുനിപ്പോവുകയും ചെയ്യുന്ന അവസ്ഥയുമായി ബന്ധിപ്പിച്ചുകൊണ്ട് സങ്കടം എന്ന വികാരത്തെ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. മനുഷ്യർ ആർജിക്കുന്ന അറിവുകളിൽ നല്ലപങ്കും മനുഷ്യകേന്ദ്രീകൃതമായിട്ടാണെന്ന് ലക്കോഫ് വ്യക്തമാക്കുന്നുണ്ട്. ലക്ഷ്യലക്ഷകങ്ങളെല്ലാം തന്നെ

February, 2019 മലയാളപ്പച്ച
Volume 01 : No. 08 *malayala pachcha*

അത്തരമൊരു ജ്ഞാനപശ്ചാത്തലത്തിൽ നിന്നുകൊണ്ട് രൂപപ്പെടുത്തുന്ന താണ്. അതുപോലെ മനുഷ്യശരീരത്തെ ഒരു പാത്രമായി കണ്ടുകൊണ്ട് ശരീരത്തിനുള്ളിൽ, ശരീരത്തിനു പുറത്ത് എന്നിങ്ങനെ വേർതിരിച്ച് കാര്യങ്ങൾ മനസ്സിലാക്കുന്ന വിധത്തിലാണ് "എന്റെ കാലുകളിൽനിന്നും നടക്കുവാനുള്ള മിടുക്ക് ആരോടും ചോദിക്കാതെ ഇറങ്ങിപ്പോവുന്നത്" (105) എന്നു പറയുമ്പോൾ കാണാൻ സാധിക്കുന്നത്. കൂടാതെ മിടുക്ക് എന്ന ശേഷിയെ ചോദിക്കാതെയും പറയാതെയും വരികയും പോവുകയും ചെയ്യുന്ന ഒരു വ്യക്തിയുമായി ബന്ധിപ്പിച്ചു കൊണ്ടും അർഥത്തെ സങ്കല്പനം ചെയ്തിരിക്കുന്നു.

"നിങ്ങളുടെ മുഖമെന്താണിങ്ങനെ തണുത്തുറഞ്ഞിരിക്കുന്നതെന്ന് ഒരാൾ ചോദിച്ചാൽ ഞാൻ അയാളുടെ മുന്നിൽനിന്നും രക്ഷപ്പെടാനുള്ള ശ്രമങ്ങൾ നടത്തും" (105). ഇവിടെ മുഖത്തെ ഒരു പാത്രത്തിലെ ജലവുമായി ഇണക്കുന്നു. ജലം അതിന്റെ സ്വഭാവിക അവസ്ഥയിൽ സ്ഥിതിചെയ്യു മ്പോൾ പാത്രത്തിന്റെ ചലങ്ങൾക്കനുസരിച്ച് പാത്രത്തിൽ യഥേഷ്ടം ചലി ക്കുന്നു. കൂടാതെ എളുപ്പത്തിൽ മറ്റു പാത്രത്തിലേക്ക് പകരുവാനും കൂടുതൽ ചേർക്കാനും കഴിയുന്നു. എന്നാൽ ഉറഞ്ഞിരുന്നാൽ ഇതൊന്നും കഴിയില്ല. ഇവിടെ സ്രോതസ്ഥലമായി വർത്തിക്കുന്നത് ഈ ആശയമാണ്. ഇതു പോലെതന്നെയാണ് നിരാശയോടുകൂടിയ വ്യക്തിയുടെ മുഖത്ത് യാതൊരു ഭാവമാറ്റങ്ങളോ വികാരങ്ങളോ ഒന്നുംതന്നെ കാണാൻ സാധിക്കില്ല. മുഖത്തെ പേശികൾ ചലിക്കാതെ വലിഞ്ഞുമുറുകി ഒരേ അവസ്ഥയിൽ തന്നെയാവും ഉണ്ടാവുക. ഇവിടെ മുഖം ലക്ഷ്യതലമാണ്. ഇതോടൊപ്പം ചേർത്തു വായിക്കാവുന്ന മറ്റൊരു ലക്ഷകമാണ് "ഓരോ ചോദ്യങ്ങളായി ചോദിച്ചുകൊണ്ട് മുഖത്തെ മൂടി നിൽക്കുന്ന മഞ്ഞഴിക്കുവാൻ ശ്രമിക്കും" (105) എന്ന വാചകത്തിലും കാണുന്നത്.

മനുഷ്യർ ജീവിതത്തെ ഒരു യാത്രയുമായി ബന്ധിപ്പിച്ചാണ് മസ്സിലാക്കു ന്നതെന്ന് യാത്രാലക്ഷകങ്ങളെക്കുറിച്ച് വിശദീകരിക്കുമ്പോൾ ലക്കോഫ് വ്യക്തമാക്കുന്നു. അതായത് മുന്നോട്ടുള്ള പോക്കാണ് യാത്ര. യാത്രയിൽ പല ലക്ഷ്യങ്ങളും പല മാർഗ്ഗങ്ങളും ഉണ്ടാവും. ഇതു തന്നെയാണ് ജീവി തത്തിലും സംഭവിക്കുന്നത്. ഇവിടെ കഥയിൽ ഒരു യാത്രാലക്ഷകമായി കടന്നു വരുന്ന പ്രയോഗമാണ് "കണ്ണുകൾ വഴിയറിയാതെ മുടന്തും" (105) എന്നത്. ശരീരത്തെ മുന്നോട്ടു നയിക്കുന്നത് കാഴ്ചയാണ്. ജീവിതംതന്നെ ഒരു യാത്രയാണ് എന്ന സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ നിന്നുകൊണ്ടേ ഈ പ്രയോഗത്തെ മനസ്സിലാക്കാൻ കഴിയൂ.

മനുഷ്യശരീരവുമായി ബന്ധപ്പെട്ട് കാര്യങ്ങൾ മനസ്സിലാക്കുന്നതു പോലെ തന്നെ പ്രധാനമാണ് മനുഷ്യലക്ഷകങ്ങൾ ഉപയോഗിക്കുന്നതും. "തീവണ്ടി ആപ്പീസിന്റെ ഇരുട്ടു വാതിലിലൂടെ നടന്നുവരുമ്പോൾ ഇരു കൈകൾ പോലെ നീണ്ടുനിവർന്ന പാളങ്ങൾ എന്നെ ഉറക്കത്തിൽനിന്ന് എണീറ്റുനോക്കി. അവർ വീണ്ടും കിടന്നു" (106). ഇവിടെ രണ്ടിടത്തായി പാളങ്ങളെ മനുഷ്യനുമായി ബന്ധിപ്പിച്ചു കൊണ്ട് സങ്കല്പനം ചെയ്യുന്നു. അതിലൂടെ പ്രയോഗത്തിന് കൂടുതൽ അർഥ തീവ്രതയുണ്ടാക്കാൻ എഴുത്തുകാരൻ ശ്രമിക്കുന്നു. "പ്ലാറ്റ്ഫോമിലെ ഒഴിഞ്ഞ ചാരു ബഞ്ചുകളിൽ കിടന്നിരുന്ന ഇരുട്ടിലേക്ക് ഇരുന്നു" (106), 'ചെറിയ വെളിച്ചങ്ങൾ' (106), 'മറ്റാരുമില്ലാത്ത ഒരു ചെറിയ സ്റ്റേഷൻ' (106), 'ഞാൻ പുസ്തകങ്ങളെ മറന്നിരുന്നു' (107) എന്നീ പ്രയോഗങ്ങളിലെല്ലാം മനുഷ്യലക്ഷകങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്.

ഇവയ്ക്കു പുറമെ സ്ഥലപരമായ ആശയങ്ങൾ വ്യക്തമാക്കുന്ന ലക്ഷ്യലക്ഷകങ്ങൾ കടന്നുവരുന്ന പ്രയോഗങ്ങളാണ്:

*"അയാൾ അടുത്തേക്ക് ചേർന്നു നിന്നു"(106).
*"എപ്പോഴെങ്കിലും ജീവിതത്തെ നിങ്ങൾ അടുത്തുനിന്ന് നോക്കിയിട്ടുണ്ടോ?" (107)
*"തീവണ്ടിയുടെ ശബ്ദം ദൂരെ ഇരുട്ടു മൂളി വന്നപ്പോൾ അയാൾ പറഞ്ഞു" (107).
*"ജീവിതത്തിന്റെ ഗന്ധത്തോളം ആഴമുള്ളതായി മറ്റൊന്നുമില്ല" (107).

ഇവിടെ ഗന്ധം എന്ന ഇന്ദ്രിയാനുഭവത്തെ ഭൗതികവും സ്ഥലപരവുമായ ഒരു ആശയവുമായി ഘടനാപരമായി കൂട്ടിയിണക്കുന്ന മറ്റൊരു ലക്ഷകവും ഉള്ളടങ്ങിയിരിക്കുന്നു. ഇത്തരത്തിൽ അകലെ - അടുത്ത്, മുകളിൽ-താഴെ, മുന്നിൽ -പിന്നിൽ, എന്നിങ്ങനെ പലതരത്തിലുള്ള ലക്ഷ്യലക്ഷകങ്ങൾ കഥയിൽ ഉപയോഗിച്ചിരിക്കുന്നു.

കഥ അവസാനിക്കുന്നത് "ദൂരെ, രാത്രിയുടെ വളവു തിരിഞ്ഞ്, തീവണ്ടിയുടെ മസ്തകം മുന്നിലേക്കു നീട്ടിയ വെളിച്ചത്തിന്റെ ഒറ്റക്കൊമ്പിൽ ഞങ്ങൾ ആദ്യമായി തെളിഞ്ഞു കണ്ടു"(107) എന്നു പറയുന്നിടത്ത് 'മസ്തകം', 'ഒറ്റക്കൊമ്പ്' എന്നീ വാക്കുകളിലൂടെ മൃഗലക്ഷകമാണ് എഴുത്തുകാരൻ ഉപയോഗിക്കുന്നത്. ജീവനില്ലാത്ത ഒരു വസ്തുവിനെ മനുഷ്യലക്ഷകമുപയോഗിച്ച് ജീവനുള്ളതായി സങ്കല്പനം ചെയ്യുന്നതിന് സമാനമാണ് മൃഗലക്ഷകങ്ങളുടെ പ്രയോഗവും.

കഥയിലെ ബിംബലക്ഷകങ്ങൾ

ഒരു വസ്തുവിനെ മറ്റൊരു വസ്തുവുമായി ദൃശ്യപരമായി അടയാളപ്പെടുത്തുന്നതിനെയാണ് ബിംബലക്ഷകമായി കരുതുന്നതെന്ന് സൂചിപ്പിച്ചു. കാഴ്ചയ്ക്കാണ് ഇവിടെ പ്രാധാന്യം. കഥയെ കാഴ്ചയുടെ അനുഭവമാക്കാൻ ശ്രമിക്കുന്ന ബിംബലക്ഷകങ്ങളിൽ ഉപമയാണ് സാധാരണ ഉപയോഗിക്കുന്നത്. നന്തനാരുടെ ആട്ടിൻകുട്ടി എന്ന കഥയിലും ഉണ്ണി ആർ. ഉപമകളിലൂടെയാണ് ബിംബലക്ഷകങ്ങൾ സൃഷ്ടിക്കുന്നത്. ബിംബലക്ഷകങ്ങൾക്ക് പര്യായമായിട്ട് അതിനാൽ ഉപമയെ സ്വീകരിക്കാമെന്നും പി.എം.ഗിരീഷ് അഭിപ്രായപ്പെടുന്നു (2018: 90). ഈ കഥയിൽ അംശ -സാകല്യങ്ങളുടെ അടിസ്ഥാനത്തിൽ ഉപയോഗിച്ചിരിക്കുന്ന പ്രധാനപ്പെട്ട ബിംബലക്ഷകങ്ങൾ ഇവയാണ്:

* "പാറക്കെട്ടുകൾക്കിടയിൽ പെട്ടുപോയൊരു പാമ്പിനെ ഓർമിപ്പിച്ചുകൊണ്ട് നാവ് എന്നെ ഒഴിവാക്കും" (105).
* "സന്തോഷിക്കാൻ, പാട്ടുപാടാൻ, രതി ചെയ്യാൻ കഴിയുന്നതുപോലെ ഒരാൾക്ക് നിരാശപ്പെടാനും കഴിയും" (105).
* "ശരീരത്തിൽനിന്നും നീരാവിപോലെ ഉയരുന്ന രക്ഷപെടാനുള്ള ആഗ്രഹം അയാൾ മനസ്സിലാക്കുകയേ ഇല്ല" (105).
* " ശ്വാസം പുറമേക്കു വരാൻ മടി കാണിക്കുന്ന പെണ്ണിനെപ്പോലെ ഒളിക്കാൻ ശ്രമിക്കും" (105).
* "കൈകൾ പോലെ നീണ്ടു നിവർന്ന പാളങ്ങൾ" (106).
* " നിരാശനായ ഒരാളെ ലോഹചക്രങ്ങൾക്ക് കുരുതിയെന്ന പോലെ ഒളിപ്പിച്ചു വെയ്ക്കുന്നതിന്റെ ഗൂഢ രഹസ്യം" (106).

ജീവിതത്തിൽ കടുത്ത നിരാശ ബാധിച്ച് ആത്മഹത്യ ചെയ്യാനായി നടക്കുന്ന കഥാപാത്രത്തെക്കുറിച്ചും അയാളുടെ സാമൂഹികസാഹചര്യത്തെയും ചുറ്റുപാടുകളെക്കുറിച്ചും പറയുമ്പോൾ ഉപയോഗിക്കുന്ന പലതരത്തിലുള്ള ബിംബലക്ഷണങ്ങളാണ് മുകളിൽ കാണുന്നത്. ഇവയിലെല്ലാം അംശ - സാകല്യങ്ങളുടെ ബന്ധത്തിലൂടെയാണ് അർത്ഥം സൃഷ്ടിക്കുന്നത്. ഉദാഹരണങ്ങളിൽ യഥാക്രമം പാമ്പ്, സന്തോഷം - പാട്ട് - രതി, നീരാവി, പുറത്തേക്കു വരാൻ മടികാട്ടുന്ന പെണ്ണ്, കൈകൾ, കുരുതി എന്നിവ അംശവും നാവ്, നിരാശ, രക്ഷപെടാനുള്ള ആഗ്രഹം, ശ്വാസം, പാളങ്ങൾ, ഒളിപ്പിച്ചുവെയ്ക്കുക എന്നിവ സാകല്യവുമായാണ് കടന്നുവരുന്നത്. സങ്കല്പനവ്യവസ്ഥയെ ശക്തമായി ആവിഷ്കരിക്കാൻ ഈ അംശ-സാകല്യ ബന്ധങ്ങൾക്കു കഴിയുന്നു. അതുകൊണ്ടുതന്നെ കഥാസന്ദർഭങ്ങളിൽ കൂടുതൽ

അർഥതീവ്രത കൊണ്ടുവരാനും വായനക്കാരെക്കൊണ്ട് കൂടുതൽ ചിന്തിപ്പിക്കുവാനും സാധിക്കുന്നതാണ് ബിംബലക്ഷകങ്ങൾ എന്നു കാണാം.

## ഉപസംഹാരം

'സാഹിത്യവും സങ്കല്പനവും: ധൈഷണികഭാഷാശാസ്ത്ര അപഗ്രഥനം' എന്ന ഈ പ്രബന്ധത്തിലൂടെ ധൈഷണികഭാഷാശാസ്ത്രത്തിന്റെ പ്രധാനപ്പെട്ട ധൈഷണികവൃത്തികളിലൊന്നായ ലക്ഷകസിദ്ധാന്തം ഉപയോഗിച്ച് സാഹിത്യത്തിലെ ഭാഷയെക്കുറിച്ച് പഠിക്കാനാണ് ശ്രമിച്ചത്. അതിനായി അപഗ്രഥന വിധേയമാക്കിയത് ഉണ്ണി ആറിന്റെ 'നന്തനാരുടെ ആട്ടിൻകുട്ടി' എന്ന കഥയാണ്. അപഗ്രഥനത്തിലൂടെ കണ്ടെത്തിയ പ്രധാനപ്പെട്ട ആശയങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം. ഒന്ന്, കഥയിലുടനീളം സങ്കല്പനലക്ഷകങ്ങളുടെയും ബിംബലക്ഷകങ്ങളുടെയും പ്രയോഗം കാണാം. ലക്ഷകങ്ങളിൽ മനുഷ്യലക്ഷകം, മൃഗലക്ഷകം, പാത്രലക്ഷകം, ലക്ഷ്യലക്ഷകം എന്നിങ്ങനെ പലതരത്തിലുള്ള ലക്ഷകങ്ങളുണ്ടെങ്കിലും ജീവനില്ലാത്ത വസ്തുക്കളിൽ പോലും മനുഷ്യലക്ഷകവും മൃഗലക്ഷകവും ഉപയോഗിച്ച് സങ്കല്പനം നടത്താനുള്ള കഥാകൃത്തിന്റെ ശ്രമം കാണാം. മനുഷ്യകേന്ദ്രിതമായ ഒരു ലോകബോധത്തിൽ നിന്നുകൊണ്ട് മറ്റുള്ളവയെ നോക്കിക്കാണുന്നതിന്റെ ഭാഗമായിട്ടാണ് ഇത് സംഭവിക്കുന്നതെന്ന് പറയാൻ കഴിയും. രണ്ട്, ലക്കോഫ് വ്യക്തമാക്കുന്ന ബിംബലക്ഷകങ്ങളും ഉണ്ണി ആർ. കഥയിൽ ഉപയോഗിക്കുന്നു. അലങ്കാരങ്ങളുടെ ഭാഗമായി നില്ക്കുന്ന ബിംബലക്ഷകങ്ങൾ ഉപമ ഉപയോഗിച്ചുകൊണ്ടാണ് ചിന്തയുടെ പുതിയ തലങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നത്. ഇത്തരത്തിൽ ലക്ഷകസിദ്ധാന്തം ഉപയോഗിച്ചുകൊണ്ട് സാഹിത്യത്തെക്കുറിച്ച് പഠിക്കുന്നതിൽ നിന്നും സാഹിത്യ പഠനത്തിന് ഭാഷാശാസ്ത്രത്തെയും ഫലപ്രദമായി ഉപയോഗിക്കാം എന്നും വ്യക്തമാക്കുന്നു.

## സഹായകഗ്രന്ഥസൂചി

1. ഉണ്ണി, ആർ. 2018. *വാങ്ക്*, കോട്ടയം: ഡി.സി. ബുക്സ്.
2. ഗിരീഷ്, പി. എം. 2012. *അറിവും ഭാഷയും ധൈഷണികഭാഷാശാസ്ത്രം: ആമുഖം*, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
3. ... ... 2018. '*എഴുത്ത് നുണയാണെങ്കിൽ വായന മോഷണമാണ്*'. വി.എച്ച്. നിഷാദ്. മിസ്സിസ് ഷെർലക് ഹോംസ്, കോഴിക്കോട്: മാതൃഭൂമി ബുക്സ്.
4. ... ... (എഡി.). 2018. *ഭാഷാശാസ്ത്രം ചോംസ്കിക്കുമപ്പുറം*, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
5. Lakoff, George & johnson.1980/2003. *Metaphors We Live by*, Chicago: Chicago University Press.

# പ്രകാരപ്രത്യയങ്ങളുടെ പ്രയോഗവും പ്രകരണവും ബഷീർ കൃതികളിൽ

വിഷ്ണുപ്രസാദ് സി.ബി.
ഗവേഷകവിദ്യാർത്ഥി, മലയാളവിഭാഗം, എസ്. ബി കോളേജ്, ചങ്ങനാശ്ശേരി

ഭാഷാരൂപങ്ങൾക്ക് അർത്ഥം നല്കുന്നത് അവയുടെ പ്രയോഗസന്ദർഭമാണെന്നാണ് പ്രയോഗവിജ്ഞാനം മുന്നോട്ട് വയ്ക്കുന്ന അടിസ്ഥാന സങ്കൽപ്പം. ഇതിന്റെ വെളിച്ചത്തിൽ മലയാളത്തിലെ പ്രകാരപ്രത്യയങ്ങൾ ബഷീർ കൃതികളിലെ വിവിധ സന്ദർഭങ്ങളിൽ നിർവ്വഹിക്കുന്ന ധർമ്മങ്ങളേതെല്ലാമെന്ന് അന്വേഷിക്കലാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, മുച്ചീട്ടുകളിക്കാരന്റെ മകൾ, പാത്തുമ്മയുടെ ആട്, പൂവൻപഴം എന്നീ കൃതികളെയാണ് പഠനത്തിന് ഉപയോഗിച്ചിട്ടുള്ളത്.

പാണിനീയത്തിൽ അധിഷ്ഠിതമായ സംസ്കൃതവ്യാകരണത്തിൽ നിന്നും തൊൽക്കാപ്പിയം, നന്നൂൽ തുടങ്ങിയ തമിഴ്വ്യാകരണ ഗ്രന്ഥത്തിൽ നിന്നും യൂറോപ്യൻ ഭാഷാശാസ്ത്രത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് രചിച്ച ഗ്രന്ഥമാണ് കേരളപാണിനീയം. ഭാഷോൽപ്പത്തി മുതൽ വാക്യവിചാരം വരെയാണ് ഈ ഗ്രന്ഥത്തിൽ പഠനവിഷയം. പിൽക്കാലത്ത് ഈ വ്യാകരണ ഗ്രന്ഥത്തിലെ സാങ്കേതിക സംജ്ഞകൾക്ക് ധാരാളം അനുകർത്താക്കളുണ്ടായിട്ടുണ്ട്. സർവനാമം എന്നോ വർത്സ്യാക്ഷരമെന്നോ അനുപ്രയോഗങ്ങളെന്നോ ഉള്ള പേരുകളല്ലാതെ പ്രതിസംജ്ഞകളെന്നോ മൗണ്യ അക്ഷരങ്ങളെന്നോ സഹായകവചനങ്ങളെന്നോ ഉള്ള പേരുകൾ ഇന്നത്തെ പഠിതാക്കൾക്ക് ചിരപരിചിതങ്ങളല്ല.

പ്രകാരം എന്ന ശീർഷകത്തിൻ കീഴിൽ വക്താവിന്റെ മനോഭാവത്തെക്കുറിക്കാൻ ക്രിയയിൽ രൂപഭേദം വരുത്തുന്നതിനുള്ള മാർഗങ്ങൾ, പ്രത്യയങ്ങൾ എന്നിവ നിർദ്ദേശിച്ചതും അവയുടെ നിഷ്പത്തി സംബന്ധിച്ച് നിരീക്ഷണങ്ങൾ നടത്തിയതും കേരളപാണിനിയാണ്.

കേരളപാണിനീയത്തിന മുമ്പുള്ള വ്യാകരണഗ്രന്ഥത്തിൽ പ്രകാരം എന്ന പ്രയോഗം കാണുന്നില്ല. എങ്കിലും വക്താവിന്റെ മനോഭാവം അനുസരിച്ച് രൂപഭേദം വരുത്തുന്നതിനുള്ള ഉപാധികൾ കേരളപാണിനിക്ക് മുമ്പുള്ള വൈയാകരണന്മാർ തിരിച്ചറിഞ്ഞിട്ടുണ്ട്.

ലീലാതിലകത്തിലെ 36-ാം സൂത്രത്തിൽ

"വിധിപ്രാർത്ഥനയോഃ സ്വാഭിമുഖപരേഷു ച

യഥാദർശനം ക്രിയാവർത്തതേ.

വിധി പ്രാർത്ഥനകളിലും ഉത്തമമദ്ധ്യമ പ്രഥമപുരുഷഭേദത്തിലും പ്രയോഗത്തിൽക്കാണുന്ന പോലെ ക്രിയ വരും"

(*ലീലാതിലകം*, 2016:90)

ഈ വിശദീകരണത്തിന ശേഷം ഉദാഹരണങ്ങൾ കൊടുത്തിരിക്കുന്നതിൽ 'അണം' ചേർന്ന രൂപത്തിന് ഇന്നും പ്രയോഗമുണ്ട്. 'വിൻ' പ്രത്യയത്തെ നിയോജക ബഹുവചന പ്രത്യയമായി പില്ക്കാല പണ്ഡിതർ പരിഗണിച്ചിട്ടുണ്ട്.

കാൾഡ്വൽ ദ്രാവിഡഭാഷാവ്യാകരണത്തിൽ ദ്രാവിഡഭാഷകളുടെ പ്രകാരങ്ങളുടെ സൃഷ്ടിയെക്കുറിച്ച് ചർച്ചചെയ്യുന്നു. മിൻ, പിൻ, വിൻ എന്നീ നിയോജക ബഹുവചന പ്രത്യയങ്ങളും 'ക' ചേർന്ന രൂപങ്ങളും പ്രകാരപ്രത്യയമായി കാൾഡ്വൽ പറഞ്ഞിട്ടുള്ളത് പിൽക്കാലപണ്ഡിതർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് സാമാന്യവ്യവഹാരഭാഷയിൽ ഈ രൂപങ്ങൾ വിരളമാണ്.

ഹെർമ്മൻ ഗുണ്ടർട്ട് തന്റെ മലയാളഭാഷാവ്യാകരണം എന്ന കൃതിയിൽ വിധി, നിമന്ത്രണം, അനുജ്ഞ എന്നീ സംജ്ഞകളെ പരാമർശിച്ചിട്ടുണ്ടെങ്കിലും അവയെ നിർവ്വചിച്ചിട്ടില്ല.

ജോർജ് മാത്തനാകട്ടെ ജ്ഞാപകയവസ്ഥ, ആശകയവസ്ഥ നന്തം, ലന്തം എന്നീ പേരുകളിലാണ് വിശദീകരിക്കുന്നത്. 'നന്തം' എന്ന പേരിൽ നകാരന്ത വചനാധേയ(വിനയെച്ചം) ങ്ങളെയും 'ലന്തം' എന്ന പേരിൽ സംഭാവനാരൂപങ്ങളെയുമാണ് വിവരിച്ചിട്ടുള്ളത്.

"ജ്ഞാപകയവസ്ഥ ഒരു കാര്യം ഇന്ന പ്രകാരമാകുന്ന എന്നുള്ള നിനവിനെ അറിയിക്കുന്നതാകുന്നു"

(ജോർജ് മാത്തൻ, 2000:99)

"ആശകയവസ്ഥ കേൾവിക്കാരൻ ക്രിയ ചെയ്യുന്നതിന പറച്ചിൽക്കാരൻ ആഗ്രഹിക്കുന്ന എന്നു കാണിക്കുന്നതാകുന്നു. ആശകയവസ്ഥ

കല്പിക്കുന്നതിനും യാചിക്കുന്നതിനും ബുദ്ധിചൊല്ലുന്നതിനും അനുവദിക്കുന്നതിനും പ്രയോഗിക്കപ്പെടുന്നു”

(ജോർജ് മാത്തൻ, 2000:105)

പില്ക്കാലത്ത് നിയോജക പ്രകാരത്തിന്റെ രൂപങ്ങൾ എന്ന നിലയിൽ പരിഗണിച്ചിട്ടുള്ള ശബ്ദങ്ങളെയാണ് മാത്തൻ ഈ ശീർഷത്തിൻ കീഴിൽ വിവരിക്കുന്നത്. മധ്യമപുരുഷനിൽ ഈ രൂപത്തിനുള്ള വചനഭേദം തിരിച്ചറിയാൻ മാത്തന് കഴിഞ്ഞിട്ടുണ്ട്. പൂജകാർത്ഥത്തിൽ പ്രയോഗിക്കുന്ന ‘താങ്കൾ’ എന്ന സർവനാമത്തെയും അതോടു ചേരുന്ന ‘ആലും’ രൂപം കൂടിയ ക്രിയാരൂപത്തെയും അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു.

വിട്ടുവെയു എന്നതിന്റെ ചുരുക്കമാകുന്ന ‘വിട്ടെ’ എന്നതിൽ നിന്നാണ് അട്ടെ രൂപമുണ്ടാകുന്നതെന്ന് മാത്തൻ അഭിപ്രായപ്പെടുന്നു. പ്രത്യക്ഷനിയോഗം മധ്യമപുരുഷനിലേ സാധ്യമാകൂ എന്ന തിരിച്ചറിവ് ‘കൈരളിശബ്ദാനുശാസന’ത്തിൽ സുകുമാരപിള്ള അവതരിപ്പിച്ചിട്ടുണ്ട്. ജോർജ് മാത്തനും ഇത് തിരിച്ചറിഞ്ഞിട്ടുണ്ട്.

“ആഗ്രഹം അറിയിക്കുന്നതു സാധ്യത്തിനാകയാൽ അഭിസ്ഥാനമായിരിക്കുന്ന കേൾവിക്കാരനല്ലാതെ വേർവിട്ടുള്ളവർ ചെയ്യുവാനുള്ളതിനെ അവനോടു അറിയിക്കുന്നതിനിടയില്ല. ആകയാൽ ഈ രൂപത്തിലും സാക്ഷാലുള്ള അപേക്ഷ കേൾവിക്കാരനോടാകയാൽ ‘ഞാൻ പോകട്ടെ’ എന്നതിന് ഞാൻ പോകുന്നതിനു നീ അനുവദിക്ക എന്നു അർത്ഥമാകുന്നു. എന്തെന്നാൽ അതു മുഴവനായിട്ടു പറയുമ്പോൾ, ഞാൻ പോക, നീ വിട്ടുവെയു, എന്നാകും”

(ജോർജ് മാത്തൻ, 2000: 106-107)

1917-ൽ പുറത്തിറക്കിയ കേരളപാണിനീയത്തിന്റെ 2-ാം പതിപ്പിൽ ധാതുവിന്റെ അർത്ഥം കുറിക്കുന്ന ‘മട്ട്’ എന്ന് പ്രകാരത്തെ നിർവചിച്ചിരിക്കുന്നു. നിയോജകം, വിധായകം, അനുജ്ഞായകം, നിർദ്ദേശകം, ആശംസകം എന്നീ പ്രകാരങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിക്കുന്നു. നിയോജകത്തിന് ‘അട്ടെ’, വിധായകത്തിന് ‘അണം’ അനുജ്ഞായകത്തിന് ‘ആം’ ആശംസകത്തിന് ‘ആവു’ പ്രാർത്ഥകം ‘ആലും’ നിർദ്ദേശകത്തിന് പ്രത്യയങ്ങൾ ചൂണ്ടിക്കാണിക്കുന്നില്ല. നിയോജക മധ്യമൈകവചനത്തിന് ധാതുരൂപം തനിയെയും ബഹുവചനത്തിന് ഇൻ ചേർന്ന ക്രിയാരൂപവും പ്രയോഗിക്കാമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ‘ഒട്ടുക’ എന്ന ക്രിയയുടെ ശീലഭാവിരൂപമായ ഒട്ടും എന്നതിൽ നിന്നാണ് കേരളപാണിനി, നിയോജക പ്രത്യയമായ ‘അട്ടെ’ നിഷ്പാദിപ്പിക്കുന്നത്. ‘വേൺ’ എന്ന ക്രിയയുടെ ശീലഭാവിരൂപത്തിൽ നിന്ന് വിധായകപ്രത്യയവും

ആവുക എന്ന ക്രിയയുടെ ശീലഭാവിരൂപത്തിൽ നിന്ന് അനുജ്ഞായക പ്രത്യയവും ഉണ്ടായി എന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു.

ശേഷഗിരിപ്രഭു വ്യാകരണമിത്രത്തിൽ "ഭാഷ പൂർണാപൂർണ ക്രിയകളുടെ രൂപങ്ങൾകൊണ്ടു വ്യാപാരം നടന്ന വിധം ഗ്രഹിപ്പിക്കുന്നതാകുന്നു പ്രകാരം" (ശേഷഗിരിപ്രഭു 2003:209) എന്ന് നിർവ്വചനം കൊടുക്കുന്നു. അപേക്ഷ, കൽപന, അനുവാദം മുതലായ അർത്ഥങ്ങളെ വിധായകപ്രകാരം കാണിക്കുന്നു. "കൽപ്പന, ചെയ്യേണ്ടിയ കാര്യം, ശീലം, ബാധ്യത എന്നീ അർത്ഥങ്ങളെക്കാണിക്കുന്ന ക്രിയാരൂപം വിധായകപ്രകാരം ആകുന്നു" (ശേഷഗിരിപ്രഭു, 2003:211).

വിധായകത്തോടൊപ്പം 'ഏ' ചേർന്ന രൂപം പ്രാർത്ഥനയെയും ആദരവിനെയും കുറിക്കുന്നുവെന്ന് ശേഷഗിരിപ്രഭു അഭിപ്രായപ്പെടുന്നു. അനുജ്ഞായകപ്രകാരം ക്രിയ ചെയ്യാൻ കർത്താവിനുള്ള സമ്മതത്തെ കാണിക്കുന്നു. നിർദ്ദേശകമാകട്ടെ ദിക്കാലകാരണങ്ങളോടുള്ള സംബന്ധത്തെക്കാണിക്കുന്നു.

സുകുമാരപ്പിള്ള കൈരളീശബ്ദാനുശാസനത്തിൽ ക്രിയ ഉൾക്കൊള്ളുന്ന വ്യാപാരത്തിന്റെ രീതിയാണ് പ്രകാരം എന്നു നിർവചിച്ചിരിക്കുന്നു. തുടർന്ന് നിയോജകം, അനുജ്ഞായകം, വിധായകം, നിർദ്ദേശകം, ആശംസ മുതലായ പ്രകാരഭേദങ്ങളെപ്പറ്റി പറയുന്നു. നിയോജകത്തിന് പൂജകനിയോജകം എന്നൊരു വിഭാഗം സൃഷ്ടിക്കുകയും നിയോജകങ്ങൾ ഉണ്ടാക്കാനുള്ള മറ്റുപാധികൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. വരുക, തരുക, തുടങ്ങിയ ചുരുക്കം ചില ക്രിയാരൂപങ്ങളുടെ നിയോഗാർത്ഥം ഉണ്ടാക്കുന്നതിന് വാ, താ എന്നിവ ഉപയോഗിക്കുന്നു. നില്ല്, പോ, കാണ് മുതലായ ധാതുക്കൾ അവയുടെ സ്വരൂപം തന്നെ നിയോജകാർത്ഥത്തിൽ പ്രയോഗിക്കുന്നു. ഇത്തരം രൂപങ്ങൾക്ക് കേവല നിയോജകമെന്ന് സുകുമാരപ്പിള്ള പേരു നൽകിയിരിക്കുന്നു. ക, അ എന്നീ രണ്ടു പ്രത്യയങ്ങൾ ചേർന്ന ക്രിയാരൂപങ്ങൾ നിയോജകാർത്ഥത്തിൽ പ്രയോഗമുണ്ട്. ഇതു കൂടാതെ 'ഉ' എന്ന ശീലഭാവി പ്രത്യയം നിയോജകാർത്ഥത്തെക്കുറിക്കുന്നു. പ്രത്യക്ഷനിയോജകപ്രകാരം മധ്യമപുരുഷനിൽ മാത്രമേ കാണൂ. മധ്യമപുരുഷസർവനാമമായ 'താങ്കൾ' എന്നതിനോടൊപ്പം 'ആലും' ചേർന്ന ക്രിയാരൂപം പൂജകാർത്ഥത്തെക്കുറിക്കും. 'ആട്ടെ' ആശംസകപ്രകാരത്തെക്കുറിക്കുന്നുവെന്ന് സുകുമാരപിള്ള അഭിപ്രായപ്പെടുന്നു.

എന്നാൽ പൂജകനിയോജകം എന്ന പേരിൽ വൈയാകരണർ നിർദ്ദേശിച്ചിട്ടുള്ള ആലും പ്രത്യയത്തിന് തുല്യമാണ് 'ആട്ടെ' എന്ന രൂപം. 'ആട്ടെ' എന്ന രൂപം പൂജകനിയോജകത്തിന്റെ രൂപങ്ങളിൽപ്പെടും.

ജോൺ കുന്നപ്പിള്ളി ശബ്ദസൗഭഗത്തിൽ "ക്രിയയെ സംബന്ധിച്ച വക്താവിന്റെ മനോഭാവം ദ്യോതിപ്പിക്കുവാൻ കൃതിയിൽ വരുത്തുന്ന രൂപഭേദത്തിനു പ്രകാരം എന്നു പറയുന്നു" (1986: 239)

തുടർന്ന് വിധായകത്തിന്റെ അർത്ഥഭേദങ്ങൾ ശീലം, അഭ്യൂഹം, അഭ്യർത്ഥന, എന്നിവയെ പറയുന്നു. അതോടൊപ്പം വിധായകത്തിന്റെ കൂടെ 'ഏ' ചേർന്ന രൂപം അഭ്യർത്ഥനയെക്കുറിക്കും.

അഭിനവമലയാളവ്യാകരണത്തിൽ സി.വി. വാസുദേവ ഭട്ടതിരി "ധാതു അർത്ഥം കുറിക്കുന്ന പ്രകാരം (രീതി) ആണു പ്രകാരം" (1980:177) എന്നു നിർവചിച്ചിരിക്കുന്നു. കേരളപാണിനിയെപ്പോലെ വാസുദേവ ഭട്ടതിരിയും പ്രകാരത്തെ നിയോജകം, വിധായകം, അനുജ്ഞായകം, നിർദ്ദേശകം എന്നു നാലായിത്തിരിക്കുന്നു.

നിയോജക പ്രകാരത്തിന് വാസുദേവഭട്ടതിരി എട്ട് അർത്ഥങ്ങൾ പറയുന്നുണ്ട്. 'അനുമതിനൽകൽ' എന്ന അർത്ഥത്തിന് കൊടുത്തിരിക്കുന്ന ഉദാഹരണം.'അവൻ പൊയ്ക്കൊള്ളട്ടെ' എന്നതാണ്.കൊള്ളുക എന്ന ക്രിയ അനുപ്രയോഗിക്കുമ്പോൾ സമ്മതം എന്ന അർത്ഥം കിട്ടുമെന്ന് പൂർവ്വപണ്ഡിതർ പറഞ്ഞിട്ടുണ്ട്. ഇവിടെ അനുമതി നൽകുക എന്ന അർത്ഥം സൃഷ്ടിച്ചത് 'ആട്ടെ' രൂപമാണോ 'കൊൾ' എന്ന ധാതുവിന്റെ അനുപ്രയോഗമാണോ എന്ന് സംശയമുണ്ട്.

വിധായകത്തിന് ആറ് അർത്ഥം കൊടുത്തിരിക്കുന്നു. ഇതിൽ 'ബലമായ ഊഹം' എന്ന അർത്ഥം 'അണ'ത്തിന് കൊടുത്തിരിക്കുന്നു.

'അവൻ ഇന്നലെ പോയിരിക്കണം'

ഇവിടെ അണമാണോ 'ഇരി' എന്ന അനുപ്രയോഗമാണോ ബലമായ ഊഹം എന്ന അർത്ഥത്തെ നിർണയിക്കുന്നതെന്ന് സംശയമുണ്ട്. അണത്തിന്'തനിയെ' എന്ന അർത്ഥത്തെ ഉണ്ടാക്കാൻ കഴിയുമോ എന്ന കാര്യത്തിൽ സംശയമാണ്.

കാണുക, ഇരിക്കുക, ഉണ്ടാവുക, എന്നീ രൂപങ്ങളോട് അണം ചേർന്നിട്ടാണ് പലപ്പോഴും ബലമായ ഊഹത്തെ കാണിക്കുന്നത്. അനുജ്ഞായകത്തിന് സന്ദേഹം, സംഭവ്യത എന്നീ രണ്ടർത്ഥങ്ങൾ അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതിൽ 'അവർ പോയിരിക്കാം' (സന്ദേഹം) 'വെള്ളം ഏറിയേക്കാം' (സംഭവ്യത) എന്നീ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ആദ്യത്തേതിൽ ഒരു കൂട്ടം ആളുകളെയും രണ്ടാമത്തേതിൽ ഒരു സംഭവത്തെയും പരാമർശിക്കുന്നു. രണ്ടും സന്ദേഹത്തെയാണ് കുറിക്കുന്നത്.

'പ്രകാരങ്ങൾ രാജരാജവർമ്മയുടെ വീക്ഷണത്തിൽ' എന്ന ലേഖന ത്തിൽ സി.ജയശ്രീ രാജരാജവർമ്മയുടെ പ്രകാരചർച്ചയെ സൂക്ഷ്മമായി വിലയിരുത്തുന്നു. ആ അഭിപ്രായങ്ങൾ ചുവടെ ചേർക്കുന്നു:

1. നിർദ്ദേശക പ്രകാരത്തെ ഭാഷയിൽ പ്രകാരമായി ഗണിക്കാൻ പറ്റില്ല.
2. മധ്യമപുരുഷ ഏകവചനത്തിൽ ധാതുവിന്റെ സ്വരൂപം നിയോജ കമായി ഗണിക്കുന്നതിന്റെ ഔചിത്യം സംശയിക്കണം.
3. ധാതുവിന്റെ സ്വരൂപത്തെ നിയോജകത്തിൽ ഉൾപ്പെടുത്താത്ത തിൽ തന്നെ അത് ഏകവചനത്തിൽ മാത്രമല്ല ബഹുവചനത്തിലും പ്രയോഗമുണ്ട്.
4. ധാതുവിന്റെ സ്വരൂപം നിയോജകത്തിൽ ഏകവചനത്തിൽ മാത്രമല്ല ബഹുവചനത്തിലുമുണ്ട്.
5. ഉത്തമപുരുഷനോട് 'അട്ടെ' ചേർന്നാൽ നിയോഗാർത്ഥം വരില്ല. മധ്യമപുരുഷനിൽ അട്ടെ പ്രത്യയം അപ്രസക്തമാണ്. പ്രഥമപു രുഷനിൽ പ്രത്യക്ഷ നിയോഗം സാധ്യമാവുകയില്ല. ഈ മൂന്നു കാര്യത്തെ മുൻനിർത്തി നിയോജക പ്രത്യയമായി അട്ടെ പരി ഗണിക്കുന്നതിന്റെ ഔചിത്യത്തെ ചോദ്യം ചെയ്യുന്നു.

"പ്രഥമപുരുഷനെ നിയോജകത്തിലുൾപ്പെടുത്തണമെങ്കിൽ അതിനെ പ്രത്യക്ഷനിയോഗമെന്നും പരോക്ഷനിയോഗമെന്നും രണ്ടുവിഭാഗ ങ്ങൾ കൽപിക്കേണ്ടിവരും. മധ്യമപുരുഷക്രിയകൾക്കാകട്ടെ, 'അട്ടെ' അപ്രസക്തമാണ്. ചുരുക്കിപ്പറഞ്ഞാൽ നിയോജകപ്രകാരത്തിന്റെ പ്രധാനപ്രത്യയമായി 'അട്ടെ' യെ പരിഗണിക്കുന്നതിൽ അർത്ഥമില്ല" (വേണുഗോപാലപ്പണിക്കർ, 1996 : 17)

കർത്താവിൽ വരുന്ന രൂപഭേദം അനുസരിച്ച് പ്രത്യയങ്ങളുടെ അർത്ഥ ത്തിൽ മാറ്റം വരും.അതിനാൽ പ്രത്യയത്തെ അടിസ്ഥാനമാക്കിയുള്ള വിഭ ജനത്തിന് സാംഗത്യമില്ല. നിയോജകപ്രകാരത്തിൽ മധ്യമപുരുഷനോട് ചേർത്ത് പ്രയോഗിക്കുന്ന 'ഊ' ചേർന്ന ക്രിയാരൂപത്തിലെ ഒടുവിലത്തെ ദീർഘസ്വരം അവധാരകഭാവി പ്രത്യയമാണെന്ന് പൂർവ്വപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഇതിനെ ഖണ്ഡിച്ചുകൊണ്ട് അത് അവധാരക പ്ര ത്യയമല്ലെന്നും ധാതുവിനോട് 'ഉ' ചേർന്ന രൂപത്തിലെ ഒടുവിലത്തെ ഹ്രസ്വസ്വരം ദീർഘിച്ചതാണെന്നും ജയശ്രീ അഭിപ്രായപ്പെടുന്നു.

വ്യാകരണഗ്രന്ഥങ്ങളിൽ പ്രകാരപ്രത്യയങ്ങൾ എന്ന പേരിൽ വിവ രിച്ചിട്ടുള്ള അട്ടെ, അണം, ആം എന്നീ ആശ്രിതരൂപിമങ്ങൾക്ക് ബഷീർ കൃതികളിൽ വിവിധ സന്ദർഭങ്ങളിൽ വരുന്ന അർത്ഥഭേദങ്ങളെ തുടർന്ന് അന്വേഷിക്കുന്നു.

നിയോജകപ്രത്യയമെന്ന പേരിൽ വിവരിച്ചിട്ടുള്ള 'അട്ടെ'യുടെ വിവിധ അർത്ഥ സാധ്യതകളെ പരിശോധിക്കാം.

'അട്ടെ' കഥാപാത്രത്തിന് പ്രതീക്ഷ നല്കുന്ന പ്രതീതിയുണ്ടാക്കുന്നു

ഉദാ: 1 "കുഞ്ഞുപാത്തുമ്മ വലുതാവട്ടെ"

*(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:11)*

മിസ്ട്രസ്സുമാരെപ്പോലെ സാരിയും ബ്ലൗസും പറ്റു കുപ്പായവും വേണമെന്ന് ആഗ്രഹം പ്രകടിപ്പിക്കുന്ന കുഞ്ഞുപാത്തുമ്മയോട് മിസ്ട്രസ്സുമാർ പറയുന്ന വാക്യമാണിത്. ഇവിടെ നിയോഗമോ ആശംസയോ അല്ല. കഥാപാത്രത്തിന് പ്രതീക്ഷ നൽകുകയാണ് അട്ടെ ചേർന്ന രൂപംകൊണ്ട് കിട്ടുന്നത്.

'അട്ടെ' കഥാപാത്രത്തിന്റെ ധൈര്യത്തെ പ്രകടമാക്കുന്നു.

ഉദാ:2 "എന്തിനും അവൾക്ക് സ്വാതന്ത്ര്യമുണ്ട്. മലക്, ജിന്ന്, ഇഫ്രീത്ത്, ഇൻസ്—ആരും വരട്ടെ!"

*(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:33)*

വീട് നഷ്ടപ്പെട്ട കുഞ്ഞുപാത്തുമ്മയ്ക്ക് ഉണ്ടാകുന്ന ധൈര്യമാണ് ഇവിടെ പ്രകടമാകുന്നത്. മലക്, ജിന്ന്, ഇഫ്രീത്ത്, ഇൻസ് തുടങ്ങി ആര് വന്നാലും തന്നെ ബാധിക്കുകയില്ലെന്ന് കുഞ്ഞുപാത്തുമ്മ അഭിപ്രായപ്പെടുന്നു.

'അട്ടെ' അനുകമ്പാസൂചകമായി ഉപയോഗിക്കുന്നു

ഉദാ: 3 "എന്തായാലും പൊയ്ക്കോട്ടെ. അതിന്റെ വീട്ടിലേക്കു വിട്ടേക്കാം"

*(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2011:37)*

ആമ്പൽപൊയ്കയിലിറങ്ങിയ കുഞ്ഞുപാത്തുമ്മയെ അട്ട ഉപദ്രവിച്ചെങ്കിലും സഹജീവിയോട് തോന്നുന്ന അനുകമ്പയോടെ അതിനെ വെറുതെ വിടുന്നതാണ് സന്ദർഭം. ഇവിടെ 'അട്ടെ' അനുകമ്പാസൂചകമായി വരുന്നു.

'അട്ടെ'നിർദ്ദേശകാർത്ഥത്തിൽ ഉപയോഗിക്കുന്നു

ഉദാ: 4 'നോക്കട്ടെ' ആ ചെറുപ്പക്കാരൻ പറഞ്ഞു.

*(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന,"2011:52)*

തോട്ടിൽ വീണ് കൈമുറിഞ്ഞ കുഞ്ഞുപാത്തുമ്മയും നിസ്സാർ അഹമ്മദും തമ്മിലുള്ള സംസാരമാണിത്. ഇവിടെ മുറിഞ്ഞ കൈ നീട്ടൂ എന്ന നിർദ്ദേശമാണ് 'നോക്കട്ടെ'യിൽ ഉള്ളത്.

ഉദാ: 5 കുരുവിയെ കാണട്ടെ' *(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന,"2011:53)*

മേൽപറഞ്ഞ ഉദാഹരണം പോലെ കുഞ്ഞുപാത്തുമ്മയോട് നിസാർ

അഹമ്മദ് പറയുന്ന വാക്കുകളാണിത്. ഇവിടെയും നിർദ്ദേശാർത്ഥമാണ് 'അട്ടെ'യ്ക്കുള്ളത്.

'അട്ടെ'വക്താവിന്റെ നിസംഗഭാവത്തെക്കുറിക്കുന്നു.

ഉദാ: 6 "ഹമ്പടീ! എന്നാൽ കുന്നട്ട കടിച്ചു കൊല്ലട്ടെ"

*(ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, 2011:59)*

ആമ്പൽപൊയ്കയിൽ കുളിക്കാൻ പോകുന്ന ആയിഷയെ കുഞ്ഞു പാത്തുമ്മ പ്രവൃത്തിയിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നതാണ് സന്ദർഭം. ഇവിടെ 'കൊല്ലട്ടെ'യിൽ ക്രിയ സംഭവിക്കുന്നതിൽ കഥാപാത്രത്തിന് വിരോധമില്ലെന്നല്ലാതെ ആയിഷയെ കടിക്കാൻ കുന്നട്ടയെ നിയോഗിക്കുന്നു എന്ന് പറയാൻ നിവൃത്തിയില്ല. ഇവിടെ 'അട്ടെ'യ്ക്ക് നിയോജകാർത്ഥമല്ല.

'അട്ടെ' ചേർന്ന രൂപം വക്താവ് ക്രിയ സംഭവിച്ചതായി സങ്കല്പിക്കുന്നു എന്ന പ്രതീതിയുണ്ടാക്കുന്നു.

ഉദാ: 7 'നിങ്ങളുടെ വീടെവിടെയാണ്? എന്ന് ചോദിക്കു'

ശരി, അങ്ങനെ ചോദിച്ചു എന്നു തന്നെ ഇരിക്കട്ടെ"

*(ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, 2011:64)*

കുഞ്ഞുപാത്തുമ്മയും ആയിഷയും തമ്മിലുള്ള സംഭാഷണത്തിൽ നിന്നെടുത്തിട്ടുള്ളതാണീ ഭാഗം. കുഞ്ഞുപാത്തുമ്മയുടെ ഉച്ചാരണത്തെ തിരുത്തി 'നിങ്ങളുടെ വീടെവിടെ' എന്ന് ചോദിക്കു എന്ന് ആയിഷ പറയുന്നു. പിന്നീട് 'അങ്ങനെ പറഞ്ഞു എന്നിരിക്കട്ടെ' എന്നു പറഞ്ഞ് ആയിഷ സംസാരം തുടരുന്നു. ഇവിടെ സംഭവിക്കാത്ത ഒരു ക്രിയ സംഭവിച്ചു എന്ന് വിചാരിക്കുന്നു. ഇവിടെ 'അട്ടെ'ക്ക് അനുമാനാർത്ഥമാണ് ലഭിക്കുന്നത്.

അട്ടെയ്ക്ക് ചോദ്യാർത്ഥം ലഭിക്കുന്നു

ഉദാ: 8 'ഉമ്മാ, അവ്ട താമസിക്കണവരേ ഇസ്ലാമീങ്ങളാ. ഞാൻ അവിടേന്നു പോട്ടേ?'

*(ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, 2011:69)*

കുഞ്ഞുപാത്തുമ്മ ഉമ്മയോട് ആയിഷയുടെ വീട്ടിലേക്ക് പോകാൻ അനുവാദം ചോദിക്കുന്നതാണ് സന്ദർഭം. ഇവിടെ ചോദ്യാർത്ഥമാണ് 'അട്ടെ' കൊണ്ടുണ്ടാകുന്നത്.

ഉദാ: 9. "ച്ചമ്മാ അതു കഴുത്തിൽ കെട്ടിത്തൂക്കികൊണ്ടു നടന്നാൽ മതി. ഇയ്ക്കാക്കായുടെ ആ വലിയ തുകൽപ്പെട്ടിയിലാണ്, എന്താ കൊണ്ടുവരട്ടെ?"

*(ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, 2011:85)*

ജിന്നിനെ ഒഴിപ്പിക്കാനായി കഴുത്തിൽ ഏലസ്സും തൂക്കി നടക്കുന്ന

കുഞ്ഞുപാത്തുമ്മയോട് ആയിഷ ചോദിക്കുന്ന ചോദ്യമാണിത്. അവിടെ 'അട്ടെ' നിയോജകാർത്ഥത്തിലല്ല ചോദ്യാർത്ഥത്തിലാണ് ഉപയോഗിക്കുന്നത്.

'അട്ടെ' പ്രതീക്ഷാർത്ഥത്തിൽ വരുന്നു.

ഉദാ: 10 "ഇഞ്ഞീം എന്റെ ശ്രൂപായൊണ്ട്! ആ മണ്ടൻ കയിത വരട്ടെ. ഇഞ്ഞീം ഒന്നു കളിച്ചുനോക്കാം. ചന്ത വരട്ടെ. പോക്കരു തോക്കുവോന്നു നോക്കാം!"(*മുച്ചീട്ടുകളിക്കാരന്റെ മകൾ, 2016:29*)

ഒറ്റക്കണ്ണൻ പോക്കരുടെ ആത്മഭാഷണമാണിത്. ഇവിടെ ഒറ്റക്കണ്ണൻ പോക്കർ മണ്ടൻ മുത്താവായോട് ചീട്ടുകളിയിൽ തോറ്റ് വെല്ലുവിളി സ്വരത്തിൽ പറയുന്നതാണിത്. ഇവിടെ ചീട്ടുകളിയിൽ ജയിക്കുമെന്ന ശുഭാപ്തി പ്രതീക്ഷയാണ് 'അട്ടെ' കൊണ്ട് കിട്ടുന്നത്.

'അട്ടെ'യ്ക്ക് ഉറപ്പിന്റെ അർത്ഥം കിട്ടുന്നു

'ഉദാ: 11. 'ജമീലാബീവിയുടെ ഹൃദയത്തിന്റെ നേർക്കു നാട്ടിലെ പ്രമാണികളായ ചെറുപ്പക്കാരുടെ ഒരു വ്യൂഹം എന്നു പറയട്ടെ, അവർ വലിയ ക്യൂ ആയി നിൽക്കുന്നു."

(*വിഡ്ഢികളുടെ സ്വർഗ്ഗം, 2017:22*)

ജമീലാ ബീവിക്ക് നാട്ടിലെ ചെറുപ്പക്കാരുടെ ഇടയിൽ ഉള്ള സ്വാധീനത്തെക്കുറിച്ച് പറയുന്ന സന്ദർഭത്തിൽ ആഖ്യാതാവ് പ്രയോഗിക്കുന്ന വാക്യമാണിത്. ഇവിടെ 'അട്ടെ' പ്രത്യയം ചേരുന്ന ശ്രൂപത്തിന് പറയാൻ കഴിയും എന്നാണ് അർത്ഥം.

നിയോജകാർത്ഥമല്ലാത്ത മറ്റൊരു സന്ദർഭം

ഉദാ:12. 'അബ്ദുൾ ഖാദർ സാഹിബ് വിചാരിച്ചു, ഭർത്താവിനെ സ്നേഹിക്കുന്ന ഭാര്യ! ജമീലാ, വാതിൽ തുറക്കു - എന്ന് മൂപ്പർ പറഞ്ഞില്ല. തോർത്തുടുത്തിട്ടാവട്ടെ, എന്ന് വിചാരിച്ച്, വരാന്തയിൽ കയറി"

(*വിഡ്ഢികളുടെ സ്വർഗ്ഗം, 2017:32*)

ഇത് കേവലം നിയോജകാർത്ഥമല്ല. വാതിൽ തുറക്കാൻ ജമീലാബീവിയോട് ആവശ്യപ്പെടുന്നതിന് മുൻപ് താൻ ചെയ്യേണ്ട പ്രവൃത്തിയെക്കുറിച്ചുള്ള ആ കഥാപാത്രത്തിന്റെ ചിന്തകൾ ആഖ്യാതാവ് അവതരിപ്പിക്കുന്നു.

അട്ടെ, അനുജ്ഞായകാർത്ഥത്തിൽ വരുന്നു

ഉദാ:13 'കമ്മല് ഉടനെ വേണം! പാത്തുമ്മ പറഞ്ഞു. ഞാൻ പറഞ്ഞു. നോക്കട്ടെ'

(*പാത്തുമ്മയുടെ ആട്, 2013:34*)

തന്റെ മകൾ ഖദീജയ്ക്ക് ഒരു കമ്മൽ വേണമെന്ന് പാത്തുമ്മ

ആഖ്യാതാവിനോട് ആവശ്യപ്പെടുന്നു. മറുപടിയായി ആഖ്യാതാവ് പറയുന്നതാണിത്. ഇവിടെ നോക്കുക എന്ന ക്രിയയ്ക്ക് ശ്രമിക്കുക എന്നാണർത്ഥം. കർത്താവാകട്ടെ ഉത്തമപുരുഷസർവനാമവും. ഉത്തമപുരുഷ സർവനാമത്തോടൊപ്പം 'അട്ടെ' പ്രത്യയം ചേർത്താൽ അനുവാദം ചോദിക്കൽ എന്ന അർത്ഥം കിട്ടുമെന്ന് പൂർവപണ്ഡിതർ അഭിപ്രായപ്പെടുന്നു. എന്നാൽ ഇവിടെ അനുവാദം ചോദിക്കലല്ല. സമ്മതം നൽകലിന്റെ പ്രതീതിയാണുണ്ടാകുന്നത്. അനുജ്ഞായകാർത്ഥത്തിൽ 'അട്ടെ' പ്രയോഗിക്കുന്നു.

'അട്ടെ' ഭീഷണിയുടെ സ്വരത്തിൽ ഉപയോഗിക്കുന്നു

ഉദാ:14 "അവനു ഞാൻ വേറെ രൂപാ കൊടുത്തിട്ടുണ്ടല്ലോ? ചട്ടൻ! അവനിങ്ങു വരട്ടെ"

*(പാത്തുമ്മയുടെ ആട്, 2013:39)*

ഉമ്മായും ആഖ്യാതാവും തമ്മിലുള്ള സംഭാഷണത്തിൽ നിന്നെടുത്തിട്ടുള്ളതാണീ ഉദാഹരണം. പണം ആവശ്യപ്പെടുന്ന ഉമ്മായോട് മുമ്പുതന്ന പണമെല്ലാം എവിടെയെന്ന് ആഖ്യാതാവ് അന്വേഷിക്കുന്നു. ആ പണമെല്ലാം അബ്ദുൾ ഖാദർ കൊണ്ടുപോയെന്ന് ഉമ്മ മറുപടി കൊടുക്കുന്നു. അതേ തുടർന്ന് ആഖ്യാതാവ് പറയുന്ന വാക്യമാണിത്. 'അവനിങ്ങ് വരട്ടെ' എന്നത് നിയോഗാർത്ഥമല്ല. അതിന്റെ കാരണം ചോദിക്കുമെന്ന ധ്വനിയാണുണ്ടാകുന്നത്. ഇവിടെ ഭീഷണിയുടെ സ്വരമാണുള്ളത്.

'അട്ടെ' പ്രതിഷേധാർത്ഥമായി വരുന്നു

ഉദാ: 15. "ഒരു പത്തുരൂപായുടെ നോട്ട് ഞാൻ പാത്തുമ്മയുടെ ആടിനു വച്ചു നീട്ടി. കുട്ടൻപിള്ള ചോദിച്ചു: ഇതെന്താ സാറേ?ഞാൻ പറഞ്ഞു: അതും തിന്നട്ടെ"

*(പാത്തുമ്മയുടെ ആട്, 2013:84)*

ഇവിടെ നിയോജകാർത്ഥമല്ല. പ്രതിഷേധം പ്രകടിപ്പിക്കുന്നതിനുള്ള മാർഗം എന്ന നിലയിലാണ് ഈ സംഭാഷണം. മണിയോഡറായി വന്ന രൂപ തന്റെ കയ്യിലെത്തുന്നതിനു മുമ്പേ ബന്ധുക്കൾ അത് കൈക്കലാക്കാൻ ശ്രമിക്കുന്നതിന്റെ പ്രതിഷേധമാണ് 'അട്ടെ'യിലൂടെ പ്രകടമാകുന്നത്.

'അട്ടെ' ആജ്ഞാസ്വരത്തിൽ വരുന്നു.

ഉദാ: 16. "ഇയ്ക്കാക്കാ എന്താണ് ഈ പത്രങ്ങളിലെല്ലാം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. ഇങ്ങെടുക്കു. ഞാനതെല്ലാം ഒന്ന് വായിച്ചു നോക്കട്ടെ." *(പാത്തുമ്മയുടെ ആട്, 2013:86)*

ആഖ്യാതാവും അബ്ദുൾ ഖാദറും തമ്മിലുള്ള സംഭാഷണത്തിൽ നിന്നെടുത്തിട്ടുള്ളതാണീ ഉദാഹരണം. വൈയാകരണനായ അബ്ദുൾ

ഖാദർ തന്റെ ഭാഷാപാണ്ഡിത്യത്തിന്റെ ഗർവ് ഇവിടെ പ്രകടമാക്കുന്നു. സാഹിത്യകാരനായ ആഖ്യാതാവിന്റെ സൃഷ്ടികൾ പരിശോധിക്കാൻ ആജ്ഞാപിക്കുകയാണ് അബ്ദുൾ ഖാദർ. ഇവിടെ 'അട്ടെ'യ്ക്ക് നിയോജകാർത്ഥമല്ല, ആജ്ഞാസ്വരമാണ്.

'അട്ടെ' വക്താവിന്റെ ദൃഢനിശ്ചയത്തെക്കുറിക്കുന്നു.

ഉദാ: 17 "അവർക്ക് കണ്ണിച്ചോരേണ്ടോ! അവര്ട കൊച്ചുങ്ങളെ പിടിച്ചുകെട്ടീടുവോ? ഞാനൊന്നു ചോദിക്കട്ടെ.!"

*(പാത്തുമ്മയുടെ ആട്, 2013:89)*

പാത്തുമ്മയുടെ ആടിനെ ഉമ്മായും മറ്റുള്ളവരും കൂടി കട്ടു കറന്നു കുടിച്ചതറിഞ്ഞ പാത്തുമ്മയുടെ പ്രതികരണമാണിത്. ദേഷ്യവും സങ്കടവും നിറഞ്ഞ ഈ പ്രതികരണത്തിൽ 'അട്ടെ'യ്ക്ക് നിയോജകാർത്ഥമല്ല. വക്താവിന്റെ പെട്ടെന്ന് പ്രതികരണത്തിനായുള്ള ആർജ്ജവത്തെക്കുറിക്കുന്നു.

'അട്ടെ' അഭിപ്രായം പറയുന്നതിനുള്ള വ്യഗ്രതയെ പ്രകടമാക്കാൻ ഉപയോഗിക്കുന്നു.

ഉദാ:18 "ജമീലാ മുഖം അല്പം തിരിച്ചു:

'ഞാൻ പറഞ്ഞതു പൂവൻ പഴമാണ്!'

'നാട്ടിൽ പൂവൻപഴം ഇല്ല. നാളെ ഞാൻ എവിടന്നെങ്കിലും വാഴത്തൈകൾ കൊണ്ടുവരാം'

'ഓ അതെല്ലാം കുലച്ചു കായായി പഴുക്കുമ്പോൾ നിന്നുകൊള്ളാം!'

ആട്ടെ, ഈ ഓറഞ്ചസ് തിന്നൂ, നല്ല വിറ്റാമിനുള്ളതാണ്"

*(വിഡ്ഢികളുടെ സ്വർഗ്ഗം, 2017:37)*

സംഭാഷണ ജോഡികളിൽ ആദ്യത്തെ സംഭാഷണത്തെ ഗൗനിക്കാതെ തന്റെ അഭിപ്രായം പറയാനുള്ള വ്യഗ്രതയാണ് ഇവിടെ 'ആട്ടെ'യിലൂടെ പ്രകടമാകുന്നത്.

'അട്ടെ' സംഭാഷണ ജോഡികളിൽ ഉയർച്ച താഴ്ച പ്രകടിപ്പിക്കാൻ ഉപയോഗിക്കുന്നു

"ഉദാ: 19. മാമാ ഞാൻ സൈനബയെ കെട്ടാമ്പോണ്!' രണ്ടുശിരൻ വെല്ലുവിളികളാണ് ആ പ്രസ്താവനയിൽ അടങ്ങിയിട്ടുള്ളത്. സാധാരണയായി മാമാ എന്നു വിളിക്കുന്നത് അമ്മയുടെ സഹോദരനെയാണ്. അല്ലെങ്കിൽ ഭാര്യയുടെ അച്ഛനെ. മണ്ടൻ മുത്തപ്പാ, പോക്കരുടെ പെങ്ങളുടെ മകനൊന്നുമല്ല. മകളുടെ ഭർത്താവുമല്ല. ആ നിലയ്ക്ക് മാമാ എന്നു വിളിച്ചത്. അതും പോകട്ടെ, സൈനബയെ

കെട്ടാൻ പോണെന്നാണ പറഞ്ഞത്. ദയവായി എനിക്കു കെട്ടിച്ചു തരണമെന്നല്ല; കെട്ടാൻ പോകുന്നു."

*(മുച്ചീട്ടുകളിക്കാരന്റെ മകൾ, 2016:24)*

ഈ സംഭാഷണശകലത്തിൽ 'അതും പോകട്ടെ 'എന്നതിനുശേഷമുള്ള വാക്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം ഉള്ളതായും അതിനുമുമ്പുള്ള വാക്യങ്ങൾക്ക് താരതമ്യേന പ്രാധാന്യം കുറഞ്ഞിരിക്കുന്നതായും കാണുന്നു. ഇതിനു കാരണം 'അട്ടെ' ചേർന്ന ക്രിയാരൂപമാണ്.

'അട്ടെ' നിസ്സഹായാവസ്ഥയെ പ്രകടമാക്കാൻ ഉപയോഗിക്കുന്നു

ഉദാ:20 'അതുകൊണ്ടും ഷൈത്താൻ ഒഴിഞ്ഞില്ലെങ്കിൽ മുളകരച്ചു കണ്ണിൽ തേക്കും! തീക്കനൽ കൈവെള്ളയിൽ വെക്കും. അപ്പോൾ 'ശ്ശ്'' എന്നു തൊലി കരിയും. തലച്ചോറു മുതൽ ഉള്ളംകാലുവരെ വേദനിക്കും. ഓ- വേദനിക്കട്ടെ. ഉമ്മായും ബാപ്പായും വേദനിക്കാൻ അനുവദിച്ചിരിക്കുന്നു."

*(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:96)*

ജിന്നിനെ ഒഴിപ്പിക്കാൻ വരുന്ന മുസലിയാരുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള കുഞ്ഞുപാത്തുമ്മയുടെ ചിന്തകൾ നോവലിൽ വിവരിച്ചിട്ടുണ്ട്. അതിൽ നിന്ന് എടുത്തിട്ടുള്ളതാണ് ഈ ഉദാഹരണം. ഇദ്ദേഹത്തിന്റെ പ്രവർത്തികളിൽനിന്ന് രക്ഷിക്കാൻ ആരുമില്ലെന്ന കുഞ്ഞുപാത്തുമ്മയുടെ നിസ്സഹായവസ്ഥയാണ് 'അട്ടെ' ചേർന്ന ഈ രൂപത്തിൽ കാണുന്നത്.

'അട്ടെ'സംഭവത്തിന്റെ പ്രാധാന്യം കുറച്ചുകാണുന്നു എന്ന പ്രതീതിയുണ്ടാക്കുന്നു.

'ഉദാ:21 ഞാൻ അഞ്ഞൂറു രൂപാ ഉമ്മ കാൺകെ എണ്ണി അവന്റെ കൈയ്യിൽ കൊടുത്തു. കള്ളന്മാർ വന്നു തല്ലിക്കൊന്നോട്ടെ, കാശു പോകുകയില്ലല്ലോ!"

*(പാത്തുമ്മയുടെ ആട്, 2013:99)*

അബ്ദുൾ ഖാദറും ഉമ്മായും കൂടി ആഖ്യാതാവിനെ ഭയപ്പെടുത്തി പണം മേടിച്ചെടുക്കുന്നു. ഇതിനുശേഷം ആഖ്യാതാവ് പറയുന്നതാണിത്. ഇവിടെ 'അട്ടെ' നിയോജകാർത്ഥമല്ല. സംഭവത്തിന്റെ പ്രാധാന്യം കുറച്ചു കാണുന്നു എന്ന പ്രതീതിയുണ്ടാക്കുന്നു.

'അട്ടെ' ഗതിമാറ്റ സൂചകമായി ഉപയോഗിക്കുന്നു

ഉദാ: 22. "കുഞ്ഞുപാത്തുമ്മാ പറഞ്ഞു: ന്റെ പേര് ഉന്തരീന്നല്ല!'

'ഉന്തരിയോ! ആ പത്രാസുകാരി ചിരിച്ചു:

ബുദ്ദൂസേ, സുന്ദരി എന്നു പറയണം. ആട്ടെ, പേരെന്താ?

കുഞ്ഞുപാത്തുമ്മ *(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:60).*

കുഞ്ഞുപാത്തുമ്മയും ആയിഷയും തമ്മിലുള്ള സംഭാഷണത്തിൽ നിന്ന് എടുത്തിട്ടുള്ളതാണീ ഉദാഹരണം. തന്റെ പേര് 'ഉന്തരി' എന്നല്ല എന്നു പറഞ്ഞ കുഞ്ഞുപാത്തുമ്മയെ 'സുന്ദരി' എന്നു പറയണമെന്നു പറഞ്ഞ് ആയിഷ തിരുത്തുന്നു. ഈ അവസരത്തിൽ സംസാരത്തിന്റെ വിഷയം മാറ്റാൻ 'ആട്ടെ' ഉപയോഗിക്കുന്നു.

ഉദാ: 23. 'മുഹമ്മദ് നബി സെല്ലെല്ലാഹു അലൈഹിസല്ലം അവർകളുടെ മകൾ ഫാത്തിമയുടെ - അതിരിക്കട്ടെ ഈ ആമ്പൽപൊയ്കയിൽ കുളിച്ചാലെന്താ?' *(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:60)*

ആയിഷ കുഞ്ഞുപാത്തുമ്മയോട് അവളുടെ പേര് ചോദിക്കുന്നു. കുഞ്ഞു പാത്തുമ്മ അതിന് മറുപടി പറയുന്നു. ആ പേരിന്റെ മഹിമയെക്കുറിച്ചു പറഞ്ഞ ശേഷം താൻ ചോദിക്കാൻ ആഗ്രഹിക്കുന്ന മറ്റു വിഷയത്തിലേക്ക് സംസാരത്തെ കൊണ്ടുപോകുന്നു. ആ സന്ദർഭത്തിലാണ് 'അതിരിക്കട്ടെ' പ്രയോഗം. ഇവിടെ 'ആട്ടെ' ഗതിമാറ്റ സൂചകമായി ഉപയോഗിക്കുന്നു.

ഉദാ: 24. "ഒരു തൊഴിലെന്ന നിലയ്ക്ക് പോക്കറ്റടി ഒരിക്കലും മോശമല്ല. പുറംരാജ്യങ്ങളിൽ പോക്കറ്റടിക്ക് അസൂയാവഹമായ പുരോഗതിയുണ്ട്. അവിടെ അതിനു കോളേജുകളുണ്ട്. അതു പോകട്ടെ ഈ തൊഴിലിന് ഏകാഗ്രത വേണം."

(മുച്ചീട്ടുകളിക്കാരന്റെ മകൾ, 2016:16)

പോക്കറ്റടി എന്ന തൊഴിലിനെ വിവരിക്കുന്നതിൽ നിന്ന് തൊഴിലാളിയുടെ വൈദഗ്ധ്യത്തെ വിശദീകരിക്കുന്നതിലേക്ക് വിവരണം മാറുന്നു. ഇവിടെ 'അട്ടെ' ചേർന്ന രൂപം ഗതിമാറ്റ സൂചകമായി മാറുന്നു.

'അണം' എന്ന പ്രകാരപ്രത്യയത്തിന്റെ അർത്ഥസാധ്യതകൾ

ആഗ്രഹാർത്ഥത്തിൽ 'അണം' വരുന്നു.

ഉദാ: 25. "കുഞ്ഞുപാത്തുമ്മ വലുതാവട്ടെ!

വലുതാവണം! അങ്ങനെ അവൾക്കൊരാഗ്രഹം ജനിച്ചു. വലുതാവണം"

(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:11)

ഇവിടെ മിസ്ട്രസ്സുമാർ പറയുന്നത് കേട്ട് വലുതാവണം എന്ന

കുഞ്ഞുപാത്തുമ്മയുടെ ആഗ്രഹമാണ് 'അണം' കൊണ്ട് വ്യക്തമാവുന്നത്. മറിച്ച് വിധായകാർത്ഥമല്ല.

'അണ'ത്തിന് വിധായകാർത്ഥമല്ലാത്ത മറ്റൊരു സന്ദർഭം

ഉദാ: 26. "അതൊരു പുതിയ വാർത്തയാണ്. കുഞ്ഞുപാത്തുമ്മ പറഞ്ഞു: അപ്പ എന്നേം കൊണ്ടുപോണം"

*(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:17)*

ഇവിടെ ഉമ്മായും കുഞ്ഞുപാത്തുമ്മയും തമ്മിലുള്ള സംഭാഷണമാണിത്. തന്നെ ഹജ്ജിന് കൊണ്ടുപോകണം എന്ന ആവശ്യമറിയിക്കയാണ് ഇവിടെ. ഇവിടെ അണത്തിന് വിധായകാർത്ഥമല്ല.

അണത്തിന് മുന്നറിയിപ്പിന്റെ അർത്ഥം കിട്ടുന്നു.

ഉദാ: 27. "മുടി വളർത്തി ക്രോപ്പ് ചെയ്യിക്കുന്നത് ഇബ്ലീസിന്റെ കൂട്ടരാണ്! കാഫ്രീങ്ങൾ! അതുകൊണ്ട് സൂക്ഷിക്കണം. അവൻ തലയിൽ കയറിയിരിക്കും"

*(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:22)*

വട്ടനടിമ എന്ന കഥാപാത്രത്തിന്റെ മതവിഷയത്തിലുള്ള അഭിപ്രായത്തെ അവതരിപ്പിക്കുകയാണ് ഈ വാക്യത്തിലൂടെ ആഖ്യാതാവ് ചെയ്യുന്നത്. ഇവിടെ മുടി ക്രോപ്പ് ചെയ്തിരിക്കുന്ന കാഫ്രീങ്ങളെ 'സൂക്ഷിക്കണം' എന്ന മുന്നറിയിപ്പാണ്. അണത്തിന് മുന്നറിയിപ്പിന്റെ അർത്ഥം കിട്ടുന്നു.

അണം കൊണ്ട് ഊഹത്തിന്റെ അർത്ഥം കിട്ടുന്നു.

ഉദാ: 28. "പെണ്ണായി പിറന്നാൽ ഏതെങ്കിലും ഒരാണിന് കല്യാണം കഴിച്ചുകൊടുക്കും. മുഹമ്മദ് നബിയുടെയും അസ്ഹാബിമാരുടെയും കാലം മുതൽക്കേ ഉള്ള പതിവാണ്. അവർക്കു മുമ്പും ഇതായിരുന്നിരിക്കണം പതിവ്." (ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:17)

കുഞ്ഞുപാത്തുമ്മയുടെ ആത്മഭാഷണത്തിൽ നിന്നെടുത്തിട്ടുള്ള ഉദാഹരണമാണ്. മുഹമ്മദ് നബിയുടെയും അസ്ഹാബിമാരുടെയും കാലത്തിനു മുമ്പേ തന്നെ പെണ്ണായി പിറന്നാൽ ആണിനു കെട്ടിച്ചുകൊടുക്കും എന്ന പതിവ് ഉണ്ടായിരുന്നു എന്ന് കുഞ്ഞുപാത്തുമ്മ ഊഹിക്കുന്നു. 'അണം' കൊണ്ട് ഊഹാർത്ഥമാണ് കിട്ടുന്നത്.

'അണം' ആഗ്രഹപ്രകടനത്തിനായി ഉപയോഗിക്കുന്നു.

ഉദാ: 29. "അപ്പോഴത്തേക്കും അവൾക്കു ചെറിയ ഒരാഗ്രഹം. അതങ്ങനെ വ്യക്തമായി ഒന്നുമില്ല. മനസ്സിലെന്തോ ഒരു വിഷമം പോലെ. കെട്ടാൻ പോകുന്ന ആൺപിറന്നോനെ മുമ്പേകൂടി അവൾക്കൊന്നു കാണണം. കണ്ടാൽ മതി."

*(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:25)*

തന്നെ വിവാഹം കഴിക്കാൻ പോകുന്ന ആൺപിറന്നോനെ മുമ്പേ കൂട്ടി കുഞ്ഞുപാത്തുമ്മയ്യൊന്നു കാണണം എന്ന ആഗ്രഹമാണ് ഇവിടെ പങ്കുവയ്ക്കുന്നത്.

'അണം' ശീലത്തെക്കുറിക്കുന്നു.

ഉദാ: 30. "ആ മെതിയടിപ്പുറത്താണ് ഉമ്മായുടെ നടപ്പ്. എപ്പോഴും കലപലാ എന്തെങ്കിലും പറയണം. വായ് നിറയെ മുറുക്കാനും ഉണ്ടായിരിക്കണം." *(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:33)*

എല്ലാ സമയത്തും എന്തെങ്കിലും സംസാരിക്കുന്ന ഉമ്മായുടെ പ്രകൃതത്തെക്കുറിച്ചാണ് ഇവിടെ സംസാരം. പറയണം എന്നത് ഉമ്മായുടെ ശീലത്തെക്കുറിക്കുന്നു.

'അണം' ഊഹാർത്ഥത്തെ ബലപ്പെടുത്തുന്നു.

ഉദാ: 31. "അവളുടെ ഉപ്പൂപ്പായുടെ ആനയുടെ പേരെഴുതിയ ഇല ഉണങ്ങി ഷജ്റത്തുൽ മുൻതഹായുടെ ചുവട്ടിൽതന്നെ വീണു കിടപ്പുണ്ടായിരിക്കണം."

*(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:50)*

ഷജ്റത്തുൽ മുൻതഹായെപ്പറ്റിയുള്ള കുഞ്ഞുപാത്തുമ്മയുടെ ചിന്തയാണ് സന്ദർഭം. ഷജ്റത്തുൽ മുൻതഹായുടെ ചുവട്ടിൽതന്നെ ഇല വീണുകിടപ്പുണ്ടാവും എന്ന ഊഹത്തെ ബലപ്പെടുത്തുകയാണ് 'അണം' കൊണ്ടുണ്ടാകുന്നത്.

'അണം' നിർബന്ധബുദ്ധിയെകാണിക്കുന്നു.

ഉദാ: 32. "വീട്ടിൽ ഒരു സുഖവുമില്ല. എപ്പോഴും ശകാരമാണ്. ശാപമാണ്. ഉമ്മായ്ക്ക് എന്തിനും ഏതിനും ചാടിക്കയറി അഭിപ്രായം പറയണം." *(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:57).*

കുഞ്ഞുതാച്ചുമ്മയുടെ സ്വഭാവത്തെ ചിത്രീകരിക്കുന്ന ഭാഗമാണിത്. എന്തിനും ഏതിനും കയറി അഭിപ്രായം പറയുന്ന കുഞ്ഞുതാച്ചുമ്മയുടെ ശീലത്തെയും നിർബന്ധബുദ്ധിയെയും ഈ രൂപം കാണിക്കുന്നു.

ഉദാ: 33. "അലക്ക്, സംഗീതം, ചിത്രമെഴുത്ത്, സാഹിത്യം, ശിശുപരിചരണം ഇതിലെല്ലാം നിപുണയായിരിക്കണം. പിന്നെ പാചകനൈപുണ്യം, എന്നുപറഞ്ഞാൽ ബിരിയാണി, പത്തിരിയും ഇറച്ചിയും, നെയ്ച്ചോറ്, പൊറോട്ടാ, ഇഷ്ടു, സാമ്പാറ്, ഓലൻ, അവിയൽ, കാളൻ, മെഴുക്കുപുരട്ടി, പായസം എന്നുവേണ്ട ദുനിയാവിലുള്ള സർവ്വവിധ തീറ്റക്കുടി സാധനങ്ങൾ ഉണ്ടാക്കാൻ അറിഞ്ഞിരിക്കണം."

*(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:68)*

ആയിഷ അവളുടെ സഹോദരന്റെ ഭാവിവധുവിനുണ്ടാകേണ്ട ഗുണങ്ങളെക്കുറിച്ച് വർണിക്കുന്ന ഭാഗമാണിത്. അറിഞ്ഞിരിക്കണം എന്നത് നിസാർ അഹമ്മദിന്റെ നിർബന്ധബുദ്ധിയെക്കുറിക്കുന്നു.

ഉദാ: 34.“നോക്ക്, ഇസ്ലാമിന് അറിവുണ്ടായിരിക്കണം. അറിവില്ലാത്തവർ ഹമ്ക്കീങ്ങളാണ്.”

*(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:74)*

ഇവിടെ ഇസ്ലാമിന് അറിവുണ്ടായിരിക്കണം എന്ന നിർബന്ധബുദ്ധിയെക്കാണിക്കുന്നു.

‘അണം’ വിപരീതാർത്ഥദ്യോതകമായി ഉപയോഗിക്കുന്നു

ഉദാ:35 ‘കാഫർ കാലുകൾകൊണ്ട് നടക്കുമ്പോൾ ഇസ്ലാമ് തലകൊണ്ടു നടക്കണം.”

*(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:74)*

ആയിഷ യാഥാസ്ഥിതിക മതബോധത്തെ വിമർശിക്കുന്ന രംഗമാണിത്. ഇവിടെ ‘അണം’ രൂപം പരിഹാസം, നിഷേധം എന്നീ ധ്വനികൾ ഉണ്ടാക്കുന്നു. കാഫർ കാലുകൾകൊണ്ട് നടക്കുമ്പോൾ ഇസ്ലാമ് തല കൊണ്ടല്ല നടക്കേണ്ടത് എന്ന ധ്വനിയാണ് കിട്ടുന്നത്.

‘അണം’ ആഗ്രഹചിന്ത വെളിവാക്കുന്നു

ഉദാ: 36. “അവൾക്ക് പത്തൊമ്പത് വയസ്സ്. സ്ഥലത്തെ പ്രധാന സുന്ദരി, അവളെ നല്ല പിടിപ്പുള്ള ഒരാൾക്ക് കെട്ടിച്ചുകൊടുക്കണം.”

*(മുച്ചീട്ടുകളിക്കാരന്റെ മകൾ, 2016: 13)*

തന്റെ മകൾ സൈനബയുടെ വിവാഹത്തെക്കുറിച്ചുള്ള ഒറ്റക്കണ്ണൻ പോക്കരുടെ ചിന്തകളാണ് ഇത്. ഇവിടെ കഥാപാത്രത്തിന്റെ ആഗ്രഹമാണ് വെളിവാകുന്നത്.

ഉദാ: 37. “പെൺകൊച്ച് പുരനിറഞ്ഞു നിൽക്കുകയല്ലേ.
ഏതെങ്കിലും യോഗ്യനെ കണ്ടുപിടിക്കണം.”

*(മുച്ചീട്ടുകളിക്കാരന്റെ മകൾ, 2016 :23)*

ഇവിടെയും ഒറ്റക്കണ്ണൻ പോക്കരുടെ ആഗ്രഹചിന്തകളാണ് ‘അണം’ കൊണ്ട് വ്യക്തമാകുന്നത്.

‘ആം’ എന്ന പ്രകാരപ്രത്യയത്തിനുള്ള അർത്ഥവ്യത്യാസങ്ങൾ

‘ആം’ ഊഹത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നു

ഉദാ:38“എന്തിനെന്റെ മടിയിൽ കയറി ഇരിക്കുന്നു? തമ്മിൽ യാതൊരു പരിചയവുമില്ല. എങ്കിലും കണ്ടപ്പോൾ എന്നോട് ഇഷ്ടം തോന്നിയിരിക്കാം.”

*(പാത്തുമ്മയുടെ ആട്,2013: 29)*

വളർത്തുമൃഗങ്ങൾ ഒരു കുടുംബത്തിൽ സ്ഥിരമായി കാണുന്ന അംഗങ്ങളോട് അടുപ്പം പുലർത്തുക സ്വാഭാവികമാണ്. എന്നാൽ സ്ഥിരതാമസക്കാരനല്ലാത്ത ആഖ്യാതാവിനോട് അടുപ്പം പുലർത്താനുള്ള കാരണം ഊഹിക്കുക മാത്രമേ നിവൃത്തിയുള്ളൂ. ചിലപ്പോൾ ഇഷ്ടം തോന്നിയിരിക്കും എന്ന് മാറ്റിയാലും ഊഹത്തിന്റെ പ്രതീതിയുണ്ടാകും. എന്നാൽ 'ആം' ചേർത്തതുകൊണ്ട് ഊഹത്തിന്റെ ആഴം വർദ്ധിക്കുന്നു.

'ആം' കൊണ്ട് ദേഷ്യവും പരിഹാസവും പ്രകടമാകുന്നു

ഉദാ: 39. ഞാൻ പറഞ്ഞു: “എന്നാ നിന്നെ അബ്ദു സാർ എന്നു വിളിക്കാമെടാ! പോടാ!”

*(പാത്തുമ്മയുടെ ആട്,2013:33)*

തന്നെക്കാൾ മുതിർന്ന ആൾ തന്നെ 'എടാ' എന്നു വിളിക്കുന്നതുകേട്ട് ആഖ്യാതാവിനോട് പരാതി പറയുന്ന അബ്ദു എന്ന കഥാപാത്രത്തോട് ആഖ്യാതാവ് പറയുന്ന വാക്യമാണിത്. ഇവിടെ അബ്ദുവിനോട് ദേഷ്യവും പരിഹാസവുമാണ് ആഖ്യാതാവ് പ്രകടമാക്കുന്നത്.

'ആം' ന് നിഷേധാർത്ഥം വരുന്നു

ഉദാ: 40. “അവളുമാർക്ക് ഒന്നും അറിഞ്ഞുകൂടാ. വീടുനോക്കാൻ ശീലിച്ചിട്ടില്ല. ശരി, അവരെല്ലാം പഠിക്കട്ടെ. ഉമ്മാ ഈ ഭരണമങ്ങ് വിട്ടുകൊടുക്ക്. അപ്പോഴുമുണ്ട് സമാധാനം! നിനക്ക് വീടിനെപ്പറ്റി എന്തറിയാം”

*(പാത്തുമ്മയുടെ ആട്, 2013:38)*

ഉമ്മയും ആഖ്യാതാവും തമ്മിലുള്ള സംഭാഷണത്തിന് ഉമ്മാ ജോലി ചെയ്യുന്നതെന്തിന് എന്ന ചോദ്യത്തിന് മറുപടി പറയാതെ നിനക്കെന്തറിയാം എന്ന ചോദ്യത്തിലൂടെ നിനക്കൊന്നുമറിയില്ല എന്ന സ്ഥാപിക്കലാണ് നടക്കുന്നത്. ഇവിടെ 'ആം'ന് നിഷേധാർത്ഥമാണ്.

'ആം'ന് അനുജ്ഞായകാർത്ഥമല്ലാത്ത മറ്റൊരു സന്ദർഭം:

ഉദാ:41. “വല്യ ഇക്കാക്കായ്ക്കായതുകൊണ്ട് വില കുറച്ചുതരാം. പതിനായിരം രൂപ തന്നേര്.'

പതിനായിരം രൂപാ. ഹനീഫാ അതെന്തു വിലയ്ക്കു വാങ്ങിച്ചെന്നെനിക്കറിയാം .ഞാൻ വിഷയം മാറ്റി." *(പാത്തുമ്മയുടെ ആട്, 2013:44)*

ഹനീഫ സ്ഥലം വില്ക്കാൻ ആഗ്രഹിക്കുന്നുവെന്നും അത് പതിനായിരം രൂപയ്ക്ക് ആഖ്യാതാവിന് കൊടുക്കാൻ തയ്യാറാണെന്നും അറിയിക്കുന്നു. ഇതേത്തുടർന്ന് ആഖ്യാതാവ് പറയുന്ന വാക്കുകളാണിത്. ഇവിടെ 'ആം' പ്രത്യയം ചേർന്ന രൂപത്തിന് അനുജ്ഞായകാർത്ഥമല്ല. ഈ സ്ഥലം എന്തു വിലയ്ക്കാണ് മേടിച്ചതെന്ന് താൻ അറിഞ്ഞെന്നും അത് ഇപ്പോഴും ഓർമ്മയുണ്ടെന്നുമാണ്.

'ആം' പ്രവർത്തി ചെയ്യാനുള്ള സമ്മതത്തെക്കുറിക്കുന്നു.

ഉദാ:42. "അവൻ എടുത്തവായ്ക്കുപറഞ്ഞു:

"ഞാൻ പട്ടാളത്തിൽ പൊയ്ക്കോളാം. സർക്കാരിന് എന്നെ ആവശ്യമുണ്ട്."

*(പാത്തുമ്മയുടെ ആട്, 2013:45)*

പാത്തുമ്മയുടെ ആടിൽ ഇടയ്ക്കിടെ വരുന്ന ഒരു വാക്യമാണിത്. ഹനീഫ എന്ന കഥാപാത്രത്തിന്റെ സംഭാഷണം അവസാനിക്കുന്നത് മിക്കപ്പോഴും ഈ വാക്യത്തിലാകും. ഇതിൽ 'ആം' എന്നത് പ്രവൃത്തി ചെയ്യാനുള്ള വക്താവിന്റെ സമ്മതത്തെക്കുറിക്കുന്നുവെന്ന് പ്രത്യക്ഷത്തിൽ തോന്നിയേക്കാം. എന്നാൽ തന്നോടുള്ള ചോദ്യത്തിൽ നിന്ന് ഒഴിഞ്ഞുമാറാനുള്ള കൗശലമായി ഈ സംഭാഷണം മാറുന്നു. ഈ വാക്യത്തിന്റെ അർത്ഥത്തെ നിർണയിക്കുന്നതിൽ 'കൊൾ' എന്ന ക്രിയയുടെ അനുപ്രയോഗത്തിന് നിർണായകമായ സ്ഥാനമുണ്ട്.

'ആം' ആഗ്രഹപ്രകടനത്തിന്റെ അർത്ഥത്തെക്കുറിക്കുന്നു

ഉദാ: 43. "ഞാൻ കുറെ സമയം ചുറ്റിനടന്നു. അവൻ വായിച്ചുരസിക്കട്ടെ. അവനോട് നാലണകൂടി വാങ്ങിക്കാം."

(പാത്തുമ്മയുടെ ആട്, 2013:86)

ഇത് വക്താവിന്റെ ആത്മഭാഷണമാണ്. ഇവിടെ അനുജ്ഞയല്ല, ആഗ്രഹപ്രകടനമാണ്.

'ആം' നിസ്സഹായവസ്ഥയെക്കുറിക്കുന്നു.

ഉദാ:44. "അവൻ എന്റെ നെഞ്ചത്തു കയറിയിരിക്കും. എന്നിട്ടു ചോദിക്കും: ഞ്ഞിടി വേണോ?"

ഞാൻ സത്യം പറയും: "വേണ്ട, ചൊമക്കാം

*(പാത്തുമ്മയുടെ ആട്, 2013:50)*

ആഖ്യാതാവും അനിയനായ അബ്ദുൾ ഖാദറും തമ്മിലുള്ള സംഭാഷണ മാണിത്. അബ്ദുൾ ഖാദറിന്റെ ശാരീരിക മർദ്ദനങ്ങൾക്ക് വിധേയമായി പുസ്തകവും സ്ലേറ്റും ചുമക്കാൻ വക്താവ് സന്നദ്ധതയറിയിക്കുന്ന സന്ദർഭ മാണിത്. ഇത് കേവലം സമ്മതാർത്ഥമല്ല. മറ്റൊരാളിന്റെ നിർബന്ധം മൂലം പ്രവൃത്തി ചെയ്യുന്ന ഒരാളുടെ നിസ്സഹായാവസ്ഥയാണ് ഇവിടെ പ്രകടമാകുന്നത്.

'ആം' നിരാശയും പശ്ചാത്താപവും നിറഞ്ഞ മനോഭാവത്തെക്കുറിക്കുന്നു

ഉദാ:45"എന്നെ ഇടിക്കല്ലേ! ഞാനിക്കാടെ അനുശനാ"

അനുജൻ ഹമ്പ!!

നെനക്ക് നേരത്തേ ഓർക്കാമ്പാടില്ലാർന്നോ?

ഇനി ഞാനെന്നും ഓർക്കാം"

*(പാത്തുമ്മയുടെ ആട, 2013:51)*

അനിയനായ അബ്ദുൾഖാദറിന്റെ നിരന്തര ചൂഷണത്തിന് പ്രതിക രണമായി ആഖ്യാതാവ് അനിയനെ മർദ്ദിക്കുന്നു. ഈ സന്ദർഭത്തിൽ അബ്ദുൾഖാദർ പറയുന്നതാണിത്. ഇവിടെ അനുജ്ഞായകാർത്ഥമല്ല, ഭൂതകാലസ്മരണയിൽ നിന്നുള്ള നിരാശയും പശ്ചാത്താപവുമാണ് പ്ര കടമാകുന്നത്.

'ആം' കൊണ്ട് ഭൂതകാലാർത്ഥം ഉണ്ടാകുന്നു

ഉദാ:46"അങ്ങനെ ഇരിക്കുമ്പോൾ വലിയ ഉത്കണ്ഠയോടെ എന്നെ നോക്കിക്കൊണ്ട് പറ്റംപറ്റമായി വിദ്യാർത്ഥിനികൾ റോഡേ പോയി. സുന്ദരിമണികൾ! എനിക്കു സന്തോഷമായി. അവർക്ക റിയാം ഞാനാരാണെന്ന്!"

(പാത്തുമ്മയുടെ ആട, 2013: 54)

ഇവിടെ 'ആം' കൊണ്ട് ഭൂതകാലാർത്ഥം ഉണ്ടാകുന്നു. ആഖ്യാതാവിന്റെ ആത്മഭാഷണത്തിൽ നിന്നെടുത്തിട്ടുള്ളതാണീ ഭാഗം. ഇവിടെ വെളിയിൽ കൂടെ പോകുന്ന പെൺകുട്ടികൾ തന്നെക്കുറിച്ച് ചിന്തിക്കാൻ ഇടയുള്ള കാര്യങ്ങൾ അദ്ദേഹം ഊഹിക്കുന്നു. ഇവിടെ അറിയുക എന്ന ക്രിയയുടെ കൂടെ 'ആം' വരുമ്പോൾ ക്രിയ നടന്നു എന്ന പ്രതീതിയാണുണ്ടാകുക.

ഉദാ: 47. "കുഞ്ഞുപാത്തുമ്മ അങ്ങനെ എഴുത്തു പഠിക്കാൻ തുടങ്ങി. രാവും പകലും അവൾ അദ്ധ്വാനിച്ചു. ഉമ്മയേയും ബാപ്പായേയും അവൾ അതറിയിച്ചില്ല. ഉമ്മ കണ്ടാൽ ചീത്ത പറയുമെന്നവൾ ക്കറിയാം."

*(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:92)*

എഴുത്തുപഠിക്കാനുള്ള കുഞ്ഞുപാത്തുമ്മയുടെ ശ്രമം വിവരിക്കുകയാണിവിടെ. ഇതിൽ 'അറിയാം' എന്നത് അനുജ്ഞായകാർത്ഥത്തിലാണെങ്കിലും ഭാവിയോട് 'ആം' ചേരുമ്പോൾ ഭൂതകാലാർത്ഥമാണ് കിട്ടുന്നത്.

'ആം' കൊണ്ട് പ്രതീക്ഷയുടെ അർത്ഥമാണ് ലഭിക്കുന്നത്

ഉദാ: 48. "ആദ്യമാദ്യം കല്യാണം ഒരു തമാശ പോലെയാണ് അവൾക്കു തോന്നിയത്. വെറ്റില മുറുക്കി ചുണ്ടു ചുവപ്പിച്ച് കാര്യസ്ഥിയാകാം. കാതുകളിൽ പൊന്നലിക്കത്തിടാം. ഉമ്മാ ബാപ്പമാരോടുകൂടി ഹജ്ജിനു പോകാം."

*(ന്റുപ്പുപ്പാനൊരാനേണ്ടാർന്ന്, 2016:25)*

കുഞ്ഞുപാത്തുമ്മയുടെ ആത്മഭാഷണമാണിത്. കല്യാണം കഴിഞ്ഞതിനുശേഷം തനിക്കു കിട്ടുന്ന സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പ്രതീക്ഷ നിറഞ്ഞ ചിന്തകളാണ് 'ആം' വഴി ലഭിക്കുന്നത്.

ഉദാ: 49. "സംഭവിച്ചിരിക്കുന്നത് വലിയ ഒരാപത്താണ്. എന്നാലും ജനങ്ങളെ കാണാം. ശുദ്ധവായു ശ്വസിക്കാം. സൂര്യപ്രകാശത്തിൽ നിൽക്കാം. നിലാവെളിച്ചത്തിൽ മുങ്ങാം, ഓടാം, ചാടാം, പാട്ടുപാടാം."

*(ന്റുപ്പുപ്പാനൊരാനേണ്ടാർന്ന്, 2016:32)*

ഇവിടെ 'ആം' ന് ആവർത്തനമുണ്ട്. പഴയ ആഢ്യ സങ്കുചിതപാരമ്പര്യത്തിൽ നിന്ന് പുതിയ ജീവിതത്തിലേക്ക് പോകുമ്പോൾ കുഞ്ഞുപാത്തുമ്മയ്ക്കുണ്ടാകുന്ന പ്രതീക്ഷയാണ് സന്ദർഭം. ജനങ്ങളെ കാണാം, ഓടാം, പാടാം.. ഇവിടെയെല്ലാം 'ആം'ന് പ്രതീക്ഷയുടെ അർത്ഥം കൈവരുന്നു.

'ആം'ന് തീരുമാനത്തിലുള്ള ഉറച്ച വിശ്വാസം ലഭിക്കുന്നു

ഉദാ:50 "കരയ്ക്കു കയറാൻ മാർഗം കാണാതെ അവർ പരിഭ്രമിച്ചു. തോട്ടിലൂടെ ഒരു കാൽ നാഴിക നടന്നാൽ പാടത്തു ചെന്ന് ഇറങ്ങാം."

*(ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, 2016:51)*

കുരുവിയെ രക്ഷിക്കാൻ തുനിഞ്ഞ് തോട്ടിൽവീണ് രക്ഷപ്പെടാൻ വഴികാണാതെ നിൽക്കുന്ന സന്ദർഭമാണിത്. ഇവിടെ 'ആം' അനുജ്ഞായക പ്രകാരമല്ല. രക്ഷപ്പെടാനുള്ള മാർഗം സംബന്ധിച്ച ഉറച്ച ധാരണയെയാണ് കുറിക്കുന്നത്.

'ആം'ന് ക്ഷണിക്കലിന്റെ അർത്ഥം കിട്ടുന്നു

ഉദാ: 51. "കുഞ്ഞുപാത്തുമ്മയ്ക്ക് പറക്കാൻ കഴിയുമോ?

ഹില്ല

എന്നാൽ നമുക്ക ചിറകുണ്ടാക്കാം! എന്നും പറഞ്ഞുകൊണ്ട് ആ ചെറുപ്പക്കാരൻ കുഞ്ഞുപാത്തുമ്മയുടെ വലതുകൈ പിടിച്ചുകൊണ്ട് മാടിൽക്കൂടി കയറി"

*(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:53)*

ഇവിടെ കുഞ്ഞുപാത്തുമ്മയെ നിസ്സാർ അഹമ്മദ് ക്ഷണിക്കുന്നതാണ് സന്ദർഭം.

'ആം' പരിഹാസവും നിന്ദയും സാധ്യമാക്കുന്നു

ഉദാ: 52. "ആയിഷ ചോദിച്ചു:

ത്ത്ത്തായുടെ ഉമ്മാ എന്തിനാ ഞങ്ങളുടെ മുമ്പിലുള്ള വെള്ളമില്ലാത്ത ആ ചെറിയ തോട്ടിൽ വന്നു വെളിക്കിരിക്കുന്നത്?"

അത് ഞങ്ങ ലാത്ത്രി നാട്ടുവയീ ഇരിക്കും. പകലായിട്ടാ!'

അതുകൊള്ളാം! മനുഷ്യർക്ക് നടക്കാനുള്ള നാട്ടുവഴിയിൽ കക്കൂസു ചെയ്യുന്നതു കൊള്ളാം!"

*(ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, 2016:63)*

ആയിഷയും കുഞ്ഞുപാത്തുമ്മയും തമ്മിലുള്ള സംഭാഷണത്തിൽ നിന്നെടുത്തതാണിത്. തുറന്ന സ്ഥലത്ത് മലമൂത്രവിസർജ്ജനം ചെയ്യുന്ന കുഞ്ഞുതാച്ചുമ്മയുടെ പ്രവൃത്തിയെ ചോദ്യം ചെയ്തുകൊണ്ട് കുഞ്ഞുപാത്തുമ്മയോട് ആയിഷ സംസാരിക്കുന്നു.

'അത് ഞങ്ങ ലാത്ത്രി നാട്ടുവയീ ഇരിക്കും. പകലായിട്ടാ!' ഇങ്ങനെ കുഞ്ഞുപാത്തുമ്മ മറുപടി കൊടുക്കുന്നു. ഇതിനോടുള്ള ആയിഷയുടെ പ്രതികരണമാണ് 'കൊള്ളാം'. ഇവിടെ 'ആം' കൊണ്ട് പരിഹാസവും നിന്ദയും സാധ്യമാകുന്നു.

കുഞ്ഞുതാച്ചുമ്മയുടെ പ്രവൃത്തി നല്ലതല്ല എന്ന് വ്യംഗ്യമായി പറയുകയും ചെയ്യുന്നു.

'ആം' ന് സന്ദിഗ്ദ്ധതയുടെ അർത്ഥം കിട്ടുന്നു

ഉദാ: 53. "ആരിക്കും വെക്കാം. നോക്കി വച്ചോ!'

എന്നു പറഞ്ഞിട്ട് ശ്ശൂർർറെന്നു ചീട്ടുകൾ മൂന്നും കടലാസിൽ കമഴ്ത്തിയിടുക. ആദ്യം താഴെ വീഴുന്നതു ത്രുപചീട്ടാവാം. പുള്ളിച്ചീട്ടാവാം."

*(മുച്ചീട്ടുകളിക്കാരന്റെ മകൾ, 2016:15)*

ചീട്ടുകളി വിവരിക്കുന്ന ഭാഗമാണിത്. ഇവിടെ 'ആം' ആവർത്തിച്ചു വന്നിരിക്കുന്നു. ഇവിടെ 'ആം' ന് അനുജ്ഞായകാർത്ഥമല്ല. സന്ദിഗ്ദ്ധതയുടെ അർത്ഥമാണ് കിട്ടുന്നത്.

'ആം' വിധേയഭാവത്തെ അവതരിപ്പിക്കാൻ ഉപയോഗിക്കുന്നു

ഉദാ: 54. "അബ്ദുൾ ഖാദർ സാഹിബ് പറഞ്ഞു: എന്റെ കരൾ അടുക്കളയിൽ കയറേണ്ട. എല്ലാം ഞാൻ ശരിപ്പെടുത്തിക്കൊള്ളാം, പോരേ?"

*(വിഡ്ഢികളുടെ സ്വർഗ്ഗം, 2017:27)*

അബ്ദുൾ ഖാദർ തന്റെ ഭാര്യയായ ജമീലാ ബീവിയോട് പറയുന്ന വാക്കുകളാണിത്. താൻ ബി.എ. പാസ്സായത് അടുക്കളക്കാരിയാവാനല്ല എന്ന പരിഭവത്തിന് അടുക്കളപ്പണി താൻ തന്നെ ചെയ്തുകൊള്ളാം എന്ന് വിധേയഭാവത്തിൽ പറയുന്നു.

'ആം' ഹാസ്യഭാവത്തെ പ്രകാശിപ്പിക്കുന്നു

ഉദാ: 55. "മൂപ്പർ അങ്ങോട്ടു ചെന്നു. രസം തന്നെ! മൂപ്പത്തി പരിഭ്രമത്തിനിടയ്ക്ക് അടുക്കളവാതിൽ അടയ്ക്കാൻ മറന്നുപോയി. ലോകത്തിലുള്ള സർവ്വകള്ളന്മാർക്കും ഒരു ഘോഷയാത്രയായി നിർബാധം കടന്നുചെല്ലാം, എന്നും വിചാരിച്ച് അബ്ദുൾ ഖാദർ സാഹിബ് അകത്തു കടന്നു."

*(വിഡ്ഢികളുടെ സ്വർഗ്ഗം, 2017:27)*

അബ്ദുൾ ഖാദറിനെ കാത്തിരിക്കുന്ന ജമീലാ ബീവിയെ വർണിക്കുന്ന ഭാഗമാണിത്. ഒറ്റക്കിരിക്കുന്ന ജമീലബീവി പരിഭ്രമത്തിനിടയിൽ പിൻവാതിൽ അടയ്ക്കാൻ മറന്നുപോയി. അപ്പോൾ അബ്ദുൾ ഖാദറിന്റെ മനസ്സിലുള്ള ചിന്തകളാണ് ഇവിടെ. 'കടന്നു ചെല്ലാം' എന്നത് സാധ്യതയിലെന്നതിലുപരി ഹാസ്യമാണ് വെളിവാക്കുന്നത്.

ആം ലാഘവബുദ്ധിയെക്കുറിക്കുന്നു.

ഉദാ:56 മഗ്രിബും ഇഷായും നിസ്കരിച്ചിട്ടില്ല. അതു നടത്തിക്കളയാം

*(വിഡ്ഢികളുടെ സ്വർഗ്ഗം, 2017: 34)*

മഗ്‌രിബും ഇഷായും നടത്തിക്കളയാം ഇവിടെ 'ആം' ചേർന്ന രൂപം അബ്ദുൾഖാദറിന്റെ ലാഘവബുദ്ധിയെക്കാണിക്കുന്നു.

ഉപസംഹാരം

1. പ്രകാരത്തെ ഒരു പ്രത്യേക വ്യാകരണസംവർഗം[1] എന്ന നിലയിൽ ആദ്യമായി വിവരിച്ചത് രാജരാജവർമ്മയാണ്.

2. ജ്ഞാപകയവസ്ഥ, ആശയകവസ്ഥ എന്നീ സംജ്ഞകൾക്ക് മലയാണ്മയുടെ വ്യാകരണത്തിൽ നൽകിയിട്ടുള്ള വിശദീകരണങ്ങൾ മലയാളത്തിലെ പ്രകാരചർച്ചയിൽനിന്ന് ഒഴിവാക്കാനാവില്ല.

കേരളപാണീനീയത്തിനു ശേഷം ഒട്ടുമിക്ക വ്യാകരണഗ്രന്ഥങ്ങളിലും പ്രകാരത്തെ ഒരു പ്രത്യേക ഇനമായി വിശകലനം ചെയ്തിരിക്കുന്നു.

3. സുകുമാരപ്പിള്ള, വാസുദേവഭട്ടതിരി, ജോൺ കുന്നപ്പള്ളി, സി. ജയശ്രീ എന്നിവർ പ്രകാരങ്ങളെപ്പറ്റി സൂക്ഷ്മ വിശകലനം ചെയ്തിട്ടുണ്ട്. പ്രകാരങ്ങൾക്ക് നൽകിയിട്ടുള്ള നിർവചനങ്ങളിൽ ജോൺ കുന്നപ്പള്ളിയുടെതാണ് സ്വീകാര്യമായി തോന്നുന്നത്. നിർദ്ദേശകപ്രകാരത്തിന്റെ പ്രകാരപദവി ,അട്ടെയുടെ നിയോജകപ്രത്യയപദവി, പ്രത്യയടിസ്ഥാനത്തിലും പ്രകാര നിർണയനത്തിലുമുള്ള അനൗചിത്യം എന്നിവ യുക്തിസഹമായി തെളിയിക്കാൻ സി. ജയശ്രീക്ക് ആയിട്ടുണ്ട്. വിവിധ ഭാഷാസന്ദർഭത്തെ മുൻനിർത്തി അട്ടെ,അണം, ആം, എന്നീ രൂപങ്ങൾക്ക് വരുന്ന അർത്ഥങ്ങളെ വിവരിക്കാൻ കേരളപാണിനീയനന്തരകാലത്ത് വ്യാപകമായി ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അണം, ആം, അട്ടെ എന്നീ രൂപങ്ങളുടെ നിഷ്പത്തി സംമ്പന്ധിച്ച് വൈയാകരണർക്കിടയിൽ അഭിപ്രായൈക്യം കാണുന്നുണ്ട്. എന്നാൽ അട്ടെയുടെ നിഷ്പത്തി സംമ്പന്ധിച്ച് അഭിപ്രായഭേദം കാണുന്നു. ഒട്ട് ധാതുവിൽ നിന്നാണ് ഈ രൂപം ഉണ്ടായതെന്ന് രാജരാജവർമ്മ , വാസുദേവഭട്ടതിരി മുതലായവർ. തമിഴിലെ ആശംസവാചിയായ അട്ടും രൂപത്തിൽ നിന്നാണ് അട്ടെ പ്രത്യയം ഉണ്ടായതെന്ന് സുകുമാരപ്പിള്ള അഭിപ്രായപ്പെടുന്നു. ഈ വാദം കൂടുതൽ യുക്തിസഹമായി തോന്നുന്നു.

വ്യാകരണവിരോധം പരസ്യമാക്കിയ എഴുത്തുകാരനാണ് ബഷീർ. അദ്ദേഹത്തിന്റെ കൃതികളെ ഉപാദാനമായിയെടുത്ത് വിവരണാത്മക സമീപനത്തിലൂന്നി വ്യാകരണപഠനം നടത്തിയാൽ ഭാഷയിലെ പ്രത്യയങ്ങൾക്ക് ലഭിക്കുന്ന വിവിധ പ്രകരണാർത്ഥങ്ങൾ കണ്ടെത്താം. മലയാളത്തിലെ പ്രകാരപ്രത്യയങ്ങൾക്ക് ഇനിയും അർത്ഥഭേദങ്ങൾ ഉണ്ടാകാം. ഇവിടെ ബഷീറിന്റെ നാലു കൃതികളെ മുൻനിർത്തിയുള്ള അന്വേഷണത്തിൽ ഇത്രയെ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളു എന്നു മാത്രം.

കുറിപ്പ്

*വ്യാകരണത്തിൽ ഉപയോഗിക്കുന്നതായ സാങ്കേതികസംജ്ഞകളെയാണ് വ്യാകരണസംവർഗം കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരാൾ അയാളുടെ സാധ്യതകൾക്കും പരിമിതികൾക്കും ഉള്ളിൽ നിന്നുകൊണ്ട് നടത്തുന്ന ഉച്ചരിതശബ്ദങ്ങളാണ് ഭാഷാപ്രയോഗങ്ങൾ.*

*ആര്, ആരോട്, എന്തിന്, എപ്പോൾ, എങ്ങനെ എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് പ്രകരണം കൊണ്ട് ഉദ്ദേശിക്കുന്നത്. വാക്യം പ്രയോഗിക്കുന്ന ബൗദ്ധികപരിസരങ്ങൾ.*

ഗ്രന്ഥസൂചി

1. കുന്നപ്പള്ളി, ജോൺ 1986 *ശബ്ദസൗഭഗം*, നാഷണൽ ബുക്ക് സ്റ്റാൾ ,കോട്ടയം.
2. കുഞ്ഞൻപിള്ള, ഇളംകുളം(വ്യാഖ്യാനം) 2016 *ലീലാതിലകം*, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം.
3. ഗുണ്ടർട്ട്, ഹെർമ്മൻ 2014 *മലയാളഭാഷാവ്യാകരണം*, സാഹിത്യപ്രവർത്തകസഹകരണസംഘം കോട്ടയം.
4. നമ്പൂതിരി ഇ.വി.എൻ. 2005 *കേരളഭാഷാവ്യാകരണം*, ഡി.സി ബുക്സ്, കോട്ടയം.
5. ശേഷഗിരിപ്രഭു എം. 2003 വ്യാകരണമിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. ബഷീർ 2016 *വിഡ്ഢികളുടെ സ്വർഗ്ഗം*, ഡി.സി ബുക്സ്, കോട്ടയം.
7. ബഷീർ 2016 *മുച്ചീട്ടുകളിക്കാരന്റെ മകൾ*, ഡി.സി ബുക്സ്, കോട്ടയം.
8. ബഷീർ 2016 *ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്*, ഡി.സി ബുക്സ്, കോട്ടയം.
9. ബഷീർ 2013 *പാത്തുമ്മയുടെ ആട്*, ഡി.സി ബുക്ക്സ്, കോട്ടയം.
10. രാജരാജവർമ്മ എ.ആർ 2013 *കേരളപാണിനീയം*, ഡി.സി. ബുക്സ്, കോട്ടയം.
11. സുകുമാരപ്പിള്ള 1980 *കൈരളീശബ്ദാനുശാസനം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
12. വാസുദേവഭട്ടതിരി 1980 *അഭിനവമലയാളവ്യാകരണം*, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
13. വേണുഗോപാലപ്പണിക്കർ, ടി.ബി., 1996 *വ്യാകരണപഠനങ്ങൾ*, മലയാളവിമർശം 14, കോഴിക്കോട് സർവകലാശാല.

# പാരിമാണികങ്ങളുടെ വ്യാപ്തി —ഒരു വാക്യഘടനാ വിശകലനം.

ഡോ. സൌമ്യ പി.എൻ.
അസി: പ്രൊഫസർ (on contract), ഭാഷാശാസ്ത്ര വിഭാഗം,,
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല.

ഭാഷാവിശകലനങ്ങളിൽ ഘടനാപരമായ വിശകലനങ്ങളാണ് പ്രധാന സ്ഥാനം വഹിക്കുന്നത് രൂപ-വാക്യ ഘടനകളിൽ പ്രസക്തമായ വ്യാപ്തി എന്ന ആശയം ചർച്ചചെയ്യുകയാണ് ഈ പ്രബന്ധം കൊണ്ട് ഉദ്ദേശിക്കുന്നത്.

മലയാളത്തിൽ നടക്കുന്ന ഭാഷാസംബന്ധിയായ ഗവേഷണങ്ങളിൽ പ്രധാനസ്ഥാനം വ്യാകരണത്തിനു കല്പിക്കപ്പെടാറുണ്ട്. എന്നാൽ ഭാഷയുടെ ഘടനാപരമായ വിശകലനങ്ങൾ വിരളമായേ നടക്കാറുള്ളൂ. രൂപഘടനാപരമായ പഠനങ്ങളാണു അവയിൽ ഏറെയും. വാക്യതലത്തിലും അർഥ തലത്തിലും ഘടനാപരമായ വിശകലനങ്ങൾ ഇല്ലെന്നു തന്നെ പറയാം.

## വാക്യഘടനാവിശകലനം സാർവഭാഷിക വ്യാകരണത്തിൽ

ചോംസ്കിയൻ ആശയമായ സാർവഭാഷിക വ്യാകരണ സിദ്ധാന്തം പ്രധാനമായും വാക്യഘടനാധിഷ്ഠിതമാണ്. മനുഷ്യർ സംസാരിക്കുന്ന ഭാഷകൾക്കെല്ലാം അടിസ്ഥാനമായ ഒരു പൊതുവ്യാകരണ വ്യവസ്ഥ ഉണ്ട്, അത് ജന്മസിദ്ധമാണ് എന്നാണു ചോംസ്കിയൻ ഭാഷാശാസ്ത്ര സിദ്ധാന്തങ്ങളുടെ അടിസ്ഥാനം. ഇതനുസരിച്ച് ഓരോ ഭാഷയുടെയും പദക്രമം മുതലായ സവിശേഷതകൾ വിശകലനം ചെയ്യുകയും പൊതുനിയമങ്ങൾ—ഇവയെ സാർവഭാഷിക നിയമങ്ങൾ എന്നു പറയാം—കണ്ടെത്തുകയും ചെയ്യുന്നു. ഭാഷകൾ ചില സവിശേഷതകളിൽ വ്യത്യസ്തത കാണിക്കുന്ന

സന്ദർഭത്തിൽ അവ ഘടനാപരമായി വിശദീകരിക്കാൻ ശ്രമിക്കുകയും ആവശ്യമെങ്കിൽ മേല്പറഞ്ഞ പൊതുനിയമങ്ങൾ അതിനനുസരിച്ച് പരിഷ്കരിക്കുകയും വേണം.

മലയാളത്തിലെ ഏതാനും വാക്യഘടനാസവിശേഷതകൾ ഇത്തരത്തിൽ സാർവഭാഷിക വ്യാകരണ ദൃഷ്ടിയിലൂടെ പരിശോധിക്കുകയാണ് ഇവിടെ ചെയ്യുന്നത്. ഒരു വാക്യത്തിന്റെ വ്യാഖ്യാനത്തിനു അതിലെ രൂപിമങ്ങളുടെയും പദങ്ങളുടെയും പരസ്പരമുള്ള ഘടനാപരമായ ബന്ധവും അത് നൽകുന്ന വ്യത്യസ്ത വ്യാഖ്യാന സാധ്യതകളുമെല്ലാം പ്രസക്തമാണ്. സ്വതന്ത്ര പദക്രമമുള്ള ഭാഷകളിൽ ഘടനാപരമായ അർഥ സന്ദിഗ്ധത നിശ്ചിതമായ പദക്രമമുള്ള ഭാഷകളെ അപേക്ഷിച്ച് കുറവായിരിക്കും എന്നു പറയാറുണ്ട്.

മലയാളത്തിനു താരതമ്യേന സ്വതന്ത്രമായ പദക്രമമാണ് ഉള്ളത്. ശൈലീബദ്ധമായാണ് പദക്രമത്തിൽ മാറ്റങ്ങൾ വരുന്നത് എന്നാണ് കേരളപാണിനിയുൾപ്പെടെയുള്ള വ്യാകരണകാരന്മാരുടെ വാദം. എന്നാൽ ഈ വാദത്തോട് യോജിക്കാനാവില്ല എന്നു മലയാളത്തിന്റെ വാക്യഘടനാപഠനങ്ങളിൽ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുള്ള ചോംസ്കിയൻ ഭാഷാശാസ്ത്ര ചിന്തകനായ പ്രൊഫെസ്സർ മാധവൻ അഭിപ്രായപ്പെടുന്നു. വാക്യഘടനാപരമായി അനുവദനീയമായ മാറ്റങ്ങളാണ് ഏതു ഭാഷയിലും പ്രകടമാവുന്നത് എന്നാണ് ചോംസ്കിയുടെ സാർവഭാഷിക വ്യാകരണത്തിന്റെ മതം എന്ന് മാധവൻ അഭിപ്രായപ്പെടുന്നു. കർമ്മണി പ്രയോഗത്തിലായാലും ആഖ്യാകരണത്തിലായാലും സാധാരണ പദക്രമത്തിൽ നിന്നു വ്യത്യസ്തമായി കർമത്തിനോ വാക്യത്തിലെ കർത്താവല്ലാത്ത മറ്റു ഘടകങ്ങൾക്കോ കൂടുതൽ ഊന്നൽ ലഭിക്കുന്നതിനായാണ് അവ ആന്തരഘടനയിലെ സ്ഥാനത്തുനിന്നു ചലിക്കുന്നത്.

കർത്താവ്-കർമം-ക്രിയ എന്ന മലയാളത്തിലെ സ്വാഭാവികപദക്രമത്തിലാണ് വാക്യം (1). കർമത്തിനു കൂടുതൽ ഊന്നൽ കിട്ടുന്ന ഘടനയാണ് വാക്യം (2).

1. അമ്മ കുട്ടിക്ക് ചോറു കൊടുത്തു.
2. കുട്ടിക്ക് അമ്മ ചോറു കൊടുത്തു

ജയശീലൻ (2001) അഭിപ്രായപ്പെടുന്നത് വാക്യത്തിലെ ലഘുക്രിയാപദസംഹിതയുടെ (vP) ഇടത്തേയറ്റത്തുള്ള Topic എന്ന സ്ഥാനത്തേക്കാണ് ഇത്തരത്തിൽ സ്ഥാനാന്തരണം സംഭവിക്കുന്ന ഘടകങ്ങൾ എത്തിച്ചേരുന്നത് എന്നാണ്. വാക്യഘടനാപരമായ ചില സവിശേഷതകളാണ് പദക്രമത്തിൽ വരുന്ന മാറ്റത്തിനു കാരണമെന്ന് മാധവനെപ്പോലെതന്നെ ജയശീലനും അഭിപ്രായപ്പെടുന്നു.

വാക്യത്തിൽ ഒരു ഘടകത്തിനു കൂടുതൽ ഊന്നൽ ലഭിക്കുന്ന ഉദാഹരണങ്ങളാണു ഇതുവരെ കണ്ടത്. ഈ സന്ദർഭങ്ങളിലെല്ലാം ഇത്തരത്തിൽ ഊന്നൽ ലഭിക്കുന്ന ഘടകത്തിനു മറ്റു വാക്യഘടകങ്ങളുടെ, വിശേഷിച്ചും പരാശ്രയ പദങ്ങളുടെ അർഥവ്യാഖ്യാനത്തെ സ്വാധീനിക്കാനാവും. ഒരു വാക്യ ഘടകത്തിനു സ്വാധീനിക്കാനാവുന്ന വാക്യ ഭാഗത്തെ അതിന്റെ വ്യാപ്തി എന്നു പറയാം. എല്ലാ വാക്യഘടകങ്ങൾക്കും നിശ്ചിത വ്യാപ്തി ഉണ്ട്. രണ്ടു ഘടകങ്ങളുടെ വ്യാപ്തി പരസ്പരം കലർന്നിട്ടാകുമ്പോൾ, അതായത് ഒരു ഘടകം മറ്റൊന്നിന്റെ വ്യാപ്തിയിൽ ഉള്ളടങ്ങിയിരിക്കുമ്പോൾ അത് ആപേക്ഷികവ്യാപ്തി എന്നറിയപ്പെടുന്നു. പാരിമാണികങ്ങൾ, നിഷേധവാചികൾ, സാംഖികം, മുതലായവക്കെല്ലാം വ്യാപ്തി സ്വീകരിക്കാനാവും.

സാധാരണയായി ആപേക്ഷികവ്യാപ്തി എന്ന ആശയം പ്രസക്തമാവുന്നത് ഒരേ വാക്യത്തിൽ തന്നെ ഒന്നിലധികം പാരിമാണികങ്ങളോ ഒരു പരിണാമികവും നിഷേധവാചിയും ചേർന്നോ, സർവനാമത്തോടൊപ്പമോ പ്രയോഗിക്കപ്പെടുമ്പോഴാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് ഒരു വാക്യത്തിന്റെ അർഥ നിർണ്ണയം എന്നത് വാക്യഘടകങ്ങളുടെ തിരശ്ചീനമായ പരസ്പര ബന്ധം മാത്രം കണക്കിലെടുത്തല്ല എന്നതാണ്. പാരിമാണികങ്ങൾ പോലെയുള്ള വ്യാപ്തി കൈക്കൊള്ളുന്ന ഘടകങ്ങളുടെ (scope bearing elements) രൂപഘടനയും അവയുടെ വാക്യത്തിലെ ഘടനാപരമായ ധർമങ്ങളും പ്രധാനമാണ്. പാരിമാണികങ്ങളുടെ രൂപഘടന സംബന്ധിച്ച് സാമ്പ്രദായിക വ്യാകരണങ്ങളിലെ പ്രസക്തമായ ചർച്ചകൾ പരാമർശിക്കുകയാണ് അടുത്തതായി ചെയ്യേണ്ടത്.

### മലയാളത്തിലെ പാരിമാണികങ്ങൾ– സാമ്പ്രദായിക വ്യാകരണങ്ങളിൽ

പാരിമാണികങ്ങൾ എന്ന പദം കൊണ്ട് അളവിനെ കുറിക്കുന്ന ഭേദകങ്ങൾ, നാമപദസംഹിതകൾ എന്നിവയൊക്കെയാണു ഉദ്ദേശിക്കുന്നത്. ഇംഗ്ലിഷിൽ all, some, every, each, many എന്നിവയൊക്കെ പാരിമാണികങ്ങൾക്ക് ഉദാഹരണങ്ങളാണ്. എല്ലാ, ചില, കുറേ, മിക്ക എന്നിങ്ങനെയുള്ള ഭേദകങ്ങളും, എല്ലാവരും, എല്ലാ കുട്ടികളും മുതലായ നാമപദസംഹിതകളും ഒക്കെ മലയാളത്തിൽ സമാനമായ ഉദാഹരണങ്ങളാണ്.

പാരിമാണികങ്ങളുടെ രൂപഘടനാപരമായ പഠനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളത്. പ്രധാനമായും ജോർജ് മാത്തന്റെ 'മലയാഴ്മയുടെ വ്യാകരണം' എന്ന ഗ്രന്ഥത്തിൽ പാരിമാണികങ്ങളുടെ

രൂപഘടനയെക്കുറിച്ചുള്ള വിശദമായ ചർച്ചകളുണ്ട്. സർവാർഥ സർവനാമങ്ങൾ എന്ന വിഭാഗത്തിൽ 'ഒരുത്തൻ, ചിലവൻ, പലവൻ, എല്ലാവനും' എന്നീ അളവുമൊഴികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പൃഛകങ്ങളോടൊപ്പം –ഉം ചേർന്നുകിട്ടുന്ന 'ആരും, എന്നും' എന്നിവയും സർവാർഥ സർവനാമങ്ങൾ തന്നെ എന്നഭിപ്രായപ്പെടുന്നു. പിൽക്കാല വ്യാകരണങ്ങളിൽ ഒരൊറ്റ രൂപിമമായി, 'discontinuous morpheme' എന്നതിന് ഉദാഹരണമായാണു 'എല്ലാ കുട്ടികളും' എന്നതിലെ എല്ലാ...ഉം എന്നത് ചേർത്തിരിക്കുന്നത്. എന്നാൽ മാത്തൻ ഇത്തരം ഭേദകങ്ങൾക്ക് സങ്കീർണ്ണ രൂപഘടന ഉള്ളതായി മനസ്സിലാക്കുന്നു. മാത്രമല്ല, ഈ ഘടന ആധാരമായ പദത്തെ, (ഇവിറ്റെ കുട്ടികൾ) വെവ്വേറെയാക്കി പിരിക്കുകയാണ് ചെയ്യുന്നത് എന്നഭിപ്രായപ്പെടുന്നു. ഈ നിരീക്ഷണം പ്രജനക പാരമ്പര്യത്തിലെ നിപാതങ്ങളുടെ ബഹുധർമത്വത്തെക്കുറിച്ചും (multifunctionality) അളവുമൊഴികളുടെ രൂപവാക്യഘടനാപരമായ വിശകലനത്തിലുള്ള പഠനങ്ങളിൽ ഏറെ പ്രസക്തമാണെന്ന് സൌമ്യ (2017) അഭിപ്രായപ്പെടുന്നു. –ഉം എന്ന അവ്യയത്തിന്റെ വ്യത്യസ്ത ധർമങ്ങളായി സമബന്ധം (Conjunction) അനുബന്ധം (additive), വിശേഷത (Focus), തികവ്, നിറവ് (exhaustive) എന്നീ അർഥങ്ങൾ പട്ടുതിഭേദം പോലെ കാണിക്കുന്നു എന്നഭിപ്രായപ്പെടുന്നുണ്ട്. ഈ നിരീക്ഷണം ഒരുപക്ഷേ, സാമ്പ്രദായിക വ്യാകരണത്തിൽ അത്ര പ്രസക്തമല്ല. പക്ഷേ, സാർഭാഷിക വ്യാകരണത്തിന്റെ പ്രജനക പാരമ്പര്യത്തിൽ ഇതരഭാഷകളിലെ സമാനഘടകങ്ങളുടെ താരതമ്യത്തിൽ ഇത് ഏറെ പ്രസക്തമാണ്. ഉദാഹരണമായി ഹംഗേറിയൻ, ജാപ്പനീസ്, സിംഹള ഭാഷകളിൽ 'ഉം' എന്ന അവ്യയത്തിനു സമാനമായ ഘടകങ്ങൾ അളവുമൊഴികളുടെ രൂപഘടനയിൽ ഉൾപ്പെട്ടിരിക്കുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള താരതമ്യ പഠനത്തിന് സാമ്പ്രദായിക വ്യാകരണത്തിലെ സവിശേഷമായ ഉൾക്കാഴ്ച നല്കാനാവും.

മിഷണറി വ്യാകരണകാലത്തെ ചർച്ചകൾക്കുശേഷം അളവുമൊഴികൾ മലയാള വ്യാകരണഗ്രന്ഥങ്ങളിൽ ശ്രദ്ധിക്കപ്പെടുന്നത് രവിശങ്കർ എസ് നായരുടെ കൃതിയിലാണ്. അവിടെയും വിശദമായ രൂപഘടനാവിശകലനത്തിനു മുതിരുന്നതായി കാണാനാവില്ലതാനും.

പാരിമാണികങ്ങളുടെ രൂപഘടനാപരമായ വിശകലനങ്ങൾ സൂചിപ്പിക്കുന്നത് അതിനു വാക്യങ്ങളുടെ അർഥ വ്യാഖ്യാനത്തെ സ്വാധീനിക്കാനാവുമെന്നാണ്.

വാക്യഘടനാപരമായി നോക്കിയാൽ ഏറെ പ്രധാനപ്പെട്ട ഒരു ആശയമാണു വ്യാപ്തി എന്നത്. വാക്യത്തിന്റെ അർഥവുമായി

ബന്ധപ്പെട്ടതാകയാൽ വ്യാപ്തിയുടെ വിശദീകരണങ്ങൾ പലപ്പോഴും അർത്ഥ വാക്യതലങ്ങളെ ഒരുമിച്ച് കൊണ്ടുവരുന്നു. പാരിമാണികങ്ങൾ വ്യാപ്തി കൈക്കൊള്ളുന്നതിനു ഉദാഹരണമായി രണ്ടു വാക്യങ്ങൾ പരിശോധിക്കാം.

1. കുട്ടികൾ ഒരു പുസ്തകം വായിച്ചു.
2. ഒരു പുസ്തകം കുട്ടികൾ വായിച്ചു

ഇവിടെ വാക്യം (1) മലയാളത്തിനു സ്വാഭാവികമായ പദക്രമത്തിലാണ്. അതായത് കർത്താവ്-കർമം-ക്രിയ എന്ന ക്രമത്തിൽ. ഇതിനർഥം സന്ദർഭത്തിൽ പ്രസക്തമായ ഒരു ഗണം കുട്ടികൾ പുസ്തകം വായിച്ചു എന്നാണ്. കുട്ടികൾ ആണ് വാക്യത്തിന്റെ ആഖ്യ. ഒരു പുസ്തകം എന്ന ഘടകത്തിനു ഊന്നൽ നല്കി വായിച്ചാൽ ഒരു പ്രത്യേക പുസ്തകമാണ് വായിച്ചത് എന്ന അർത്ഥം കൂടി ഇതിന് അർഥം കിട്ടാവുന്നതാണ്. എന്നാൽ പദക്രമത്തിൽ മാറ്റം വരുത്തിയ രണ്ടാമത്തെ വാക്യത്തിലോ? പ്രാഥമികമായി ഈ വാക്യം ഒരു പുസ്തകത്തെ സംബന്ധിച്ചാണ്, അല്ലെങ്കിൽ പുസ്തകമാണ് വാക്യത്തിന്റെ ആഖ്യ. കുട്ടികൾ എല്ലാവരും വായിച്ച പുസ്തകം ഒന്നുതന്നെയാണ് എന്ന് വിവേചിക്കുന്നുണ്ട് ഇവിടെ. ഒരു പുസ്തകം എന്നതിനു വിവേചകാർഥം കിട്ടുന്നു. ഇങ്ങനെയുള്ള വായന വാക്യഘടകങ്ങൾ പരസ്പരമുള്ള വ്യാപ്തി എന്ന ആശയവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഒരു വ്യാകരണിക ഭാഗത്തിന് അംഗാധികാരം ചെയ്യാനാവുന്ന വാക്യഭാഗമാണ് അതിന്റെ വ്യാപ്തി എന്നു വാക്യഘടനാസംജ്ഞകളിലൂടെ നിർവചിക്കാം. ഉദാഹരണത്തിനു, കർത്താവ്, കർമത്തെ അല്ലെങ്കിൽ ആഖ്യ, ആഖ്യാതത്തെ ശ്രേണീപരമായി അംഗാധികാരം ചെയ്യുന്നു. സാങ്കേതിക വിശദീകരണങ്ങളിലേക്ക് കടക്കാതെ വാക്യഘടകങ്ങളുടെ ശ്രേണീപരമായ ബന്ധമാണ് അംഗാധികാരം എന്നും അത് തിരശ്ചീനമായ ഘടനയെ അല്ലെങ്കിൽ പദക്രമത്തെ സ്വാധീനിക്കുന്നു എന്നും മാത്രം സൂചിപ്പിക്കട്ടെ. അങ്ങനെ വരുമ്പോൾ ആഖ്യ ആഖ്യാതത്തിനുമേൽ വ്യാപ്തി കൈവരിക്കുന്നു എന്നു പറയാം.

ചോംസ്കിയുടെ ഭരണബന്ധന സിദ്ധാന്തമനുസരിച്ച് വാക്യഘടനയിൽ അടിസ്ഥാനപരമായ ഒരു വ്യാകരണിക ബന്ധമാണ് അംഗാധികാരം. താഴെ കൊടുത്തിരിക്കുന്ന വൃക്ഷ ചിത്രം ഈ ആശയം കൂടുതൽ വിശദമാക്കുന്നതിനു സഹായകമാവും.

ഇവിടെ ആഖ്യ ആഖ്യാതത്തെ അംഗാധികാരം ചെയ്യുന്നു. അതായത് ആഖ്യയായ നാമപദസംഹിത ആഖ്യാതത്തിലെ പദസംഹിതകളെയെല്ലാം (കർമത്തെയുൾപ്പെടെ) അംഗാധികാരം ചെയ്യുന്നു. അങ്ങനെ

ആഖ്യയായ നാമപദസംഹിതക്ക് ആഖ്യാതത്തിലെ പദസംഹിതകളുടെ മേൽ വ്യാപ്തിയും ലഭിക്കുന്നു. പദക്രമത്തിൽ വ്യത്യാസം സംഭവിക്കുന്ന സന്ദർഭത്തിൽ , ഉദാഹരണമായി കർമം കർത്താവിനുമേലെയുള്ള ഒരു സ്ഥാനത്തേക്ക് ചലിക്കുമ്പോൾ അതിനു കർത്താവിനുമേൽ അംഗാധികാരം ചെയ്യാനും വ്യാപ്തി കൈക്കൊള്ളാനും സാധിക്കുന്നു.

ഇതേ ആശയം അർഥതലത്തിൽ പ്രസക്തമാവുംവിധം പറഞ്ഞാൽ ഒരു വ്യാകരണിക ഭാഗത്തിനു വാക്യത്തിലെ ഏത് ഘടകങ്ങളുടെയെല്ലാം അർത്ഥത്തെ സ്വാധീനിക്കാൻ ആവുമോ ആ ഘടകങ്ങളെല്ലാം പ്രസ്തുത വ്യാകരണഭാഗത്തിന്റെ വ്യാപ്തിയിൽ പെടുന്നു. അളവുമൊഴികൾ അഥവാ പാരിമാണികങ്ങൾ എന്നറിയപ്പെടുന്ന ഭേദകങ്ങൾ വാക്യത്തിൽ മറ്റു ഘടകങ്ങളുടെ വ്യാഖ്യാനത്തിന്മേൽ സ്വാധീനം ചെലുത്താവുന്നതാണ്. അളവിനെ കുറിക്കുന്ന പദങ്ങളായ കുറെ, എല്ലാം, ചില മുതലായ പദങ്ങളാണ് അളവുമൊഴികൾ.

ഉദാഹരണത്തിനു (3)-(4) വാക്യങ്ങളിലെ അളവുമൊഴികളുടെ ആപേക്ഷിക വ്യാപ്തി പരിശോധിച്ചുനോക്കാം.

3. എല്ലാ കുട്ടികളും ഒരു ഗ്രഹത്തിന്റെ പേർ പറഞ്ഞു

-ഒരു പ്രത്യേക ഗ്രഹം ഉണ്ട്. അതിന്റെ പേർ എല്ലാ കുട്ടികളും പറഞ്ഞു.

-കുട്ടികൾ എല്ലാവരും ഗ്രഹത്തിന്റെ പേർ പറഞ്ഞു, എന്നാൽ അത് ഒരേ ഗ്രഹം തന്നെ ആവണമെന്നില്ല. (കുട്ടി 1 ബുധൻ, കുട്ടി 2 വ്യാഴം, എന്നിങ്ങനെ).

4. ഞാൻ എല്ലാ കുട്ടികൾക്കും ഒരു ഗ്രഹം കാണിച്ചു കൊടുത്തു.

-ഞാൻ എല്ലാ കുട്ടികൾക്കും ഒരു പ്രത്യേക ഗ്രഹം തന്നെ കാണിച്ചു കൊടുത്തു (ഉദാഹരണമായി വ്യാഴം)

-എല്ലാ കുട്ടികൾക്കും ഗ്രഹം കാണിച്ചു കൊടുത്തു, അത് കുട്ടികൾക്കനുസരിച്ച് വ്യത്യസ്തമാവാം.

ഈ രണ്ട് വാക്യങ്ങളിലും എല്ലാ കുട്ടികളും എന്ന വാക്യഭാഗം മറ്റു വാക്യഘടകങ്ങളുടെ അർഥത്തിന്മേൽ സ്വാധീനിക്കുന്ന ഒരു വായന ലഭ്യമാണ്. അതായത് എല്ലാ കുട്ടികളും എന്ന വാക്യഘടകത്തിനു വാക്യത്തിന്മേൽ വ്യാപ്തി ഉണ്ട്.

മുൻപ് സൂചിപ്പിച്ചപോലെ വ്യാപ്തി എന്നത് രണ്ട് പാരിമാണികങ്ങൾ തമ്മിലോ ഒരു പാരിമാണികവും സർവനാമവും തമ്മിലോ പാരിമാണികവും നിഷേധവാചിയും തമ്മിലോ ആവാം. ഒരു വാക്യത്തിൽ രണ്ടു പാരിമാണികങ്ങൾ ഉണ്ടെങ്കിൽ അവ പരസ്പരം അർഥനിർണ്ണയത്തെ

സ്വാധീനിക്കാവുന്നതാണ്. ആദ്യവാക്യം അതിനുദാഹരണമാണ്. നിഷേധവാചി ഉൾപ്പെടുന്ന ഒരു വാക്യം പരിശോധിക്കാം ഇനി.

5. രാമു എല്ലാ പുസ്തകങ്ങളും വായിച്ചില്ല

ഉദാഹരണം (5) ഒരൊറ്റ അർഥം മാത്രമേ സ്വാഭാവികമായി നല്കുന്നുള്ളൂ. നിഷേധവാചിക്ക് കർമ്മത്തിനുമേൽ വ്യാപ്തി കിട്ടുന്നു. അതായത് ഈ വാക്യം 'രാമു എല്ലാ പുസ്തകങ്ങളും വായിച്ചു' എന്ന പ്രസ്താവന നിഷേധിക്കുന്നു.

പദക്രമത്തിനനുസരിച്ച് 'എല്ലാ പുസ്തകങ്ങളും' എന്ന കർമ്മം നിഷേധത്തിനുമേൽ വ്യാപ്തി കൈവരിക്കുന്ന വ്യാഖ്യാനവും ലഭ്യമാകേണ്ടതാണ്. അതായത് 'രാമു വായിച്ചില്ല' എന്ന പ്രസ്താവന എല്ലാ പുസ്തകങ്ങളെ സംബന്ധിച്ചും ശരിയാവുന്ന വായന. എന്നാൽ അങ്ങനെയൊരർഥം ഈ വാക്യത്തിനു സ്വാഭാവികമായും ലഭിക്കുന്നില്ല. അതായത് 'എല്ലാ കുട്ടികളും' എന്ന പാരിമാണികത്തിനു നിഷേധത്തിനുമേൽ ആപേക്ഷികവ്യാപ്തി നേടാനാവില്ല.

എന്നാൽ എല്ലാ പാരിമാണികങ്ങൾക്കും ഈ നിബന്ധന ഇല്ല. പദക്രമമനുസരിച്ച് നിഷേധത്തിനു മേൽ വ്യാപ്തി സ്വീകരിക്കാവുന്ന പാരിമാണികങ്ങളാണ് സാംഖികങ്ങൾ, ആധിക്യത്തെ സൂചിപ്പിക്കുന്ന കുറേ മുതലായവ. (6), (7) വാക്യങ്ങൾ ഉദാഹരണങ്ങളാണ്.

6. രാമു രണ്ട് പുസ്തകങ്ങൾ വായിച്ചില്ല

ഈ വാക്യത്തിനു നിഷേധം കർമത്തിനു മേൽ വ്യാപ്തി നേടുന്ന വായനയും കർമം നിഷേധത്തിനുമേൽ വ്യാപ്തി നേടുന്ന വായനയും കിട്ടാവുന്നതാണ്.

- രണ്ട് പ്രത്യേക പുസ്തകങ്ങൾ ഉണ്ട്. അവ രാമു വായിച്ചില്ല. കർമം നിഷേധത്തിനുമേൽ വ്യാപ്തി നേടുന്നു

- രാമു രണ്ട് പുസ്തകങ്ങൾ വായിച്ചു എന്ന പ്രസ്താവന നിഷേധിക്കുന്നു. ഇവിടെ നിഷേധം കർമത്തിനുമേൽ വ്യാപ്തി നേടുന്നു.

7. കുറെ അമ്പുകൾ ലക്ഷ്യം കണ്ടില്ല

- ലക്ഷ്യം കാണാത്തതായി കുറെ അമ്പുകൾ ഉണ്ട്. 'കുറെ' എന്ന പാരിമാണികം നിഷേധത്തിനുമേൽ വ്യാപ്തി കൈക്കൊള്ളുന്നു.

-ലക്ഷ്യം കണ്ട അമ്പുകൾ കുറെ ഇല്ല, കുറച്ചേ ഉള്ളൂ എന്നർഥം വരുന്ന രണ്ടാമത്തെ വായനയിൽ കുറെ അമ്പുകൾ ലക്ഷ്യം കണ്ടു എന്ന പ്രസ്താവനയെ നിഷേധിക്കുന്നു. നിഷേധം 'കുറേ' എന്ന പാരിമാണികത്തിനുമേൽ വ്യാപ്തി കൈക്കൊള്ളുന്നു.

പദക്രമത്തിനനുസരിച്ചുള്ള ആപേക്ഷിക വ്യാപ്തിയാണ മലയാളത്തിൽ ഏറ്റവും സ്വാഭാവികം. പാരിമാണികങ്ങൾ വിപരീത ദിശയിൽ—കർമം കർത്താവിന്മേൽ, ക്രിയാവിശേഷണം കർമത്തിന്മേൽ എന്നിങ്ങനെ —വ്യാപ്തി സ്വീകരിക്കുന്ന സന്ദർഭങ്ങളിൽ അവ ഊന്നൽ നല്കി ഉച്ചരിക്കപ്പെടുന്നു. അല്ലാത്ത പക്ഷം പദക്രമത്തിൽ മാറ്റം വരുത്തുന്നു. എന്നാൽ 'എല്ലാ' എന്ന പാരിമാണികത്തിനു പദക്രമത്തിൽ നിഷേധവാചിക്ക് മുൻപിലായിരുന്നിട്ടുകൂടി അതിനുമേൽ വ്യാപ്തി കൈക്കൊള്ളാൻ ആവില്ല എന്ന് കാണാം. ഇതിനു വാക്യഘടനാവിശകലനം നൽകേണ്ടതുണ്ട്. ഈ വിഷയം സാർവഭാഷിക വ്യാകരണത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് വിശദീകരിക്കേണ്ടതായതിനാലും, കൂടുതൽ സാങ്കേതികമായ ആശയങ്ങൾ ഉൾപ്പെടുന്നതിനാലും ഇവിടെ പരാമർശിക്കുന്നില്ല.

എല്ല പദങ്ങളും സർവാർഥങ്ങളാണ്, പ്രകരണനിഷ്ഠമായാണ് പദങ്ങളുടെ അർഥം നിശ്ചയിക്കേണ്ടത് എന്ന ആശയം സാമ്പ്രദായിക വ്യാകരണചിന്തകളിലപ്പോലും മുൻപുതന്നെയുണ്ട്. ഇതേ ആശയം തന്നെയാണ് പാരിമാണികങ്ങളെ സംബന്ധിച്ച തത്വങ്ങളിലും കാണാനാവുക. പാരിമാണികങ്ങൾ പലതിനും സാർവനാമിക സ്വഭാവമുണ്ട്. അവ ഒരു പ്രത്യേക വ്യക്തിയെ അല്ലെങ്കിൽ വസ്തുവിനെ എന്നതിലുപരി ഒരു കൂട്ടം ഗുണങ്ങളെയാണ് പരാമർശിക്കുന്നത്. സംജ്ഞാനാമങ്ങളെപ്പോലും ഇത്തരത്തിൽ ഗുണങ്ങളുടെ സംഘാതമായി മനസ്സിലാക്കാവുന്നതാണ്. ഉദാഹരണത്തിനു രാമു എന്ന നാമം തനിച്ചെടുത്താൽ അതിനു പ്രത്യേകിച്ചൊരു അർഥവുമില്ല, അത് ഒരു വ്യക്തിയെയും കുറിക്കുന്നുമില്ല. എന്നാൽ ഒരു കൂട്ടം സവിശേഷതകളുടെ ('രാമുത്തങ്ങളുടെ' )ഗണമായി മനസ്സിലാക്കുന്നതുകൊണ്ടാണ (രാമു എന്നു പേരുള്ള വ്യക്തി പ്രസക്തമാവുന്ന) ചില സന്ദർഭങ്ങളിൽ ഒരാൾ ദൂരെനിന്നു വരുന്നത് കണ്ടാൽ അത് രാമുവാണ് എന്നു പറയാൻ കഴിയുന്നത്. രാമു എന്ന വ്യക്തിയെ ഓരോരുത്തരും മനസ്സിലാക്കുന്നത് ഓരോ വിധത്തിലാണ്. അതുകൊണ്ടുതന്നെ ആ പദത്തിന്റെ പരാമർശം ഓരോ ഭാഷകയെ സംബന്ധിച്ചിടത്തോളവും വ്യത്യസ്ത ഗുണങ്ങൾ ഉൾപ്പെടുന്നതാവാം

സാർവഭാഷിക വ്യാകരണത്തിന്റെ പ്രജനക പാരമ്പര്യത്തിൽ വ്യത്യസ്ത ഭാഷകളിലെ പാരിമാണികങ്ങളുടെ വ്യാപ്തി ഉൾപ്പെടെയുള്ള ഘടനാസവിശേഷതകൾ വിശകലനം ചെയ്യുന്നതിന് ഏറെ പ്രസക്തിയുണ്ട്. ഇത്തരത്തിൽ മലയാളത്തിലെ പാരിമാണികങ്ങളെക്കുറിച്ച് വിവരണപരമായ പഠനങ്ങൾ കരെൻ ഡി ക്ലാർക്ക് (2018), പിലാർ & അന്റോണിയോനി (2017) എന്നിവയിൽ കാണാവുന്നതാണ്. പാരിമാണികങ്ങളുടെ ഏറ്റവും

നൂതനമായ നാനോസിന്റാക്റ്റിക് വിശകലനമാണ് ആദ്യ കൃതിയിൽ കാണുന്നതെങ്കിൽ അവയുടെ വ്യാപ്തി സംബന്ധമായ സവിശേഷതകളും വിതരണവുമെല്ലാം വിവരിക്കുന്നുണ്ട് രണ്ടാമത്തേതിൽ.

ചുരുക്കി പറഞ്ഞാൽ ഭാഷാ വിശകലനം എന്നത് രൂപതലത്തിൽ നിന്നു മാറി വാക്യ-അർത്ഥതലങ്ങളിൽ കൂടുതൽ സാങ്കേതികമായ, സൈദ്ധാന്തികമായ ചോദ്യങ്ങൾക്കുത്തരം നല്കുന്ന തരം വിശദീകരണങ്ങൾക്കായി അന്വേഷിക്കേണ്ടിയിരിക്കുന്നു.

## ഗ്രന്ഥ സൂചി

1. ജോർജ് മാത്തൻ, 2000. *മലയാഴ്മയുടെ വ്യാകരണം*,തിരുവനന്തപുരം:കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
2. മാധവൻ പി., 1996. *'പദക്രമം : ശൈലീഭേദമോ വ്യാകരണ വിഷയമോ?'* മലയാള വിമർശം.ജൂൺ. ലക്കം-14. തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല
3. രവിശങ്കർ എസ് നായർ., 2011. *വാക്യദർശനം*, തിരുവനന്തപുരം:കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
4. രാജരാജവർമ്മ, ഏ.ആർ. 1982. *കേരളപാണിനീയം*. കോട്ടയം: എൻ.ബി.എസ്.
5. സൗമ്യ പി.എൻ., 2017. *'പാരിമാണികങ്ങൾ മാത്തനിലും പീറ്ററിലും'*.മിഷണറി ഭാഷാശാസ്ത്രം. തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
6. Asher, R.E., & Kumari, T.C. 1997. *Malayala* London: Routledge
7. Chamorro Fernandez, Pilar & Antonini, Lindsey. 2017. *Quantification in Malayala*
8. 10.1007/978-3-319-44330-0_9. Retrieved on 16-02-19
9. De Clercq, Karen.2018 "*Quantifiers in Malayala A Tribute to Dany and Operators in the Lexicon.*" https://dj60.be/wp-content/uploads/2018/01/declercq.pdf. Retrieved on 16-02-19
10. Jayaseelan, K.A. 2001 "*IP-internal Topic and Focus Phrases,*" Studia Linguistica 55, 39-75.

# രാഷ്ട്രാന്തരീയ പരിസരങ്ങളിലെ ഭാഷാസംഘർഷങ്ങളും സാഹിത്യവും

സുചേത് പി ആർ
അസിസ്റ്റന്റ് പ്രൊഫസർ, കോഴ്സ് കോ-ഓഡിനേറ്റർ ഓഫ് ഇംഗ്ലീഷ്
സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ, കണ്ണൂർ യൂനിവേഴ്സിറ്റി

ആഗോളവല്ക്കരണം എന്ന പദം ജീവിതത്തിന്റെ സമസ്തമേഖലകളെയും ആഴത്തിലും പരപ്പിലും സ്വാധീനിച്ച ബഹുതലസ്പർശിയായ മാറ്റങ്ങളെ മുഴുവൻ സൂചിപ്പിക്കുന്ന ഒന്നാണ്. ഏറ്റവും അടിസ്ഥാനപരമായി അത് ലോകരാഷ്ട്രങ്ങളെ മുഴുവൻ ബാധിക്കുന്ന സാമ്പത്തികമാറ്റമാണ്. സമ്പത്തിന്റെ വിനിമയം വലിയൊരളവോളം രാജ്യാതിർത്തികൾ മറികടന്നു സംഭവിക്കുന്നു. എന്നാൽ ആഗോളവൽക്കരണം രാജ്യാതിർത്തികളെ ഏറെക്കുറെ അപ്രസക്തമാക്കുന്ന മൂലധന വ്യാപനം മാത്രമല്ല സാധ്യമാക്കിയത്. എല്ലാ സാംസ്കാരിക പ്രവർത്തനങ്ങളെയും അതും കടന്ന് മനുഷ്യന്റെ ആശയവിനിമയോപാധികളിൽ പരമ പ്രധാനമായ ഭാഷയെ തന്നെയും രാഷ്ട്രാന്തരീയ ജീവിത സാഹചര്യങ്ങളും സാംസ്കാരിക പരിസരങ്ങളും സ്വാധീനിക്കുകയും മാറ്റിത്തീർക്കുകയും ചെയ്യുന്നുണ്ട്.

സമീപ ദശകങ്ങളിൽ പൂർവ മാതൃകകൾ ഇല്ലാത്തവിധം വ്യാപകമാകുന്ന ബഹുഭാഷാ മിശ്രണത്തിന്റെ സാംസ്കാരിക രാഷ്ട്രീയ ഫലങ്ങളുടെ വിവിധ തലങ്ങളെക്കുറിച്ചുള്ള ചർച്ചകൾ സജീവമായി നടന്നുവരുന്നുണ്ട്. ഒപ്പം തന്നെ ഇംഗ്ലീഷിന്റെ സമഗ്രാധിപത്യത്തിനെതിരെയായ പ്രതികരണങ്ങളും ഭാഷാസമരങ്ങളും ശക്തിയാർജ്ജിക്കുന്നുമുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട വിവിധ പരികല്പനകളുടെ വിശകലനം രാഷ്ട്രാന്തരീയ പരിസരങ്ങൾ ഇതിവൃത്തമായി വരുന്ന നോവലുകളെയും മറ്റ് സർഗാത്മക രചനകളെയും അടിസ്ഥാനമാക്കി നിർവഹിക്കുന്നത് സമകാലിക സാഹിത്യ നിരൂപണത്തെയും സാമൂഹ്യ ഭാഷാശാസ്ത്രത്തെയും സംബന്ധിച്ചിടത്തോളം ഏറെ പ്രസക്തമാണ്.

ആഗോളവത്കരണകാലയളവിൽ രാജ്യാന്തര കുടിയേറ്റം വൻതോതിൽ വർധിച്ചുവെന്ന ഐക്യരാഷ്ട്ര സഭയുടെ പഠനങ്ങളിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട് (Kosar 7, 2007). കേരളത്തെ സംബന്ധിച്ചിടത്തോളം അന്യദേശങ്ങളിലേക്കുള്ള മലയാളികളുടെ കുടിയേറ്റം മാത്രമല്ല ഇന്ത്യയിലെ അന്യഭാഷാ സംസ്ഥാനങ്ങളിൽ നിന്ന കേരളത്തിലേക്കുള്ള കുടിയേറ്റവും ഏറ്റവുമധികം വർധിച്ചത് ഈ കാലയളവിലാണ്. മാതൃഭാഷാ സംരക്ഷണത്തിന് വേണ്ടിയുള്ള പല ശ്രമങ്ങൾക്കും സമീപ കാലത്തായി ആക്കം കൂടിയിട്ടുണ്ടെങ്കിലും ലോക ജനത ഭിന്നഭാഷകൾ സംസാരിക്കുന്നവരാണെന്നും എല്ലാ ഭാഷകളും അതാതിന്റെ രീതിയിൽ ആശയവിനിമത്തിന പ്രാപ്തമാണെന്നും ഏതു ഭാഷക്കും അന്യഭാഷകളിൽ നിന്നുള്ള പദങ്ങളും പ്രയോഗങ്ങളും ധാരാളമായി കടംകൊണ്ടും വ്യത്യസ്ത ഭാഷകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ആശയലോകങ്ങളുമായി സ്വതന്ത്രമായി ഇടപഴകിയും മാത്രമേ മുന്നോട്ടു പോവാനാവുകയുള്ളൂ എന്നും ഉള്ള വാസ്തവം എല്ലാവരും അംഗീകരിച്ചിരിക്കുന്നു. എന്നാൽ കിടമത്സരങ്ങൾ അവസാനിക്കുന്നില്ല. രാജ്യാന്തരങ്ങളിലെ ജീവിത സന്ദർഭങ്ങളിൽ മാതൃഭാഷയും സംസ്കാരവും അന്യഭാഷയുടെയും സംസ്കാരത്തിന്റെയും ആധിപത്യവുമായി ഏറ്റുമുട്ടുമ്പോഴുണ്ടാകുന്ന സമ്മർദ്ദങ്ങളും പ്രശ്നങ്ങളും വ്യക്തികളുടെ മാനസിക ജീവിതത്തിലെ സങ്കീർണമായ ഒരു അനുഭവ മേഖലയായി തന്നെ രൂപപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ഭാഷകൾ തമ്മിലുള്ള സംഘർഷത്തെക്കുറിച്ചുള്ള പരാമർശങ്ങൾ പാടെ ഒഴിവാക്കിക്കൊണ്ടുള്ള എഴുത്ത് വിരളമായി തുടങ്ങിയിരിക്കുന്നു എന്നതാണ് ഏറ്റവും പുതിയ ഇന്ത്യൻ-ഇംഗ്ലീഷ് സാഹിത്യത്തിന്റെ അവസ്ഥ. മലയാളത്തിൽ ഇത് ആ അളവിൽ സംഭവിക്കുന്നില്ലെങ്കിലും സാംസ്കാരിക അധിനിവേശത്തെ കുറിച്ചുള്ള ബോധ്യം നമ്മുടെ എഴുത്തുകാർക്കും വലിയ തോതിൽ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. ഈ ബോധ്യം തത്കാല പരിതസ്ഥിതിയിൽ സ്വന്തം ജീവിത പരിസരങ്ങളിലെ അന്യ സംസ്കാരങ്ങളാൽ സ്പർശിക്കപ്പെടാത്ത അനുഭവ മേഖലകളുടെ സൂക്ഷ്മ വിശദാംശങ്ങളിൽ അള്ളിപിടിക്കാനുള്ള വ്യഗ്രതയായിട്ടാണ് പ്രത്യക്ഷപ്പെട്ടിരിക്കുന്നത് എന്ന വൈരുധ്യവുമുണ്ട്. എന്നാൽ ഭാഷയുടെയും സംസ്കാരത്തിന്റെയും മണ്ഡലങ്ങളിലെ സംഘർഷങ്ങളെക്കുറിച്ചും കീഴ്മേൽമറിയലുകളെക്കുറിച്ചും ഉള്ള തിരിച്ചറിവ് പ്രകടമാക്കുന്ന രചനകൾ പ്രത്യേകശ്രദ്ധ നേടുന്നുണ്ട് എന്നതും പ്രസക്തമായ ഒരു വസ്തുതയാണ്.

ആഗോളവത്കരണം ലക്ഷക്കണക്കിന് ജനങ്ങളെ സ്വന്തം രാജ്യത്തിനു പുറത്തുകടക്കാനും അവരിൽ പലരെയും ഒരിക്കൽ തങ്ങൾ അന്യം എന്ന് കരുതിയ രാജ്യങ്ങളിൽ സ്ഥിര താമസമാക്കാനും പ്രേരിപ്പിക്കുന്നുണ്ട്.

ഇങ്ങനെ വിദേശങ്ങളിൽ താമസിക്കുന്നവരും അവരുടെ പുതിയ തലമുറയുമാണ് ഭാഷയുടെ സംഘർഷം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഏറ്റവും കൂടിയ തോതിൽ അനുഭവിക്കുന്നത്. ആതിഥേയ രാജ്യത്തിന്റെ ഭാഷ അനായാസമായി കൈകാര്യം ചെയ്യുന്നതിനുള്ള പ്രാപ്തി നേടുന്നതിനുവേണ്ടി വളരെ താല്പര്യപൂർവ്വം ശ്രമിക്കുന്നതിനിടയിൽ തങ്ങളുടെ മാതൃഭാഷയെ അവർക്ക് ദിവസത്തിന്റെ ഏറിയ സമയവും അകറ്റി നിർത്തേണ്ടിവരുന്നു. കുടുംബമായി ജീവിക്കുന്നവരിൽ ഗാർഹിക സാഹചര്യങ്ങളിൽ മാതൃഭാഷ യഥേഷ്ടം ഉപയോഗിക്കാനുള്ള സൗകര്യം എല്ലാ ദിവസവും കുറച്ചു സമയത്തേക്കെങ്കിലും ലഭിച്ചുകൊണ്ടേയിരിക്കും. പക്ഷേ, ജീവിതപങ്കാളിയും ആതിഥേയ രാജ്യത്ത് ഏതെങ്കിലും തൊഴിലിടത്തിൽ ദിവസത്തിന്റെ ഏറിയ സമയവും ജോലിചെയ്തുകൊണ്ടിരിക്കുന്ന അവസ്ഥയിലാണെങ്കിൽ വീട്ടിൽ ഉപയോഗിക്കുന്ന ഭാഷയിൽ വലിയ അളവിൽ കലർപ്പുണ്ടാകാൻ കാലതാമസമുണ്ടാകില്ല. അവരുടെ കുട്ടികൾ വിദ്യാലയങ്ങളിൽ പഠനം നിർവഹിക്കുന്നത് മിക്കവാറും ആതിഥേയ രാജ്യത്തിന്റെ ഔദ്യോഗിക ഭാഷയിലോ ആ രാജ്യത്തോ ആ പ്രത്യേക പ്രദേശത്തോ രാജ്യത്താകമാനമോ മാന്യമായ പരിഗണന ലഭിച്ചു വരുന്ന മറ്റേതെങ്കിലും ഭാഷയിലോ ആയിരിക്കും. അത്തരം വീടുകളിലെ സംസാര ഭാഷയിൽ മൂന്നോ അതിലധികമോ ഭാഷകളിലെ പദങ്ങളും പ്രയോഗങ്ങളും നിരന്തരം കടന്നുവരും. വീട്ടിനകം തന്നെ ഒരു ബഹുഭാഷാ മേഖലയായി മാറുന്ന അവസ്ഥ പല മഹാനഗരങ്ങളിലും സാധാരണമായിത്തീർന്നിട്ടുണ്ട്. ബഹുഭാഷാത്വം വീട്ടിനുള്ളിൽതന്നെ സംഭവിച്ചില്ലെങ്കിൽ പോലും മാതൃഭാഷയുടെ വിനിയോഗം വളരെയേറെ പരിമിതമായിത്തീരുന്ന അവസ്ഥയെ എത്രയോപേർക്ക് നേരിടേണ്ടിവരുന്നുണ്ടാകും.

ജീവിതത്തിന്റെ സമഗ്ര മേഖലകളിലുമുള്ള ഇംഗ്ലീഷിന്റെ കടന്നുകയറ്റവും അതിന്റെ പരിണിത ഫലങ്ങളും ഇതോടൊപ്പം ചേർത്തുവായിക്കപ്പെടേണ്ട ഒന്നാണ്. ലോക ഭാഷകളിൽ ഇംഗ്ലീഷാണ് ഏറ്റവും കൂടിയ അളവിൽ ആധിപത്യത്തിന് വേണ്ടി ശ്രമിക്കുന്നതായി അനുഭവപെട്ടു വരുന്നത്. കോളനിവത്കരണ കാലത്ത് ഏറ്റവും കൂടുതൽ രാജ്യങ്ങളെ കാല്ക്കീഴില് കൊണ്ടുവരാൻ കഴിഞ്ഞത് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനായിരുന്നു എന്നതു തന്നെയാണ് അതിനുള്ള ആദ്യ കാരണം. ആഗോളവത്കരണ കാലത്തു ഏറ്റവും കൂടുതൽ ബഹുരാഷ്ട്ര കുത്തകകൾ ഉണ്ടായിരിക്കുന്നത് ഇംഗ്ലീഷ് സംസാരിക്കുന്ന രാജ്യങ്ങളിൽ നിന്നും ഇംഗ്ലീഷുമായി നിരന്തര ബന്ധമുള്ള രാജ്യങ്ങളിൽ നിന്നുമാണെന്നതാണ് മറ്റൊരു കാരണം.

1980-കളുടെ ആദ്യപകുതി പിന്നിടുമ്പോൾതന്നെ അമേരിക്കയിൽ വിഭിന്ന വംശീയവിഭാഗങ്ങളുടെയും ഭാഷാവിഭാഗങ്ങളുടെയും പലതലങ്ങളിലുള്ള

ഏകീകരണം സംഭവിക്കുകയും മുൻപേതന്നെ മുന്നോട്ടുവെക്കപ്പെട്ടിരുന്ന ഏകഭാഷാ സങ്കല്പം യാഥാർഥ്യമായിത്തീരാൻ കാലതാമസമുണ്ടാകില്ല എന്ന തോന്നൽ ശക്തമായിത്തുടങ്ങുകയും ചെയ്തിരുന്നു. 'English First' 'US English' 'English Plus' തുടങ്ങിയ ഗ്രൂപ്പുകളുടെ രൂപീകരണത്തോടെയാണ് ഈ തോന്നലിനും അനുബന്ധ വാദഗതികൾക്കും ആക്കം കിട്ടിത്തുടങ്ങിയത് എന്ന് ഇഷ്റ്റ്ല സിംഗ് "Language and Ethnicity" എന്ന ലേഖനത്തിൽ നിരീക്ഷിക്കുണ്ട്. (Singh 106). ഉയർന്ന തൊഴിലും ജീവിത സൗകര്യങ്ങളും എത്തിപിടിക്കുന്നതിനു ഇംഗ്ലീഷ് പ്രാവീണ്യം അനിവാര്യമാണെന്ന തോന്നൽ അമേരിക്കയിൽ മാത്രമല്ല ലോകം മുഴുവൻ പരക്കുന്നതായി ഇഷ്റ്റ്ല സിംഗ് നിരീക്ഷിക്കുന്നുണ്ട്. തുടർന്നിങ്ങോട്ടുള്ള കാലത്തു വിവര സാങ്കേതിക വിദ്യയുടെ വ്യാപനവും ബഹുരാഷ്ട്ര കുത്തകകളുടെ ആധിപത്യവും ഇംഗ്ലീഷിന്റെ ലോകവ്യാപകമായുള്ള വ്യാപനത്തിന് പുതിയ വഴികൾ തുറന്നു. അതോടൊപ്പം ഭാഷാ എന്ന അനുഭവം പ്രശ്നവൽക്കരിക്കപ്പെടാനും തുടങ്ങി.

ആഗോളവത്കരണ കാലഘട്ടത്തിൽ പല യൂറോപ്യൻ രാജ്യങ്ങളിലും പ്രാദേശിക ഭാഷയെ അടിസ്ഥാനപ്പെടുത്തിയുള്ള ഭാഷാപരമായ ഏകീകരണം (linguistic homogenistion) എന്നത് തീവ്രവലതുപക്ഷ ഗ്രൂപ്പുകളുടെ മാത്രം അജണ്ടയായി മാറിയെന്നു "Linguistic globalisation or localisation? The practice of intercultural communication in multilingual spaces?" എന്ന പഠനത്തിൽ ഹന്നെ ടാങ്ക് എന്ന ഡാനിഷ് ഭാഷശാസ്ത്ര ഗവേഷക നിരീക്ഷിക്കുന്നുണ്ട്. പിയർ ബോർദ്ദുവിന്റെ 'ഭാഷ മാർക്കറ്റുകളും മൂലധനവും' എന്ന സിദ്ധാന്തത്തെ അടിസ്ഥാനപ്പെടുത്തി പഠനങ്ങൾ നടത്തുന്ന ഹന്നെ ഡെന്മാർക്കിൽ സർക്കാർ നിയോഗിച്ച ആഗോളവത്കരണ സമിതി രാജ്യത്തിന്റെ സാംസ്കാരിക നയത്തിൽ വ്യതിയാനം വരുത്തികൊണ്ട് സമൂഹം ഡാനിഷ് മാത്രം സംസാരിക്കുന്ന എന്ന ഏകശിലാ അവസ്ഥയിൽ നിന്ന് മാറി ഇംഗ്ലീഷ്-ഡാനിഷ് ദ്വിഭാഷാ സംസ്കാര രീതി നിശ്ചയമായും സ്വീകരിക്കണമെന്ന് നിർദേശിച്ചിതായി വിശദീകരിക്കുന്നു. ആഗോളവത്കരണത്തോടപ്പം അതിന്റെ വിപരീതമായ പ്രാദേശികവത്കരണവും നടക്കുമെന്ന അവസ്ഥ ഭാഷയുടെ കാര്യത്തിൽ വഴുവഴുപ്പുള്ള പ്രതലത്തിൽ അള്ളിപ്പിടിച്ചു നിൽക്കുന്ന ഒന്ന് എന്ന രൂപകത്തിലൂടെ വിശദീകരിക്കാനാണ് "The Globalisation of Vernacular Variation" എന്ന ലേഖനത്തിൽ മിറിയം മേയർഹോഫ് ശ്രമിക്കുന്നത്. (273) പ്രതീകാത്മകമൂലധനം എന്ന ബോർദ്ദുവിന്റെ സങ്കല്പനത്തെ അടിസ്ഥാനമാക്കി മേയർഹോഫും സമർത്ഥിക്കുന്നത് ആധിപത്യ ശേഷിയുള്ള സാമ്പത്തിക-സാംസ്കാരിക കേന്ദ്രങ്ങളിൽ നിന്ന് ആരംഭിക്കുന്ന ഭാഷയുടെ വ്യാപനം താരതമ്യേന

ചെറുതും സ്വാധീനശേഷി കുറഞ്ഞതുമായ ഭാഷകൾക്കുമേൽ തീർച്ചയായും നടക്കുക തന്നെ ചെയ്യും എന്ന കാര്യമാണ്. (4).

ഭാഷ ഏറ്റവും സാന്ദ്രമായും സർഗാത്മകമായും ഉപയോഗിക്കപ്പെടുന്ന മാധ്യമമാണ് സാഹിത്യം. എഴുത്തുകാരൻ, എഴുത്തുകാരി ജനിക്കുന്നതിനു മുൻപേ തന്നെ അയാൾ/അവൾ ഉപയോഗിക്കേണ്ടുന്ന ഭാഷ നിലവിലുണ്ട്. ആ ഭാഷയിൽ നിന്ന് ഏറ്റവും അനുയോജ്യമായ സന്ദർഭത്തിനിണങ്ങുന്ന വാക്കുകൾ തെരഞ്ഞെടുത്ത് ഉപയോഗിക്കുകയാണ് അയാൾ/അവൾ ചെയ്യുന്നത്. ഇങ്ങനെ പ്രയോഗിക്കുമ്പോൾ ഓരോ പദത്തിന്റെയും മൂല്യത്തെക്കുറിച്ച് ഒരു മുൻധാരണ പ്രവർത്തിക്കുന്നുണ്ടാകും. ആഗോളവത്കരണ കാലത്തെ ജീവിത സന്ദർഭങ്ങളും ഭാഷാസാഹചര്യങ്ങളും ഈ മുൻധാരണകളെ ദുർബലമാക്കും. ഏറ്റവും ഫലപ്രദമായ പദം തെരഞ്ഞെടുക്കുന്നതിൽ എഴുത്തുകാർക്ക് പലപ്പോഴും സംശയമുണ്ടാകും. പഴയകാലത്ത് ഇന്ത്യയിലെ മിക്ക പ്രാദേശിക ഭാഷകളും നവീകരിക്കപെട്ടത് ആദ്യം സംസ്കൃതത്തിൽ നിന്നും പിന്നീട് മറ്റു പല ഭാഷകളിൽ നിന്നും വാക്കുകൾ കടം കൊണ്ടിട്ടാണ്. ഇന്ന് ഒരു പുനർനവീകരണം സാധ്യമാകണമെങ്കിൽ വാക്കുകളും വർണങ്ങളും കടമെടുക്കാവുന്ന ഭാഷകളുടെ എണ്ണം വളരെയേറെ വർധിച്ചിരിക്കുന്നു. മലയാളികൾ ഭക്ഷണം, വസ്ത്രം, നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന മറ്റനേകം വസ്തുക്കൾ ഇവയിൽ പലതിന്റെയും പേരുകൾ ഇംഗ്ലീഷ്, അറബിക്, ചൈനീസ്, ഹിന്ദി, പോർത്തുഗീസ് തുടങ്ങിയ ഭാഷകളിൽ നിന്നും സ്വീകരിക്കുന്നവയാണ്. സാഹിത്യ ഭാഷയുടെ കാര്യത്തിലും ഇത്തരം കടംകൊള്ളലുകൾ ഉണ്ട്. ബെന്യാമിന്റെ അൽ അറേബ്യൻ നോവൽ ഫാക്ടറി, സംഗീത ശ്രീനിവാസന്റെ ആസിഡ്, വിനോയ് തോമസിന്റെ ആനന്ദബ്രാൻഡൻ തുടങ്ങിയ ശീർഷകങ്ങൾ തന്നെ ഇത് വ്യക്തമാക്കുന്നുണ്ട്. ഭാഷയുടെ ലോകത്തു സംഭവിക്കുന്ന സംഘർഷം വിഷയമാക്കിക്കൊണ്ടുള്ള രചനകൾ ഇംഗ്ലീഷിലും മലയാളത്തിലും ഉണ്ടായിട്ടുണ്ട്. നവ സാമൂഹ്യ മാധ്യമങ്ങൾ വഴി സൃഷ്ടിക്കപ്പെടുന്ന ധാരാളം ഇംഗ്ലീഷ് പദങ്ങളും പ്രയോഗങ്ങളും അവയുടെ സംഗ്രഹീത രൂപങ്ങളും നിലവിലുള്ള ഇംഗ്ലീഷ് പദങ്ങൾക്ക് അല്പമായി രൂപഭേദം വരുത്തി സൃഷ്ടിക്കുന്ന പുതിയ പദങ്ങളുമെല്ലാം ഭാഷയുടെ സാധാരണ വ്യവഹാര രൂപങ്ങളിലേക്കു മാത്രമല്ല സാഹിത്യത്തിലേക്കും പ്രവേശനം നേടുന്നുണ്ട്. അങ്ങനെയും ആഗോളവത്കരണകാലത്തെ സാഹിത്യ ഭാഷ വലിയ മാറ്റങ്ങൾക്കു വിധേയമാകുന്നുണ്ട്. മാതൃഭാഷയ്ക്ക് അതിന്റെ തൽസ്വരൂപത്തിൽ സ്ഥാനഭ്രംശം ഉണ്ടാകുന്ന വിധത്തിൽ വിദേശ ഭാഷകളുടെ സ്വാധീനം സമീപകാലത്തായി വളരെയേറെ വർധിച്ചിട്ടുണ്ട്. ആധിപത്യത്തിന് വിധേയമാവുന്ന ഭാഷയുടെ കാര്യത്തിൽ മാത്രമല്ല

ഇത് സംഭവിക്കുന്നത്. സമകാല ഇംഗ്ലീഷിലേക്ക് നോക്കിയാലും ഇത് വ്യക്തമാകും. ഇംഗ്ലീഷിലേക്ക് മറ്റു ഭാഷാ പദങ്ങൾ അനായാസമായി, വിളക്കിച്ചേർക്കുന്ന രീതി പല ഇംഗ്ലീഷ് ടെലിവിഷൻ വാർത്താവതാരകന്മാരും അവലംബിച്ചു വരുന്നുണ്ട്. ശബരിമല സംഭവഗതികളുടെ റിപ്പോർട്ടിങ്ങിലും ചർച്ചകളിലും മലയാളം വാക്കുകൾ തർജമ സാധ്യമാവുന്നവപോലും ധാരാളമായി മലയാളത്തിൽ തന്നെ ഉപയോഗിക്കപ്പെട്ടിരുന്നു. ഇംഗ്ലീഷിനോടുള്ള ശാഠ്യംനിറഞ്ഞ കൂറിന് അയവു സംഭവിച്ചിട്ടുണ്ട്. വാക്കുകളുടെ തെരഞ്ഞെടുപ്പിലും പ്രയോഗത്തിലും വരുന്ന ഇത്തരം മാറ്റങ്ങൾ സൂക്ഷ്മതലത്തിൽ അപഗ്രഥിക്കപ്പെടേണ്ടതാണ്.

മാതൃഭാഷയും അത് പ്രതിനിധാനം ചെയ്യുന്ന സംസ്കാരവും മാനസിക ജീവിതത്തിന്റെ പിൻനിരയിലേക്ക് തള്ളപ്പെടുകയും വൈകാരിക തീക്ഷണതയുള്ള ഓർമകളുടെ പുനരുജീവനത്തിലൂടെയും മറ്റു പല ശ്രമങ്ങളിലൂടെയും ഭാഷയുമായുള്ള ആത്മബന്ധം പുനഃസ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന കഥാപാത്രങ്ങൾ അനുഭവിക്കുന്ന നാനാതരം പ്രശ്നങ്ങൾ നേരിട്ട് തന്നെ ഇതിവൃത്തത്തിന്റെ ഭാഗമാക്കുന്ന രീതി പല ഇന്ത്യൻ ഇംഗ്ലീഷ് നോവലുകളിലും ഉണ്ട്. ഭാഷയുമായുള്ള ബന്ധത്തിലെ സങ്കീർണതയും അവ്യവസ്ഥിതത്വവും യഥാതഥ ശൈലിയിൽ മാത്രമാവണമെന്നില്ല ആവിഷ്കരിക്കപ്പെടുന്നത്. ഭാഷയുമായുള്ള ബന്ധത്തിൽ വരുന്ന അപരിഹാര്യമായ പ്രശ്നങ്ങൾ വ്യക്തിയെ ആകമാനം തകർത്തികളയുന്നതിന്റെ ചിത്രീകരണം യഥാതഥ കൃതിക്ക് സാധ്യമാകുന്നതിന്റെ പലമടങ്ങ് വൈകാരികാനുഭവം സൃഷ്ടിക്കാൻ മാത്രം ശക്തമായിത്തീർന്നതിന്റെ ഉദാഹരണമാണ് ജുമ്പാ ലാഹിരിയുടെ The Namesake എന്ന നോവൽ. കൽക്കത്തയിൽ വെച്ച് തനിക്ക് മികച്ച രീതിയിൽ ഇംഗ്ലീഷ് കൈകാര്യം ചെയ്യാനാകുമെന്ന വിശ്വാസം പുലർത്തിയിരുന്ന അഷിമക്ക്(The Namesake) തന്റെ ഇംഗ്ലീഷ് ജ്ഞാനം തീർത്തും പരിമിതമാണെന്ന് വൈദേശിക ജീവിത പരിസരങ്ങളിൽ തിരിച്ചറിയേണ്ടി വരുന്നു. അതൊരു കടുത്ത മനോവേദനയായി തീരുന്നു. ആ നിമിഷങ്ങളിൽ താൻ കൂടെകൊണ്ടുവന്ന പഴയ ബംഗാളി മാസികയിലെ അക്ഷരങ്ങളിലൂടെ വിരലോടിച്ചാണ് അവർ ആശ്വാസം തേടുന്നത്. അഷിമ-അശോക് ദമ്പതികളുടെ മക്കൾ പക്ഷെ ഭാഷ ഉൾപ്പെടെ മാതൃസംസ്കാരത്തിന്റെ പ്രതീകങ്ങൾ ഒന്നും തന്നെ ജീവിതത്തിൽ നിലനിർത്താനാഗ്രഹിക്കാത്തവരാണ്. ആതിഥേയ സംസ്കാരം പ്രദാനംചെയ്യുന്ന ജീവിതാനുഭവങ്ങൾ ആവേശപൂർവം നുകരുന്നതിന് മാതൃഭാഷയുടെയും സംസ്കാരത്തിന്റെയും പരിമിതികൾ തടസ്സമായിത്തീരുമെന്ന അവർ ഉറച്ചു വിശ്വസിക്കുന്നു. ആ പ്രതിബന്ധങ്ങളെ തകർത്തെറിയാൻ അവർ അതിയായി ഉത്സാഹിക്കുന്നുമുണ്ട്.

ആഗോളീകരണ കാലത്തെ ഭാഷാ സംഘർഷത്തെ നേർക്കുനേർ അഭിമുഖീകരിക്കുന്ന ഒരു സാഹിത്യ രചന മലയാളത്തിൽ ഉണ്ടായതു ഈ അടുത്ത കാലത്താണ്. വിനോയ് തോമസിന്റെ "കുട്ടൂക്കുറുകത്തീകുർ ....കുർ ...." എന്ന കഥ രാഷ്ട്രാന്തരീയ ജീവിതത്തിലെ ഏറ്റവും പുതിയ അനുഭവമേഖലലകളിൽ പ്രധാനപ്പെട്ട ഒന്നിനെ കേരളീയ പരിസരങ്ങളിൽ ഊന്നൽ നല്കി അവതരിപ്പിക്കുന്ന ഒന്നാണ്. ഭാഷാമിശ്രണം ഒരു കൊച്ചുകുട്ടിയുടെ ഭാഷാർജ്ജന ശേഷിക്കുമേൽ ഉയർത്തുന്ന തീർത്തും നവീനമായ വെല്ലുവിളികളെ അവതരിപ്പിക്കുന്ന സവിശേഷ ശ്രദ്ധ അർഹിക്കുന്ന ഒരു സാഹിത്യ രചനയാണ് വിനോയ് തോമസിന്റെ കഥ. വിഭിന്ന ദേശീയ വംശീയ പശ്ചാത്തലത്തിലുള്ള ജനതകൾ സൗഹാർദപൂർവം സഹവർത്തിക്കുന്ന ബഹുസ്വരതയുടെ കനേഡിയൻ സാഹചര്യത്തിൽ പലകുട്ടികൾക്കും അഭിമുഖീകരിക്കേണ്ടി വരുന്ന ഭാഷാ പ്രശ്നമാണ് കഥയിലെ കുട്ടൂസ് എന്ന കഥാപാത്രത്തിന്റെ തീർത്തും ഞെട്ടലുളവാക്കുന്ന അനുഭവത്തിലൂടെ കഥാകൃത്ത് ആവിഷ്കരിച്ചത്. ആഗോളവത്കരണ കാലത്ത് അന്താരാഷ്ട്ര സാഹചര്യങ്ങളിൽ ഭാഷാഗ്രഹണത്തിന്റെയും ഭാഷാ വിനിയോഗത്തിന്റെയും ആദ്യ ചുവടുകൾ വെക്കേണ്ടി വരുന്ന അനേകായിരം കുട്ടികളിലൊരാളാണ് വിനോയ് തോമസിന്റെ കഥയിലെ കേന്ദ്രകഥാപാത്രം. പല ഭാഷകൾ ഒരേ അധികാര ശേഷിയോടെ തനിക്കുമേൽ വന്നുവീഴുന്നതിന്റെ ഫലമായി ഭാഷാശേഷി തന്നെ തകർക്കപ്പെട്ട കുട്ടൂസിനു വിപരീതമായി കഥയിലുള്ളത് മൃഗങ്ങളോടും ചെടികളോടെയും പക്ഷികളോടുമെല്ലാം മനുഷ്യ ഭാഷയിലൂടെ തന്നെ സംവേദനം നടത്തി അവരെ തന്റെ ആഗ്രഹങ്ങൾക്കനുസരിച് തികച്ചും സൗഹാർദ്ദപൂര്ണമായ രീതിയിൽ തന്നെ പ്രതികരിപ്പിക്കുന്ന കൊച്ചുതെയ്യാവല്യമ്മച്ചിയാണ്. മനുഷ്യേതര ജീവികളുടെയും വൃക്ഷലതാദികളുടെയും ലോകത്തിലേക്ക് തന്റെ ഭാഷണശേഷിയുടെ സാധ്യതകളെ പ്രവേശിപ്പിച്ച് സംസാരത്തെ ഒരാഘോഷമാക്കി മാറ്റുന്ന ഈ വല്യമ്മച്ചി പുതുതലമുറയെ സംബന്ധിച്ചടുത്തോളം ഒരു നഷ്ട സൗഭാഗ്യത്തിന്റെ പ്രലോഭിപ്പിക്കുന്ന പ്രതീകമാണ്. ഫിലിപ്പിനോ ലാറ്റിനോ ആയമാരാൽ പരിചരിക്കപ്പെടുന്ന കാനഡയിലെ പല കൊച്ചുകുട്ടികളും സ്കൂളിൽ ഫ്രഞ്ച്-ഇംഗ്ലീഷ് മീഡിയത്തിൽ പഠനം നടത്തുന്നു. വീട്ടിൽ മാതാപിതാക്കൾ അവരുടെ മാതൃഭാഷയിൽ കുട്ടികളോട് സംസാരിക്കുന്നു. ഭാഷാപ്രയോഗത്തിന്റെ കാര്യത്തിൽ തീർത്തും ശങ്കയിലാകുന്ന ഇത്തരം കുട്ടികളുടെ പ്രതിനിധിയാണ് അന്തർദേശീയ മാനങ്ങളുള്ള ഈ കഥയിലെ കുട്ടൂസ്.

സമാനമായ ബഹുഭാഷാ സാഹചര്യം അരക്കോടിയോളം മറുനാടൻ തൊഴിലാളികൾ സൗഹാർദപൂർവം അധിവസിക്കുന്ന കൊച്ചു

കേരളത്തിലും ഇന്ന് സംജാതമായിരിക്കുന്നു. കുടിയേറ്റ തൊഴിലാളി കുടുംബങ്ങൾ ഏറ്റവും കൂടുതലായി അധിവസിക്കുന്ന എറണാകുളം ജില്ലയിൽ 2017 ഒക്ടോബർ മുതൽ റോഷ്നി പ്രൊജക്റ്റ് വഴി മറുനാടൻ കുട്ടികൾക്ക് കോഡ് സ്വിച്ചിങ് സങ്കേതം ഉപയോഗിച്ച് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, ഒറിയ ഭാഷകളിലൂടെ അധ്യാപനം നടത്തി വരുന്നു എന്നത് ബഹുഭാഷാ ജീവിത സാഹചര്യങ്ങൾ എത്രമാത്രം വ്യാപകമായിരിക്കുന്നു എന്ന് വ്യക്തമാക്കുന്നതോടൊപ്പം അത്തരം ഭാഷാ പ്രശ്നങ്ങളോടുള്ള ഒരു സമൂഹത്തിന്റെ ജനാധിപത്യപരമായ ബഹുസ്വരവീക്ഷണത്തെയും സാക്ഷ്യപ്പെടുത്തുന്നു. കണ്ണൂർ ടൗണിലെ ദൈവത്താർ കണ്ടി യുപി സ്കൂളിൽ രാജസ്ഥാനി വിദ്യാർത്ഥികൾക്കായി ആരംഭിച്ച ദ്വിഭാഷാ അധ്യാപനവും സവിശേഷ ശ്രദ്ധയർഹിക്കുന്നുണ്ട്.

കനേഡിയൻ ഭാഷാ സാഹചര്യത്തിൽ ഇംഗ്ലീഷും ഫ്രഞ്ചും തമ്മിൽ വലിയ കിടമത്സരം നടക്കുകയും അതിന്റെ രാഷ്ട്രീയഫലങ്ങൾ ഗൗരവപൂർണമായ സംവാദങ്ങൾക്ക് കാരണമാവുകയും ചെയ്തിട്ടുണ്ട്. അമേരിക്കയുടെ പലഭാഗങ്ങളിലും സ്കൂളുകളിൽ പലഭാഷകൾ കുട്ടികളെ പഠിപ്പിക്കുന്നതിനെതിരെ പലരും കോടതിയെ സമീപിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. വിദ്യാർത്ഥികളെ ജർമൻ പഠിപ്പിക്കാൻ മുതിർന്ന അധ്യാപകനെതിരെ അയോവ സുപ്രീംകോടതി വിധിപുറപ്പെടുവിച്ചിട്ടുണ്ട്. വിധിയിലെ പ്രധാനപ്പെട്ട രണ്ടു വാക്യങ്ങൾ ഇവിടെ പരിഭാഷപ്പെടുത്താം: "ഒരു കുട്ടി രാജ്യത്തിന്റെ അംഗീകൃതഭാഷയിൽ വേരുകൾ ഉറപ്പിച്ചു കഴിഞ്ഞാൽ മാത്രമേ സാംസ്കാരിക വിനിമയത്തിനായി മറ്റു ഭാഷകൾ പഠിപ്പിക്കാവൂ. എട്ടാം തരംവരെ പഠനം ഇംഗ്ലീഷിൽ മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ടു മാത്രമേ അമേരിക്കക്കാരന് ഇതര സംസ്കാരങ്ങളുടെ പ്രതിലോമകരമായ പ്രവേശനം അധ്യാപനത്തിലൂടെ സംഭവിക്കുന്നതു പ്രധിരോധിക്കാനാവൂ" (Singh 108).

ഇതരഭാഷകളെ ഞെരിച്ചുകളയുന്ന ഇംഗ്ലീഷിന്റെ ആധിപത്യത്തിനെതിരെയുള്ള പ്രതിരോധപ്രവർത്തനങ്ങളിൽ 1960-കൾ മുതൽ കാനഡയിൽ ശക്തമായ ഫ്രാങ്കോഫോൺ (ഫ്രഞ്ച് സംസാരിക്കുന്നവരുടെ) യുദ്ധാത്മക ദേശീയത ഫ്രാങ്കോ-ഒണ്ടാറിൻ സ്കൂൾ സമ്പ്രദായത്തിന്റെ സ്ഥാപനത്തോടെ നേടിയ വിജയം പൂർണമല്ല എന്ന് മോണിക്ക ഹെല്ലർ "Legitimate Language in Multilingual School" എന്ന ലേഖനത്തിൽ നിരീക്ഷിക്കുന്നു. (250-51). കഴിഞ്ഞ 10-15 വർഷത്തിനുള്ളിൽ കാനഡയിലേക്ക് വൻ കുടിയേറ്റമുണ്ടായതുമൂലം ഫ്രഞ്ച് മീഡിയം സ്കൂളിൽ കുട്ടികളുടെ എണ്ണം വർധിച്ചുവെങ്കിലും സ്കൂളിനു പുറത്തു ശക്തമായ ഇംഗ്ലീഷ് ആധിപത്യം നിലനില്ക്കുന്ന സമൂഹത്തിൽ പ്രസ്തുത സ്കൂളിലെ വിദ്യാർത്ഥികളും ഇംഗ്ലീഷിന്

വഴങ്ങേണ്ടി വരുന്നു എന്ന് ഹെല്ലർ പറയുന്നു. ഭാഷ മേഖലയിൽ നേടിയ വിജയം സാംസ്കാരിക ആധിപത്യത്തെ വെല്ലാൻ പര്യാപ്തമാവാത്തതിന്റെ പ്രശ്നങ്ങളിലേക്കാണ് ഹെല്ലറുടെ വാദങ്ങൾ വിരൽചൂണ്ടുന്നത്.

ഈ അന്താരാഷ്ട്ര ഭാഷാ പരിസരങ്ങളുടെ പശ്ചാത്തലത്തിൽ വായിക്കുമ്പോഴാണ് വിനോയ് തോമസിന്റെ കഥയുടെ സവിശേഷ പ്രാധാന്യം വെളിപ്പെടുക. ഭാഷ, ഭാഷാധ്യാപനം, വിദേശ ഭാഷാപദങ്ങളുടെ ഉച്ചാരണത്തിലെ പിഴവുകൾ തുടങ്ങിയവയെല്ലാം നേരത്തെ തന്നെ പല സാഹിത്യ കൃതികളുടെയും വിഷയമായിതീർന്നിട്ടുണ്ട്. പക്ഷെ ഏറ്റവും പുതിയ അന്താരാഷ്ട്ര സാഹചര്യം ഭാഷയുടെ മണ്ഡലത്തിൽ സൃഷ്ടിച്ചിരിക്കുന്ന സന്നിഗ്ധാവസ്ഥ മലയാളത്തിൽ ആദ്യമായി കഥാവസ്തുവാവായി തീർന്നിരിക്കുന്നത് വിനോയ് തോമസിന്റെ ഈ രചനയിലാണ്.

ബഹുഭാഷാ മിശ്രണം ശക്തമായ സാമൂഹ്യ യാഥാർഥ്യമായിത്തീർന്ന സാഹചര്യത്തിൽ ഭാഷാ വകഭേദങ്ങളെ മറികടക്കാനാവുന്ന അപനിർമിക്കാൻ പര്യാപ്തമായ ഒരു ബഹുഭാഷാ കാവ്യശാസ്ത്രം തന്നെ ഉരുത്തിരിയുമെന്നു മുഖരാമി തഖയുകി Mother Tongue in Modern Japanese Literature and Criticism എന്ന കൃതിയിൽ വിശദീകരിക്കുന്നു. (4)

ഇംഗ്ലീഷിനോടുള്ള ഭക്തിയോളമെത്തുന്ന ആഭിമുഖ്യവും മാതൃഭാഷകളെചൊല്ലിയുള്ള അപകർഷതാ ബോധവുമാണ് പ്രാദേശിക സാഹചര്യങ്ങളിലൊതുങ്ങി ജീവിക്കുന്നവർക്കിടയിൽ പ്രകടമായിക്കൊണ്ടിരിക്കുന്നത്. സമകാലീന ഇന്ത്യൻ-ഇംഗ്ലീഷ് നോവലുകളിലെ സന്ദർഭങ്ങൾ സൂചകങ്ങളായി എടുക്കുകയാണെങ്കിൽ രാഷ്ട്രാന്തരീയ സാഹചര്യങ്ങളിൽ ജീവിതം നയിക്കുന്നവരുടെ മനോനിലയും നിലപാടും ഇക്കാര്യത്തിൽ വ്യത്യസ്തമാണ് എന്ന് മനസിലാക്കാം. ഇംഗ്ലീഷിനോടുള്ള വിധേയത്വത്തോടൊപ്പം തന്നെ മാതൃഭാഷാ സ്നേഹവും വ്യത്യസ്ത ഭാഷാ വിഭാഗങ്ങളുമായുള്ള ആനന്ദകരമായ സഹവർത്തിത്വവും അവരുടെ ജീവിതത്തിൽ കാണാവുന്നതാണ്.

മാതൃഭാഷയോടുള്ള സാധാരണക്കാരുടെ തന്നെ മനോഭാവത്തിൽ വലിയതോതിൽ മാറ്റം സംഭവിക്കുന്നുണ്ട്. സ്വന്തം ഭാഷയുടെ പ്രയോഗത്തിന് തനിക്ക് ശേഷിയില്ലെന്ന് ഭാവിക്കുകയും ഉച്ചാരണതലത്തിലും പദതലത്തിലും അതിനെ ബോധപൂർവം വികൃതമാക്കുകയും അതിനോടു വെറുപ്പു കാട്ടുകതന്നെയും ചെയ്യുന്നതിനു പുറമെ സ്വദേശത്തെ ജീവിതത്തെയും സംസ്കാരത്തെയും നിന്ദിക്കുകകൂടി ചെയ്യുന്നവരെ നന്നേ പരിമിതമായ അളവിൽമാത്രം വിദേശഭാഷാ പരിജ്ഞാനം ഉള്ളവരിൽപ്പോലും ഇന്ന് കാണാവുന്നതാണ്. ഇത്തരത്തിലുള്ള കഥാപാത്രങ്ങൾ അമിത്

ചൗധുരിയുടെ A New World, അരുന്ധതി റോയിയുടെ The God of Small Things എന്നിവ ഉൾപ്പെടെ ചില സമകാലിക ഇന്ത്യൻ ഇംഗ്ലീഷ് നോവലുകളിൽ ഇടം നേടിയിട്ടുണ്ട്. അമേരിക്കൻ ജീവിതം പ്രമേയമാക്കുന്ന അമിത് ചൗധുരിയുടെ A New World ഇന്ത്യക്കാരുടെ ആംഗലേയ പ്രതിപത്തിയെ കണക്കറ്റ് പരിഹസിക്കുന്നുണ്ട്. വിദേശവാസം നയിക്കുന്നതുകൊണ്ടു മാത്രം തന്നോട് സൗഹൃദ സംഭാഷണത്തിന് മുതിർന്ന കൽക്കത്തയിലെ അടുത്ത ഫ്ളാറ്റിലെ സ്ത്രീയുടെ ഇംഗ്ലീഷിനെ 'പൊമേറിയൻ നായയുടെ ഭാഷ' എന്ന് നോവലിലെ കേന്ദ്രകഥാപാത്രമായ ജയോജിത് പരിഹസിക്കുന്നുണ്ട്. ഇംഗ്ലീഷ് ഭാഷയോടുള്ള ഇന്ത്യക്കാരുടെ അമിതാരാധന ഈയളവിൽ പരിഹസിക്കപ്പെട്ടിരിക്കുന്ന മറ്റൊരു ഇന്ത്യൻ ഇംഗ്ലീഷ് നോവൽ ഇല്ല.

സൽമാൻ റുഷ്ദി, അരുന്ധതി റോയ് തുടങ്ങിയ എഴുത്തുകാർ പുതിയ ആഗോള സാഹചര്യത്തിലെ ഭാഷയുടെ പ്രശ്നവത്കരണം എന്ന യാഥാർഥ്യത്തെ അഭിമുഖീകരിക്കുകയും അതിന്റെ വ്യത്യസ്തതലങ്ങൾക്ക് അവരുടെ നോവലുകളിൽ ആവിഷ്കാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇംഗ്ലീഷിന്റെ അപ്രമാദിത്വത്തെ തകർക്കാൻ അരുന്ധതി റോയ് തന്റെ പ്രഥമ ഇംഗ്ലീഷ് നോവലിൽ മലയാള പദങ്ങൾ ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. ഈ പ്രവണത ആധുനികോത്തര ഘട്ടത്തിൽ ലോകത്തിന്റെ പല കോണുകളിൽ നിന്നും പ്രസിദ്ധീകൃതമായ ഇംഗ്ലീഷ് നോവലുകളിൽ വന്നിട്ടുണ്ട്. നിലവിലുള്ള ഇംഗ്ലീഷ് വാക്കുകളെ തങ്ങളുടെ മാതൃ ഭാഷാക്കിണങ്ങും വിധം വക്രീകരിക്കുക, മാതൃഭാഷയിൽ നിന്നുള്ള പദങ്ങൾ നിർഭയം ഇംഗ്ലീഷ് വാക്കുകൾക്കിടയിൽ പ്രയോഗിക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം പല നോവലിസ്റ്റുകളും ചെയ്തിട്ടുണ്ട്. ആമോസ് ട്യൂട്ടുവോള (Amos Tutuola) എന്ന എന്ന നൈജീരിയൻ നോവലിസ്റ്റ് തന്റെ വിഖ്യാതമായ നോവലിന് The Palmwine Drinkard എന്ന പേര് നൽകിയത് ഇവിടെ ഓർമിക്കാം. 'Chutnification' എന്ന പ്രയോഗം സൽമാൻ റുഷ്ദി Midnight's Children എന്ന പ്രശസ്ത നോവലിൽ ഉപയോഗിച്ചത് ചരിത്രത്തിന്റെ അപനിർമാണത്തെ സൂചിപ്പിക്കാനാണ്. പിന്നീട് പ്രാദേശിക ഭാഷാ പദങ്ങളുടെ ഇംഗ്ലീഷുമായുള്ള മിശ്രണത്തിലൂടെ മാത്രമേ സാംസ്കാരിക വൈവിധ്യം ഇംഗ്ലീഷ് നോവലുകളിൽ പ്രതിഫലിപ്പിക്കാനാവൂ എന്ന യാഥാർഥ്യം വിശദീകരിക്കാൻ ഈ പ്രയോഗത്തെ പലരും ആശ്രയിക്കുകയുണ്ടായി. ഇംഗ്ലീഷ് ഭാഷയുടെ പരമ്പരാഗത താളം മാറ്റികൊണ്ടു പുതിയ അച്ചുകളിൽ മിശ്രണ പദങ്ങൾ രൂപപ്പെടുത്തുന്ന ഇത്തരം സാഹചര്യങ്ങൾ രൂപിമ വിജ്ഞാന ശാഖയിലും പദചരിത്ര വിജ്ഞാന/ശബ്ദാർഥ വിജ്ഞാന ശാഖയിലും പുതിയ അന്വേഷണങ്ങൾ ആവശ്യമാക്കിത്തീർക്കുന്നുണ്ട്.

അന്യഭാഷകളുടെയും അന്യദേശങ്ങളിലെ ജീവിതസന്ദർഭങ്ങളുടെയും സാന്നിധ്യം എല്ലാ പ്രാദേശിക ഭാഷകളിലെയും സാഹിത്യ രചനകളിൽ ഒരനിവാര്യതയായി മാറിക്കൊണ്ടിരിക്കെത്തന്നെ അതിന്റെ നേർവിപരീതമായി ഭാഷയുടെ തലത്തിൽ മനസ്സിന്റെ സമ്പൂർണമായ അപകോളനീകരണം എന്ന ആശയവും ശക്തമാവുന്നുണ്ട്. ആഫ്രിക്കൻ എഴുത്തുകാരിൽ ഒരു വലിയ ശതമാനം ഇംഗ്ലീഷിനോട് കാട്ടുന്ന പ്രതിപത്തിയിൽ ആശങ്ക രേഖപ്പെടുത്തിക്കൊണ്ടു ങുഗി വാ തിഓംഗോ മനസിന്റെ അപകോളനീകരണം എന്ന കൃതിയിൽ ഇപ്രകാരം നിരീക്ഷിക്കുന്നുണ്ട്:

"നിർഭാഗ്യമെന്നു പറയാം, തങ്ങളുടെ ഭൂഖണ്ഡത്തെ വലയം ചെയ്തിരിക്കുന്ന ഭാഷാപരമായ വിഷമവൃത്തത്തിൽ നിന്ന് പുറത്തു കടക്കാനുള്ള വഴികൾ കണ്ടെത്താൻ ബാധ്യസ്ഥരായ ആഫ്രിക്കയിലെ എഴുത്തുകാരും സാമ്രാജ്യത്വം അടിച്ചേല്പിക്കപ്പെട്ട ഭാഷയിലൂടെയാണ് അറിയപ്പെടുന്നത്. ഏറ്റവും പുരോഗമനപരവും ആഫ്രിക്കൻ അനുകൂലവുമായ നിലപാടുകളും മനോഗതിയിലും പ്രശ്നങ്ങളുടെ ആവിഷ്കരണത്തിലും കൈക്കൊള്ളുമ്പോഴും ആഫ്രിക്കൻ സംസ്കാരങ്ങളുടെ നവോത്ഥാനം യൂറോപ്യൻ ഭാഷകളിലാണ് എന്ന് അവർ ഉറച്ചു വിശ്വസിക്കുന്നു. ഞാൻ ഇത് തിരിച്ചറിഞ്ഞേ തീരൂ!" (24)

ഐ.ടി., നഴ്സിംഗ്, ഹോട്ടൽ മാനേജ്മെന്റ്, ബിസിനസ് മാനേജ്മെന്റ്, അധ്യാപനം തുടങ്ങിയ മേഖലകളിൽ ഉന്നതപഠനം നടത്തുന്നവർക്ക് വിദേശങ്ങളിൽ തൊഴിൽ സാധ്യത നിലനില്ക്കുന്നതുകൊണ്ടും വിനോദയാത്ര ഒരു വ്യവസായമായി മാറുകയും കേരളത്തിലെ ഉപരിവർഗത്തിലും മധ്യവർഗത്തിലും പെടുന്ന ഗണ്യമായ ഒരു വിഭാഗം ജനങ്ങൾക്ക് വിദേശയാത്രാനുഭവം ഇതിനകം തന്നെ കൈവന്നു കഴിഞ്ഞതുകൊണ്ടും മനസ്സിന്റെ അപകോളനീകരണം എന്ന ആശയത്തിന് കേരളത്തിൽ ആവേശകരമായ സ്വീകരണം ലഭിക്കുമെന്നു പ്രതീക്ഷിക്കാവുന്നതല്ല. എങ്കിലും ഫോക്‌ലോർ എന്ന വിഷയത്തിലുള്ള താല്പര്യം വളരെയേറെ വർദ്ധിച്ചിരിക്കുന്നതുകൊണ്ടും തനതിനെക്കുറിച്ചുള്ള പല അന്വേഷണങ്ങളും ഏതാനും ദശകങ്ങളായി ഇവിടെ നടന്നുവരുന്നതുകൊണ്ടും മലയാളദേശത്തിന്റെയും ഭാഷയുടെയും അതിരുകൾക്കപ്പുറത്തു പോകാത്ത ഇതിവൃത്തത്തിനും ആഖ്യാനത്തിനും വേണ്ടിയുള്ള അന്വേഷണങ്ങൾ മലയാളത്തിലും ഉണ്ടായികൊണ്ടിരിക്കുന്നുണ്ട് എന്നതിന്റെ മികച്ച ഉദാഹരണമാണ് 2015-ൽ പ്രസിദ്ധീകൃതമായ മനോജ് കുറൂറിന്റെ നിലംപൂത്തു മലർന്ന നാൾ എന്ന നോവൽ.

ബംഗാളിയും ഇംഗ്ലീഷും എഴുത്തിന്റെയും ചിന്തയുടെയും ലോകത്തു സൃഷ്ടിച്ച ഭാഷ സംഘർഷത്തെ മറികടക്കാൻ വേറിട്ട വഴി തേടിയ

എഴുത്തുകാരിയാണ് ജുമ്പാ ലാഹിരി. ബംഗാളി കുടിയേറ്റക്കാരായ രക്ഷിതാക്കൾ വീട്ടിൽ ഇംഗ്ലീഷ് സംസാരഭാഷയായി അംഗീകരിക്കാതിരുന്നതും സ്കൂളിൽ ലാഹിരിയുടെ ബംഗാളിച്ചുവയുള്ള ഇംഗ്ലീഷിനെ സഹപാഠികളും അധ്യാപകരും പരിഹാസത്തോടെ നോക്കികണ്ടതും മൂലം ലണ്ടനിൽ ജനിച്ച് അമേരിക്കയിലെ റോഡ് ദ്വീപിൽ വളർന്ന ഇന്ത്യൻ വേരുകളുള്ള ലാഹിരി കടുത്ത ഭാഷാസംഘർഷം അനുഭവിച്ചതായി പറഞ്ഞിട്ടുണ്ട്. ഈ അവസ്ഥയെ അതിജീവിക്കാനായി എഴുത്തുകാരി പുതുതായി ഒരു ഭാഷ പഠിച്ചു അതിൽ സാഹിത്യ രചന ആരംഭിക്കുകയായിരുന്നു. ഇറ്റാലിയൻ ഭാഷ പഠിച്ച് ആ ഭാഷയിൽ In Other Words എന്ന പേരിൽ- പിന്നീട് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയ- ഒരു പുസ്തകവും അവർ പ്രസിദ്ധീകരിച്ചു. ബംഗാളി മാതൃഭാഷയായ തനിക്കു അമേരിക്കൻ ജീവിതത്തിൽ എന്നും ഒരു അകൽച്ച അനുഭവപെട്ടിരുന്നതായും ഒരു തരം ഭാഷാപരമായ പ്രവാസത്തിനു താൻ പരുവപ്പെട്ടതായും The Guardain ദിനപത്രത്തിൽ തന്റെ ഇറ്റാലിയൻ ഭാഷാനുഭവത്തെക്കുറിച്ചെഴുതിയ ലേഖനത്തിൽ അവർ പറയുന്നു.

ഭാഷാവിഷയം പ്രശ്നവൽകൃതമാകുന്ന ഒരു രാഷ്ട്രാന്തരീയ തൊഴിലിടമായി കോൾ സെന്ററുകൾ എങ്ങനെ മാറുന്നുവെന്ന് പരിശോധിക്കപ്പെട്ടിരിക്കുന്ന ശ്രദ്ധേയമായ കൃതിയാണ് ചേതൻ ഭഗത്തിന്റെ One Night @ the Call Center (2005) എന്ന നോവൽ. അമേരിക്കൻ ഉപഭോക്താവിന്റെ ഉച്ചാരണത്തിനു വഴങ്ങുംവിധം സ്വന്തം പേരുപോലും മാറ്റേണ്ടിവരുന്ന കോൾ സെന്റർ ജീവനക്കാരുടെ ഭാഷാപരവും മനഃശാസ്ത്രപരവുമായ സംഘർഷങ്ങൾ ഇന്ത്യൻ സാഹിത്യത്തിന് തീർത്തും അപരിചിതമായ ഒരു പ്രശ്നമേഖലയാണ്. ചേതൻ ഭഗത്താണ് ഈ മേഖലയിലേക്ക് വായനാസമൂഹത്തിന്റെയും കലാപ്രവർത്തകരുടെയും സാംസ്കാരിക നിരീക്ഷകരുടെയും ശ്രദ്ധ ആദ്യമായി ക്ഷണിച്ചത്. 2015-ൽ പുറത്തിറങ്ങിയ വിനോദ് സുകുമാരൻ രചനയും സംവിധാനവും നിർവഹിച്ച 'ഹരം' പോലുള്ള സിനിമയിൽ കോൾ സെന്റർ ഭാഷയിലെ പ്രശ്നങ്ങൾ അനാവൃതമായതു നമ്മിൽ അത്ഭുതമൊന്നും ജനിപ്പിക്കുന്നില്ല.

വ്യത്യസ്ത രാജ്യങ്ങളിൽ പ്രയോഗത്തിലുള്ള വിഭിന്ന ഇംഗ്ലീഷുകൾക്കുമേൽ അമേരിക്കൻ ഇംഗ്ലീഷിന്റെ ആധിപത്യം ഉച്ചാരണ തലത്തിലും പദകോശ തലത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നതായി പല ഭാഷാഗവേഷകരും നിരീക്ഷിച്ചിട്ടുണ്ട്. അമേരിക്കൻ ഇംഗ്ലീഷിന് ഈവിധം ആധിപത്യം സാധിക്കുന്നത് വിപണിയിൽ അമേരിക്കക്കുള്ള ആധിപത്യത്തിന്റെ തുടർച്ചയായിട്ടാണ്. ഭാഷ വിപണനമൂല്യമുള്ള ഒരു വസ്തുവിന്റെ നിലയിലേക്ക് മാറ്റപ്പെടുന്നു എന്നത് കൂടെ ഇവിടെ സംഭവിക്കുന്നുണ്ട്. കനേഡിയൻ എഴുത്തുകാരിയും ആഗോളവത്കരണത്തിന്റെയും

കോർപ്പറേറ്റ് മൂലധനത്തിന്റെയും ശക്തയായ വിമർശകയുമായ ക്ലീൻ നവോമി No Logo: No Space, No Choice, No Jobs എന്ന കൃതിയിൽ താഴെ പറയും വിധം ഈ പ്രവണതയെ നിരീക്ഷിക്കുന്നു: "ഈ വ്യവഹാരങ്ങളിൽ അമേരിക്കൻ ഇംഗ്ലീഷ് വഞ്ചനാപരമായ രീതിയിൽ വ്യത്യസ്തകളുടെ അന്ധകനായാണ് നിർമ്മിക്കപ്പെടുന്നത്. അതായത് വിപണിയിൽ വലിയ അളവിലുള്ള വാങ്ങൽ ശേഷിയോടെ പ്രവേശിച്ച് ചെറുകിട മത്സരാർത്ഥികളെ ഉടൻ ഉടൻ ഇല്ലായ്മ ചെയ്യുന്ന ഒന്നായി അത് പ്രവർത്തിക്കുന്നു."(Meyerhoff 272)

അമേരിക്കൻ ഇംഗ്ലീഷ് അതിന്റെ ഉറവിടമായ രാജ്യത്തിന് ആഗോള വിപണിയിലുള്ള ആധിപത്യം വഴി അന്യ രാജ്യങ്ങളിലെ ഇംഗ്ലീഷുകൾക്കുമേൽ സർവാധിപത്യം സ്ഥാപിക്കുന്നതിലൂടെ സാധിക്കുന്ന ഈ ഏകരൂപവത്കരണത്തിന്റെ (homogenisation) പ്രത്യാഘാതങ്ങൾ മറ്റ് ഭാഷകളെ കൂടി ബാധിക്കുന്നുണ്ട്. പ്രാദേശിക ഭാഷകൾ സംസാരിക്കുന്ന ജനവിഭാഗങ്ങൾ സാമാന്യമായി ഭാഷയുടെ തലത്തിൽ അരക്ഷിതത്വബോധം അനുഭവിക്കുന്നതിനു ഇത് കാരണമായിത്തീരുന്നു. താന്താങ്ങളുടെ ഭാഷക്ക് അതിന്റെ തനിമ സമ്പൂർണാർത്ഥത്തിൽ നിലനിർത്തിക്കൊണ്ടു സ്വന്തം കാലിൽ നിൽക്കാൻ ഇനി സാധ്യമാകുമോ എന്ന ആശങ്ക അവരെ പിടികൂടുന്നു. ഇതിൽ നിന്നും മോചനം നേടാൻ അവർ സ്വീകരിക്കുന്ന മാർഗങ്ങളിലൊന്ന് ഇംഗ്ലീഷിലേക്കു സ്വന്തം ഭാഷയിൽ നിന്നുള്ള പദങ്ങളെ ധാരാളമായി പ്രവേശിപ്പിച്ചുകൊണ്ട് ഇംഗ്ലീഷിന്റെ അധികാരത്തെ ചോദ്യം ചെയ്യുക എന്നുള്ളതാണ്. തങ്ങൾ ഇംഗ്ലീഷിൽ നേരിട്ട് എഴുതുന്ന സന്ദർഭങ്ങളിൽ പരമാവധി സ്വാതന്ത്ര്യം പ്രയോഗിച്ചു അതിന്റെ വ്യാകരണത്തെയും പദവാക്യ സ്വരൂപങ്ങളെയും ധിക്കരിക്കലാണ് മറ്റൊരു മാർഗം. മൂന്നാമത്തെ മാർഗം സ്വന്തം ഭാഷയിൽ എഴുതപ്പെടുന്ന കൃതികളെ എത്രയും വേഗം ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുക എന്നതാണ്. ഇത് പ്രാദേശിക ഭാഷകളെ സംബന്ധിച്ചടുത്തോളം ആത്യന്തികമായി ഹതാശവും വിനാശകരവുമാണെന്നു തീർത്തു പറയാവുന്നതാണ്. എങ്കിലും ഭാഷാമിശ്രണം, അന്യഭാഷകളുടെ അധിപത്യത്തിനെതിരായ സമരം എന്നിവയിലൂടെയൊക്കെ ഓരോ പ്രാദേശിക ഭാഷയും നവീകരണത്തിന്റെ പല വഴികളിലൂടെ കടന്നു പോവുകയും അതിജീവനശേഷി കൈവരിക്കുകയും ചെയ്യും എന്ന ശുഭപ്രതീക്ഷക്കു സാധ്യതയുണ്ട്. ഒരു കാര്യം തീർച്ചയാണ്. അധിനിവേശം സാധിക്കുന്ന ഭാഷയായാലും അധിനിവേശിത ഭാഷയായാലും അതിവേഗത്തിൽ മാറിക്കൊണ്ടേയിരിക്കേണ്ടിവരും.

## ഗ്രന്ഥസൂചി


1. Bhagat, Chetan. *One Night @ the Call Center.* New Delhi, Rupa&Co, 2005.
2. Chaudhuri, Amit. *A New World.* London, Picador, 2001.
3. Heller, Monica. "*Legitiате Language in a Multilingual School*". The Routledge Sociolinguistic Reader, edited by Miriam Meyerhoff and Erik Schleef. Oxon: Routledge, 2010:248-261.
4. Koser, Khalid. *International Migration: A Very Short Introduction.* Oxford, OUP, 2007.
5. Lahiri, Jhumpa. *"I a in Italian, a tougher, freer writer*". The Guardian. 31 January 2016.
6. ---. *In Other Words.* New Delhi, Hamish Hamilton, 2016.
7. ---. *The Naesake.* New Delhi, Harper Collins Publishers India, 2007.
8. Meyerhoff, Miriam and Nancy Niedzielski. "*The Globalisation of Vernacular Variation".* The Routledge Sociolinguistic Reader, edited by Miriam Meyerhoff and Erik Schleef. Oxon: Routledge, 2010:271-286
9. Roy, Arundahati. *The God of Sall Things* .New Delhi, IndiaInk, 1997.
10. Roshni Project. https://ernakulam.gov.in/roshini/
11. Singh, Ishtla. *"Language and Ethnicity". Language, Society and Power,* edited by Ishtla Singh and Jean Stilwell Peccei. Oxon, Routledge, 2005: 93-110.
12. Yokota-Murakami, Takayuki. *Mother-Tongue in Modern Japanese Literature and Criticis Toward a New Polylingual Poetics.* Singapore, Palgrave Macmillan, 2018.
13. തോമസ്, വിനോയ്. "കുട്ടിക്കുറക്കത്തി കുർ...കുർ..." മാതൃഭൂമി ആഴ്ചപ്പതിപ്പ്. ഒക്ടോബർ 7, 2018.
14. വാ തിഓംഗോ, ഗൂഗി. *മനസ്സിന്റെ അപകോളനീകരണം.* കൊല്ലം, ഗ്രാംഷി ബുക്സ്, 2007.

# ചെട്ടികളുടെ അധിവാസസ്ഥാനങ്ങൾ സ്ഥലനാമങ്ങളിൽ

കലാചന്ദ്രൻ
ഗവേഷക, മലയാളവിഭാഗം, ശ്രീശങ്കരാചാര്യസംസ്കൃതസർവകലാശാല, കാലടി

## സ്ഥലനാമങ്ങൾ

മനുഷ്യരുടെ അധിവാസക്രമങ്ങളും ജീവിതരീതിയും വ്യക്തമാക്കുന്ന അറിവുരൂപങ്ങളാണ് സ്ഥലനാമങ്ങൾ. ജാതി, തൊഴിൽ, ഉല്പാദനം, കച്ചവടം, ആചാരാനുഷ്ഠാനങ്ങൾ, ഭൂമിശാസ്ത്രം തുടങ്ങി സാമൂഹികജീവിതവുമായി ബന്ധപ്പെടുന്ന വിഭിന്നഘടകങ്ങൾ സ്ഥലനാമങ്ങളിലൂടെ വ്യവഹരിക്കപ്പെടുന്നു. സാംസ്കാരികസൂചകങ്ങളെ ഭാഷാരൂപത്തിൽ ചിഹ്നങ്ങളായി സൂക്ഷിക്കുകയും വിനിമയം ചെയ്യുകയും ചെയ്യുന്ന സ്ഥലനാമങ്ങൾ ഒരു പ്രദേശത്തിന്റെ സാംസ്കാരികവും ഭാഷാപരവും സാമൂഹികവും ആയ വളർച്ചയുടെയും പരിണാമത്തിന്റെയും വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള രേഖപ്പെടുത്തലുകൾ കൂടിയാണ്. ഓരോ തുണ്ടു ഭൂമിക്കും പേരിടുന്ന രീതിയാണ് കേരളത്തിലേത്. പറമ്പ്/വളപ്പ്/കുടിയിരുപ്പ് പേരുകൾ എന്നാണിവ വ്യവഹരിക്കപ്പെടുന്നത്. കേരളത്തിന്റെ സവിശേഷ ഭൂസ്ഥിതിയും ഘടനയും മറ്റും ആധാരമാക്കി രൂപപ്പെട്ടുവന്ന അധിവാസസമ്പ്രദായങ്ങൾ, ഓരോ അധിവാസമാത്രയിലെയും സമുദായഘടകങ്ങൾ, സവിശേഷ ഗ്രാമീണ -സമൂഹ രൂപീകരണം എന്നിവയെക്കുറിച്ചെല്ലാം ഉള്ള അറിവുകൾ ഉൾക്കൊള്ളുന്ന തെളിവുകളാണ് സ്ഥലനാമങ്ങൾ.

പറമ്പ്/വളപ്പ്/കുടിയിരിപ്പുകൾ (field name) എന്ന നിലയിലാണ് ഓരോ തുണ്ട് ഭൂമിയേയും വ്യവഹരിച്ചുപോന്നിട്ടുള്ളത്. ഈ വ്യവഹാരങ്ങളെ ക്രമപ്പെടുത്തി രേഖപ്പെടുത്തി വെച്ചതാണ് സെറ്റിൽമെൻറ് രജിസ്റ്ററുകൾ. ഫീൽഡ് നമ്പർ, വളപ്പ് പേര്, കൈവശക്കാരൻ/കാരി, ഭൂമിയുടെ തരം, വിള, ഭൂമിയുടെ സ്വഭാവം, മണ്ണിന്റെ ഇനം, വിസ്തീർണ്ണം, നികുതി, പട്ടയത്തിന്റെ

ഇനം എന്നിങ്ങനെ ഓരോ വളപ്പിനേയും സംബന്ധിക്കുന്ന സൂക്ഷ്മമായ അറിവുകളുടെ സഞ്ചയമാണ് ഇത്. സെറ്റിൽമെൻറ് ഓഫീസർ ആയിരുന്ന സി.എ. ഇന്നസ് ആണ് 1905-ൽ ഇതു തയ്യാറാക്കിയിട്ടുള്ളത്. ഈ രേഖാ സഞ്ചയത്തിൽ നിന്ന് പരപ്പനാടിന്റെ അല്ലെങ്കിൽ പഴയ ഏറനാട് താലൂക്കിന്റെ ഭാഗമായ അരിയല്ലൂർ, ഉള്ളണം, തിരൂരങ്ങാടി, തൃക്കുളം, നെടുവ, പഴഞ്ചന്നൂർ, പള്ളിക്കുന്ന്, പരപ്പനങ്ങാടി എന്നീ ദേശങ്ങളുടെ (village) ഫീൽഡ് നമ്പർ, വളപ്പുപേര്, ഭൂപടം (map) എന്നിവയാണ് ഈ പഠനത്തിന് അടിസ്ഥാനസാമഗ്രികളായി പരിഗണിച്ചിട്ടുള്ളത്.

### വാണിജ്യ സംഘങ്ങൾ

വിഭവങ്ങളുടെ ഉല്പാദനത്തോളംതന്നെ പ്രധാനമാണ് അവയുടെ വിനിമയവും. ഓരോ ഉല്പന്നവും അവയുടെ ഉല്പാദനസ്ഥാനങ്ങളിൽ നിന്ന് ഉപഭോഗസ്ഥാനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് വിനിമയം എന്നതുകൊണ്ടർത്ഥമാക്കുന്നത്. പല ഉല്പാദനമേഖലകളിലും ഉല്പാദകർ തന്നെ വിനിമയത്തിൽ ഏർപ്പെട്ടുപോന്നു. എന്നാൽ ദൂരദേശങ്ങളിലേക്ക് വിഭവങ്ങൾ കൈമാറേണ്ട അവസരങ്ങളിൽ വിതരണത്തിനു മാത്രമായി ഒരു തൊഴിൽക്കൂട്ടം രൂപപ്പെട്ടുവന്നു. ഉല്പാദകരിൽ നിന്നു മാറി വിനിമയത്തിനു മാത്രമായി ഒരു സാമൂഹികവിഭാഗം ഉണ്ടായിരുന്നു എന്നാണ് പൊതുവെ ഇന്ത്യാചരിത്രവും കേരളചരിത്രവും പറഞ്ഞുവെക്കുന്നത്. റൊമീലാ ഥാപ്പർ തന്റെ ആദിമ ഇന്ത്യാചരിത്രത്തിൽ; “ശ്രേണിയിലൂടെയാണ് ഉല്പാദനവും കൈമാറ്റവും നടന്നിരുന്നത്. ഈ ശ്രേണി തൊഴിൽക്കാർ, വണിക്കുകൾ, കൈവേലക്കാർ എന്നിവരുടെ കൂട്ടമായിരുന്നു... ഈ സംഘടനകൾ വ്യാപാരത്തിന് അത്യാവശ്യമായിരുന്ന ഉല്പാദനവർദ്ധന ഉറപ്പാക്കുകയും നഗരജീവിതത്തിന്റെ ഒരു പ്രധാനഘടകമായി മാറുകയും ചെയ്തു” (2010; 335) എന്ന് നിരീക്ഷിക്കുന്നുണ്ട്.

ഉല്പന്നങ്ങളെ അവയുടെ പ്രഭവസ്ഥാനങ്ങളിൽനിന്നു ശേഖരിച്ച് വിപണനസ്ഥാനങ്ങളിലെത്തിച്ചിരുന്ന കച്ചവടസംഘങ്ങളായിരുന്ന അഞ്ചുവണ്ണം, മണിക്കിരാമം എന്നിവയെ കുറിച്ച് പൊതുചരിത്രത്തിൽ പരാമർശങ്ങൾ അനവധിയുണ്ട്. അഞ്ചുവണ്ണം ജൂതരുടെയും മണിക്കിരാമം ക്രിസ്ത്യാനികളുടെയും നേതൃത്വത്തിലുള്ള കച്ചവടസംഘങ്ങളായിരുന്നു. ഈ വാണിജ്യസംഘങ്ങൾ സിറിയ, പേർഷ്യ തുടങ്ങിയ പശ്ചിമേഷ്യൻ രാജ്യങ്ങളിൽ നിന്നുള്ളവരായിരുന്നു എന്നും അവർ കേരളത്തിൽ മാത്രമല്ല, ഇന്ത്യയുടെ കിഴക്കൻഭാഗങ്ങളിലും അപൂർവ്വമായി ഉൾനാടുകളിലും വ്യാപിച്ചിരുന്നു എന്നും എം.ജി.എസ്. രേഖപ്പെടുത്തുന്നു (2013: 280). ക്രിസ്തുവർഷം ഒമ്പതും പത്തും നൂറ്റാണ്ടുകളിൽ കേരളീയ വാണിജ്യത്തിന്റെ

ചുക്കാൻ പിടിച്ചിരുന്നത് മണിഗ്രാമം, അഞ്ചുവണ്ണം എന്നീ വർത്തക സംഘങ്ങളായിരുന്നു എന്ന് രാഘവവാര്യരും രാജൻ ഗുരുക്കളും വ്യക്തമാക്കുന്നു (2007: 130).

കൊല്ലവർഷം 24-ൽ (എ.ഡി.849) അയ്യനടികൾ തിരുവടികൾ എന്ന വേണാട്ടുരാജാവ് കുരുക്കേണിക്കൊല്ലത്ത് മരുവാൻ സപീരീശോ ചെയ്യിച്ച തരിസാപ്പള്ളിക്ക് നല്കുന്ന ദാനപത്രമാണ് തരിസാപ്പള്ളി ശാസനം. "ഇവ്വാണ്ട് വേണാട് വാഴ്കിന്റെ അയ്യനടികൾതിരുവടിയും അതികാരരും പിരകിരുതിയും മണിക്കിരാമമുമഞ്ചുവണ്ണമും പുനൈത്തലൈപ്പതിയും ഉൾവൈത്തു"(ഉദ്യോഗസ്ഥരും പ്രകൃതിയും (മന്ത്രി അല്ലെങ്കിൽ പ്രധാന ഉദ്യോഗസ്ഥൻ) മണിഗ്രാമവും അഞ്ചുവണ്ണവും പുന്നത്തലപ്പതിയും ചേർന്ന് അഥവാ അവരോടാലോചിച്ച്)എന്നും "അറുനൂറ്റവരും അഞ്ചുവണ്ണമ്മുമണിക്കിരാമമും ഇരക്ഷിക്കക്കടവർ പള്ളിയെയും പൂമിയെയും" (അറുനൂറ്റവരും അഞ്ചുവണ്ണവും മണിഗ്രാമവും പള്ളിയെയും ഭൂമിയെയും (ദാനം നല്കിയ ഭൂമി) രക്ഷിക്കണം) (കെ. രത്നമ്മ : 2005: 44, 58) എന്നും ഈ ശാസനത്തിൽ വണിക് സംഘങ്ങളെ പരാമർശിച്ചു കാണുന്നു.

അങ്ങാടികൾ, ചന്തകൾ, പീടികകൾ തുടങ്ങിയ വാണിജ്യ സങ്കേതങ്ങളും പാണ്ടികശാല, കളം, പത്തായം തുടങ്ങിയ വിഭവസംഭരണ കേന്ദ്രങ്ങളും ജലമാർഗ്ഗത്തിലും കരമാർഗ്ഗത്തിലും ഉള്ള കച്ചവടപാതകളും ഉമണർ, ചെട്ടി തുടങ്ങിയ കച്ചവടക്കാരും ചേർന്നു നിർമ്മിക്കുന്ന—നിലനിർത്തുന്ന—ഇടപെടുന്ന—വികസിപ്പിക്കുന്ന സാംസ്കാരികസ്ഥാപനം എന്ന നിലയിൽ 'വിഭവവിനിമയം' മാറുന്നു. ഉമണർ, ചെട്ടി, മാപ്പിള തുടങ്ങിയ തൊഴിൽ/ജാതിക്കൂട്ടങ്ങളും വിഭവങ്ങളുടെ കൈമാറ്റത്തിൽ ഇടനിലക്കാർ എന്ന നിലയിൽ ഏർപ്പെട്ടിരുന്നവരാണ്. പരപ്പനാടിന്റെ ഭൂപരിധിയിൽ ഈ മൂന്നു വിഭാഗങ്ങളും അധിവസിച്ചിരുന്നതിന്റെ സൂചനകൾ സ്ഥലനാമങ്ങളിൽ പ്രകടമാണ്.

### ചെട്ടികൾ

കച്ചവടം, വിപണി, കൈമാറ്റം എന്നീ സാമ്പത്തികവ്യവഹാരമണ്ഡലങ്ങളിലും വിഭവവിനിമയത്തിന്റെ ആഭ്യന്തരവും വൈദേശികവും ആയ വിനിമയതലങ്ങളിലും ഇടപെടൽ ശേഷിയുള്ള ഇടനിലക്കാരാണ് ചെട്ടികൾ. 'സെട്ടി' എന്ന പ്രാകൃതപദത്തിൽ നിന്നാണ് 'ചെട്ടി' എന്ന മലയാള പദത്തിന്റെ നിഷ്പത്തി (ശ്രീകണ്ഠേശ്വരം: 2013: 821). 'സാർത്ഥ'എന്ന പ്രാകൃതപദത്തിൽ നിന്നോ 'ശ്രേഷ്ഠ' എന്ന പ്രാകൃത പദത്തിൽ നിന്നോ ആവാം 'ചെട്ടി' എന്ന പദത്തിന്റെ നിഷ്പത്തി എന്ന എൽ.എ. രവിവർമ്മയുടെ നിരീക്ഷണം എം.ജി.എസ്. ഉദ്ധരിക്കുന്നുണ്ട്(2013: 329).

കേരളത്തിലെ തീരദേശവാണിജ്യത്തിലും കടൽവാണിജ്യത്തിലും ഏർപ്പെട്ടിരുന്ന വാണിജ്യസംഘങ്ങളായിരുന്നു ചെട്ടികൾ. "ഇന്ത്യയുടെ കോറമാൻഡൽ തീരവും (കിഴക്കൻതീരം) മലാക്കയും തമ്മിലുള്ള ബന്ധം നിയന്ത്രിച്ചിരുന്നത് ചെട്ടിയാൻമാരാണ്" എന്ന എം.എൻ.പിയേഴ്സൺന്റെ നിരീക്ഷണം ഡോ. എം. ഗംഗാധരൻ ഉദ്ധരിക്കുന്നുണ്ട് (2013: 50). "കൊങ്കണ പ്രദേശത്തുനിന്നുവന്ന ശ്രേഷ്ഠി (ചെട്ടി) ആയിരുന്നു ആദി മൂഷകന്റെ മന്ത്രിമുഖ്യൻ. അത്തരം ചെട്ടികളോ അവരുടെ പിൻമുറക്കാരോ ആയിരിക്കണം പടിഞ്ഞാറൻതീരപ്രദേശത്തെ വാണിജ്യം നിയന്ത്രിച്ചിരുന്നത്" എന്ന് കെ.സി.വേണുഗോപാലൻ നമ്പ്യാർ (2006: 255) നിരീക്ഷിക്കുന്നു.

ചെട്ടികൾ കേരളതീരത്തെ കടൽക്കച്ചവടത്തിൽ ഏർപ്പെട്ടിരുന്നതിന്റെ തെളിവുകൾ പയ്യന്നൂർപാട്ടിലും കാണാം.

"കുഴി പറെയുംഞ്ചിലർ ഞങ്ങളിതല്ലെ
കുല വാണിയെർ കടലൊടി വരുന്നതു ഞങ്ങൾ
പാഴികളുണ്ടോ വളർകുല ചെവ്വ്" (23-ാം പാട്ട്)

"ചൊല്ലിൽ പെരിയ വങ്കച്ചിൽപ്പട്ടിൽ
ചൊമ്പുസെട്ടിക്കുമവൻ പിറന്നു" (18-ാം പാട്ട്)

"ബാണിയം ചെവാന ബലതുവെണം
പലർകൈയിലാകൊല്ല ശിൽക്കണക്കു
ബെണമതിനൊട്ടുതു കൊള്ള
നന്നാതെ നല്ല വചനം ബെണം
നായകന നീയെന്നും കെളിവണ്ണം
കാണിയും ബീശവും ശീൽക്കണക്കും
കാണമ്പൊഴെ കൊണ്ടച്ചാർത്തിവെക്ക" (35-ാം പാട്ട്)

എന്നിങ്ങനെ 'നമ്പുച്ചെട്ടി'ക്ക് കച്ചവടവുമായുള്ള ബന്ധം പലപാട് വ്യക്തമാവുന്നുണ്ട്.

ഏഴിമല മുതൽ കൊല്ലം വരെയുള്ള പ്രദേശങ്ങളിൽ പന്ത്രണ്ടാം നൂറ്റാണ്ടുവരെയെങ്കിലും യവനർ, മുസ്ലിങ്ങൾ എന്നിവരോടൊപ്പം ചെട്ടികളും വ്യാപാരക്കൂട്ടായ്മകളിലെ പ്രധാന പങ്കാളികളായിരുന്നു.

'ചെട്ടി' എന്ന പദം കച്ചവടം തൊഴിലാക്കിയ സവിശേഷസമൂഹത്തിലെ അംഗത്തെയും കച്ചവടസ്ഥാപനത്തിന്റെ അല്ലെങ്കിൽ സംഘടനയുടെ തലവൻ എന്ന അധികാരസ്ഥാനത്തെയും സൂചിപ്പിക്കുന്നു. കോഴിക്കോട്

സാമൂതിരിയുടെ വ്യാപാരകാര്യങ്ങളിൽ അധികാരപരമായ സ്ഥാനം വഹിച്ചിരുന്നവരാണ് ചെട്ടികൾ. 'വലങ്കൈചെട്ടി' എന്നാണ് ഇവരുടെ സ്ഥാനപ്പേര്. തുറമുഖത്തെത്തുന്ന വിദേശവിഭവങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നതും വില നിശ്ചയിക്കുന്നതും ഈ ചെട്ടിയാണ്. കോഴിക്കോട്ട് തുറയിൽ വലങ്കൈചെട്ടിമാർ കച്ചവടത്തിൽ ഇടത്തട്ടുവഹിക്കുന്നു എന്ന് എൻ.എം.നമ്പൂതിരിയും (2008: 253) നിരീക്ഷിക്കുന്നുണ്ട്. വിദേശ സഞ്ചാരിയായ മാഹ്വാൻ,

"When a ship arrived from China the king's observer with a Cetti go on board to make an invoice of the goods and a day is settled for valuing the Cargo. On the day appointed the silk goods more especially the khinkes are first inspected and valued which, when desided upon all present joinhands where upon the broker says: "The price of your goods is now fixed and can not in any way be altered"എന്നു രേഖപ്പെടുത്തുന്നുണ്ട് (Nilakanta Sastri : 2001:307).

വ്യത്യസ്തവിഭവങ്ങളുടെ കൈമാറ്റക്കാരായും ചെട്ടികൾ പ്രവർത്തിച്ചിരുന്നു. കൈമാറ്റംചെയ്യുന്ന വിഭവങ്ങളുടെ പേരിലാണ് ഇവർ അറിയപ്പെട്ടിരുന്നത്. കുതിരച്ചെട്ടി, തുണിച്ചെട്ടി, പപ്പടച്ചെട്ടി തുടങ്ങിയവ ഉദാഹരണങ്ങളാണ്. അറേബ്യൻനാട്ടുകളിൽനിന്നും ഇറക്കുമതി ചെയ്തിരുന്ന കുതിരകളുടെ വ്യാപാരികളോ ഇടനിലക്കാരോ ആയിരുന്ന കുതിരച്ചെട്ടികളെക്കുറിച്ചുള്ള പരാമർശങ്ങൾ ചോളലിഖിതങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. മണിപ്രവാളകൃതിയായ ഉണ്ണിയച്ചീചരിതത്തിൽ;

"ചോനകനകക്കുതിര ചോണാട്ടുവിറ്റാൽ നമു-
ക്കാനയച്ചുടനിരണ്ടായിരം കിട്ടലാം"

എന്നിങ്ങനെ ജോനകക്കുതിരക്കച്ചവടത്തെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാം. "ചോനകക്കുതിരയൊന്നുക്ക് രണ്ടായിരം ആനയച്ചിന് ചോണാട്ടിൽ വിറ്റിരുന്നത് ചോനകരായിരുന്നില്ല, ഇടനിലക്കാരായ മലയാളച്ചെട്ടിമാരായിരുന്നു" എന്ന് എം.ആർ. രാഘവവാര്യരും രാജൻ ഗുരുക്കളും അഭിപ്രായപ്പെടുന്നുണ്ട് (1999: 213). ചോക്കൂർ, പെരുവമ്പ തുടങ്ങിയിവിടങ്ങളിലെ പുരാലിഖിതങ്ങളിൽ പരാമർശിക്കപ്പെടുന്ന 'ചെട്ടി' എന്ന പദം ദക്ഷിണേന്ത്യയിൽ കച്ചവടം തൊഴിലാക്കിയ ഒരു ജാതി അല്ലെങ്കിൽ വർഗം നിലനിന്നിരുന്നതിന്റെ സൂചനയായി എം.ജി.എസ് നിരീക്ഷിക്കുന്നുണ്ട്(2013: 314). പാരമ്പര്യമായി കച്ചവടത്തൊഴിലിലേർപ്പെട്ട പ്രാദേശിക ഉപജാതി എന്ന നിലയിൽ ചെട്ടി വർത്തമാന കേരളത്തിലും നിലനില്ക്കുന്നുണ്ട്.

തീരദേശവാണിജ്യത്തിലും കടൽവാണിജ്യത്തിലും സജീവമായി ഏർപ്പെട്ടിരുന്ന വാണിജ്യസംഘം, സാമൂതിരിയുടെ വാണിജ്യകാര്യങ്ങളിൽ ഇടപെടൽ ശേഷിയുള്ള അധികാരി, വിഭവങ്ങളുടെ കൈമാറ്റക്കാർ, എന്നിങ്ങനെ വ്യത്യസ്തങ്ങളായ സാമൂഹിക പദവികൾ (Social status) കയ്യാളിയിട്ടുള്ള ഒരു വർഗ്ഗമാണ് ചെട്ടി. ചെട്ടി എന്ന പദം ചേർന്നു വരുന്ന വളപ്പുപേരുകൾ ചെട്ടികളുടെ അധിവാസത്തേയും സാമൂഹികജീവിതത്തേയും സൂചിപ്പിക്കുന്ന തെളിവുകൾ ആകുന്നു. പരപ്പനാടിന്റെ ഭൂപരിധിയിൽ നിരവധി വളപ്പുപേരുകൾ ഇത്തരത്തിൽ 'ചെട്ടി' എന്ന പദം ചേർന്നുകാണുന്നു. പരപ്പനാട്ടിൽ ആകെ ഇരുപത്തിആറ് വളപ്പുപേരുകളിലായി ചെട്ടികളുടെ അധിവാസം പ്രത്യക്ഷമാവുന്നു.

നെടുവ

| ഫീൽഡ് | നമ്പർ വളപ്പുപേര് |
|---|---|
| 76 | ചെട്ടിയാൽ തൊടിക പറമ്പ |
| 518 | ചെട്ടിക്കണ്ടം പറമ്പ |
| 561 | മൂത്തചെട്ടിയാൻ കണ്ടിപറമ്പ |
| 615 | മൂത്തെട്ട്യാൽ പറമ്പ |
| 617 | എളചെട്ടിയാൻ കണ്ടി പറമ്പ |
| 538 | ചെട്ടിക്കണ്ടി പറമ്പ |
| 623 | ചെട്ടിയുടെ കണ്ടി പറമ്പ |

നെടുവ ദേശത്തെ ഫീൽഡ് നമ്പറുകൾ 76, 623, 815, 617 എന്നിവ തൊട്ടു ചേർന്നുകിടക്കുന്ന വളപ്പുകളാണ്. ഇവയ്ക്ക് 'ചെട്ടി' എന്ന പദം പൊതുവായി വരുന്നു. കൂടാതെ 613 ഗണപതി ക്ഷേത്രത്തിന്റെ സ്ഥലവും 614 തെരുവിന് കിഴക്കേകണ്ടി തരിശ്ശും 617 വിളക്കുമാടം, മുണ്ടോങ്കണ്ടി പറമ്പ് എന്നിവയും സ്ഥിതിചെയ്യുന്നു.മുണ്ടോൻ മുണ്ടിയൻ ആണ്. തെരു ചെട്ടിത്തെരുവും. തെരു, മുണ്ടിയൻ, ചെട്ടി എന്നിവ ചെട്ടികളുടെ സവിശേഷമായ അധിവാസസംസ്കാരത്തിന്റെ സൂചനകളാണ്. 619 നിരത്ത്, 617 വിളക്കുമാടം എന്നിവ ഗതാഗതത്തിന്റെയും വിഭവകൈമാറ്റത്തിന്റെയും കണ്ണികൾ ആണ്. ഫീൽഡ് നമ്പർ 517 നിരത്തുവഴിയാണ്. ഇതിനോട് ചേർന്നാണ് 518, 538 ചെട്ടിക്കണ്ടി പറമ്പുകൾ സ്ഥിതി ചെയ്യുന്നത്. ഇതിൽ 538-ാം വളപ്പിനുള്ളിൽ തന്നെ ഒരു മണ്ടകം സ്ഥിതിചെയ്യുന്നു. മണ്ടകം കോയിലാണ്. ചെട്ടികളുടെ വളപ്പിനോട് ചേർന്നതായതുകൊണ്ടുതന്നെ ഇത് ഗണപതിക്ഷേത്രമായിരിക്കാനുള്ള സാധ്യത നിലനില്ക്കുന്നു. ഫീൽഡ് നമ്പർ 561 മൂത്ത ചെട്ട്യാൻ കണ്ടിപറമ്പ ആണ്. ഇതേ ഫീൽഡ് നമ്പറിൽ തന്നെ തെരുക്കണ്ടിപറമ്പും കാണാം. ഇതിനോട് ചേർന്നുള്ള 559-ൽ ഗണപതി

ക്ഷേത്രവും തെരുനടയും കൂടി ഉള്ള സ്ഥലമാണ്. ഗണപതിക്കോവിലും അതിനോടു ചേർന്നുള്ള തെരുവും ചെട്ടികളുടെ തനതായ അധിവാസക്രമത്തെ സൂചിപ്പിക്കുന്നു.

പഴഞ്ചന്നൂർ

| ഫീൽഡ് നമ്പർ | വളപ്പുപേര് |
|---|---|
| 299 | ചെട്ടിച്ചിവീട് പറമ്പ |
| 343 | ചെട്ടിയാട്ടു പറമ്പ |

പഴഞ്ചന്നൂരിലെ 'ചെട്ടി' ചേർന്നുവരുന്ന ഫീൽഡ് നമ്പർ 299 ചെട്ടിച്ചിവീട് പറമ്പ, 343 ചെട്ടിയാട്ടുപറമ്പ എന്നിവ തുറമുഖപ്രദേശത്ത് സ്ഥിതിചെയ്യുന്നവയാണ്. ഇതിൽ ഫീൽഡ് നമ്പർ 343 നിരത്തുവഴിക്കും ഫീൽഡ് നമ്പർ 299 പുഴയ്ക്കും സമീപത്തായി സ്ഥിതിചെയ്യുന്നു.

ഉള്ളണം

| ഫീൽഡ് നമ്പർ | വളപ്പുപേര് |
|---|---|
| 84 | ചെട്ട്യാം വീട് പറമ്പ |

ഉള്ളണം ദേശത്ത് ആകെ ഒരു വളപ്പുപേരിൽ മാത്രമാണ് ചെട്ടികളുടെ അധിവാസസൂചനകൾ ലഭ്യമാവുന്നത്

പള്ളിക്കുന്ന്

| ഫീൽഡ് നമ്പർ | വളപ്പുപേര് |
|---|---|
| 88 | പടിഞ്ഞാറേ ചെട്ടിയാം വീട് പറമ്പ |
| 89 | ചെട്ടിയാംവീട് പറമ്പ |
| 247 | ചെട്ടി കുറുമണ്ണ പറമ്പ |
| 251 | ചെട്ടി കുറുമണ്ണ പറമ്പ |
| 323 | ചെട്ടികുന്നുനിലത്തെ തറ പറമ്പ |
| 386 | ചെട്ടിക്കുന്നുനിലത്തെ തറ പറമ്പ |
| 385 | ചെട്ടിക്കുന്നു പള്ളിയാൽ |
| 471 | മേലേ ചെട്ടിയേടത്ത് പറമ്പ |

പള്ളിക്കുന്ന് ദേശത്തിൽ, ഫീൽഡ് നമ്പറുകൾ 88,89 എന്നിവ ചെട്ടിയാം വീട് പറമ്പുകളാണ്. ഇത് ചെട്ടികളുടെ അധിവാസത്തിന്റെ പ്രത്യക്ഷ സൂചനയാണ്. ഈ വളപ്പുകളിൽ നിന്ന് വടക്കുഭാഗത്തേക്ക് ഒരു നിരത്തുവഴി സ്ഥിതിചെയ്യുന്നുണ്ട്. ഈ നിരത്തിനോട് ചേർന്ന് ഫീൽഡ് നമ്പർ 471 മേലേ ചെട്ടിയേടത്ത് പറമ്പാണ്. വഴിയോട് ചേർന്ന് ഫീൽഡ് നമ്പർ

465 നടക്കാവ് പറമ്പും 466 കളത്തിങ്ങൽ പറമ്പും കാണാം. നിരത്തുവഴി, നടക്കാവ്, ചെട്ടി എന്നിവയെ വിഭവ കൈമാറ്റ ശൃംഖലയിലെ പ്രധാനപ്പെട്ട നാല് കണ്ണികളായി മനസ്സിലാക്കേണ്ടതുണ്ട്. 247, 251 എന്നീ ഫീൽഡ് നമ്പറുകൾ ചെട്ടി കുറുമണ്ണ പറമ്പുകളും ഇവയോട് ചേർന്ന ഫീൽഡ് നമ്പറുകൾ 238, 240, 242 എന്നിവ മുണ്ടിയൻ കാവ് പറമ്പുകളുമാണ്. ചെട്ടികളുടെ അധിവാസ മാത്രകളോട് ചേർന്ന് തങ്ങളുടെ ആരാധനാമൂർത്തിയെ പ്രതിഷ്ഠിക്കുന്ന പതിവുണ്ട്. ഗണപതിയെയാണ് ഇങ്ങനെ പ്രതിഷ്ഠിക്കുന്നത്. മുണ്ടിയൻ എന്നത് ഗണപതിയുടെ പ്രാദേശികരൂപമായി പരിഗണിച്ചുവരുന്നു. ഇതുകൂടാതെ മേൽപറഞ്ഞ പറമ്പുകളെല്ലാം കടലുണ്ടിപ്പുഴയുടെ കരയിൽ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു. ഫീൽഡ് നമ്പർ 276 (കടവത്ത നമ്പ്രം പള്ള്യാളി) പുഴക്കടവാണ്. പുഴ, കടവ്, ചെട്ടികളുടെ അധിവാസ സ്ഥാനം എന്നിവ ചേർത്തുവെക്കുന്നതിലൂടെ ജലപാതകൾ വഴി വിഭവകൈമാറ്റം നടന്നിരുന്നതിന്റെയും ചെട്ടികൾക്ക് ഈ കൈമാറ്റത്തിൽ പങ്ക് ഉണ്ടായിരുന്നതിന്റെയും ഭൂമിശാസ്ത്രപരമായ സൂചനകൾ ലഭിക്കുന്നു.

323, 385, 386 എന്നീ ഫീൽഡ് നമ്പറുകൾ തൊട്ടുതൊട്ടുകിടക്കുന്ന വളപ്പുകളാണ്. ഇവ ചെട്ടിക്കുന്നുകളാണ്. ഇതിനോട് ചേർന്ന് 387, 409 എന്നീ ആൽക്കണ്ടി പറമ്പുകളും കിഴക്കുവശത്ത് ഫീൽഡ് നമ്പർ 321 നടക്കാവ് പറമ്പും, 323 ൽ കളത്തിങ്ങൽ കണ്ടിയും ഉൾപ്പെടുന്നു. നടക്കാവ്, കളം, ചെട്ടി എന്നിവയ്ക്ക് വിഭവകൈമാറ്റത്തിലുള്ള പ്രാധാന്യം പ്രത്യക്ഷമാണ്. ആൽക്കണ്ടി പറമ്പ് ആൽമരം നിൽക്കുന്ന സ്ഥലമാണ്. ആൽത്തറകൾ വിഭവകൈമാറ്റ കേന്ദ്രങ്ങളായും പ്രവർത്തിച്ചിരുന്നു.

പരപ്പനങ്ങാടി

| ഫീൽഡ് നമ്പർ | വളപ്പുപേര് |
|---|---|
| 344 | ചെട്ടിക്കണ്ടി പറമ്പ |
| 359 | ചെട്ടിപ്പടിക്കൽ |
| 363 | ചെട്ടിക്കുന്നിന്റെ അകംസ്ഥലം |
| 367 | ചെട്ടിക്കുന്നിന്റെ അകം സ്ഥലം |

പരപ്പനങ്ങാടി ദേശം, ഫീൽഡ് നമ്പർ 344 ചെട്ടിക്കണ്ടി പറമ്പാണ്. ഈ വളപ്പിൽ നിന്ന് ഫീൽഡ് നമ്പർ 361 ഇടവഴിയിലൂടെ 372-ാം നമ്പർ റോഡിലേക്ക് എത്തിച്ചേരുന്നതായിക്കാണാം. ഫീൽഡ് നമ്പർ 371 ആലക്കങ്ങൽ തെരുവാണ്. ഫീൽഡ് നമ്പർ 373-ൽ പീടിക സ്ഥലവും ഉൾപ്പെടുന്നു. ഇവയെല്ലാം കടൽത്തീരത്തോട് ചേർന്നുകിടക്കുന്ന

വളപ്പുകളാണ്. കടൽവഴിയുള്ള വാണിജ്യത്തിൽ ചെട്ടിമാർക്കുള്ള ഇടം വ്യക്തമാക്കുന്നുണ്ട് ഈ അധിവാസ സ്ഥാനം.

അരിയല്ലൂർ

| ഫീൽഡ് നമ്പർ | വളപ്പുപേര് |
|---|---|
| 45 | ചെട്ട്യാംവീട് പറമ്പ |
| 258 | കിഴക്കേ ചെട്ട്യാട്ട പറമ്പ |
| 275 | ചെട്ട്യാം കുളങ്ങര പറമ്പ |
| 548 | ചെട്ട്യാം വീട് പറമ്പ |

അരിയല്ലൂർ ദേശത്ത് ആകെ നാലു വളപ്പു പേരുകളിലാണ് 'ചെട്ടി' പ്രത്യക്ഷമാവുന്നത്. ഇതിൽ ഫീൽഡ് നം. 45-നോടു സമീപത്ത് വിഭവസംഭരണകേന്ദ്രമായ 'കളം' ഉള്ളതായി കാണാം. ഫീൽഡ്.നം.258, 275 എന്നീ വളപ്പുകൾ പ്രധാനനിരത്തിനോടു ചേർന്നു സ്ഥിതിചെയ്യുന്നവയാണ്. ഫീൽഡ് നം.548 മാതാപ്പുഴയുടെ കരയിലായി സ്ഥിതി ചെയ്യുന്നു. മേല്പറഞ്ഞ വളപ്പുകളെല്ലാം വിഭവ വിനിമയത്തിന്റെ വിവിധസാദ്ധ്യതകളുമായി ചേർന്നുനില്ക്കുന്നതായി മനസ്സിലാക്കാം.

മേൽപറഞ്ഞ സ്ഥലനാമങ്ങൾ / ചെട്ടികളുടെ അധിവാസസ്ഥാനങ്ങൾ പരപ്പനാട്ടിൽ വ്യാപകമായിരുന്ന കടൽ-പുറംനാട് വാണിജ്യത്തിൽ ചെട്ടികൾക്കുള്ള പങ്ക്, ആഭ്യന്തരവാണിജ്യത്തിന്റെയും വിഭവകൈമാറ്റത്തിന്റെയും ശൃംഖലയിലെ പ്രധാന കണ്ണിയെന്ന നില തുടങ്ങിയ അറിവുകളുടെ ചരിത്രസൂചനകൾ ആയി നില്ക്കുന്നു. ഉൾനാടൻ വാണിജ്യത്തിന്റെയും വിദേശവാണിജ്യത്തിന്റെയും മേഖലകളിൽ ഒരുപോലെ ഇടപെടൽ ശേഷിയുള്ള ചെട്ടികളുടെ വിന്യാസം പരപ്പനാട്ടിലെ വാണിജ്യത്തെ ഒട്ടാകെ ചലനാത്മകമാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിരുന്നു എന്നുവേണം മനസ്സിലാക്കാൻ.

## ഗ്രന്ഥസൂചി


1. Nilakanta sastri, K.A., 2001, *Foreign Notices of South India*, University of Madras.
2. രത്നമ്മ, കെ., 2005, *പ്രാചീന ശാസനങ്ങളും മലയാള പരിഭാഷയും*, സാംസ്കാരികപ്രസിദ്ധീകരണ വകുപ്പ്.
3. രാഘവവാര്യർ, രാജൻ ഗുരുക്കൾ, 2007, *കേരള ചരിത്രം*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
4. ആന്റണി, പി.(എഡി.), *പയ്യന്നൂർ പാട്ട്: പാഠവും പഠനങ്ങളും*, 2000, കേരള പഠനകേന്ദ്രം, ചങ്ങനാശ്ശേരി.
5. ശ്രീകണ്ഠേശ്വരം ജി.പദ്മനാഭപിള്ള, *ശബ്ദതാരാവലി*, 2013, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
6. ഗംഗാധരൻ, എം. *വാണിജ്യകേരളം*, 2013, ഡി.സി. ബുക്സ്, കോട്ടയം
7. Narayanan, M.G.S., 2013, *Perumals of Kerala,* Cosmo Books,Thrissur.
8. നമ്പൂതിരി, എൻ.എം., *മലബാർ പഠനങ്ങൾ—സാമൂതിരിനാട്*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
9. വേണുഗോപാലൻ നമ്പ്യാർ, കെ.സി., 2006, *പയ്യന്നൂർ പാട്ടും ചരിത്രവും*, താപസം Vol.2 issue 2,
10. റൊമീല ഥാപ്പർ, 2010, *ആദിമ ഇന്ത്യാചരിത്രം,* ഡി.സി.ബുക്സ് , കോട്ടയം

# മലയാളപ്പച്ച

malayala pachcha

മലയാളം – ഇംഗ്ലീഷ്
അർദ്ധവാർഷിക റിസേർച്ച് ജേണൽ

മലയാളവിഭാഗം
കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്
പുല്ലൂറ്റ്, കൊടുങ്ങല്ലൂർ
കേരളം.

RNI No. KDIS3475/16

VOLUME 01 NUMBER 08
FEBRUARY, 2019

ISSN 2454-292X

CC BY creative commons

Printed, published and edited by Head of the Post Graduate Department of Malayalam, KKTM Govt. College, Pullut, Kodungallur, Kerala. Ph. 9497760864